# ഭാഷാസാഹിതി


കേരളസർവകലാശാലാമലയാളവിഭാഗത്തിന്റെ
ത്രൈമാസികപ്രസിദ്ധീകരണം

PEER REVIEWED JOURNAL

157-176

# ഭാഷാസാഹിതി

## 157 – 176


മുഖ്യപത്രാധിപർ – പ്രൊഫ. എസ്. ഷിഫ

ലക്കം പത്രാധിപർ – ഡോ. ടി. കെ. സന്തോഷ്കുമാർ



മലയാളവിഭാഗം, കേരളസർവകലാശാല

കാര്യവട്ടം, തിരുവനന്തപുരം – 695 581

# ഭാഷാസാഹിതി

**2016 ജനുവരി – 2020 ഡിസംബർ പുസ്തകം 40–43 ലക്കം 1 – 20**
**(പ്രസാധനം: മാർച്ച് 2021)**

പത്രാധിപസമിതി : പ്രൊഫ. എസ്. ഷിഫ
പ്രൊഫ. സി. ആർ. പ്രസാദ്
പ്രൊഫ. കെ. കെ. ശിവദാസ്
ഡോ. സീമാ ജെറോം
ഡോ. എം. എ. സിദ്ദീഖ്
ഡോ. ഷീബ എം. കുര്യൻ
ഡോ. ടി. കെ. സന്തോഷ്കുമാർ

ഉപദേശകസമിതി : ഡോ. എൻ. മുകുന്ദൻ
ഡോ. ഡി. ബഞ്ചമിൻ
ഡോ. ദേശമംഗലം രാമകൃഷ്ണൻ
ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ
ഡോ. എസ്. നസീബ്

ഭാഷാസാഹിതി ഭാഷയെയും സാഹിത്യത്തെയും സംബന്ധിച്ച ഗവേഷണത്തിനും പഠനത്തിനും പ്രാധാന്യം നൽകുന്ന ഒരു പ്രസിദ്ധീകരണമാണ്. പ്രതിവർഷം നാലു ലക്കങ്ങൾ: ജനുവരി – മാർച്ച്, ഏപ്രിൽ – ജൂൺ, ജൂലൈ – സെപ്തംബർ, ഒക്ടോബർ – ഡിസംബർ, വാർഷിക വരിസംഖ്യ രൂപ

**വില – രൂപ**

## ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | പ്രൊഫ. എസ്.ഷിഫ | 5 | പത്രാധിപക്കുറിപ്പ് |
| 2. | ഡോ. ടി. കെ. സന്തോഷ്കുമാർ | 9 | ആമുഖം |

ഭാഗം ഒന്ന്: ഭാഷാവിചാരം

| | | | |
|---|---|---|---|
| 3. | ഡോ. ടി.കെ. സന്തോഷ്കുമാർ | 13 | അനേകമലയാളങ്ങളും ഭാഷാസുസ്ഥിരതയും |
| 4. | ഡോ. ജോസ് കെ. മാനുവൽ | 30 | സൈബർഭാഷാശാസ്ത്രം: ഒരു ആമുഖം |
| 5. | ഡോ. എസ്.ആർ. സഞ്ജീവ് | 49 | മാധ്യമഭാഷയുടെ രൂപാന്തരീകരണം- ശ്രേണീബദ്ധതയിലെ അർത്ഥസഞ്ചാരങ്ങൾ |
| 6. | ഡോ. വിധു നാരായൺ | 60 | ആദത്തപദസങ്കൽപ്പം 'ലീലാതിലക'ത്തിൽ |
| 7. | ഡോ. സിബി കുര്യൻ | 73 | ഡയസ്പെറയും ഭാഷാപരിണാമവും |
| 8. | ഡോ. ശ്രീവൃന്ദാനായർ എൻ. | 93 | ഭാഷാപഠനവും ചിന്താനൈപുണികളും |

ഭാഗം രണ്ട്: സാഹിത്യവിചാരം

| | | | |
|---|---|---|---|
| 9. | ഡോ. എസ്. നസീബ് | 109 | ലോകാനുരാഗത്തിന്റെ അഭിജ്ഞാനം |
| 10. | മുരളി എസ്. | 120 | മധുരം ഗായതിയിലെ പാരിസ്ഥിതികദർശനം |
| 11. | ഡോ. പ്രിയ വി. | 133 | പ്രാദേശികപുരാവൃത്തങ്ങളുടെ ആവിഷ്കാരം യ. എ. ഖാദറിന്റെ കഥകളിൽ |
| 12. | പ്രവീൺ രാജ് ആർ. എൽ. | 145 | വിധിയും മൃതിയും ആശാന്റെ 'പ്രരോദന'ത്തിൽ |
| 13. | ബിന്ദു ജോൺ | 161 | വിചാരപദങ്ങളിലെ നളമാനസം |
| 14. | ഡോ. ദീപേഷ് കരിമ്പുങ്കര | 187 | നാട്ടോർമ്മയിലെ ഒമ്പതുപെണ്ണുങ്ങൾ |

| | | | |
|---|---|---|---|
| 15. | മിത്ര എസ്.ജി. | 212 | ലൈംഗികന്യൂനപക്ഷങ്ങളുടെ ആവിഷ്ക്കാരം മാധവിക്കുട്ടിയുടെ രചനകളിൽ |
| 16. | ഡോ. പ്രിൻസ് മോൻ ജോസ് | 224 | ബഹുസ്വരതയുടെ നാനാർത്ഥങ്ങൾ വി. ദിലീപിന്റെ കഥകളിൽ |
| 17. | ഡോ. സവിത ഇ. | 238 | വിമർശനജീവിതവും വിമർശന ചരിത്രങ്ങളുടെ രാഷ്ട്രീയവും |

**ഭാഗം മൂന്ന്: സംസ്കാരവിചാരം**

| | | | |
|---|---|---|---|
| 18. | ഡോ. എം. ഐ. പുന്നൂസ് | 273 | സെന്റ് തോമസും ക്രൈസ്തവ പുരാവൃത്തങ്ങളും-ആദിപ്രരൂപപഠനം |
| 19. | ഡോ. കെ. പി. ജയകുമാർ | 287 | ഓർമ്മയിൽ കാടിന്റെ പച്ചയും പാട്ടും: മുതുവാൻ ഗോത്രചരിത്രവും സംസ്കാരവും - അധിനിവേശാനന്തര പാഠങ്ങൾ |
| 20. | ഡോ. തോമസ് സ്കറിയ | 333 | ഡിജിറ്റൽയുഗത്തിൽ വായനയുടെ സാധ്യതകൾ |
| 21. | ഡോ. ജൈനിമോൾ കെ. വി. | 344 | സ്വകാര്യ എഫ്.എം.റേഡിയോ : ഫലപ്രാപ്തിയുടെ വ്യത്യസ്തമാനങ്ങൾ |
| 22. | ഡോ. സാബു കോട്ടുക്കൽ | 370 | സൈബർസ്ഥലം: സംസ്കാര രൂപീകരണത്തിന്റെ തുറസ്സുകൾ |


കേരളസർവകലാശാലയ്ക്കുവേണ്ടി മലയാളവിഭാഗം അദ്ധ്യക്ഷ പ്രൊഫ. എസ്. ഷിഫ കേരള യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നത്. ഭാഷാസാഹിതിയിൽ പ്രസിദ്ധപ്പെടുത്തേണ്ട ലേഖനങ്ങൾ, കത്തുകൾ എന്നിവ വകുപ്പദ്ധ്യക്ഷ, മലയാളവിഭാഗം, കേരളസർവകലാശാല, കാര്യവട്ടം-695 581, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുക.

# പത്രാധിപക്കുറിപ്പ്

1977-ൽ മലയാളവിഭാഗത്തിന്റെ ത്രൈമാസികാ പ്രസിദ്ധീകരണത്തിനായി ഡോ. കെ. രാമചന്ദ്രൻ നായർ എഡിറ്ററായി പ്രസിദ്ധീകരിച്ചു തുടങ്ങിയ ഭാഷാസാഹിതി ചില സാങ്കേതിക കാരണങ്ങളാൽ 2014-നുശേഷം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഭാഷാസാഹിതിയുടെ 101-104 (ജനുവരി-ഡിസംബർ, 2002) വാല്യമാണ് ഡോ. സി. ആർ. പ്രസാദ് എഡിറ്ററായി 2014-ൽ പ്രസിദ്ധീകരിച്ചത്. ഇന്ന്, അദ്ധ്യാപകരുടെയും ഗവേഷകരുടെയും അക്കാദമിക മികവുകൾ വിലയിരുത്തുന്നതിനുള്ള പ്രധാനഘടകം വിദഗ്ദ്ധ പരിശോധന നടത്തിയ ഗാവേഷണാനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ലേഖനങ്ങളാണല്ലോ. അത്തരത്തിലുള്ള ആനുകാലികങ്ങൾ മലയാളത്തിൽ താരതമ്യേന കുറവാണ്. ഈ സാഹചര്യത്തിൽ 'ഭാഷാസാഹിതി' പോലെയുള്ള ഒരു ഗവേഷണാനുകാലികത്തിന്റെ പ്രസക്തി ഏറെയാണ്. "ഭാഷയുടെയും സാഹിത്യത്തിന്റെയു മണ്ഡലങ്ങളിൽ സർവകലാശാലയിലും പുറത്തും നടക്കുന്ന ഗവേഷണസംരംഭങ്ങളുടെ ഉപകരണവും പ്രകാശനോപാധിയുമായിരിക്കും ഭാഷാസാഹിതി" എന്നു പ്രഖ്യാപിച്ചുകൊണ്ട് പൂർവ്വസൂരികൾ ആരംഭിച്ച ഭാഷാസാഹിതിയുടെ പ്രസിദ്ധീകരണം ഞങ്ങൾ തുടരാൻ തീരുമാനിച്ചതും അതുകൊണ്ടാണ്.

പലവിധത്തിലുള്ള സാങ്കേതികപ്രശ്നങ്ങൾ കാരണം ഇടയ്ക്ക് പ്രസിദ്ധീകരണം മുടങ്ങുമ്പോൾ പ്രസിദ്ധീകരിക്കുന്ന വർഷം കാണിച്ച്

പഴയ ലക്കങ്ങൾ  ഇറക്കേണ്ട അവസ്ഥയുണ്ടായിരുന്നു. അതുകൊണ്ട്, 2019 ജൂണിൽ ഞാൻ വകുപ്പദ്ധ്യക്ഷ ആയപ്പോൾ ആദ്യം ആലോചിച്ചത് ഭാഷാസാഹിതി സമകാലികമാക്കുന്നതിനുള്ള വഴിയാണ്. മറ്റൊരു തര ത്തിൽപറഞ്ഞാൽ അത് എന്റെ ഒരു സ്വപ്ന പദ്ധതിതന്നെയായിരുന്നു. അതിന് സർവകലാശാലയുടെ അനുമതി കിട്ടിയാൽമതി എന്നറിഞ്ഞ പ്പോൾ ഇക്കാര്യം എന്റെ സഹാദ്ധ്യാപകരുമായി ചർച്ചചെയ്തു. അവർ എല്ലാ പിന്തുണയും നൽകി ഒപ്പമുണ്ടാകും എന്നറിയിച്ചു. വിദഗ്ദ്ധ പരിശോധന നട ത്തിയ ആനുകാലികം (Peer reviewed Journal) എന്ന നിലയിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രസിദ്ധീകരിച്ചാൽ മാത്രമേ യു.ജി.സി.യുടെ കെയർ പട്ടികയിൽ (CARE LIST) ഉൾപ്പെടുത്താൻ കഴിയൂ എന്നതിനാൽ ചില പൊതുമാനദണ്ഡങ്ങൾ ഞങ്ങൾ തയ്യാ റാക്കി. അവ സ്വീകരിച്ചുകൊണ്ടു ഉന്നതനിലവാരം പുലർത്തുന്ന ഗവേ ഷണാനുകാലികം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഭാഷാ സാഹിതിയിൽ പ്രസിദ്ധീകരിക്കുന്ന പഠനലേഖനങ്ങളുടെ ഘടനാപരമാ യരീതികൾ പുതുക്കിനിശ്ചയിച്ചു. അത് എല്ലാവർക്കും അയച്ചുകൊ ടുത്തതനുസരിച്ച് കിട്ടിയ ലേഖനങ്ങളാണ് ഞങ്ങൾ തിരഞ്ഞെടുത്തത്. തുടർച്ചയായി ഇറക്കുന്ന മൂന്നു വാല്യങ്ങൾ സമർപ്പിച്ചാൽ മാത്രമേ കെയർ പട്ടികയിൽ ഇടംകിട്ടൂ എന്നതിനാൽ ഇവയുടെ പ്രസിദ്ധീകര ണത്തിനു പിന്നാലെ മാത്രമേ ആ അംഗീകാരം ലഭ്യമാക്കാൻ കഴിയൂ.

2003 മുതൽ 2020 വരെയുള്ള 18 വർഷത്തെ 72 ലക്കങ്ങൾ 4 വാല്യങ്ങളായി പ്രസിദ്ധീകരിച്ചു ഭാഷാസാഹിതി സമകാലികമാക്കുന്ന തിനായി അപേക്ഷ നൽകിയെങ്കിലും അത് അംഗീകരിച്ചു കിട്ടുന്ന തിനും സാമ്പത്തികസഹായം ലഭ്യമാക്കിക്കൊണ്ടുള്ള ഉത്തരവ് ഇറ ങ്ങുന്നതിനും സാങ്കേതികമായി സമയം ആവശ്യമുണ്ടായിരുന്നു. അപ്പോഴേക്കും 2020 ആയി. പിന്നെ, ലേഖനങ്ങളുടെ ശേഖരണം ആരം ഭിച്ചപ്പോൾ ലോകത്തെമുഴുവൻ നിശ്ചലമാക്കിക്കൊണ്ട് കോവിഡ് കട ന്നുവന്നു. എങ്കിലും അവയൊക്കെ മറികടന്ന് ഇപ്പോൾ നാലുവാല്യ ങ്ങളും പ്രസിദ്ധീകരണത്തിനായി തയ്യാറായിക്കഴിഞ്ഞതിൽ മുഖ്യപത്രാ ധിപർ എന്ന നിലയിൽ എനിക്ക് ഏറെ സന്തോഷമുണ്ട്, അഭിമാനമുണ്ട്.

നാലു വാല്യങ്ങളിൽ നാലമത്തേതാണ്ു ഇത്. ഭാഷ – സാഹിത്യം – സംസ്കാരം എന്ന വിഷയം കേന്ദ്രമാക്കിക്കൊണ്ട് ഈ വാല്യം എഡിറ്റുചെയ്തിരിക്കുന്നത് ഡോ. റ്റി. കെ. സന്തോഷ്കുമാറാണ്. ഞങ്ങൾ നാല് അദ്ധ്യാപകർ നാലു വാല്യങ്ങൾ എഡിറ്റുചെയ്യാമെന്നു കരുതി മുന്നോട്ടുപോകുമ്പോഴാണ് ഡോ.കെ.കെ.ശിവദാസും ഡോ.റ്റി. കെ. സന്തോഷ്കുമാറും മലയാള വിഭാഗത്തിൽ നിയമനം കിട്ടി എത്തി യത്. നാലാമത്തെ വാല്യം എഡിറ്റു ചെയ്യാമെന്നു സമ്മതിക്കുകയും ചുരുങ്ങിയ സമയത്തിനുള്ളിൽ അതിന് ആവശ്യമായ ലേഖനങ്ങൾ ശേഖരിച്ച് അത് മറ്റു മൂന്നു വാല്യങ്ങളുടെ തുടർച്ചയായി പ്രസിദ്ധീ കരണത്തിന് പ്രാപ്തമാക്കുകയും ചെയ്തത് ഡോ.റ്റി.കെ. സന്തോഷ് കുമാറാണ്. ഈ വാല്യവും പുതിയ മാനദണ്ഡങ്ങൾ പാലിച്ച് വിദഗ്ദ്ധ പരിശോധന നടത്തിയ (Peer reviewed) ആനുകാലികം എന്ന നില യിലാണ് പ്രസിദ്ധീകരിക്കുന്നത്. അയച്ചുകിട്ടിയ പ്രബന്ധങ്ങൾ മുഴുവൻ പരിശോധിക്കുകയും പ്രൂഫുനോക്കുകയും വേണ്ടവിധം എഡിറ്റു ചെയ്യു കയും ചെയ്ത് ഈ വാല്യം സമയബന്ധിതമായി പൂർണ്ണതയിലെത്തിച്ച ഡോ.റ്റി.കെ. സന്തോഷ്കുമാറിനോടുള്ള നന്ദിയും സന്തോഷവും ഇവിടെ രേഖപ്പെടുത്തുന്നു.

2014–നു ശേഷം പ്രസിദ്ധീകരിക്കാനാവാതിരുന്ന ഭാഷാസാഹിതി നാലുവാല്യങ്ങളായി, സമകാലികമാക്കി പ്രസിദ്ധീകരിക്കുന്നതിനു അനുമതി നൽകിയ ആദരണീയരായ വൈസ് ചാൻസിലർ, പ്രോ– വൈസ് ചാൻസിലർ, മുൻ രജിസ്ട്രാർ, ഇതിനാവശ്യമായ ഉത്തരവുകൾ ഇറക്കുന്നതിന് ഉത്സാഹിച്ച എ.ഡി.മിസ്സലേനിയസിലെ മുൻ സെക്ഷൻ ഓഫീസർ ശ്രീ.പി. പ്രമോദ്, അസിസ്റ്റന്റ് ശ്രീ.ആർ.എസ്.ലാൽ, സർവ കലാശാലാ പ്രസ്സിൽ വേണ്ട സൗകര്യങ്ങൾ ചെയ്തുതന്ന സൂപ്രണ്ട് ശ്രീ.എസ്. രാജശേഖരൻ, സർവ്വകലാശാലാ പ്രസ്സിലെ പല വിധ ഡി.റ്റി.പി. തിരക്കുകൾക്കിടയിലും ഈ ലേഖനങ്ങളിൽ ഒട്ടുമുക്കാലും റ്റൈപ്പുചെയ്യുകയും ആവശ്യമായവിവരങ്ങൾ അപ്പപ്പോൾ എന്നെ വിളിച്ച് ഓർമ്മിപ്പിക്കുകയും തിരുത്തുകയും ചെയ്തുകൊണ്ട് ഭാഷാ സാഹിതി പ്രസിദ്ധീകരണയോഗ്യമാക്കിത്തീർത്ത ശ്രീ.എൽ. ജാക്സൺ, ഇതിന്റെ കവർപേജ് ഡിസൈൻ ചെയ്തുതന്ന ഗോഡ്ഗ്രാഫിക്സിലെ

ശ്രീ.ഗോഡ്ഫ്രേ, ശ്രീ.ആനന്ദ് പല സന്ദർഭങ്ങളിലും നേരിട്ട തടസ്സങ്ങൾ മറികടക്കാൻ കരുത്തായി കൂടെനിന്നവർ പ്രബന്ധ പരിശോധകർ തുടങ്ങിയവരോടൊക്കെയുള്ള നന്ദി മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ഈ വാല്യം സന്തോഷത്തോടെ, അഭിമാനത്തോടെ വായനക്കാർക്കു സമർപ്പിക്കുന്നു.

പ്രൊഫ. (ഡോ.) എസ്.ഷിഫ
മുഖ്യപത്രാധിപർ, ഭാഷാസാഹിതി
മലയാളവിഭാഗം, കേരളസർവകലാശാല
ഫോൺ നമ്പർ : 0471 - 2308459

കാര്യവട്ടം
31-03-2021

# ആമുഖം

ഭാഷ-സാഹിത്യം-സംസ്കാരം എന്നീ മേഖലകളെ കൂട്ടിയിണക്കി ഭാഷാവിചാരം, സാഹിത്യവിചാരം, സംസ്കാരവിചാരം എന്നിങ്ങനെ മൂന്നുഭാഗമായാണ് 'ഭാഷാസാഹിതി'യുടെ ഈ ലക്കം തയ്യാറാക്കിയിരിക്കുന്നത്. ഭാഷയിലെ മാറ്റങ്ങൾ, മാറിയഭാഷ രൂപപ്പെടുത്തുന്ന ഭാഷാശാസ്ത്രം, അതിന്റെ അർത്ഥസഞ്ചാരങ്ങൾ, ഇതരഭാഷാപദങ്ങളും വൈജ്ഞാനികമണ്ഡലങ്ങളും ഭാഷയ്ക്കുള്ളിൽ വിരിയിച്ച ദർശനം, രാഷ്ട്രീയം, അധികാരം, ബോധനധർമ്മം എന്നിങ്ങനെയുള്ള വിനിമയധാരകളാണ് 'ഭാഷാവിചാര'ത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പവിഴമല്ലിയുടെ സുഗന്ധവും കണയേറ്റ കാട്ടുകിളിയുടെ വേദനയും, എക്കാലത്തേയും പാരിസ്ഥിതിക മഹാവ്യസനത്തിന്റെ ഗായതികളും, പുരാവൃത്തങ്ങളുടെ ചൂട്ടുകറ്റകളും, വിധിയുടെയും മൃതിയുടെയും പ്രരോദനവും, വിചാരപദങ്ങളിലെ നരചരിതവും, അരികുവൽക്കരിക്കപ്പെട്ട ജീവിതത്തിന്റെ തിണർപ്പുകളും, ലോകത്തെ ഒന്നാകെ വിഴുങ്ങുന്ന കച്ചവടമുതലാളിത്തത്തിന്റെ ദൃശ്യകഥകളും വിമർശകർത്തൃത്വങ്ങളുടെ രാഷ്ട്രീയവും ഇടകലർന്ന ബഹുസ്വരതയാണ് 'സാഹിത്യവിചാര'ത്തെ അട യാളം ചെയ്യുന്നത്. സെന്റ് തോമസ് മിത്തും, കാടിന്റെ പച്ചയും പാട്ടും മുതുവാൻ ഗോത്രചരിത്രവും, ഡിജിറ്റൽ പൊതുമണ്ഡലത്തിന്റെ ചരരാശികൾ രൂപീകരിക്കുന്ന നവ തുറസ്സുകളുമാണ് 'സംസ്കാരവിചാര'ത്തെ ക്രമപ്പെടുത്തിയിരിക്കുന്നത്. ഭാഷ - സാഹിത്യം - സംസ്കാരം എന്നീപഠനമേഖലകളിലെ മാറുന്ന ജ്ഞാനധാരകളെ 'ഭാഷാസാഹിതി'യുടെ ഈ പതിപ്പ് സ്വാംശീകരിച്ചിട്ടുണ്ട്.

**ഡോ. ടി. കെ. സന്തോഷ്കുമാർ**

ഇഷ്യൂ എഡിറ്റർ

ഭാഗം ഒന്ന്

# ഭാഷാവിചാരം

# അനേകമലയാളങ്ങളും ഭാഷാസുസ്ഥിരതയും

**ഡോ. ടി. കെ. സന്തോഷ്കുമാർ**

**അസിസ്റ്റന്റ് പ്രൊഫസർ**

**മലയാളവിഭാഗം, കേരളസർവകലാശാല**

**സംഗ്രഹം**

ഭാഷയ്ക്കുള്ളിൽ അനേകം ഭാഷകളുണ്ട്. മലയാളം ഒരു മലയാളമല്ല; അനേകമലയാളങ്ങളാണ്. ഇതിൽ പല മലയാളങ്ങളും കുറ്റിയറ്റുപോകുകയും പുതുമലയാളങ്ങൾ ഉരുവം കൊള്ളുകയും ചെയ്യുന്നു. മനുഷ്യകേന്ദ്രീകൃതമായ ആവാസവ്യവസ്ഥയിലെ പ്രകൃതിവിഭവങ്ങളെന്നവണ്ണം ഭാഷയെയും മനുഷ്യൻ തന്റെ ആവശ്യത്തിനായി ഉപയോഗിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു. ഒരിക്കൽ മറവിയിലാണ്ടുപോകുന്ന ഭാഷ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കപ്പെടുകയാണ്. ഇത് സസ്യജീവിവർഗ്ഗങ്ങളുടെ വംശനാശത്തിന് സമമാണ്. ചൂഷണത്തിനുവിധേയമാക്കാനുള്ളതുമാത്രമാണ് പ്രകൃതി എന്ന സങ്കല്പത്തിന് ഇളക്കം വന്നതുപോലെ വിനിമയത്തിനുള്ള ഉപാധിമാത്രമാണ് ഭാഷ എന്ന വിചാരവും കാലഹരണപ്പെട്ടിരിക്കുന്നു. ഭാഷ യാഥാർത്ഥ്യത്തെ സജീവമായിത്തന്നെ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അതിന് ആവാസവ്യവസ്ഥയുണ്ട്; ജൈവവ്യത്യാസമുണ്ട്. പ്രപഞ്ചം പോലെ വൈവിധ്യങ്ങളുടെ കലവറയാണത്. ആഗോളീകരണവും ഡിജിറ്റൽമുതലാളിത്തവും ഇന്നത്തെ രീതിയിൽ വിശേഷിച്ച് കോവിഡ്–19ന്റെ പശ്ചാത്തലത്തിൽ മുന്നേറുകയാണെങ്കിൽ വംശനാശഭീഷണി നേരിടുന്ന ഭാഷകൾക്കൊപ്പം

പല മലയാളങ്ങളും ഇല്ലാതാകും. ഭാഷയെ മനുഷ്യകേന്ദ്രിതമായ രാഷ്ട്രീയ-അധികാരഘടനകൾ ഉപകരണമാക്കിയതിന്റെ ഫലമാണിത്. ഭാഷാപരിണാമം എന്ന നിലയിൽ മാത്രം ഭഷാമരണത്തെ വിലയിരുത്താൻ സാധിക്കില്ല. പ്രകൃതിക്കുമേൽ ഇനിമേലുള്ള ഏതൊരു പദ്ധതിയും സുസ്ഥിരവികസനം (Sustainable development) എന്നതിലൂന്നിവേണം എന്നതുപോലെ ഭാഷയ്ക്കും ഒരു കരുതൽ വേണം എന്ന ചിന്താധാര പ്രബലമാണ്. ഭാഷാസുസ്ഥിരത (Language sustainability) എന്ന സങ്കല്പം അത്തരത്തിലുള്ളത്. ഇത്തരം കാര്യങ്ങളിലൂന്നിക്കൊണ്ടാണ് ഈ പ്രബന്ധം തയ്യാറാക്കിയിരിക്കുന്നത്.

**താക്കോൽവാക്കുകൾ**

ജൈവവ്യൂഹം-ഭാഷാനഷ്ടം-ഭാഷാവൈവിധ്യം-ഭാഷാസുസ്ഥിരത-മനുഷ്യകേന്ദ്രീകരണം-സുസ്ഥിരവികസനം

എത്രയോ ഭാഷകൾക്ക്, വിശേഷിച്ച് ലിപിയില്ലാത്ത എണ്ണമറ്റ ഭാഷകൾക്ക് വംശനാശം സംഭവിച്ചിരിക്കുന്നു. ഇനിയുമെത്രയോ ഭാഷകൾ അന്ത്യശ്വാസം വലിക്കുമെന്ന മുന്നറിയിപ്പുകൾ നിലനിൽക്കുന്നു. ഒരു ഭാഷ - വിശേഷിച്ച് വാമൊഴി - മൃതമാകുമ്പോൾ മാനവരാശിക്ക് നഷ്ടമാകുന്നത് എണ്ണമറ്റ സാംസ്കാരികസ്വരൂപങ്ങൾ മാത്രമല്ല ഭാഷയിലൂടെ ആ ജനത കൈമാറിക്കൊണ്ടിരുന്ന ജ്ഞാനരേഖകളുമാണ്. ഒരുനൂറ്റാണ്ടോളം ഭൂമിയിൽ ജീവിച്ച ഒരു മനുഷ്യവ്യക്തിയുടെ നിര്യാണം അയാൾക്കുമാത്രം ബോധ്യമായ ഭാഷയുടെയും അറിവിന്റെയും നിര്യാണംകൂടിയാണ്. നാട്ടറിവുകളുടെയും സംസ്കൃതിയുടെയും ജീവിതരതിയുടെയും അതിൽ നിന്ന് തുന്നിയെടുത്ത മായികയാഥാർത്ഥ്യങ്ങളുടെയും അവസാനം. ഓരോ മനുഷ്യനും ഓരോ ഭാഷയാണ്; ജൈവസത്തയാണ്; സംസ്കാരികസ്വത്വമാണ്. ലോകത്തിലെ ആയിരക്കണക്കിന് ഭാഷകൾ-വ്യവഹാരഭാഷകൾ-നിലനിൽപ്പിനായി പോരാടുകയാണ് എന്നതിൽ, അത്രത്തോളം മനുഷ്യർ ഭൂമുഖത്തുനിന്ന് ഇല്ലാതാകാൻപോകുന്നു എന്ന ധ്വനിയുണ്ട്. അവരെ ആധുനികമാധ്യമ സംവിധാനങ്ങളാൽ അടയാളപ്പെടുത്തിയാൽ ആ ഭാഷകൾ മ്യൂസിയം രേഖകളായെങ്കിലും അവശേഷിക്കും. അവ തനതുഭാഷകളുടെ വിവരശേ

ഖരണികളായി നിലകൊള്ളും. ഇത് ഭാഷകളുടെ വംശനാശത്തിന്റെയും സംരക്ഷണത്തിന്റെയും ഒരുവശം മാത്രമാണ്.

ഭാഷാശാസ്ത്രത്തിലെ മാത്രമല്ല അതിജീവനസംസ്കാരപഠനത്തിലെ സജീവമായ പ്രശ്നം തന്നെയാണ് ഭാഷാമരണം. നമുക്കാകട്ടെ, അനേകമലയാളങ്ങളിൽ ഏതെല്ലാം മലയാളങ്ങൾ മരിക്കുന്നു എന്ന അന്വേഷണം പ്രസക്തമാണ്. ഭാഷയ്ക്ക് കാര്യശേഷിയും പുതുമയും ചുറുചുറുക്കും യൗവനശോഭയും ഒക്കെ ഉണ്ടെങ്കിൽ ഊർജ്ജസ്വലം എന്നു വിചാരിക്കുന്നിടത്താണ് പല മലയാളങ്ങൾ അതിജീവിക്കുന്നത്. നിഘണ്ടുവിൽ മാത്രം നിലകൊള്ളുന്നതല്ല ഭാഷ. വാക്കുകൾ നിഘണ്ടുവിലേക്ക് എടുത്തുവയ്ക്കപ്പെടുന്നവയാണ്. അതിനർത്ഥം നിഘണ്ടുവിലെ വാക്ക് അപ്രസക്തം എന്നല്ല. വാക്ക് അപ്രസക്തമാകുന്നത് ആ വാക്ക് ദൈനംദിനവിനിമയത്തിൽനിന്ന്, സംസ്കാരസ്വരൂപത്തിൽ നിന്ന് ഇല്ലാതാകുമ്പോഴാണ്. നിത്യസാധാരണമായ വിനിമയത്തിൽനിന്ന് ഒരു വാക്ക് പുറത്താക്കപ്പെട്ടാൽത്തന്നെയും മനുഷ്യാനുഭവത്തിന്റെ ഏതെങ്കിലും വ്യവഹാരസന്ദർഭങ്ങളിൽ അത് ഒരു വൈകാരികതയേയോ സംസ്കാരത്തെയോ അടയാളം ചെയ്യുന്നുണ്ടോ എന്നത് പ്രസക്തമാണ്. ചിന്തകളെ രൂപപ്പെടുത്തുകയും ഭാവനയെ ഉദ്ദീപിപ്പിക്കുകയും ചരിത്രത്തെ വീണ്ടെടുക്കുകയും കാലത്തിന്റെ മാപിനിയായിത്തീരുകയും വികാരങ്ങളെ – പ്രതികരണങ്ങളെ – രാഷ്ട്രീയവൽക്കരിക്കുകയും ചെയ്യുന്ന നിർവഹണശേഷിയായി ഭാഷ മാറുകയും നിലകൊള്ളുകയും ചെയ്യുന്നുണ്ടോ എന്നതാണ് പ്രധാനം. തുറന്നലോകത്തിന്റെ കണ്ണുകളാണ് ഭാഷകൾ. മനുഷ്യജീവിതത്തിന്റെ ഉൽകണ്ഠകൾ ഭാഷ പങ്കുവയ്ക്കണം. അതുകൊണ്ടത് ചിട്ടപ്പെട്ട വ്യാകരണമോ സാങ്കേതികമായ ചിഹ്നവ്യവസ്ഥയോ അല്ല. അത് പരിണാമത്തിന് വിധേയമായിക്കൊണ്ടിരിക്കും. പക്ഷേ ആ പരിണാമം ഭാഷയെ വംശനാശത്തിൽ കൊണ്ടെത്തിക്കുന്നത്, അപകടകരമാണ്.

മലയാളത്തിനുമേൽ സംസ്കൃതവും ഇംഗ്ലീഷും ചെലുത്തിയ സ്വാധീനം എത്രമാത്രമാണെന്ന് കഴിഞ്ഞ രണ്ടുനൂറ്റാണ്ടിലെ ഭാഷാചരിത്രം അടയാളം ചെയ്തിട്ടുണ്ട്. ആ സ്വാധീനതയാൽ മലയാളം വള

രുകയും വികസിക്കുകയും ചെയ്തു. സമാന്തരമായി ഭാഷയുടെ തന തെന്നു കരുതിയ പല ഈടുകളും ഇഴകളും പിളർന്നുപോയി. ഓരോരോ കാലത്ത് പുതുമലയാളങ്ങൾ രൂപപ്പെട്ടു. അവയെല്ലാം ദേശസൂചകമായി നിലനിന്ന നാട്ടുമലയാളത്തെ മുറിവേൽപ്പിച്ചു. ഓരോ നാടിന്റെയും നാട്ടാരുടെയും അതിപ്രാചീനപദങ്ങൾ ഓരോന്നും ഗോത്രപൈതൃക ങ്ങളുടെ കാവൽസ്വരൂപമാണ്. അതുകൊണ്ടാണ് ആദിമനിവാസികളുടെ ഭാഷകളെ മുൻനിർത്തി നരവംശശാസ്ത്രത്തിന്റെ രീതിശാസ്ത്രങ്ങളു പയോഗിച്ചുള്ള പഠനങ്ങളുണ്ടായത്. വാക്കുകളെ നെഞ്ചിലേറ്റി നടക്കു ന്നവരാണ് മനുഷ്യർ. അരികെന്നോ പൊതുവെന്നോ ഭേദമില്ലാത്ത സമൂ ഹത്തിൽ അവനവന്റെ തിണപ്പെരുക്കങ്ങളിൽ നിന്ന് രൂപപ്പെട്ട വാക്കു കളും അതിന്റെ വേരോട്ടങ്ങളും കണ്ടെത്തുക എന്നത് സമകാലിക മായ വെല്ലുവിളിയാണ്.

കൂടിക്കുഴയലിന്റെ കാലത്ത് കലർപ്പില്ലാതെ വാക്കുകൾക്ക് നില നിൽക്കാൻ കഴിയില്ല. മലയാളത്തിൽ മാത്രമല്ല പൊതുവേ ഇന്ത്യൻഭാഷ കൾക്കും സമൂഹങ്ങൾക്കും മീതേ പത്തുനൂറ്റാണ്ടോളം സംസ്കൃത ത്തിന്റെ വ്യത്യസ്ത രൂപ-ഭാവങ്ങളിലുള്ള കിരീടവും ചെങ്കോലുകളും ഉണ്ടായിരുന്നു. അതിന്മേൽ കെട്ടിപ്പൊക്കിയ സാമൂഹ്യ-അധികാരഘ ടനയും ഭാവുകത്വമേൽക്കോയ്മയും പലതരം ഭാഷാവഴക്കങ്ങളിൽ ഇതി ഹാസ-പുരാണങ്ങളാൽ ഒരു ദേശീയത കെട്ടിപ്പൊക്കുകയും ചെയ്തു. അക്കാലഘട്ടത്തിന്റെ സംസ്കൃതാധികാരവ്യസ്ഥയ്ക്കും സാമൂ ഹികഛന്ദസ്സുകൾക്കും വ്യാകരണങ്ങൾക്കും മീതേയാണ് പാശ്ചാത്യാ ധിനിവേശത്തിന്റെ യന്ത്രവണ്ടികൾ ഓടിത്തുടങ്ങിയത്. അധികാര ത്തിന്റെ സ്യൂട്ടും കോട്ടും വെടിക്കോപ്പുകളുമായി പറന്നിറങ്ങിയ പാശ്ചാ ത്യാധുനികത, പുതിയൊരു ലോകബോധമായിരുന്നു മുന്നോട്ടുനി വർത്തിയത്. നാട്ടുഭാഷകളുടെ ഉപയോഗത്തിൽ ഉണ്ടായ മാറ്റം, അച്ച ടിയുടെ വരവ്, പത്രമാസികകളുടെ പെരുക്കം, പാരമ്പര്യഭിന്നമായ സാഹിത്യരൂപങ്ങൾ, മുഖത്തെഴുത്തും ഉടുത്തുകെട്ടും ചവിട്ടടിയും കൈ മുദ്രകളും വേറിട്ടുവന്ന ദൃശ്യകലകൾ അങ്ങനെ അനേകം കൊഴുക്കളാ ർന്ന ഉഴുയന്ത്രത്തിന്റെ പൂട്ടിയിളക്കലാണ് അതിലൂടെ സംഭവിച്ചത്. അക്കാലത്തിന്റെ ഭാഷാസാംസ്കാരികമൂല്യബോധങ്ങളെ അത് ആഴ

ത്തിൽ സ്പർശിച്ചു. സമൂഹത്തിന്റെ മുകൾത്തട്ടിലുള്ളവർ അധികാരവുമായി ഇണങ്ങിനിന്ന് പുതിയ വിദ്യാഭ്യാസം തേടി. ഇംഗ്ലീഷ് അകത്തുനിന്നും പുറത്തുനിന്നും പഠിച്ചവർ, യൂറോപ്യൻ സാഹിത്യകൃതികൾ വായിച്ചും മൊഴിമാറ്റിയും ആസ്വദിച്ചവർ, ഇതൊന്നുമല്ലാതെ ജാതിബദ്ധമായ സമൂഹത്തിൽ ജാതിയിൽ നിന്നു മോചനം നേടാൻ മതം മാറി പുതിയജീവിതം സ്വപ്നം കണ്ടവർ, എതിർത്തും പരാജയപ്പെട്ടും നാട്ടധികാരം വിട്ടുകൊടുത്തവർ, അതിനിടയിൽ ചോരയിൽവരെപ്പടർന്ന അധിനിവേശങ്ങൾ അങ്ങനെ സംഭവപരമ്പരകളുടെ നൂറ്റാണ്ടു ജീവിതം നാട്ടുഭാഷകളെ സംസ്കൃതത്തിൽ നിന്ന് വഴിമാറ്റി നടത്തിച്ചു. "ഊഴിയിൽ ചെറിയവരുടെ ഭാഷ", "ജനങ്ങളുടെ ഭാഷ" എന്നിങ്ങനെ മലയാളത്തെ വാമൊഴിയുടെ സ്വരൂപത്തോട് ചേർത്തുനിർത്തേണ്ട സന്ദർഭം രാഷ്ട്രീയ-സാമൂഹിക അധികാരഘടനയിൽനിന്ന് രൂപംകൊണ്ടതാണ്. നാട്ടുപാതകളിലും വയൽവരമ്പുകളിലും കാട്ടുകനികളിലും നിറഞ്ഞ ജൈവികമായ താളപ്പൊലിമകൾ, പാട്ടുകൾ, ആട്ടങ്ങൾ, കൊട്ടുകൾ എല്ലാം ഭാഷയുടെ വേരും തണ്ടും ഇലയും അനുഭവിപ്പിക്കുന്നതായിരുന്നു. സംസ്കാരസമഗ്രതയുടെ അടയാളങ്ങളെന്ന നിലയിൽ ആ ഭാഷ ജീവൽ മാതൃകകളായിരുന്നു. പല മലയാളങ്ങളിൽ ഊഴിയിൽച്ചെറിയവരുടെ, അല്ലെങ്കിൽ ജനങ്ങളുടെ മലയാളം സാഹിത്യമലയാളം അല്ലെങ്കിൽ തുള്ളൽക്കലാമലയാളം ആയിരുന്നു. അത് കാവ്യത്തിലേക്കും ദൃശ്യത്തിലേക്കും രസസമ്പൂർത്തിക്കായി പകർന്നെടുത്ത മൊഴിമലയാളമായിരുന്നു. ഇത്തരം അനേകതകളെയാണ് സംസ്കൃതവും ഇംഗ്ലീഷും അധികാരസംസ്ഥാപനത്തിന്റെ വാഹകമാക്കി പരിവർത്തിപ്പിച്ചത്. സൂക്ഷ്മമായ അർത്ഥത്തിൽ രണ്ടും തനതുഭാഷകളിൽ അധിനിവേശം നടത്തുകയായിരുന്നു. ഏതു ജീവൽഭാഷയും കൊലചെയ്യപ്പെടുന്നിടത്തുനിന്ന് മറ്റൊന്നായി രൂപാന്തരപ്പെട്ട് വളരുന്നു. പക്ഷേ അവിടെ ഒരു ഭാഷയുടെ മരണം സംഭവിച്ചു എന്നത് വിസ്മരിക്കാനാവില്ല.

വരേണ്യമൂല്യബോധങ്ങളെയും സാമൂഹികക്രമങ്ങളേയും പാശ്ചാത്യ ആധുനികതയും അതിന്റെ കൈകർത്താക്കളും ഒന്നൊന്നായി ഇളക്കിമാറ്റി എന്നത് ചരിത്രയാഥാർത്ഥ്യമാണ്. അതിന്റെ ഭാഷയായിരുന്നു

ആംഗലം. ദേവഭാഷയായി ഉദാത്തവൽക്കരിക്കുകയും (ത്രൈവർണ്ണ്യ കത്വത്തിന്റെ) വൈജ്ഞാനികഭാഷയായി നിലനിർത്തുകയും ചെയ്ത സംസ്കൃതത്തിന്റെ ആധിപത്യത്തെയും കേന്ദ്രീകരണത്തെയും ഇംഗ്ലീഷിന്റെ കടന്നുവരവ് ക്രമേണ കുറച്ചുകൊണ്ടുവന്നു. അതിന് പത്രഭാഷയും അതിലൂടെ വിടർന്ന സാഹിത്യരൂപങ്ങളും സഹായകമായി. അപ്പോൾ സംഭവിച്ചത്, ഒന്നുകിൽ സംസ്കൃതബദ്ധമായ അല്ലെങ്കിൽ ആംഗലബദ്ധമായ മാനകമലയാളം തനതുസ്വരൂപത്തിലായിരിക്കേണ്ട വാമൊഴിമലയാളത്തെ ഇളക്കി പ്രതിഷ്ഠിക്കുകയും മാതൃഭാഷയെന്നത് മാനകമലയാളമായി നിജപ്പെടുത്തുകയും ചെയ്തു എന്നതാണ്. പാഠപുസ്തകഭാഷ ഇതിൽ വലിയ സ്വാധീനം ചെലുത്തി. അത് ഭാഷാസങ്കലനത്തെ നിയമവിധേയമാക്കുകയും തലമുറകളിലേക്ക് പകർന്ന് പല മലയാളങ്ങളുടെ മൊഴിത്തോറ്റങ്ങളെ നിശ്ശബ്ദമാക്കുകയും ചെയ്തു.

വിനിമയോപാധി എന്നതിനപ്പുറം വാക്കുകളെയും വസ്തുതകളെയും ബന്ധിപ്പിക്കുന്ന ക്രിയാത്മകപ്രയോഗമാണ് ഭാഷ. അത് പാരിസ്ഥിതികവും ജൈവികവുമാണ്. ഭാഷയുടെ ജീവനം ഒരു ശൂന്യമണ്ഡലത്തിലല്ല. പലതരം തിണകളും തിനകളും തിരകളും അതിൽ അലിഞ്ഞുകിടക്കുന്നു. അതിൽ നാം കേൾക്കുന്ന വാക്കുകൾക്കും വാക്യങ്ങൾക്കുമപ്പുറം പ്രവർത്തിക്കുന്ന അവയുടെ അർത്ഥങ്ങളെ നിർണ്ണയിക്കുന്ന അദൃശ്യവും തീവ്രവുമായ യാഥാർത്ഥ്യത്തിന്റെ ഘടനകളുണ്ട്. ആ യാഥാർത്ഥ്യങ്ങളെ നിഗൂഢവൽകരിക്കുകയായിരുന്നു എല്ലാ കാലത്തെയും വരേണ്യഭാഷ ചെയ്തത്. സംസ്കൃതവും ഇംഗ്ലീഷും അത്തരത്തിലാണ് അധികാരത്തിന്റെ ഭാഷയായത്. രണ്ടും മേൽത്തട്ടിനുമാത്രം പ്രാപ്യവും. ആ ഭാഷ സംസാരിക്കുന്നവർ, സാമാന്യജനങ്ങളിൽ നിന്നു ഭിന്നമായ ജീവിതചര്യകളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും പ്രയോക്താക്കളും ആയിരുന്നു. അറിവുള്ളവർ, വിദ്യാസമ്പന്നർ എന്ന വിഭാഗത്തെയാണ് ആ ഭാഷകൾ പ്രതിനിധീകരിച്ചത്. അവരുടെ ഭാഷയായിരുന്നു പാഠപുസ്തകഭാഷയും മാനകഭാഷയും. അല്ലെങ്കിൽ പാഠപുസ്തകങ്ങളിലൂടെ വ്യാപരിച്ച മാനകഭാഷ / അച്ചടിമാധ്യമങ്ങൾ പൊതുവേ ഇതേകൃത്യംതന്നെയാണ് നിർവ്വഹിച്ചത്. അവിടെ തനതു ഗോത്രങ്ങൾ എന്നപോലെ തനതുമൊഴിവഴക്കങ്ങൾ പിളർന്നുപോയി.

ഭാഷയുടെ നെഞ്ചിലെ ഉണങ്ങാത്ത മുറിപ്പാടാണത്. അതിന്നും പരു ഷയാഥാർത്ഥ്യങ്ങളുടെ ചിതറിയഛന്ദസ്സുകൾ തിരയുന്നുണ്ട്. ഭാഷയെ വ്യവസ്ഥപ്പെടുത്തിയപ്പോൾ ജീവിതവൈവിധ്യങ്ങളുടെ വിളക്കുകൾ അണഞ്ഞുപോകുകയും വാക്കിൽ കുടിൽകെട്ടിപ്പാർത്ത മൊഴിയഴകു കളും അടയാളങ്ങളും ഉടഞ്ഞുവീഴുകയും ചെയ്തു. വാക്കുമണക്കു ന്നതും ഇനിക്കുന്നതും കിക്കിളിയാക്കുന്നതുമാണെന്ന യാഥാർത്ഥ്യ മാണ് വിസ്മൃതമായത്.[1]

വാക്ക് ചത്തുപോകുമ്പോൾ ചരിത്രം ചത്തുപോകുകയാണ്. ഗോത്രത്തിനകത്തുള്ള ഭാഷ അവരുടെ ലോകവീക്ഷണമാണ് പങ്കുവ യ്ക്കുന്നത്. വൈവിധ്യമാർന്ന പാരിസ്ഥിതികത്തിണർപ്പുകൾ ആ ഭാഷ കളിലുണ്ട്. പാരിസ്ഥിതികഭാഷകൾ (ecological languages) പ്രപഞ്ച ത്തിന്റെ അടിവേരോളം താഴ്ന്ന വാമൊഴിപ്പൊരുളുകളെ പിഴിഞ്ഞുകെ ട്ടുന്നവയാണ്. അതിനെ അറിവിന്റെയും അധികാരത്തിന്റെ ഭാഷ ചിന്നി ച്ചുകളഞ്ഞു. തനതുമനഷ്യരെ, പ്രകൃതിയെ എന്നപോലെ ഭാഷയെ ഇല്ലാതാക്കുക. രണ്ടുതരം ലോകങ്ങളെ വാർത്തെടുക്കാൻ ഈ മൊഴി യുടയ്ക്കൽ അനിവാര്യമായിരുന്നു. അതാകട്ടെ അധികാരസംസ്ഥാപ നത്തിന്റെ വ്യവഹാരമാതൃകകളായി. ഭൂമിയുടെ നീരോട്ടം ഇല്ലാതാക്കി യാൽ കുടിവെള്ളവ്യവസായം കൊഴുപ്പിക്കാം. അതേപോലെ നാട്ടു മൊഴികളെ അപഹർഷപ്പെടുത്തിയാൽ വേറൊരു ഭാഷയേയും ആ ഭാഷ യുടെ അധികാരവ്യവസ്ഥയേയും നീണ്ടുവാഴിക്കാം. അത് ഒരുതരത്തി ലുള്ള കുടിയിറക്കവും മറുതരത്തിൽ വിജയികളുടെ കൊടിയേറ്റവുമാ ണ്. സ്വന്തം മണ്ണിൽനിന്ന് ആട്ടിയിറക്കുന്നതിനു സമമാണ് സ്വന്തം ഭാഷ യിൽ നിന്ന് അകറ്റിനിർത്തുന്നതും. പഴമയുടെ കാവലിൽ ഭാഷയെ തളച്ചിടാൻ പാടില്ല. പഴമയെ രക്ഷിച്ചുപോരണം. സാംസ്കാരികക്കോ യ്മകളെ ചെറുത്ത് ഭാഷയുടെ ദേശീരീതികൾ നിലനിർത്തുക എന്നത് സംസ്കൃതത്തിന്റെയും ഇംഗ്ലീഷിന്റെയും ആധിപത്യത്തിൽ കഴിഞ്ഞില്ല എന്നത് യാഥാർത്ഥ്യമാണ്. അധികാരത്തിന്റെ അധിനിവേശസം സ്കൃതി പ്രത്യക്ഷമായും പരോക്ഷമായും തുടർന്നുപോന്ന ഇന്ത്യന വസ്ഥ തന്നെയാണ് അതിനു കാരണം. അധികാരത്തിന്റെ ഭാഷയായി ആധിപത്യഭാഷകളെ നിലനിർത്തുകയും ആ ഭാഷ അറിയാത്തവർ

വിദ്യാഹീനരും തരംതാണവരും ആണെന്ന പ്രതീതി സൃഷ്ടിക്കുകയും ചെയ്തു. വാസ്തവത്തിൽ അത് അധികാരം സാധാരണക്കാരിൽ നിന്നു അകറ്റിനിർത്താനുള്ള സമ്പന്ന - വരേണ്യവർഗ്ഗത്തിന്റെ മറയായിരുന്നു. ഏതെതെല്ലാം ഭാഷകൾ പഠിച്ചാൽ ഒരാൾക്ക് നാട്ടിനകത്തും പുറത്തും ഒരുപോലെ ശോഭിക്കാം എന്നു തിരിച്ചറിഞ്ഞ്, അതിനനുപൂരകമായി, ശാസ്ത്രീയമായി ആ ഭാഷകൾ അഭ്യസിപ്പിക്കുകയായിരുന്നു വേണ്ടിയിരുന്നത്. സ്വന്തം ഭാഷയെ അധികാരത്തിന്റെ സർവതലങ്ങളിലും പ്രതിഷ്ഠിക്കുകയും ഇതരഭാഷകളിൽ പ്രാഗൽഭ്യം വളർത്തിയെടുക്കുകയും ചെയ്യേണ്ടതിനുപകരം അധിനിവേശത്തിന്റെ അടിയാളവൽക്കരണമാണ് പ്രാവർത്തികമാക്കിപ്പോന്നത്.

ഓരോ വാക്കും ഓരോ വിത്തായി സങ്കല്പനം ചെയ്താൽ അതിൽനിന്ന് ഓരോ അറിവ് വിളയുന്നുണ്ട്. കനച്ചുപോയാൽ, മുളയ്ക്കാതിരുന്നാൽ അറിവ് അനാഥമായിപ്പോകും. മണ്ണിന്റെയും കാലാവസ്ഥയുടെയും മാറ്റം അനുസരിച്ച് ചില വിത്തുകൾ വേണ്ടവിധം മുളയ്ക്കാതിരിക്കുകയോ ഫലം തരാതിരിക്കുകയോ ചെയ്യുന്നു. അങ്ങനെയാണ് കൃത്രിമവിത്തുകളും വളങ്ങളും മണ്ണിലേക്ക് വന്നത്. പുതിയ വിത്തും മണ്ണും മനുഷ്യന്റെ ആവശ്യബോധത്തിൽ നിന്ന് മുളപൊട്ടിയതാണ്. ഭാഷയും അങ്ങനെയാണ്. രണ്ടിടത്തും അധികാരസംസ്ഥാപനത്തിന്റെയും പ്രയോഗത്തിന്റെയും വിഷവിത്തുകൾ കയറിക്കൂടി. പ്രകൃതിക്ക് ഒരുവിധത്തിലും മുറിവേല്പിക്കാത്ത ആവാസവ്യവസ്ഥ പ്രായോഗികമല്ല. എന്നാൽ പ്രകൃതിയെ കൊന്നുതിന്നു ജീവിക്കുക എന്നത് പ്രകൃതിവിരുദ്ധമാണ്. ഇത് സമതുലിതമാകണമെങ്കിൽ മനുഷ്യന്റെ നിലനിൽപ്പല്ല, പ്രകൃതിയുടെ നിലനിൽപ്പാണ് പ്രധാനം എന്ന ചിന്തയ്ക്ക് പ്രധാന്യം വരണം. മനുഷ്യൻ പ്രകൃതിയിലെ അനേകകോടി ജീവജാലങ്ങളിൽ ഒന്നുമാത്രമാണെന്ന ബോധ്യം വളരണം. അതേപോലെ ഭാഷയാണ് പ്രധാനം; അവരവരുടെ അസ്തിത്വം അവരവരുടെ ഭാഷയാണെന്ന നിലവരണം. ഭൗതികമായ നിലനിൽപ്പിനായി ഭാഷയെ കൊന്നുകളയരുത്. പകരം മറ്റുഭാഷകൾ പഠിക്കുകയും ഉപയോഗിക്കുകയും വേണം. ഉപജീവനത്തിനായി സ്വീകരിക്കുന്ന ഭാഷയാണ് കേമമെന്നും തന്റെ സ്വന്തം ഭാഷയും അതു സംസാരിക്കുന്ന മനുഷ്യരും

അവരുടെ ജീവിതക്രമവും ആവാസവ്യവസ്ഥയും തരംതാഴ്ന്നതാണെന്നുമുള്ള ബോധം വച്ചുപുലർത്തരുത്. തനതുഭാഷ കീഴാളം തന്നെയാണ്. അത് 'കീഴി'നെ, 'തറ'യെ അതിന്റെ അടരുകളെ, നീരുറവകളെ ഉൾക്കൊള്ളുന്ന ജൈവവ്യവസ്ഥയാണ്. അവിടെനിന്നാണ് വിത്തിൽനിന്ന് വേരിറങ്ങി ഇലകളിലേക്ക് ആകാശത്തിലേക്ക് പ്രകൃതിയും മനുഷ്യപ്രകൃതിയും പടരുന്നത്. ഈ പടർച്ചയുടെ കരുത്തുമുഴുവനായും മണ്ണിലാണ്, മണ്ണിൽ വീണു മുളച്ച വിത്തിലും വേരിലും ആണ്. അതേക്രമം തന്നെയാണ് ഭാഷയ്ക്കുമുള്ളത്. സ്വാഭാവികമരങ്ങൾവെട്ടിമാറ്റി, നിശ്ചിതകാലയളവിൽ തുടർച്ചയായി ലാഭം കൊയ്യുന്ന കൃത്രിമതൈകൾ വച്ചുപിടിപ്പിച്ചരീതി മണ്ണിനെയും പ്രകൃതിയെയും മനുഷ്യാരോഗ്യത്തെയും വിപരീതമായി ബാധിച്ചതല്ലാതെ ശാശ്വതഫലങ്ങളൊന്നും സൃഷ്ടിച്ചില്ല. അതിനുസമമാണ് സ്വന്തം ഭാഷയെ താൽക്കാലികലാഭത്തിനായി കൊലചെയ്യുന്നത്. ഭാഷ മുടിയുമ്പോൾ ആവാസവ്യവസ്ഥയാണ് മുടിയുന്നത്. അനാദിയായ കാലത്തെ ഓരോ തനതുഭാഷയും നെറുകയിൽ ചൂടുന്നുണ്ട്. അതുകൊണ്ട് വാക്കുകൾക്ക് കാവൽപ്പുരകൾ ആവശ്യമാണ്. മരിച്ചഭാഷയെ പുനരുജ്ജീവിപ്പിച്ച മാതൃക ഭാഷാപഠിതാക്കൾക്ക് മുന്നിലുണ്ട് - ഹീബ്രുവിന്റെ മാതൃക. (വടക്കുപടിഞ്ഞാറൻ സെമിറ്റിക് ഭാഷാകുടുംബത്തിൽപ്പെട്ട ഒരു ഭാഷയാണ് ഹീബ്രു. അഥവാ ഏഷ്യാറ്റിക് ഭാഷാസമുദായത്തിലെ ഒരു സെമറ്റിക് ഭാഷയാണ് ഹീബ്രു. ഇസ്രായേൽ, ജൂദാ എന്നീ രാജ്യങ്ങളിൽ ബി.സി. പത്താം നൂറ്റാണ്ടുമുതൽ ഏഴാം നൂറ്റാണ്ടുവരെ സംസാരഭാഷ എന്ന നിലയിൽ ഹീബ്രുവിന് സ്ഥാനമുണ്ടായിരുന്നു. പിന്നീട് ഹീബ്രുവിന് വംശനാശം സംഭവിച്ചു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ഹീബ്രു സംസാരഭാഷയായി പുനരുജ്ജീവിക്കപ്പെട്ടത്).

ആധുനിക ജീവിതാവസ്ഥ, വിശേഷിച്ച് പാശ്ചാത്യപ്രബുദ്ധത, മനുഷ്യനു നൽകിയ പുതിയ ഭൂമിയുടെയും ആകാശത്തിന്റെയും കേന്ദ്രത്തിൽ മനുഷ്യനെ മാത്രം പ്രതിഷ്ഠിക്കുകയും ആ പ്രതിഷ്ഠയുടെ പൗരോഹിത്യം മാത്രം നിർവഹിക്കുകയും ചെയ്തു എന്ന ചിന്ത ഇന്ന് പ്രബലമാണ്. അതിന്റെ ജപമാലധ്വനികളായി ഭാഷയെ അവർ വഴക്കിയെടുത്തു. ഭാഷയുടെ സത്ത അതിന്റെ ഘടനാപരതയാണെന്ന നില

വന്നു. ഘടകങ്ങളും അവയുടെ പരസ്പരബന്ധവും നിർണ്ണയിച്ചാൽ എല്ലാമായി എന്ന സങ്കല്പനം മനുഷ്യരെ ചരിത്രത്തിൽ നിന്ന് ബഹിഷ്കൃതരാക്കുന്നതായിരുന്നു. അർത്ഥവിനിമയത്തിൽ സന്ദർഭവും സാഹചര്യവുമാണ് മുഖ്യപങ്കുവഹിക്കുന്നതെന്ന തിരിച്ചറിവ് ഭാഷയുടെ പ്രകൃതിയേയും പൊരുളിനെയും ആയിരുന്നു ചേർത്തുപിടിച്ചത്. യാന്ത്രിക സമീപനം ഏതുതലത്തിലും മനുഷ്യന്റെ ശവക്കുഴിതോണ്ടലാണ്. "നരൻക്രമാൽത്തന്റെ ശവം ചവിട്ടിപ്പോകുന്നൊരിപ്പോക്കുയരത്തിലേക്കോ?"(നാലപ്പാട്ട് നാരായണമേനോൻ, കണ്ണുനീർത്തുള്ളി, പുറം 3) എന്ന കവിവാക്യം ഈ സന്ദർഭത്തിനും ഇണങ്ങുന്നതാണ്. പാരിസ്ഥിതികപതനത്തിൽ നിന്ന് ഭൂഗോളത്തെ പരിരക്ഷിക്കുക എന്ന ചിന്ത പ്രബലമായപ്പോഴാണ് 'സുസ്ഥിരവികസനം' എന്ന ആശയത്തിന് വേരോട്ടം കിട്ടിയത്. മനുഷ്യനല്ല പ്രപഞ്ചത്തിന്റെ കേന്ദ്രം; പ്രപഞ്ചം തന്നെയാണ്. അപ്പോൾ ആ പ്രപഞ്ചത്തിന്റെ അനേകകോടി വൈവിധ്യങ്ങൾപോലെ ഭാഷാവൈവിധ്യങ്ങളും അംഗീകരിക്കപ്പെടേണ്ടതാണ്. ആണവപ്രസരണങ്ങളും അതുപകർന്ന വിജയങ്ങളുമല്ല, ഇന്നിന്റെ വിഷയം. അത് പ്രകൃതിയും അതിലെ ജീവജാലങ്ങളും തനിമയാർന്ന ആവാസവ്യസ്ഥയുമാണ്. ഭാഷ എന്നാൽ ആവാസവ്യവസ്ഥയെ ചൂഴ്ന്നു നിൽക്കുന്നതാണ്. ആത്യന്തികതയിൽ ഭാഷ ആവാസവ്യവസ്ഥയാണ്. ഭാഷ അതിന്റെ അർത്ഥം സൃഷ്ടിക്കുന്നത് ആ വ്യവസ്ഥയിലും ജൈവവ്യൂഹത്തിലും നിന്നാണ്. ഭാഷയിൽ മനുഷ്യൻ മാത്രമല്ല, പ്രകൃതി/പരിസ്ഥിതി ഒന്നാകെ കേന്ദ്രീകരിക്കുകയാണ്. ഉറവകളിൽ നിന്ന് വൻകരകളിലേക്കും കടലാഴങ്ങളിലേക്കും ആകാശങ്ങളിലേക്കും ഉള്ള മനുഷ്യപ്രവാഹത്തിൽ ഭാഷ വഹിക്കുന്ന പങ്ക് നിർണായകമാണ്. ഭാഷാസൃഷ്ടമാണ് മനുഷ്യന്റെ ലോകവീക്ഷണം. എന്നാൽ ഭാഷയിലെ മനുഷ്യപക്ഷപാതം / പ്രകൃതിവിരുദ്ധത പ്രതിരോധിക്കപ്പെട്ടില്ലെങ്കിൽ അത് അധികാരപ്രത്യയശാസ്ത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടുനിൽക്കും. ഭാഷ വാസ്തവികതയെ പ്രതിഫലിപ്പിക്കുകയല്ല, സജീവമായി സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഭാഷ ഉപകരണമോ ഉപാധിയോ യന്ത്രമോ അല്ല. മനുഷ്യനാണ് ഭാഷയെ അങ്ങനെ പരിവർത്തിപ്പിച്ചത്; രാഷ്ട്രീയപ്രത്യയശാസ്ത്രത്തിന്റെയും അധികാരഘടനയുടെയും ഗുണ

നപ്പട്ടികകളായി മാറ്റിയത്. ഒന്നും ഒന്നും ഇമ്മണി വല്ല്യ ഒന്ന് എന്ന തിനെ രണ്ടാക്കിമാറ്റിയത് മനുഷ്യന്റെ യുക്തിബോധമാണ്. അത് ഭാവ നയോ കവിതയോ വൈവിധ്യമോ അല്ല. ഇവിടെ ഒരു കാര്യം പ്രസ ക്തമാണ്, ലോകമെമ്പാടുമുള്ള മനുഷ്യന് ഒരേ ദഹനവ്യൂഹവും മസ്തി ഷ്കഘടനയും ഉണ്ടായിട്ടും അവർ ഒരേ ഭാഷയിലല്ല സംസാരിക്കുന്ന ത്. നരവംശഘടന അങ്ങനെയാണ്. വൈവിധ്യവും വൈചിത്രവുമാർന്ന താണ് അതിന്റെ നാഡീവ്യൂഹം. ജൈവവൈവിധ്യം തന്നെയാണ് ഭാഷാ വൈവിധ്യം. അത് ഒരേസമയം പല ചില്ലകളായി തലനീട്ടുന്നു; പൊട്ടി മുളയ്ക്കുന്നു; പൂവിടുന്നു. ഭാഷ യാഥാർത്ഥ്യത്തിന്റെ ഭാഗമാണ്, യാഥാർത്ഥ്യത്തെ പരുവപ്പെടുത്തുന്ന വാഹകമാണ്, അതു യാഥാർത്ഥ്യ ത്തിന്റെ രൂപകവുമാണ്. നരവംശചരിത്രത്തിന്റെ എല്ലാ കയറ്റിറക്കങ്ങളും ഭാഷയുടെ സ്വാഭാവികതയെ സ്വാധീനിച്ചിട്ടുണ്ട്. പ്രകൃതിയിൽനിന്ന് പറിച്ചും പെറുക്കിയും കൊന്നും തിന്ന കാലമല്ല, കൊത്തി യും കിളച്ചും വിത്തിറക്കിയും കാലിമേച്ചും കഴിഞ്ഞനാളുകൾ. അത്തരം മാറ്റങ്ങൾ ഭാഷയെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായി അല്ലെങ്കിൽ മാറ്റ ങ്ങളുടെ/ഉൾക്കാഴ്ചകളുടെ അടിസ്ഥാനത്തിലാണ് സംഭവിക്കേണ്ടത്. അത്തരത്തിൽ പരിണമിക്കുന്ന ഭാഷയ്ക്ക് സാമൂഹികപ്രയോഗങ്ങ ളേയും മനുഷ്യവൃത്തികളേയും മാറ്റിത്തീർക്കാനുള്ള കഴിവുണ്ട്. അതു കൊണ്ടുതന്നെ ഏതു ദേശത്തെയും സാമൂഹിക-രാഷ്ട്രീയ അധികാ രഘടനയുടെ മൂല്യങ്ങളെ ഭാഷ സ്വായത്തമാക്കുകയും പ്രതിഫലിപ്പി ക്കുകയും ചെയ്യും. അധികവും അത് മനുഷ്യകേന്ദ്രിതമായിത്തന്നെ വികസിക്കുന്ന സംസ്കാരത്തിന്റെ സാക്ഷ്യങ്ങളാണ്. അതാകട്ടെ ഭാഷാ നാശത്തിലേക്കോ ഭാഷാനഷ്ടത്തിലേക്കോ വഴിതെളിക്കുന്നിടത്താണ് ഭാഷയെ സംബന്ധിക്കുന്ന വെല്ലുവിളി ഉയരുന്നത്. ഭാഷയെ സംര ക്ഷിക്കണമെങ്കിൽ ഭാഷാസന്ദർഭത്തെ സംരക്ഷിക്കേണ്ടതുണ്ട്. അതി നർത്ഥം മനുഷ്യന്റെ സ്വതസിദ്ധമായ ആവാസവ്യവസ്ഥയെ നിലനിർ ത്തണം എന്നാണ്. മാറുന്നലോകക്രമത്തിൽ അത് ദുഷ്കരമാണ്. അതിന്റെ ബദൽചിന്തയാണ് 'സുസ്ഥിരത' എന്ന പാരിസ്ഥിതികസ ങ്കല്പം. വിഭവങ്ങളുടെ കരുതലോടെയുള്ള ഉപഭോഗം എന്നതാണ് അതിന്റെ ആധാരമായിരിക്കുന്നത്. അത് ഭാഷാസന്ദർഭത്തിൽ, ഭാഷയെ

നശിച്ചുപോകാതെയും നഷ്ടപ്പെട്ടുപോകാതെയും കരുതലോടെ ഉപ യോഗിക്കുക എന്നതാണ്. മറ്റൊരു രീതിയിൽപ്പറഞ്ഞാൽ എതിരു കൾക്കെതിരെ പിടിച്ചുനിൽക്കാൻ ഭാഷ കരുത്താർജ്ജിക്കുക. മൃതഭാ ഷകൾക്ക് ഇത് ബാധകമല്ല, ദൈനംദിനഭാഷയെന്ന നിലയിൽ അത്തരം ഭാഷകൾ അസാധുവായെങ്കിലും ശാസ്ത്ര-നിയമ-സാഹിത്യ വ്യവഹാ രങ്ങളിൽ അതിന്റെ സാന്നിധ്യമുണ്ട്. എന്നാൽ വംശനാശം അതുപോ ലെയല്ല. അത്തരം ഭാഷകൾ മറ്റേതെങ്കിലും സന്ദർഭങ്ങളിലോ ഭാഷാ മേഖലകളിലോ പുതിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനുള്ള സാധ്യതയില്ല. സാധ്യമാകുന്നത് ഹീബ്രുവിന്റെ കാര്യത്തിലെന്നവണ്ണം പുനരുജ്ജീവിപ്പിക്കുക എന്നതാണ്. അതുകൊണ്ട് ഒരു ഭാഷാസമൂഹം അവർ അത്രയുംകാലം ഉപയോഗിച്ചുകൊണ്ടിരുന്ന ഭാഷ കൈയൊഴി യുന്ന സാഹചര്യമാണ് ഒഴിവാക്കേണ്ടത്.

ഒരു ഭാഷ സംസാരിക്കുന്നവർ (ഭാഷാസമൂഹം) ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകുന്നില്ല. മറിച്ച് അവർ ആകെത്തന്നെ മറ്റൊരു ഭാഷയി ലേക്ക് വിനിമയം മാറ്റുകയാണ് ചെയ്യുന്നത്. മലയാളം ഉച്ചരിച്ചും എഴു തിയും മറ്റൊരു ഭാഷയായി പരിവർത്തിക്കാം. നമുക്ക് മലയാളത്തിൽ അനേകമലയാളങ്ങൾ ഉള്ളതിനാൽ, ഈ പ്രക്രിയയിൽ പല മലയാള ങ്ങൾ നശിച്ചോ നഷ്ടപ്പെട്ടോ പോകാം. അങ്ങനെ സംഭവിക്കുന്നുണ്ട്; സംഭവിച്ചുകൊണ്ടിരിക്കുന്നു. പഴയ ആംഗലേയത്തിന്റെ സ്ഥാനത്ത് പുതിയ ആംഗലേയം പ്രതിഷ്ഠിക്കപ്പെട്ടത് ഇത്തരത്തിലാണ്. പെട്ടെന്ന് ആവശ്യങ്ങൾ നടക്കുക എന്നതിനാണ് ജനങ്ങൾ പ്രാധാന്യം നൽകു ന്നത്. അവർ പ്രബലഭാഷയെ വിനിമയാവശ്യങ്ങൾക്കായി ചുണ്ടിലും നാവിലും എഴുത്തിലും സ്വീകരിക്കും; പ്രാദേശികഭാഷയേയും അതിന്റെ സ്വരഭേദങ്ങളേയും കുപ്പക്കുഴിയിൽത്തള്ളും. അതുമൂലം പ്രാദേശി കഭാഷ പെട്ടെന്ന് പ്രബലഭാഷയിലേക്ക് സംക്രമിക്കും; ക്രമേണ തലമു റകളിലൂടെ സ്വന്തം ഭാഷ നാശത്തിലേക്ക് നീങ്ങും; മാത്രമല്ല പ്രാദേശി കജനത അവരുടെ ഭാഷ നിലനിർത്താനുള്ള ഉദ്യമത്തിനിടയിൽ പ്രബ ലഭാഷയുടെ പദാവലികളും പ്രയോഗങ്ങളും വാക്യഘടനതന്നെയും സ്വീകരിച്ചെന്നുവരും. പാഠപുസ്തകങ്ങൾ മുതൽ അച്ചടിമാധ്യമങ്ങൾ വരെ നീണ്ടുകിടക്കുന്ന മാനകഭാഷ ഇത്തരം കാര്യങ്ങളെ ക്രമപ്പെടു

ത്തുകയും ചെയ്യുന്നുണ്ട്. മാനകഭാഷ എന്നതിൽ ഭാഷയുടെ വ്യവസ്ഥാ വൽക്കരണം പല രീതിയിൽ ആധിപത്യം ചെലുത്തുന്നു. രാഷ്ട്രീയം, അധികാരം, അധിനിവേശം എന്നിങ്ങനെയുള്ള എല്ലാ കാരണങ്ങളും ഭാഷയെ മറ്റൊരു ഭാഷയിലേക്ക് മാറ്റി പ്രതിഷ്ഠിക്കുന്നു. വാസ്തവ ത്തിൽ യഥാർത്ഥഭാഷാവ്യവസ്ഥയിൽ അധികാരം ജനങ്ങളുടെ സഭക ളിലേക്ക് വികേന്ദ്രീകരിക്കപ്പെടുകയാണ് വേണ്ടത്. അതു ചെയ്യാതിരുന്ന ഭാഷകളും അതിന്റെ പ്രയോക്താക്കളും സ്വേച്ഛാധിപത്യത്തെ അരി യിട്ടു വാഴിക്കുകയാണ് ചെയ്തത്.

ഡിജിറ്റൽമുതലാളിത്തം അഥവാ ഡിജിറ്റൽസ്വേച്ഛാധിപത്യം ഭാഷ കളെ അച്ചടിയുടെ കാലത്തെന്നപോലെ മനുഷ്യേച്ഛയാൽ നിയന്ത്രിത മായ മാധ്യമസ്വഭാവങ്ങളിലേക്ക് പരിവർത്തിപ്പിച്ചുകഴിഞ്ഞു. അച്ചടി അറി വിനെ കുത്തകവൽക്കരിക്കുക[2] മാത്രമല്ല വാമൊഴിപ്പാരമ്പര്യത്തെ കൊലചെയ്യുകകൂടിയായിരുന്നു. ടെലിവിഷനിൽ ആദ്യകാലത്തെല്ലാം അച്ചടിമൂല്യവ്യവസ്ഥയുടെയും വരമൊഴിയുടെയും സ്വാധീനം തന്നെ യാണ് നിലനിന്നത്. ആ രണ്ടു മാധ്യമസ്വഭാവത്തിൽനിന്നും ഭിന്നമായ ഭാഷ കമ്പ്യൂട്ടറിന്റെയും സ്മാർട്ട് ഫോണിന്റെയും സന്ദർഭത്തിൽ ആവി ഷ്കരിക്കപ്പെട്ടു. അത് അധികവും വാമൊഴിപ്പരുവത്തിലാണ് പ്രത്യ ക്ഷമായത്. എന്നാൽ സൈബറിടങ്ങൾ ഭാഷയെ അതതു മാധ്യമസാങ്കേ തികവിദ്യയിലേക്ക്മുറിച്ചു. അച്ചടിരംഗത്തു വിവിധ സാങ്കേതിക ഉപക രണങ്ങൾ കടന്നുവന്നപ്പോൾ സംഭവിച്ച ലിപി പരിഷ്കരണംപോല യാണിത്. ഇന്നിപ്പോൾ നവമാധ്യമസാങ്കേതികതയിൽ അച്ചടി ആവു ന്നത്ര ലിപികളുടെ തനിമയെ ചേർത്തുപിടിക്കുന്നു. പക്ഷേ സൈബ റിടത്തിലെ ഭാഷയാണോ യഥാർത്ഥഭാഷ എന്ന ചോദ്യം നിലനിൽക്കു കയാണ്. ആവിഷ്കാരത്തിന്റെ വലിയ തുറസ്സാണത്. ലിപികൾ തന്നെ വേണ്ടാതാകുന്നു. സ്മൈലികളും ഇമോജികളും (ഇമോട്ടിക്കോൺസ്) വിനിമയത്തിന്റെ വാഹകമായിരിക്കുന്നു. ആവിഷ്കാരത്തിന്റെ ഭിന്നത ലങ്ങളായി അവയെ കാണാമെങ്കിലും അത് നാഗരികവും യാന്ത്രികവും മാധ്യമസൃഷ്ടവുമായ പാരിസ്ഥിതികതയിൽ നിന്ന് രൂപപ്പെട്ടതാണ്. കെട്ടുകാഴ്ചകളുടെ ലോകമാണത്. അവിടെ ഭാഷയും കെട്ടുകാഴ്ചയുടെ സ്വഭാവമുള്ളതാണ്. ഇത് ടെലിവിഷന്റെ കാലം മുതലേ ആരംഭിച്ച

വ്യതിയാനമാണ്. സന്ദേശത്തിന്റെ സ്വഭാവസവിശേഷതകളാണ് ഇവിടെ ഭാഷയെ രൂപപ്പെടുത്തുന്നത്. തങ്ങളുടെ താല്പര്യത്തിനനുസരിച്ച് സമൂഹത്തെ രൂപപ്പെടുത്തുന്നതിനായി മാധ്യമങ്ങൾ ഭാഷ നിർമ്മിക്കുകയാണ്. അതാകട്ടെ ബഹുരാഷ്ട്രമുതലാളിത്തത്തിന്റെ ഭാഷയാണ്; ആഗോളകേന്ദ്രീകരണത്തിന്റെ ഭാഷയാണ്; 'ബിഗ്ഡേറ്റ'യുടെ ഭാഷ. മനുഷ്യൻ വെറും ഡേറ്റയായിത്തീർന്നതിന്റെ പ്രതിഫലനം ആ ഭാഷയിലുണ്ട്. ജനാധിപത്യവിരുദ്ധമായ ഭാഷയ്ക്ക് വിവരസാങ്കേതികമാധ്യമങ്ങളിൽ ഇടവും സ്വീകാര്യതയും ലഭിക്കുകകൂടി ചെയ്യുന്നു. മുതലാളിത്തത്തിന്റെ പൊതുസ്വഭാവം ജനാധിപത്യവിരുദ്ധതയാണ്. അതുകൊണ്ടാണ് ഡിജിറ്റൽമുതലാളിത്തം മാധ്യമതുറസ്സുകളിൽ ജനാധിപത്യവിരുദ്ധമായ ഭാഷയ്ക്ക് ഇടം നൽകുന്ന്. ഇത് മാധ്യമസ്വാന്ത്ര്യമായി കൊട്ടിഗ്ഘോഷിക്കാറുണ്ട്. എന്നാൽ അതല്ല വാസ്തവം. ജനായത്തഭരണകൂടങ്ങളെ അധികാരത്തിൽ നിന്നിറക്കാനും കയറ്റാനും ഇത്തരം മാധ്യമങ്ങൾ നിർണായകപങ്കുവഹിക്കുന്നുണ്ട്. ആ മാധ്യമ ഉടമകളും രാഷ്ട്രീയഭരണകൂടങ്ങളും തമ്മിൽ കൊടുക്കൽ വാങ്ങലുകളുണ്ട്. അതുകൊണ്ടുതന്നെയാണ് ജനാധിപത്യവിരുദ്ധഭാഷ മാധ്യമയിടങ്ങളിൽ സംരക്ഷിക്കപ്പെടുന്നത്. ഭാഷയുടെ സ്വാഭാവികജൈവതലങ്ങളെയല്ല ഇത് അടയാളം ചെയ്യുന്നത്. മാധ്യമഭാഷയാണത്. അനേകം മലയാളങ്ങളിലെ മാധ്യമ മലയാളം. അതിൽത്തന്നെ അനേകം മലയാളങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ഓരോ മാധ്യമവും ആ മാധ്യമത്തിന്റെ/സന്ദേശത്തിന്റെ സ്വഭാവമാണ് പ്രതിഫലിപ്പിക്കുന്നത്. അച്ചടിമാധ്യമങ്ങളിൽ, ഓരോ പത്രത്തിന്റേയും ആനുകാലികത്തിന്റെയും പേരുചേർത്ത് ഓരോ മലയാളത്തിനു പേരിടാം. മനോരമ മലയാളം, മാതൃഭൂമി മലയാളം, വനിതാ മലയാളം എന്നിങ്ങനെ. ഓരോ പ്രസിദ്ധീകരണത്തിന്റയും ശൈലീപുസ്തകം ആ ഭാഷയെ ക്രമപ്പെടുത്തിയിട്ടുണ്ട്. അതിന്റെയർത്ഥം അവരവർക്ക് ഓരോ ഭാഷയുണ്ടെന്നാണ്. ലിപിപരിഷ്കരണത്തിന്റെ സമയത്ത് പല പത്രങ്ങളും വാക്കുകൾക്ക് പല ലിപികളാണ് സ്വീകരിച്ചത്. 'പാർട്ടി' എന്നതിന് 'പാർടി' എന്നും 'അദ്ധ്യാപകൻ' എന്നതിന് 'അധ്യാപകൻ' എന്നും നിജപ്പെടുത്തി. കേൾക്കുന്ന മാധ്യമമായതിനാൽ 'ആകാശവാണി' സുതാര്യത ഉറപ്പായ മാനകമലയാളം തന്നെ സ്വീകരിച്ചു. ഉച്ചാ

രണശുദ്ധിക്ക് ഊന്നൽ നൽകി. ഇതിന് മാറ്റം വന്നത് സ്വകാര്യ എഫ്. എം. റേഡിയോകളുടെ വരവോടെയാണ്. ഇവയെല്ലാം വിവരവിനിമയസ്ഥാപനങ്ങൾ എന്ന നിലയിൽ ഭാഷയ്ക്കു മീതേ മാധ്യമങ്ങൾ നടത്തിയ ഇടപെടലുകളാണ്. ടെലിവിഷനിൽ ഭാഷ ദേശത്തിന്റെ വൈവിധ്യത്തെ ഒരുപരിധിവരെ ആവിഷ്കരിച്ചത് തത്സമയവാർത്താസംപ്രേഷണത്തോടെയാണ്. സ്റ്റുഡിയോ മുറികളിലിരുന്ന് വായിക്കുന്ന വാർത്തയുടെ ഭാഷ മാനകസ്വഭാവമുള്ളതാണ്. എന്നാൽ നാടിന്റെ നാനാഭാഗത്തുനിന്ന് റിപ്പോർട്ടർമാർ തത്സമയം നൽകുന്ന റിപ്പോർട്ടുകളുടെ ഭാഷ അതത് റിപ്പോർട്ടർമാർക്ക് സ്വതസിദ്ധമായതാണ്. എന്തും പറയുന്ന ഭാഷയാണത്. തത്സമയചർച്ചകളുടെ ഭാഷയും അത്തരത്തിലുള്ളതാണ്. സൈബർമാധ്യമങ്ങളുടെ അതിപ്രസരം ഭാഷാതിപ്രസരത്തിന്റെ കാലത്തെയാണ് അടയാളം ചെയ്യുന്നത്. ഇതിൽനിന്നെല്ലാം വിവരവിനോദത്തിന്റേതായ ഒരു ഭാഷ (വിവരവിനോദമലയാളം) വേർതിരിച്ചെടുക്കാം. മാധ്യമകേന്ദ്രിതമായ വിനോദമലയാളം തന്നെയുണ്ട്. ഉപഭോഗതരംഗത്തിൽ രൂപപ്പെട്ട ഫാഷൻമലയാളം, മലയാളവും ഇംഗ്ലീഷും ചേർന്നുണ്ടായ മംഗ്ലീഷ്, അനേകം കലർപ്പുകളുള്ള ഫ്യൂഷൻമലയാളം എന്നിങ്ങനെ മാധ്യമകേന്ദ്രിതമായി എത്രയെത്ര മലയാളങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇതേപോലെ വൈവിധ്യമാർന്ന ജനപ്രിയമലയാളങ്ങൾ വേറെയുമുണ്ട്. ഇതിനെല്ലാമിടയിലാണ് ഭരണമലയാളം, വൈജ്ഞാനികമലയാളം, സാഹിത്യമലയാളം, ശാസ്ത്രമലയാളം, ഗവേഷണമലയാളം, സാങ്കേതികമലയാളം, വിവരസാങ്കേതികമലയാളം എന്നിങ്ങനെ വേർതിരിച്ച് വിശകലനം ചെയ്യാവുന്ന മറ്റു ഭാഷാവഴക്കങ്ങളുടെ സാന്നിധ്യം. ഉറപ്പായും ഇവയെല്ലാം ഓരോ വ്യവസ്ഥയെ, അതിന്റെ രാഷ്ട്രീയത്തെ, അധികാരത്തെ പ്രതിനിധാനം ചെയ്യുന്നുണ്ട്.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങളെ, വിശേഷിച്ച് ഭാഷാവൈവിധ്യം, ഭാഷാമരണം, ഭാഷാനഷ്ടം എന്നിവ സംബന്ധിച്ച കാര്യങ്ങളെ ഭാഷാമൗലികവാദത്തിന്റെതലത്തിലല്ല വിലയിരുത്തേണ്ടത്. പരിസ്ഥിതിനാശം മനുഷ്യരാശിക്ക് ഏൽപ്പിച്ച മുറിവുകളെപ്പറ്റി ആഗോളതലത്തിൽ സ്വീകാര്യമായ വാദമുഖങ്ങൾ നിലനിൽക്കുന്നു. അതുകൊണ്ടാണ് വികസനമെന്നത് സുസ്ഥിരവികസനം എന്ന നിലയിലേക്ക് മാറിയത്. മനുഷ്യ

നല്ല കേന്ദ്രം, പ്രകൃതി/പരിസ്ഥിതിയാണ് എന്ന നില ആ ഉൾക്കാഴ്ച യിൽ നിന്ന് രൂപപ്പെട്ടതാണ്. 'ഭാഷാപാരിസ്ഥിതികത' എന്ന കാഴ്ച പ്പാടിന്റെ കാതലായ വശം ഭാഷാവൈവിധ്യം എന്നതാണ്. അതിൽ ഊന്നിനിന്നുകൊണ്ടു മാത്രമേ 'ഭാഷാസുസ്ഥിരത' സാധ്യമാകുകയു ള്ളൂ. ഇവിടെ ഓരോ ഭാഷയുടെയും ആവാസവ്യവസ്ഥയും ജൈവ വ്യൂഹവും ആണ് പ്രധാനം. പ്രച്ഛന്നവേഷത്തിലെത്തുന്ന രാഷ്ട്രീയാ ധികാരത്തിന്റെയും ഭരണകൂടതാല്പര്യങ്ങളുടെയും ഇംഗിതങ്ങൾക്കും വ്യക്തികളുടെ/സ്ഥാപനങ്ങളുടെ വിപണനമോഹങ്ങൾക്കും വിധേയ പ്പെട്ടല്ല ഭാഷ വളരേണ്ടത്.

**കുറിപ്പുകൾ**

1. "വാക്കുമണക്കുന്നിനിയ്ക്കുന്നു വാക്കെന്നെ
നോക്കിച്ചിരിക്കാൻ വിളക്കു കത്തിക്കുന്നു
കിക്കിളിയാക്കുന്നു, നാദമായ് വന്നെന്നെ-
യക്കരെയക്കരെകൊണ്ടുപോയീടുന്നു."

– വി. മധുസൂദനനൻനായർ, 'വാക്ക്' എന്ന കവിത, നാറാണത്തുഭ്രാന്തൻ, (31-ാം പതിപ്പ്), 2008, പുറം 109.

2. ഈ ആശയം മാഷൽ മക് ലൂഹൻ 'The Gutenberg Galaxy' എന്ന പുസ്തകത്തിൽ അവതരിപ്പിച്ചിട്ടുള്ളതാണ്.

**ഗ്രന്ഥസൂചി**


1. നമ്പൂതിരി, ഇ.വി.എൻ., ഡോ., കേരളഭാഷാചരിത്രം, കറന്റ് ബുക്സ്, കോട്ടയം, 2002

2. നാരായണമേനോൻ, നാലപ്പാട്ട്, കണ്ണുനീർത്തുള്ളി, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1976.

3. മധുസൂദനൻനായർ, വി., നാറാണത്തുഭ്രാന്തൻ, ഡി. സി. ബുക്സ്, കോട്ടയം, 2008.

4. ശ്രീവത്സൻ ടി., ഹരിതഭാഷാവിചാരം, കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, തിരുവനന്തപുരം, 2013

5. വേണുഗോപാലപ്പണിക്കർ, ഡോ., ചിതറിപ്പോയ സിംഹനാദവും ചില ഭാഷാവിചാരങ്ങളും, കേരള സാഹിത്യഅക്കാദമി, തൃശൂർ, 2006

6. Debord, Guy, The Society of Spectacle, Black and Red, Michigan, 1967.

7. Fill Alwin and Peter Muhlhausler (eds.), The Ecolinguistics Redear: Language, Ecolocy and Environment, London, 2001.

8. Haugen, Einar, The Ecology of Language, Stanford University Press, Stanford, 1972.

9. Mc Luhan, Marshall, The Gutenberg Galaxy, University of Toranto Press, 1962.

# സൈബർഭാഷാശാസ്ത്രം: ഒരു ആമുഖം

**ഡോ. ജോസ് കെ. മാനുവൽ**

**അസിസ്റ്റന്റ് പ്രൊഫസർ**
**സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല**

**സംഗ്രഹം**

സാഹചര്യത്തിന്റെ നിർമ്മിതിയാണ് ഭാഷ. ഭാഷയെ രൂപീകരിക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള സ്ഥാനം അനിഷേധ്യവുമാണ്. മനുഷ്യന്റെ ആവശ്യം, അതിന്റെ സ്വഭാവം തുടങ്ങിയവ മാറുന്നതനുസരിച്ച് ഭാഷയും മാറ്റത്തിന് വിധേയമാണ്. വർത്തമാനകാല പ്രസക്തമായ സൈബർ ഭാഷ, ഭാഷാജ്ഞാനത്തിനൊപ്പം സാങ്കേതികജ്ഞാനം കൂടി ആവശ്യപ്പെടുന്നു. കംപ്യൂട്ടർ, സ്മാർട്ട്ഫോൺ തുടങ്ങിയവയുടെ 'സ്ക്രീൻ' ഭാഷാരൂപീകരണത്തിന്റെയും ഭാഷാസ്വീകരണത്തിന്റെയും ഇടമായതോടെ ഭാഷയ്ക്ക് രൂപസ്വഭാവത്തിൽ കാതലായ മാറ്റം സംഭവിച്ചു. ഭാഷാപഠനത്തിന്റെ മുൻമാർഗ്ഗങ്ങൾ ആരാഞ്ഞ് സൈബർ പശ്ചാത്തലമുള്ള പുതുരീതിയുടെ സ്വഭാവം വിശകലനം ചെയ്യുവാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ**

സൈബർ ഭാഷ-സൈബർ ടെക്സ്റ്റ്-സൈബർനെറ്റിക്സ്-ഡിജിറ്റലാഖ്യാനം

എന്താണ് സൈബർഭാഷ? എന്താണ് സൈബർഭാഷാശാസ്ത്രം? ഈ ചോദ്യങ്ങളുടെ ഉത്തരം ഏകമുഖമല്ല. ഡിജിറ്റൽവത്ക്കരണത്തിന് വിധേയമാകുകയും ഇന്റർനെറ്റ്, സ്മാർട്ട്ഫോൺ എന്നീ ബഹുജനമാധ്യമങ്ങളിലൂടെ ആഗോളാടിസ്ഥാനത്തിൽ സാധ്യമാകുകയും ചെയ്യുന്ന ആശയവിനിമയ ശൃംഖലയാണ് വർത്തമാനകാലഭാഷയേയും ഭാഷാശാസ്ത്രത്തേയും നിർണയിക്കുന്നത്. സാങ്കേതികപിന്തുണയും ഇന്റർനെറ്റ് ബന്ധവുമുള്ള സ്ക്രീൻ മാധ്യമങ്ങൾ ഓരോ വ്യക്തിയുടെയും ജ്ഞാനത്തിന്റെയും ജ്ഞാനരൂപീകരണ – വിനിമയത്തിന്റെയും തുടർച്ചയായിട്ടാണ്/ ഒരു സവിശേഷഭാഗമായിട്ടാണ് ഉപയോഗിക്കുന്നത്.

നവമാധ്യമകേന്ദ്രീകൃതമായ ഏകവിശ്വസമൂഹമാണ്/ ആഗോളഗ്രാമമാണ് സൈബർഭാഷ കൈകാര്യം ചെയ്യുന്നത്. സൈബർഭാഷയ്ക്കും അതിന്റെ വ്യാകരണത്തിനും 'വിശ്വഭാഷാ'സ്വഭാവമാണുള്ളത്. ഈ 'വിശ്വഭാഷ' രൂപീകരിക്കുന്നത് പല അടരുകളിലൂടെയുള്ള വ്യവഹാരരീതികളും സംസ്കാരമണ്ഡലങ്ങളുമാണ്. സിനിമയ്ക്ക് ആഗോളാടിസ്ഥാനത്തിൽ ഒരു ഭാഷയാണുള്ളത്. ഈ ആഗോളചലച്ചിത്രഭാഷയ്ക്കുള്ളിൽ നിന്നുകൊണ്ടാണ് ഇംഗ്ലീഷ് സിനിമ, ചൈനീസ് സിനിമ, ഫ്രഞ്ച് സിനിമ, ഹിന്ദി സിനിമ, തമിഴ് സിനിമ, മലയാള സിനിമ എന്നെല്ലാം നിർണയിക്കുന്നത്. ഇതുപോലെ തന്നെ ഓരോ ഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട് 'ഇന്റർനെറ്റ് ഭാഷ' അഥവാ 'മൊബൈൽ ഫോൺ ഭാഷ' നിയതസ്വഭാവത്തോടെ പ്രസക്തമാകുന്നത്.

**അച്ചടിഭാഷയും സൈബർഭാഷയും**

അച്ചടി മുന്നോട്ടുവച്ച ഭാഷാസംസ്കാരത്തിനും വ്യാകരണനിയമത്തിനും ഒരു ഘട്ടത്തിൽ പുനർവിചിന്തനങ്ങൾ നൽകിക്കൊണ്ടാണ് സൈബർഭാഷയുടെ ആഗോളവ്യാപനം സംഭവിച്ചത്. അച്ചടിഭാഷ കടലാസിന്റെ നിർമ്മിതിയാണെങ്കിൽ സൈബർഭാഷ സാങ്കേതികബന്ധമുള്ള സ്ക്രീനിന്റെ നിർമ്മിതിയാണ്. അച്ചടിപാഠം സുസ്ഥിരവും മൂർത്തവും നമുക്ക് തൊട്ടുപെരുമാറാവുന്നതുമാണ്. സൈബർപാഠം ഡിജിറ്റൽവത്ക്കരണവുമായി ബന്ധപ്പെട്ടതാണ്. സ്ക്രീനിലാണ് അത് തെളി

ഞ്ഞുവരുന്നത്. അലൻ ലിയു (Alan Liu) അച്ചടിപാഠത്തെയും സൈബർ പാഠത്തെയും താരതമ്യം ചെയ്യുന്നത് ശ്രദ്ധേയമാണ്.

- എഴുത്ത് (Writing) — കോഡുരൂപത്തിലാക്കൽ (Encoding)
- വായന (Reading) — സൈറ്റിലെ അന്വേഷണം (Browsing)
- പ്രസാധനം (Publishing) — അയയ്ക്കൽ (Transmitting)
- സൂക്ഷിക്കൽ (Preservation) — പ്രവാസം (Migration)
- മുഴുകൽ (Absorption) — മുങ്ങൽ (Immersion)
- അനുകരിക്കൽ (Mimesis) — രൂപപ്പെടുത്തിയെടുക്കൽ (Modeling)
- ഭാവന (Imagination) — കൃത്രിമത്വം (Simulation)

അച്ചടിഭാഷയിൽ മാധ്യമത്തിന്റെ സ്വാധീനം പരിമിതമാണ്. യന്ത്രത്തിന്റെ സാങ്കേതികവ്യാപ്തി ഡിജിറ്റൽപാഠത്തിന്റെ നിർമ്മിതിയുടെ ഭാഗമാണ്. പ്രതീകാത്മകവും പ്രവർത്തനാധിഷ്ഠിതവുമായ കൊടുക്കൽ വാങ്ങലുകളിലൂടെ ഇന്റർനെറ്റ് സംവിധാനം ഉപഭോക്താവിൽ സാധ്യമാക്കുന്ന പരസ്പരവ്യവഹാരത്തിന്റെ തലം അനന്തസാധ്യതകളുടേതാണ്. സൈബർഭാഷ പഠിക്കുവാൻ എപ്പോഴും മുൻമാതൃകയായി സ്വീകരിക്കുന്നത് അച്ചടിഭാഷയെയാണ്. കാരണം അച്ചടിഭാഷയുടെയും സംസ്കാരത്തിന്റെയും തുടർച്ചയായിട്ടാണ് സൈബർഭാഷയുടെയും അനുബന്ധമേഖലകളുടെയും വളർച്ചാവികാസം. ഭാഷാശാസ്ത്രപഠനത്തിലും അച്ചടിഭാഷ, വാമൊഴിഭാഷ എന്നിവയുടെ പഠനതുടർച്ചയായി തന്നെയാണ് സൈബർ മേഖലയിലേക്ക് പ്രാഥമികമായി പ്രവേശിക്കുന്നത്.

**ചരിത്രപശ്ചാത്തലം**

ഫെർഡിനന്റ് ഡി സൊസ്സൂറിന്റെ നിഗമനങ്ങളിൽ നിന്നും ബ്ലൂംഫീൽഡിന്റെ ഭാഷാവിശ്ലേഷണരീതികളിൽ നിന്നും വികസിപ്പിച്ചെടുത്ത സ്ട്രക്ചറലിസത്തിന്റെ വിശകലനോപാധികൾ മനുഷ്യഭാഷകളുടെ വ്യാകരണം വിവരിക്കാൻ സാധ്യമല്ലെന്ന് ഗണിതശാസ്ത്രത്തിന്റെ ഭാഷയുപയോഗിച്ച് നോം ചോംസ്കി തെളിയിക്കുകയുണ്ടായി. 1965 – ൽ പ്രസിദ്ധീകരിച്ച 'Aspects of the Theory of Syntax' എന്ന ഗ്രന്ഥത്തി

ലാണ് വിശ്വവ്യാകരണത്തെപ്പറ്റിയുള്ള ചിന്തകൾ മുന്നോട്ടു വയ്ക്കുന്നത്. വിവിധഭാഷകളും ഭാഷാഗോത്രങ്ങളും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്ന് തോന്നാമെങ്കിലും അവയുടെ വ്യാകരണങ്ങൾ ഭിന്നമാണെന്ന് സമർത്ഥിക്കുമ്പോഴും അവയുടെയെല്ലാം പിന്നിൽ എല്ലാ മനുഷ്യഭാഷകളുടെയും അടിസ്ഥാനം ഒന്നാണ്. ഇതിനായി തത്ത്വചിന്തയുടെയും ജീവശാസ്ത്രത്തിന്റെയും പിൻബലം ഭാഷാശാസ്ത്രത്തിൽ നിവേശിപ്പിക്കുകയും ചെയ്തു. ഈ നിർണയത്തിന്റെ ഭാഗമായി ചോംസ്കി മുന്നോട്ടുവച്ച വിശ്വവ്യാകരണം (Universal Grammar) മനുഷ്യമസ്തിഷ്കവും മനസ്സും താർക്കികയുക്തിയുമെല്ലാം ബന്ധപ്പെട്ടാണ് നിൽക്കുന്നത്.

മനുഷ്യമസ്തിഷ്കത്തിന്റെ ഒരു ഭാഗം അഥവാ 'മൊഡ്യൂൾ' അഥവാ ഘടകം ഭാഷാനിർമ്മിതിയുമായി ബന്ധപ്പെട്ടതാണ്. ഭാഷാവ്യാകരണചിന്തകൾ ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. മനുഷ്യരുടെ അടിസ്ഥാനഘടന, അവയവങ്ങളുടെ ഘടന, പെരുമാറ്റം, സ്വഭാവരീതി, ചിന്താരീതി തുടങ്ങിയവയെല്ലാം വംശം, ദേശം തുടങ്ങിയ വ്യത്യാസമില്ലാതെ സമാനതകൾ പുലർത്തുന്നു. ജീവിതക്രമവും സംസ്കാരവൈവിധ്യവുമാണ് ഇതിൽ വ്യത്യസ്തതകൾ രൂപീകരിക്കുന്നത്. ഇവിടെ ശരീരം, ശരീരഭാഷ, മസ്തിഷ്കം, മസ്തിഷ്കത്തിന്റെ പ്രവർത്തനം, ലൈംഗികവ്യവഹാരങ്ങൾ തുടങ്ങിയവ സാഹചര്യാനുസരണം ഭാഷകൾ ഉത്പാദിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിൻ നിന്ന് വിലയിരുത്തിയാൽ മനുഷ്യഭാഷകളുടെ സ്വഭാവം ഒരേപോലെയാണെന്ന് കണ്ടെത്താനാവും; മനുഷ്യനിർമ്മിതമായ ഓരോ ഭാഷയും മനുഷ്യന് പഠിക്കാനുമാവും.

ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ ബോഡി ലാംഗ്വേജ്, ന്യൂറോ ലിങ്ഗ്വിസ്റ്റിക്സ്, കോഗ്നേറ്റിവ് ലിങ്ഗ്വിസ്റ്റിക്സ് തുടങ്ങിയ ഭാഷാപഠനങ്ങൾ എല്ലാവിഭാഗം മനുഷ്യരുടേയും ഭാഷയ്ക്ക് ഏകസ്വഭാവമാണുള്ളതെന്ന് വ്യക്തമായി സമർത്ഥിച്ചു. യഥാർത്ഥത്തിൽ ഇത്തരം ഭാഷാപഠനങ്ങൾക്കെല്ലാം പിൻബലവും പ്രചോദനവും നൽകിയത് ചോംസ്കിയുടെ ഭാഷാശാസ്ത്രപരമായ നിർണ്ണയങ്ങളാണ്. ഭാഷകളുടെ സ്വഭാവത്തെയും വ്യാകരണവ്യവസ്ഥയെയും പറ്റിയുള്ള പഠ

നവും ഗവേഷണവും ബോധനശാസ്ത്രത്തിലേക്കുള്ള (Cognitive Science) പ്രവേശനം കൂടിയാണെന്നുള്ള നിർണ്ണയം മനുഷ്യനിർമ്മിതമായ ഭാഷകൾക്ക് പൊതുവായ അടിത്തറ നിശ്ചയിക്കുന്നതായിരുന്നു.

1981- ൽ ചോംസ്കി പ്രസിദ്ധീകരിച്ച 'Lectures on Government and Binding' എന്ന ഗ്രന്ഥത്തിൽ അവതരിപ്പിച്ച സിദ്ധാന്തമാണ് GB എന്ന ചുരുക്കെഴുത്തുകളിൽ അറിയപ്പെടുന്ന Government and Binding. ഈ സൈദ്ധാന്തികനിർണയത്തിൽ ചെയ്തത് ഭാഷയിലെ വ്യാകരണനിയമങ്ങളെ തിരസ്കരിച്ച് അവയുടെ ജോലി വിശ്വവ്യാകരണത്തിന്റെ പ്രമാണങ്ങളെ ഏൽപ്പിക്കുകയാണ്. 1992-ൽ പ്രസിദ്ധീകരിച്ച 'A Minimalist program for Lingustic Theory' എന്ന വിപുലമായ പഠനത്തിൽ GB യിൽ ഉപയോഗപ്പെടുത്തിയ പല ആശയങ്ങളും ഒഴിവാക്കാനാവുമെന്ന് നിർണയിച്ചു. 'മിനിമലിസം' (Minimalism) എന്ന പേരിൽ അറിയപ്പെടുന്ന ഈ സിദ്ധാന്തം ഏറ്റവും കുറഞ്ഞതും വിസ്തൃതിയുള്ളതുമായ ഭാഷാസങ്കല്പങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്. യഥാർത്ഥത്തിൽ ഇവിടെയെല്ലാം ദർശിക്കാൻ കഴിയുന്നത് മാനവരാശിയുടെ വളർച്ചയ്ക്കനുസരിച്ച് ഭാഷസങ്കല്പവും അതിന്റെ നിയമവ്യവസ്ഥയും പരിവർത്തനപ്പെടുന്ന രീതിയാണ്. ഈ പശ്ചാത്തലത്തിൽ നിന്നുവേണം ബഹുജനമാധ്യമങ്ങളുടെ ഭാഷയെപ്പറ്റി വിശകലനം ചെയ്യുവാൻ.

പതിനാറാം നൂറ്റാണ്ടിൽ സജീവമായി തുടങ്ങിയ അച്ചടി, തുടർന്ന് റിക്കാർഡിങ്, സിനിമ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്ന ക്രമത്തിലാണ് മാധ്യമങ്ങളുടെ ചരിത്രവും സംസ്കാരവും വളരുന്നത്. അച്ചടി, റിക്കാർഡിങ്, സിനിമ, റേഡിയോ എന്നി മാധ്യമങ്ങളെ ആധുനികതയുടെ ഭാഗമായിട്ടാണ് പരിഗണിക്കുന്നത്. ടെലിവിഷനും കമ്പ്യൂട്ടറുമാണ് ഉത്തരാധുനികതയുടെ മാധ്യമങ്ങൾ. സൈബർ ആധുനികതയുടെ അഥവാ ഡിജിറ്റൽ മോഡേണിസത്തിന്റെ കാലത്തെ മാധ്യമങ്ങളാണ് ഇന്റർനെറ്റും മൊബൈൽ ഫോണും. ഓരോ മാധ്യമവും ഓരോ രീതിയിലുള്ള ഭാഷയാണ് രൂപികരിക്കുന്നത്. ഭാഷയ്ക്ക് സ്വഭാവികതയോടെ മാധ്യമസ്വഭാവം വരുന്നതും ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. ടെലിവിഷൻ വരെയുള്ള മാധ്യമങ്ങൾ മനുഷ്യർക്കു മുന്നിൽ ഭാഷ അവതരിപ്പിക്കുകയായിരുന്നു.

ഇന്റർനെറ്റും മൊബൈൽ ഫോണും വന്നതോടെ പരസ്പരാശയ വിനിമയത്തിലെ ദൂരപരിധി അപ്രസക്തമായി. അതുപോലെ ആശയവിനിമയത്തിൽ മാധ്യമം കൂടി ഭാഗഭാക്കാവുന്ന അവസ്ഥ സംജാതമായി. ആശയവിനിമയശൃംഖലയുടെ അടിസ്ഥാനത്തിൽ ആഗോള സമൂഹം ഒരു ഗ്രാമവുമായി. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും സൈബർവത്ക്കരണം ശക്തമായ സ്വാധീനം ചെലുത്തി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തിരസ്ക്കരിക്കാനാവാത്ത ഒന്നായി വർത്തമാനകാല ഭാഷാനിർമ്മിതിയിൽ സ്വാധീനം ചെലുത്തുന്നു. ഫ്രോയിഡിന്റെ മനോവിശകലനരീതികളും ഭാഷാനിർണ്ണയവുമെല്ലാം പുരുഷകേന്ദ്രീകൃതമാണെന്ന് വിലയിരുത്തി അതിനെ പ്രതിരോധിക്കാൻ ജൂലിയ ക്രിസ്റ്റേവയെപ്പോലെയുള്ള സ്ത്രീപക്ഷപഠിതാക്കൾ രംഗത്തുവന്ന് ഭാഷാനിർണ്ണയത്തിലെ ലിംഗപരമായ വ്യത്യസ്തതകളും രീതിയുമാണ് സംവാദാത്മകതമാക്കുന്നത്. ശരീരം,ലിംഗം,ലൈഗികത,സംസ്കാരം, സന്ദർഭം, അറിവ് തുടങ്ങിയവയെല്ലാം ഭാഷാരൂപീകരണത്തെയും വിനിമയത്തെയും ഭാഷാവിശകലനത്തേയും സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഇത്തരത്തിലെല്ലാമുള്ള മുൻഭാഷാപഠനങ്ങളുടെ പശ്ചാത്തലം കൂടി സൈബർ ഭാഷയെപ്പറ്റിയുള്ള പഠനത്തിൽ പരിഗണിക്കേണ്ടതുണ്ട്.

**പരിവർത്തനസ്വഭാവം**

ഭാഷകൾ സമൂഹത്തിന്റെ സാംസ്കാരികവളർച്ചയ്ക്കനുസരിച്ച് പരിവർത്തനവിധേയമാക്കുന്നതുകൊണ്ട് ഭാഷപഠനങ്ങളും അനിവാര്യതയോടെ മാറ്റത്തിനും പുതുക്കലിനും വിധേയമാണ്. അതുകൊണ്ടുതന്നെയാണ് ഭാഷകൾ സാമൂഹ്യോത്പന്നമാണെന്ന് വിലയിരുത്തുന്നത്. കൃത്യതയും നിയമപരമായ താത്ത്വികയുക്തിയും മുൻനിരത്തി സൈബർഭാഷയെയും ഭാഷാശാസ്ത്രത്തെയും നിർണയിക്കാനാവില്ല. മാധ്യമത്തിന്റെ സ്വഭാവം, മാധ്യമം വിനിയോഗിക്കുന്ന വ്യക്തി, ആ വ്യക്തിയുടെ സാങ്കേതികജ്ഞാനം, ഭാഷാപരമായ മനോഭാവം തുടങ്ങിയവയെല്ലാം സൈബർഭാഷയുടെ വിനിയോഗത്തിൽ പ്രസക്തമായി വരുന്നു. സാങ്കേതികബന്ധമുള്ള മാധ്യമങ്ങൾ അനുദിനം മാറ്റത്തിനും

വളർച്ചയ്ക്കും വിധേയമാണ്. ഇതിനനുസരിച്ച് മാധ്യമങ്ങൾ വിനിയോഗിക്കുന്നവരുടെ മനസും മനോഭാവവുമെല്ലാം മാറുന്നു.

ഭാഷാപഠനത്തിൽ പ്രസക്തമായ നിർണ്ണയമാണ് വാക്കുകൾ വിനിമയം ചെയ്യുന്ന ആശയസമഗ്രത. ഒരു വിവാഹം എന്നു നിർണ്ണയിക്കുമ്പോൾ വെളിവാക്കുന്ന അർത്ഥം കുറെ ചോദ്യങ്ങൾകൂടി മുന്നോട്ടുവയ്ക്കുന്നതാണ്. ആര് ആരെ വിവാഹം കഴിച്ചു? എപ്രകാരമാണ് വിവാഹം കഴിച്ചത്? അതിൽ ഏതെങ്കിലും മതത്തിന്റെ ആചാരങ്ങൾ ഉണ്ടായിരുന്നോ? വിവാഹത്തിൽ ആരെല്ലാം പങ്കെടുത്തു? വധൂവരന്മാരുടെ വസ്ത്രധാരണം ശരീരഭാഷ തുടങ്ങിയവ എന്തായിരുന്നു. വിവാഹത്തിന്റെ വിഡിയോ കാണുമ്പോൾ ഇത്തരത്തിലുള്ള പല സംശയങ്ങളുടെയും പരിഹാരം സാധ്യമാകും. യഥാർത്ഥത്തിലിവിടെ വിവാഹമെന്ന സംഭവത്തിന്റെ മാധ്യമസഹായത്തോടെയുള്ള പകർത്തൽ ഭാഷനിർമ്മിതിക്ക് വിഷയമാകുകയാണ്. രേഖപ്പെടുത്തുന്ന രീതിയും വ്യാപ്തിയുമാണ് പുനർനിർമ്മിക്കുന്ന ഭാഷയ്ക്ക് ആർത്ഥവ്യാപ്തി നൽകുന്നത്. കാഴ്ച, കേൾവി, ചലനം, ഓർമ്മപ്പെടുത്തൽ തുടർച്ച തുടങ്ങിയവയെല്ലാം സമ്മേളിച്ചാണ് ഇവിടെ ഭാഷ പ്രസക്തമാകുന്നത്.

ഒരു സമൂഹത്തിന്റെ ഭാഷാസമഗ്രത നിർണ്ണയിക്കുന്നതിൽ അവരുടെ ആചാരങ്ങൾ, ആഘോഷങ്ങൾ, പൊതുമണ്ഡലങ്ങൾ, ഭൂപ്രകൃതി, കലകൾ തുടങ്ങിവയ്ക്കെല്ലാം പ്രസക്തി ഏറെയാണ്. ഓണം, വള്ളംകളി, തൃശ്ശൂർപ്പൂരം എന്നെല്ലാം പറഞ്ഞാൽ അത് മനസ്സിലാകുന്നത് മലയാളികൾക്കാണ്. അവതരിപ്പിക്കുമ്പോൾ മാത്രം പ്രസക്തിയുള്ള അല്ലെങ്കിൽ സംഭവിക്കുമ്പോൾ മാത്രം സാധ്യമാകുന്ന ഇത്തരം സന്ദർഭങ്ങൾ രേഖപ്പെടുത്തി ക്രമീകരിക്കുന്നതോടെ നിലനിൽപ്പിന്റെ പുത്തൻ അസ്തിത്വം ലഭിക്കുകയാണ്. ഇന്റർനെറ്റിലൂടെ ആഗോളവ്യാപകമായി എത്തിക്കുമ്പോൾ അതിന്റെ വിസ്തൃതി ഏറുകയാണ്. നിയതമായ ഭാഷ വിനിമയം ചെയ്യുന്ന പാഠമെന്നനിലയിൽ ഇവയ്ക്ക് സവിശേഷമായ അസ്തിത്വവും സാധ്യമാകുന്നു. വൈവിധ്യങ്ങളെ സ്വാംശീകരിച്ചെടുക്കാനും രേഖപ്പെടുത്തി ക്രമീകരിച്ച് ആഗോളസമൂഹത്തിന് മുന്നിൽ എത്തിക്കാൻ കഴിയുന്ന പശ്ചാത്തലവുമെല്ലാം പരിഗണിച്ച്

വിലയിരുത്തുമ്പോൾ സൈബർഭാഷയെപ്പറ്റിയുള്ള പഠനത്തിൽ സാം സ്കാരികവിശകലന സ്വഭാവംകൂടി ഉൾക്കൊള്ളുന്നു.

**സൈദ്ധാന്തികപരിസരം**

ഭാഷാപഠനത്തിലും സാഹിത്യത്തിലുമെല്ലാം രൂപമെടുക്കുന്ന സൈദ്ധാന്തികനിർണ്ണയങ്ങൾ കാലക്രമത്തിൽ പുതുക്കലുകൾക്ക് വിധേയമാണ്. ഇതിനുകാരണം മനുഷ്യവംശത്തിന്റെ സാങ്കേതികപിൻബലത്തോടെയുള്ള വളർച്ചയും മനോഭാവത്തിൽ സംഭവിക്കുന്ന മാറ്റവുമാണ്. വർത്തമാനകാലത്ത് പ്രസക്തമായ സൈബർഭാഷയെയും അതിന്റെ വൈവിധ്യങ്ങൾ നിറഞ്ഞ സാംസ്കാരികാന്തരീക്ഷത്തെയും പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്ന സൈദ്ധാന്തികർ/ പഠിതാക്കൾ ഏറെയാണ്. ഏറെ പ്രസക്തമെന്ന് തോന്നുന്ന സൈദ്ധാന്തികരേയും അവരുടെ സിദ്ധാന്തങ്ങളെയും വളരെ ലഘുവായിട്ടാണ് ഇവിടെ പ്രതിപാദിക്കുന്നത്.

കാതറിൻ ഹെയിൽസ് (Katherine Hayles) 1999-ൽ എഴുതിയ ശ്രദ്ധേയമായ ഗ്രന്ഥമാണ് 'How We Became Posthuman: Virtual Bodies in Cybernetics, Literature and Informatics'. ഈ ഗ്രന്ഥത്തിൽ ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നീ മാധ്യമങ്ങൾ വന്നതോടെ മനുഷ്യന്റെ വ്യവഹാരങ്ങളിലും ബൗദ്ധികപ്രവർത്തനങ്ങളിലും വൈകാരികമണ്ഡലത്തിലും സംഭവിച്ച പരിവർത്തനത്തെപ്പറ്റിയാണ് ചർച്ചചെയ്യുന്നത്. നൂറ്റാണ്ടുകളിലുടെ വളർത്തിയെടുത്ത സംസ്കാരം തന്നെ വർഷങ്ങൾകൊണ്ട് പാടെ മാറിക്കഴിഞ്ഞു. മനുഷ്യന്റെ ഇച്ഛയോടെയും അല്ലാതെയും പ്രവർത്തിക്കാൻ കഴിയുന്ന സാങ്കേതികബന്ധമുള്ള മാധ്യമങ്ങൾ ശക്തമായികൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തിന്റെ സാങ്കേതിക/ മാധ്യമസാക്ഷരതയ്ക്കനുസരിച്ച് ജീവിക്കുന്നവരെ കാതറിൻ ഹെയിൽസ് വിളിക്കുന്നത് പോസ്റ്റ് ഹ്യൂമൻ (Post human) എന്നാണ്. മാധ്യമങ്ങളുടെ സാങ്കേതികസഹായമില്ലാതെ ആശയവിനിമയം നടത്തുന്നവരെ ഹ്യൂമൻ (Human) എന്നാണ് നിർണയിക്കുന്നത് ഹ്യൂമൻ നേരിട്ട് ആശയവിനിമയം നടത്തുന്നു. മസ്തിഷ്കവും ശരീരവുമെല്ലാം ഈ ആശയവിനിമയ പ്രക്രിയയിൽ സജീവമായി നിൽക്കുന്നു. പോസ്റ്റ്

ഹ്യൂമന്റെ ആശയപ്രക്രിയയിലും വ്യവഹാരങ്ങളിലും മാധ്യമങ്ങൾ നിർണായകമായ സ്വാധീനമാണ്. മാധ്യമസാക്ഷരതയുടെയും മാധ്യമസാന്നിദ്ധ്യവ്യവസ്ഥയുടെയും വലയത്തിനുള്ളിൽ തന്നെയാണ് പോസ്റ്റ് ഹ്യൂമന്റെ വ്യവഹാരങ്ങൾ പ്രസക്തമാകുന്നത്.

ബെർട്രാൻഡ് ഗെർവെയ്സ് (Bertrand Gervais) ഇലക്ട്രോണിക് പഠനത്തിന്റെ (Electronic text) കാലികപ്രസക്തിയും പരസ്പരബന്ധിതമായ ലിങ്കുകൾ വഴിയുള്ള ബന്ധവും 'Is There is a Text on This Screen? Reading in an Era of Hypertextuality' എന്ന പ്രബന്ധത്തിൽ വിശകലനവിധേയമാക്കുന്നത് ശ്രദ്ധേയമാണ്. "We are confronted with increasingly different forms of texts produced with the aid of computers. More often than not these texts exist only on the internet. They are often animated filled with sounds and images, accessible through a network, related to one another by hyper links and inscribed in complex environments." ഇന്റർനെറ്റ് ബന്ധിതമായ കമ്പ്യൂട്ടർ ശൃംഖല മുന്നോട്ടുവയ്ക്കുന്ന സംസ്കാരം (Linked computer culture) വൈവിധ്യമുള്ള പാഠങ്ങളുടെ പ്രവാഹം തന്നെയാണ് സ്ക്രീനിൽ തീർക്കുന്നത്. വിവിധതരം വെബ് സൈറ്റുകൾ, ഫെയ്സ്ബുക്ക്, യൂട്യൂബ്, ബ്ലോഗ്, വിക്കി പീഡിയ, ഇ-പ്രസിദ്ധീകരണങ്ങൾ, ഗൂഗിൾമാപ്പ്, ജി-മെയിൽ ഓരോ ആവശ്യത്തിനും വേണ്ടി ഉപയോഗിക്കുന്ന 'ആപ്പു'കളുമെല്ലാം സ്വയം തന്നെ പ്രവർത്തനക്ഷമമായ സൈബർ ഇടങ്ങളാണ്. ഉപഭോക്താവ് ഇവയിലേതെങ്കിലും തിരഞ്ഞെടുത്ത് സ്വന്തം ആവശ്യത്തിനായി ഉപയോഗിക്കുന്നു. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് സ്മാർട്ട് ഫോൺ പ്ലാറ്റ്ഫോമുകളായ ആപ്പിളിന്റെ ഐട്യൂൺസ്, ഗൂഗിളിന്റെ പ്ലേസ്റ്റോർ എന്നിവിടങ്ങളിൽ ഇരുപത് ലക്ഷത്തിലധികം ആപ്പുകൾ ഉപഭോക്താക്കളുടെ പലതരത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റാനായി തയ്യാറായി നിൽക്കുന്നു. വിനിയോഗവിസ്തൃതിയുടെ പുത്തൻമേഖലയും സംസ്കാരവും രൂപീകരിക്കുകയാണ് സൈബർ മണ്ഡലം.

കരോലിൻ ഗുഹർട്ടിൻ (Carolyn Guertion) ഡിജിറ്റൽ ആഖ്യാനത്തെപ്പറ്റി 'Handholding Remixing and the Instant Reply: New Narratives in a Post Narrative World' എന്ന പ്രബന്ധത്തിൽ നടത്തുന്ന നിരീക്ഷണം

പ്രസക്തമാണ്. “Digital narrative is a battle ground. The digital is granular moliecularized, particular. Narrative on the other hand has an arching linear trajectory that pulls us along with it. The two are at war with each other as the drive for fragmention threatens to shatter the rhythmic ebb and flow of the narrative impulse. Yet perhaps, as the adage says, opposities do attract for the quest for narrative-even in such a hostile enviornment is a prevailing human concern.” ഡിജിറ്റൽ ആഖ്യാനത്തിന്റെ പ്രതിഫലനതലം സ്ക്രീനായതുകൊണ്ടുതന്നെ സ്ക്രീനിന്റെ സാധ്യതകൾ ആഖ്യാനത്തെയും സ്വാധീനിക്കുന്നു. ഡിജിറ്റൽ ആഖ്യാനത്തിന്റെ രൂപസ്വഭാവം hyperactive, post dramatic, self reflexive, repetitive, post narrative തുടങ്ങിയവയുമായി വ്യാപിച്ച് നിൽക്കുന്നതാണെന്ന് വിലയിരുത്തുന്നു. തുടർന്ന് ഡിജിറ്റൽ ആഖ്യാനത്തിൽ Network art, mobile computing, immersive virtual reality, installation തുടങ്ങിയവയെല്ലാമുണ്ടെന്ന് നിർണ്ണയിക്കുന്നു. ഡിജിറ്റൽ ഭാഷയും ആഖ്യാനത്തിന്റെയും വിപുലനത്വമാണ് ഇവിടെയെല്ലാം ദർശിക്കാവുന്നത്.

എസ്പൻ ആർസെത് (Espen Aarseth) ‘Cybertext’ എന്ന ഗ്രന്ഥത്തിൽ സൈബർ പാഠങ്ങളെല്ലാം ‘ergodic’ ആണെന്ന് പറയുന്നുണ്ട്. ‘എർഗോഡിക്കി’ന്റെ അർത്ഥം ‘Path of energy or work’ എന്നാണ്. ഈ അർത്ഥം സൈബർ പാഠത്തിന്റെ വിപുലമായ സാധ്യതയാണ് വ്യക്തമാക്കുന്നത്. അയയ്ക്കുന്ന മാധ്യമത്തിൽ നിന്നും സൈബർ സ്പെയ്സിന്റെ വിഹായസിലൂടെ സഞ്ചരിച്ച് നിമിഷനേരംകൊണ്ട് ആഗോളാടിസ്ഥാനത്തിൽ എത്തുന്നു എന്നുള്ളതാണ് സൈബർ പാഠങ്ങളുടെ സവിശേഷത. സ്വീകരിക്കുന്ന വ്യക്തിയ്ക്ക് ആവശ്യമെങ്കിൽ രൂപപരിവർത്തനങ്ങളോടെ പാഠത്തെ പുനർക്രമീകരിക്കാനും നിമിഷങ്ങൾ മതി.

ഹെൻറി ജെൻകിൻസിന്റെ (Henry Jenkins) ‘Convergence Culture: Where Old and New Media Collide’ എന്ന ഗ്രന്ഥത്തിലാണ് വർത്തമാനകാല പ്രസക്തമായ ‘സംലയനസംസ്കാര’ത്തെപ്പറ്റി ചർച്ചചെയ്യുന്നത്. ഏഴാമത്തെ ബഹുജനമാധ്യമമെന്ന് വിളിക്കുന്ന മൊബൈൽഫോൺ

അതിനുമുമ്പുള്ള മാധ്യമങ്ങളുടെയെല്ലാം സേവനം അനായാസേന നിർവഹിക്കുന്നു. 'ഫോൺ' എന്ന കേവല ആശയവിനിമയ മാധ്യമത്തിൽ നിന്നും സ്മാർട്ട് ഫോൺ എന്ന മാധ്യമത്തിലേക്കെത്തുമ്പോൾ ആശയവിനിമയവൈവിധ്യങ്ങളുടെ ഒരു സമഗ്രതതന്നെയാണ് ഉപഭോക്താവിനു മുന്നിൽ വയ്ക്കുന്നത്. റിക്കാർഡിങ്, റേഡിയോ, സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയുള്ള എല്ലാ മാധ്യമങ്ങളും സ്മാർട്ട് ഫോണിൽ സമന്വയഭാവത്തോടെ സാധ്യമാകുന്നു. യഥാർത്ഥത്തിൽ ഇതരമാധ്യമവിനിയോഗരീതികളെയും അവയുടെ ഭാഷകളെയും നിയതമായ സംലയനത്തിന് സ്മാർട്ട് ഫോൺ വിധേയമാകുന്നു. ഇന്റർനെറ്റ് വലയത്തിൽ വരുന്ന സമൂഹങ്ങൾ, അവരുടെ ആശയവിനിമയരീതികൾ പരസ്പരമുള്ള കൊടുക്കൽ വാങ്ങലുകൾ, മാധ്യമത്തിന്റെ സവിശേഷമായ ഭാഷരൂപീകരണ സാധ്യത തുടങ്ങിയവയെല്ലാം ചേർന്ന് രൂപപ്പെട്ടുവരുന്നത് സംലയനസംസ്കാരമാണ്. ഈ സംലയനസംസ്കാരം തന്നെയാണ് വർത്തമാനകാല ഭാഷകളെ സ്വാധീനിക്കുന്നതും രൂപീകരിക്കുന്നതും.

വിപുലമായ അർത്ഥം വിനിമയം ചെയ്യുന്ന പദമാണ് സൈബർനെറ്റിക്സ്. മനുഷ്യരിലും യന്ത്രങ്ങളിലുമുള്ള ആശയവിനിമയത്തിന്റെ നിയന്ത്രണശാസ്ത്രമാണ് സൈബർനെറ്റിക്സിൽ സംവാദവിഷയമാകുന്നത്. ഇതിന്റെ തോത് സാങ്കേതികബന്ധമുള്ള മാധ്യമങ്ങളുടെ രൂപപ്പെടലിനനുസരിച്ച് വ്യത്യസ്തപ്പെട്ടുകൊണ്ടിരിക്കും. അമേരിക്കൻ സൊസൈറ്റി ഫോർ സൈബർനെറ്റിക്സിന്റെ പ്രസിഡന്റായ ലൂയിസ് കഫ്മാനിന്റെ (Louis Kauffman) അഭിപ്രായത്തിൽ വ്യവസ്ഥകളെക്കുറിച്ചും (Systems) വ്യവസ്ഥകൾക്കുള്ളിലെ ബന്ധങ്ങളെക്കുറിച്ചും അവയിൽ നിന്നെങ്ങനെയാണ് മറ്റൊന്നുണ്ടായി വരുന്നതെന്നുമുള്ള പഠനമാണ് സൈബർനെറ്റിക്സ്. (Cybernetics is the study of systems and process that interact with themselves and procedure themselves from themselves).

1. സൈബർ ടെക്സ്റ്റ്.
2. സ്വീകർത്താവ്/വായനക്കാരൻ.
3. നോയ്സ് (ഏതെങ്കിലും സിഗ്നലുകളുടെയോ വിവരങ്ങളുടെയോ നീക്കത്തെ തടസ്സപ്പെടുത്തുന്ന മറ്റൊരു സിഗ്നൽ).

4. മാധ്യമം.
5. പ്രേക്ഷകൻ/അയക്കുന്ന ആൾ.

ഇവയെക്കുറിച്ചുള്ള പഠനമാണ് സൈബർ ഭാഷാപഠനത്തിൽ പ്രസക്തമാകുന്നത്. ഈ അഞ്ചുമാനങ്ങൾ കൂടിച്ചേർന്ന് രണ്ട് തരത്തിലുള്ള സന്ദേശങ്ങൾ രൂപികരിക്കുന്നു.

1. പുറത്തേക്ക് വിടുന്ന സന്ദേശം (an outward message): ഇതൊരു പ്രേക്ഷകനിൽ നിന്നും സ്വീകർത്താവിലേക്ക് കൈമാറുന്ന സന്ദേശമാണ്.
2. ഫീഡ് ബാക്ക് സന്ദേശം (feedback responce): ഒരു സന്ദേശം ലഭിച്ചു കഴിഞ്ഞാലുടൻ സ്വീകർത്താവിൽനിന്നും പ്രേക്ഷകനിലേക്കുള്ള പ്രതികരണ സന്ദേശമാണിത്.

ഗൂഗിൾ ചാറ്റ്, ഇ-മെയിൽ, ഫെയ്സ്ബുക്ക്, വാട്സ് ആപ്പ് തുടങ്ങിയവയെല്ലാം തന്നെ പ്രവർത്തിക്കുന്നത് മുകളിൽ പ്രതിപാദിച്ച രണ്ട്തരം സന്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ്. സൈബർ ഭാഷാ പഠിതാവെന്ന നിലയിൽ ഡേവിഡ് ക്രിസ്റ്റൽ (David Crystal) ശ്രദ്ധേയനാണ്. ഇദ്ദേഹത്തിന്റെ ഭാഷയും ഇന്റർനെറ്റും (Language and the internet), ഇന്റർനെറ്റ് ഭാഷാശാസ്ത്രം (Internet Linguistics) എന്നീ ഗ്രന്ഥങ്ങൾ ഇന്റർനെറ്റ് ഭാഷയുടെയും ഭാഷാശാസ്ത്രത്തിന്റെയും സ്വഭാവം ആരായുന്നവയാണ്. ആശയവിനിമയപ്രക്രിയയിൽ ആശയവിനിമയം ചെയ്യുന്ന ആളും (Sender) ആശയം സ്വീകരിക്കുന്ന ആളും (Receiver) മുമ്പുണ്ടായിരുന്ന സാംസ്കാരികാന്തരീക്ഷത്തിൽ നിന്നും ഭാഷാജ്ഞാനവ്യവസ്ഥയിൽനിന്നും പരിവർത്തനപ്പെട്ടവരാണ്. കംപ്യൂട്ടറിനെ അഥവാ മാധ്യമത്തെ മധ്യവർത്തിസ്ഥാനത്തുനിറുത്തി രൂപീകരിക്കുന്ന ഭാഷകളാണ് അനുദിനം നാം ശീലിക്കുന്നത്. ഇന്റർനെറ്റ് നൽകുന്ന അസംഖ്യം സേവനങ്ങളുടെ തുടർച്ചയും സാധ്യതയും സ്വാഭാവികതയോടെ ഭാഷാവിനിമയത്തിന്റെ ഭാഗമാകുന്നു. സൈബർസ്പേസ് വിവരശേഖരണത്തിന്റെ അഥവാ ഭാഷാശേഖരത്തിന്റെ അദൃശ്യമായ ഒരിടമാണ്. Next Generation, Digital Citizens എന്ന വിശേഷണത്തിൽ വരുന്നവർ ഇന്റർനെറ്റ് രൂപീകരിച്ച് വിനിമയം ചെയ്യുന്ന ആഗോളഭാഷ

കളുടെ ഉപഭോക്താക്കളാണ്. ഭാഷയുടെ കാലിക പ്രസക്തമായ രൂപ സ്വഭാവവും പാഠങ്ങളുടെ സ്വഭാവവും നിർണ്ണയിക്കുന്നതുതന്നെ ഇന്റർനെറ്റാണ്. വെബ് സൈറ്റുകൾ, ഇ-മെയിലുകൾ, ഓൺലൈൻ ലൈബ്രറികൾ, ഓൺ ലൈൻ പ്രസിദ്ധീകരണങ്ങൾ, ഓൺലൈൻ വ്യാപാരങ്ങൾ, ഓൺലൈൻ സേവനങ്ങൾ, വിവിധതരം ആപ്പുകൾ തുടങ്ങിയവയെല്ലാം സാധ്യമാകുന്നത് സൈബർഭാഷാജ്ഞാനത്തിൽ നിന്നുമാണ്. സ്ക്രീൻ എന്ന മാധ്യമപ്രതലമാണ് ഭാഷകളുടെ രൂപീകരണ വിനിമയമണ്ഡലവും സ്വീകരണയിടവുമാകുന്നത്.

മനുഷ്യനും യന്ത്രങ്ങളുമുള്ള സമൂഹത്തിൽ രണ്ടുതരം ബൗദ്ധികപ്രവർത്തനങ്ങളാണ് നടക്കുന്നത്. മനുഷ്യന്റേത് സ്വാഭാവികബുദ്ധിയും (Natural Intelligence) യന്ത്രങ്ങളുടേത് നിർമ്മിതബുദ്ധിയുമാണ് (Artificial Intelligence). ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ മെഷീൻ ഇന്റലിജൻസ് എന്നും വിളിക്കുന്നു. ആമസോൺ എക്കോ ഡോട്ട് (Amazon Eco Dot) ആർട്ടിഫിഷ്യൽ ഇന്റലിജൻസിനുള്ള ഏറ്റവും ലളിതമായ ഉദാഹരണമാണ്. അലക്സ എന്ന് അഭിസംബോധന ചെയ്ത് ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം എക്കോ ഡോട്ട് ഉത്തരം നൽകുന്നു, വീടിനുള്ളിലെ ഇലക്ട്രോണിക് ഉപകരണങ്ങളുമായി എക്കോഡോട്ടിനെ ബന്ധിപ്പിച്ച് അവയുടെ പ്രവർത്തനങ്ങളും അനായാസേന നിയന്ത്രിക്കാനാവും ഏതാണ്ട് മനുഷ്യബുദ്ധിയോട് സാദൃശ്യമുള്ളരീതിയിലാണ് സൈബോർഗുകൾ (Cyborgs) പ്രവർത്തിക്കുന്നത്. കഥകളിലും സിനിമയിലുമെല്ലാമുള്ള സൈബോർഗുകൾ പ്രത്യക്ഷപ്പെടുന്നത് മനുഷ്യരൂപമുള്ള യന്ത്രങ്ങളായിട്ടാണ്. മനുഷ്യബുദ്ധിയും യന്ത്രബുദ്ധിയുമായി സംവദിക്കുന്ന ശരീരത്തിന്റെ സാന്നിദ്ധ്യത്തിലൂടെയും മാധ്യമത്തിന്റെ സാന്നിദ്ധ്യത്തിലുമെല്ലാം ആശയവിനിമയം നടത്തുന്നവരാണ് ഇന്നത്തെമനുഷ്യർ.

**ആശയവിനിമയരീതി**

ഇയാൻ ലാൻകഷയറിന്റെ (Ian Lancashire) 'സൈബർ ടെക്സ്റ്റ്വാലിറ്റിയും ഭാഷാശാസ്ത്രവും' (Cybertextuality and Philology) എന്ന ലേഖനം സൈബർഭാഷാപഠനമേഖലയിൽ ശ്രദ്ധേയമാണ്. തനിക്ക്

സമകാലികരായി സൈബർഭാഷയെയും ആഖ്യാനത്തെയും സംസ്കാരത്തെയുംപറ്റി പഠിച്ചവരുടെ ആശയങ്ങൾ ക്രോഡീകരിച്ചാണ് സൈബർ ഭാഷയുടെ സ്വഭാവവും രീതിയും ഇയാൻ ലാൻകഷയർ വിശകലനം ചെയ്യുന്നത്. അലൻ ലിയു മുന്നോട്ടു വയ്ക്കുന്ന സൈബർപാഠത്തിന്റെ സവിശേഷതകളും കാതറിൻ ഹെയിൽസ് നിരീക്ഷിക്കുന്ന പോസ്റ്റ്ഹ്യൂമന്റെ സവിശേഷതകളും ബെർട്രാൻഡ് ഗെർവെയ്സ് വ്യക്തമാക്കുന്ന ഇലക്ട്രോണിക് പാഠത്തിന്റെ സ്വഭാവവും കരോലിൻ ഗുഹ്ർട്ടിൻ വിലയിരുത്തുന്ന ഡിജിറ്റൽ ആഖ്യാനത്തിന്റെ രീതിയും എസ്പെൻ ആർബെത്ത് സൈബർപാഠങ്ങളെ നിരീക്ഷിക്കുന്ന Ergodic (Path of Energy or Work) എന്ന അർത്ഥവ്യാപ്തിയും യന്ത്രങ്ങളുടെ നിർമ്മിതബുദ്ധി വിനിമയം ചെയ്യുന്ന ആശയവിനിമയരീതികളും വിശകലനം ചെയ്തതിനു ശേഷമാണ് ഇയാൻ ലാൻകഷയർ സൈബർപാഠങ്ങളുടെ ആശയവിനിമയ പ്രക്രിയയെപ്പറ്റി വ്യക്തമാക്കുന്നത്.

ഒരാശയം രൂപീകരിച്ച് അയക്കുന്ന ആളിൽനിന്നും (Sender) ആശയം സ്വീകരിക്കുന്ന വ്യക്തിയിൽ (Receiver) എത്തുന്നത് മനുഷ്യരുടെ സ്വാഭാവിക ബുദ്ധിയുടെയും യന്ത്രങ്ങളുടെ നിർമ്മിതബുദ്ധിയുടെയും സമന്വയിപ്പിച്ചുള്ള പ്രവർത്തനങ്ങളിലൂടെയാണ്. ഈ സവിശേഷമായ അഥവാ കാലികപ്രസക്തമായ ആശയരൂപീകരണ വിനിമയ പ്രക്രിയയിൽ ഹെൻറി ജെൻകിൻസന്റെ നിരീക്ഷണത്തിലെ ഭാഷാസംലയന രീതിയും സംസ്കാര സംലയന സ്വഭാവവുംകൂടി പരിഗണിക്കേണ്ടതാണ്.

സൈബർ പാഠവിനിമയത്തിന്റെ രീതിയെ പഠനത്തിനായി അഞ്ച് ഘട്ടങ്ങളായി പരിഗണിക്കാവുന്നതാണ്. (1) രചയിതാവ്/ അയയ്ക്കുന്ന ആൾ → (2) മാധ്യമം → (3)സൈബർ സ്പെയ്സ് → (4)സ്വീകരിക്കുന്നയാൾ → (5) മാധ്യമം.

ആദ്യംതന്നെ മനസ്സിലാക്കേണ്ട കാര്യം സൈബർഭാഷയ്ക്ക് ബഹുസ്വഭാവമാണുള്ളത്. അതുപോലെ ആശയം രൂപീകരിക്കുമ്പോഴും വിനിമയം ചെയ്യുമ്പോഴും സ്വീകരിക്കുമ്പോഴുമെല്ലാം മാധ്യമം തന്നെയാണ് നിർണായകസ്ഥാനം കൈക്കൊള്ളുന്നത്. വീഡിയോകൾ,

ലൈവായുള്ള അവതരണം, സംഭാഷണം, കീബോർഡിന്റെ സഹായ ത്തോടെ രൂപീകരിക്കുന്ന ഭാഷ, ചിത്രങ്ങൾ, ചിഹ്നങ്ങൾ, സ്റ്റിക്കറുകൾ, അനിമേഷനിലൂടെ രൂപീകരിച്ച ദൃശ്യശബ്ദങ്ങൾ തുടങ്ങി സ്ക്രീനിൽ സാധ്യമാകുന്നതെല്ലാം ഭാഷാവതരണത്തിന്റെ ഭാഗമാണ്. ഓൺലൈ നായി വരുന്ന ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ്സുകൾ, ഗെയിമുകൾ തുട ങ്ങിയവയും നിയതമായ ഭാഷയുടെ പിൻബലമുള്ള ആഖ്യാനങ്ങളാണ്. ഫേയ്സ്ബുക്ക്, വാട്ട്സ്ആപ്പ്, ടിIറ്റർ, മെസഞ്ചർ, ടെലിഗ്രാം തുടങ്ങി യുള്ള നിരവധി ആപ്പുകളും ഓരോ രീതിയിലുള്ള ആശയവിനിമയ രീതികളാണ് നിർവ്വഹിക്കുന്നത്. സൈബർഭാഷയെ കാലികപ്രസക്ത മായ സാംസ്കാരിക ഉൽപ്പന്നമായിക്കൂടി പരിഗണിച്ചുവേണം പഠന വിധേയമാക്കുവാൻ.

**രചയിതാവ്/ അയയ്ക്കുന്ന ആൾ** – സൈബർപാഠം അഥവാ ഭാഷ രൂപീകരിക്കുന്ന ആളുടെ മാധ്യമസംബന്ധമായ ജ്ഞാനം പ്രസക്തമാ ണ്. അയക്കുന്ന അഥവാ രൂപീകരിക്കേണ്ട ആശയത്തെപ്പറ്റി അറിഞ്ഞി രിക്കുന്നതിനൊപ്പം ഈ ആശയം മാധ്യമത്തിന്റെ സഹായത്തോടെ എപ്രകാരം രൂപീകരിച്ചെടുക്കാമെന്നുള്ള അറിവ് വളരെ പ്രധാനമാണ്. മാധ്യമവുമായി ചേർന്നാണ് (സ്മാർട്ട്ഫോൺ/ കംപ്യൂട്ടർ, ടാബ്ലെറ്റ് തുടങ്ങിയ) ആശയം രൂപീകരിക്കുന്നത്. രചയിതാവിന്റെ സ്വാഭാവിക ബുദ്ധിയും മാധ്യമത്തിന്റെ നിർമ്മിതബുദ്ധിയും ആശയരൂപീകരണ ത്തിൽ പ്രസക്തമായി വരുന്നു.

**മാധ്യമം** – മാധ്യമമെന്നു പറയുമ്പോൾ അത് പ്രതിപ്രവർത്തന ക്ഷമ തയുള്ള ഒന്നാണെന്ന് മനസ്സിലാക്കണം. മാധ്യമത്തിലൂടെ ഒരേ സമ യം ആശയം രൂപീകരിച്ച് വിനിമയം ചെയ്യുവാനും ആശയം സ്വീക രിച്ച് വിശകലനം ചെയ്യുവാനും കഴിയും. മാധ്യമത്തിന്റെ സാങ്കേതിക തയിലാണ് ഭാഷയും പാഠവും പൂർണമാകുന്നത്. മാധ്യമത്തിന്റെ സ്ക്രീനിൽ രചയിതാവ് രൂപീകരിക്കുന്ന ഭാഷയും പാഠവും കണ്ട് മന സ്സിലാക്കുവാനുമാവും. പാഠരൂപീകരണത്തിനായി ഒരേ സമയം തന്നെ ചലനാത്മകമായ ദൃശ്യം, ചലനാത്മകമായ ശബ്ദം, ചിത്രം, ചിഹ്നം തുടങ്ങി സ്ക്രീനിന്റെ സാധ്യതകൾക്കനുസരിച്ച് എന്തും രൂപീകരിക്കാ

നാവും. പാഠം പൂർത്തിയാകുന്നതിനനുസരിച്ച് രചയിതാവിന്റെ ആഗ്രഹപ്രകാരം/ നിർദ്ദേശപ്രകാരം മാധ്യമത്തിലൂടെ അയക്കുന്നു/ സെന്റ് ചെയ്യുന്നു.

**സൈബർ സ്പെയിസ്** – ഇന്റർനെറ്റിന്റെ സഹായത്തോടെ രൂപീകരിച്ചെടുത്ത അദൃശ്യമായ ഇടമാണ് സൈബർസ്പെയിസ്. കംപ്യൂട്ടറുകളെ/ മാധ്യമങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതും ഇന്റർനെറ്റ് തന്നെയാണ്. മാധ്യമത്തിലൂടെ അയക്കുന്ന പാഠം അഥവാ ആശയം നിമിഷനേരം കൊണ്ട് സൈബർസ്പെയിസിൽ എത്തുന്നതോടെ അതൊരു ആഗോളവ്യാപനശേഷിയുള്ള ആശയം/ പാഠമാകുന്നു.

**സ്വീകരിക്കുന്ന ആൾ** – സൈബർപാഠത്തിന്റെ സ്വീകർത്താക്കൾ സൈബർ സമൂഹത്തിലെ അംഗമാണ്. സൈബർസമൂഹങ്ങളുടെ കൂട്ടായ്മാസ്വഭാവം വ്യക്തിയുടെ മാധ്യമസാക്ഷരത ആശയരൂപീകരണ സ്വഭാവം സാംസ്കാരിക പശ്ചാത്തലം തുടങ്ങിയവയെല്ലാമായി ബന്ധപ്പെട്ടതാണ്. സൈബർസ്പെയിസിൽ നിന്നുമാണ് മാധ്യമ പിൻബലത്തോടെ പാഠം സ്വീകരിക്കുന്നത്. ഒരു പാഠത്തിൽ നിന്നും ലിങ്കുകളുടെ സഹായത്തോടെ മറ്റ് അനേകം പാഠങ്ങളിലേക്കും സഞ്ചരിച്ചെത്താമെന്നുള്ളത് ആശയസ്വീകരണത്തിന്റെ സാധ്യതയാണ്.

**മാധ്യമം** – ആശയം സ്വീകരിക്കുന്ന മാധ്യമമാണ് ഇവിടെ പ്രസക്തമായി വരുന്നത്. ഓരോ മാധ്യമത്തിനും അതിന്റേതായ നിർമ്മിതബുദ്ധിയുടെ തലമുണ്ട്. ആശയം/ പാഠം സ്വീകരിക്കുന്ന വ്യക്തി/ വ്യക്തികൾ/ സമൂഹം മാധ്യമത്തിന്റെ സ്ക്രീനിലൂടെയാണ് ആശയം കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നത്. മാധ്യമത്തിന്റെ നിർമ്മിതബുദ്ധിയുടെ വ്യാപ്തി മാധ്യമം ഉപയോഗിക്കുന്ന ആളുടെ സാങ്കേതികജ്ഞാനം തുടങ്ങിയവയും ഇവിടെ പ്രസക്തമാണ്. ആശയം സ്വീകരിക്കുന്നതിനൊപ്പം അതിനുള്ള മറുപടി/ പ്രതികരണം അതേ മാധ്യമത്തിലൂടെ തന്നെ നിമിഷനേരം കൊണ്ട് നടത്താനാവുന്നു. ഇങ്ങനെ നടത്തുന്ന ആശയവിനിമയപ്രക്രിയയിൽ സൈബർ സമൂഹത്തിന്റെ ഭാഗമായ ആരെയും ഉൾപ്പെടുത്താമെന്നുള്ളതും ആശയവിനിമയ പ്രക്രിയയുടെ വ്യാപ്തിയാണ് വ്യക്തമാക്കുന്നത്.

സൈബർ കാലഘട്ടം മുന്നോട്ടുവയ്ക്കുന്ന 'വിശ്വഭാഷ'യുടെ വ്യാകരണം മാധ്യമങ്ങളുടെ നിർമ്മിതബുദ്ധിയും ഇന്റർനെറ്റിന്റെ പാഠവ്യാപനശേഷിയും മനുഷ്യരുടെ സ്വാഭാവികബുദ്ധിയുമെല്ലാമായി പരസ്പരബന്ധിതമായിട്ടാണ് നിൽക്കുന്നത്.

**സൈബർഭാഷയുടെയും സംസ്കാരത്തിന്റെയും പ്രാദേശികസ്വഭാവം**

ആഗോള സൈബർഭാഷയ്ക്കും സംസ്കാരത്തിനും ഉള്ളിൽ രൂപപ്പെടുന്ന ചെറുതും വലുതുമായ ആശയവിനിമയരൂപങ്ങൾ ഏറെയാണ്. ഇംഗ്ലീഷ്, ഫ്രഞ്ച്, ചൈനീസ്, ഹിന്ദി, തമിഴ്, മലയാളം തുടങ്ങിയ ഭാഷകളും ഒപ്പം സംസ്കാരാന്തരീക്ഷവും ഇന്റർനെറ്റിലൂടെ സാധ്യമാകുമ്പോൾ അല്ലെങ്കിൽ സൈബർവത്ക്കരണത്തിന് വിധേയമാകുമ്പോൾ 'വിശ്വഭാഷ'യ്ക്കുള്ളിലെ ചെറിയൊരു ആഖ്യാനഖണ്ഡമായിട്ടാണ് നിലനിൽക്കുന്നത്. ആശയവിനിമയ പ്രക്രിയയിലല്ല മറിച്ച് ലിഖിത, ഭാഷണഭേദങ്ങളിലും സാംസ്കാരികചിഹ്നങ്ങളുടെ അവതരണത്തിലുമാണ് വ്യത്യസ്തത പുലർത്തുന്നത്.

ആശയവിനിമയത്തിനായി മലയാളം ഉൾപ്പെടെയുള്ള 'ഭാഷകൾ' വർത്തമാനകാലത്ത് ഉപയോഗിക്കുന്നത് നവമാധ്യമങ്ങളിൽക്കൂടിയാണ്. സൈബർഭാഷ മുന്നോട്ടുവെയ്ക്കുന്ന 'വിശ്വഭാഷ'യുടെ വ്യാകരണഘടനയിലേക്ക് മലയാളം ഉൾപ്പെടെയുള്ള എല്ലാ ഭാഷകളും സഞ്ചരിച്ചെത്തുകയാണ്. ഗൂഗിൾമലയാളം, യാഹുമലയാളം തുടങ്ങിയ ഭേദങ്ങളും മലയാളത്തിലുള്ള ഫേസ്ബുക്ക്, വാട്ട്സ്ആപ്പ്, വിക്കിപീഡിയ തുടങ്ങിയവയുമെല്ലാം സൈബർഭാഷയ്ക്ക്/പാഠത്തിന് ഉള്ളിലെ ആഖ്യാനങ്ങളാണ്. കഥകളി, വള്ളംകളി, തൃശ്ശൂർപ്പൂരം, ഓണത്തോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയതിനുശേഷം വിവിധ ആപ്പുകളിലൂടെ വിനിമയം ചെയ്യുന്നതും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതും കാലഘട്ടത്തിനനുസരിച്ചുള്ള പാഠസൃഷ്ടിയാണ്. ഇവയ്ക്കെല്ലാം മാധ്യമത്തിന്റെയും സൈബർസ്പെയിസിന്റെയും സഹായത്തോടെ ആഗോളാടിസ്ഥാനത്തിൽ ഇടം ലഭിക്കുകയും നിലനിൽക്കുന്ന പാഠമായി പ്രസക്തി ലഭിക്കുകയും ചെയ്യുന്നു. പ്രാദേശികഭാഷകളും സംസ്ക്കാരവുമെല്ലാം മാധ്യമകേന്ദ്രീകൃതമായ വിനി

യോഗത്തിലൂടെ പരിവർത്തനപ്പെട്ട് സൈബർഭാഷയുടെ സാധ്യതകൾ സ്വീകരിച്ച് 'വിശ്വഭാഷ'യുടെ ഭാഗമാകുകയാണ്.

ആഗോളഭാഷകളെ മാധ്യമസഹായത്തോടെ സൈബർ സ്പെയിസിലെത്തിച്ച് പരസ്പരബന്ധിതമായ സംലയനസംസ്ക്കാരത്തിലൂടെ പുതിയൊരസ്തിത്വം നൽകുകയാണ് സൈബർക്കാലം. മാധ്യമത്തിന്റെ സ്വഭാവവും സാങ്കേതികതയുടെ വളർച്ചയും മനുഷ്യനിർമ്മിതബുദ്ധിയുമായി സംവദിക്കുന്നതിന്റെ രീതിയും തോതുമെല്ലാം ക്രമത്തിൽ മാറുന്നതിനനുസരിച്ച് പരിവർത്തനവർത്തനപ്പെടുന്നതിനനുസരിച്ച് സൈബർഭാഷയും സൈബർ ഭാഷാശാസ്ത്രവും മാറ്റത്തിന്/ പരിവർത്തനത്തിന് വിധേയമാണ്.

**ഗ്രന്ഥസൂചി**


1. Castells, Manuel and Donna Haraway, *Cyber culture Therists*, Routledge. London, 2007.

2 Ching-YiTien and Paul C. Talley, *'Think Globally, Act Locally': 'Glocalization' in Taiwanese Higher Education,* Interntional Journal of Business and social science: Vol.2, No.15, 2012.

3. Chomsky, Noam, *Media Control: The Spectacular Achievement of Propaganda*, Seven Stories Press, NewYork, 1997.

4. Craig, Geoffery, *The Media Politics and Public Life,* Allen& Unwin, Australia, 2007.

5. Crystal, David, *Language and the Internet,* Cambridge University Press, Cambridge, 2001.

6 Crystal, David, *Internet Linguistics,* Routledge, London, 2011.

7. Jenkins, Henry, *Convergence Culture*, Where Old and New Media Collide, NewYork University Press, New York, 2006.

8. Galison, C. Peter, *Image And Logic: A Material Culture Micro physics,* University of Chicago, Chicago, 1997.

9. Hayles, Katherine, N, *How We Become Posthuman: Virtual Bodies in Cybernetics, Literature and Information,* University of Chicago, 1999.

10. Hayles, Katherine, N., *Electronic Literature What Is It,* http:eliterature.org/pad/elp.html, 2007.

11. Khondker, Habibual Haque, *Glocalization as Globalzation Evolution of a Sociological Concept*, Bangladeshe Journal of Sociology, Vol. No.2, 2004.

12. Schmidt, Eric and Jared Cohen, *The New Digital Age.* John Murrary Publishers, Great Britain, 2013.

13. Siemens, Ray and Susan Schreibman, *A Companion to Digital Literary Studies*, Wiley- Blackwell, Oxford, 2013.

14. Urbanski, Heather, *Writing and the Digital Generation* McFarland, London, 2010.

# മാധ്യമഭാഷയുടെ രൂപാന്തരീകരണം – ശ്രേണീബദ്ധതയിലെ അർത്ഥസഞ്ചാരങ്ങൾ


**ഡോ. എസ്.ആർ. സഞ്ജീവ്**

**അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ജേർണലിസം, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം**



**സംഗ്രഹം**

കമ്പ്യൂട്ടർ സാങ്കേതികതയിലൂടെ സമൂഹത്തിൽ വ്യാപിച്ച പുതു ആശയവിനിമയ സാധ്യതകൾ പരമ്പരാഗതമാധ്യമഭാഷയെ എങ്ങനെ യൊക്കെ സ്വാധീനിക്കുന്നുവെന്നും അവ വരുത്തിയ രൂപാന്തരീകര ണങ്ങൾ എന്തെല്ലാം ആണെന്നും ചർച്ച ചെയ്യുകയാണ് ഈ പ്രബന്ധ ത്തിൽ. അതോടൊപ്പം സമൂഹമാധ്യമവ്യവഹാരം നിർമ്മിച്ചെടുക്കുന്ന ഭാഷയുടെ നൂതനമായ വിനിമയവിശേഷങ്ങളും അവ നടത്തുന്ന അർത്ഥസഞ്ചാരങ്ങളും വിഷയമാക്കുന്നു.



**താക്കോൽവാക്കുകൾ**

മാധ്യമഭാഷ–ശ്രേണീബദ്ധത–പാഠം–പ്രകരണം–അർഥോല്പാദനം


"നിങ്ങൾ ഒരു മനുഷ്യനോട് അവന് മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കുകയാണെങ്കിൽ അത് അവൻ സ്വീകരിക്കുന്നത് തലച്ചോറു കൊണ്ടായിരിക്കും. എന്നാൽ നിങ്ങൾ അവനോട് സംസാരിക്കുന്നത് അവന്റെ ഭാഷയിലാണെങ്കിൽ അതിനെ വരവേൽക്കുന്നത് അവന്റെ ഹൃദയമായിരിക്കും." – *നെൽസൺ മണ്ടേല*

ഭാഷ സംസ്കാരത്തിന്റെ ഉല്പന്നമാണെന്നാണ് പൊതുവേ വ്യവഹരിക്കപ്പെടുന്നത്. സംസ്കാരം രൂപപ്പെടുന്നത് കാലങ്ങളായി ഒരു പ്രദേശത്തിന്റെ സാമൂഹ്യ, സാമ്പത്തികഘടനയിൽ ഉരുത്തിരിയുന്ന സ്വഭാവവിശേഷങ്ങളിൽ നിന്നും മൂല്യങ്ങളിൽനിന്നും പ്രതികരണങ്ങളിൽ നിന്നും പെരുമാറ്റരീതികളിൽ നിന്നുമാണ്. സംസ്കാരത്തിന്റെ അളവുകോലായി പലപ്പോഴും ഭാഷയെ കണക്കാക്കുന്നവരുമുണ്ട്. ഉപദേശീയതയെ വീണ്ടെടുക്കാൻ ഭാഷയെ സമരായുധമാക്കുന്നതിന്റെ എത്രയോ ഉദാഹരണങ്ങൾ ചരിത്രത്തിലുണ്ട്. ഇ. വി. രാമസ്വാമി നായ്ക്കർ തുടങ്ങിവച്ച തമിഴ്നാട്ടിലെ ദ്രാവിഡമുന്നേറ്റം, മഹാരാഷ്ട്രയിൽ ശിവസേനയുടെ ജനനത്തിനു കാരണമായ സമരം തുടങ്ങിയവ ചിലതു മാത്രം. ഭാഷയുടെ സമൂഹത്തിലെ സർവതലസ്പർശിയായ സ്വാധീനമാണ് മാധ്യമഭാഷയെക്കുറിച്ച് ഇരുത്തിച്ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഘടകം. ബഹുജനസമ്പർക്കമാധ്യമങ്ങളുടെ സമൂഹവ്യവഹാരത്തിലെ ഏറ്റവും പ്രധാന പ്രതലമാണ് ഭാഷ. മാധ്യമസന്ദേശങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം കണക്കിലെടുത്താൽ മാധ്യമഭാഷയുടെ സാമൂഹ്യയിടപെടൽ പഠനവിഷയമാകേണ്ടത് അനിവാര്യമാണെന്നു വരും. ശ്രേണീബദ്ധതയുടെ (നെറ്റ്വർക്കിംഗ്) കാലത്ത് മാധ്യമഭാഷ കേവലമായ അർത്ഥോല്പാദനത്തിൽ നിന്നും ഏറെ മുന്നോട്ട് പോയിരിക്കുന്നു. 'ഇമോട്ടിക്കോണു'കളും 'ഹൈപ്പർ ടെക്സ്റ്റു'കളും അകമ്പടിദൃശ്യങ്ങളും പ്രതികരണങ്ങളും പാഠത്തെ സങ്കീർണ്ണമാക്കുന്ന കാലമാണിത്. ഈ സ്വാധീനം പരമ്പരാഗതമാധ്യമങ്ങളിലും ഏറെക്കുറെ ദൃശ്യമാണ്.

ദൈനംദിനവ്യവഹാരഭാഷയുടെ പ്രത്യേകത അത് അനൗപചാരികമാണെന്നതാണ്. നിത്യവുമുള്ള അനൗപചാരികമായ ഭാഷാപ്രയോഗത്തിന് ആശയവിനിമയത്തിന്റെ ലക്ഷ്യം കൈവരിക്കാൻ സഹായകമായി ശരീരഭാഷയുടേയും ആംഗ്യങ്ങളുടെയും മുഖഭാവങ്ങളുടെയും പിന്തുണയുണ്ട്. അത് പലപ്പോഴും തലച്ചോറിനോടെന്നതിനേക്കാൾ ഹൃദയത്തോട് സംവദിക്കുന്നതാണ്. ആശയത്തിന്റെ വിനിമയത്തിനപ്പുറം അത് പരസ്പരപൂരകമാവുകയാണിവിടെ. എന്നാൽ മാധ്യമഭാഷ പലപ്പോഴും ശൈലീകൃതമാണ്. അത് നിങ്ങൾക്ക്

മനസ്സിലാകുന്ന ഭാഷയാണ്. എന്നാൽ എപ്പോഴും നിങ്ങളുടെ ഭാഷയായിക്കൊള്ളണമെന്നില്ല. മാധ്യമഭാഷയെക്കുറിച്ചുള്ള ചർച്ചയിൽ നെൽസൺ മണ്ടേലയുടെ പ്രസക്തി ഇവിടെയാണ് കടന്നുവരുന്നത്. പരസ്പരപൂരകമായ ആശയവിനിമയത്തിലൂടെ ഭാഷ നിരന്തരം സംസ്കാരത്തെ രൂപപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുന്നു. ഇതിൽ മാധ്യമങ്ങളുടെ സ്ഥാനമെവിടെയാണ്? മാധ്യമങ്ങൾ ബഹുജനങ്ങളോടാണ് വിനിമയം ചെയ്യുന്നത്. വിനിമയം ചെയ്യപ്പെടുന്നത് സാമൂഹ്യപ്രസക്തമായ വിവരങ്ങളാണ്. ഈ പ്രക്രിയയ്ക്ക് ഭാഷകൊണ്ട് പൊതുവായ ചട്ടക്കൂടൊരുക്കുകയാണ് മാധ്യമങ്ങൾ ചെയ്യുന്നത്. അവതരണശൈലിയെക്കാൾ വസ്തുതകൾക്കാണിവിടെ പ്രാധാന്യം. സംഭവങ്ങളുടെ വാങ്മയചിത്രം സാഹിത്യഗുണമുള്ള ആഖ്യാനങ്ങളുടെ പിൻബലത്തോടെ അവതരിപ്പിക്കൽ പലപ്പോഴും ദൈനംദിന വാർത്താവ്യവഹാരത്തിൽ ആവശ്യമുള്ള ഒന്നല്ല. മാത്രമല്ല, പലപ്പോഴും അത് ഏച്ചുകെട്ടൽ ആയി മാറുകയും ചെയ്യാറുണ്ട്. വസ്തുതകളുടെ ബലത്തിലും വിഷയത്തിന്റെ പ്രസക്തിയിലും കാലികപ്രാധാന്യത്തിലും ഊന്നിനിന്നുകൊണ്ടുള്ള ഋജുവായ അവതരണമാണ് പലപ്പോഴും ദൈനംദിന മാധ്യമവ്യവഹാരഭാഷ. അത് സമയബന്ധിതമാണ്.

പണ്ട് മാധ്യമപ്രവർത്തനത്തിലേക്കു വരുന്നവർ പലപ്പോഴും പരാജയപ്പെട്ട, അല്ലെങ്കിൽ വിജയിക്കാൻ കഴിയാതെപോയ സർഗ്ഗാത്മക എഴുത്തുകാരായിരുന്നു. അവരിൽപ്പലരും തങ്ങളുടെ എഴുത്തിന്റെ അഭിരുചി പ്രദർശിപ്പിച്ചത് ഫീച്ചർ എഴുത്തുകളിലായിരുന്നു. ദിവസേനയുള്ള റിപ്പോർട്ടിംഗിൽ നിറമുള്ള, ഭാവനയുള്ള ഭാഷയുടെ പ്രയോഗത്തെ വസ്തുതകളെ ലഘൂകരിക്കുന്നതിനു തുല്യമായാണ് പഴയകാല എഡിറ്റർമാർ കണ്ടത്. അവർ അത്തരം കോപ്പികൾ നിർദ്ദാക്ഷിണ്യം വെട്ടിനിരത്തിയിരുന്നു. മാധ്യമപ്രവർത്തനത്തിൽ അവർ കണ്ടെത്തിയ സർഗ്ഗാത്മകത പുതിയ വിവരങ്ങൾ, മറ്റാരും കാണാത്ത 'ആംഗിൾ', പുതിയ 'ന്യൂസ് പെഗ്' തുടങ്ങിയവയിലായിരുന്നു. അവിടെ ഭാഷ എപ്പോഴും രണ്ടാംസ്ഥാനത്തു മാത്രമേ നിലനിന്നുള്ളൂ. ഡിജിറ്റൽ മീഡിയയുടെ കാലത്ത് മാധ്യമഭാഷയോടുള്ള സമീപനവും അതിന്റെ

പ്രയോഗവും പാടേ മാറിയിരിക്കുന്നു. മാധ്യമത്തിന്റെ സ്വഭാവം ഭാഷാ പ്രയോഗത്തെ ഭ്രമാത്മകമായ തലങ്ങളിലെത്തിച്ചിരിക്കുന്നു.

**അച്ചടിമാധ്യമം: ശൈലിയുടെ പരിമിതികൾ**

അച്ചടിച്ചവാക്കിന് പലപ്പോഴും ദിവ്യത്വം കല്പിക്കാറുണ്ട്. പത്ര വാർത്തകളാണ് ഒരുപരിധിവരെ ചരിത്രത്തിന്റെ ആദ്യകൈയെഴുത്തുപ്രതി. അവയെ ആധികാരികചരിത്രരേഖകളായി പലപ്പോഴും പരിഗണിക്കാറില്ല. വർത്തമാനപ്പത്രങ്ങളിലെ 'ഹാർഡ് ന്യൂസ്' സംഭവങ്ങളുടെ നിർവികാരമായ അവതരണമാണെങ്കിലും അവയിൽ പലപ്പോഴും പക്ഷപാതിത്വം ആരോപിക്കപ്പെടാറുണ്ട്. എങ്കിലും അച്ചടിക്ക് സ്ഥിരത എന്ന ഗുണമുണ്ട്. അച്ചടിമാധ്യമം ഉപയോഗിക്കുന്നവർ അതിനായി പ്രത്യേക സമയം ചെലവഴിക്കുന്നു. മനസ്സിനെ സജ്ജമാക്കുന്നു. അതുകൊണ്ടുതന്നെ വർത്തമാനപ്പത്രങ്ങളുടെ സംഭവകഥനം മനസ്സിൽ പുനരാഖ്യാനം ചെയ്യാൻ വായനക്കാർ സന്നദ്ധരാണ്. അവ വസ്തുതകളുടെ ചിട്ടയായ അടുക്കിവയ്ക്കലാണ്. വസ്തുതാവതരണം എന്ന ഒറ്റലക്ഷ്യം മാത്രമാകുമ്പോൾ അച്ചടിമാധ്യമത്തിലെ ഭാഷ അങ്ങേയറ്റം ശൈലീകൃതമാകുന്നു. അത് കേവലം വാർത്തയെന്തെന്ന് നിർണ്ണയിക്കുന്ന ചോദ്യങ്ങളുടെ യാന്ത്രികമായ ഉത്തരം പറച്ചിലാണ്. അവതരിപ്പിക്കപ്പെടുന്ന വിഷയവും വസ്തുതകളും വായനക്കാരന് താല്പര്യമില്ലാത്തതാണെങ്കിൽ അവിടെ ഭാഷയ്ക്ക് പ്രത്യേകമായി ഒന്നും ചെയ്യാനില്ല. പക്ഷേ സംഭവങ്ങൾ വാർത്തയെഴുത്തിന്റെ ഭാഷയെ നിയന്ത്രിക്കാറുണ്ട്. ചോദ്യങ്ങളിൽ ഏതു ചോദ്യത്തിനാണ് ഊന്നൽ എന്നതും ഭാഷയെ മാറ്റിമറിക്കാറുണ്ട്. ജീവിതഗന്ധിയായ വിഷയങ്ങൾ വരുമ്പോൾ വാർത്തയുടെ ഭാഷ സ്വാഭാവികമായിത്തന്നെ വികാരപരമാകാറുണ്ട്. ചുരുക്കത്തിൽ വാർത്തയുടെ സ്വഭാവം പുതിയ എഴുത്തുരീതികളെ സ്വീകരിക്കുന്നതായാണ് കണ്ടുവരാറുള്ളത്. ഫീച്ചറെഴുത്തിൽ പലപ്പോഴും എങ്ങനെ, എന്തുകൊണ്ട് എന്ന ചോദ്യങ്ങൾ കൂടുതൽ മിഴിവോടെ പുറത്തേക്കു വരുന്നതായി കാണാം. ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ പലപ്പോഴും ഐകകണ്ഠ്യേനയുള്ളതാവില്ല. അവിടെ വാർത്തയെഴുത്തുകാരന്റെ നിരീക്ഷണപാടവത്തിനും അനുഭവത്തിനും നിഗമന

ത്തിനും സ്ഥാനമേറെയാണ്. വൈയക്തികത കടന്നുവരുന്ന ഇത്തരം സന്ദർഭങ്ങളിൽ അച്ചടിമാധ്യമത്തിലെ എഴുത്തുഭാഷ സ്വയം പുതുജീവൻ കൈവരിക്കുന്നതായി കാണാം. ഇതരമാധ്യമങ്ങളുടെ സ്വാധീനം ഇന്നത്തെ അച്ചടിമാധ്യമത്തിൽ വാർത്തയെഴുത്തിന്റെ ശൈലി ഈ തരത്തിൽ രൂപാന്തരപ്പെടുന്നതാണ്. ദീർഘസംഭാഷണങ്ങളും ദീർഘലേഖനങ്ങളും അലങ്കാരബദ്ധമായ ഹാർഡ് ന്യൂസ് റിപ്പോർട്ടിംഗും ഇന്നത്തെ അച്ചടിമാധ്യമത്തിന് അന്യമല്ല.

## ദൃശ്യമാധ്യമങ്ങളുടെ ദൃശ്യതാരാഹിത്യം

ടെലിവിഷനിലെ ഭാഷാപ്രയോഗം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. വ്യാകരണബദ്ധമായ ശുദ്ധമലയാളം ടെലിവിഷൻ ആഖ്യാനങ്ങളിൽ നിന്ന് അകന്നു പോയെന്നാണ് വലിയ പരാതി. പക്ഷേ ഇവിടെ സ്പർശിക്കാതെ പോകുന്ന പ്രധാനവിഷയം ടെലിവിഷന്റെ ദൃശ്യത് എന്ന പ്രത്യേകതയാണ്. ദൃശ്യമാധ്യമത്തിൽ ദൃശ്യത്തിനു തന്നെയാണ് പ്രാധാന്യം. ബാഹ്യഇടപെടലില്ലാത്ത സ്വതന്ത്രമായ ആഖ്യാനമാണ് ദൃശ്യങ്ങൾ നൽകുന്നത്. വ്യാകരണബദ്ധമായ ദൃശ്യഭാഷയിലെ പ്രാഗത്ഭ്യം ടെലിവിഷൻ ജേർണലിസത്തിന് അനിവാര്യമാണ്. ശക്തമല്ലെങ്കിൽ വളരെപ്പെട്ടെന്ന് മാഞ്ഞുപോകുന്നതെന്ന പരിമിതി ടെലിവിഷൻ ദൃശ്യങ്ങൾക്കുണ്ട്. അതുകൊണ്ടുതന്നെ ശക്തമായദൃശ്യങ്ങൾ തേടലാണ് ടെലിവിഷൻ പ്രവർത്തകർ ചെയ്യുന്നത്, അല്ലെങ്കിൽ ചെയ്യേണ്ടത്. പക്ഷേ ഇന്ത്യൻ ടെലിവിഷൻ, മാധ്യമരൂപമെന്ന നിലയ്ക്ക് ടെലിവിഷനുള്ള ശക്തി മറന്നു പോവുകയും അത് സംസാരിക്കുന്ന തലകളുടെ ഒരു പെട്ടി മാത്രമായി ചുരുക്കുകയും ചെയ്തതോടെ ടെലിവിഷൻ മാധ്യമവ്യവഹാരത്തിൽ സംസാരഭാഷയുടെ പ്രയോഗവും പ്രയോഗവൈകല്യവും മാത്രമാണ് ചർച്ച ചെയ്യപ്പെടുന്നത്. ദൃശ്യത എന്ന ഗുണം പരിഗണിക്കാതെ ടെലിവിഷൻ ഭാഷയെ വിശദീകരിക്കാനാവില്ല. ദൃശ്യങ്ങൾ – അവ യഥാർത്ഥമാണ്– നിശ്ചിത ചട്ടക്കൂടിൽ അടുക്കിവെയ്ക്കുമ്പോൾ അവ സ്വയം പറയുന്ന കഥയിൽ വിട്ടുപോയഭാഗം പൂരിപ്പിക്കൽ മാത്രമാണ് എഴുത്തുഭാഷയ്ക്ക് നിർവഹിക്കാനുള്ള കടമ. ദൃശ്യകഥയെ അലോസരപ്പെടുത്താതെ ഭാഷ ദൃശ്യങ്ങളുടെ വിനിമയശേ

ഷിയെ ശതഗുണീഭവിപ്പിക്കുന്നു. അവിടെ തെരഞ്ഞെടുക്കുന്ന വാക്കുകൾക്ക് അങ്ങേയറ്റം ഔചിത്യം വേണം. അവ പ്രഹരശേഷി ഉള്ളതാവണം. ഇനി ടെലിവിഷനിലെ അവതരണഭാഷയുടെ കാര്യമെടുക്കാം. ശൈലീകൃതമായ അച്ചടിമാധ്യമഭാഷ വായിക്കുന്നതാവണം ടെലിവിഷൻ ദൃശ്യഭാഷ എന്ന പഴയ സങ്കല്പത്തിൽനിന്നാണ് ടെലിവിഷൻ ഭാഷയിലെ വൈകല്യങ്ങളുടെ കുത്തൊഴുക്കിന്റെ പട്ടിക പുറത്തേക്കു വരുന്നത്. ഇവിടെ മനസ്സിലാക്കേണ്ടത് വീടകത്തിന്റെ സ്വകാര്യതയിൽ ടെലിവിഷൻ വാർത്ത കാണുന്ന പ്രേക്ഷകരോട് വാർത്താവതാരകർ നടത്തുന്ന നേരിട്ടുള്ള വിനിമയത്തിലൂടെയാണ് വാർത്തയുടെ റിപ്പോർട്ടിംഗ് നടക്കുന്നത് എന്ന കാര്യമാണ്. അവതാരകരുടെ നേരിട്ടുള്ള സാന്നിധ്യം വാക്കുകൾ കൊണ്ടുള്ള വിനിമയം മാത്രമല്ല സാധ്യമാക്കുന്നത്. അംഗചലനം, മുഖഭാവം എന്നു വേണ്ട, ശരീരഭാഷയുടെ സാധ്യതകൾകൂടി വാർത്താവതാരകർ ഈ വിനിമയത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. അതുകൊണ്ടുതന്നെ അത് ഏറെക്കുറെ അനൗപചാരികമാകുന്നു. അനൗപചാരികമായ വിനിമയഭാഷ കൂടുതൽ സംവേദനക്ഷമമാണെന്നാണ് (നേരത്തെ പറഞ്ഞ) മണ്ഡേലയുടെ ഉദ്ധരണിയിൽ നിന്ന് അനുമാനിക്കാവുന്നത്. എന്നിരുന്നാലും അത് തീർത്തും പ്രാദേശികമായ സംസാരശൈലി സ്വീകരിക്കണമെന്നല്ല. ഒരു പ്രദേശത്തിന് മുഴുവൻ സ്വീകാര്യമായ, കൃത്രിമമല്ലാത്ത, അനൗപചാരികമായ ഭാഷാചട്ടക്കൂട് ടെലിവിഷൻ നിർമ്മിച്ചെടുക്കേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ തുടർന്നു വരികയാണ്.

റേഡിയോ ഇവിടെ വിശദപഠനത്തിന് വിധേയമാക്കുന്നില്ല. 'ആകാശവാണി'യിൽ കേട്ടുപരിചയിച്ച റേഡിയോ വാർത്ത അങ്ങേയറ്റം ശൈലീബദ്ധമാണ്. അത് അച്ചടിയുടെ ശ്രാവ്യ ആവിഷ്കാരം മാത്രമാണ്. ഉറ്റമിത്രത്തിന്റെ സ്ഥാനമാണ് മാധ്യമരൂപമെന്ന നിലയ്ക്ക് റേഡിയോക്കുള്ളത്. ആ സാധ്യത ചൂഷണം ചെയ്യാൻ റേഡിയോ യിലെ ഭാഷാ പ്രയോഗത്തിൽ ഇനിയും പരീക്ഷണങ്ങൾ ഏറെ വേണം. പരമ്പരാഗതമാധ്യമങ്ങളിലെ ഇത്തരം ഭാഷാപ്രയോഗരീതികൾ പശ്ചാത്തലമാക്കി ഡിജിറ്റൽ മീഡിയ എങ്ങനെ മാധ്യമഭാഷയെയും വ്യവഹാരത്തെയും മാറ്റി വരച്ചുവെന്നതാണ് അടുത്ത പ്രശ്നം.

**സമൂഹമാധ്യമം: സംവാദം ഹൃദയത്തോട്**

ഫേസ്ബുക്കിൽ ജനസംഖ്യാവിസ്ഫോടനം സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു. വാട്സ് ആപ്പിനെ ഫേസ് ബുക്ക് വിഴുങ്ങിക്കഴിഞ്ഞു. തഗ്ഗുകൾ നിറയൊഴിക്കുമ്പോൾ പ്രതികരണം ട്വീറ്റുകൾ കൊണ്ടെന്ന മുദ്രാവാക്യം ജനാധിപത്യപ്രക്ഷോഭങ്ങൾക്ക് പുതിയ കരുത്തു നൽകി. ആനുകാലിക രാഷ്ട്രീയത്തിൽ പൊതുജനാഭിപ്രായരൂപീകരണത്തിലും തുടർന്നുള്ള പൊതുമുന്നേറ്റങ്ങളിലും സമൂഹമാധ്യമങ്ങൾ വിപ്ലവകരമായ ഇടപെട ലുകളാണ് നടത്തുന്നത്. പരമ്പരാഗതമാധ്യമങ്ങൾക്ക് പലപ്പോഴും കാലാളിന്റെ ധർമ്മമേയുള്ളൂ. സമൂഹമാധ്യമത്തിന്റെ ഈ മുന്നേറ്റത്തിന് കാരണമെന്തെന്നറിയണമെങ്കിൽ അവയുടെ സംവേദനസ്വഭാവം കൃത്യമായി മനസ്സിലാക്കേണ്ടതുണ്ട്.

അച്ചടി, ദൃശ്യ, ശ്രാവ്യമാധ്യമങ്ങളുടെ സംഗമമാണ് സമൂഹമാധ്യ മങ്ങളിൽ നടക്കുന്നത്. സമൂഹമാധ്യമ ഉപഭോഗത്തിന്റെ പ്രധാന ഉപകരണം ഇന്ന് സ്മാർട് ഫോണുകളായി മാറിക്കഴിഞ്ഞു. സ്മാർട് ഫോണുകൾ നമ്മുടെ സന്തതസഹചാരികളാണ്. വ്യക്തിപരവും സാമൂഹ്യപരവുമായി നാം മാധ്യമങ്ങളോട് ഇടപെടുന്നതിൽ സമയം പ്രതിബന്ധമല്ലാതായിക്കഴിഞ്ഞു. “What is in your mind?” എന്നാണ് ഫേസ് ബുക്ക് ചോദിച്ചുകൊണ്ടിരുന്നത്. ആ ചോദ്യത്തിലുള്ള അധിനി വേശസ്വഭാവം ഫേസ് ബുക്കിനെ മാറിച്ചിന്തിക്കാൻ പ്രേരിപ്പിച്ചു. ഇപ്പോ ഴവർ “എന്തെങ്കിലും എഴുതൂ” എന്നാണ് വരിക്കാരോട് ആവശ്യപ്പെടു ന്നത്. എന്തെങ്കിലും എഴുതിയാൽ മതി. എഴുതണമെന്നേയുള്ളൂ. കാരണം എന്തും ഫേസ്ബുക്കിന് ഡേറ്റയാണ്. അവ പുനരുപയോഗി ക്കാനുള്ളതാണ്. ശരവേഗമുള്ള മനുഷ്യചിന്തയെ അനുനിമിഷം രേഖപ്പെടുത്താനുള്ള വഴിയാണ് ഇതു വഴി തുറക്കുന്നത്.ഈ രേഖ പ്പെടുത്തലിന് സമൂഹമാധ്യമം പ്രത്യേക ഭാഷയോ ശൈലിയോ ആവ ശ്യപ്പെടുന്നില്ല. നിങ്ങളുടെ ഭാഷ നിങ്ങൾക്ക് രൂപപ്പെടുത്താം. ഇത്തരം ഘട്ടങ്ങളിൽ പലപ്പോഴും തലച്ചോറുകൊണ്ടല്ല ഭാഷ രൂപപ്പെടുന്നത്. നിങ്ങളുടെ ചിന്തകൾ രേഖപ്പെടുത്താനുള്ള വെപ്രാളത്തിൽ ഹൃദയ മാണ് വാക്കുകൾ സൃഷ്ടിക്കുന്നത്. നിങ്ങളുടെ മനസ്സാണ് ഫേസ് ബുക്ക് പകുത്തു വാങ്ങുന്നത്. ഇവിടെ ഭാഷ പലപ്പോഴും അനൗപചാരികവും

നേരിട്ടുള്ള സംഭാഷണത്തിന്റെ സത്യസന്ധത ധ്വനിപ്പിക്കുന്നതുമാണ്. നേരത്തെ പറഞ്ഞ ശൈലീബദ്ധമായ അച്ചടിമാധ്യമച്ചിട്ടയെ മറികടക്കുന്ന, കൂടുതൽ സംവേദനക്ഷമമായ ഭാഷയാണ് സമൂഹമാധ്യമം ഇവിടെ നിങ്ങളിൽ നിന്ന് പുറത്തെടുക്കുന്നത്. മാത്രമല്ല, ഇവിടെ മാധ്യമ ഭാഷയുടെ സ്രഷ്ടാവ് നിങ്ങളാണ്. നിങ്ങൾ ഒരേസമയം മാധ്യമ പ്രവർത്തകനും മാധ്യമ ഉപഭോക്താവുമാകുന്നു. അതും സർവ്വതന്ത്ര സ്വതന്ത്രമായ ഒരു മാധ്യമത്തിന്റെ റിപ്പോർട്ടർ. സ്വന്തം രചനയോട് തോന്നുന്ന വികാരപരമായ അടുപ്പം നിങ്ങളുടെ 'പോസ്റ്റു'കളെ നിങ്ങൾക്ക് കൂടുതൽ പ്രിയപ്പെട്ടതാക്കുന്നു. നിങ്ങളതിലേക്ക് തിരിച്ചു പൊയ്ക്കോണ്ടേയിരിക്കും. നിങ്ങൾ സ്വയം എഡിറ്റർമാരായി മാറുന്നു. രണ്ടാം ഘട്ടത്തിൽ നിങ്ങളെ എഡിറ്റ് ചെയ്യുന്നത് മാധ്യമഘടനയിലെ / ശ്രേണിയിലെ ഏറ്റവും താഴെത്തട്ടിലുള്ള നിങ്ങളുടെ വായനക്കാരാണ്. അത് കുറേക്കൂടി നിശിതമാണ്. ചുരുക്കത്തിൽ വായനക്കാരനും ജേണലിസ്റ്റിനുമിടയിൽ ആരുമില്ലാതെ പരസ്പരം വിനിമയം നടക്കുന്നുവെന്ന മാധ്യമജനാധിപത്യത്തിന്റെ മായക്കാഴ്ചയാണ് ഇവിടെ രൂപപ്പെടുന്നത്.

## സമൂഹമാധ്യമവും ഭാഷയും - അനൗപചാരികത എത്രത്തോളം?

വിനിമയത്തിലെ അനൗപചാരികത ഉത്സവമാക്കാൻ സമൂഹമാധ്യമങ്ങൾക്ക് നിരവധി സങ്കേതങ്ങളുണ്ട്. 'ഇമോട്ടിക്കോൺസ്' അതിലൊന്നാണ്. മനുഷ്യന്റെ വികാരവിചാരങ്ങളെ ചിരിയുടെയും കരച്ചിലിന്റെയും ദേഷ്യത്തിന്റെയും അവജ്ഞയുടേയും ചിഹ്നരൂപങ്ങളിലേക്ക് പരിവർത്തനപ്പെടുത്തൽ. ഇത് ഒരേ സമയം സാധ്യതയും പരിമിതിയുമാണ്. ഒന്ന് വാചികമായ ആഖ്യാനങ്ങളുടെ അളവ് കുറയുന്നു. രണ്ട് വികാരവിചാരങ്ങളുടെ വ്യാജനിർമ്മിതിയ്ക്ക് വഴിയൊരുക്കുന്നു. കരഞ്ഞുകൊണ്ട് ചിരിക്കാനും പുച്ഛിച്ചുകൊണ്ട് പ്രശംസിക്കാനുമുള്ള വിദ്യയായി 'ഇമോട്ടിക്കോണു'കൾ മാറുന്നു. അത് ഭാഷയെ ചിലപ്പോഴൊക്കെ ഏച്ചുകെട്ടലായി ചുരുക്കിക്കളയാറുമുണ്ട്. മനസ്സിനെ പാകപ്പെടുത്തി ജാഗ്രത്തായി വികാരപരമല്ലാതെ പറയേണ്ട കാര്യങ്ങൾ വ്യക്തമായ ഭാഷയിൽ അവതരിപ്പിച്ചിരുന്ന സംവേദനസമ്പ്രദായത്തെ സമൂഹ

മാധ്യമങ്ങൾ പലപ്പോഴും വൈകാരികതയുടെ പൊട്ടിത്തെറിക്കലും ആലോചനയില്ലാത്ത കോറിവരയ്ക്കലുകളും മാത്രമാക്കി ലഘൂകരിച്ചു എന്നും വിമർശിക്കാം. പക്ഷേ 'ഇമോട്ടിക്കോണു'കളുടെ പിന്തുണ യോടെയും അല്ലാതെയും സമൂഹമാധ്യമം അനൗപചാരികമായി വിപുലമായ സംവേദനശൃംഖലയ്ക്ക് തുടക്കമിടുകയാണ് ചെയ്യുന്നത്. പലപ്പോഴുമത് ഗൗരവമേറിയ ചിന്തകൾക്ക് വഴിയൊരുക്കാറുമുണ്ട്.

## പാഠം, പ്രകരണം, അതിപാഠം (ടെക്സ്റ്റ്, കോണ്ടെക്സ്റ്റ്, ഹൈപ്പർ ടെക്സ്റ്റ്), അന്യോന്യം (ഇന്ററാക്ടിവിറ്റി)

ഇവിടെയാണ് സമൂഹമാധ്യമത്തിന്റെ ഹൈപ്പർ ടെക്സ്റ്റ്വാലിറ്റി എന്ന പ്രത്യേകത പരിഗണിക്കപ്പെടേണ്ടത്. ഒരു പാഠത്തിലെ തെര ഞ്ഞെടുത്ത പദത്തിൽനിന്ന് കൂടുതൽ വിശദീകരണംനൽകുന്ന മറ്റൊരു പാഠത്തിലേക്ക് ഡിജിറ്റൽ ലിങ്ക് സ്ഥാപിച്ചെടുക്കുന്ന പ്രത്യേകതയാണ് ഹൈപ്പർ ടെക്സ്റ്റ്വാലിറ്റി. പാഠം (text) പ്രസക്തമാകുന്നത് പ്രകരണം അഥവാ സന്ദർഭ (context)ത്തിലാണ്. സാന്ദർഭികമല്ലാത്ത പാഠങ്ങൾ മാധ്യമവ്യവഹാരത്തിൽ അപ്രസക്തമാണ്. സമൂഹമാധ്യമങ്ങൾ പക്ഷേ സന്ദർഭത്തെ അപ്രസക്തമാക്കുന്നു. മറ്റൊരു വിധത്തിൽപ്പറഞ്ഞാൽ പുതിയ സന്ദർഭങ്ങൾ സൃഷ്ടിച്ചെടുക്കുന്നു. പരമ്പരാഗതമാധ്യമത്തിൽ കോണ്ടെക്സ്റ്റ് സൃഷ്ടിക്കുന്ന പരിമിതി അതിലംഘിക്കുന്ന സമൂഹ മാധ്യമം പലപ്പോഴും ടെക്സ്റ്റിന്റെ രേഖീയമായ സംവേദനരീതിയെയും മാറ്റി മറിക്കുന്നുണ്ട്. ആദിമധ്യാന്തങ്ങൾ വ്യക്തമായി നിർവചിക്കപ്പെട്ട പാഠങ്ങൾ സമൂഹമാധ്യമത്തിൽ കാണാനാവില്ല. അത് 'ഹൈപ്പർലിങ്കു' കളിലൂടെ ചാക്രികഗമനത്തിലാണ്. ആമുഖപാഠം നേരത്തെ സൂചിപ്പിച്ച അനൗപചാരിക സ്വഭാവത്തിലുള്ളതായിരിക്കും. അത് വിപുലമായ സംവേദനശൃംഖലയുടെ ആദ്യകണ്ണിയായി മാറുകയാണ് പതിവ്. പിന്നീടുള്ള സബ് ടെക്സ്റ്റുകളിലൂടെ ഗഹനമായ വിഷയങ്ങളിലേക്ക് വാതിൽ തുറക്കുകയായി. പക്ഷേ ഹൈപ്പർ ലിങ്കുകളുടെ ബാഹുല്യം ആദ്യപാഠത്തെ സങ്കീർണ്ണമാക്കുമെന്ന പരിമിതിയും നിലനിൽക്കുന്നു ണ്ട്.

സമൂഹമാധ്യമങ്ങളിലെ ഭാഷാരീതി നിർണ്ണയിക്കുന്ന മറ്റൊരു പ്രധാനഘടകമാണ് അന്യോന്യമുള്ള കൊടുക്കൽ വാങ്ങലുകൾ –

ഇന്ററാക്ടിവിറ്റി. താനയക്കുന്ന സന്ദേശം മറ്റൊരാൾ കണ്ടുവെന്നു മാത്രമല്ല സമൂഹമാധ്യമം നമ്മോട് പറയുന്നത്. അത് ലൈക്ക് ചെയ്തു വെന്നാണ്. ഇഷ്ടപ്പെട്ടുവെന്ന ഈ പ്രതികരണം അയാളിൽ ഉളവാക്കുന്ന സംതൃപ്തി ചെറുതല്ല. താൻ അയയ്ക്കുന്ന സന്ദേശത്തെ കൂടുതൽ സംവേദനക്ഷമമാക്കാനുള്ള പ്രേരണ നൽകുന്ന ഒന്നാണത്. വാർത്താ വതരണം, അവയുടെ നിർവികാരമായ ഉപഭോഗം എന്നിവയ്ക്കപ്പുറം സമൂഹമാധ്യമം സന്ദേശത്തെ വളരെ ജൈവികമാക്കുന്നു; വ്യക്തിപര മാക്കുന്നു. ഹേബർമാസിന്റെ 'പൊതുമണ്ഡല'ത്തെ കൂടുതൽ വിസ്തൃതമാക്കുന്നു. അത് 'മുല്ലപ്പൂവസന്തം' വിളിച്ചുവരുത്തുന്നു. ജനാ ധിപത്യത്തെ ശക്തിപ്പെടുത്തുന്നു. പക്ഷേ അവഗണിക്കാൻകഴിയാത്ത മറ്റുചില കാര്യങ്ങൾകൂടിയുണ്ട്.

**സമൂഹമാധ്യമവും പൊതുമണ്ഡലവും**

മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പൊതുമണ്ഡലം പൊതുജനാഭിപ്രായ രൂപീകരണത്തിന്റെ ഇടങ്ങളാണ്. യുക്തിസഹമായ ആശയകൈമാറ്റ ങ്ങളാണ് പൊതുമണ്ഡലത്തെ അർത്ഥപൂർണ്ണമാക്കുന്നത്. എന്നാൽ സമൂഹമാധ്യമങ്ങളിൽ യുക്തിസഹം അല്ലെങ്കിൽ rationality എന്ന വാക്കിന് എത്രമാത്രം പ്രസക്തിയുണ്ടെന്ന കാര്യം ചിന്താവിഷയമാണ്. നൈമിഷികമായ വികാരപ്രകടനങ്ങൾ യുക്തിസഹമായ പ്രതികരണ ങ്ങളെ ഇല്ലാതാക്കുന്നു. അതുകൊണ്ടാണ് വർഗ്ഗീയസംഘർഷങ്ങളെ ഭയന്ന് സമൂഹമാധ്യമങ്ങളെ നിരോധിക്കേണ്ടി വരുന്നത്.

ഒരു കാര്യം തറപ്പിച്ചു പറയാം – സമൂഹമാധ്യമങ്ങളുടെ ഭാഷയും ഘടനയും പരമ്പരാഗത മാധ്യമഭാഷയെ ശക്തമായ രീതിയിൽ സ്വാധീ നിക്കാൻ തുടങ്ങിയിരിക്കുന്നു. അച്ചടിമാധ്യമം 'ദീർഘപാഠം' അഥവാ 'ലോംഗ് ഫോം' ആഖ്യാനത്തിന്റെയും വൈയക്തികതയുടെയും ദൃശ്യ തയുടെയും സാധ്യതകൾ തേടുകയാണ്. ദൃശ്യമാധ്യമങ്ങൾ ദൃശ്യഭാഷ യേയും ശരീരഭാഷയേയും പിന്തുടർന്ന് പുതിയ സംവേദനതലങ്ങൾ തേടുകയാണ്. ഇവ രണ്ടും ഡിജിറ്റൽ മാധ്യമങ്ങളുടെ കേന്ദ്രസ്ഥാനത്ത് സ്വയം പ്രതിഷ്ഠിക്കാൻ ശ്രമിക്കുകയാണ്. വാർത്തയുടെ അവതാരകർ എന്ന നിലയിൽ നിന്ന് വാർത്തയുടെ ഉറവിടമാവാൻ ശ്രമം നടത്തിക്കൊ

ണ്ടിരിക്കുകയാണ്. ഡിജിറ്റൽ ലോകത്തെ ആശയവിനിമയം സാമൂഹ്യ. രാഷ്ട്രീയ ബന്ധങ്ങളെ പൊളിച്ചെഴുതിക്കൊണ്ടിരിക്കുകയാണ്. സമൂഹ മാധ്യമ മാധ്യമ - ഉപഭോക്താക്കൾ അവയെ സ്വജീവിതത്തിലേക്ക് എത്ര മാത്രം സ്വീകരിക്കുമെന്നതിനെ ആശ്രയിച്ചായിരിക്കും ഭാവിരാഷ്ട്രീയവും സമൂഹ്യജീവിതവും രൂപപ്പെടുക.

**ഗ്രന്ഥസൂചി**

1. Crispin Thurlow and Kristine Mroczek, Digital Discourse - Language in the New Media, Oxford University Press, London, 2011

2. Dennis McQuail, Journalism and Society, Sage London, 2013.

# ആദത്തപദസങ്കൽപ്പം 'ലീലാതിലക'ത്തിൽ

**ഡോ. വിധു നാരായൺ**

**അസിസ്റ്റന്റ് പ്രൊഫസർ**

**മലയാളവിഭാഗം, യു.സി. കോളേജ്, ആലുവ**

**സംഗ്രഹം**

എല്ലാ ഭാഷകളും മറ്റു ഭാഷകളിൽ നിന്ന് പദങ്ങൾ സ്വീകരിക്കാറുണ്ട്. വാക്കുകളെ അതേപടിയും മാറ്റങ്ങളോടെയും കടംകൊള്ളാറുണ്ട്. ഇതരഭാഷകളിൽനിന്നു കേരളഭാഷയിൽ വന്ന പദങ്ങളെ 'ലീലാതിലകം' എങ്ങനെ വിലയിരുത്തുന്നു എന്ന അന്വേഷണത്തിലൂടെ ലീലാതിലകകാരന്റെ ഭാഷാദർശനത്തെ വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഈ പ്രബന്ധത്തിൽ. ഒപ്പം 'ലീലാതിലക'ത്തിലെ ഭാഷയെക്കുറിച്ച് രചിക്കപ്പെട്ട തിരഞ്ഞെടുത്ത പൂർവപഠനങ്ങളിലെ ചില നിരീക്ഷണങ്ങളെയും വിലയിരുത്തുന്നു.

**താക്കോൽവാക്കുകൾ**

ആദത്തപദം - സ്വതന്ത്രാഗതപദം - സജാതഭാഷ - ദേശീപദങ്ങൾ - തദ്ഭവം - തത്സമം - ശുദ്ധം - സംസ്കൃതരൂപം - സംസ്കൃതഭവം - ഭാഷാസങ്കൽപ്പം - ഭാഷ - കേരളഭാഷ - മണിപ്രവാളം.

**ആദത്തപദം**

ഇംഗ്ലിഷിലെ ലോൺ വേഡ് (Loan Word) എന്ന പദത്തിനു സമാനമായി മലയാളത്തിൽ ഒന്നിലധികം പദങ്ങൾ ഉപയോഗിക്കുന്നുണ്ട്.

പരകീയപദം, കടംകൊണ്ടപദം, വായ്പാപദം, സ്വതന്ത്രാഗതപദം, ആദത്തപദം തുടങ്ങിയവ ഉദാഹരണങ്ങൾ. ഇവയിൽ പരകീയപദം എന്നത് മറ്റൊരു ഭാഷയിൽ നിന്നു വന്നത് എന്ന അർത്ഥം നൽകുന്നു. 'ലീലാതിലക'ത്തിലെ രണ്ടാം ശിൽപ്പത്തിൽ തമിഴ്, കന്നഡ, തുടങ്ങിയ സജാത (Cognate) ഭാഷകളിൽ നിന്നു വന്ന പദങ്ങളെ ഭാഷാപദങ്ങളായിത്തന്നെ (ദേശീപദങ്ങൾ) കണക്കാക്കുന്നുണ്ട്. പരകീയം എന്നവാക്ക് 'ലീലാതിലക'ത്തിൽ പറയുന്ന അത്തരത്തിൽ സ്വകീയമായിത്തീർന്ന പദങ്ങളെ ഉൾക്കൊള്ളുന്നില്ല. കടംകൊണ്ടപദം, വായ്പാപദം എന്നിവയിലെ കടംകൊണ്ട, വായ്പ എന്നീ ഭാഗങ്ങൾ ലോൺ എന്ന ഇംഗ്ലീഷ്പദത്തിന്റെ വിവർത്തനമാണ്. കടംവാങ്ങുക വായ്പയെടുക്കുക തുടങ്ങിയ പദങ്ങൾ നമ്മുടെ മനസ്സിൽ തൽക്കാലത്തെ ആവശ്യത്തിനു വാങ്ങി പിന്നീട് തിരികെ നൽകുക എന്ന ആശയത്തെ ഉറപ്പിക്കുന്നവയാണ്. സ്വതന്ത്രാഗതപദം എന്നത് തത്സമമായിവന്ന പദങ്ങൾക്കു മാത്രം യോജിക്കുന്നതാണെന്ന് 'മലയാളത്തിലെ പരകീയപദങ്ങൾ' എന്ന ഗ്രന്ഥം രചിച്ച പി.എം. ജോസഫിന്റെ, അനുകൂലനം ചെയ്യാതെ തത്സമമായിത്തന്നെ സ്വീകരിക്കുന്ന ശബ്ദങ്ങൾക്കു സ്വതന്ത്രാഗതപദം (free loans) എന്നുപറയുന്നു[1] എന്ന അഭിപ്രായത്തിൽ നിന്നും വ്യക്തമാണ്. ആദത്തപദം എന്ന പേര് മറ്റൊരുഭാഷയിൽ നിന്നു വന്നത് എന്ന ആശയം നൽകുന്നതിനാലും 'ലീലാതിലക'ത്തിലെ ഭാഷാദർശനത്തിനു കൂടുതൽ യോജിച്ചിരിക്കുന്നതിനാലും ആ വാക്ക് ഈ പ്രബന്ധത്തിൽ ലോൺ വേഡ് എന്നതിന്റെ പരിഭാഷാരൂപത്തിൽ സ്വീകരിച്ചിരിക്കുന്നു. 'ലീലാതിലക'ത്തിന്റെ മലയാളവിവർത്തനങ്ങളിൽ ഇളംകുളം കുഞ്ഞൻപിള്ളയുടെ വിവർത്തനമാണ് ഈ പ്രബന്ധത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. ഭാഷാപഠനത്തിനു പ്രാധാന്യം നൽകുന്നതും യുക്തിഭദ്രവുമാണ് എന്നതാണ് ആ പരിഭാഷ തിരഞ്ഞെടുക്കാൻ കാരണം.

### ഭാഷ- 'ലീലാതിലക'ത്തിൽ

'ലീലാതിലക'ത്തിലെ ഭാഷയെപ്പറ്റി ചിന്തിക്കുമ്പോൾ പരിഗണിക്കേണ്ട ചില കാര്യങ്ങളുണ്ട്. 1. 'ലീലാതിലകം' മണിപ്രവാളസ്വരൂപനിർണ്ണയത്തിനുവേണ്ടി രചിക്കപ്പെട്ട ഗ്രന്ഥമാണ്. കേരള ഭാഷയുടെയോ

സംസ്കൃതത്തിന്റേയോ വ്യാകരണചർച്ചയല്ല അതിന്റെ പ്രാഥമിക ലക്ഷ്യം. 2. മണിപ്രവാളത്തിന്റെ സ്വരൂപം വിവരിക്കുന്നതിനിടയിൽ ഭാഷ, വ്യാകരണം, കാവ്യശാസ്ത്രം എന്നിവയെല്ലാം 'ലീലാതിലക' ത്തിൽ ചർച്ച ചെയ്യുന്നുണ്ട്. 3. മണിപ്രവാളത്തിലെ ഭാഷ എന്നതുകൊണ്ട് അക്കാലത്ത് വിദ്യാഭ്യാസം ലഭിച്ചിരിക്കാനിടയുള്ള ത്രൈവർണ്ണികർ ഉപയോഗിക്കുന്ന കേരളഭാഷ എന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. വിശേഷവ്യവഹാരത്തിലുപയോഗിക്കുന്ന ഭാഷ ഗ്രാമ്യം, നേയാർത്ഥം തുടങ്ങിയ ദോഷങ്ങളില്ലാത്തതാകണം എന്ന ചിന്തയാകാം ഇതിനു കാരണം. 4. ഭാഷാചർച്ചയിൽ വ്യാകരണശാസ്ത്രീയതയെക്കാൾ താർക്കികയുക്തിക്ക് പ്രാധാന്യം നൽകുന്ന ചിലസന്ദർഭങ്ങളും 'ലീലാതിലക' ത്തിലുണ്ട്. 5. സൂത്രം വൃത്തിരീതിയിൽ രചിച്ചിരിക്കുന്നതിനാൽ ഒരു സൂത്രത്തിൽ പറഞ്ഞിരിക്കുന്ന കാര്യം പിന്നീടുള്ള സൂത്രങ്ങൾക്കും പ്രസക്തമാകുന്ന അനുവർത്തനരീതി 'ലീലാതിലക'ത്തിലെ സൂത്രങ്ങളിൽ ആദ്യന്തം കാണാനാവും. മുമ്പു പറഞ്ഞ കാര്യങ്ങൾക്ക് വ്യത്യാസങ്ങളോ അപവാദങ്ങളോ ഉണ്ടെങ്കിൽ അത് എടുത്തുകാണിക്കുന്നുമുണ്ട്.

ഒന്നാം ശിൽപ്പത്തിലെ മണിപ്രവാള ലക്ഷണചർച്ച മുതൽ ഭാഷയെക്കുറിച്ചുള്ള ചർച്ച ആരംഭിക്കുന്നുണ്ടെങ്കിലും രണ്ടാം ശിൽപ്പത്തിലാണ് മണിപ്രവാളത്തിലുപയോഗിക്കുന്ന ഭാഷ അല്ലെങ്കിൽ കേരളഭാഷയുടെ സ്വഭാവം വിശദമാക്കുന്നത്. ആദത്തപദങ്ങളെ സംബന്ധിച്ച 'ലീലാതിലക'കാരന്റെ നിലപാടുകൾ വ്യക്തമാകുന്നതും രണ്ടാം ശിൽപ്പത്തിലാണ്. ഒരു ഭാഷയിൽ നിന്നു സ്വീകരിക്കുന്ന പദത്തിന് മറ്റൊരു ഭാഷയിലെത്തുമ്പോൾ എന്തെങ്കിലും രൂപമാറ്റം സംഭവിക്കുകയാണെങ്കിൽ അത് ആ ഭാഷയിലെ പദമായി കണക്കാക്കപ്പെടും എന്നൊരു സിദ്ധാന്തം ലീലാതിലകകാരൻ അവതരിപ്പിക്കുന്നുണ്ട്. ഈ തത്വം അനുസരിച്ച് ഉറച്ചുപോയത്(ദേശീ), സംസ്കൃതഭാഷയിലെമൂലരൂപം ഊഹിക്കാവുന്നത്(സംസ്കൃതഭവം), സംസ്കൃത ഭാഷാരൂപത്തിലുള്ളത് (സംസ്കൃതരൂപം) എന്നിങ്ങനെയാണ് അദ്ദേഹം ഭാഷയിലെ പദങ്ങളെ വിഭജിക്കുന്നത്. കേരളഭാഷയിൽ രൂഢിനേടിയ പദങ്ങളെ ദേശീപദങ്ങളെന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. ദ്രാവിഡഭാഷാഗോത്ര

ത്തിൽത്തന്നെയുള്ള ഇതരഭാഷകളിൽ നിന്നു കടന്നുവന്ന പദങ്ങൾ ഭാഷാന്തരഭവങ്ങളും ഭാഷാന്തരസമങ്ങളുമാണ്. ഇവയും കേരളത്തിന്റെ തനതുപദങ്ങളും ചേർന്ന വിഭാഗത്തെ അദ്ദേഹം ദേപദങ്ങൾ എന്നു വിളിക്കുന്നു. ശുദ്ധദേശീപദങ്ങൾ മാത്രമാണ് അന്നത്തെ കേരളഭാഷയുടെ സ്വന്തമായതെന്നു പറയാവുന്ന പദങ്ങൾ. ലീലാതിലകകാരന്റെ അഭിപ്രായത്തിൽ കൊച്ചി(ചെറുത്), മുഴം, ഞൊടി എന്നിവ കേരളഭാഷയുടെ സ്വന്തം പദങ്ങളാണ്. ഇവയെ അദ്ദേഹം ശുദ്ധം എന്ന വിഭാഗത്തിൽപ്പെടുത്തുന്നു. 'ലീലാതിലക'ത്തിന് ഭാഷാശാസ്ത്രപരമായ ഭാഷ്യം രചിച്ച ഏ. ആർ. ഗോപാലപിള്ള ഈ പദങ്ങളെപ്പറ്റി പ്രത്യേകിച്ച് കൊച്ചി എന്ന പദത്തെപ്പറ്റി സംശയം ഉന്നയിക്കുന്നുണ്ട്.[2] കൊച്ചി എന്ന പദം ചെറുത് എന്ന അർത്ഥത്തിൽ മലയാളത്തിൽ ഉപയോഗിക്കുന്നില്ലെന്നും തമിഴിലാണ് സമാനമായ അർത്ഥത്തിൽ വലിപ്പത്തെ സൂചിപ്പിക്കാൻ കൊച്ചി എന്ന പ്രയോഗമുള്ളതെന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. അദ്ദേഹം ഇതിനെ ഒരു സജാതഭാഷാ (Cognate)പദമായാണ് കണക്കാക്കുന്നത്. ഇത് ആദത്തപദമാകാനുള്ള സാധ്യതയും അദ്ദേഹം തള്ളിക്കളയുന്നില്ല. കൊച്ച്, കൊച്ചൻ തുടങ്ങിയ പദങ്ങൾ മലയാളത്തിലുണ്ട് എന്നതും ലീലാതിലകകാലത്ത് ചെറുതിനെ സൂചിപ്പിക്കാൻ കൊച്ചി എന്ന പദം ഉപയോഗിച്ചിട്ടുണ്ടാവാം എന്നതും ഇതിനെ കേരളഭാഷാപദമായി കണക്കാക്കാൻ സഹായിക്കുമെന്ന കാര്യം ഏ. ആർ. ഗോപാലപിള്ള അംഗീകരിക്കുന്നുണ്ട്. എന്നാൽ തമിഴ് തുടങ്ങിയ ഭാഷകളിൽ ഈ പദമില്ലാത്തതിനാൽ ശുദ്ധ ദേശീപദമാണിതെന്ന് ലീലാതിലകകാരൻ പറഞ്ഞതിനെ തമിഴിൽ ഈ പദം പ്രയോഗത്തിലുണ്ടെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം ഖണ്ഡിക്കുന്നുണ്ട്. മലയാളത്തിൽ കൊച്ചി എന്ന പദത്തിന് അതേപടി പ്രയോഗമില്ലെന്ന ഏ. ആർ. ഗോപാലപിള്ളയുടെ വാദം അംഗീകരിക്കാനാവില്ല."കൊച്ചിക്കൊച്ചി നാലേകാല് കൊച്ചികഴിഞ്ഞാൽ രണ്ടേകാല് അറുപേറ്റിക്കാൽ മൂന്നേകാല് തൊണ്ണൂറ്റിക്കാൽ നാലേകാല്" എന്ന, മനുഷ്യജീവിതാവസ്ഥകളെ വിവരിക്കുന്ന മധ്യതിരുവിതാംകൂറിൽ പ്രചാരമുള്ള നാടൻ ചൊല്ലിൽ കുട്ടിക്കാലത്തെ സൂചിപ്പിക്കാൻ 'കൊച്ചി' എന്ന പദം ഉപയോഗിക്കുന്നുണ്ട്.

മണിപ്രവാളലക്ഷണസൂത്രചർച്ച മുതൽ തന്നെ ആദത്തപദങ്ങളെ സംബന്ധിച്ച പൂർവപക്ഷങ്ങൾ കാണാനാവും. കേരളഭാഷയും സംസ്കൃ

തവും മാത്രമേ മണിപ്രവാളത്തിലുള്ളു എന്നുറപ്പിച്ചു പറയുന്ന ലീലാതിലകകാരൻ മണിപ്രവാളത്തിൽ കാണുന്ന മറ്റുദ്രാവിഡഭാഷാപദങ്ങളെ കേരളഭാഷയിലുള്ള സമാനപദങ്ങളായാണ് ആദ്യം നിരീക്ഷിക്കുന്നത്. ഈ ഭാഗം നോക്കുക:[3]

> "പദങ്ങൾ കോർത്തിണക്കുന്നതിന്റെ ഭംഗിയേപ്പറ്റിയുള്ള ഈ വിവരണമെല്ലാമിരിക്കട്ടെ. മണിപ്രവാളലക്ഷണത്തെക്കുറിച്ചുതന്നെ ചിന്തിക്കേണ്ടിയിരിക്കുന്നല്ലോ. ഭാഷയെന്നതിനു കേരളഭാഷ എന്നാണർത്ഥമെന്നും മറ്റൊരു ഭാഷയുമല്ലെന്നും പറഞ്ഞു. അതിനു സംസ്കൃതമൊഴിച്ചു വേറൊരു ഭാഷയോടുള്ള സംയോഗം അംഗീകരിച്ചിട്ടുമില്ല. അങ്ങനെ കേരളഭാഷാസംസ്കൃതയോഗം മാത്രമാണു മണിപ്രവാളമെന്നു വന്നുകൂടുന്നു. അതുകൊണ്ട് ഈ ലക്ഷണം നിർദ്ദോഷമാണെന്നു തോന്നുന്നില്ല. മണിപ്രവാളത്തിൽ ചോളഭാഷയുമുണ്ട്. കൂന്തൽ, കുഴൽ, കൊങ്കഇത്യാദി പദങ്ങൾ കാണുന്നില്ലേ? അവ തമിഴുപദങ്ങൾതന്നെയാണല്ലോ."

അയ്യ! ഇത്ര കുറച്ചുകളഞ്ഞതെന്തിന്! മുല, തല, കാല്, കൽ, പൊൻ, തേൻ, വിള, തള, തിന, പന എന്നു തുടങ്ങി നൂറായിരം തമിഴ് പദങ്ങൾ കാണുന്നുണ്ടെന്നു പറയുക. അപ്പോൾ ലക്ഷണം തീരെ യോജിക്കാതെവരുമല്ലോ! ഇങ്ങനെയാണെങ്കിൽ കന്നടവും മണിപ്രവാളത്തിലുണ്ടെന്നു പറയാം. ആന, ആളു, അല്ല, ഇല്ല, എലി, ആടു തുടങ്ങി എത്രയോ കന്നടപദങ്ങളാണ് ഭാഷയിൽ ഉള്ളത്! ഉടൽ മുതലായ തെലുങ്കുപദങ്ങളും അച്ചൻ, തള്ള മുതലായ കുടകുശബ്ദങ്ങളും ഉണ്ടെന്ന് എന്തുകൊണ്ടു പറയുന്നില്ല? അനുപപത്തി ഏറെ വർദ്ധിക്കുമല്ലോ. തമിഴ് കന്നടതെലുങ്കു പദങ്ങൾ കേരളഭാഷയിൽ മാത്രം ഉണ്ടെന്നു പറയുന്നതെന്ത്? തെലുങ്കു കർണ്ണാടകങ്ങളിലും ആ ഭാഷകളിലെ പ്രബന്ധങ്ങളിലും തമിഴുപദങ്ങളുണ്ടെന്നു എന്തുകൊണ്ടു പറയുന്നില്ല? തമിഴ് കാവ്യങ്ങളിലും തെലുങ്കു

കർണ്ണാടകകാവ്യങ്ങളിലും കേരളഭാഷ ഉണ്ടെന്നും പറയാമല്ലോ! പോരെങ്കിൽ സംസ്കൃതത്തിൽ പ്രാകൃതവും ഉണ്ട്! മണിരാമവിരഹമോഹാദികൾ നോക്കുക. പ്രാകൃതത്തിൽ സംസ്കൃതമുണ്ടെന്നും പറയാം! രഘുവംശം തുടങ്ങിയ സംസ്കൃതകാവ്യങ്ങളിലും തമിഴ്പദങ്ങൾകൂടി ഉണ്ടെന്ന് എന്തുകൊണ്ടു പറയുന്നില്ല! കല്പന, കാമ, കനക, കമല, കള, വനിതാദി തമിഴ് പദങ്ങൾ അവയിൽ കാണുന്നില്ലേ? പ്രാകൃതകാവ്യങ്ങളിലും ചോളഭാഷയുണ്ട്! അരവിന്ദ, മകരന്ദ, തരങ്ക, കങ്കാദികൾ നോക്കുക. ഇങ്ങനെയായാൽ നിയതമായ ഒരു ഭാഷയും നിയതമായ ഒരു കാവ്യവും നിയതമായ ഒരു ദേശവും ഇല്ലെന്നുവരും! സംസ്കൃതം അപഭ്രംശമാകും! അപഭ്രംശം സംസ്കൃതവും! ഇതു ബഹുവിശേഷം തന്നെ!

ഹേ മഹാപണ്ഡിതനായ മണിപ്രവാളകവി, തന്റെ ഈ പ്രലപനം ഒട്ടും പന്തിയല്ല. നോക്കൂ: ദേശഭാഷാശബ്ദങ്ങളും സംസ്കൃതശബ്ദങ്ങളും എല്ലാം വ്യവസ്ഥയുള്ളവതന്നെയാണ്. ആളുകൾക്ക് എന്നപോലെ ചില ശബ്ദങ്ങൾക്കു മറ്റു ചില ഭാഷകളിലെ ശബ്ദങ്ങളോടു സാദൃശ്യമുണ്ടായിരിക്കാം. അവ ഭാഷാന്തരശബ്ദങ്ങളെന്നു വിചാരിക്കുന്നതു ശരിയല്ല. തൽസദൃശമായ ഗവയത്തേയോ പശുസമനായ ദേവദത്തനേയോ കണ്ടാൽ ഗോവെന്നു കരുതിപിടിച്ചുവണ്ടിയിൽ കെട്ടാനും കറന്നു പാലെടുക്കാനും മറ്റും തുടങ്ങിയെന്നുവരും. കൂന്തൽ തുടങ്ങിയ ശബ്ദങ്ങളും ചോളഭാഷാസദൃശങ്ങളെന്നല്ലാതെ ചോളഭാഷതന്നെ എന്നു പറയുന്നത് ശരിയല്ല. അതുപോലെ ഉടൽ തുടങ്ങിയ ശബ്ദങ്ങൾ ആന്ധ്രഭാഷാസദൃശങ്ങളെന്നും മറ്റും അല്ലാതെ അവതന്നെ എന്നു പറയാൻ പാടില്ല. നാളെ, ഇല്ല തുടങ്ങിയ ശബ്ദങ്ങളുടേയും സ്ഥിതി ഇതുതന്നെ. അവ കന്നടപദങ്ങൾക്കു തുല്യങ്ങളാണ്; കന്നടപദങ്ങൾ അല്ല.” (ഇളംകുളം കുഞ്ഞൻപിള്ളയുടെ ‘ലീലാതിലക’ പരിഭാഷയിൽനിന്ന്).

"കിന്തു കേചിൽ കൈശ്ചിദ് ഭാഷാന്തരൈസ്സദൃശാസ്സമ്പദ്യന്തേ പുരുഷാ ഇവ."(ആളുകൾക്ക് എന്നപോലെ ചില ശബ്ദങ്ങൾക്കു മറ്റു ചില ഭാഷകളിലെ ശബ്ദങ്ങളോടു സാദൃശ്യമുണ്ടായിരിക്കാം. അവ ഭാഷാന്തരശബ്ദങ്ങളെന്നു വിചാരിക്കുന്നതു ശരിയല്ല.) എന്നു പറഞ്ഞിട്ട് പിന്നീട് രണ്ടാം ശിൽപ്പത്തിലെത്തുമ്പോൾ അത്തരം പദങ്ങളെ ഭാഷാന്തരഭവങ്ങളും ഭാഷാന്തരസമങ്ങളും ആയി പരിഗണിച്ച് അവ കേരളഭാഷയുടെ ഭാഗമാണെന്നു പറയുന്നുണ്ട്. ഈ വൈപരീത്യത്തിനു കാരണം ഡോ.എസ്.വി. ഷൺമുഖം നിരീക്ഷിക്കുന്നതിങ്ങനെയാണ്: "ഒന്നാം ശിൽപ്പത്തിൽ സമർത്ഥിക്കുന്നത് കേരളഭാഷാസംസ്കൃതയോഗത്തിനെ സംബന്ധിച്ചിടത്തോളം ലക്ഷണയും രൂഢിയും ചേർന്ന സംജ്ഞയാണ് മണിപ്രവാളം എന്നാണ്. അതായത് ഇവിടെ ലക്ഷ്യം മലയാളഭാഷയുടെ വ്യക്തിത്വസ്ഥാപനമാണ്. ആവഴിക്കല്ല രണ്ടാം ശിൽപ്പത്തിന്റെ നോട്ടം. അതാകാം വാദഗതികളും രണ്ടുവഴിക്കാകാൻ കാരണം. കേരളഭാഷാപദങ്ങൾ ചിലത് കർണ്ണാടകാപഭ്രംശങ്ങളാണെന്നു പറയുമ്പോഴും ഇരുഭാഷകളും തമ്മിലുള്ള സ്വനപ്രക്രിയാപരമായ വൈജാത്യം ആചാര്യന്റെ ശ്രദ്ധയിൽ വരുന്നുണ്ട്. കേരളഭാഷയിലെ വന്നാൻ, നമുക്കു, വേണ്ട, ഒന്റു, ഇന്റു ഇവയുടെ കർണ്ണാടകരൂപം വന്ദനു, നമഗു, വേഢാ, ഒന്ദു, ഇന്ദു ഇവയാണെന്നു പറയുന്നുണ്ടല്ലോ."[4] എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ ലീലാതിലകകാരൻ രണ്ടു ശിൽപ്പങ്ങളിൽ രണ്ടഭിപ്രായം പറയുകയല്ല, മറിച്ച് ഭാഷാശാസ്ത്രത്തിലെ ആദത്തപദസങ്കൽപ്പത്തിനു സമാനമായ ആശയം അവതരിപ്പിക്കുകയാണ് എന്നു മനസ്സിലാക്കാവുന്നതാണ്. ഭാഷാന്തരഭവം, ഭാഷാന്തരസമം, സംസ്കൃതഭവം, സംസ്കൃതരൂപം എന്നീ വിഭാഗങ്ങളിലുള്ള പദങ്ങൾ കേരളഭാഷാപദങ്ങളാണെന്നു തന്നെയാണ് ലീലാതിലകകാരൻ പറയുന്നത്. അതായത് മറ്റുഭാഷകളിൽ നിന്നു സ്വീകരിച്ചവയും കേരളഭാഷയുടെ ഭാഗമായിത്തീർന്നവയുമായ പദങ്ങൾ. അങ്ങനെ വരുമ്പോൾ കേരളഭാഷയും സംസ്കൃതവുമല്ലാതെ മണിപ്രവാളത്തിൽ മറ്റു ഭാഷകളൊന്നുമില്ലെന്നുള്ള ആചാര്യന്റെ വാദത്തിനു ദോഷം സംഭവിക്കുന്നില്ല. ആദത്തപദങ്ങളുടെയും അവയോടുചേരുന്ന പ്രത്യയങ്ങളുടെയും അടിസ്ഥാനത്തിൽ കൊടുന്തമിഴും കേരളഭാഷയും തമ്മിലുള്ള

വ്യത്യാസം ആദ്യം എടുത്തുകാണിച്ചത് ലീലാതിലകകാരനാണ്. 'ലീലാതിലക'ത്തിന്റെ പ്രസിദ്ധീകരണമാണ് 'കേരളപാണിനീയ'ത്തിന്റെ പീഠികയിലെ പ്രധാനാശയങ്ങൾ രൂപപ്പെടാൻ നിദാനമായത്. ആറുനയങ്ങൾ, ഘട്ടവിഭാഗം എന്നീ ഭാഗങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം ബോധ്യപ്പെടും.

**വിഭക്ത്യന്തസംസ്കൃതം**

ഭാഷയെ നിർണ്ണയിക്കുന്നത് പ്രത്യയങ്ങളാണ് എന്ന കാഴ്ചപ്പാട് 'ലീലാതിലക'ത്തിൽ കാണാൻ കഴിയും. ഇത് എല്ലാക്കാലത്തും പ്രസക്തമായ ഭാഷാശാസ്ത്രതത്വമാണ്. കാർസ് ടയർ/കാറിന്റെ ടയർ എന്ന ഉദാഹരണം നോക്കുക. ആദ്യത്തേത് ഇംഗ്ലീഷും രണ്ടാമത്തേത് മലയാളവുമായി തോന്നുന്നത് പ്രത്യയത്തിൽ മാത്രമുള്ള വ്യത്യാസംകൊണ്ടാണ്. മറ്റു ചില ഉദാഹരണങ്ങൾ കൂടി നോക്കാം:

സംസ്കൃതം- രാമ**സ്യ** പുസ്തകം, മലയാളം - രാമ**ന്റെ** പുസ്തകം

തമിഴ് - രാമനു**ടൈയ** കൈ, മലയാളം - രാമ**ന്റെ** കൈ

സംസ്കൃതവിഭക്തി ചേർന്ന പദങ്ങളെ മാത്രമേ സംസ്കൃതപദങ്ങളായി കണക്കാക്കാനാവൂ എന്ന നിലപാടിൽ 'ലീലാതിലകം' ഉറച്ചുനിൽക്കുന്നുണ്ട്. മറ്റൊരിടത്ത് മണിപ്രവാളത്തിൽ പ്രാകൃതശബ്ദങ്ങളും ഉണ്ടല്ലോ എന്ന വാദത്തിനു മറുപടി പറയുമ്പോൾ:

> "ഇങ്ങനെയാണെങ്കിൽ മണിപ്രവാളത്തിൽ പ്രാകൃതവും ഉണ്ടെന്നു വരുമല്ലോ എന്നു പറഞ്ഞാൽ അതു ശരിയല്ല. സംസ്കൃതംപോലെ വിഭക്ത്യന്തമായ പ്രാകൃതപദം ഒന്നും തന്നെ മണിപ്രവാളത്തിൽ കാണുകയില്ല. മാണിക്കം തുടങ്ങിയ പദങ്ങൾ പ്രാകൃതസമങ്ങളും, പളിങ്ങു തുടങ്ങിയവ പ്രാകൃതേകദേശസമങ്ങളുമാണ്. സംസ്കൃതരൂപം, പ്രാകൃതരൂപം എന്നെല്ലാം ഉള്ളതിന് സംസ്കൃതസമം, പ്രാകൃതസമം എന്നാണർത്ഥം. സമത്വം പ്രകൃതിഭാഗത്തിൽ മാത്രമാണെന്നതു വിസ്മരിക്കരുത്."

എന്നു പറഞ്ഞ് മേൽപ്പറഞ്ഞ വാദം ഉറപ്പിക്കുന്നുണ്ട്. ഇന്നു തത്സമപദങ്ങളെന്നു വ്യവഹരിക്കുന്ന സംസ്കൃതശബ്ദങ്ങളെ സംസ്കൃതരൂപ

ശബ്ദങ്ങൾ എന്നാണ് 'ലീലാതിലക'ത്തിൽ പറയുന്നത്. സംസ്കൃത പദങ്ങൾക്ക് എന്തിനാണ് അന്ത്യഭാഗത്ത് രൂപമാറ്റം വരുത്തി ഉപയോഗിക്കുന്നത്? ലീലാതിലകകാരൻ ഇതിന് ഉത്തരം നൽകുന്നുണ്ട്. മണിപ്രവാളം കണ്ടാൽ സംസ്കൃതപ്രതീതിയല്ല ഉണ്ടാവേണ്ടത്. കേരളഭാഷാപ്രതീതിയാണ് കൂടുതൽ വേണ്ടത്. ഉത്തമ മണിപ്രവാളം ഭാഷയേറിയതാണല്ലോ. വിഭക്ത്യന്തസംസ്കൃതം ഉപയോഗിച്ചാലും കേരളഭാഷയോടിണങ്ങിനിൽക്കുന്ന തരത്തിൽ ലളിതവും സുകുമാരാക്ഷരവുമായിരിക്കണം എന്നു പറയുന്നുണ്ട്. സംസ്കൃതത്തിൽനിന്നുള്ള ആദത്തപദങ്ങൾ മണിപ്രവാളഭാഷയിൽ ഉപയോഗിക്കുമ്പോൾ അവ മുമ്പും ശേഷവുമുള്ള പദങ്ങളോട് യോജിക്കുന്നതാകണം എങ്കിലേ സഹൃദയരെ ആകർഷിക്കുന്നതരത്തിലുള്ള യോഗം ഉണ്ടാകുകയുള്ളു എന്ന് "ആയിലാകർണ്യതാം", "കിഞ്ചിൽ പുളിങ്കുരുമർപ്പയതി" എന്നീ ഉദാഹരണങ്ങൾ എടുത്തുകാട്ടുമ്പോൾ ലീലാതിലകകാരൻ പ്രസ്താവിക്കുന്നുണ്ട്. ഭാഷീകൃതസംസ്കൃതം, സംസ്കൃതീകൃതഭാഷ എന്നീ രണ്ടു പദങ്ങൾ ലീലാതിലകകാരൻ ഉപയോഗിക്കുന്നുണ്ട്. സംസ്കൃത പദങ്ങളെ ഭാഷീകരിക്കുന്നത് ഭാഷാസന്ദർഭമെന്ന തോന്നലുണ്ടാകാനാണ്. "സംസ്കൃതം തു സർവത്ര" എന്ന സൂത്രത്തിൽ ഭാഷയാക്കാൻ വേണ്ടി മാറ്റം വരുത്തിയ സംസ്കൃതപദങ്ങൾ കാവ്യ-ശാസ്ത്ര-പ്രഭാഷണാദിസന്ദർഭങ്ങളിൽ മാത്രമല്ല എല്ലാത്തരം വ്യവഹാരങ്ങളിലും വരുന്നുണ്ട് എന്നു പറയുന്നു. എന്നാൽ സംസ്കൃതീകൃതഭാഷ കാവ്യം, ശാസ്ത്രം, പ്രഭാഷണം മുതലായ സന്ദർഭങ്ങളിൽ അഥവാ വിശേഷ വ്യവഹാരത്തിൽ മാത്രമാണ് വരുന്നത് (സന്ദർഭേ സംസ്കൃതീകൃതാ (ഭാഷാ)ച) എന്നും ലീലാതിലകകാരൻ പറയുന്നുണ്ട്.

സംസ്കൃതവിഭക്ത്യന്തശബ്ദങ്ങൾ അതേപടി ഉപയോഗിക്കുന്ന രീതി പാട്ടുകൃതിയായ 'രാമചരിത'ത്തിലും കാണാനാവും. "താരിണങ്കിന **കാനനേ** നടമാടുവോ ചില **കേകിനാം**" എന്ന 'രാമചരിത'ത്തിലെ വരികൾ പാട്ടിൽ വിഭക്ത്യന്ത സംസ്കൃതപദങ്ങൾ വരുന്നതിനുദാഹരണമാണ്. വിഭക്ത്യന്തസംസ്കൃതപദസ്വീകരണം രാമചരിതകാലം മുതൽ ആധുനിക കവിത്രയത്തിന്റെ കാലം വരെ നിലനിന്നിരുന്നു. പരമ്പരാഗതരീതിയിൽ സംസ്കൃതവിദ്യാഭ്യാസം നേടിയ മറ്റുകവികളും

ഇവ തങ്ങളുടെ കവിതയിൽ ഉപയോഗിച്ചിട്ടുണ്ട്.

വേദവേദാംഗവേദാന്താദിവിദ്യകളെല്ലാം
**ചേതസി** തെളിഞ്ഞുണർന്നാവോളം തുണയ്ക്കേണം
(അധ്യാത്മരാമായണം കിളിപ്പാട്ട്- ബാലകാണ്ഡം, എഴുത്തച്ഛൻ)
**സീമാതീതേ കദനജലധൗ കേരളം** തള്ളിവിട്ടാൻ
(മയൂരസന്ദേശം, കേരളവർമ്മ വലിയകോയിത്തമ്പുരാൻ)

പാണ്ഡുരപുണ്ഡരീകമുകുളശ്രീ ഹസ്തശംഖത്തിനാ
ലൊന്നാമത്തവളാ**നതാസ്യകമലം** ഛാദിച്ചു രോദിക്കയായ്.
(പ്രരോദനം, കുമാരനാശാൻ)
ശ്രാന്തമംബരം നിദാഘോഷ്മളസ്വപ്നാക്രാന്തം
താന്തമാരബ്ധക്ലേശ രോമന്ഥം മമ സ്വാന്തം
(സാഗരഗീതം, ജി.ശങ്കരക്കുറുപ്പ്)

'ലീലാതിലക'ത്തിൽ പറയുന്ന സംസ്കൃതപദസ്വീകരണരീതികളെല്ലാം ഈ ഉദാഹരണങ്ങളിൽ കാണാവുന്നതാണ്.

**ആദത്തപദങ്ങൾ 'ലീലാതിലക'ത്തിൽ**

ഇതര ദ്രാവിഡഭാഷകളിൽ നിന്നു വന്നവയും പിന്നീട് കേരളഭാഷയുടെ ഭാഗമായി മാറിയവയുമായ ധാരാളം പദങ്ങൾ ലീലാതിലകകാരൻ ഉദാഹരിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ

1. കന്നഡപദങ്ങൾ

| ***കന്നഡ*** | ***കേരളഭാഷ*** | ***ആധുനികമലയാളം*** |
|---|---|---|
| വന്ദനു | വന്നാൻ | വന്നു |
| നമുഗു | നമുക്കു | നമ്മൾക്ക്/നമുക്ക് |
| ബേഡാ | വേണ്ടാ | വേണ്ട |

2. കുടകുപദങ്ങൾ

| ***കുടക്*** | ***കേരളഭാഷ*** | ***ആധുനികമലയാളം*** |
|---|---|---|
| അച്ചൻ | അച്ചൻ | അച്ഛൻ/അച്ചൻ |
| തള്ള | തള്ള | തള്ള |

3. തമിഴ്പദങ്ങൾ

| *തമിഴ്* | *കേരളഭാഷ* | *ആധുനികമലയാളം* |
|---|---|---|
| തല | തല | തല |
| കാല് | കാല് | കാല് |
| കൽ | കൽ | കല്ല് |
| പൊൻ | പൊൻ | പൊന്ന് |
| തേൻ | തേൻ | തേൻ |
| വിള | വിള | വിള |
| തള | തള | തള |
| തിന | തിന | തിന |
| പന | പന | പന |

4. തെലുങ്കുപദങ്ങൾ

| *തെലുങ്ക്* | *കേരളഭാഷ* | *ആധുനികമലയാളം* |
|---|---|---|
| ഉടൽ | ഉടൽ | ഉടൽ |

ഈ പദങ്ങൾ പരിശോധിച്ചാൽ കന്നഡപദങ്ങളൊഴികെ മറ്റെല്ലാ പദങ്ങളും മലയാള ഭാഷയിലേക്കു വന്ന ആദത്തപദങ്ങളാണെന്നു തിരിച്ചറിയാനാവാത്ത വിധം ഭാഷയുടെ ഭാഗമായിത്തീർന്നിരിക്കുന്നു. കേരളഭാഷയിൽ പ്രയോഗമുള്ളതിനാലാണ് ഇവയെ കേരളഭാഷയുടെ ഭാഗമായി ലീലാതിലകകാരൻ കണക്കാക്കുന്നത്.

## ആദത്തപദനിർണ്ണയം

തമിഴിനും മലയാളത്തിനും സമാനമായ പൂർവദശ ഉണ്ടായിരുന്നു എന്ന കാഴ്ചപ്പാട് ഭാഷാപണ്ഡിതർ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നു ക്രമേണ അവ സ്വതന്ത്രഭാഷകളായി വേർതിരിയുന്നതിന്റെ ആദ്യഘട്ടമാണ് 'ലീലാതിലക'ത്തിന്റെ രചനാകാലം. ക്രിസ്തുവർഷം1385നും 1400നും ഇടയ്ക്കാണ് 'ലീലാതിലക'ത്തിന്റെ രചനാകാലമെന്ന് ഇളംകുളം കുഞ്ഞൻപിള്ള[5] അഭിപ്രായപ്പെടുന്നുണ്ട്. 'കേരളപാണിനീയ'ത്തിലെ ഘട്ടവിഭജനമനുസരിച്ചു നോക്കിയാൽ മലയാളഭാഷയുടെ ബാല്യാവസ്ഥയായ കരിന്തമിഴു കാലത്തിനും കൗമാരാവസ്ഥയായ മലയാണ്മക്കാലത്തിനും ഇടയ്ക്കാണ് 'ലീലാതിലക'ത്തിന്റെ രചനാകാലം

എന്നു കാണാം. അതുകൊണ്ടാകാം സമാനമായ പദങ്ങൾ തമിഴിലും കേരളഭാഷയിലും മറ്റു ദ്രാവിഡഭാഷകളിലും ഉണ്ടാവുമ്പോൾ ആ പാഠത്തിൽ ഏതുഭാഷയിലെ പദങ്ങളാണ് കൂടുതൽ എന്നതിന്റെയോ ഏതു ഭാഷാസന്ദർഭമാണ് എന്നതിന്റെയോ അടിസ്ഥാനത്തിൽ ഒരു പദം ഏതു ഭാഷയിലേതാണെന്നു നിർണ്ണയിക്കാം എന്നു ലീലാതിലകകാരൻ (കൂന്തൽവാദത്തിൽ) പറയുന്നത്. ഒരു പദം ഒരുഭാഷയുടെ തനതു പദമാണോ ആദത്തപദമാണോ എന്നു നിർണ്ണയിക്കുന്നതിന് നാലു ഘടകങ്ങളാണ് ലീലാതിലകകാരൻ നിർദ്ദേശിക്കുന്നത്. 1. പദത്തിലു പയോഗിച്ചിരിക്കുന്ന പ്രത്യയങ്ങൾ ഏതുഭാഷയിലേതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ. 2. പദമുപയോഗിച്ചിരിക്കുന്ന സന്ദർഭം. 3. ഏതെങ്കിലുമൊരു ഭാഷയിലെ സാമാന്യവ്യവഹാരത്തിലോ വിശേഷവ്യവഹാരത്തിലോ വന്നിട്ടുണ്ടോ എന്ന പരിശോധന. 4. ഒരു ഭാഷയിലെ നിഘണ്ടു തുടങ്ങിയ അഭിധാനഗ്രന്ഥങ്ങളിൽ വന്നിട്ടുള്ള പദമാണോ എന്ന കാര്യം. ഇക്കൂട്ടത്തിൽ വ്യവഹാരത്തിനാണ് പ്രാധാന്യം. ഒരു പദം ഏതു ഭാഷയിലേതാണ് എന്നു നിർണ്ണയിക്കുന്നത് ആ പദം വ്യവഹാരത്തിലുണ്ടോ എന്നു നോക്കിയാണ് എന്നും പദനിർണ്ണയത്തിൽ പ്രയോഗമാണ് മുഖ്യം എന്നും ലീലാതിലകകാരൻ പറയുന്നു. ആദത്തപദങ്ങളെ സംബന്ധിച്ച ലീലാതിലകകാരന്റെ നിലപാടുകൾ ഭാഷാശാസ്ത്രതത്വങ്ങളനുസരിച്ചു പരിശോധിച്ചാൽ സാധുതയുള്ളവയാണെന്നു കാണാം.

## കുറിപ്പുകൾ

1. ജോസഫ്, പി.എം., മലയാളത്തിലെ പരകീയപദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം, 1995, പുറം 23
2. Gopalapillai, A.R., Linguistic Interpretation of Lilatilakam, DLA, Thiruvananthapuram, 1985, page 183
3. പൂർവപക്ഷവും സിദ്ധാന്തപക്ഷവും ഉൾപ്പെടെയുള്ള ചർച്ചയുടെ പൂർണ്ണസ്വഭാവം വ്യക്തമാകുന്നതിനായിട്ടാണ് അൽപ്പം ദീർഘമായ ഭാഗം ഉദ്ധരിച്ചിരിക്കുന്നത്.

4. ഷൺമുഖം, എസ്.വി., ലീലാതിലകം സാമൂഹ്യഭാഷാശാസ്ത്ര ദൃഷ്ടിയിൽ, വിവ. വേണുഗോപാലപ്പണിക്കർ, ടി.ബി., കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം, 1995, പുറം 48
5. കുഞ്ഞൻപിള്ള, ഇളംകുളം, ലീലാതിലകം(വിവ.) നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2016 പുറം-38

**ഗ്രന്ഥസൂചി**


1. കുഞ്ഞൻപിള്ള, ഇളംകുളം, ലീലാതിലകം(വിവ.)നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2016
2. കുഞ്ഞൻപിള്ള, ശൂരനാട്, ലീലാതിലകം(വിവ.) കേരളഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം, 2016
3. ജോസഫ്, പി.എം., മലയാളത്തിലെ പരകീയപദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം, 1995
4. പ്രബോധചന്ദ്രൻ നായർ, വി. ആർ., ഭാഷാശാസ്ത്രനിഘണ്ടു, കേരളഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം, 2012
5. രാജരാജവർമ്മ, ഏ. ആർ., കേരളപാണിനീയം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം,1991
6. ഷൺമുഖം, എസ്.വി., ലീലാതിലകം സാമൂഹ്യഭാഷാശാസ്ത്ര ദൃഷ്ടിയിൽ, വിവ.വേണുഗോപാലപ്പണിക്കർ, ടി.ബി., കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം, 1995
7. Gopalapillai, A.R., Linguistic Interpretation of Lilatilakam, DLA, Thiruvananthapuram, 1985
8. Ramaswami Aiyar L.V., Grammar in Lilatilakam, Revised Edition by Dr. Soumya Baby, Department of publications, University of Kerala, 2014

# ഡയസ്പെറയും ഭാഷാപരിണാമവും

**ഡോ. സിബി കുര്യൻ**
**അസിസ്റ്റന്റ് പ്രൊഫസർ, മലയാളഗവേഷണവിഭാഗം**
**ദേവമാതാ കോളേജ്, കുറവിലങ്ങാട്**

**സംഗ്രഹം**

ഒരു ജനതയുടെ, പ്രത്യേകിച്ചും ജൂതരുടെ ഇതരദേശങ്ങളിലേക്കുള്ള വ്യാപനത്തെയാണ് ചരിത്രത്തിൽ ഡയസ്പെറ എന്നു വിശേഷിപ്പിക്കുന്നത്. ഒരു ജനത ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് യാത്രയാകുന്നത് അവരുടെ സവിശേഷമായ സാംസ്കാരികഘടകങ്ങൾ സംവഹിച്ചുകൊണ്ടാണ്. അവയിൽ പ്രധാപ്പെട്ടതാണ് ഭാഷ. ഭാഷ കൈമോശം വരാതെ കാത്തുസൂക്ഷിക്കാനും അനന്തരതലമുറയിലേക്ക് കൈമാറ്റം ചെയ്യാനുമുള്ള പോരാട്ടംകൂടിയാണ് ഓരോ ഡയസ്പെറയുടെയും അന്തസ്സത്ത. ഡയസ്പെറയുടെ സാംസ്കാരികജീവിതത്തെ ഭാഷ എങ്ങനെയൊക്കെ സ്വാധീനിക്കുന്നു, ഭാഷാപരമായ കലർപ്പുകളും പരിണതികളും രൂപംകൊള്ളുന്നതെങ്ങനെ എന്നിവ ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കുന്നു. മുഖ്യമായും സാമൂഹികഭാഷാശാസ്ത്രത്തിന്റെ ഉപാദാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ പഠനം നടത്തിയിരിക്കുന്നത്. മലയാളഭാഷയുടെ പരിണാമവഴികൾ ഡയസ്പെറ ഭാഷാപഠനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി സാമാന്യമായി നിരീക്ഷിച്ചിട്ടുമുണ്ട്.

**താക്കോൽവാക്കുകൾ**

ഡയസ്പെറ - ബഹുഭാഷിതത്വം - ദ്വിഭാഷിതത്വം - പിജിൻ - ക്രിയോൾ - ഭാഷാസങ്കലനം.

**ഡയസ്പൊറ - സാമാന്യവിചാരം**

സവിശേഷമായ ഭൂമിശാസ്ത്രഘടനകൾ ഉൾക്കൊള്ളുന്നതും ഭിന്നദേശങ്ങളിലേക്ക് ചിതറിക്കപ്പെട്ടതുമായ ഒരു ജനതതിയെയാണ് ഡയസ്പൊറ എന്ന സംജ്ഞ സാമാന്യമായി സൂചിപ്പിക്കുന്നത്. Between, across, through എന്നെല്ലാം അർത്ഥമുള്ള Dia എന്ന പദവും I sow, I scatter എന്നെല്ലാം അർത്ഥമുള്ള Sperio എന്ന ക്രിയാപദവും ചേർന്നുണ്ടായ Diaspeiro എന്ന ഗ്രീക്കുപദത്തിൽനിന്നാണ് Diaspora എന്ന പദത്തിന്റെ നിഷ്പത്തി. I spread about, I scatter എന്നെല്ലാമാണിതിന് അർത്ഥം. ഇതിനു സമാനമായി മലയാളത്തിൽ ഉപയോഗിക്കുന്ന പദം പ്രവാസമെന്നതാണ്. പക്ഷേ, ഡയസ്പൊറ എന്ന സംജ്ഞയുടെ അർത്ഥത്തെ പൂർണ്ണമായി ഉൾക്കൊള്ളാൻ പ്രവാസമെന്ന പദത്തിന് പലപ്പോഴും കഴിയുന്നില്ല. ഗൾഫ് കുടിയേറ്റത്തെയാണ് പ്രവാസം മുഖ്യമായും പ്രതിനിധാനം ചെയ്യുന്നത്.

ഇസ്രയേൽ ജനത പല കാലങ്ങളിൽ പലരാൽ സ്വദേശത്തുനിന്ന് നാടുകടത്തപ്പെട്ടിട്ടുണ്ട്. ബി. സി. 740 നും 722 നുമിടയിൽ അസ്സീറിയക്കാരിൽനിന്നും ബി. സി. 587- ൽ ബാബിലോണിയക്കാരിൽനിന്നും ഉണ്ടായ ആക്രമണങ്ങൾ ഇസ്രയേൽക്കാരെ സ്വദേശത്തുനിന്ന് ആട്ടിയോടിച്ചു. പിന്നീട് എ. ഡി. 70 ൽ റോമാസാമ്രാജ്യത്തിന്റെ ആക്രമണത്താൽ നാടുവിട്ട് പലായനം ചെയ്യേണ്ട ദുര്യോഗവും ഇസ്രയേൽ ജനതയ്ക്കുണ്ടായി. തുടർച്ചയായുണ്ടായ ജൂതജനതയുടെ ഭിന്നദേശങ്ങളിലേക്കുള്ള പലായനങ്ങളെയും അവരുടെ ചെറുത്തുനില്പിനെയും സൂചിപ്പിക്കാൻ ഉപയോഗിച്ച ഡയസ്പൊറയെന്ന പദം ക്രമേണ അർത്ഥവൈപുല്യം കൈവരിച്ച് സകലവിധ ദേശാന്തരഗമനങ്ങളെയും ഉൾക്കൊള്ളുന്ന പദമായി പരിണമിച്ചു. അഭയാർത്ഥികൾ (Refugees), കുടിയേറ്റക്കാർ (Immigrants) നാടുകടത്തപ്പെട്ടവർ (Expatriates) എന്നിങ്ങനെ ഏതുവിധ കാരണങ്ങളാലും സ്വദേശത്തുനിന്നകന്ന് അന്യദേശത്ത് വസിക്കുന്നവരെയെല്ലാം ഡയസ്പൊറയെന്ന സംജ്ഞ സംവഹിക്കുന്നുണ്ട്.

സ്വദേശത്തുനിന്ന് അകന്നിരിക്കുന്ന അവസ്ഥയാണ് ഡയസ്പൊറ. ബഹുവിധകാരണങ്ങളാൽ സ്വന്തം നാട്ടിൽനിന്ന് അകന്നിരിക്കുന്ന

പ്രവാസികളുടെ വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും അവരുടെ ജന്മഭൂമി ശക്തമായ സ്വാധീനംചെലുത്തുന്നുണ്ട്. എന്നെങ്കിലും മാതൃദേശത്തേക്ക് മടങ്ങിപ്പോകാൻ കഴിയുമെന്ന പ്രതീക്ഷയും സ്വപ്നവുമാണ് പ്രവാസജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നത്. നിരന്തരമായ പലായനവും തലമുറകളുടെ അന്തരവുംമൂലം ചിലപ്പോഴെങ്കിലും പ്രവാസികളുടെ സ്വഗേഹത്തെക്കുറിച്ചുള്ള ഗൃഹാതുരപ്രതീക്ഷകൾ ശിഥിലമാകുന്നു. അതോടെ സ്വാർജ്ജിതസംസ്കാരവും ഭാഷയും സ്വത്വംതന്നെയും നഷ്ടമാകുന്ന പ്രവാസജനത അവർ എത്തിച്ചേർന്ന ദേശവുമായി ഇഴുകിച്ചേരാൻ നിർബന്ധിതരാകുന്നു. തങ്ങളുടെ സാംസ്കാരികത്തനിമകളും സാമൂഹികജീവിതവും കൈമോശംവരാതെ കാത്തുസൂക്ഷിക്കുന്ന കാലത്തോളമേ ഡയസ്പെറയെന്ന സങ്കല്പം പ്രസക്തമായി നിലനിൽക്കയുള്ളു. സംസ്കാരം, പാരമ്പര്യം എന്നീ ഘടകങ്ങളും അവയെ ശക്തമായി നിലനിർത്തുന്ന മാതൃഭാഷയുമാണ് ഡയസ്പെറയുടെ അന്തസ്സത്ത. സ്വന്തം ഭാഷയുടെ അപഭ്രംശത്തിനെതിരേയുള്ള ചെറുത്തുനില്പും പ്രാദേശിക ആചാരാനുഷ്ഠാനങ്ങളുടെ സംരക്ഷണപ്രവർത്തനങ്ങളുമാണ് ഡയസ്പെറയെ നിലനിർത്തുന്നത്. ആത്യന്തികമായി ഭാഷ കൈമോശം വരുന്നതോടെ പ്രവാസജനതയുടെ സ്വത്വം നഷ്ടമാകുന്നു. അതുകൊണ്ടാണ് പ്രവാസികളുടെ ചെറുത്തുനിൽപ്പുകൾ ഭാഷാധിഷ്ഠിതമായി മാറുന്നത്. സ്പെയ്നിലെ കാറ്റലോണിയൻ സ്വാതന്ത്ര്യസമരവും ശ്രീലങ്കയിലെ തമിഴ് ജനതയുടെ ചെറുത്തുനിൽപും ശക്തിയാർജ്ജിക്കുന്നത് ഭാഷാപ്രക്ഷോഭങ്ങളെന്ന നിലയിൽക്കൂടിയാണ്.

**ഡയസ്പെറയും ഭാഷയും**

വ്യത്യസ്തമായ കാരണങ്ങളാൽ ലോകത്തിന്റെ വിവിധയിടങ്ങളിൽ പ്രവാസജീവിതം നയിക്കുന്നതും സമാനപാരമ്പര്യം അവകാശപ്പെടുന്നതുമായ ജനതയുടെ ഭാഷാസവിശേഷതകൾ ഇന്ന് ഗൗരവപഠനത്തിന് വിഷയമാണ്. സാമൂഹികഭാഷാശാസ്ത്രത്തിന്റെ (Socio-linguistics) പഠനപരിധിയിൽ വരുന്ന ഡയസ്പെറ ഭാഷാപഠനം പ്രവാസജനതയുടെ സാംസ്കാരികസ്വത്വം കണ്ടെത്താനും നിലനിർത്താനു

മുള്ള പരിശ്രമത്തിന്റെ ഭാഗമാണ്. 1980 കളിൽ വികസിതമായ ഡയസ്പെറ ഭാഷാപഠനത്തിന്റെ ഭാഗമായി ലോകമെമ്പാടും നിരവധി ഭാഷകൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. മോളിസാൻ (Molisanne), ഇസ്ട്രോ - റൊമാനിയൻ (Istro-Romanian), ആഫ്രിക്കൻ അമേരിക്കൻ വെർണാകുലർ ഇംഗ്ലീഷ് (AAVE), ഹിന്ദ്ലിഷ് അല്ലെങ്കിൽ ഹിംഗ്ലീഷ് (Hindlish or Hinglish), കനേഡിയൻ ഗാലിക് (Canadian Gaelic) എന്നിങ്ങനെ നിരവധി പ്രവാസ ഭാഷകൾ ഇന്ന് സജീവമായി നിലനിൽക്കുന്നു. ഇംഗ്ലണ്ടിൽ താമസിക്കുന്ന ഹിന്ദി സംസാരിക്കുന്ന ഇന്ത്യക്കാർക്കിടയിൽ രൂപപ്പെട്ട ഭാഷയാണ് ഹിന്ദ്ലിഷ് അല്ലെങ്കിൽ ഹിംഗ്ലീഷ്. ഹിന്ദി, ഇംഗ്ലീഷ് ഭാഷകളുടെ അനൗപചാരികമായ സങ്കലനമായ ഈ ഭാഷ സങ്കരഭാഷാ (Creole language) സ്വഭാവം പ്രകടിപ്പിച്ചുതുടങ്ങിയിട്ടുണ്ട്.

സാമൂഹികജീവിയായ മനുഷ്യന് ഒരു കാലത്തും ഒറ്റപ്പെട്ട തുരുത്തായി ജീവിക്കാൻ കഴിയുകയില്ല; അത്തരത്തിൽ ഏറെക്കാലം ജീവിച്ചതിന്റെ ചരിത്രസൂചനകളൊന്നും ലഭ്യമല്ലതാനും. ഒരു ജനത പലവിധ കാരണങ്ങളാൽ മറ്റൊരു ഭൂപ്രദേശത്തേക്ക് കുടിയേറുകയും തദ്ദേശീയരുമായി കൊണ്ടുംകൊടുത്തും മുന്നേറുകയും ചെയ്യുകയെന്നതാണ് ലോകഗതി. ലോകത്തിലെ ഏറ്റവും ബൃഹത്തായ ഇന്തോ-യൂറോപ്യൻ ഭാഷാഗോത്രത്തിന്റെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ നാൾവഴികൾ പരിശോധിക്കുന്ന ഏതൊരാൾക്കും ഇക്കാര്യം ബോധ്യപ്പെടും. എന്തെന്ത് വൈപുല്യമാർന്ന ദേശപരിധികളെയും ജനസഞ്ചയങ്ങളെയുമാണ് ആ ഭാഷാഗോത്രം കടന്നുപോന്നിട്ടുള്ളത്.

ജനതയുടെ കലർപ്പും അതുളവാക്കുന്ന സ്വാഭാവിക സംഘർഷങ്ങളും അതിജീവിച്ചാണ് രാഷ്ട്രസങ്കല്പം രൂപീകൃതമാകുന്നത്. സ്വദേശീയരും വിദേശീയരും തമ്മിലുള്ള അന്തരം വർദ്ധിക്കുകയും ന്യൂനപക്ഷത്തിന്റെ എതിർപ്പ് പ്രബലമാകുകയും ചെയ്യുന്നതോടെയാണ് രാജ്യാതിർത്തിക്കുള്ളിൽ വംശീയകലാപങ്ങൾ ആവിർഭവിക്കുന്നത്. “വംശീയ(ethinic)മായ അനന്യതയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ഉയരുന്നത് വംശീയന്യൂനപക്ഷങ്ങളും സമൂഹത്തിലെ ബഹുഭൂരിപക്ഷവും തമ്മിൽ സഹവർത്തിക്കേണ്ടി വരുമ്പോഴാണ്. പലതരം തൊഴിലിലും

ജോലിയിലും ഏർപ്പെട്ടുകൊണ്ട് മറുനാടുകളിൽ പാർക്കുന്ന വിദേശി കൾ, കുടിയേറ്റം, രാഷ്ട്രീയകാരണങ്ങളാലും മറ്റും സംഭവിക്കുന്ന രാജ്യഭ്രഷ്ട് എന്നിവയാണ് ഇത്തരം സ്ഥിതിവിശേഷത്തിലേക്കു നയിക്കുന്ന മുഖ്യവസ്തുതകൾ." (ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ, പുറം.180) പലവിധ കാരണ ങ്ങളാൽ ഉടലെടുക്കുന്ന പ്രവാസജീവിതത്തിന്റെ സാമൂഹികപരിണ തിയാണ് വംശീയകലാപങ്ങളുടെ അടിസ്ഥാനകാരണം. സംസ്കാ രവുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ, മതവിശ്വാസങ്ങൾ എന്നിവയൊക്കെ കലാപകാരണമാകാമെങ്കിലും രാഷ്ട്രസങ്കല്പ ത്തിന്റെ പ്രകടിതരൂപമായ ഭാഷതന്നെയാണ് സ്വത്വാവിഷ്കാരത്തി ന്റെയും പ്രതിഷേധത്തിന്റെയും ചാലകശക്തിയായി വർത്തിക്കുന്നത്. യഥാർത്ഥത്തിൽ മാതൃഭാഷ കൈമോശംവരാതെ കാത്തുസൂക്ഷിക്കുക എന്നതാണ് പ്രവാസികളുടെ ഏറ്റവും വലിയ വെല്ലുവിളി. ഭാഷ നഷ്ട പ്പെട്ടാൽ ഡയസ്പെറ എന്ന സങ്കല്പംതന്നെ അപ്രസക്തമാകും.

വംശശുദ്ധിക്കും ഭാഷാശുദ്ധിക്കുംവേണ്ടിയുള്ള നിരവധി കലാ പങ്ങൾക്ക് ലോകം സാക്ഷ്യംവഹിച്ചിട്ടുണ്ടെങ്കിലും ഇനിയും ഒരേ വംശവും ഒരേ ഭാഷയും മാത്രമായിട്ടുള്ള രാജ്യങ്ങളോ ദേശങ്ങൾ തന്നെയോ പൂർണ്ണാർത്ഥത്തിൽ യാഥാർത്ഥ്യമായിട്ടില്ല. ഏകവംശവും ഭാഷയും നിലനിൽക്കുന്ന രാജ്യങ്ങൾ വിരളമാണ്. ഇതരഭാഷാസ മ്പർക്കങ്ങളാൽ സ്വഭാഷാമണ്ഡലം പരിമിതമാകുന്നതിന്റെ അസ്വസ്ഥ തകളാണ് ഭാഷാപ്രക്ഷോഭങ്ങൾക്ക് വഴിമരുന്നിടുന്നത്. പ്രവാസജനത അവരുടെ ഭാഷ നിലനിർത്താനും പോഷിപ്പിക്കാനുമുള്ള പരിശ്രമ ങ്ങളിൽ നിരന്തരം വ്യാപൃതരാകുന്നു. അതേസമയം സ്വദേശീയർ അവരുടെ ഭാഷയിലേക്കുള്ള പ്രവാസഭാഷയുടെ കടന്നുകയറ്റത്തെ പ്രതിരോധിക്കുകയും തങ്ങളുടെ മാതൃഭാഷയെ പ്രവാസികളിൽ ചെലു ത്താനുള്ള ശ്രമത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. ഇരുപക്ഷവും നട ത്തുന്ന ബോധപൂർവമോ അബോധപൂർവമോ ആയ ഇത്തരം പരിശ്രമ ങ്ങൾ സ്വഭാവികമായും ഭാഷാപരിണാമങ്ങൾക്ക് കാരണമാകുന്നു. ഭാഷയുമായി ബന്ധപ്പെട്ട സങ്കലനപ്രക്രിയകൾ ഉളവാക്കുന്ന പരിണാമ ങ്ങൾ നിലവിലുള്ള ചില ഭാഷകളുടെ സമ്പൂർണ്ണനാശത്തിനോ പുതിയ

ഭാഷകളുടെ ഉദയവികാസങ്ങൾക്കോ ഹേതുവാകുന്നു. വ്യത്യസ്ത ഭാഷകളുടെ സങ്കലനങ്ങൾ പലവിധത്തിലുള്ള ഭാഷാപ്രക്രിയകൾ രൂപപ്പെടുത്തുന്നതായി ആധുനികഭാഷാശാസ്ത്രജ്ഞന്മാർ നിരീക്ഷിച്ചിട്ടുണ്ട്. വിവിധ ഭാഷ സംസാരിക്കുന്ന ആളുകളുടെ സംയോഗഫലമായി രൂപപ്പെടുന്ന ചില സവിശേഷ ഭാഷാസമൂഹങ്ങളുണ്ട്.

**ബഹുഭാഷിതത്വം (Multilingualism)**

വ്യക്തിയോ സമൂഹമോ വിവിധഭാഷകൾ ഉപയോഗിക്കുന്ന അവസ്ഥയാണ് ബഹുഭാഷിതത്വം (Multilingualism). ലോകജനസംഖ്യയിൽ ഏകഭാഷസംസാരിക്കുന്നവരെക്കാൾ ഏറെക്കൂടുതലാണ് ബഹുഭാഷസംസാരിക്കുന്നവർ. യൂറോപ്യന്മാരിൽ പകുതിയിലേറെയും മാതൃഭാഷ കൂടാതെ ഒന്നോ അതിലധികമോ ഭാഷ സംസാരിക്കുന്നവരാണ്. എന്നാൽ എഴുതാനും വായിക്കാനുംവേണ്ടി ജനസമൂഹങ്ങൾ മിക്കവാറും മാതൃഭാഷതന്നെയാണ് ഉപയോഗിക്കുന്നത്. വ്യത്യസ്തഭാഷ സംസാരിക്കുന്ന ജനതകളുടെ സമ്പർക്കമാണ് ബഹുഭാഷിതത്വത്തിന് കാരണം. ആഗോളവൽകരണത്തിന്റെ ഫലമായി ജോലി, കച്ചവടം, ഇതര സാംസ്കാരികസമ്മേളനങ്ങൾ എന്നിവയോട് ബന്ധപ്പെട്ട് ലോകമെമ്പാടുമുള്ള ജനങ്ങൾ പരസ്പരസമ്പർക്കത്തിലേർപ്പെടുന്നത് സ്വാഭാവികമാണ്. ഈ സാഹചര്യത്തിൽ ബഹുഭാഷിതസമൂഹം ഏറെ പ്രസക്തമായിത്തീരുന്നു.

ഇന്റർനെറ്റ് സംവിധാനങ്ങൾ വ്യാപകമായതോടെ ഭൗതിക സമ്പർക്കമില്ലാതെതന്നെ ഭിന്ന ഭാഷസംസാരിക്കുന്ന ആളുകൾ വിവിധ ആവശ്യങ്ങൾക്കായി ഗൂഗിൾ മീറ്റ്, സൂം, വെബെക്സ് തുടങ്ങിയവയുടെ സഹായത്തോടെ അവാസ്തവിക കൂട്ടായ്മകൾ (Virtual Meetings) സംഘടിപ്പിക്കുന്നത് സാധാരണമായിട്ടുണ്ട്. കോവിഡ്-19 മഹാമാരി പോലുള്ള അടിയന്തിര സാഹചര്യങ്ങൾ ഇത്തരം അവാസ്തവിക കൂട്ടായ്മകളെ അനിവാര്യമാക്കുന്നുമുണ്ട്. ഇതോടെ വിഭിന്നഭാഷക്കാരായ ആളുകളുടെ ഭൗതികസമ്പർക്കമാണ് ബഹുഭാഷിതത്വത്തിനുകാരണമെന്ന പഴയ സങ്കല്പം കാലഹരണപ്പെട്ടു. ലോകത്തെല്ലായിടത്തും പലവിധ കാരണങ്ങളാൽ ഒന്നിലേറെ ഭാഷകൾ സംസാരിക്കുന്നവരുടെ എണ്ണം

അനുദിനമെന്നോണം വർദ്ധിച്ചുവരുന്നു. ഇങ്ങനെ നിരവധി ഭാഷകൾ സംസാരിക്കുന്നവരെ പോളിഗ്ലോട്ടുകൾ (Polyglots) എന്നു വിശേഷിപ്പിക്കുന്നു. ഇവർ ബഹുഭാഷാപ്രാവീണ്യമുള്ളവരാണെങ്കിലും ശൈശവകാലത്തുതന്നെ കൈവരിച്ച ഭാഷയെ തങ്ങളുടെ ഒന്നാംഭാഷയായി കരുതി പരിപാലിച്ചുപോരുന്നവരാണ്.

പല രാജ്യങ്ങളും ഓരോ ഭാഷയെ മാത്രമേ അംഗീകരിച്ചിട്ടുള്ളു. എങ്കിലും അതാത് രാജ്യപരിധിക്കുള്ളിൽ നിരവധി ചെറുതും വലുതുമായ ഭാഷകൾ നിലനിൽക്കുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. സമകാലിക സാഹചര്യത്തിൽ ഇതരഭാഷകളെ ആദരിക്കുന്ന മനോഭാവം വളർന്നുവരുന്നുണ്ട്. ഒട്ടുമിക്ക ഏഷ്യൻ നിവാസികളും വിദ്യാഭ്യാസം, തൊഴിൽ, വ്യവസായം എന്നിവയുമായി ബന്ധപ്പെട്ട് ഇംഗ്ലീഷ് സംസാരിക്കുന്നവരാണ്. അതുപോലെ യൂറോപ്യൻ രാജ്യങ്ങളിലെ കുടിയേറ്റക്കാർക്ക് അവരുടെ മാതൃഭാഷ നിർലോപം ഉപയോഗിക്കാനുള്ള സാധ്യതയും ഇന്ന് നിഹനിക്കപ്പെടുന്നില്ല. ബഹുഭാഷാപ്രയോഗസാധ്യതകൾ നിരന്തരം പരിവർത്തന വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഓരോ രാജ്യത്തിന്റെയും നിയമങ്ങൾ, രാജ്യാന്തരബന്ധങ്ങൾ, യുദ്ധം, പ്രകൃതിക്ഷോഭങ്ങൾ, മഹാമാരികൾ എന്നിവയൊക്കെ ഒരു രാജ്യത്തിന്റെ ഭാഷാവ്യവസ്ഥയെ സ്വാധീനിച്ചുകൊണ്ടാണിരിക്കുന്നത്.

**ദ്വിഭാഷിതത്വം (Bilingualism)**

രണ്ടുഭാഷകൾ ഒരേ നിലവാരത്തിൽ കൈകാര്യം ചെയ്യാൻ വ്യക്തിക്കോ സമൂഹത്തിനോ ഉള്ള ശേഷിയാണ് ദ്വിഭാഷിതത്വം (Bilingualism). പ്രവാസസമൂഹങ്ങൾ തദ്ദേശീയരുമായി ദീർഘകാലം ഇടകലർന്നു ജീവിക്കുകയും സാമൂഹിക സാംസ്കാരികതലങ്ങളിൽ സമതുലനം പാലിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ദ്വിഭാഷാസമൂഹങ്ങൾ വളർന്നുവരുന്നത്. മാതാപിതാക്കളും മുതിർന്നവും രണ്ടുഭാഷ സംസാരിക്കുന്ന പ്രദേശങ്ങളിലെ കുട്ടികൾ സ്വഭാവികമായും ദ്വിഭാഷികളാകാനുള്ള സാധ്യത കൂടുതലാണ്. രണ്ട് വ്യത്യസ്തഭാഷയും സാമൂഹികക്രമവും നിലനിൽക്കുന്ന സമൂഹങ്ങളിലാണ് ദ്വിഭാഷാസമൂഹം പ്രസക്തമാകുന്നത്.

ദ്വിഭാഷിത്വം രണ്ടുവിധത്തിലുണ്ട്. ദ്വിഭാഷ നിലനിൽക്കുന്ന സാമൂഹിക ചുറ്റുപാടിൽനിന്ന് ശിശു രണ്ടുഭാഷകളും ആർജ്ജിക്കുന്നതിനെ സ്വഭാവിക ദ്വിഭാഷിത്വം (Natural Bilingualism) അല്ലെങ്കിൽ പ്രാഥമിക ദ്വിഭാഷിത്വം (Primary Bilingualism)എന്നുപറയുന്നു. കുട്ടിയുടെ മാതാപിതാക്കൾ രണ്ടുഭാഷകളും കൈകാര്യംചെയ്യാൻ ശേഷിയുള്ളവരായിരിക്കുകയും രണ്ടുഭാഷകളും പരിശീലിക്കാൻ അനുകൂലമായ സാഹചര്യം നിലനിൽക്കുകയും ചെയ്യുമ്പോഴാണ് ശിശുക്കൾ സ്വഭാവിക ദ്വിഭാഷാശേഷി കൈവരിക്കുന്നത്. ഇത്തരം അനുകൂലസാഹചര്യം ഇല്ലാതിരിക്കേ ഒരാൾ വിദ്യാഭ്യാസം, ജോലി തുടങ്ങിയ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന്റെ ഭാഗമായി വ്യവസ്ഥാപിതമായും ഘടനാപരമായും ഉള്ള നിബന്ധനകൾക്കു വിധേയമായി ദ്വിഭാഷിതത്വം നേടിയെടുക്കാറുണ്ട്. ഇതിനെ ആർജ്ജിത ദ്വിഭാഷിത്വം (Achieved Bilingualism) അല്ലെങ്കിൽ ദ്വിതീയ ദ്വിഭാഷിതത്വം (Secondary Bilingualism) എന്നുപറയുന്നു.

അധിനിവേശം, ആക്രമണം എന്നിവയൊക്കെ ജനതയുടെ കൂടിക്കലരലിനും അനുബന്ധമായ ഭാഷാമിശ്രിതത്തിനും വഴിതെളിക്കുന്നു. അധികാരവർഗ്ഗത്തിന്റെ ഭാഷ ഭരണീയരെ സ്വാധീനിക്കുകയും അവർ ഭരണാധികാരികളുടെ ഭാഷ വശമാക്കുകയുംചെയ്യുന്നു. വിദ്യാഭ്യാസം, ജോലി, കച്ചവടം എന്നിവയുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഡയസ്പെറകളാണ് ദ്വിഭാഷിതത്വത്തിന് നിദാനം. പ്രവാസജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന ഭാഷാസമ്മിശ്രങ്ങളാണ് നിലവിലുള്ള ഭാഷകളുടെ പരിണതിക്കും പുതിയ ഭാഷകളുടെ ഉത്ഭവത്തിനും മിക്കപ്പോഴും വഴിതെളിക്കുന്നത്.

**സങ്കരഭാഷ (Pidgin)**

സങ്കരഭാഷയെ കുറിക്കുന്ന പദമാണ് പിജിൻ (Pidgin). ബിസിനസ് എന്ന ഇംഗ്ലീഷ് വാക്കിന്റെ ചൈനീസ് ഉച്ചാരണത്തിൽനിന്നാണ് പിജിൻ എന്ന പദത്തിന്റെ നിഷ്പത്തി. ഒരു പൊതുഭാഷ ഇല്ലാത്ത സാഹചര്യത്തിൽ രണ്ടോ അതിലധികമോ വിഭാഗക്കാരുടെ ഇടയിൽ ആശയ

വിനിമയത്തിനായി രൂപപ്പെടുന്ന അവികസിത മിശ്രഭാഷയാണ് ഇത്. വ്യാപാരസംബന്ധമായും മറ്റും രണ്ടു ദേശക്കാർക്ക് ഒരുമിച്ച് പെരുമാറേണ്ടി വരുന്നിടത്തോ തങ്ങൾ താമസിക്കുന്ന രാജ്യത്തിന്റെ ഭാഷയിൽനിന്ന് വ്യത്യസ്തമായ ഭാഷകൾ സംസാരിക്കേണ്ടി വരുന്നിടത്തോ ആണ് ഇത്തരം സങ്കരഭാഷകൾ രൂപമെടുക്കുന്നത്. ഭാഷാപരമായ ആശയവിനിമയത്തിനുള്ള ലളിതമായ മാർഗമാണ് പിജിൻ. കാരണം വ്യക്തികൾക്കിടയിലോ വിവിധ സമൂഹങ്ങൾക്കിടയിലോ ഉണ്ടാകുന്ന പരസ്പരധാരണയിൽനിന്ന് രൂപമെടുക്കുന്നതാണ് ഈ ഭാഷാസ്വരൂപം. ഇത് ഏതെങ്കിലുമൊരു ഗണത്തിന്റെ മാതൃഭാഷയല്ല, താൽക്കാലിക ആവശ്യത്തിനുവേണ്ടി രൂപംകൊള്ളുന്നതും രണ്ടാംഭാഷയായി പഠിക്കുന്നതുമാണ് പിജിൻ.

വ്യത്യസ്തഭാഷാസമൂഹങ്ങൾ തമ്മിൽ ദീർഘകാലം നിലനിൽക്കുന്ന സമ്പർക്കം, അവർക്കിടയിൽ ആശയവിനിമയം ഉണ്ടാവേണ്ടതിന്റെ ആവശ്യകത, അതിനാവശ്യമായ പൊതുഭാഷയുടെ അഭാവം എന്നിങ്ങനെയുള്ള സാഹചര്യത്തിലാണ് പിജിനുകൾ രൂപപ്പെടുന്നത്. പിജിനുകളുടെ ആവിർഭാവത്തിന് മൂന്ന് ഭാഷകളുടെ സാന്നിദ്ധ്യം ആവശ്യമാണെന്നും അവയിലൊന്ന് മറ്റുള്ളവയുടെമേൽ ആധിപത്യം പുലർത്തണമെന്നും കീത്ത് വിന്നോം (Keith Whinnom) നിരീക്ഷിക്കുന്നു. ഭാഷയിലെ വാക്കുകൾ, ശബ്ദങ്ങൾ, പുരുഷാരത്തിന്റെ ശരീരഭാഷ, ശബ്ദാനുകരണം എന്നിവയിൽ നിന്നൊക്കെ സങ്കരഭാഷ രൂപപ്പെടുന്നു. ആശയവിനിമയത്തിന് അത്യന്താപേക്ഷിതമായ പദാവലികൾ മാത്രമാണ് പിജിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതരഭാഷയിൽനിന്ന് സ്വീകരിക്കുന്ന പദങ്ങൾ പൂർണ്ണമായും പുതിയ അർത്ഥംകൈവരിക്കുന്നു. ദേശ്യഭാഷാപദങ്ങളും അപരിഷ്കൃതഭാഷാപദങ്ങളുമൊക്കെ പിജിൻ ഭാഷയിലേക്ക് സ്വീകരിക്കപ്പെടുന്നതിനാൽ പ്രാരംഭഘട്ടത്തിൽ ഈ ഭാഷ അത്രയേറെ ആദരിക്കപ്പെടുന്നില്ല. എന്നാൽ അനേകം നാളത്തെ ഉപയോഗംകൊണ്ട് ഇത് ഒരു പ്രദേശത്തെ ജനങ്ങളുടെ ഒന്നാം ഭാഷയായി പരിണമിക്കാം. അതോടെ സങ്കരഭാഷ വെങ്കലഭാഷ (Creole) എന്ന നില കൈവരിക്കുന്നു.

**വെങ്കലഭാഷ (Creole)**

രണ്ടോ അതിലധികമോ ഭാഷകളുടെ കൂടിച്ചേരലിൽനിന്ന് പുതിയഭാഷയിലേക്ക് വികസിക്കുന്ന സ്ഥിരതയുള്ള സ്വാഭാവികഭാഷയാണ് ക്രിയോൾ (Creole). പിജിൻ സംസാരിക്കുന്നവരുടെ അനന്തരതലമുറക്ക് പ്രസ്തുതഭാഷ മാതൃഭാഷയായിത്തീരുന്നതോടെ അത് സ്വതന്ത്രഭാഷാസ്വഭാവം പുലർത്തുന്ന വെങ്കലഭാഷയായി പരിണമിക്കുന്നു. അതോടെ സങ്കരഭാഷയായ പിജിൻ ഒരു പൂർണ്ണഭാഷയായി രൂപപ്പെടുന്നു. ക്രിയോൾ എന്ന സംജ്ഞ ഫ്രഞ്ച് പദമായ ക്രയോളിൽനിന്നു രൂപമെടുത്തതാണ്. ഈ പദത്തിന് സ്പാനിഷിലെ ക്രിയേളോ, പോർച്ചുഗീസിലെ ക്രൗലോ എന്നീ പദങ്ങളുമായി ബന്ധമുണ്ട്. ഇവയെല്ലാം ജന്മം കൊടുക്കുക, പോറ്റിവളർത്തുക (to breed, to raise) എന്നർത്ഥമുള്ള ക്രിയാർ (criar) എന്ന ക്രിയയിൽനിന്നു പരിണമിച്ചതും ഉൽപാദിപ്പിക്കുക, സൃഷ്ടിക്കുക (to produce, to create) എന്നർത്ഥമുള്ള ക്രയർ (creare) എന്ന ലാറ്റിൻ പദത്തിൽനിന്ന് നിഷ്പന്നവുമാണ്.

വെങ്കലഭാഷയായ ക്രിയോളുകൾ ഏതൊരു സ്വതന്ത്രഭാഷയെയും പോലെ വ്യവസ്ഥാപിതമായ വ്യാകരണവും സുസ്ഥിരമായ പദാവലിയും ഉൾക്കൊള്ളുന്നവയാണ്. ലോകമെമ്പാടുമായി എത്ര ക്രിയോൾ ഭാഷകളുണ്ടെന്ന് കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. പതിനഞ്ചാം നൂറ്റാണ്ടുമുതൽ ഏതാണ്ട് നൂറോളം ഭാഷകൾ രൂപമെടുത്തതായി കരുതപ്പെടുന്നു. ഇംഗ്ലീഷ്, ഫ്രഞ്ച് തുടങ്ങിയ യൂറോപ്യൻ ഭാഷകളോട് ബന്ധപ്പെട്ടാണ് പല ക്രിയോളുകളും വളർന്നുവന്നിട്ടുള്ളത്. യൂറോപ്പിൽ വലിയ ചലനമുണ്ടാക്കിയ കണ്ടുപിടുത്തങ്ങളുടെ കാലഘട്ടം രാജ്യാന്തരയാത്രകൾക്കും അടിമക്കച്ചവടത്തിനുമൊക്കെ ആക്കം കൂട്ടി. ഇതിനോടനുബന്ധിച്ചുണ്ടായ കോളനിവത്കരണവും വിപുലമായ വാണിജ്യവ്യവസായങ്ങളും സങ്കരഭാഷകളുടെയും തുടർന്ന് ക്രിയോളുകളുടെയും ആവിർഭാവത്തിന് കാരണമായി. യൂറോപ്യൻ ഭാഷകളെ അടിസ്ഥാനമാക്കിയുള്ള ക്രിയോളുകൾക്കുപുറമേ ചൈനീസ്, അറബി തുടങ്ങിയ ഭാഷകളെ അടിസ്ഥാനമാക്കിയുള്ള ക്രിയോളുകളും ഉണ്ടായിട്ടുണ്ട്. പത്തു ദശലക്ഷത്തോളം ആളുകൾ സംസാരിക്കുന്ന ഹെയ്തി

യൻ ക്രിയോൾ (Haitian Creole) ആണ് ഇന്നുള്ളതിൽവച്ച് ഏറ്റവും വലിയ ക്രിയോൾ ഭാഷ.

പലവിധ കാരണങ്ങളാൽ മുതിർന്നവരാൽ നിർമ്മിക്കപ്പെടുന്ന സങ്കരഭാഷ അവരുടെ കുട്ടികളുടെ മാതൃഭാഷയും പ്രഥമഭാഷയുമായി മാറുന്നു. ഈ പ്രക്രിയ തദ്ദേശവത്കരണം (Nativization) എന്നറിയപ്പെടുന്നു. സങ്കരസാമൂഹികഘടന നിലനിൽക്കുന്ന പ്രദേശത്തെ അധീശസമൂഹത്തിന്റെ ഭാഷയിലെ പദാവലികളാണ് മുഖ്യമായും ക്രിയോൾ ഭാഷയിൽ കടന്നുവരുന്നത്. എന്നാൽ സ്വനിമപരവും അർത്ഥപരവുമായ വ്യതിയാനത്തോടെയാണ് അവ സ്വീകരിക്കപ്പെടുന്നത്.

## കേരളത്തിന്റെ പ്രവാസപാരമ്പര്യവും ഭാഷയും

ഡയസ്പെറയെന്ന പരികല്പന ഇന്നു വിശാലമായ അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. സുദീർഘവും സ്ഥിരവുമായ അന്യദേശവാസങ്ങളെ എന്നപോലെ തൊഴിൽ, വാണിജ്യം എന്നിവയുമായി ബന്ധപ്പെട്ടുണ്ടാകുന്ന അനതിദീർഘമായ അന്യദേശവാസങ്ങളെയും പ്രവാസമായാണ് കണക്കാക്കുന്നത്. ഭൂമിശാസ്ത്രപരമായി വിലയിരുത്തുമ്പോൾ പ്രവാസത്തിൽ രണ്ടു ദേശങ്ങളുണ്ട്. പ്രവാസിയുടെ സ്വദേശവും അയാൾ എത്തിച്ചേരുന്ന അന്യദേശവും. അപ്പോൾ ഒരേ സമയം രണ്ടു രാജ്യങ്ങൾ പ്രവാസമെന്ന സങ്കല്പവുമായി ബന്ധപ്പെടുന്നു. ലോകചരിത്രം പരിശോധിച്ചാൽ ഡയസ്പെറയുമായി ബന്ധപ്പെട്ട് ഇത്തരം രണ്ട് സ്വത്വങ്ങൾ - പ്രവാസരാജ്യവും പ്രവാസിയുടെ രാജ്യവും - ഒട്ടെല്ലാരാജ്യങ്ങളും പ്രതിനിധാനം ചെയ്യുന്നതായി കാണാം. യൂറോപ്യൻ രാജ്യങ്ങൾ ഇതിന് ഉത്തമ ഉദാഹരണമാണ്. കോളനിവൽക്കരണത്തിന്റെ ഭാഗമായി അവർ വിവിധ രാജ്യങ്ങളിലേക്ക് കുടിയേറി, അതേസമയം വ്യവസായിക ആവശ്യങ്ങൾക്കുംമറ്റുമായി ധാരാളം ആളുകളെ അവിടേക്ക് കൊണ്ടുവരുകയുംചെയ്തു. ഇതേപോലെ തന്നെ ഒരേ സമയം പ്രവാസദേശവും പ്രവാസിയുടെ ദേശവുമായി നിലകൊണ്ട പ്രദേശമാണ് കേരളവും.

കച്ചവടത്തിനും മറ്റുമായി വളരെ പണ്ടുകാലത്തുതന്നെ കേരളത്തിലേക്ക് വിദേശികളുടെ ആഗമനമുണ്ടായി. “ഓർമ്മയെത്താത്ത

കാലം മുതലേ കേരളത്തിന് വിദേശരാജ്യങ്ങളുമായി ബന്ധമുണ്ടായിരുന്നു. അറബികൾ, അസ്സീറിയക്കാർ, ബാബിലോണിയക്കാർ, ഫിനീഷ്യന്മാർ, ഇസ്രായേൽക്കാർ, ഗ്രീക്കുകാർ, റോമക്കാർ, ചീനക്കാർ തുടങ്ങയവരാണ് പ്രാചീനകാലത്ത് കേരളവുമായി ബന്ധം പുലർത്തിയിരുന്ന വിദേശിയർ." (എ. ശ്രീധരമേനോൻ, കേരളചരിത്രം, പുറം. 65) ആദ്യ കാലത്തെ ഒട്ടെല്ലാ സാംസ്കാരിക കേന്ദ്രങ്ങളുമായി കേരളം ബന്ധം പുലർത്തിയിരുന്നു എന്നാണ് ഇതിൽനിന്നു മനസ്സിലാക്കേണ്ടത്. ആദ്യകാലങ്ങളിലെല്ലാം കേരളം ഒരു പ്രവാസഭൂമിയായി നിലകൊള്ളുന്നതായിട്ടാണ് കാണുന്നത്. ബ്രിട്ടീഷ് ആധിപത്യകാലം മുതലാണ് കേരളത്തിൽനിന്ന് അന്യനാടുകളിലേക്കുള്ള പലവിധ യാത്രകൾ വ്യാപകമാകുന്നതും കേരളം പ്രവാസികളുടെ ദേശമായി മാറുന്നതും.

ആദിമകാലം മുതൽതന്നെ കച്ചവടത്തിനായി കേരളത്തിലെത്തിയ വിദേശിയർക്ക് തദ്ദേശിയരുമായി ഇടപെടേണ്ട സാഹചര്യം സംജാതമായപ്പോൾ അവർ നേരിട്ട പ്രധാന പ്രശ്നങ്ങളിലൊന്ന് ഭാഷാപരമായിരിക്കാനിടയുണ്ട്. മനുഷ്യസഹജമായ സിദ്ധിവിശേഷങ്ങൾ കൊണ്ട് അന്നത്തെ ജനത ഇതിനെ മറികടന്നുവെന്നുള്ളതും യാഥാർത്ഥ്യമാണ്. വിഭിന്നഭാഷാസമൂഹങ്ങളിൽ ഉൾപ്പെടുന്നവർ സമ്പർക്കത്തിലേർപ്പെടുമ്പോൾ ഭാഷാപരമായ സമ്പർക്കം (Language contact) ഉണ്ടാകുന്നു. "ഭാഷാസമ്പർക്കത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയുടെ ഭാഷയ്ക്ക് (ഇത് അയാളുടെ മാതൃഭാഷ തന്നെ ആകണമെന്നില്ല) പ്രാഥമിക ഭാഷ (Primary Language) എന്നും ഏതു ഭാഷയുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നുവോ, അതിനെ ദ്വിതീയഭാഷ (Secondary Language)എന്നും പറയാം... ഇപ്രകാരം സമ്പർക്കത്തിൽ ഏർപ്പെടുമ്പോൾ, രണ്ടു ഭാഷകളോ ഉപഭാഷകളോ വ്യക്തിഭാഷകളോ ഒരളവുവരെ ഉപയോഗിക്കേണ്ടിവരുന്ന വ്യക്തിയെ നമുക്ക് ദ്വിഭാഷകൻ (Bilingual) എന്നുവിളിക്കാം." (ഡോ. പി.എം. ജോസഫ്, മലയാളത്തിലെ പരകീയപദങ്ങൾ, പുറം 4) ഇത്തരത്തിലുള്ള ദ്വിഭാഷാസമൂഹങ്ങൾ കേരളത്തിന്റെ വിവിധയിടങ്ങളിൽ, പ്രത്യേകിച്ച് വിദേശകച്ചവടക്കാരുമായുള്ള സമ്പർക്കം ശക്തമായി നിലനിന്ന തുറമുഖപ്രദേശങ്ങളിൽ നിലനിന്നിരുന്നു.

വർണ്ണവിന്യാസക്രമം, പ്രത്യയങ്ങൾ, പദങ്ങൾ, വാക്യഘടന എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ് ഒരു ഭാഷയുടെ സംരചന (Structure). രണ്ടു ഭാഷകൾ തമ്മിൽ ഇടകലന്നു പ്രവർത്തിക്കുന്ന ദ്വിഭാഷാസമൂഹങ്ങളിൽ ഭാഷാസംരചനാഘടകങ്ങൾ പരസ്പരം കൈമാറ്റം ചെയ്യപ്പെടുന്നു. ഒരു ഭാഷയുടെ ഘടന പരിമിതമായിരിക്കുന്ന സാഹചര്യത്തിൽ അതുമായി ബന്ധം പുലർത്തുന്ന ദ്വിതീയഭാഷയിലെ സംരചനാഘടകങ്ങളിൽ തങ്ങളുടെ ഭാഷയുടെ വളർച്ചയ്ക്ക് ആവശ്യമായ ഘടകങ്ങളെ പ്രാഥമിക ഭാഷയിലേക്ക് സ്വീകരിക്കുന്നത് സാധാരണമാണ്. ഇപ്രകാരം ഒരു ഭാഷയ്ക്കു മറ്റൊരു ഭാഷയുടെമേൽ സ്വാധീനമുണ്ടാകുന്ന പ്രക്രിയയാണ് ഭാഷാസങ്കലനം (Language interference). ഈ സങ്കലനത്തിൽ പ്രാഥമികമായതും ഏറ്റവും പ്രധാനപ്പെട്ടതുമായ സ്വാധീനം പ്രകടമാകുന്നത് പദതലത്തിലാണ്. തന്റെ മാതൃഭാഷയിൽ ഒരു സവിശേഷ അർത്ഥത്തെ ദ്യോതിപ്പിക്കാൻ പര്യാപ്തമായപദങ്ങൾ ഇല്ലെന്നു തോന്നുന്നപക്ഷം ഭാഷകൻ ദ്വിതീയഭാഷയിൽ നിന്ന് ആവശ്യമായ പദങ്ങൾ സ്വീകരിക്കുന്നു. ഇത് ലോകത്തെ എല്ലാഭാഷകളിലും എല്ലാക്കാലത്തും നടന്നുവരുന്ന ഒരു ഭാഷാപ്രക്രിയ മാത്രമാണ്. ഇങ്ങനെ ഇതരഭാഷാപദങ്ങളെ മറ്റൊരു ഭാഷയിൻനിന്നു സ്വഭാഷയിലേക്ക് സ്വീകരിക്കുന്നതിന് ആദാനം(Borrowing) എന്നു പറയുന്നു.

കേരളത്തിലേക്കുള്ള വിദേശികളുടെ ആഗമനത്തെത്തുടർന്ന് നിരവധി അന്യഭാഷാപദങ്ങൾ മലയാളത്തിലേക്കു കടന്നുവരുകയും ഭാഷയുടെ വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ഭാഷയ്ക്കിണങ്ങുന്ന പരിവർത്തനത്തോടുകൂടിയാണ് പദങ്ങൾ ആദാനം ചെയ്തിട്ടുള്ളത്. പേർഷ്യൻ, ഹീബ്രു, അറബി, സുറിയാനി, ഗ്രീക്ക്, ലത്തീൻ എന്നീ ഭാഷാപദങ്ങൾ മലയാളഭാഷയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ ഭാഷകളെല്ലാം തന്നെ അതാതു ദേശത്തെ മതവിശ്വാസങ്ങളുമായി ബന്ധപ്പെട്ട് വളർന്നു വികസിച്ചിട്ടുള്ളവയാണ്. കച്ചവടത്തിനായി കേരളത്തിലെത്തിയ വിദേശികളുമായുള്ള നിരന്തര സമ്പർക്കത്തിൽനിന്നാണ് ഈ ഭാഷയിലെ എണ്ണമറ്റ പദങ്ങൾ മലയാളപദസഞ്ചയത്തിലേക്ക് കടന്നുവന്നത്. കൂജ, പിഞ്ഞാണം, നങ്കൂരം, സവാരി, ഗുസ്തി തുടങ്ങിയ പദങ്ങൾ പേർഷ്യൻ ഭാഷ

യിൽ നിന്ന് സ്വീകരിച്ചവയാണ്. കിന്നരം, മിശിഹാ, കാനാൻ, തുട ങ്ങിയവയൊക്കെ ഹീബ്രുപദങ്ങളാണ്. സുൽത്താൻ, ഇനാം, അസാരി, ജില്ല, താലൂക്ക് എന്നിങ്ങനെ എത്രയോ പദങ്ങൾ അറബിയിൽനിന്ന് ഭാഷയിലേക്ക് കടന്നുവന്നിട്ടുണ്ട്. കപ്യാർ, കാസാ, സ്ലീവാ, ഓശാന എന്നിങ്ങനെ അനേകം സുറിയാനി പദങ്ങൾ നമ്മുടെ നിത്യോപയോ ഗത്തിലുണ്ട്. ലുത്തിനിയ, സൂനഹദോസ്, കാനോൻ എന്നിങ്ങനെ ക്രിസ്തുമതവുമായി ബന്ധമുള്ള നിരവധി പദങ്ങൾ ഗ്രീക്കിൽ നിന്ന് ആദാനം ചെയ്തിട്ടുള്ളവയാണ്. പത്രമേനി, ബോണസ്, അൾത്താര, അരുളിക്ക തുടങ്ങിയ പദങ്ങൾ ലത്തീൻഭാഷയിൽനിന്ന് കടന്നു വന്നവയാണ്. കേരളത്തിലെ മുസ്ലീം, ക്രിസ്ത്യൻ സമുദായങ്ങളുടെ മതപരവും സാമൂഹികവുമായ ജീവിതവുമായി ബന്ധപ്പെട്ടാണ് ഈ വിദേശഭാഷാപദങ്ങളിൽ പലതും നിലനിൽക്കുന്നത്. മേൽപ്പറഞ്ഞ വിദേശഭാഷകളും മലയാളഭാഷയുമായുള്ള ബന്ധം ഏറെയും പദഘട നാതലത്തിലാണ് പ്രകടമാകുന്നത്. എന്നാൽ പ്രാകൃത സംസ്കൃത ഭാഷകളും കേരളഭാഷയുമായുള്ള ബന്ധം ഭാഷയുടെ സംരചനയെ വിവിധതലങ്ങളിൽ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്.

വ്യക്തമായ ചരിത്രസൂചനകൾ ലഭ്യമല്ലെങ്കിലും കേരളത്തിലേ ക്കുള്ള ആര്യന്മാരുടെ കടന്നുവരവും സാമൂഹികജീവിതത്തിന്റെ ഭിന്നതലങ്ങളിൽ അവർ ചെലുത്തിയ സ്വാധീനങ്ങളും നിസ്തർക്ക വസ്തുതയായി നിലനിൽക്കുന്നു. പരശുരാമൻ കേരളം സൃഷ്ടിച്ച് നമ്പൂ തിരിമാരെ ഇവിടെ പാർപ്പിച്ചു എന്നുള്ള ഐതിഹ്യവും അഗസ്ത്യ മുനിയുടെ ദക്ഷിണദേശത്തേക്കുള്ള യാത്രയുമൊക്കെ ആര്യന്മാരുടെ കേരളപ്രവേശനത്തെയാണ് ഭംഗ്യന്തരേണ സൂചിപ്പിക്കുന്നത്. കേരള ത്തിൽ ആദ്യമെത്തിയ ആര്യന്മാർ ബുദ്ധജൈനമതക്കാർ ആയിരുന്നു എന്നാണ് പൊതുവെ കരുതപ്പെടുന്നത്. ജൈനരെയും ബൗദ്ധരെയും പിന്തുടർന്ന് ബി. സി. 3-ാം ശതകത്തിൽ തന്നെ ആര്യന്മാർ കേരള ത്തിലേക്ക് കടന്നുവന്നതായി ചരിത്രകാരന്മാർ നിരീക്ഷിക്കുന്നു. സംഘ കാലത്ത് ചില ബ്രാഹ്മണരെങ്കിലും സാഹിത്യരംഗത്തും മതപരമായ മേഖലയിലും പ്രാമാണ്യം കൈവരിച്ചതിന്റെ സൂചനയുണ്ട്. ഏതാ യാലും വൈദികകാലത്തുപോലും ദക്ഷിണദേശം ആര്യാവർത്തത്തിൽ

അറിയപ്പെട്ടിരുന്നു എന്നതിന് മതിയായ തെളിവുകളുണ്ട്. ആര്യ സമൂഹത്തിൽനിന്ന് പുറന്തള്ളപ്പെട്ട ഒരുവൻ ദക്ഷിണദിക്കിലേക്ക് പോയതായി ഋഗ്വേദത്തിലെ പത്താംമണ്ഡലത്തിൽ സൂചനയുണ്ട്. ഐതരേയാരണ്യകത്തിലുള്ള ചേരപാദം എന്ന പ്രയോഗം ചേരരാജ്യത്തെ ബ്രാഹ്മണരെയാണ് സൂചിപ്പിക്കുന്നതെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. വാല്മീകി രാമായണത്തിൽ കേരളത്തെക്കുറിച്ച് വ്യക്തമായ പരാമർശമുണ്ട്. സീതാന്വേഷണത്തിനായി പോകേണ്ട സ്ഥലങ്ങളുടെ കൂട്ടത്തിൽ കേരളത്തെയും നിർദ്ദേശിക്കുന്നുണ്ട് സുഗ്രീവൻ. മഹാഭാരതത്തിലും കേരളത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഏതായാലും വളരെ പണ്ടുമുതലേ ചിരപരിചിതമായിരുന്ന കേരളദേശത്തേക്ക് ദീർഘയാത്രചെയ്ത് ആര്യന്മാരിവിടെ എത്തിച്ചേർന്നു എന്നത് പൊതുവേ സ്വീകാര്യമായ വസ്തുതയാണ്. കേരളത്തിൽ എത്തിച്ചേർന്ന ആര്യന്മാരുടെ പ്രാകൃതസംസ്കൃതഭാഷകൾ കേരളഭാഷയിൽ ചെലുത്തിയ സ്വാധീനം വിദേശഭാഷകളുടെതിൽനിന്ന് തുലോം ഭിന്നമായിരുന്നു. കച്ചവടത്തിനും പിന്നീട് മതപ്രചാരണത്തിനുമായി കേരളത്തിലെത്തിയ വിദേശിയരുടെ ഭാഷകൾ മുഖ്യമായും പദതലത്തിലാണ് മലയാളത്തെ സ്വാധീനിച്ചത്. എന്നാൽ കേരളത്തിൽ വന്ന് വാസമുറപ്പിച്ച ആര്യന്മാർ കേരളീയസംസ്കാരത്തെയും ഭാഷയെയും അക്ഷരാർത്ഥത്തിൽ നവീകരിച്ചു.

മലയാളഭാഷയുടെ ഉൽപ്പത്തിയെ സംബന്ധിച്ച പ്രധാന വാദഗതികളുടെയെല്ലാം സാരസത്ത ആദിദ്രാവിഡത്തിന്റെ ഒരു സ്വതന്ത്രശാഖയാണ് മലയാളമെന്നതത്രേ. മലയാളഭാഷ ഇന്നു ക്ലാസ്സിക്കൽ ഭാഷാപദവി കൈവരിച്ചിരിക്കുന്നതും ഈ പ്രബലധാരണയുടെ അടിസ്ഥാനത്തിൽതന്നെ. 1500 വർഷത്തെ പഴക്കവും സാഹിത്യപാരമ്പര്യവും മലയാളത്തിന് അവകാശപ്പെടാൻ കഴിയുന്നത് ആദിദ്രാവിഡഭാഷയുടെ പൈതൃകം മലയാളഭാഷയ്ക്കുകൂടി പൊതുവായതുകൊണ്ടാണ്. ആദിദ്രാവിഡഭാഷയുടെ വാമൊഴി വഴക്കമാണ് പലവിധ കാരണങ്ങളാൽ മലയാളമായി പരിണമിച്ചത്. ഇക്കാര്യം ഏ.ആർ. രാജരാജവർമ്മ കേരളപാണിനീയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. "ഇപ്പോഴത്തെ മധുരജില്ലയിൽ നടപ്പായിരുന്ന ഭാഷയ്ക്ക് ചെന്തമിഴ് എന്നും

മേൽപറഞ്ഞ പന്ത്രണ്ടുദേശങ്ങളിൽ നടപ്പായിരുന്ന ഭാഷയ്ക്ക് കൊടുന്തമിഴ് എന്നും ആണ് തമിഴ് ഗ്രന്ഥകാരന്മാർ പേർ കൊടുത്തിരുന്നത്. പന്ത്രണ്ടു ദേശങ്ങൾ എടുത്തുപറഞ്ഞതിൽ കൂട്ടം, കുടം, കർക്കാ, വെൺ, പൂഴി ഈ അഞ്ചും ഇന്നത്തെ കേരളഖണ്ഡത്തിൽ ഉൾപ്പെട്ടവയാണ്." (ഏ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, പുറം. 52) ഈ അഞ്ചുനാടുകളിലെ കൊടുന്തമിഴാണ് മലയാളമായി പരിണമിച്ചത്. ഈ അഭിപ്രായത്തെ തമിഴ്ജന്യവാദമെന്ന തലക്കെട്ടിലാണ് ഭാഷാപണ്ഡിതന്മാർ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പന്ത്രണ്ടുനാടുകളിലും നിലനിന്നിരുന്ന കൊടുന്തമിഴ് ആദിദ്രാവിഡ ഭാഷതന്നെയായിരുന്നു എന്ന് മനസ്സിലാക്കുന്നതോടെ തമിഴ്ജന്യവാദത്തെ സ്വതന്ത്രശാഖാവാദത്തിലേക്ക് പരിവർത്തിപ്പിക്കാവുന്നതേയുള്ളൂ. ഏതായാലും മലയാളഭാഷാരൂപീകരണത്തിലേക്ക് നയിച്ച ബാഹ്യകാരണങ്ങളിൽ പ്രധാനപ്പെട്ടതായി ഏ.ആർ. ചൂണ്ടിക്കാണിക്കുന്ന നമ്പൂതിരിമാരുടെ പ്രാബല്യവും ആര്യദ്രാവിഡസങ്കരവുമാണ് അന്നത്തെ വ്യവഹാരഭാഷയെ മലയാളമായി പരിണമിപ്പിച്ചതെന്ന വസ്തുത സർവ്വസമ്മതമാണ്. ആര്യാഗമനകാലത്ത് കേരളത്തിൽനിലനിന്ന വ്യവഹാരഭാഷ ആദിദ്രാവിഡഭാഷയുടെ പ്രാദേശികഭേദം തന്നെയായിരുന്നു. അത് തമിഴെന്നുതന്നെ വ്യവഹരിക്കപ്പെട്ടിരുന്നു. "തമിഴെന്ന് അക്കാലത്തു പറഞ്ഞുവന്ന സാമാന്യവ്യവഹാരഭാഷയെയാണ് ഹീനജാതിക്കാരുടെ ഭാഷയായി ലീലാതിലകകാരൻ കല്പിക്കുന്നത്. ദ്രാവിഡരായ കേരളനിവാസികളുടെ ഭാഷയാണ് തമിഴ് എന്നുപറയുന്നതും ശ്രദ്ധേയമാണ്." (ഇളംകുളം കുഞ്ഞൻപിള്ള, കേരളഭാഷയുടെ വികാസപരിണാമങ്ങൾ, പുറം 24,25)

ദ്രാവിഡഭാഷ സംസാരിച്ചിരുന്ന കേരളീയരുടെ ഇടയിലേക്കു കടന്നുവന്ന ആര്യന്മാർ ക്രമേണ ഇവിടത്തെ സാമൂഹിക സാംസ്കാരികരംഗത്ത് മേൽക്കൈ സ്ഥാപിച്ചു. കേരളീയർക്ക് ആരാധ്യമായി തോന്നിയ പല ആചാരവിശേഷങ്ങളും ആര്യന്മാർക്കുണ്ടായിരുന്നുതാനും. വിവാഹം പോലുള്ള ചടങ്ങുകളിലൂടെ തദ്ദേശീയരുമായി കൂടുതൽ അടുത്തിടപഴകാൻ ആര്യന്മാരും ശ്രമിച്ചു. ഒരു സമൂഹം മറ്റൊരു സമൂഹത്തിൽനിന്ന് സാംസ്കാരികഘടകങ്ങൾ (Cultural elements)

സ്വാംശീകരിക്കുമ്പോഴാണ് സാംസ്കാരികസങ്കലനവും അതിന്റെ സ്വാഭാവികപരിണതിയെന്നപോലെ ഭാഷാസങ്കലനവും (Language interference) ഉണ്ടാകുന്നത്. ഭാഷാസങ്കലനത്തിന്റെ ഫലമായി പ്രാഥമിക ഘട്ടത്തിൽ കൃത്രിമഭാഷകളും മിശ്രഭാഷകളും ഒരു പ്രദേശത്ത് രൂപപ്പെടാറുണ്ട്. ഭാഷാസങ്കലനത്തിന്റെ ആദ്യപടിയായ കൃത്രിമസ്വഭാവം പുലർത്തുന്ന പിജിൻ (Pidgin) ഭാഷാസ്വരൂപം മലയാള ഭാഷാരൂപീകരണത്തിന്റെ പ്രാഥമികഘട്ടത്തിൽ നിരീക്ഷിക്കാൻ കഴിയും. ഭാഷാസംസ്കൃതയോഗമായ മണിപ്രവാളത്തിൽ സംസ്കൃതവിഭക്ത്യന്തപദങ്ങളോടൊപ്പം സംസ്കൃതീകൃതഭാഷാപദങ്ങളെയും സംസ്കൃതമായിട്ടാണ് ലീലാതിലകകാരൻ ഗണിക്കുന്നത്. കൊങ്കയാ, ഊണുറക്കൗ, പുപൂകിരേ, മമണ്ടിരേ തുടങ്ങിയ സംസ്കൃതീകൃതഭാഷാരൂപങ്ങളിൽ കൃത്രിമത്വം ദർശിക്കാനാകും. പദതലത്തിൽ മാത്രമല്ല വ്യാകരണഘടകങ്ങളിലും ഇത്തരം കൃത്രിമത്വം അക്കാലത്തെ ഭാഷാപ്രയോഗങ്ങളിൽ പ്രകടമാണ്.

കൃത്രിമസങ്കരഭാഷ ഒരു ജനസമൂഹത്തിന്റെ പ്രഥമഭാഷയും മാതൃഭാഷയുമായി മാറുന്നതോടെ അവയെ ക്രിയോൾ (Creole) എന്നാണ് ആധുനികഭാഷാശാസ്ത്രം വിശേഷിപ്പിക്കുന്നത്. കേരളഭാഷയും സംസ്കൃതവും തമ്മിലുള്ള സംയോഗത്തിന്റെ ഫലമായി രണ്ടുഭാഷാസ്വഭാവത്തിൽനിന്നും ഭിന്നമായ ഒരു മിശ്രഭാഷ രൂപംകൊള്ളുന്നതായികാണാം. നമ്പ്യന്തമിഴ് കൃതികൾ, പ്രാചീനശാസനങ്ങൾ എന്നിവയൊക്കെ ഇതിലേക്ക് മതിയായ തെളിവുകൾ നൽകുന്നുണ്ട്. തലയും വാലുംപോയി മലയാളീകരിക്കപ്പെട്ട സംസ്കൃതപദങ്ങൾ ഉള്ളതിനാലാണല്ലോ നമ്പ്യാന്തമിഴിനെ ലീലാതിലകകാരൻ മണിപ്രവാളലോകത്തുനിന്ന് നിഷ്കാസനംചെയ്തത്. എന്നാൽ ഇങ്ങനെ ഭാഷീകരിക്കപ്പെട്ട അല്ലെങ്കിൽ ദ്രാവിഡഭാഷാരീതിക്ക് അനുരൂപപ്പെട്ട സംസ്കൃതഭാഷാപദങ്ങളാണ് പ്രാഥമികമായി മലയാളഭാഷാസ്വരൂപത്തെ നിർമ്മിക്കുകയും നിർണ്ണയിക്കുകയും ചെയ്തത്. ക്രമേണ, സംസ്കൃതഭാഷാപദങ്ങളെ ശരിയായി ഉച്ചരിക്കാനാവശ്യമായ അക്ഷരവ്യവസ്ഥ കൂടി ദേവനാഗരിയിൽനിന്ന് സ്വീകരിച്ചതോടെ കേരളഭാഷ, മലയാളമെന്ന പൂർണ്ണഭാഷാസ്വരൂപത്തിലേക്ക് പരിവർത്തിച്ചു. സൂക്ഷ്മമായി

നിരീക്ഷിച്ചാൽ ക്രിയോളീകരണം (Creolization) എന്ന് ഭാഷാശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്ന ഭാഷാപരിണാമത്തിന്റെ വിവിധദശകൾ മലയാളഭാഷാരൂപീകരണത്തിൽ പ്രകടമാണ്.

വ്യത്യസ്തഭാഷ സംസാരിക്കുന്നവർ ഒരേദേശത്ത് ഒന്നിച്ചു വസിക്കുകയും ഒരുമിച്ചുപെരുമാറുകയും ചെയ്യുമ്പോഴാണ് ഭാഷാസങ്കലം സംജാതമാകുന്നത്. "അധികവും ഇമ്മാതിരി സാഹചര്യം വരുന്നത് ഒരു ജനത മറ്റൊരു ജനതയെ യുദ്ധത്തിൽ കീഴ്പ്പെടുത്തുമ്പോഴാണ് അപൂർവ്വമായി സമാധാനപരമായി കുടിയേറ്റംകൊണ്ടും ഈ സ്ഥിതിവിശേഷം ഉണ്ടാകാം. ഫ്രാൻസിൽ റോമാക്കാരുടെയും ഇന്ത്യയിൽ മുഗളന്മാർ, ഇംഗ്ലീഷുകാർ തുടങ്ങിയവരുടെയും കുടിയേറ്റങ്ങൾ ആദ്യത്തേതിനും കേരളത്തിലെ നമ്പൂതിരിമാരുടെ കുടിയേറ്റം രണ്ടാമത്തേതിനും ഉദാഹരണമായി എടുക്കാം." (ഡോ. പി. എം. ജോസഫ്, മലയാളത്തിലെ പരകീയപദങ്ങൾ, പുറം 13) ഇത്തരം സങ്കരസമൂഹങ്ങളിൽ തദ്ദേശീയരെ അപേക്ഷിച്ച് കുടിയേറ്റക്കാർ സമൂഹത്തിൽ മേൽക്കോയ്മ സ്ഥാപിക്കുക സ്വഭാവികമാണ്. കേരളത്തിലെ ഭാഷാപരിണാമപ്രക്രിയയിലും ഇക്കാര്യം പ്രകടമായിക്കാണാം.

മലയാളഭാഷ അതിന്റെ പ്രാരംഭദശമുതലിന്നോളം പലവിധത്തിലുള്ള ഭാഷാസങ്കരങ്ങൾക്കും തദനുസൃദമായി പരിണാമങ്ങൾക്കും വിധേയമായിക്കൊണ്ടാണിരിക്കുന്നത്. ഇത് മലയാളത്തിന്റെ മാത്രം കാര്യമല്ല, ഏതൊരു ജീവൽഭാഷയിലും ഇത്തരത്തിലുള്ള പരിണാമങ്ങൾ സാധാരണമാണ്. ഭാഷാസങ്കലനത്തിനും പരിണാമത്തിനും പലവിധ കാരണങ്ങളുള്ളതിൽ ഡയസ്പെറ സംസ്കാരത്തിന്റെ സ്വാധീനവും നിർണ്ണായകമാണ്. ആദ്യകാലങ്ങളിൽ കേരളമൊരു പ്രവാസഭൂമിയായിരുന്നെങ്കിൽ പിന്നീട് പ്രവാസികളുടെ ഭൂമിയായിമാറി. ഇന്ത്യയ്ക്കകത്തും പുറത്തും കേരളജനത നടത്തിയ പ്രവാസങ്ങൾ മറ്റെല്ലാ മേഖലയിലും എന്നപോലെ ഭാഷയെയും ആഴത്തിൽ സ്വാധീനിച്ചുകൊണ്ടാണിരിക്കുന്നത്. ഈ ഡയസ്പെറ ജീവിതത്തിൽ സംസ്കൃതഭാഷയ്ക്കുപുറമേ മലയാളം എറ്റവുമധികം ബന്ധംപുലർത്തിയത് ഇംഗ്ലീഷുഭാഷയുമായാണ്. ഭാഷയുടെ വിവിധതലങ്ങളെ സ്വാധീനിച്ചു

കൊണ്ട് അതിന്നും അഭംഗുരം തുടരുകയാണ്. മലേഷ്യ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലേക്കും പിന്നീട് ഗൾഫ് രാജ്യങ്ങളിലേക്കും യൂറോപ്യൻ രാജ്യങ്ങളിലേക്കും മലയാളി നടത്തിയ യാത്രകൾ ഭാഷയിൽ ഏറെ പരിണതികൾ വരുത്തിയിട്ടുണ്ട്. സൈബർ വിനിമയം സജീവമായിരിക്കുന്ന ഇക്കാലത്ത് അവ പുതിയ മാനം കൈവരിച്ചിരിക്കുന്നു. ഭൗതികപ്രവാസമില്ലാതെ തന്നെ ഡയസ്പെറ സംസ്കാരം ഇന്ന് വിനിമയം ചെയ്യപ്പെടുന്നു. ഈ സവിശേഷ സാഹചര്യത്തിൽ ഡയസ്പെറയുടെ സാംസ്കാരികപശ്ചാത്തലത്തിൽ മലയാളഭാഷാ പഠനം ഇനിയും ഏറെ വികസിതമാകേണ്ടതുണ്ട്.

**ഗ്രന്ഥസൂചി**


1. കുഞ്ഞൻപിള്ള, ഇളംകുളം, കേരളഭാഷയുടെ വികാസപരിണാമങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1953
2. കുഞ്ഞൻപിള്ള, ഇളംകുളം, (വ്യാഖ്യാ.), ലീലാതിലകം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2009
3. ജോസഫ്, പി. എം., ഡോ., മലയാളത്തിലെ പരകീയപദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1995
4. ജോർജ്ജ്, കെ. എം., ഡോ., (എഡി.) സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1989.
5. പ്രതീഷ്, എ. എസ്., ഡോ., (എഡി.), പ്രവാസസാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന്തപുരം, 2019
6. പ്രബോധചന്ദ്രൻനായർ, വി. ആർ., ഡോ., ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2009
7. രാജരാജവർമ്മ, ഏ. ആർ., കേരളപാണിനീയം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2008

8. ശിവദാസ്, കെ. കെ., പ്രവാസം പ്രതിനിധാനവും സർഗ്ഗാത്മ കതയും, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്, 2019

9. ശ്രീധരമേനോൻ, എ., കേരളചരിത്രം, ഡി. സി. ബുക്സ്, കോട്ടയം, 2008

10. Bernard Spolsky, The Languages of Diaspora and Return, Brill Publishers, Leiden, 2017

11. Parvati Raghuram,Ajaya Kumar Sahoo, Brij Maharaj, Dave Sangha, (Eds.), Tracing an Indian Diaspora, Contexts, Memories, Representations, Sage Publications, New Delhi, 2008

12. Robin Cohen , Carolin Fischer, (Eds.), Routledge Handbook of Diaspora Studies, Routledge,New York, 2019

# ഭാഷാപഠനവും ചിന്താനൈപുണികളും

**ഡോ. ശ്രീവൃന്ദാനായർ എൻ.**

**അസിസ്റ്റന്റ് പ്രൊഫസർ**
**എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ്, പന്തളം**

**സംഗ്രഹം**

ഏതൊരു പഠനവും പോലെ ഭാഷാപഠനവും ഒരു കലയാണ്. ബോധമനസ്സോടു കൂടി മാത്രമേ ഏതൊരു കലയും അഭ്യസിക്കുവാൻ കഴിയുകയുള്ളു. ശ്രദ്ധയെയും ജാഗ്രതയെയും ഒരേ വഴിക്കു നടത്തിയാൽ മാത്രമേ ഇതു സാദ്ധ്യമാവുകയുള്ളു. പഠനോത്സുകരായ കുട്ടികളെ രൂപപ്പെടുത്തിയെടുക്കുക എന്നത് ഏറെ ശ്രമകരമായ പ്രവർത്തനമാണ്. കുട്ടികളുടെ മനോഭാവത്തിൽ ഗുണാത്മകമാറ്റം വരുത്തി അവരിലെ ക്രിയാത്മകതയെയും ഭാവനയെയും ഉണർത്താൻ കഴിയുന്നിടത്തു പഠനം പൂർണ്ണമാകും. പ്രായോഗികബുദ്ധിയോടെ ജീവിതത്തെ സമീപിക്കുവാനുള്ള ബാലപാഠങ്ങൾ കുട്ടികൾക്കു ലഭിക്കുന്നത് അവരുടെ ക്ലാസ്സുമുറികളിൽ നിന്നാണ്. ചിന്തയും ഭാവനയും വളർത്താനുള്ള ഇടങ്ങളാവണം ഓരോ ക്ലാസ്സുമുറിയും. ഭാഷാപഠനത്തിൽ കുട്ടി അനുവർത്തിക്കുന്ന രീതികളെല്ലാം തന്നെ ഉയർന്ന ചിന്താശേഷിയുടെ സന്തതികളാവണം. അത്തരത്തിൽ ചിന്താനൈപുണികൾ വളർത്തിയെടുക്കേണ്ടതിൻെറ ആവശ്യകതയാണ് ഈ പ്രബന്ധം ചർച്ച ചെയ്യുന്നത്.

**താക്കോൽവാക്കുകൾ**

ജ്ഞാനഗോചരത - ചിന്താനൈപുണികൾ- ചോദ്യനിർമ്മാണം-സ്വയം മൂല്യനിർണ്ണയം - ബോധനധർമ്മം - ചലനാത്മകചിന്ത

"ഓരോ മനുഷ്യജീവിയും അഭിലഷിക്കേണ്ടതും പരിശ്രമം കൊണ്ടു നേടാവുന്നതുമായ മൗനത്തിൻെറ സുന്ദരശബ്ദമാണ് ഉത്തമചിന്ത. മഹത്തരവും ശാശ്വതവുമായ എന്തു നേടണമെങ്കിലും കർക്കശവും കഠിനവുമായ ശിക്ഷണം ആവശ്യമാണ്. വെറും അക്കാദമികമായ യുക്തികൊണ്ട് നേടാൻ കഴിയുന്നതല്ല അത്. പ്രതികൂല സാഹചര്യങ്ങളിൽ നിന്നാണ് അത്തരം വിദ്യാഭ്യാസം സാദ്ധ്യമാകുന്നത്." - മഹാത്മാഗാന്ധി. (Mahatma Gandhi - The Man and his Thought- Ramesh Goutham, Swasthik Publications, New Delhi)

മനസ്സിൻെറ വികാസത്തിനു വേണ്ടിയുള്ളതാകണം ഓരോ പഠനവും. ജീവിതത്തിൻെറ ഗുണനിലവാരം വർദ്ധിപ്പിക്കുവാനും ചിന്താശേഷീവികസനത്തിനും അഭിലഷണീയമാറ്റങ്ങൾ സമൂഹത്തിൽ ഉളവാക്കുന്നതിനും വിദ്യാഭ്യാസം കൂടിയേതീരൂ. നമുക്കു ഭാവന ചെയ്യാൻ കഴിയുന്നതിനെക്കാൾ വ്യക്തിവികാസത്തിനനുഗുണമായ അറിവ് നമ്മിൽ കുടികൊള്ളുന്നുണ്ട്. സ്വയംബോധം, (self consciousness), സ്വയാദരവ്, (self esteem), ആത്മവിശ്വാസം (self confidence) എന്നിവ വികസിപ്പിക്കുവാൻ വിദ്യാഭ്യാസം അനിവാര്യം. സാമൂഹിക സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥകൾ അറിയാനും സമൂഹജീവി എന്ന നിലയിൽ തൻെറ ഉത്തരവാദിത്തങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് പ്രവർത്തിക്കുവാനും ഒരുവനെ പ്രാപ്തനാക്കുന്നതും വിദ്യാഭ്യാസംതന്നെ.

പഠനമെന്നത് മാറ്റങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ്. പഠനത്തെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുവാനും പരിവർത്തനം ചെയ്യുവാനും ബോധപൂർവ്വം ശ്രമിക്കേണ്ടതുണ്ട്. ആവശ്യബോധമാണ് വ്യക്തികളിൽ പ്രവർത്തന വ്യതിയാനങ്ങൾക്കു ഹേതുവാകുന്നത്. പഠനത്തിൻെറ ആവശ്യകത തിരിച്ചറിയുകയും അതിനു പ്രേരകമാകുന്ന മാനസികപരിവർത്തനങ്ങൾ പഠിതാവിൽ സൃഷ്ടിക്കുകയുമാണ് വേണ്ടത്.

ചിന്താശേഷിയും വിവേചനശക്തിയും മനുഷ്യനെ മറ്റു ജീവികളിൽ നിന്നു വ്യത്യസ്തനാക്കുന്നു. വ്യവസ്ഥിതവും ഉദ്ദീപ്തവുമായ ചിന്തയ്ക്കു മാത്രമേ കരുത്തുണ്ടാകുകയുള്ളു. മനുഷ്യനെ പൂർണ്ണനാക്കുന്ന യഥാർത്ഥ വിദ്യാഭ്യാസത്തിനു കാരണമായി നിരവധി ഘടകങ്ങൾ വർത്തിക്കുന്നു. ഉത്തമചിന്തയും പ്രതികൂല സാഹചര്യങ്ങളെ ഗുണാത്മകമായി ഉപയോഗപ്പെടുത്താനുള്ള ആർജ്ജവവും അവയിൽ ചിലതു മാത്രം. ഉന്നതമായ ചിന്താശക്തിയും ശക്തിയേറിയ ആശയങ്ങളും വിദ്യാഭ്യാസപ്രക്രിയയിലെ നാഴികക്കല്ലുകളാണ്. പഠിതാവിൽ നല്ല ചിന്തകൾ വളർത്തിയെടുക്കുന്നതിൽ അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും സമൂഹത്തിനും ധാരാളം ചെയ്യാനുണ്ട്. ബൗദ്ധികമണ്ഡലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെല്ലാംതന്നെ ചിന്തയുടെ സന്തതികളാണെന്നു പറയാം.

അദ്ധ്യാപകർ തങ്ങളുടെ കീഴിലുള്ള കുട്ടികളുടെ വിവേചനശീലത്തെ ഉദ്ദീപിപ്പിക്കുവാനാണ് നോക്കുന്നതെങ്കിൽ അവർ തുടർച്ചയായി കുട്ടികളുടെ യുക്തിബോധത്തെ ആയാസപ്പെടുത്തുവാനും അവരെക്കൊണ്ടു സ്വയം ചിന്തിപ്പിക്കുവാനുമാണ് ശ്രമിക്കുക. താൻ എന്താണു പഠിച്ചത്? എങ്ങനെയാണ് പഠിച്ചത്? ലക്ഷ്യം നേടിയെടുക്കുന്നതിൽ എന്തെല്ലാം തടസ്സങ്ങൾ അനുഭവപ്പെട്ടു? അവയെ എങ്ങനെ പരിഹരിക്കുവാൻ പഠിച്ചു? നേടിയ വിജയങ്ങൾ എന്തെല്ലാമാണ്? ഇവയെല്ലാം ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങനെ തന്റെ വീഴ്ചകളെപ്പറ്റിയോ വിജയങ്ങളെപ്പെറ്റിയോ പഠിതാവിന് ആഴത്തിൽ ചിന്തിക്കുവാൻ കഴിയുമ്പോൾ ആത്മനിരീക്ഷണത്തിന്റെ (introspection) തലമാണ് ഉയർന്നു വരുന്നത്.

ഇത്തരം കഴിവുകൾ ആർജ്ജിക്കുന്നവർക്ക് സ്വയം ചോദ്യനിർമ്മാണം, (self questioning) സ്വയം മൂല്യനിർണ്ണയം, (self evaluation) പ്രശ്നപരിഹരണതന്ത്രങ്ങൾ (problem solving strategies) എന്നിവയെല്ലാം ഓരോ പഠനസാഹചര്യത്തിലും പ്രയോഗത്തിൽ വരുത്തുവാൻ കഴിയും. സങ്കീർണ്ണവിഷയത്തെ ലഘുവായി ചിട്ടപ്പെടുത്തൽ, ചോദ്യരൂപങ്ങളുടെ കൃത്യമായ ഉപയോഗത്തിലൂടെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യൽ പഠനത്തെ നിലവിലിരിക്കുന്ന ഘടനയുമായി ബന്ധിപ്പിക്കൽ

എന്നിവയെല്ലാം കുട്ടികളുടെ ചിന്താനൈപുണിയുമായി ചേർന്നു നിൽക്കുന്നു. സോക്രട്ടീസിൻെറ കാലംമുതൽ നിലനിന്നിരുന്ന ചോദ്യരീതിക്ക് സോക്രാട്ടിക് രീതി (socratic method)എന്നും പറയാറുണ്ട്. എലിമെൻററി സ്ക്കൂൾ അദ്ധ്യാപകർ ശരാശരി 350 ചോദ്യങ്ങളോളം ഒരു ദിവസം ചോദിക്കുന്നുണ്ടെന്നത് കൗതുകകരമായ കണ്ടെത്തലാണ്. അദ്ധ്യാപകൻെറ വീക്ഷണകോണിൽ നിന്നു നോക്കുമ്പോൾ കാര്യക്ഷമമായ ക്ലാസ്സദ്ധ്യാപനത്തിൻെറ മാതൃകയായും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പഠനത്തിലുള്ള പങ്കാളിത്തസൂചനയായും ഇതിനെ വ്യവഹരിക്കാം. ചോദ്യധർമ്മങ്ങൾ താഴെകൊടുക്കുന്നു:

1. പഠിതാവിൻെറ നിലവിലുള്ള ഗ്രഹണത്തെ അളക്കാൻ സഹായിക്കുക.
2. പഠനത്തിൽ അഭിപ്രേരണ വളർത്താൻ സഹായിക്കുക.
3. പഠനത്തെ സുഗമമായി നയിക്കാൻ സഹായിക്കുക.

നിലവിലുള്ള അറിവിൻെറ തലം പുതിയ അറിവിനെ സ്വീകരിക്കാൻ എത്രമാത്രം സജ്ജജമാണെന്നറിയുവാനും പാഠ്യവിഷയത്തെപ്പറ്റിയുള്ള തെറ്റിദ്ധാരണകൾ മാറ്റിയെടുക്കുവാനും ഉപയോഗപ്പെടുത്താവുന്ന ശക്തിയുള്ള ഉപകരണം തന്നെയാണ് കാര്യക്ഷമതയോടെ ആസൂത്രണം ചെയ്യുന്ന നല്ല ചോദ്യങ്ങൾ. കുട്ടികൾക്ക് എന്തറിയാമെന്നതല്ലാതെ (what they know) എന്തറിയില്ല (what they don’t know) എന്നതളക്കാനും ഇത്തരം ചോദ്യങ്ങൾ സഹായിക്കുന്നു.

നിർദ്ധാരണം ചെയ്യേണ്ട പ്രശ്നങ്ങളെപ്പറ്റി ആലോചിക്കുവാനും ചിന്തകളെ സജീവമാക്കുവാനും പഠനപ്രവർത്തനത്തിൽ താത്പര്യപൂർവ്വം പങ്കാളികളാകുവാനും സഹായിക്കുക എന്ന വലിയ ധർമ്മം ചോദ്യങ്ങൾക്കുണ്ട്. സോദ്ദേശ്യത്തോടെ ആസൂത്രണം ചെയ്ത് ഉപയോഗപ്പെടുത്തുന്ന ചോദ്യങ്ങൾ പഠിതാവിൽ ജിജ്ഞാസയും അഭിപ്രേരണയും വളർത്തുമെന്നെതിൽ സംശയമില്ല. ഉദാഹരണമായി ഇന്നു നമ്മൾ പഠിക്കുവാൻ പോകുന്ന വസ്തുത ദ്വിതീയാക്ഷരപ്രാസമാണെന്നു പറയുന്നതിലും എത്രയോ അർത്ഥപൂർണ്ണമാണ് പ്രാസമുള്ളതും ഇല്ലാത്തതുമായ കവിതാശകലങ്ങൾ കുട്ടികളുടെ മുമ്പിൽ പ്രദർശി

പ്പിച്ചശേഷം (വാചികമോ ലിഖിതമോ) അവയുടെ പ്രത്യേകതകൾ പറയാൻ ആവശ്യപ്പെടുന്നതിൽ അനുവർത്തിക്കുന്ന ചോദ്യമാതൃക എന്നത് പ്രയോഗിച്ചു നോക്കുമ്പോൾ വ്യക്തമാകുമെന്നുറപ്പാണ്.

അഭിപ്രേരണയായിരുന്നു നേരത്തെ വ്യക്തമാക്കിയ ചോദ്യ ധർമ്മമെങ്കിൽ ഉദ്ദേശ്യാധിഷ്ഠിതബോധനമാണ് ചോദ്യത്തിൻെറ മറ്റൊരുധർമ്മം. ചോദ്യങ്ങൾ ദൃഷ്ടിയൂന്നുന്നത് യഥാർത്ഥത്തിൽ പഠനത്തിൻെറ പുതിയ തലത്തിലേക്കാവണം. പഴയ ആശയങ്ങളെ പുതിയ ആശയങ്ങളുമായി ബന്ധിപ്പിക്കുന്ന ആ ചരടാണ് യഥാർത്ഥ ചോദ്യ ധർമ്മം. കുട്ടികളെ ചിന്താപരരാക്കുവാൻ ത്രാണിയില്ലാത്ത ചോദ്യങ്ങൾ ചോദിക്കാതിരിക്കുന്നതാണ് നല്ലത്. എന്തെന്നാൽ അദ്ധ്യാപനതന്ത്രങ്ങളെല്ലാം തന്നെ വിരൽ ചൂണ്ടുന്നത് പഠിതാവിൻെറ ചിന്താനൈപുണിയും ഭാവനാശേഷിയും വർദ്ധമാനമാക്കുവാനുള്ള പ്രവർത്തനങ്ങളിലേക്കാണ്. എങ്കിൽ മാത്രമേ പഠനമെന്ന പ്രക്രിയ അതിൻെറ യഥാർത്ഥ അർത്ഥത്തിൽ സാധൂകരിക്കുവാൻ നമുക്കു കഴിയൂ.

ഓരോ പഠിതാവിനെയും മുന്നിൽ കണ്ടു കൊണ്ടും പഠിതാവിൻെറ പൂർവ്വാർജ്ജിതശേഷികളുടെ വെളിച്ചത്തിലുമായിരിക്കണം അദ്ധ്യാപകർ ചോദ്യങ്ങൾ രൂപകല്പന ചെയ്യേണ്ടത്. കുട്ടികളിൽ ഉയർന്ന ചിന്താനൈപുണികൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ ചോദ്യരീതി കുട്ടികളുടെ വളരെ താണനിലയിലുള്ള പ്രതികരണങ്ങളിലേക്ക് കൂപ്പു കുത്താതിരിക്കണമെങ്കിൽ അദ്ധ്യാപകർ വീണ്ടും ശ്രദ്ധിക്കേണ്ടതുണ്ട്. പങ്കാളിത്ത പഠനത്തിലൂടെയോ വ്യക്തിഗതമായോ ഉരുത്തിരിഞ്ഞ ആശയങ്ങളെ വാചികമായ പ്രകടനത്തിനും വിധേയമാക്കണം. അദ്ധ്യാപകരുടെ നിർദ്ദേശാനുസരണം തങ്ങളുടെ പ്രതികരണങ്ങളെ പുനർചിന്തയ്ക്കു വിധേയമാക്കുവാനും തെറ്റായ ചിന്തകളെ തിരുത്തുവാനും പഠിതാവിനു കഴിയുന്നു. ഇത്തരം പ്രവർത്തനങ്ങൾ പഠിതാവിൻെറ ചിന്താമണ്ഡലത്തിലാണ് സാരമായമാറ്റങ്ങൾ വരുത്തുന്നതെന്ന് ഓർമ്മിക്കണം.

വിദഗ്ധരായ അദ്ധ്യാപകർ പ്രത്യേകമായ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാകണം ബോധനം നിർവ്വഹിക്കേണ്ടത്. മറ്റുള്ള അദ്ധ്യാപകർ ചെയ്യുന്ന കാര്യങ്ങൾ കൂടാതെ പ്രത്യേകമായി പാഠഭാഗത്തെ

ഉദ്ദേശ്യപൂർണ്ണമാക്കുവാൻ പ്രവർത്തിക്കുന്നവരെയാണ് വിദഗ്ധരായ അദ്ധ്യാപകർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ ഏതെങ്കിലും ആസൂത്രണപുസ്തകത്തിലോ അധ്യാപക സഹായിയിലോ എഴുതിയതാകില്ല. മറിച്ച് കുട്ടികളുടെ ആവശ്യങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞുകൊണ്ട് പ്രാവർത്തികമാക്കേണ്ട ഒരു കൂട്ടം ഗുണാത്മകപ്രവർത്തനങ്ങളാവും. ഉദാഹരണമായി ഇടശ്ശേരിയുടെ 'പൂതപ്പാട്ട്' എന്ന കവിത ആസ്വദിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുന്ന അദ്ധ്യാപകൻ/അദ്ധ്യാപിക അവരുടെ ഭാവനയ്ക്കനുയോജ്യമായതും ക്രിയാത്മകതയ്ക്കു നിറംകൊടുക്കാൻ സഹായിക്കുന്നതുമായ ചോദ്യങ്ങൾ ചോദിക്കുകയോ ചോദിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുകയോ ചെയ്യേണ്ടതാണ്. സന്ധ്യാസമയമായി എന്ന സൂചന നൽകാനായി "വെയിൽമങ്ങി മഞ്ഞക്കതിരുപൊങ്ങി വിയദങ്കണത്തിലെക്കാർകൾ ചെങ്ങി" എന്ന വരികൾ എത്ര ഭംഗിയായി കവി ഉപയോഗിച്ചിരിക്കുന്നു. ക്രിയാത്മകത കൈമുതലായ അദ്ധ്യാപകർക്ക് അർത്ഥഗർഭമായ ചോദ്യങ്ങളിലൂടെ ഈ ആശയം കുട്ടികളിൽനിന്നും പുറത്തേക്കുകൊണ്ടു വരാൻ കഴിയും. അല്ലാതെ അവിടെ എന്താണ് മങ്ങിയത്? എന്താണ് ചെങ്ങിയത് എന്നീ തരത്തിലുള്ള ചോദ്യങ്ങൾ കവിതയുടെ ചന്തം നശിപ്പിക്കുവാൻ മാത്രമേ ഉപകരിക്കൂ.

കുട്ടികളിൽ ഉയർന്നതരം ചിന്താനൈപുണികൾ വളർത്തിയെടുക്കാനും ഗ്രഹണശേഷികൾ ഊർജ്ജിതമാക്കുവാനുമായി സഹായിക്കുന്ന നിരവധി രീതികൾ ഗവേഷകർ വികസിപ്പിച്ചിട്ടുണ്ട്.

1. **എസ്.ക്യു. 4 ആർ രീതികൾ (SQ4R Methods)**

S- സർവ്വേ നടത്തുക

Q- ചോദ്യങ്ങൾ ചോദിക്കുക, പുനരവലോകനം, വായന, ഓർമ്മിക്കൽ

4R-ഉത്തരനിർമ്മിതിക്കായി വായിക്കുക (Read to answer the questions) ഉത്തരങ്ങൾ ആവർത്തിക്കുക (Recite the answers)

പ്രധാനപ്പെട്ട ആശയങ്ങളെ രേഖപ്പെടുത്തുക (Record important item into their book)

പുനരവലോകനം (Review)

**2. എസ്.ക്യു.3ആർ (SQ3R)**

S-സർവ്വേ

Q-ചോദ്യങ്ങൾ ചോദിക്കുക

3R-വായന ഓർമ്മിക്കൽ പുനരവലോകനം (Read, Recite and Review)

**3. PQRST**

പ്രിവ്യൂ, ചോദ്യങ്ങൾ, വായന, പ്രധാനാശയം സ്ഥാപിക്കൽ, സ്വന്തമായി ഉത്തരം കണ്ടെത്താൻ ശ്രമിക്കുക (Preview, Question, Read, State the main ideas, Try yourself by answering the questions).

സംഗ്രഹം, ചോദ്യനിർമ്മാണം, വിശദീകരണം, പ്രവചനം എന്നിവയിലൂടെ വായനാനൈപുണികൾ പരിശീലന വിധേയമാക്കുക.

പഠിതാവിൻെറ പഠനനിലയും ഗ്രഹണവും അളക്കുവാനും അതുവഴി പുതിയ പഠനത്തെ പ്രോത്സാഹിപ്പിക്കുവാനും ചോദ്യങ്ങളിലൂടെ സാധിക്കും. അഭിപ്രേരണ വളർത്താനും പഠനത്തിൽ സജീവമായി ഇടപെടാനും ഇതിലൂടെ കഴിയും. ആശയങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം മനസ്സിലാക്കുവാനും ബന്ധങ്ങൾ നിർമ്മിച്ചെടുക്കാൻ പ്രോത്സാഹനം നൽകുവാനും എല്ലാത്തിനുമുപരി പഠനത്തെ നയിക്കുന്ന ഉപകരണമായി മാറുവാനും നല്ല ചോദ്യങ്ങൾക്കു സാധിക്കും. പരസ്പര ബന്ധിതമായ മൂന്നു ബോധനധർമ്മങ്ങളാണിവ. ഇവയെല്ലാം കുട്ടികളിൽ നിർമ്മിച്ചെടുക്കുക ഉയർന്നതരം ചിന്താനൈപുണികളാണെന്നതും ഓർമ്മിക്കുക.

പഠനത്തിൽ ഉത്തരവാദിത്തബോധം ജനിക്കുവാൻ നിരന്തരം പ്രതിപുഷ്ടി (Feedback) നൽകേണ്ടതുണ്ട്. സ്വയം രൂപകല്പന ചെയ്യുകയും സംഘാടനം നിർവഹിക്കുകയും ചെയ്യുന്ന പ്രക്രിയ ഏറെ അർത്ഥവത്തും പ്രയോജനപ്രദവുമാണ്. പഠനത്തിൽ ദിശാബോധം ജനിപ്പിക്കുവാൻ സാമൂഹിക ചുറ്റുപാടുകൾ നിറഞ്ഞ ഇത്തരം പഠനതന്ത്രങ്ങൾ ഏറെ അനുയോജ്യയാണ്.

അദ്ധ്യാപകർക്ക് ക്ലാസ്സുമുറികളിൽ പ്രായോഗികമാക്കുവാൻ കഴിയുന്ന നിരവധി മാർഗ്ഗങ്ങളുണ്ട്. ജീവിതനൈപുണീവികസനത്തിനുള്ള ബാലപാഠങ്ങളാണ് ചിന്താനൈപുണിയുമായി ബന്ധമുള്ള ജ്ഞാനഗോചരതാനൈപുണികൾ (metacognitive skills) നൽകുന്നത്. ബാരൻ എന്ന വിദ്യാഭ്യാസവിദഗ്ധൻ അഭിപ്രായപ്പെടുന്നത് പഠിതാവ് ഓരോ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴും അവർ കടന്നുപോകുന്ന ചിന്താധാരകളെക്കുറിച്ചുള്ള അറിവും തുടർപ്രവർത്തനങ്ങളിൽ ഇത്തരം ചിന്തകളെ ഗുണാത്മകമായി നിയന്ത്രിക്കുവാനുള്ളള കഴിവുമാണ് ജ്ഞാനഗോചരത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ്. പഠനമെന്നത് ബോധപൂർവ്വവായ പ്രക്രിയയായി കാണുകയാണ് ഇതിലെ പ്രധാനപ്പെട്ട അംശം. ഇത്തരം ബോധപൂർവ്വമായ പ്രവർത്തനക്രമത്തിൽ നിരവധി ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. പഠനപ്രക്രിയയിലൂടെ വിദ്യാർത്ഥി നേടേണ്ട വ്യവഹാരപരിവർത്തനങ്ങൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ, പാഠഭാഗത്തെപ്പറ്റിയുള്ള മുൻധാരണ എല്ലാം വ്യക്തമായി നിശ്ചയിക്കേണ്ടത് അനുപേക്ഷണീയമാണ്. വിദ്യാർത്ഥീകേന്ദ്രീകൃതമായ പാഠ്യപദ്ധതിയിൽ ഇത്തരം പഠനാനുഭവങ്ങൾ വിദ്യാർത്ഥികൾക്കു നൽകുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കണം. സ്വയം നിരീക്ഷണത്തിൻെറ (self observation) പ്രാധാന്യം ഒഴിച്ചുകൂടാനാവാത്തതാണ്. ഇത്തരത്തിലുള്ള കാഴ്ചപ്പാട് പഠനത്തെ ലക്ഷ്യോന്മുഖമാക്കുവാനും ഉദ്ദേശ്യപൂർണ്ണമാക്കുവാനും ഏറെ സഹായിക്കും. ഇത്തരം കഴിവുകൾ പഠിതാവിൽ വികസിതമാക്കുവാൻ ശ്രമിക്കുന്ന അദ്ധ്യാപകർ അറിഞ്ഞിരിക്കേണ്ട ചില വസ്തുതകളുണ്ട്.

1. പഠിതാവിനെ പ്രോത്സാഹിപ്പിക്കുക. പഠനം പഠിതാവുമായി പങ്കുവെയ്ക്കപ്പെടുമ്പോഴാണ് യഥാർത്ഥലക്ഷ്യം നടപ്പിലാകുന്നത്. 'പിയർ ട്യൂട്ടറിംഗി'ൻെറ പ്രസക്തി ഇവിടെയാണ്. പാഠഭാഗങ്ങളെ വ്യത്യസ്തമാക്കി തിരിച്ചുകൊണ്ട് പരസ്പരപഠനവും പരസ്പര ബോധനവും സാദ്ധ്യമാക്കാവുന്നതാണ്.
2. പഠനലക്ഷ്യങ്ങൾ മുൻകൂട്ടി തീരുമാനിക്കുന്നതും അവ ചർച്ചാവിഷയമാക്കുന്നതും പ്രയോജനപ്രദമാണ്. കുട്ടികളുമായിത്തന്നെ പ്രത്യക്ഷചർച്ചകൾ സംഘടിപ്പിക്കുന്നത് പഠനത്തിൽ തുറന്ന

മനഃസ്ഥിതി (Open mindedness)വളർത്തിയെടുക്കാൻ സഹായിക്കും. പഠനം പുർണ്ണതയിലെത്തിക്കുവാൻ കഴിയുന്ന വ്യക്തമായ ലക്ഷ്യങ്ങൾ മുന്നിൽക്കാണുകയും അവ നടപ്പിൽ വരുത്താനുള്ള നടപടികൾ കൈക്കൊള്ളുകയുമാണ് അദ്ധ്യാപകർ ചെയ്യേണ്ടത്. കുട്ടികൾ പഠനത്തിൽ സ്വയംതത്പരരാകുകയോ തങ്ങളുടെ പഠനാവശ്യങ്ങളെപ്പെറ്റി ബോധവാൻമാരും ബോധവതികളും ആക്കുകയോ ചെയ്യുന്നിടത്ത് ഇതിൻെറ പ്രാരംഭദശ തുടങ്ങുന്നു. കുട്ടികളുടെ വികാരങ്ങൾക്കും താത്പര്യങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടാവണം ഇതെന്നു വിസ്മരിക്കരുത്.

3. സ്വന്തം പ്രവർത്തനങ്ങളെ നിരീക്ഷിക്കുവാനും മൂല്യനിർണ്ണയ വിധേയമാക്കുവാനും സ്വയം നിയന്ത്രിതപഠനത്തിൻെറ പ്രായോഗികത ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുവാനും കഴിയുക എന്നത് തലച്ചോറിൻെറ ഉപയോഗത്തെ അനുകൂലമാക്കുന്ന പ്രവർത്തനക്രമമാണ്. തങ്ങളുടെ മാനസികസ്ഥിതിയുടെ ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് ജാഗരൂകവിശ്രാന്തി (relaxed attention) നിലനിർത്താനും പഠിതാവിന് ഇതിലൂടെ സാദ്ധ്യമാകുന്നു. തങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക മാത്രമല്ല, കഴിവുകളും ബലഹീനതകളും തിരിച്ചറിയുവാനും പുരോഗതിയിലേക്കു നയിക്കുന്ന പഠനക്രമങ്ങൾ സ്വീകരിക്കുവാനും സാധിക്കുന്നു.

ഓരോ വ്യക്തിയുടെയും എല്ലാത്തരം വിജയങ്ങളുടെയും അടിസ്ഥാനം വ്യക്തികൾ, സ്ഥാപനങ്ങൾ, പ്രവർത്തനക്രമങ്ങൾ എന്നിവ എങ്ങനെ പ്രവർത്തിക്കുന്നു എന്ന തിരിച്ചറിവും അതിനനുസൃതമായി പ്രതികരിക്കുവാനുള്ള കഴിവുമാണ്. ഇത് പ്രതിഫലനാത്മക ബുദ്ധിയുമായി (Reflective intelligence) ബന്ധപ്പെട്ടിരിക്കുന്നു. സ്വന്തം മനോഭാവത്തെ ഗുണാത്മകമാക്കി മാറ്റിയെടുക്കാനുള്ള കല എന്നത് ഏറ്റവും സ്വാഗതാർഹമാണ്. തങ്ങളുടെ അനുഭവങ്ങളുടെ വെളിച്ചത്തിലും പ്രകടനങ്ങൾ വിലയിരുത്തുന്നതിലൂടെയും സ്വന്തം പഠനത്തിൻെറ മികവിനെ വർദ്ധിപ്പിക്കുവാനും കഴിയുന്നു.

പഠിതാവിന്റെ പഠനാവശ്യങ്ങളുമായി സമരസപ്പെട്ടു പോകുക, സന്ദർഭത്തിന്റെ അപരിഹാര്യതകളുമായി സമായോജനപ്പെടുക, പാഠ്യ പദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടികളുടെ താത്പര്യങ്ങൾക്കിണങ്ങുന്ന മാർഗ്ഗങ്ങൾ കണ്ടെത്തുക എന്നിവ അദ്ധ്യാപകർ സൃഷ്ടിക്കേണ്ട ക്രിയാത്മകതയുമായി ബന്ധപ്പെട്ടുനിൽക്കുന്നു. സ്വാനുഭവങ്ങളിൽനിന്ന് ഊർജ്ജമുൾക്കൊണ്ടുകൊണ്ട് സൃഷ്ടിക്കാവുന്ന പഠനസാഹചര്യങ്ങളും കണക്കിലെടുക്കുന്നത് ഉചിതമാണ്. പഠനപ്രക്രിയയിൽ ചിന്താനൈപുണികൾ വളർത്തിയെടുക്കുന്നതിൽ ശ്രദ്ധിക്കുമ്പോൾ താഴെപ്പറയുന്ന ഘടകങ്ങൾക്കു പ്രാധാന്യം കൊടുക്കണം:

**ആസൂത്രണം (planning):** ലക്ഷ്യക്രമീകരണം (goal setting), സമയക്രമീകരണം (time management), മുന്നറിവുകളുടെ അപഗ്രഥനം (analysis of previous knowledge), വസ്തുതകളെ പ്രവചനവിധേയമാക്കൽ (prediction), സ്വയംസൃഷ്ടമായ ഉത്തരവാദിത്തം (self responsibility) എന്നിവ ഇതിന്റെ അനന്തരഫലങ്ങളാണ്. തിരഞ്ഞെടുക്കുന്ന ശ്രദ്ധയെന്നോ (selective attention) കേന്ദ്രീകരിക്കൽ ശ്രദ്ധയെന്നോ (focused attention) വ്യവച്ഛേദിക്കാവുന്ന ശ്രദ്ധാതന്ത്രം ഇതിന്റെ ഭാഗമാണ്. ചാമട്ട് (Chamot) എന്ന വിദ്യാഭ്യാസവിദഗ്ധൻ ഇത്തരം തന്ത്രങ്ങളെ വിശകലനവിധേയമാക്കിയിട്ടുണ്ട്. (Chamot, A.U, The Cognitive Academic Language Learning Approach, (Richard & Snow (ed.), Longman, Newyork, 2005). വിവരങ്ങളെ ക്രമീകരിക്കുന്ന പ്രക്രിയയിൽ സ്വാംശീകരണം, വിപുലനം, ചേർച്ചനൽകൽ എന്നിങ്ങനെ നിരവധി ഘട്ടങ്ങളിലൂടെ പഠിതാവ് കടന്നുപോകേണ്ടതുണ്ട്. ത്വരിതപഠിതാക്കളെയും മന്ദപഠിതാക്കളെയും വേർതിരിക്കാനുള്ള മാർഗ്ഗമായും ചിന്താനൈപുണികളെ കാണാവുന്നതാണ്. ചുരുക്കെഴുത്തുകളും സ്മരണാതന്ത്രങ്ങളും പഠിതാവിനെ വലിയ തോതിൽ സഹായിക്കുന്നു.

**നിരീക്ഷണം (monitoring):** പഠിതാവിന്റെ പ്രവർത്തനങ്ങളെ അദ്ധ്യാപകർ നിരീക്ഷിക്കുന്നതും വിശകലനവിധേയമാക്കുന്നതും പരമ്പരാഗതമായി നടന്നുവന്നിരുന്ന വസ്തുതകളാണ്. ക്ലാസ്സുമുറികളിൽ സൃഷ്ടിക്കപ്പെട്ട അറിവിനെ സ്വയം നിരീക്ഷിച്ചറിയാൻ പഠിതാവിന്

അവസരമൊരുക്കുകയാണ് ആധുനിക വിദ്യാഭ്യാസവ്യവസ്ഥയിൽ വേണ്ടത്. ഇത്തരം സ്വയംനിരീക്ഷണം ആത്മവിശ്വാസത്തിൻെറയും പക്വതയുടെയും തലത്തിലെത്തിച്ചേരാൻ കുട്ടിയെ സഹായിക്കും. നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങൾ, അതിനായി അവലംബിച്ച മാർഗ്ഗങ്ങൾ, പ്രയോഗത്തിൽ വരുത്തിയതന്ത്രങ്ങൾ, കടന്നുപോയ ചിന്താധാരകൾ എല്ലാം കണ്ണാടിയിലെന്നവണ്ണം നിരീക്ഷണ വിധേയമാകുകയാണിവിടെ. യഥാർത്ഥത്തിൽ ഇത്തരം നിരീക്ഷണപ്രക്രിയ ഒരു കലയാണ്. പഠനവഴികളെ ഏകീകരിക്കാൻ ഇത് പഠിതാവിനെ സഹായിക്കും. ക്ളാസ്സുമുറികളിൽ നടക്കുന്ന ബൗദ്ധിക പ്രവർത്തനങ്ങൾക്കതീതമാണ് ഇത്തരം ചിന്താതന്ത്രങ്ങൾ.

നിരീക്ഷണപ്രക്രിയയിൽ നിരവധിഘടകങ്ങൾ പൂരകങ്ങളായി വർത്തിക്കുന്നു. തങ്ങളുടെ പഠനപ്രക്രിയയെ നിരീക്ഷണവിധേയമാക്കുവാനായി സ്വയം ചോദ്യങ്ങൾ നിർമ്മിക്കൽ, സ്വയം സംഭാഷണം, വിഭവങ്ങളുടെ ക്രമീകരണം, സ്വയം വിലയിരുത്തൽ, സ്വയം അഭിനന്ദനം എന്നിവ നടപ്പിലാക്കാവുന്നതാണ്. ഇത്തരത്തിലുള്ള മൂല്യനിർണ്ണയ രീതികൾ ബൗദ്ധികതലങ്ങളുടെ പുനഃസൃഷ്ടിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. പഠനത്തിൽ സ്വാശ്രയബോധം നിലനിർത്താൻ ഇത് സഹായിക്കും. ഭാഷാവികസനവും ഉന്നതമായ പഠനശീലങ്ങളുടെ രൂപപ്പെടുത്തലുകളും ദിശാബോധമുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ സൃഷ്ടിക്കു കാരണമാകുന്നു. പഠിതാക്കളിലെ ആന്തരികഭാഷാശേഷീവികസനതിന് ഇവ കാരണമാകുന്നു.

**മൂല്യനിർണ്ണയം (evaluation):**

പഠിതാക്കളിലുണ്ടാകുന്ന വ്യവഹാരപരിവർത്തനങ്ങളെ അളന്നു തിട്ടപ്പെടുത്തുന്ന രീതി പ്രാചീനകാലം മുതൽ നിലവിലിരുന്ന ഒന്നാണ്. പരമ്പരാഗതമായ ഇത്തരം രീതികളിൽ നിന്നും വ്യത്യസ്തമാണ് ചിന്താനൈപുണി വികസനവുമായി ബന്ധപ്പെട്ട മൂല്യനിർണ്ണയരീതികൾ. ഓരോ പ്രവർത്തനത്തിൻെറയും മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ കണ്ടെത്തി തങ്ങളുടെ പഠനോല്പന്നങ്ങളെ സ്വയം മൂല്യനിർണ്ണയത്തിനു വിധേയമാക്കുന്ന രീതി പഠിതാവിലെ ആത്മവിശ്വാസത്തെ

സ്വാധീനിക്കും. ഭയപ്പാടില്ലാതെ പരീക്ഷകളെ സമീപിക്കുവാനും പരാജയങ്ങളെ യുക്തിപൂർവ്വം അപഗ്രഥിക്കുവാനും കാര്യകാരണ സഹിതം വസ്തുതകളെ വിശകലനം ചെയ്യുവാനും ഇത് പഠിതാവിനെ പ്രാപ്തനാക്കുന്നു.

ഗവേഷണപഠനങ്ങൾ തെളിയിക്കുന്നത് പഠിതാവിലെ ചിന്താനൈപുണിവികസനം പ്രകൃതിദത്തകഴിവുകൾ നിറഞ്ഞ സ്വാഭാവികപഠിതാക്കളായി അവരെ മാറ്റിയെടുക്കുന്നു എന്നതാണ്. പഠനത്തിനുള്ള സുരക്ഷിതസ്ഥലമായി ക്ളാസ്സുമുറികൾ മാറുന്നു. വ്യത്യസ്തങ്ങളായ പരിശീലനങ്ങൾ പഠിതാവിൽ ആഴത്തിലുള്ള ഗ്രഹണസാദ്ധ്യത വർദ്ധിപ്പിക്കുന്നു. മസ്തിഷ്കവളർച്ചയും മസ്തിഷ്കപഠനവും തിരിച്ചറിയുന്ന അദ്ധ്യാപകർക്ക് ഓരോ ക്ളാസ്സുമുറിയെയും ചലനാത്മകവും സജീവവുമാക്കി മാറ്റുവാൻ കഴിയും. എത്രമാത്രം ആഴത്തിൽ പഠിക്കുന്നുവോ അത്രമാത്രം നാം വളരുകയും അപാരമായ അറിവിൻെറ ഉല്പാദകരായി മാറുകയുംചെയ്യും.

അർത്ഥപൂർണ്ണമായപഠനം, ചലനാത്മകചിന്ത, യുക്തിപരമായ വിലയിരുത്തൽ, ചിന്തകളെ പ്രത്യക്ഷമാക്കൽ എന്നിവ കുട്ടികളെ നല്ല ചിന്തകരാക്കുന്നു. ഏതൊരു വിദ്യാഭ്യാസ പ്രക്രിയയുടെയും വിജയം ഉദ്ദേശ്യാധിഷ്ഠിതപ്രവർത്തനങ്ങളിൽ അന്തർഭവിച്ചിരിക്കുന്നു. സ്വയം പഠനവും പ്രായോഗികവശങ്ങളിലൂന്നിയ പ്രവർത്തനങ്ങളുടെ നടത്തിപ്പും വിദ്യാഭ്യാസത്തെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കുന്നവർക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. പഠനപ്രവർത്തനത്തിൽ ക്രിയാത്മകമായ ഇടപെടലുകൾ അനിവാര്യമാണ്. അത്തരം ക്രിയാത്മകതയെ ചിന്താനൈപുണികളുമായി ബന്ധിപ്പിക്കുമ്പോൾ പഠിതാവിൽ സ്വാഗതാർഹമായ മാറ്റങ്ങളാണ് ഉടലെടുക്കുന്നത്.

**ഗ്രന്ഥസൂചി**

1. Kapur, A., Transforming Schools,Empowering Children, Sage Publications, New Delhi. 2007
2. Cox,C., Teaching Language Arts(4th ed.) California State University, California, 2009

3. Saxeena,V., Contemporary Trends in Education-A handbook for educators, Vandana Saxeena(ed.) Singapore, 2012

4. Oxford, R. L., Language Learning Strategies: What every teacher should know.New Bury House, New York, 2010

ഭാഗം രണ്ട്

# സാഹിത്യവിചാരം

# ലോകാനുരാഗത്തിന്റെ അഭിജ്ഞാനം[1]


## ഡോ. എസ്. നസീബ്

**അസിസ്റ്റന്റ് പ്രൊഫസർ**

**സ്കൂൾ ഓഫ് ഡിസ്റ്റന്റ് എഡ്യൂക്കേഷൻ, കേരളസർവകലാശാല**



**സംഗ്രഹം**

മഹാപ്രപഞ്ചബോധത്തിന്റെ വെളിച്ചം സുഗതകുമാരിയുടെ കവിതകളിലുണ്ട്. ആ വെളിച്ചമാണ് പ്രപഞ്ചയാഥാർത്ഥ്യങ്ങളുടെ ആന്തരികലോകത്തെ ഒരു പ്രകൃതിസ്നേഹിയുടെ രൂപമായി കവിതകളിൽ തെളിയിക്കുന്നത്. പരിസരങ്ങളെ ഭീതിയോടെ അഭിമുഖീകരിക്കുകയും പ്രതീക്ഷകളോടെ അഭിസംബോധന ചെയ്യുകയുമാണ് സുഗതകുമാരി. പരമമായ ലക്ഷ്യം പ്രപഞ്ചവും മനുഷ്യനുമായതിനാൽ പ്രകൃതിവിരുദ്ധമായതിനെല്ലാം എതിരെയായിരുന്നു ആ കവിതകൾ. നിഗൂഢവും വിസ്മയകരവുമായ അതിർത്തികളാണ് അവ തേടുന്നത്. അവയെല്ലാംതന്നെ വാക്കിനുള്ളിലെ മുന്നേറ്റങ്ങൾ ആയിരുന്നു. വിനാശത്തെ അത്യാർത്തിയോടെ വലിച്ചു വാരിത്തിന്നുന്ന വർത്തമാനകാലത്തിന് നശിപ്പിക്കാൻ കഴിയാത്ത തികവുറ്റ മനുഷ്യത്വത്തെ ഓരോ കവിതയും കാണുന്നു. ഉദാരതയും സൗന്ദര്യവും ശ്രദ്ധയും മൂല്യങ്ങളും മാത്രമല്ല നാണക്കേടിൽനിന്നുപോലും കവിത സൃഷ്ടിക്കപ്പെടുന്നത് എങ്ങനെയെന്ന് ആ രചനകൾ കാണിച്ചുതരുന്നു. കനിവും അഗാധമായ സ്നേഹവും ഏതു കവിതയിലാണ് കൂടുതൽ എന്നു നമുക്ക് കണ്ടെത്താനാവില്ല. അങ്ങേയറ്റം സാധ്യമായ രീതിയിൽ ഭാഷയെ ജീവിത

ഭാവങ്ങൾകൊണ്ട് സൗന്ദര്യാത്മകമായി നിറയ്ക്കുമ്പോൾ കവിത സർഗാത്മകമായ രീതിയിൽ സങ്കീർണ്ണമായിത്തീരുന്നു. ആ അനുഭൂതി വിശേഷത്തിന്റെ ആഴങ്ങളും അടിവേരുകളും ഇഴപിരിച്ച് വിശകലനം ചെയ്യുന്നതാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ**

മാനവികത-കാല്പനികത - രാധാകൃഷ്ണഭാവം - കാവ്യഭാഷ - ആധുനികത - സ്ത്രീസ്വത്വം - പരിസ്ഥിതി.

"സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും വാതിലുകൾ അടുത്തടുത്താണ്; രണ്ടും ഒരുപോലെ ഹരിതം, സുന്ദരം" എന്ന് 'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനങ്ങ'ളിൽ കസാൻദിസാക്കിസ് എഴുതുന്നുണ്ട്.[2] വിശ്വപ്രകൃതിയെയും സ്വാർത്ഥരായ മനുഷ്യരെയും അഭിമുഖം നിർത്തിക്കൊണ്ട് നരകവിചാരണകളിൽ അത്ര ഉദാരനാവാൻ നമുക്കു പറ്റുമോ എന്നു സംശയമാണ്. മാനവികത ഒരു സൗന്ദര്യമാണ്. പ്രപഞ്ചത്തെ വന്ധ്യംകരിക്കുന്ന ചരിത്രമാകരുത് മനുഷ്യജീവിതം. ചിന്തയെ യന്ത്രമാക്കി മാറ്റാത്ത സുഗതകുമാരിയുടെ ഭാവനയിൽ പൂത്തതെല്ലാം ആ നിലപാടാണ്. അനുഭൂതിപെയ്തിറങ്ങുന്ന പ്രതിഷേധങ്ങൾ എങ്ങനെയെന്ന് സുഗതകുമാരിയുടെ കവിത സമർത്ഥിക്കുന്നു. അത്തരം അറിവിൽ സാംസ്കാരികപ്രതിഭാസമായ കവിതയിലൂടെ ഏറ്റവും മികച്ച മനുഷ്യരൂപം വരയ്ക്കാനാണ് കവി ശ്രമിച്ചത്. അതുകൊണ്ടു തന്നെയാണ് പ്രകൃതിയുടെ ആന്തരികതയിലേക്കുള്ള ഊർജ്ജപ്രവാഹമായി സുഗതകുമാരിയുടെ കവിതകൾ മാറുന്നത്.

കാല്പനികതയുടെ മഴയിൽ കുതിർന്നുനില്കുമ്പോഴും സുഗതകുമാരിയുടെ കവിതകളുടെ സന്നിഹിതത്വം ഉള്ളുപൊള്ളുന്ന പാഠങ്ങൾക്കകത്താണ്[3]. ഇരുൾവീഴ്ചയുടെ വ്യസനങ്ങളെ മഴയുടെ ഏകധാരയിലേക്കു നിബന്ധിക്കുകയും ആകുലതകളെ നെഞ്ചിടിപ്പിന്റെ താളമാക്കുകയുമാണ് അവയെല്ലാം. കാലത്തിന്റെ മറുസ്വരമാണ് അവയുടെ ജീവനസംഗീതം. രതിയുടെ ഭാവപ്പകർച്ചകളെയും പ്രണയത്തെയും പ്രണയനിരാസത്തെയും രാധാകൃഷ്ണഗീതികളാക്കുന്നു ആ കവിത

കൾ. വേരുകൾ പൊട്ടി അഭയമറ്റവരുടെ നിസ്സഹായതയെ അവ കാലത്തിന്റെ വഴിക്കണ്ണുകളാക്കുന്നു; മൂലക്കല്ലിളകി നിപതിക്കുന്ന പ്രകൃതിയുടെ ഇടർച്ചകളെ ഹരിതകീർത്തനങ്ങൾകൊണ്ടു തോറ്റിയുണർത്തുന്നു. നൈർമല്യമുള്ള പ്രണയഗീതങ്ങളായും തോറ്റുപോയവരുടെ തിരിച്ചുവരവിന്റെ ലാവണ്യശാസ്ത്രചിഹ്നങ്ങളായും വീടും കുടിയും ബന്ധവും മുറിഞ്ഞവരോടുള്ള ഐക്യദാർഢ്യസ്വപ്നങ്ങളായും പാരിസ്ഥിതികദർശനങ്ങളുടെ അകംപൊരുളുകളായും സുഗതകുമാരിയുടെ കാവ്യ ലോകം നീളുന്നു. അതിലെല്ലാം ഉരുവംകൊള്ളുന്ന ശബ്ദം കണയേറ്റ കാട്ടുകിളിയുടെ വിലാപമാണ്. ഒരർത്ഥത്തിൽ ഭാരതീയ കാവ്യപാരമ്പര്യത്തിന്റെ പിൻപറ്റലാണിത്[4]. കാല്പനികവ്യസനങ്ങളുടെ ഒറ്റത്തന്ത്രിയുള്ള തംബുരു 'ഇനിയീ മനസ്സിൽ കവിതയില്ല' എന്ന് പാടിയപ്പോൾ ഭാവത്തിൻപരകോടിയിലെ അഭാവത്തിൻ സ്വഭാവമാണ്[5] വെളിച്ചം വിതറുന്നത്. കാല്പനികഭാവനയുടെ സൗന്ദര്യംകലർന്ന കാളിയമർദ്ദനമാണ് ആ ഭാവസ്വരം ഉയർത്തിയത്. കവിതയുടെ പവിഴമല്ലികൾ പിന്നീട് ഒരുപാട് ഇതൾ വിടർത്തിയെങ്കിലും കണയേറ്റ ആ കാട്ടുകിളിയുടെ വ്രണിതകണ്ഠവും രാത്രിമഴയുടെ മോഹനദർശനവും കവിതകളുടെ ഇഴപ്പിളർപ്പുകളിൽ ഉരുൾപൊട്ടിനിന്നു.

വിമോചനത്തിന്റെ സൗമ്യദീപ്തിയാണ് സുഗതകുമാരിയുടെ കവിതകളുടെ മറ്റൊരു സവിശേഷത. പാതിവഴിയിൽ ഉപേക്ഷിച്ച കൃഷ്ണനോട് വിരോധമേയില്ലാതെയാണ് കൃഷ്ണസ്തുതികൾ രാധ നടത്തുന്നത്. വ്യവസ്ഥയെ തകർക്കുന്നതിനപ്പുറം വ്യഥിതന്റെ കണ്ണീരൊപ്പണമെന്ന ചിന്ത ജ്വലിക്കുമ്പോൾ, തുറുകണ്ണുമായി വിഴുങ്ങാനായുന്ന കരാളതയുടെ നാശത്തിനുമപ്പുറം പ്രകൃതിയുടെ പവിഴതകളെ ഇറുകെപ്പുണർന്നു നിലകൊള്ളുമ്പോഴുമെല്ലാം ഈ ദീപ്തി പ്രദർശിതമാകും. ഒരുപക്ഷേ ആശയതലത്തിൽ വൈരുദ്ധ്യം നിറഞ്ഞതെന്ന തോന്നൽ ഇത് സൃഷ്ടിച്ചേക്കാം. എന്നാൽ കാല്പനികഭാവലോകത്തിന്റെ കൊടുംവേനലിൽ സ്വയം എരിയുന്ന സുഗതകുമാരിയുടെ കാവ്യഭാവനയ്ക്കു ബാഹ്യലോകത്തിന്റെ സമവാക്യസൃഷ്ടികളൊന്നും പ്രശ്നമായിരുന്നില്ല. തിരസ്കൃതപ്രണയത്തിന്റെ സൗന്ദര്യമാണ് കാളിമ

കലർന്നനിറം. 'നളചരിത'ത്തിലെ നളന്റെ നിറവും പച്ചയിൽനിന്ന് കാർവർണമായി മാറുന്നുണ്ട്.[6] പ്രണയത്തിന്റെ ഗാഢതയിൽ ലയിച്ചു ചേരുകയും അസ്തിത്വം എന്നത് നിന്നെപ്രതിയാണ് നിലനിൽക്കുന്നതെന്ന യാഥാർത്ഥ്യത്തെ 'കൃഷ്ണാ നീയെന്നെ അറിയില്ല',[7] എന്ന് വിലാപത്തിലൂടെ വെളിവാക്കുകയും ചെയ്യുന്ന അവസ്ഥ ഭാവപരമായ ഒറ്റപ്പെടലിന്റെയാണ്. ഭാവമെന്നത് സ്വയംപ്രഭയാണ്, അഗാധമാണ്. സുഗതകുമാരി കവിതയിലെ പ്രണയഭാവങ്ങൾ രണ്ടറ്റവും കത്തുന്ന ഇത്തരം പ്രണയജന്മത്തിന്റെ ആവിഷ്കാരമാണ്. കാട്ടുചെടിയിൽ വിരിഞ്ഞ സൗഗന്ധികങ്ങൾപോലെ നൈസർഗികമാണത്. പ്രകൃതിയിൽനിന്ന് അതൊട്ടും ഭിന്നമല്ല. വിലോലമായ ആ ഹൃദയമാണ് പരിസ്ഥിതിയുടെ സൗന്ദര്യങ്ങളെ കവിതയായി നിറച്ചത്. നിരാലംബതയിൽനിന്നുള്ള അഭയം തേടൽകൂടിയാണ് പ്രണയം. കൃഷ്ണനെ തിരയുന്ന രാധയുടെ ജന്മത്തിലെ ആ പ്രണയപ്രയാണം സുഗതകുമാരിയ്ക്ക് ആവേശമാണ്. "എന്റെ രാധയിൽ ആശ്രയങ്ങൾ ഒന്നുമില്ലാത്ത രാധയുണ്ട്. അതിൽ ലോകത്തുള്ള എല്ലാ രാധയേയും ഞാൻ കാണുന്നുണ്ട്. തേടലാകുന്നു ജന്മം എന്ന് പറയുന്നതുപോലെ ഈ രാധ എല്ലാവരുടെയും പ്രതിനിധിയാണ്. കവിത ഒരിക്കലും കൃഷ്ണനോടുള്ള അർത്ഥനമാത്രമല്ല. രാധാകൃഷ്ണ സങ്കല്പത്തിനു തന്നെ എത്ര മാനവികമായ, ആനന്ദകരമായ തലങ്ങളാണുള്ളത്. സങ്കല്പങ്ങളെല്ലാംചേർന്ന കൃഷ്ണനും രാധയും എനിക്ക് വീണ്ടും വീണ്ടും തേടിപ്പോകാനുള്ള മഹാവാടികയാണ്" (സുഗതകുമാരി, അവസാനമായി എനിക്ക് ചിലത് പറയാനുണ്ട്, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2021 ജനുവരി 3-9, പുറം 12). പ്രണയവും പ്രകൃതിയും സ്വപ്നവുമായി തന്മയീഭവിച്ച ഒരാളുടെ തിരിച്ചറിവാണിത്. പാവം മാനവഹൃദയത്തിന്റെ സാന്നിധ്യം. ചങ്ങമ്പുഴക്കാലഘട്ടം രൂപപ്പെടുത്തിയ കാല്പനികപ്രണയത്തിന്റെ ആലസ്യത്തെ അതിജീവിക്കലാണിത്. ആൺ-പെൺപ്രണയത്തിന്റെ വ്യക്തികേന്ദ്രീകൃതസ്വഭാവത്തിൽ നിന്നും സ്നേഹം-വഞ്ചന തുടങ്ങിയ ബന്ധങ്ങളിലെ ദ്വന്ദ്വാത്മക അവസ്ഥകളിൽനിന്നും വിടുതൽ തേടുകയായിരുന്നു സുഗതകുമാരിയുടെ കവിതയിലെ പ്രത്യക്ഷമായ രാധാ-കൃഷ്ണഭാവങ്ങൾ. ഇത് വ്യവസ്ഥാപിത

കാർക്കശ്യങ്ങളിൽനിന്നും പാരമ്പര്യയാഥാർത്ഥ്യങ്ങളിൽനിന്നുമുള്ള വിമുക്തി തേടൽകൂടിയായിരുന്നു. ആശ്രയങ്ങൾ ഒന്നുമില്ലാത്ത രാധയിൽ ലോകത്തുള്ള എല്ലാ രാധമാരും ഉണ്ടായിരിക്കുന്നു എന്ന അവസ്ഥ പ്രണയത്തിന്റെ വ്യക്തിനിഷ്ഠമായ സ്വഭാവത്തെ ഉപേക്ഷിക്കലാണ്. രാധ തേടുന്ന കൃഷ്ണനാകട്ടെ ഏകഭാവസ്വരൂപത്തിന്റെ ബിംബവുമല്ല. പ്രണയമിവിടെ നവ്യമായ അവസ്ഥയിലാകുന്നു. നിലനിൽക്കുന്ന വിശ്വാസപ്രമാണങ്ങളും പ്രതിനിധാനങ്ങളും നിഷേധിക്കുമ്പോൾ കവിത വഴിത്തിരിവുകൾ സൃഷ്ടിക്കാറുണ്ട്. സുഗതകുമാരിയുടെ കവിതകൾ അത്തരത്തിലുള്ള അനുഭവങ്ങളായിരുന്നു.

വർത്തമാനങ്ങളിൽ ശ്വാസംമുട്ടി കിടക്കുന്ന ജീവിതവൈവിദ്ധ്യങ്ങളെ സൗന്ദര്യാത്മകവും ജീവിതവ്യവുമാക്കി മാറ്റുന്നതിന് പ്രകൃതിയെയും അതിന്റെ ജൈവസമൃദ്ധിയേയും ശുദ്ധിയേയും പകരംവയ്ക്കുകയാണ് സുഗതകുമാരിയുടെ ഭാവനാലോകം. അതിന്റെ സാധ്യതയാണ് ആ കാവ്യഭാഷ. കൂടെപ്പിറപ്പിനെ ചെന്നുതൊടാനുള്ള ഭാവനയുടെ സൗന്ദര്യാത്മകയജ്ഞമാണ് സുഗതകുമാരിക്കു കവിത. പ്രപഞ്ചത്തിന്റെയും ഭൂമിയിലെ ജീവിതത്തിന്റെയും സൗന്ദര്യമാണതിന്റെ സത്ത. ഒരർത്ഥത്തിൽ അത് മാനവികതയിലേക്കുള്ള തീർത്ഥാടനമാണ്. ജീവിതസത്യങ്ങളുടെയും ചുറ്റുപാടുകളുടെയും മനുഷ്യഭാവത്തിന്റെയും അനുക്രമവികാസത്തിലൂടെയും അന്വേഷണങ്ങളിലൂടെയുമാണ് അത് ലക്ഷ്യം കാണുന്നത്.

> "ഏതു കിളിയിണയുടെയിളം ചിറകിലമ്പേല്ക്കെ-
> യേതുതുടുകാലടിയിലാദ്യമുൾമുനയേല്ക്കെ,
> ഏതു പരിപാവനതയവമാനപാവകനിൽ-
> വീഴ്കെ, യെൻ കരളിൽ മുറിവേറ്റു"

എന്ന് കവി 'ധന്യത'യിൽ കുറിക്കുമ്പോൾ അപരവേദനയിലേക്കുള്ള താദാത്മ്യമാണ് പ്രത്യക്ഷമാകുന്നത്. ആർദ്രീതാനുസാരിയായ ആദികവിയുടെ പരമ്പരയുടെ താളമാകുകയാണ് കവിത. ലോകത്തിന്റെ മുഴുവൻ വേദനകളെയും ഏറ്റെടുക്കാനും തോൽക്കുന്ന യുദ്ധമാണെന്ന തിരിച്ചറിവിൽനിന്നുകൊണ്ട് പൊരുതാനുമുള്ള ഉൾക്കരുത്ത് സുഗത

കുമാരിയുടെ കാവ്യലോകം സവിശേഷമായ രീതിയിൽ മുന്നോട്ടു വയ്ക്കുന്നതും അതുകൊണ്ടാണ്.

സുഗതകുമാരിയെ കവിതയിൽ വേറിട്ട് നിർത്തിയത് പൊരുതലിന്റെ സൗന്ദര്യമായിരുന്നു. അതാകട്ടെ പുരോഗമനകവികളും എൻ.വി. കൃഷ്ണവാരിയരെപ്പോലുള്ളവരും ഉയർത്തിപ്പിടിച്ച റിയലിസ്റ്റിക് ചിന്താപദ്ധതിയുടെ വഴിയായിരുന്നില്ല. വിഷാദാത്മകത, ഭഗ്നവ്യാമോഹം മുതലായ ആധുനികതാഭാവധർമ്മങ്ങളും ഭഗ്നബിംബങ്ങൾ, ഉദ്ധരണങ്ങൾ, പൂർവകഥാപാത്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ധ്വനനമാധ്യമനവീനതയിലൂടെ മുഖം കാട്ടുന്ന ആധുനികതാരൂപധർമ്മങ്ങളും അവരുടെ കൃതികളിലുണ്ടെന്ന് ഡോ. എം. ലീലാവതി എൺപതുകളിൽത്തന്നെ നിരീക്ഷിച്ചിരുന്നു.[8] ലോകത്തുള്ള എല്ലാ രാധമാരെയും ചേർത്തുപിടിച്ചുകൊണ്ടുള്ള പ്രണയഭക്തിയുടെ അണപൊട്ടിക്കുതിക്കലും അഭയംതേടിയൊഴുകലും ജീവിതസത്യം തേടിയുള്ള ധീരസാഹസികപ്രയാണങ്ങളാണ്. 'അഭിസാരിക'യും 'കാളിയമർദ്ദനവും' നോക്കുക. ആത്മശുദ്ധീകരണത്തിന്റെ ഉത്തുംഗതയിൽ മൃതിയിലേക്ക് അലിഞ്ഞുചേരാൻ വെമ്പുന്ന ഒരു ചേതനയുടെ ആവാഹനമുഹൂർത്തമാണവയിൽ കാണാൻ സാധിക്കുക. മരിക്കാനും പീഡിതയാവാനും ആഗ്രഹിച്ചുകൊണ്ട് ജീവിതത്തിലേക്ക് തെറിക്കുന്നതും ഒരു തരം ജീവിതരതി തന്നെയാണ്. മതാന്ധകാരം മാറാത്ത, കണ്ണുതുറന്ന് പൂർണത കാണാൻ കഴിയാത്ത കാളിയൻ, വീണ്ടും വീണ്ടും തന്റെ പത്തികൾ ചവിട്ടി താഴ്ത്താനാണ് അഭ്യർത്ഥിക്കുന്നത്. ഉള്ളിൽ നുരകുത്തി നിൽക്കുന്ന കാളകൂടത്തിന്റേതാണ് ആ പത്തികൾ എന്ന തിരിച്ചറിവാണ് കാളിയനെ വ്യത്യസ്തനാക്കുന്നത്. കൊലകൊല്ലിയെന്ന കൊമ്പനാനയെ ചുട്ടുകൊന്ന് ആഘോഷിച്ച കേരളീയസമൂഹത്തെ നോക്കിക്കൊണ്ടാണ് സുഗതകുമാരി 'ഗജേന്ദ്രമോക്ഷം' എഴുതിയത്. മയക്കുവെടിവച്ച് അഴിക്കൂട്ടിലിട്ടടച്ച് അടിച്ചടിച്ച് പേടിപ്പിച്ച് അടിമയാക്കാൻ നോക്കിയപ്പോൾ, അതിനു മനസ്സില്ലെന്ന ഗർജ്ജനം. എത്ര ചവിട്ടിയാലും തലകുനിക്കില്ല എന്ന അവസ്ഥ സമൂഹത്തിൽ അടിഞ്ഞു കിടക്കുന്ന മാലിന്യത്തിൽനിന്ന് മുക്തി നേടാനുള്ള വ്യഗ്രതയെ ഓർമ്മിപ്പിക്കുന്നു. 'മറ്റെന്തതിൻനേർക്ക് നമസ്കരിക്ക' എന്ന

കവിവാക്യം പോലെ പരമമായ സത്തയ്ക്ക് മാത്രം അഭിമുഖമായിത്തീരുന്ന, മറ്റൊന്നിനും വഴങ്ങാത്ത തലയെടുപ്പാണ് കൊലകൊല്ലിയെന്ന ആനയ്ക്കും നൽകുന്നത്. അങ്ങനെ നോക്കുമ്പോൾ ഒരു സ്വപ്നജീവിയുടെ പുരോഗമനകീർത്തനങ്ങളാണ് സുഗതകുമാരിയുടെ കവിത. വേദനയായിരുന്നു അതിന്റെ ആന്തരികശ്രുതി. സുഗതകുമാരിയുടെ വാക്കുകൾ നോക്കുക: “വളരെ വിഷമം തോന്നുമ്പോൾ, വേദന തോന്നുമ്പോൾ അല്ലെങ്കിൽ വല്ലാത്തൊരു സംഘർഷാവസ്ഥ മനസ്സിൽ ഉണ്ടാകുമ്പോൾ, അപ്പോൾ മാത്രമേ എഴുതാറുള്ളൂ. സന്തോഷം വരുമ്പോൾ എനിക്ക് ഒരിക്കലും എഴുതാൻ ഒക്കാറില്ല. സന്തോഷത്തോടെ, ആഹ്ലാദത്തോടെയുള്ള കവിതകൾ വളരെ വളരെ വിരളമാണ്. ഒന്നോ ഒരു കഷണമോ കാണും. ബാക്കിയെല്ലാം നോവിന്റെ കവിതകളാണ്. വിഷാദത്തിന്റെ കവിതകളാണ്. അതെന്തോ അങ്ങനെ ആയിപ്പോയി. ശ്രീബുദ്ധൻ പറഞ്ഞില്ലേ, മനുഷ്യജന്മമെന്നുവച്ചാൽ സർവ്വം ദുഃഖം, ദുഃഖകാരണം ബന്ധം, ബന്ധ മോചനം മോക്ഷം എന്ന്. എനിക്ക് തോന്നുന്നു. എനിക്ക് ഒരുപാടു ബന്ധങ്ങൾ ആയിപ്പോയി. കണ്ട പുല്ലിനോടും പുഴുവിനോടും പ്രാണികളോടും മനുഷ്യരോടും മൃഗങ്ങളോടുമെല്ലാം ബന്ധം. മുറുക്കികെട്ടിയ ബന്ധങ്ങൾ. പൊട്ടിപ്പൊട്ടി പോകേണ്ട ബന്ധങ്ങൾ. അതറിഞ്ഞുകൊണ്ട്, ഇതെല്ലാം പൊട്ടിപ്പോകുമെന്നറിഞ്ഞുകൊണ്ട്, ഇതൊക്കെ നശ്വരങ്ങളാണെന്നറിഞ്ഞുകൊണ്ട് എഴുതാൻ അന്നേതോന്നി. കുട്ടിക്കാലത്തേ തോന്നി. എന്തുകൊണ്ടെന്നൊന്നും എന്നോട് ചോദിക്കല്ലേ, എനിക്കറിഞ്ഞുകൂടാ. എന്തിനെഴുതുന്നു, എനിക്കറിഞ്ഞുകൂടാ. ‘അറിയില്ല തോഴ, ഞാനറിയില്ല, പാട്ടിന്റെ പൊരുളറിയാതെന്റെ പാടൽ’ എന്നെഴുതിയിട്ടുണ്ട്.” (സുഗതകുമാരി, വേദനയിൽ നിന്നാണ് എന്റെ കവിത, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2021 ജനുവരി 3-9,പുറം 29)

‘രാത്രിമഴ’യുടെ ആമുഖത്തിൽ പ്രൊഫസർ എൻ. കൃഷ്ണപിള്ള “സുഗതകുമാരി എന്ന ഒറ്റപ്പെട്ട സ്വതന്ത്രപ്രതിഭാസം” എന്ന് പ്രയോഗിക്കുന്നുണ്ട്. കവയിത്രിയുടെ പ്രദീപ്തമായ മൗലികതയുടെ അംഗീകാരമാണത്. അസാമാന്യമായ സങ്കല്പശക്തിയായിരുന്നു ആ കവിതകളിൽ പ്രസരിപ്പിച്ചത്. വ്യക്തിയുടെയും പ്രകൃതിയുടെയും അനിർവ

ചനീയ ബന്ധവും ശക്തിയും സൗന്ദര്യവും അളക്കുന്ന കാവ്യരാഷ്ട്രീയമായി കവിത മാറുന്നുണ്ട്. മൂല്യങ്ങളെക്കുറിച്ചുള്ള മികച്ച ബോധ്യങ്ങൾ സുഗതകുമാരിയുടെ കാവ്യലോകത്തുണ്ട്. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രണയഗീതങ്ങൾകൂടിയായി കവിത മാറുമ്പോൾ മുറുക്കിക്കെട്ടിയ ബന്ധങ്ങളെ അനുഭവിക്കാനാവുകയാണ്. അവ കേവലബന്ധനങ്ങളല്ലെന്നും അറിയുന്നു. ബന്ധമാണ് ദുഃഖകാരണം എന്ന് സുഗതകുമാരിയും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വേദനകളുടെ ആവിഷ്കാരമായ ആ കവിതകളിൽ പൊള്ളിയത് കാല്പനികതയുടെ ഭാവനാലോകമായിരുന്നില്ല, യാഥാർത്ഥ്യത്തിന്റെ പൊള്ളുന്ന ചൂടായിരുന്നു. അത്രമാത്രം നൈസർഗികമായിരുന്നു സുഗതകുമാരിയുടെ എഴുത്ത്. അതുകൊണ്ടാണ് തരളമായ ഏറെക്കുറേ എല്ലാ ജീവിതങ്ങളിലേക്കും ആ കവിതയുടെ വെളിച്ചം എത്തിയത്. താളംതെറ്റിയ ഏതു ജീവിതത്തിലെയും അഭയസ്ഥാനമായി, കൈത്താങ്ങായി കവിത പടർന്നു. അമ്മയും പെങ്ങളും മകളും പ്രണയിനിയും ആയ എത്രയെത്ര നിരാലംബജന്മങ്ങളുടെ നിഴലുകളായി, കൊടുംക്രൂരതകൾക്കുനേരെ ആവുന്നത്ര ഉച്ചത്തിലുള്ള പ്രതിരോധകാഹളമായി ആ കവിത മുഴങ്ങി. ചിത്തരോഗാശുപത്രിയിൽ തടവറയിലായ നഗ്നരായസ്ത്രീകൾ, വിശന്ന് അലയുന്നവർ, ഇരുട്ടിൽ ചതിക്കപ്പെട്ടവർ, ലഹരിയിൽ മുങ്ങിപ്പോയവർ, കാമത്തിനും അക്രമത്തിനും ഇരയായവർ, കൗമാരജ്വാലകളിൽ കത്തിപ്പോയവർ അങ്ങനെ നിരവധി ജന്മങ്ങൾ അവിടെ നിറഞ്ഞു. അവരുടെ അനുഭവങ്ങൾ ഇത്രമേൽ തീവ്രമായി ആവിഷ്കരിക്കുകയും അതിനുവേണ്ടി നിലകൊള്ളുകയും ചെയ്ത കാവ്യാനുഭവം മലയാള കവിതയിൽ പുതിയൊരു യാഥാർഥ്യാനുഭവമായിരുന്നു. നിരാലംബത പകർന്ന ആ ഊർജപ്രവാഹമാണ്, പരാജയപ്പെടും എന്നറിഞ്ഞിട്ടും പോരാടിക്കൊണ്ടിരുന്ന ശ്രുതിമണ്ഡലം തീർത്തത്. അതിജീവനത്തിന്റെ സാംസ്കാരികവും ആധ്യാത്മികവും യോഗാത്മകവുമായ സൂര്യകാന്തികൾ അങ്ങനെയാണ് വിടർന്നുനിന്നത്. അവിടെ കാൽപനികവിഷാദത്തിന്റെ ഇരുളിനെ സുഗതകുമാരിയുടെ കവിത മുറിച്ചു കടക്കുകയായിരുന്നു. “എത്രയെത്ര കനൽവഴികൾ താണ്ടി? ഒന്നിച്ചുനിന്നവർ ഒരുപാടുണ്ട്. വഴിയിൽ തീ കോരിയെറിഞ്ഞവരുമുണ്ട്. കൈതട്ടി ചിലർ കടന്നു കളഞ്ഞിട്ടുണ്ട്. ഇന്നും മുടങ്ങാതെ ഭാഗം തന്ന അജ്ഞാതരായ

മനുഷ്യരുണ്ട്. ഇതൊക്കെ കണ്ടും കേട്ടും അറിഞ്ഞും എന്റെ കവിതയും കൂടെനിന്നു." (സുഗതകുമാരി, അവസാനമായി എനിക്ക് ചിലത് പറയാനുണ്ട്, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2021 ജനുവരി 3-9 പുറം16). 'എന്റെ കവിതയും കൂടെനിന്നു' എന്നിടത്ത് ആക്ടിവിസവും കവിതയും ഒന്നായിത്തീരുന്ന നിലപാടാണ് തെളിയുന്നത്. ജീവിതത്തിലും കവിതയിലും പന്തംപോലെ എരിഞ്ഞ് ലോകത്തിന് പ്രകാശം പരത്തിയ സർഗ്ഗാത്മകതയുടെ സ്വഭാവം അനിഷേധ്യമാണ്; നിരാലംബരെ ഹൃദയത്തോട് ചേർത്തുവച്ച കാവ്യപ്രവർത്തനം കർമ്മയോഗത്തിന്റെ ദർശനമാണ്. ജീവിതവും കവിതയും ഒരേ വഴിയിൽ ആകുന്നതിന്റെ സാക്ഷ്യമാണിത്.

'പശ്ചിമഘട്ടം'എന്ന കവിത കാണുക:

"ശൈലേന്ദ്രപാദങ്ങളിൽ തീപിടിക്കുന്നു!
ദിവ്യവക്ഷസ്സിൽ കറുത്തപുക പടരുന്നു!
കരിമരുന്നിട്ടുപൊട്ടിത്തകർക്കും നൂറു
മലകളലറിക്കേണുടഞ്ഞു വീണടിയുന്നു.
ഉറവകൾ നടുങ്ങി വറ്റുന്നു,
നൂറായിരം നിലവിളിയുയർന്നു താഴുന്നു!"

ദുരന്തസന്ദർഭങ്ങളെ മുൻകൂട്ടി കാണുന്ന കാട്ടുകിളിയുടെ സ്വരമായിരുന്നു സുഗതകുമാരിയുടെ കവിതയ്ക്ക്. മുറിവേറ്റ പ്രകൃതിയെ രക്ഷിക്കാൻ വേണ്ടിയുള്ള ഇത്തരം ആത്മാലാപനമാണ് സുഗതകുമാരിയുടെ പരിസ്ഥിതികവിതകളെല്ലാം. പ്രണയം, സ്ത്രീസ്വത്വം, പ്രകൃതി ഇവയ്ക്ക് മൂന്നിനും ഒരേ താളലയമാണ് അവിടുള്ളത്. നിരാലംബമായ, നിരാശ്രയമായ അവസ്ഥകൾക്ക് ഒരു താങ്ങാവുക എന്നതാണതിന്റെ അർത്ഥം. ആ കവിതകളാകട്ടെ മുടിയഴിച്ചാടിയ സമരസാന്നിദ്ധ്യവുമാകുന്നു. സ്നേഹവും അനുകമ്പയും ചേർന്ന് അവിടെ ഉറഞ്ഞാടുന്നു. പ്രകൃതിപക്ഷത്തെ അരികുവൽകൃതപക്ഷമായി സുഗതകുമാരിയുടെ കവിത കാണുന്നു. അതാകട്ടെ കേരളീയമായ പാരിസ്ഥിതികമുന്നേറ്റങ്ങൾക്ക് ആർദ്രതയും സാധാരണത്വവും സമ്മാനിക്കുന്നു. ബാലചന്ദ്രൻ ചുള്ളിക്കാട് എഴുതിയത് പ്രസക്തമാണ്: "സകലചരാചര

ങ്ങളുടെയും നിലനിൽപ്പിനെയും സമാധാനപരമായ സഹവർത്തിത്വ ത്തെയും സുസാധ്യമാക്കുന്നത് എന്താണോ, അതാണ് ധർമ്മം. അതിനാൽ മനുഷ്യകർമ്മം ധർമ്മവിരുദ്ധമായാൽ സർവ്വനാശമാകും ഫലം. ദുഷ്യന്തൻ ശകുന്തളയെ എന്നപോലെ മനുഷ്യൻ ധർമ്മത്തെ വിസ്മരിക്കുന്ന അന്ധകാരമുഹൂർത്തത്തിൽ, ധർമ്മസത്തയായ ലോകാ നുരാഗത്തെ അനുസ്മരിപ്പിക്കുന്ന അഭിജ്ഞാനമാകുന്നു സുഗത കുമാരിയുടെ കവിതകൾ'' (ബാലചന്ദ്രൻ ചുള്ളിക്കാട്, ലോകാനുരാഗ ത്തിന്റെ അഭിജ്ഞാനം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2021 ജനുവരി 3-9 പുറം 45).

ആംഗലേയ മഹാകവി ഷെല്ലി എഴുതിയ ഒരു കുറിപ്പുണ്ട്. ''തിന്മ ഉണ്ടാകരുതെന്ന് മനുഷ്യവംശം ഉറപ്പിച്ചാൽ; അതുപിന്നെ ഉണ്ടായി രിക്കില്ല...'' എന്നാണതിൽ പറയുന്നത്. (Note on Prometheus Unbound Shelley, Complete Poems of Keats and Shelley, Modern Library Edition, p.295) മനുഷ്യന്റെയും പ്രകൃതിയുടെയും സമസ്തചരാചരങ്ങളുടെയും ദുരിതാനുഭവങ്ങളെ സുഗതകുമാരിയുടെ കലാവ്യക്തിത്വം പ്രകോപ നത്തോടെ നേരിടുമ്പോൾ, പ്രതിരോധിക്കുമ്പോൾ ഭാഷയിൽ പെയ്തി റങ്ങുന്ന ആയുധങ്ങളായി കവിതമാറുന്നു. അവ പെയ്യുന്ന മഴയിൽ മാത്രമല്ല, വിതുമ്പി നില്ക്കുന്ന കാർമേഘങ്ങളിലേക്കും ഇരമ്പിക്കയ റുന്നു. ലോകത്തിന്റെ മുറിവുകളെ മനസ്സിലേക്കാവാഹിക്കുന്ന അപൂ ർവമായ നൊമ്പരങ്ങളെ സാന്ദ്രതീവ്രമാക്കുകയും ചെയ്യുന്നു.

**കുറിപ്പുകൾ**

1. ബാലചന്ദ്രൻ ചുള്ളിക്കാടിനോട് കടപ്പാട്.
2. Nikos Kazantzakis, The Last Temptation of Christ, (Novel) 1960
3. ''ഉള്ളിലൊരു തുളവീഴ്ക

    യതിലൂടെയൊരു പാട്ടു

    തുള്ളിയായൂറിവീഴുന്നു

    അതിലിറ്റു കയ്പാർന്ന മധുവുണ്ട്

    നിൻചുണ്ടിലതു പൊള്ളി നീറിപ്പിടിക്കും.'' എന്ന് 1986-ൽ 'നൈവേദ്യം' എന്ന കവിതയിൽ സുഗതകുമാരി എഴുതിയിട്ടുണ്ട്.

4. ക്രൗഞ്ചമിഥുനങ്ങളിലൊന്നിനെ കാട്ടാളൻ എയ്തുവീഴ്ത്തിയപ്പോൾ ഉയർന്ന വിലാപവും ആ ശോകത്തിൽനിന്ന് "മാനിഷാദ" എന്ന 'രാമായണ'ത്തിന്റെ ആദ്യശ്ലോകം പിറന്നു എന്നതും ആയ പുരാവൃത്തത്തിന്റെ സൂചന.

5. ഏ. ആർ. രാജരാജവർമ്മയുടെ അകാലനിര്യാണത്തിൽ വിലപിച്ചുകൊണ്ട് 'പ്രരോദനം'എന്ന കാവ്യത്തിൽ കുമാരനാശാൻ എഴുതിയതിനോട് കടപ്പാട്.

6. ഉണ്ണായിവാര്യരുടെ 'നളചരിതം' ആട്ടക്കഥ ഓർക്കുക.

7. 'കൃഷ്ണാ നീയെന്നെ അറിയില്ല' എന്നപേരിലുള്ള സുഗതകുമാരിയുടെ കവിത.

8. 'വർണ്ണരാജി'എന്ന പുസ്തകത്തിൽ എം. ലീലാവതി എഴുതിയ 'അമ്പലമണിയുടെ മുഴക്കം'എന്ന പഠനം.

**ഗ്രന്ഥസൂചി**

1. സുഗതകുമാരി, സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം, ഡി. സി. ബുക്സ്, കോട്ടയം, 2011.

2. ലീലാവതി എം., വർണ്ണരാജി, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1978.

# 'മധുരം ഗായതി'യിലെ പാരിസ്ഥിതികദർശനം

**മുരളി എസ്.**

**ഗവേഷകൻ, മലയാളവിഭാഗം, കേരളസർവകലാശാല**

**സംഗ്രഹം**

പ്രകൃതിയുടെ ആദിമവിശുദ്ധിയിലേക്ക് മടങ്ങുകയാണ് ആധുനികമനുഷ്യന്റെ ഇന്നത്തെ പ്രതിസന്ധികൾക്ക് പരിഹാരമെന്ന് ധ്വനിപ്പിക്കുന്ന നോവലാണ് ഒ.വി.വിജയന്റെ 'മധുരം ഗായതി'. മലയാള നോവലിലെ പാരിസ്ഥിതിക ജാഗ്രതയുടെ അടയാളമാണ് ആ രചന. ഭൗതികതയും ആത്മീയതയും തമ്മിലുള്ള സംബന്ധസംഘർഷങ്ങളും സമന്വയവുമാണ് 'മധുരം ഗായതി'യുടെ ഉള്ളടക്കം. ശാസ്ത്രപരിഷ്കൃതിയുടെ വഴിവിട്ട വളർച്ചയാണ് മനുഷ്യനെ പ്രകൃതിയിൽനിന്നും വേർപടുത്തിയതെന്നും മനുഷ്യനെ പ്രകൃതിയിലേക്ക് തിരിച്ചു കൊണ്ടുവരാൻ വേണ്ട ഉൾക്കാഴ്ചയാണ് ശാസ്ത്രം നേടേണ്ടതെന്നും നോവലിലൂടെ വിജയൻ ഓർമ്മിപ്പിക്കുന്നു. 'മധുരം ഗായതി'യിലെ പാരിസ്ഥിതികദർശനത്തിന്റെ സ്വഭാവമെന്തെന്ന് വിശകലനം ചെയ്യാനും കൃതിയുടെയും പ്രകൃതിയുടെയും പരിണാമതലങ്ങളെ അപഗ്രഥിക്കാനുമാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ**

പ്രകൃതി - പരിസ്ഥിതി - പാരിസ്ഥിതികദർശനം - ആദ്ധ്യാത്മികപാരമ്പര്യം - അണുയുദ്ധം - പ്രകൃതിബോധം - ജന്മാന്തരബന്ധം

**ആമുഖം**

പ്രകൃതിയും മനുഷ്യനും തമ്മിൽ സർഗ്ഗാത്മകമായ ഒരു പാരസ്പര്യം സ്വപ്നംകാണുന്ന എഴുത്തുകാരനാണ് ഒ.വി.വിജയൻ. ഭാരതീയതയുടെ മുഖമുദ്രയായ, ആദ്ധ്യാത്മികപാരമ്പര്യത്തിന്റെ സാത്വികത, സാംസ്കാരിക മൂല്യസങ്കല്പം, പ്രകൃതിദർശനം ഇവയെല്ലാം വിജയന്റെ കലാവ്യക്തിത്വത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ബുദ്ധദർശനത്തിലെ സർവ്വജീവത്വവാദവും (Animism)അദ്ദേഹത്തിൽ സജീവമാണ്. ശാസ്ത്രപുരോഗതി സ്നേഹത്തിന്റെ സൂക്ഷ്മഭാവങ്ങളെപ്പോലും അന്യമാക്കുന്നു എന്നു കരുതുന്ന വിജയൻ, പ്രകൃതിവിരുദ്ധമായ ഭൗതികോന്നതിയുടെ അന്ത്യഫലം അണുയുദ്ധമാണെന്നും അത് സർവ്വനാശമാണെന്നും 'പാറകൾ' എന്ന കഥയിൽ ഓർമ്മിപ്പിക്കുന്നു. (ഒ.വി. വിജയൻ, വിജയന്റെ കഥകൾ, പുറം 212).

പ്രകൃതിയെന്നത് വെറുമൊരു കാല്പിനകാവേശമല്ല, വിജയന്. പ്രകൃതിയെയും പരിസ്ഥിതിയെയും സംബന്ധിച്ച ഗൗരവപൂർണ്ണമായ ചിന്തകൾ അദ്ദേഹത്തിന്റെ കൃതികളുടെ മൗലികധാരയാണ്. പ്രകൃതിയിൽ നിന്ന് വേറിട്ടുപോകുന്ന മനുഷ്യന്, അവന്റെ തായ്‌വേര് നഷ്ടമാകുന്നുവെന്ന ആധിയാണ് വിജയന്റെ പ്രകൃതിദർശനത്തിന്റെ കാതൽ. 'ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം എഴുതുന്നു: "നാം പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധത്തെ അറുത്തു കളയുകയും പരിസ്ഥിതിയെ യന്ത്രവത്ക്കരിക്കുകയും രാസവത്ക്കരിക്കുകയും ചെയ്തു. അങ്ങനെ സൃഷ്ടിയുടെ നീതിക്ക് (ദൈവനീതിക്ക് എന്നു ഞാൻ പറയട്ടയോ) നിരക്കാത്ത തരംഗസമൂഹങ്ങളുടെ ഫലമായി മാരകമായ രോഗങ്ങളെ സൃഷ്ടിക്കുകയും അഴിച്ചുവിടുകയും ചെയ്തു. ജീവന്റെയും ജീവവൈകല്യത്തിന്റെയും പ്രകൃതിയുടെയും പ്രകൃതി വിമുഖതയുടെയും സമസ്യകളാണ് നമ്മേ മൂടി നിൽക്കുന്നത്" (ഒ.വി.വിജയൻ, 'ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ', പുറം 32). ഈ സമസ്യകൾക്ക് ഉത്തരം കാണാനാണ് വിജയൻ തന്റെ കൃതികളിലൂടെ ശ്രമിക്കുന്നത്. സജീവമായ പ്രകൃതിബോധമാണ് അദ്ദേഹത്തിന്റെ രചനകളുടെ അന്തർധാര. ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി എന്നീ നോവലുകളും

പാറകൾ മുതൽ ഒട്ടേറെ ചെറുകഥകളും ലേഖനങ്ങളും പ്രകൃത്യായ ത്തമായ ഇത്തരമൊരു ദർശനത്തിന്റെ സാഫല്യങ്ങളാണ്.

പ്രകൃതിയും മനുഷ്യനുമായുള്ള അനുരഞ്ജനത്തിന്റെ വ്യാഖ്യ നങ്ങളാണ് ഒ.വി. വിജയന്റെ നോവലുകളും കഥകളും.'ഖസാക്കിന്റെ ഇതിഹാസ'ത്തിൽ രവി, ദിനോസോറുകളുടെയും ചിലന്തികളുടെയും, ഒരു സായാഹ്നത്തിൻ നടക്കാനിറങ്ങിയ രണ്ടു ജീവബിന്ദുക്കളുടെയു മൊക്കെ കഥപറഞ്ഞ് ജന്മാന്തരബന്ധങ്ങൾ ബോധ്യപ്പെടുത്തുന്നുണ്ട്. പേനിനും ആത്മാവുണ്ടെന്ന് രവി പറയുന്നു. (ഒ.വി.വിജയൻ, ഖസാ ക്കിന്റെ ഇതിഹാസം, പുറം 171).'തിരിച്ചുപോക്ക്'എന്ന കഥയിൽ, മനു ഷ്യന്റെ മരണം പ്രകൃതിയിലേക്കുള്ള തിരിച്ചുപോക്കായാണ് വിജയൻ സങ്കല്പിക്കുന്നത്. 'പുഴ' എന്ന കഥയിലുമിതുണ്ട്. പുഴ പ്രകൃതിയാ ണ്. പ്രകൃതിയിൽ ലയിക്കുന്ന ജീവൻ പരമാത്മാവിൽ ലയിക്കുന്ന ജീവാത്മാവാണെന്ന സങ്കല്പമാണ് വിജയൻ അവതരിപ്പിക്കുന്നത്. പാറ കൾ മുതൽ ഗുരുസാഗരം വരെയുള്ള രചനകളിൽ അദ്ദേഹം ആവി ഷ്ക്കരിക്കുന്ന ചൈതന്യവത്തായ പ്രകൃതിദർശനം പൂർണ്ണതനേടുന്നത് മധുരം ഗായതിയിലാണ്. പാരിസ്ഥിതികമായ സൂക്ഷ്മബോധത്തിന്റെ സമൂർത്തരൂപമാണ് ഈ കൃതി. വഴിതെറ്റിപ്പോയ ശാസ്ത്രത്തിന്റെ വൈരുദ്ധ്യങ്ങളെ കൃഷ്ണന്റെ വേണുഗാനം ഇണക്കും എന്ന സങ്കല്പ മാണ് ഈ നോവലിന്റെ അടിയാധാരമെന്ന് വിജയൻ പറയുന്നു. (അക്ബർ കക്കട്ടിൽ, സർഗ്ഗസമീക്ഷ, പുറം 205). ശാസ്ത്രപരിഷ്കൃതി യുടെ അന്ധമായ പ്രയാണങ്ങളാണ് മനുഷ്യനെ പ്രകൃതിയിൽ നിന്ന് വേർപെടുത്തിയതെന്നും പ്രത്യാശിക്കുന്ന വിജയൻ 'കുറിപ്പുകളി'ൽ എഴുതുന്നു: "മനുഷ്യൻ പ്രകൃതിയിലെ കണ്ണികളിൽ ഒന്നുമാത്രമാണ്. അതല്ലെന്നു തെറ്റിദ്ധരിച്ചതിന്റെ കഥയാണ് ശാസ്ത്രത്തിന്റെയും യന്ത്ര പരിഷ്കൃതിയുടെയും ആധുനികചരിത്രം. മനുഷ്യസമൂഹത്തിന്റെ മിക്ക കെടുതികളും ഈ തെറ്റിദ്ധാരണയിൽ തുടങ്ങുന്നു.അതിനെ നീക്കം ചെയ്യാൻ മനുഷ്യനെ പ്രകൃതിയിലേക്കു തിരിച്ചുകൊണ്ടുവരുവാൻ വേണ്ട പുതിയ ഉൾക്കാഴ്ചകൾ ശാസ്ത്രം നേടേണ്ടിയിരിക്കുന്നു. ശാസ്ത്രത്തിന്റെ നിരാകരണത്തിലൂടെയല്ല, മറിച്ച് അതിന്റെ നവീകര

ണത്തിലൂടെമാത്രമേ സാധിക്കു." (ഒ.വി. വിജയൻ, കുറിപ്പുകൾ, പേജ് 23). ഈയൊരു ദർശനം അവതരിപ്പിക്കാനാണ് വിജയൻ മധുരം ഗായതിയിൽ ശ്രമിച്ചിട്ടുള്ളത്. പ്രകൃതിയേയും പരിസ്ഥിതിയേയും സംബന്ധിച്ച അന്വേഷണങ്ങൾ ഏറെ കാലികപ്രസക്തി ഉള്ളവയാണ്, എന്നല്ല, ഭാവിയെക്കുറിച്ചുള്ള ഗൗരവതരമായ ചിന്തതന്നെയാണത്. വരാൻ പോകുന്ന ദശകങ്ങളിലെ ഏറ്റവും ശക്തമായ രാഷ്ട്രീയപ്രശ്നങ്ങൾ ഗ്രീൻഹൗസ് ഇഫക്ടും ഓസോൺപാളിയുടെ ശൈഥില്യവും മഴക്കാടുകളുടെ നാശവും ആസിഡ്മഴയുടെ സമുദ്രമലിനീകരണവുമൊക്കെയായിരിക്കും ജോനാഥൻ ബേറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. (ജോനാഥൻ ബേറ്റ്, റൊമാന്റിക് ഇക്കോളോജി, പേജ് 26). വീണ്ടുവിചാരത്തിന്റെ കണികപോലുമില്ലാത്ത മനുഷ്യന്റെ പ്രകൃതിയോടുള്ള ക്രൂരതയുടെ ഫലശ്രുതികളായിട്ടായിരിക്കും ഇതു സംഭവിക്കുക. ന്യൂക്ലിയർ യുദ്ധത്തിന്റെ ഭീഷണമുഖം കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്ന മനുഷ്യനെയാണ് ഈ യുഗം നമുക്കു കാട്ടിത്തരുന്നത്. ഈയൊരവസ്ഥയിൽ ഭൂമിയുടെ സ്വസ്തിക്കായി വാക്കുകളുടെ പരിച തീർക്കുകയാണ് വിജയൻ.

## ഭൂമിയുടെ മുറിഞ്ഞ മനസ്സ്

ഭൂമിയുടെ ഭാവിയേക്കുറിച്ചുള്ള ദുഃസ്വപ്നഭരിതമായ വെളിപാടുകളാണ് മധുരം ഗായത്രി നൽകുന്നത്. ശപ്തമായ ഈ അറിവുകളോരോന്നും മനസ്സിൽ ഭയം നിറയ്ക്കുന്നു. യുദ്ധാവസാനത്തിലെ മഹാസ്ഫോടനത്തിൽ ഭൂമി രണ്ട് അർദ്ധഗോളങ്ങളായി പിളർന്നു പിരിഞ്ഞിരിന്നു. ദക്ഷിണാർദ്ധഗോളം സസ്യജമായ വനിമയുടേതായിരുന്നു. ഉത്തരാർദ്ധഗോളമാകട്ടെ കൃത്രിമമായ യന്ത്രിമയുടേതും. ദക്ഷിണാർദ്ധത്തിലെ വനകന്യകയായ സുകന്യയുടെ മാതാപിതാക്കളാണ് മൃത്യുഞ്ജയനും സുമംഗലയും. അവർ വളർത്തുന്ന നന്ദിനിയെന്ന വെള്ളപ്പശുവിനെ ഉത്തരാർദ്ധത്തിലെ യന്ത്രകിങ്കരന്മാർ പിടിച്ചുകൊണ്ടുപോയി. മൃത്യുഞ്ജയനും സുമംഗലയും അവളെത്തിരഞ്ഞ് അതിരുകളിലേക്കു പോകുന്നു. കാണാതായ അവർ മൂവരേയും അന്വേഷിച്ചു ഇറങ്ങുന്ന ആൽമരത്തിന്റെയും സുകന്യയുടെയും വ്യോമരഥ്യയിലെ അനു

ഭവങ്ങളും സ്വപ്നങ്ങളുമാണ് മധുരം ഗായതിയുടെ വാച്യതലം. ഉത്തരാർദ്ധഗോളത്തിലെ മഹായന്ത്രത്തിനു നന്ദിനിയുടെ പാലുവേണമായിരുന്നു. നന്ദിനിയാകട്ടെ പാലു ചുരത്തിയില്ല. ഒടുവിൽ യന്ത്രാധിപന്റെ പരീക്ഷണശാലയിൽ ജനിതകചിത്രമായിത്തീരുന്നു, അവൾ. ജനിതകശാലയിൽ ശാസ്ത്രജ്ഞന്മാർ നന്ദിനിയുടെ കൃത്രിമചേതനയെ സൃഷ്ടിക്കുന്നു. എന്നാൽ അതു ചുരത്തിയ പാലിൽ മുഴുവൻ യുക്തിയായിരുന്നു. യുക്തിയാകട്ടെ വേദനയും. മഹായന്ത്രം ആത്മാവില്ലാത്ത ദുഃഖത്താൽ തലതല്ലിക്കരഞ്ഞു.

ഉത്തരാർദ്ധഗോളത്തിൽ വന്നെത്തുന്ന ആൽമരത്തിന്റെയും സുകന്യയുടെയും സാന്നിധ്യം മഹായന്ത്രത്തിന്റെ മഹാപരിണാമത്തിനു ഹേതുവായിത്തീരുന്നു. അത് യന്ത്രപ്പശുവായി പ്രകൃതിയിലേക്കു പരിണമിക്കുന്നു. ഒപ്പം വടവൃക്ഷത്തിന്റെയും വനകന്യകയുടെയും പ്രണയം സഫലമാകുകയും, അത് സൃഷ്ടിയുടെ നാന്ദിയാകുകയും ചെയ്യുന്നു. ഇങ്ങനെ ഇനങ്ങൾ ഇനങ്ങളോടു ചേർന്ന്, ഭൂമി വൈരുദ്ധ്യം മറന്ന് ഒന്നാകുകയും സംഗീതത്തിന്റെ ധ്വനി ഉയരുകയും ചെയ്യുന്നതോടെയാണ് മധുരം ഗായതി അതിന്റെ ചരണങ്ങൾ ഉപസംഹരിക്കുന്നത്. പാശ്ചാത്യരാജ്യങ്ങളിലെ ശാസ്ത്രസാങ്കേതിക പുരോഗതിയാണ് ഉത്തരാർദ്ധഗോളം. ദക്ഷിണാർദ്ധഗോളമാകട്ടെ പൗരസ്ത്യരാജ്യങ്ങളിലെ ധ്യാനാത്മകസംസ്കൃതിയും. ഈ വിഭജനത്തിലൂടെ ഭൂമിയുടെ രണ്ടായിപ്പിരിഞ്ഞ മനസ്സാണ് വിജയൻ കാട്ടിത്തരുന്നത്.

### നിലതെറ്റി വീഴുന്ന യുക്തിയുടെ ഗോപുരം

ഒരേ ജീവകോശത്തിൽ നിന്നും പൊട്ടിമുളച്ച സസ്യവും മൃഗവും മനുഷ്യനും മാരകാംവിധം വേറിട്ടത് എങ്ങനെയെന്നു ഉത്കണ്ഠപ്പെടുകയും ഇതിന്റെ പരിണിതിയെന്നോണം ലോകം പോംവഴിയില്ലാത്ത ഒരു ദുഃഖകാണ്ഡത്തിലേക്കു നീങ്ങികൊണ്ടിരിക്കുകയാണെന്ന യാഥാർഥ്യം ഓർമ്മിപ്പിക്കുകയാണ് മധുരം ഗായതി. പ്രകൃതിയിൽ നിന്നുള്ള വേറിടലാണ് ഈ ദുരന്തത്തിനു കാരണമെന്നു വിജയൻ ധ്വനിപ്പിക്കുന്നു. ഈ പ്രകൃതിവിമുഖതയാകട്ടെ ന്യൂക്ലിയർ യുദ്ധങ്ങളുടെ സർവ്വനാശക

ത്വത്തിൽവരെ എത്തിനിൽക്കുന്നു. പ്രകൃതിവിരുദ്ധമായി നേടിയ യാന്ത്രികപുരോഗതിയുടെ അനന്തരഫലങ്ങളാണ് ഇതെല്ലാം.

ശാസ്ത്രം യുക്തിയുടെ ഭാഷയാണ്. യുക്തി ഗണിതവും. തന്റെ സ്വത്വം യുക്തിയും ചിന്തയുമായി അന്വയിക്കപ്പെട്ടതാണ് ആധുനികമനുഷ്യന്റെ പതനത്തിനു കാരണമെന്ന് ഫ്രിജോഫ് കാപ്ര സൂചിപ്പിച്ചിട്ടുണ്ട് (ഫ്രിജോഫ് കാപ്ര, ആഷാ മേനോൻ, തനുമാനസി, പുറം 73). മനുഷ്യൻ പടുത്തുയർത്തിയ യുക്തിയുടെ ഗോപുരത്തിനു ക്രമേണ നില തെറ്റുന്നതായി വിജയൻ അഭിദർശിക്കുന്നു. നഗരങ്ങളുടെ നിലവിളി എന്ന അദ്ധ്യായത്തിൽ വിജയൻ എഴുതുന്നു: "യന്ത്രം മനുഷ്യന്റെ പ്രജ്ഞയിൽനിന്നും പിറന്നുവീണ കുഞ്ഞാണ്. മനുഷ്യപ്രജ്ഞയുടെ അപൂർണ്ണതകളെ മറികടക്കാൻ യന്ത്രങ്ങളെ മനുഷ്യൻ തന്നെ സഹായിച്ചു, എന്നാൽ സൃഷ്ടിപരമ്പരയിലേക്കു എത്തിനോക്കാൻ ആവശ്യമായ പഴുതുകളായിരുന്നു ആ അപൂർണ്ണതകൾ. ഈ പഴുതുകളടഞ്ഞതോടെ ശരീരത്തിൽനിന്നും ആത്മാവ് അന്യമായി." (ഒ.വി. വിജയൻ, മധുരം ഗായതി പേജ് 53). യന്ത്രങ്ങളുടെ ആദിപിതാവായ മനുഷ്യന് ഭയത്തിന്റെയും സന്ദേഹത്തിന്റെയും ആന്ദോളനങ്ങൾ പ്രജ്ഞയിലുണ്ടായിരുന്നു. അവനാകട്ടെ ഇത്തരം ദൗർബല്യങ്ങളില്ലാത്തതും സ്വയം ചലിക്കുന്നതുമായ യന്ത്രങ്ങളെ സൃഷ്ടിച്ച് അവയുടെ അധിപനെന്നു വ്യാമോഹിച്ചു. അങ്ങനെ വ്യാമോഹിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ട കളിപ്പാട്ടമായിരുന്നു അവൻ. നൈസർഗ്ഗികമായ പ്രാകൃതചോദനകളെ യന്ത്രങ്ങളിലൂടെ വിലക്കുക വഴി അവൻ ആത്മാവില്ലാത്ത മറ്റൊരു യന്ത്രമായി മാറി. ഇതാണ് ആധുനിക മനുഷ്യന്റെ ദുരവസ്ഥ. സ്പർധയും സ്നേഹവും രതിയും ദുർബലമാക്കിയ മനുഷ്യന്റെ തലമുറകളെ അവരുടെ ഉപകരണമെന്നു നടിച്ചുകൊണ്ട് മഹായന്ത്രം ഭരിക്കും എന്ന വൃദ്ധശാസ്ത്രജ്ഞന്റെ ഭാവിഫലചിന്ത അങ്ങനെ യാഥാർഥ്യമാകുകയാണ്. ശാസ്ത്രത്തിന്റെ പ്രയോഗമായ സാങ്കേതികവിദ്യയുടെ ഈ യുഗത്തിൽ മനുഷ്യനു സംഭവിച്ച സ്വത്വനഷ്ടത്തെക്കുറിച്ചാണ് വിജയൻ ഇവിടെ സംസാരിക്കുന്നത്. യന്ത്രങ്ങളാൽ ക്രമഭംഗം വന്ന പ്രകൃതിയുടെ അവസ്ഥ ഇതേ രീതിയിൽ നോവലിൽ ആവിഷ്കരിക്കുന്നുണ്ട്. മഹായന്ത്രത്തിന്റെ ആജ്ഞയാൽ തടവിലാക്കപ്പെട്ട നന്ദിനിയുടെ ദൈന്യ

മായാണ് ഇത് അവതരിപ്പിച്ചിട്ടുള്ളത്. അർദ്ധഗോളത്തിലെ അരമന യുടെ പുറത്ത് അവൾ കിടന്നു. കിങ്കരയന്ത്രങ്ങൾ എങ്ങനെയൊക്കെ പ്രീണിപ്പിച്ചിട്ടും അവൾ പാലുചുരത്തിയില്ല. മഹായന്ത്രം കയർത്തു: എന്റെ പരസഹസ്രം വിദ്യുത്പ്രസരങ്ങൾ ഈ പശുവിന്റെ പ്രാകൃത മാന്ത്രികതക്കു മുന്നിൽ വഴിമുട്ടി നിൽക്കുന്നു. (മധുരം ഗായതി, പുറം 36). വരദായിനിയായ പ്രകൃതിയുടെ ഭാവമാറ്റമാണ് മുലചുരത്താത്ത പശുവിന്റെ പ്രതീകകല്പനയിലുള്ളത്. സർവ്വജീവജാലങ്ങളുടെയും സകലകാമനകളെയും നിയന്ത്രിക്കുന്നത് പ്രകൃതിയിലെ ജലചംക്രമണം ആണ്. സ്ഫടികസമാനമായ ജലസ്രോതസ്സുകളുടെ പ്രതീകമാണ് നന്ദിനിയെന്ന വെള്ളപ്പശു. പുരാണങ്ങളിലെ കാമധേനുവിനു സമാന യാണവൾ. സൃഷ്ടിയുടെ സത്തയുമാണ് ഈ നോവലിൽ നന്ദിനി. കൃത്രിമമായജലസ്രോതസ്സുകളുണ്ടാക്കി പ്രകൃതിയെ സംരക്ഷിക്കാൻ സാങ്കേതികശാസ്ത്രത്തിനു ഇതുവരെ കഴിഞ്ഞിട്ടില്ല. അകിടു ചുര ത്താത്ത പശു യന്ത്രങ്ങളാൽ കലുഷമായിത്തീർന്ന പ്രകൃതിയുടെ ദാരു ണമുഖമാകുന്നു. അതിന്റെ പരിണതിയെന്നോണം സന്തുലനം നഷ്ട പ്പെട്ട പ്രകൃതിയിലുണ്ടാകുന്ന വരൾച്ചയുടെ ദൃശ്യവും നോവലിലുണ്ട്.

**മാഞ്ഞുപോകുന്ന അക്ഷരങ്ങൾ**

പ്രകൃതിനിഷ്ഠവും ധ്യാനാത്മകവുമായ ജീവിതത്തിൽ നിന്ന് വേറിട്ടുപോയ ആധുനിക മനുഷ്യന്റെ അറിവുകൾ മാഞ്ഞുപോകുന്ന തിനെക്കുറിച്ച് ഒരു ഗൗരവാവഹമായ ദർശനം 'അക്ഷരങ്ങളുടെ പുഴു ക്കുത്ത്' എന്ന അധ്യായത്തിൽ വിജയൻ അവതരിപ്പിക്കുന്നുണ്ട്. സ്വ പ്നവും ധ്യാനവും നഷ്ടപ്രായമായ മനുഷ്യന് ലബ്ധമാക്കുന്ന അറി വുകൾ കാത്തുസൂക്ഷിക്കാനുള്ള ഇന്ദ്രിയശേഷി നഷ്ടമാകുന്നതിനെ ക്കുറിച്ചുള്ള സുന്ദരകല്പനയാണിത്.

ഭൂഗോളം അന്ന് രണ്ടായി പിളർന്നിരുന്നില്ല. എന്നാൽ മനുഷ്യ വർഗ്ഗത്തിന്റെ മനസ്സ് പിളർന്നു കഴിഞ്ഞിരുന്നു. ഭൂഗോളത്തിന്റെ ഉത്ത രാർദ്ധത്തിൽ ശാസ്ത്രജ്ഞന്മാർ അത്യത്ഭുതങ്ങളായ കണ്ടുപിടിത്ത ങ്ങൾ നിറവേറ്റി. ധാതുക്കളേയും ഊർജ്ജങ്ങളേയും മെരുക്കി നാനാ രൂപത്തിലുള്ള ഉപകരണങ്ങൾ സൃഷ്ടിച്ചു. ഈ ഉപകരണങ്ങൾ ഉത്ത

രാർധത്തിന്റെ പരിഷ്കൃതിയായി. ഈ പരിഷ്കൃതി അതിന്റെ അസ്തിത്വത്തിനും പോഷണത്തിനും വേണ്ട രാഷ്ട്രമീമാംസയെ സൃഷ്ടിച്ചു. (മധുരം ഗായതി, പുറം 62). ഇങ്ങനെ ബോധത്തിന്റെ സത്ത മനുഷ്യനിൽനിന്ന് ഉപകരണത്തിലേക്കു സംക്രമിക്കുന്നതിൽ ഖേദിക്കുന്ന ദക്ഷിണാർദ്ധത്തിലെ വൃദ്ധഗുരു ശാസ്ത്രത്തിന് സംഭവിച്ച അനാഥത്വത്തെ പ്രതീകരൂപത്തിൽ ഉത്തരാർദ്ധത്തിലെ ഭരണാധിപന്മാർക്കു കാണിച്ചുകൊടുത്തു.

അക്ഷമനായ കുട്ടിയുടെ രൂപം. കുട്ടി അസംഖ്യ കളിപ്പാട്ടങ്ങളുടെ പുറകെ മുട്ടുകുത്തി നടന്നു. നിരന്തരംനടന്നു. ഉദയവും അസ്തമയവും കാണാതെ, കാറ്റും മഴയും സുഗന്ധങ്ങളും കായ്കനികളുടെ പക്വമാധുര്യവും അറിയാതെ കുട്ടി തിരിഞ്ഞുനോക്കി ഗർഭപാത്രവും മാതൃശരീരവും അപ്രാപ്യമായ ദൂരത്തിൽ നഷ്ടപ്പെട്ടുകിടന്നു. കാണുക ഗുരു പറഞ്ഞു, അവന്റെ അനാഥത്വം. (മധുരം ഗായതി, പുറം 62).

ഒരു കുട്ടി മാതൃസവിധത്തിൽ നിന്ന് എത്രമാറി കളിപ്പാട്ടങ്ങളുമായി രമിക്കുമ്പോഴും വിശക്കുമ്പോൾ അമ്മയുടെ മുലപ്പാൽ നുകരാൻ വരാതിരിക്കില്ല. ഈ അറിവാണ് ദക്ഷിണാർദ്ധത്തിൽ വൃദ്ധഗുരുവിനെ നയിക്കുന്നത്. മനുഷ്യന്റെ മാതൃശരീരമാണ് പ്രകൃതിയെന്നും പ്രകൃതിയുമായുള്ള സംഗമത്തിലൂടെ അവന്റെ സകല കാമങ്ങളും സാക്ഷാത്കൃതമാകുന്നുവെന്നും മാർക്സ് പറഞ്ഞിട്ടുണ്ട്. (കാറൽ മാർക്സ് ആഷാ മോനോൻ, തനുമാനസി. പുറം 65) പ്രകൃതിയിൽ നിന്നും വേറിടുന്ന മനുഷ്യന് നിദാന്തമായ അനാഥത്വം മാത്രമാണു വന്നു ചേരുന്നത്. ഇതേ ചിന്തതന്നെയാണ് ദക്ഷിണാർദ്ധത്തിലെ താപസന്റെ വാക്കുകളിലൂടെ വിജയൻ പറഞ്ഞുവയ്ക്കുന്നത്. ഇതിനൊരു അനുബന്ധമെന്നോണമാണ് വ്യാധിഗ്രസ്ഥമാകുന്ന അക്ഷരങ്ങളെക്കുറിച്ച് എഴതുന്നത്.

ദക്ഷിണാർദ്ധത്തിലെ സംവാദം അവസാനിപ്പിച്ച് കെട്ടാരങ്ങളിലേക്കുമടങ്ങിയ ഭരണാധിപന്മാർ കണ്ട കാഴ്ച ദയനീയമായിരുന്നു. അവരുടെ വിജ്ഞാനഭണ്ഡാഗാരങ്ങളിലെ അക്ഷരങ്ങളിൽ പുഴുക്കുത്ത് എന്ന സാംക്രമികരോഗം ബാധിച്ചിരിക്കുന്നു. അക്ഷരങ്ങൾ അവയുടെ

ആദിരേഖകളിലേക്കു പിൻമടങ്ങിയിരിക്കുന്നു. പിന്നീട് അവക്കു നിശ്ചിതമായ അർത്ഥങ്ങളില്ല. അവയവങ്ങൾ വിലയിച്ച് മണ്ണാകുന്നതിനു സമമാണത്. അക്ഷരമെന്നാൽ നാശമില്ലാത്തത് എന്നാണർത്ഥം. നാശമില്ലാത്തതായി ആത്മജ്ഞാനം മാത്രമേയുള്ളു. ഭൗതികജ്ഞാനങ്ങൾക്ക് കാലാകാലങ്ങളിൽ മാറ്റവും ജീർണതയുമുണ്ട്. അവ കാലാന്തരങ്ങളിൽ നവീകരിക്കപ്പെടുകയും മാറ്റിയെഴുതപ്പെടുകയും ചെയ്യുമെന്നു സാരം. എന്നാൽ ആത്മവിദ്യ അഥവാ ബ്രഹ്മജ്ഞാനം ഇന്നുമെന്നും നിലനിൽക്കുന്നതാണ്. ഈ സത്യമാണ് അക്ഷരങ്ങളുടെ പുഴുക്കുത്ത് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അക്ഷരങ്ങൾ രോഗാതുരമാകുന്നത് ആകാശത്തിലെ അണുക്കൾ മൂലമാണെന്ന് വൃദ്ധഗുരു നിർണയിക്കുമ്പോൾ ഉത്തരാർദ്ധത്തിലെ ഭരണാധിപന്മാർ അത് ഉൾകൊള്ളുന്നില്ല. ഉപഭോഗങ്ങളുടെ മിഥ്യയിൽ അകപ്പെട്ടുപോയ അവർക്കു പഞ്ചഭൂതങ്ങളിൽ ഒന്നായ ആകാശം തങ്ങളുടെ നിർമ്മിതികളിൽ പോറലുകൾ വീഴത്തുമെന്നു അംഗീകരിക്കാനാവുന്നില്ല.

**യന്ത്രിമയുടെ പരിണാമവും ഭൂമിയിൽ നിറയുന്ന സംഗീതവും**

ശാസ്ത്രയുക്തിക്കുണ്ടാകേണ്ട മനഃപരിവർത്തനത്തെക്കുറിച്ച് ഒരു സങ്കല്പം വിജയന്റെ മനസ്സിലുണ്ട്. യന്ത്രത്തിന്റെ പരിണാമം ഈ സങ്കൽപ്പത്തിന്റെ സാക്ഷാത്കാരമാണ്. യന്ത്രങ്ങളുടെ സ്രഷ്ടാവിന് പ്രകൃതി കീഴ്പ്പെടുത്തേണ്ട ഒരു ശത്രുവായിരുന്നു. അവന്റെ അതിരില്ലാത്ത ഉപഭാഗതൃഷ്ണയെ തൃപ്തിപ്പെടുത്താൻ യന്ത്രങ്ങൾ മുഖേന കഴിഞ്ഞുവെങ്കിലും അവൻ പ്രകൃതിയിൽ നിന്ന് വേറിട്ടു കൊണ്ടേയിരുന്നു. അങ്ങനെ പ്രകൃതി അവന്റെ ശത്രുവായിമാറി. എന്നാൽ സമസ്ത പ്രകൃതിയും എന്റെ ശത്രുവാണ്. എന്റെ പിതാവായ ശാസ്ത്രജ്ഞന്റെ പ്രാചീനശത്രു എന്നിങ്ങനെ ആൽമരത്തോടു സംവദിക്കുന്ന മഹായന്ത്രം അതിന്റെ ചേതനയുടെ വിടവിലൂടെ സസ്യസൗമൃതയുടെ പരിരംഭണം പതിച്ചപ്പോൾ അന്തർമുഖനായി പ്രാകൃതനായ തന്റെ പിതാവിന്റെ ദൗർബല്യങ്ങളെ തിരിച്ചറിയുകയാണ്. ഇങ്ങനെ മഹായന്ത്രം ആൽമരത്തിന്റെയും സുകന്യയുടെയും സ്നേഹസാന്നിധ്യത്തിൽ മഹാപരിണാമിയായി ഭൂമിയിലേക്കു മടങ്ങുന്നു. അതിന്റെ ഊർജ്ജപ്രസര

ങ്ങൾ തണുത്തുറി മറ്റൊരു സ്വരൂപമായി മുട്ടുകുത്തുന്ന ഒരു കുഞ്ഞിന്റെ കുഞ്ഞ് പല്ലിലും കീടത്തിലും രമിച്ചു. (മധുരം ഗായതി, പുറം 88 )എന്നിങ്ങനെ ഈ പരിണാമം വിജയൻ വിവരിക്കുന്നു. സമസ്ത പ്രകൃതിയും തന്റെ ശത്രുവാണെന്നു കരുതിയ ശാസ്ത്രയുക്തിക്കുണ്ടായ മനഃപരിവർത്തനമാണിത്. ഈ പരിണാമം വിവരിച്ച ശേഷം ഭൂമിയിൽ ആസന്നമായ സംഗീതത്തെക്കുറിച്ച് സ്വപ്നം നെയ്യുകയാണ് വിജയൻ. വരാനിരിക്കുന്ന ഈ സംഗീതത്തിനായി, പ്രകൃതിയുടെ താളക്രമത്തിനായി- സസ്യജമായ ഉർവ്വരതക്കായി ചിത്രകൂടത്തിലെ വൈരാഗി നൂറ്റാണ്ടുകളായി ധ്യാനിക്കുകയായിരുന്നു. ഈ താപസന്റെ ജട വേരുകളായിത്തീരുന്നതും കൈകാലുകളുടെ അഗ്രങ്ങൾക്കു പച്ചനിറമായതും പ്രകൃതിയുടെ ഉർവ്വരപരിണാമത്തിന്റെ രൂപകദൃശ്യങ്ങളാണ്. വഴികാട്ടികൾ മന്ത്രിക്കുന്ന ആസന്നമായ സംഗീതം ആവാസവ്യവസ്ഥയുടെയും പരിസ്ഥിതിയുടെയും താളക്രമമാകുന്നു.

### മയിൽപ്പീലിചൂടിയ ഘനശ്യാമവർണ്ണൻ

പക്ഷികൾ വൃക്ഷങ്ങളിലേക്കു പറന്നുവന്ന് തളിരുകളായിത്തീർന്നു എന്ന് 'മധുരം ഗായതി'യിൽ ഒരിടത്തുണ്ട്. സുകന്യയുടെ സ്വപ്നദർശനമാണിത്. സമന്വയത്തിന്റെ ആദിപർവ്വമെന്ന് ആൽമരം അതിനെ പേരിട്ടു വിളിക്കുന്നു. പ്രകൃതിയിലെ ജീവചേതനയുടെയും ശാസ്ത്രത്തിന്റെയും ഒന്നാകെയുള്ള സമന്വയമാണ് വിജയന്റെ സ്വപ്നമെന്നു അപ്പോൾ നാം അറിയുന്നു. അർദ്ധഗോളങ്ങൾ വൈരുദ്ധ്യം മറന്നൊന്നായി പ്രകൃതിയുടെ ആദിമവിശുദ്ധിയിലേക്കു ലയിക്കുമ്പോൾ, ഈ ലയനത്തിന്റെ സാഫല്യമെന്നോണം സുകന്യ ഒരു ലതയായിത്തീരുകയുമാണല്ലോ. യന്ത്രശിശുവായി തീർന്നിരുന്ന മഹായന്ത്രം പഞ്ചഭൂതങ്ങളായി അഴിഞ്ഞ് ചൈതന്യവത്തായ മറ്റൊരു യന്ത്രമായി-സുദർശനമായി-മാറികഴിഞ്ഞിരുന്നു. സുകന്യയാട്ടെ ആൽമരത്തിന്റെ കൂമ്പുകളിൽ ചുംബനത്തിന്റെ നനവായി പടർന്നു. ആ സമയം മേഘപാളികളിൽ ചുറ്റിത്തിരിയുന്ന സുദർശനചക്രത്തിന്റെ നൃത്തം തരിയുടെ ലാസ്യമായി വൃക്ഷത്തിലും ലതയിലും സൃഷ്ടിദ്രവങ്ങളെ തൊട്ടുണർത്തുകയും മൃദുലമായ പരാഗങ്ങളായി ആൽമരത്തിന്റെ കോശങ്ങളിലേക്ക്

കുതിർന്നിറങ്ങുകയും ചെയ്യുന്നു. അപ്പോൾ ഉത്തരാർദ്ധത്തിലും ദക്ഷിണാർദ്ധത്തിലും ബീജങ്ങൾ ഉണർന്നു, യുഗനിദ്രയുടെ അറിവുകൾ കൈമാറി. പച്ചപിടിച്ച മനുഷ്യനും മൃഗത്തിനും സനാതനമായ സൂര്യപ്രഭ ആഹാരമായി. ഭൂമുഖത്ത് ഇനങ്ങൾ ഇനങ്ങളിൽ ലയിച്ചു. സമന്വയത്തിലേക്കു മഹാപരിണാമത്തിലേക്കു പ്രകൃതി നീങ്ങി (മധുരം ഗായതി, പുറം 102) എന്നിങ്ങനെ വൈരുദ്ധ്യങ്ങളൊഴിഞ്ഞ ഭൂമിയിൽ പ്രകൃതി അതിന്റെ പ്രാചീനശാന്തി വീണ്ടെടുക്കുന്നതിനെ നോവലിൽ വർണ്ണിക്കുന്നു. പ്രകൃതിയിലെ ഈ ഉർവ്വരശാന്തിയുടെ പരിണതിയെന്നോണം സുകന്യയുടെ ഉടൽ പുഷ്പിക്കുന്നതായി വിജയൻ ഭാവന ചെയ്യുന്നു. (മധുരംഗായതി, പുറം 103) കാലാനുസരിയായി ഉണ്ടാകുന്ന ഋതുസംക്രമത്തെയാണ് ഇതർത്ഥമാക്കുന്നത്. ഈ പ്രതിഭാസമാകട്ടെ പ്രകൃതിയുടെ ഭ്രമണപരമായ സ്വാഭാവികമാറ്റവും. തുടർന്ന് ലതയുടെ ഗർഭപേടകം തുറന്നു മയിൽപ്പീലിചൂടി മേഘവർണ്ണനായ ശിശു ആവിർഭവിക്കുകയാണല്ലോ. ശിശുരൂപിയായ അവതാരത്തെക്കുറിച്ചുള്ള സങ്കല്പം 'ഖസാക്കിന്റെ ഇതിഹാസം' മുതൽ വിജയന്റെ കലയിലുണ്ട്. പ്രളയപയോധിയിൽ കാൽവിരലുണ്ടു മയങ്ങുന്ന ആലിലക്കണ്ണൻ എന്ന മിത്തിന്റെ സാന്നിധ്യം ലതയുടെ ഗർഭപേടകം തുറന്നു മയിൽപ്പീലി ചൂടിയെത്തുന്ന ശിശുവിലുമുണ്ട്. യന്ത്രവും മനുഷ്യനും മൃഗവും സസ്യവും ആകാശവുമാണ് അവനെന്നു മുമ്പുവഴികാട്ടികൾ മന്ത്രിച്ചതോർമ്മിക്കുക. 'മധുരം ഗായതി'യുടെ ശ്രുതിഭരമായ അംശം ഇതൾ വിടർത്തുന്നതിവിടെയാണ്. പരസ്പരം വേർപ്പെട്ടുപോയ ജൈവരൂപങ്ങളുടെ അഹന്തയും വൈരുദ്ധ്യവും ഇല്ലാതാക്കുന്ന ഈ അവതാരരൂപന്റെ സൃഷ്ടിയിൽ തന്റെ കാലം അനാദിയാണെന്നും അതിൽ സ്ഥിരസ്ഥാനങ്ങളില്ലെന്നും തനിക്കു വീണ്ടും പോകാറായി എന്നും ശിശു പറയുന്നു.അങ്ങനെ കാലങ്ങളെതാണ്ടി ഗോളങ്ങളെ ചുറ്റിവന്ന അമ്പേറ്റ് ശിശു പുനരാവിർഭവിക്കുന്നു. ഇതിലൂടെ വേദനയും മുക്തിയും അവിഭാജ്യങ്ങളാണെന്ന അറിവാണ് നോവലിസ്റ്റ് പകർന്ന് തരുന്നത്.

ശിശു അപ്രത്യക്ഷനായ വേദനയിൽ ഭൂതലത്തിലെങ്ങും സസ്യവും മൃഗവും കരയുന്നു. അപ്പോൾ ഭൂമിയെപ്പൊതിഞ്ഞ ആകാശപാളികളിൽ ഓടക്കുഴലുകൾ നിറയുന്നു. അവ അദൃശ്യങ്ങളാണത്രെ; അസം

ഖ്യങ്ങളും. അതുകൊണ്ട് അവ മനസ്സിലാണു നിറയുന്നതെന്ന് നമുക്ക് തിരിച്ചറിയാനാകുന്നു. അവയിൽ നിന്ന് ഒഴുകിയ സംഗീതത്തിലൂടെ പ്രപഞ്ചത്തിന്റെ താളമാണ് വീണ്ടെടുക്കപ്പെട്ടത്. ഭൂമിയിൽ സംഗീതമായിരുന്നു എന്നു സ്ഥൂലപ്രകൃതിക്കു പിന്നിലെ മൂലപ്രകൃതിയുടെ ആദിമാവസ്ഥകളെ അറിയിച്ചുകൊണ്ടാണല്ലോ മധുരംഗായതി ആരംഭിക്കുന്നത്. അത് അവസാനിക്കുന്നതാകട്ടെ സംഗീതം ശമിച്ചപ്പോൾ ഭൂമി ശുദ്ധമായി എന്ന പരിണാമത്തെ ഓർമിപ്പിച്ചുകൊണ്ടുമാണ്.

**ഉപസംഹാരം**

മനുഷ്യൻ പ്രകൃതിയിലേക്ക് മടങ്ങുന്നതോടെ ഭൂമിയുടെ രണ്ടായിപ്പിളർന്ന മനസ്സ് ഒന്നായിത്തീരുകയും പ്രകൃതിയുടെ താളക്രമം വീണ്ടെടുക്കപ്പെടുകയും ചെയ്യാമെന്ന് മധുരം ഗായതി ഓർമ്മപ്പെടുത്തുന്നു. ഈ താളക്രമം ആവാസവ്യവസ്ഥയുടെയും പരിസ്ഥിതിയുടെയും വീണ്ടെടുപ്പാകുന്നു. ഋതുഭേദങ്ങൾ ഒന്നായി തിരിച്ചുവന്ന ഭൂമിയിൽ നിറയുന്ന സംഗീതം, ശാന്തിയുടെ സംഗീതമാണ്. യന്ത്രിമയുടെയും വൈരുദ്ധ്യത്തിന്റെയും സ്ഫോടനത്തിന്റെയും ഓർമ്മകൾ അകന്നന്യമായ ഒരു ഭൂമിയെക്കുറിച്ചുള്ള വിജയന്റെ സ്വപ്നമാണ് മധുരംഗായതിയിലുള്ളത്. പ്രകൃതിയിൽനിന്ന് വേറിട്ട ഒരു അസ്തിത്വം മനുഷ്യനില്ല എന്ന തിരിച്ചറിവാണ് ഈ സ്വപ്നത്തിന് പിന്നിലെ ദർശനം.

**ഗ്രന്ഥസൂചി**


1. അക്ബർ കക്കട്ടിൽ, സർഗ്ഗസമീക്ഷ, ഡി.സി.ബുക്സ്, കോട്ടയം 1993
2. ആഷാമേനോൻ, തനുമാനസി, ഡി.സി.ബുക്സ്, കോട്ടയം 1990
3. നരേന്ദ്രഭൂഷൺ, വൈദികസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ, 1990
4. വിജയൻ ഒ.വി., ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ, കറന്റ് ബുക്സ്, തൃശൂർ, 1989
5. വിജയൻ ഒ.വി., ഖസാക്കിന്റെ ഇതിഹാസം, നാഷണൽ ബുക്സ് സറ്റാൾ, കോട്ടയം, 1986

6. വിജയൻ ഒ.വി., കുറിപ്പുകൾ, കറന്റ് ബുക്സ്, കോട്ടയം, 1990

7. വിജയൻ ഒ.വി., വിജയന്റെ കഥകൾ, നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം 1986.

8. Capra Frijoff , The Tao of Physics, Flamingo Fontana, 1989

9. Bate Jonathan, Romantic Ecology: Wordsworth and the Environmental

# പ്രാദേശികപുരാവൃത്തങ്ങളുടെ ആവിഷ്കാരം യു. എ. ഖാദറിന്റെ കഥകളിൽ

**ഡോ. പ്രിയ വി.**

**അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം,**
**യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം**

**സംഗ്രഹം**

ജീവിതത്തെ സംബന്ധിച്ചുള്ള അവബോധമെന്നത് ഏതൊരു ജനതയെ സംബന്ധിച്ചും അവരുടെ സംസ്കാരത്തെ അടയാളപ്പെടുത്തുന്നതിനുള്ള ആന്തിരകശക്തി കൂടിയാണ്. ഓരോ കൂട്ടായ്മയ്ക്കും താന്താങ്ങളുടെ പ്രത്യേകതരത്തിലുള്ള ജീവിതമാണുള്ളത്. അതിനു കാരണം ജീവിതത്തെ സംബന്ധിച്ച് അവർ പുലർത്തുന്ന സവിശേഷ ധാരണയുടെ പ്രവർത്തനമാണ്. കാലങ്ങൾ കൊണ്ട് സ്വരൂപിച്ചുറപ്പിച്ച തനതു സംസ്കാരങ്ങളെയും ജീവിതാവബോധത്തെയും നിർണ്ണയിക്കുന്ന സാംസ്കാരികഘടകമാണ് ഫോക്‌ലോർ. വിവിധ കാരണങ്ങളാൽ മനുഷ്യർ വ്യക്തിസത്ത നഷ്ടപ്പെട്ട് സ്വത്വബോധമില്ലാത്തവനായി മാറിയിരിക്കുന്നു. അവരെ സ്വത്വബോധമുള്ളവരാക്കി മാറ്റേണ്ടത് അനിവാര്യമാണ്. അതിന് ഏറെ സഹായകമാണ് ഫോക്‌ലോറുകളെക്കുറിച്ചുള്ള അറിവ്. കൂട്ടായ്മയുടെ സ്വത്വത്തെ തിരിച്ചറിയുന്നതിലൂടെ അവനവന്റെ സ്വത്വബോധം വീണ്ടെടുക്കാൻ മനുഷ്യന് കഴിയുന്നു. നമ്മുടെ കഥകളുമൊക്കെ മനുഷ്യന്റെ വ്യക്തിത്വത്തെ വികസിപ്പിക്കാൻ പര്യാപ്തമാണ്. കൂട്ടായ്മയുടെ സ്വത്വത്തെ ആവിഷ്കരിക്കുന്നതിന് അനേകം

ലഘു പുരാവൃത്തങ്ങളുടെ കലവറയായ തൃക്കോട്ടൂരിന്റെ നാടോടിപ്പ ഴമയിലൂടെയാണ് യു. എ. ഖാദർ സാധ്യമാക്കുന്നത്. ഭാവനയിൽ തെളി യുന്ന കഥാസന്ദർഭങ്ങളിൽ മൈത്തികാംശങ്ങൾ കലർത്തി പുനരെ ഴുത്തു നടത്തുന്നതെങ്ങനെയെന്ന അന്വേഷണമാണ് ഈ പ്രബന്ധം മുന്നോട്ടുവയ്ക്കുന്നത്. അതിനായി 'അപമൃത്യുവിന് ഇരകൾ', 'വരോ ളിക്കാവിൽ ഓലച്ചൂട്ട്തെറ', 'ചന്തപ്പൻ ഗ്രേഡ് വൺ', 'ഒറ്റക്കാഞ്ഞിരം' തുടങ്ങി തൃക്കോട്ടൂർ പരമ്പരയിലെ കഥകളെയാണ് പഠനവിഷയമായി സ്വീകരിച്ചിരിക്കുന്നത്.

**താക്കോൽവാക്കുകൾ**

ഫോക്‌ലോർ-തൃക്കോട്ടൂർകഥകൾ-പുരാവൃത്തം-പ്രാദേശികപുരാവൃ ത്തം-തൃക്കോട്ടൂർപുരാവൃത്തങ്ങൾ

**തൃക്കോട്ടൂർകഥകൾ**

ആഖ്യാനത്തിലും പ്രമേയത്തിലും നാട്ടുവഴക്കത്തിന്റെ സാധ്യ തകളെ ഉപയോഗപ്പെടുത്തി മലയാളത്തിലെ മറ്റ് എഴുത്തുകാരിൽനിന്നും വ്യത്യസ്തമായ രീതി സ്വീകരിച്ച് തന്റേതായ തട്ടകം തീർത്ത എഴു ത്തുകാരനാണ് യു.എ.ഖാദർ. തൃക്കോട്ടൂരിലെ ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, ജനങ്ങൾ കാലാകാലങ്ങളായി കൈമാറിവരുന്ന മിത്തു കൾ, ഐതിഹ്യങ്ങൾ, നാടോടിക്കഥകൾ, പാട്ടുകൾ, ചൊല്ലുകൾ ഇവ യെല്ലാം കഥകൾക്ക് വിഷയങ്ങളാകുന്നു. വടക്കൻപാട്ടുകളുടെ ഈണം ത്രസിക്കുന്ന ഭാഷ, സങ്കല്പവും യാഥാർത്ഥ്യവും കൈകോർക്കുന്ന അവതരണശൈലി, കഥയുടെ ജീവന് കരുത്തുപകരുന്ന മിത്തുകൾ ഇവയൊക്കെയാണ് യു. എ. ഖാദറിന്റെ കഥകളെ അനന്യമാക്കുന്നത്.

ഒരുപാട് ദേശങ്ങളെയും സമൂഹത്തെയും ഉൾച്ചേർത്ത് യു. എ. ഖാദർ കല്പിച്ചെടുത്ത കഥാഗ്രാമമാണ് തൃക്കോട്ടൂർ. തൃക്കോട്ടൂരിലെ കാവുകളിലും തിറയാട്ടക്കണ്ടങ്ങളിലും കാഞ്ഞിരത്തറകളിലും കൊ യ്ത്തുപാടങ്ങളിലും പുഴയോരത്തിന്റെ കടത്തുപുരകളിലുമെല്ലാം വറ്റാ തൊഴുകിയ കഥകളുടെ നീരുറവകളെ ഗ്രാമജീവിതത്തിന്റെ ശീതളിമ യിൽ ഉറവ വറ്റാതെ നിലനിർത്തി അതിൽനിന്നും അഗ്നി ആവേശിച്ചും

ആവേശമൂർന്നെടുത്തും തൃക്കോട്ടൂർ ഒരുപാട് കഥകൾ സമ്മാനിച്ചു. അവ വെറും കഥകളല്ല; സാംസ്കാരികജീവിതത്തിന്റെ സാരാംശം തന്നെയാണ്. നാട്ടുശീലങ്ങളും നാടോടിവഴക്കങ്ങളും നാടോടിക്കഥകളും ഐതിഹ്യങ്ങളും യക്ഷിക്കഥകളും പ്രാദേശികമായ പുരാവൃത്തങ്ങളുമൊക്കെ യു. എ. ഖാദർ കഥയിലേക്ക് ഇണക്കിച്ചേർത്തിരിക്കുന്നു. ഭാവനയിൽ തെളിയുന്ന കഥാസന്ദർഭങ്ങളിൽ മൈത്തികാംശങ്ങൾ കലർത്തി പുനരെഴുത്തു നടത്തി കഥയെ ശക്തിപ്പെടുത്തുന്നു. തൃക്കോട്ടൂർദേശത്തെ കഥകൾ ഖാദറിലൂടെ ഖ്യാതി നേടി, തൃക്കോട്ടൂർകഥകളെന്ന പേരിൽ സാഹിത്യലോകത്ത് ചിരപ്രതിഷ്ഠ നേടി.

**പുരാവൃത്തം**

പ്രപഞ്ചം, സമൂഹം, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ എന്നിവയിലൂടെയോ സ്വന്തം സമുദായത്തിൽനിന്നോ മനുഷ്യൻ പുരാവൃത്തജ്ഞാനങ്ങൾ നേടിയെടുക്കാറുണ്ട്. അത് ഉപബോധമനസ്സിന്റെ അടിത്തട്ടായി പ്രവർത്തിക്കുന്നു. സംസ്കാരത്തിന്റെ ഉപലബ്ധികളാണ് പുരാവൃത്തങ്ങൾ. പ്രാക്തനമായ നന്മകൾ പ്രദാനം ചെയ്യുന്നവയാണവ. വിശകലനാത്മകമോ ഋജുവോ പ്രസ്താവനകളോ അല്ലാത്ത ആഖ്യാനരൂപം. മാനവസംസ്കാരചരിത്രത്തിന്റെ നേർരേഖ എന്ന നിലയിൽ മൂല്യമാർന്നവയാണ് മിത്തുകൾ, അതിനാലവയെ പവിത്രാഖ്യാനങ്ങളെന്ന് കരുതിപ്പോരുന്നു. ഭാവനാപൂർണ്ണമായ ആദിമജനുസ്സിനെ മനസ്സിലാക്കുവാനും ജനസംസ്കാരത്തിന്റെ ആത്മീയസ്വഭാവം മനസ്സിലാക്കുന്നതിനും മിത്തുകൾ സഹായിക്കുന്നു. മിത്തുകളില്ലാത്ത സമൂഹം സങ്കല്പാതീതമാണ്. മനുഷ്യനുള്ളിടത്തോളം അവന്റെ നിഴലുണ്ടെന്ന പോലെ ഒരു ജനതയുണ്ടെങ്കിൽ അവിടെ അവന് സ്വന്തമായ ചില മിത്തുകളുമുണ്ടാകും. തന്റെ യുക്തി ബോധത്തെ തൃപ്തിപ്പെടുത്താൻ ശാസ്ത്രീയമായ ചിന്താധാരകളൊന്നും ഉരുത്തിരിയാതിരുന്നതുകൊണ്ട് മനുഷ്യൻ കല്പനകളിലൂടെ തന്റെ യുക്തിബോധത്തെ തൃപ്തിപ്പെടുത്താൻ ശ്രമിച്ചതിന്റെ ഉല്പന്നമായി ഇവയെ കണക്കാക്കാം.

ഭാഷ സൂചിപ്പിക്കുന്ന തലത്തിനപ്പുറത്തുള്ള ഒന്നിനെ ആവിഷ്കരിക്കാനുള്ള കഴിവ് മിത്തുകൾക്കുള്ളതിനാൽ കഥാകൃത്ത് തന്റെ കഥ

കളിൽ വൈവിധ്യമാർന്ന രീതിയിൽ ഇവയെ പ്രയോജനപ്പെടുത്തുന്നു. അബോധാത്മകമായ ചോദനകളുടെയും ആഗ്രഹങ്ങളുടെയും ആവിഷ്ക്കരണരീതി എന്ന നിലയിലും കഥകളിൽ മിത്തുകളെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

പുരാണകഥാപാത്രങ്ങൾ, സംഭവങ്ങൾ, വീരപുരുഷന്മാരുടെ കഥകൾ, ദൈവങ്ങളുടെ കഥകൾ, ദിവ്യപരിവേഷമുള്ള ചരാചരങ്ങൾ എന്നിങ്ങനെ മിത്തിലുൾക്കൊള്ളുന്ന ഘടകങ്ങൾ നിരവധിയാണ്. ഭാവനാപ്രധാനങ്ങളായ കഥകളെ പലപ്പോഴും മിത്തായി പരിഗണിക്കുന്നു. "പുനർനിർമ്മിതമായ മിത്തോളജിയാണ് സാഹിത്യം" (നോർത്രോപ് ഫ്രൈ, Twentith century criticism, Myth fiction and displacement, p.169) എന്നു പറയാറുണ്ട്.

**പ്രാദേശികപുരാവൃത്തങ്ങൾ**

പ്രാദേശികമായ നിരവധി പുരാവൃത്തങ്ങൾ യു. എ. ഖാദർ തന്റെ കഥകളിൽ ഉൾച്ചേർത്തിരിക്കുന്നു. "ഒരു ജനസമൂഹത്തിന്റെ മാത്രമായ പുരാവൃത്തങ്ങളെ അവചപുരാവൃത്തമെന്നു വിളിക്കാം." (രാഘവൻ പയ്യനാട്, ഫോക്‌ലോർ, പുറം 166). അതതു സ്ഥലങ്ങളിലെ സംസ്കാരവും ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവ ജനതയുടെ ഉള്ളിൽ ആഴത്തിൽ വേരോടിയിരിക്കും. ഒരു മിത്ത് പകരുന്ന കരുത്താണ് കഥയുടെ ജീവൻ. "മിത്ത് ഒരു കെട്ടുകഥയല്ല. തുടരെത്തുടരെ നിരീക്ഷിക്കാൻ കഴിയുന്നതും നിരന്തരം ആവർത്തിക്കപ്പെടുന്ന സത്യസ്ഥിതികൾ ഉള്ളടങ്ങുന്നതുമാണത്." (C.G.Jung, Psychology and Religion, p. 409). തൃക്കോട്ടൂർകഥകൾ പൊതുവേ മിത്തിന്റെ സ്വഭാവം ആവാഹിക്കുന്നവയാണ്. ഏതു നിസാരസംഭവവും പറഞ്ഞും പാടിയും പെരുക്കങ്ങളിൽ ചെന്നെത്തുന്ന കഥകളാക്കി മാറ്റുക തൃക്കോട്ടൂരിന്റെ പതിവാണ്. "അന്യവത്ക്കരിക്കപ്പെടുന്ന മനസുകളുടെ പ്രമുഖ ഡിഫെൻസ് മെക്കാനിസമാണല്ലോ ചുറ്റുവട്ടത്തെ അങ്ങോട്ടു ചെന്ന് കെട്ടിപ്പിടിക്കൽ. അങ്ങനെ അദ്ദേഹം തനിക്ക് അനുവദിച്ചു കിട്ടിയ നാടിനെ പരമാവധി സ്നേഹാശ്ലേഷത്തിന് വിധേയമാക്കിയതിന്റെ സന്താനലബ്ധികളാണ്

തൃക്കോട്ടൂർ പുരാവൃത്തങ്ങൾ." (കെ.പി.രാമനുണ്ണി, ഓർമ്മയിലിപ്പോ ഴും ഓരർമ്മ, മാതൃഭൂമി വരാന്തപ്പതിപ്പ്, 2021, ജനുവരി 31, പുറം 2).

**തൃക്കോട്ടൂർപുരാവൃത്തങ്ങൾ**

നെച്ചിക്കുളാംകണ്ടി കുളങ്ങര കൈതക്കാട്ടിൽ മുലയലക്കുന്ന ഒറ്റ മുലച്ചി, കൈതക്കാട്ടിൽ മറഞ്ഞിരുന്ന് കുളക്കോഴികളെപ്പിടിച്ച് ജീവ നോടെ വിഴുങ്ങി പകലുറങ്ങിയും നെച്ചിക്കുളത്തിൽ മുങ്ങിത്തോർത്തി ആമ്പലുകളിറുത്ത് തലയിൽ ചൂടി, രാവിൽ ഉണർന്നലഞ്ഞും കഴിഞ്ഞു വന്നിരുന്ന ഒറ്റമുലച്ചി. പടിഞ്ഞാറെയതിരിലൂടെ തിരിഞ്ഞു വടക്കോട്ടു പോകുന്ന നിരത്തിലൂടെ നാലാലൊരുജാതി സൂര്യനസ്തമിച്ച ശേഷം വഴി നടക്കുകയില്ല. നടന്നാൽ കഥ കെട്ടവന്റെ നീലിച്ച ശരീരം നെച്ചി ക്കുളങ്ങരയിലെ കുളച്ചമ്മികൾക്കിടയിൽ കുരുങ്ങിക്കിടക്കും (ചന്തപ്പൻ ഗ്രേഡ് വൺ). ഇവിടെ ഒറ്റമുലച്ചി എന്ന പുരാവൃത്തം ഊർജമായും കഥാസന്ദർഭത്തിന്റെ ചാലകശക്തിയായും നിലകൊള്ളുന്നു. ഒറ്റമുല ച്ചിയെപ്പോലെ മിത്തിക്കൽ പരിവേഷം കല്പിച്ചു ലഭിച്ചിട്ടുള്ള നാറാ ണേട്ടനെ സംബന്ധിക്കുന്നതാണ് 'അപമൃത്യുവിന് ഇരകൾ' എന്ന കഥ യിലെ പ്രാദേശികമിത്തുകൾ. ചെമ്പോട്ടുമഠത്തിലെ നാറാണക്കല്ലായ നാറാണേട്ടൻ എന്ന നാരായണൻകുട്ടിയാണ് കഥയിലെ നായകൻ. പൊന്നിൻ പണ്ടം പണയത്തിനുമേൽ പലിശയ്ക്ക് പണം കൊടുക്കു ന്നവനാണ് അയാൾ. പല വെളിപാടുകളുടെയും അത്ഭുതങ്ങളുടെയും ഇരിപ്പിടം. പൊന്നിൻപണ്ടം പണയമായി സ്വീകരിച്ച ശേഷം മേശവ ലിപ്പ് തുറന്ന് എണ്ണാതെ നോട്ടുകൾ വാരിക്കൊടുക്കുന്നതാണ് അയാ ളുടെ രീതി. പക്ഷേ ആവശ്യക്കാരൻ പണമെണ്ണി നോക്കുമ്പോൾ പറഞ്ഞ തുകയിൽ നിന്ന് അണുവിട വ്യത്യാസമുണ്ടാകയില്ല. മാത്ര മല്ല ഇനി കളവുമുതലോ മറ്റോ പണയം വയ്ക്കാൻ ചെന്നാൽ ആപാദ ചൂഡമൊന്നുഴിഞ്ഞു നോക്കി സത്യം വെളിപ്പെടുത്തും. പണയപ്പണ്ടം തരികിടയായി കൊണ്ടുവന്നതാണോ, കട്ടതും കവർന്നതുമാണോ, ആരെയെങ്കിലും കബളിപ്പിച്ച് കൈവശത്തിലാക്കിയതാണോ? ഇതൊ ന്നും മഷിയിട്ടു നോക്കി കണ്ടുപിടിക്കേണ്ടതില്ലത്രേ. മുന്നിൽവന്നു നിൽക്കുന്നവനെ ആപാദചൂഡമൊന്നുഴിഞ്ഞു നോക്കിയാൽ മതി. വക

യല്ലാതെ വന്നവൻ നിന്ന നില്പിൽ പേടിച്ച് മൂത്രമൊഴിച്ചു പോയിട്ടുണ്ടത്രേ. അത്രയും മൂർച്ചയുള്ളതാണ് സ്വർണ്ണപ്പണ്ടം കൈയിൽ പിടിച്ചിരുന്നുള്ള ആ നോട്ടം. കൺവെട്ടത്ത് അന്തം വിട്ടവനെപ്പോലെ നിൽക്കുന്നവനെ ശിക്ഷിക്കാറില്ല. കൂടിയ ശിക്ഷ ഇത്രമാത്രമാണ്. പത്തുറുപ്പിക വഴിച്ചെലവിനെന്നുപറഞ്ഞ് നീട്ടിയെറിയും. അതുപെറുക്കിയെടുത്ത് ചെമ്പോട്ടു മഠം തറവാടിന്റെ ഉമ്മറപ്പടിയിറങ്ങിയവർ പൊൻപണ്ടത്തിന്റെ ശരിയായ അവകാശിയേയും കൂട്ടിയേ തിരിച്ചുവരാവൂ. അങ്ങനെ യഥാർത്ഥ ഉടമസ്ഥന്മാരെ കള്ളന്മാർ വിളിച്ചുകൂട്ടി ചെമ്പോട്ടുമഠം തറവാടിന്റെ ഉമ്മറത്തെത്തിച്ച കഥകളുണ്ട്. അവകാശിയെ ദഹിപ്പിക്കുംവിധത്തിലാണ് നാറാണേട്ടൻ നോക്കുക. അശ്രദ്ധയ്ക്ക് ചൂരൽകഷായമാണ് നൽകേണ്ടതെന്നും പറയും. കുറച്ചുനേരം ഉമ്മറക്കോലായിൽ ഇരുത്തും. പിന്നെ അകത്തേക്കു വിളിച്ച് നഷ്പ്പെട്ട മുതൽ തിരിച്ചേല്പിക്കുകയും ചെയ്യും. കേസും കോടതിയും വക്കാലത്തും വിസ്താരവും ഒന്നുമില്ല. യാതൊരു തേയ്മാനവും സംഭവിക്കാതെ തിരിച്ചു കിട്ടിയ മുതലും വാങ്ങി ഉടമസ്ഥർക്കു തിരിച്ചു പോകാം." (യു.എ. ഖാദർ, മലയാളത്തിന്റെ സുവർണ്ണകഥകൾ, പുറം 108)

നാറാണേട്ടനിൽ നിന്നും പണമെണ്ണിവാങ്ങി അത് മടിക്കുത്തിൽ തിരുകി മുറിയുടെ പടി ഇറങ്ങിപ്പോരാൻ നേരത്ത് നാട്ടുമര്യാദയുടെ പേരിലായാൽപ്പോലും പിൻതിരിഞ്ഞുനോക്കി നാറാണേട്ടനോട് യാത്ര പറഞ്ഞിറങ്ങരുത്. പിൻതിരിഞ്ഞു നോക്കുകയേ അരുത്. അങ്ങനെ പിൻതിരിഞ്ഞു നോക്കിയാൽ അവർ കാണാക്കാഴ്ചകൾ കണ്ട് അന്തം വിടേണ്ടിവരും. നാറാണേട്ടന്റെ പിന്നാമ്പുറത്തായി നെടുതായ ഒരു കറുത്ത സത്വത്തെക്കാണാമത്രേ. ആ കറുത്ത സത്വത്തിന്റെ മാറു പിളർന്ന് കിനിയുന്ന ചോരയിൽ മുങ്ങിക്കുളിച്ചാവും നാറാണേട്ടന്റെ ഇരുപ്പ്. കറുത്തസത്വത്തിന് തീക്കണ്ണുകൾ. ചുണ്ടിൽ ചോരത്തുടിപ്പ്. മുനകൂർത്ത ദംഷ്ട്രകളിൽ ഇറ്റിറ്റുവീഴുന്ന ചോരത്തുള്ളികൾ. ഒരു കുറി പണ്ടം പണയം വച്ച് പണം വാങ്ങിപ്പോകാൻ നേരത്ത് നാറാണേട്ടൻ വിലക്കിയിട്ടും പെരുവക്കുട്ടി എന്നവൻ പറഞ്ഞതനുസരിക്കാതെ നാറാണേട്ടനോട് പിൻതിരിഞ്ഞുനോക്കി പോകാൻ അനുവാദം ചോദിച്ചത്രെ. അന്നേരം കഥകേട്ടവൻ പിടഞ്ഞുവീണ് ചത്തുവെന്നാണ് ശ്രുതി.

ചെമ്പോട്ടുമഠം തറവാടിന്റെ ഉമ്മറക്കോലായിൽ വച്ചുതന്നെയായി അനുസരണയില്ലാത്തവന്റെ അന്ത്യം. അതിനാൽ നാറാണേട്ടനേയും തറവാടിനേയും തറവാടിനെ കാത്തുപോരുന്ന ഭൂതഗണങ്ങളെയും അറിയുന്നവർ അന്യോന്യം പറയാറുണ്ട്. “ചെല്വാ. പൊന്ന് തൂക്കിക്കൊടുത്ത് കിട്ടിയ പണയപ്പണവും വാങ്ങി മടിയിൽ തിരുകി തിരിച്ചിങ്ങ് പോര്വാ. അതല്ലാതെ പഞ്ചായത്ത് വേണ്ടാ. നാട്ടുമാമൂലും വേണ്ട. നാട്ടുകാര്യത്തിനും വീട്ടുകാര്യത്തിനും പിന്നെ ചെന്നു കാണാലോ. നാറാണേട്ടൻ നമ്മുടെ ആളാണ്. കൂട്ടത്തിലെപ്പോഴും ഉണ്ടാവും. പണയപ്പണം തന്ന നാറാണേട്ടനെ പിന്നെ നോക്കിക്കൂടാ. പണയപ്പണം കൈയിലുള്ളവൻ ചെമ്പോട്ടുമഠം പൂമുഖത്തെ മുറിയിൽ തങ്ങാനും പാടില്ലാലോ.” (യു.എ.ഖാദർ, മലയാളത്തിന്റെ സുവർണ്ണകഥകൾ, പുറം 110)) ഇത് ഒരു മിത്ത്. ഒരു കഥയെത്തന്നെ ഒരുപാട് കഥകളുടെ ആകരമാക്കുന്നുണ്ട്. നാടോടിമട്ടിൽ ഈശ്വരനെയോ കാലത്തെയോ പോലെ എല്ലാറ്റിനും സാക്ഷിയായി നിന്നുകൊണ്ടാണ് ഖാദർ കഥ പറയുന്നത്. അതിനായി പലപ്പോഴും അനുഭവവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള കഥാഖ്യാനം സ്വീകരിച്ചിരിക്കുന്നു.

രണ്ടാമത്തെ മിത്ത് നാറാണേട്ടൻ പണം സൂക്ഷിക്കുന്നതു സംബന്ധിച്ചാണ്. നാറാണേട്ടൻ ഉച്ചതിരിയുന്നതോടെ ചെമ്പോട്ടുമഠം തറവാടിന്റെ പടിപ്പുരവാതിൽ അടയ്ക്കുന്നു. അസ്തമിക്കും മുൻപായി തെക്കേയറ്റത്തെ മുറിയിൽ നിന്നുമിറങ്ങുന്നു. മേശവലിപ്പിൽ അന്ന് പ്രഭാതം മുതൽ അടുക്കിവെച്ച സ്വർണ്ണപ്പൊതികൾ അത്രയും എടുത്ത് നടുത്തറവാടിന്റെ നടുവകത്ത് നിലകൊള്ളുന്ന മുറി തുറന്ന് നാറാണേട്ടൻ അതിൽ പ്രവേശിക്കുന്നു. ആ ഇരുൾമുറിയിൽ വെളിച്ചമുണ്ടാവുകയില്ല. വെളിച്ചത്തിനുവേണ്ടി ഒരു ചെറുതിരിയെങ്കിലും പ്രകാശിപ്പിക്കുവാൻ നാളിതുവരെയായി നാറാണേട്ടൻ തുനിഞ്ഞിട്ടില്ലത്രേ. ഇരുട്ടിൽ കയറിച്ചെല്ലുന്ന നാറാണേട്ടൻ സ്വർണ്ണപ്പൊതിയത്രയും ഇരുട്ടിലെവിടെയോ കുഴിച്ചിടുകയാണത്രേ പതിവ്. അകം നിറയെ നനഞ്ഞ മണലാണത്രേ. നനഞ്ഞ മണൽ മാന്തി കുഴിയുണ്ടാക്കി ഓരോ ദിവസവും പൊൻ പണങ്ങളത്രയും ഓരോരോ കുഴിയിൽ നിറച്ച് മണ്ണിട്ടു മൂടുകയാണത്രെ. ഇടപാടുകൾ തീർക്കാൻ പകൽ നേരങ്ങളിൽ പണവുമായി

ആൾക്കാരെത്തുമ്പോൾ പണവും അതുവരെയുള്ള പലിശയും കണക്കാക്കി നാറാണേട്ടൻ വാങ്ങുന്നു. പലിശപ്പണം മുകൾവലിപ്പിൽ വെക്കുന്നു. മുതൽപ്പണം കീഴ്വലിപ്പിനുള്ളിലേക്കു നീട്ടുമ്പോൾ, ആ പണത്തിന് പണയമായിവച്ച ആഭരണപ്പൊതി നാറാണേട്ടന്റെ കൈയിൽ ആരോ കൊണ്ടുവന്നു കൊടുക്കുമത്രേ. നടുവകമുറിയിലെ ഇരുട്ടറയിൽ കയറാതെ, നനഞ്ഞ കുഴി മാന്താതെ, പണയപ്പണ്ടം നാറാണേട്ടന്റെ കൈയിൽ തിരിച്ചു വരുന്നു. നാട്ടിൻപുറക്കാരന്റെ അതിഭാവനകളും പഴയവിശ്വാസങ്ങളുമൊക്കെ ഊതിവീർപ്പിച്ച പുരാവൃത്തങ്ങൾ ഖാദർക്കഥകളിൽ പതിവാണ്. അതിന്റെ ഉത്തമ ഉദാഹരണമാണ് നാറാണേട്ടനെ സംബന്ധിക്കുന്ന പ്രാദേശികമിത്തുകൾ.

'വരോളിക്കാവിൽ ഓലച്ചൂട്ട്തെറ'എന്ന കഥയിൽ കരിമുത്തിയെക്കുറിച്ചുള്ള പുരാവൃത്തമാണ് രചനയ്ക്കാസ്പദമായി സ്വീകരിച്ചിരിക്കുന്നത്. വരോളിക്കാവിലെ മീനക്കളിയാട്ടത്തിന്റെയന്ന് അരിങ്ങാട്ട് കാണാൻ ഒരിക്കൽ രാരുചെട്ടിയാർ ഇറങ്ങിത്തിരിച്ചു. "ഭൂതങ്ങൾക്ക് ബലിച്ചോറുരുട്ടി തീറ്റുന്ന അരിങ്ങാട്ട് നേരത്താരും അമ്പലവട്ടത്ത് ഉണ്ടായിക്കൂടാ. ആണായാലും പെണ്ണായാലും മനുഷ്യനായൊരാൾ, അവിടെ തിരിച്ചുപോകാതെ തങ്ങിനിന്നാൽ, പിന്നെ അവരെയാരും കാണില്ലത്രേ." (യു.എ.ഖാദർ, അടിയാധാരം, പുറം 51–52) ഒടുവിൽ മാക്കൂട്ടത്തറവാഴും പനയാൻകോട്ടയിലെ കരിമുത്തി അയാളുടെ ചോര കുടിച്ചു. അങ്ങനെ രാരുചെട്ടിയാരുടെ കഥ കഴിഞ്ഞു. വരോളിക്കാവിലെ അന്തിപ്പാതിരാവിൽ വടക്കേകോട്ടയിലെ ഭൂതങ്ങളോട് ഒരു ചീള് വെറ്റില വാങ്ങി മൂന്നും കൂട്ടി മുറുക്കാൻ അവരോടൊപ്പം കാവുംമുറ്റത്ത് തിമിർത്തു മദിച്ചു രസിക്കാൻ, അന്തി ഭൂതങ്ങൾക്കൊപ്പം കൂത്താടാൻ, അരയും തലയും മുറുക്കി തേച്ചുകുളിച്ച് ചമഞ്ഞൊരുങ്ങി പാലപ്പൂക്കൾ ചൂടി, മാക്കൂട്ടത്തറവാഴും പനയാൻ കോട്ടയിലെ കരിമുത്തിവരും. മേഘത്തിൽ തൊട്ടിരമ്പുന്ന തലമുടി അഴിച്ചിട്ടാൽ നട്ടപ്പാതിര. മണ്ണിൽ തൊടാത്തകാലിൽ വെള്ളിനാഗങ്ങളിഴയും പാദസരം. ഒരിക്കൽ കണ്ടാൽ കരിമുത്തിക്ക് ആശ തീരില്ല. പിന്നെയും കരിമുത്തി എത്തും. കരിമുത്തി വീണ്ടും എത്തിയ മട്ടിൽ കോമരം അലറിപ്പാഞ്ഞുവന്ന് ഭൂതത്താൻ കോട്ടയിലേക്കു പാഞ്ഞു പോകുന്നതും മറ്റും ഈ പുരാവൃത്തത്തെ കൂടുതൽ സ്പഷ്ടീകരിക്കുന്നു.

ഓരോ പ്രാന്തപ്രദേശത്തെ ജനതയുടെയും ജീവിതരീതി, വിശ്വാസം, ആചാരം, സാമൂഹ്യനില എന്നിവയെ അടിസ്ഥാനമാക്കി ഖാദർ നിർമ്മിക്കുന്ന ഈ മൈത്തികകല്പനകൾ തൃക്കോട്ടൂരിനെ മിത്തുകൾ നിറഞ്ഞു നിൽക്കുന്നതും അവയുടെ വ്യാഖ്യാനങ്ങളായ കഥകൾ കൊണ്ട് നിബദ്ധവുമായ വ്യതിരിക്തദേശമാക്കി മാറ്റുന്നു. പാതിരാപ്പോതി എന്ന പുരാവൃത്തമാണ് 'ഒറ്റക്കാഞ്ഞിരം' എന്ന കഥയുടെ കേന്ദ്രബിന്ദു. പാലോറക്കാവിന്റെ തെക്കേപ്പറമ്പിലെ ഒറ്റക്കാഞ്ഞിരത്തിനരികിലൂടെ മോന്തി കഴിഞ്ഞാൽ ആരും നടക്കില്ല. ഇനി ആരെങ്കിലും നടന്നാൽ അവന്റെ കഥ കഴിഞ്ഞതു തന്നെ. കാരണം കാഞ്ഞിരത്തിൽ വാഴുന്ന പാതിരാപ്പോതിയാണ്. പണ്ടേതോ മിഥുനത്തിലെ ഞാറ്റുവേലക്കാലത്ത് മഴ തിമിർത്തു പെയ്ത പാതിരാനേരത്ത് തൃക്കോട്ടൂരിലെത്തി പാലോറക്കാവിന്റെ തെക്കേപ്പറമ്പിലെ ഒറ്റക്കാഞ്ഞിരത്തിന്റെ നെറുകയിൽ പാർപ്പുറപ്പിച്ചവളാണ് പാതിരാപ്പോതി. തൃക്കോട്ടൂരിലെ വിഷഹാരിയാണ് കുഞ്ഞിരാമൻ അടിയോടി. കായ്ക്കോടകനെ കാരയുരുട്ടാൻപോന്ന വിദ്യ കൈക്കലാക്കുന്നതിനായി ഒരിക്കൽ വലിയോറമലയിലെ പെരിയവനായ ആണ്ടി മൂപ്പനെ കാണാനെത്തി. വലിയോറമലയിലെ കൂളിക്ക് വിളക്കും കല്ലും നേദിക്കുന്നത് ചെറുമനായ ആണ്ടിമൂപ്പനാണ്. മൂപ്പനെ വശത്താക്കാൻ വേണ്ടി അടിയോടി അദ്ദേഹത്തിന് സമ്മാനിച്ച വെറ്റില ഒരു ചീന്ത് എടുത്ത് മറ്റൊരു ചീന്ത് നിലത്തിട്ടു. ചെറുമൻ ഭൂമിയ്ക്കു നേദിച്ച കള്ളു മോന്തുന്ന നേരത്ത് അടിയോടി ചെറുമൻ മാറ്റിവച്ച വെറ്റില ച്ചീന്ത് എടുത്ത് സ്വന്തം വെറ്റിലച്ചെല്ലത്തിൽ വച്ചു. ചെറുമന്റെ വിസ്തരിച്ചുള്ള മുറുക്കും അത്ഭുതപ്രവൃത്തികളുമെല്ലാം കണ്ടും കേട്ടും ബോധിച്ച അടിയോടി ചെറുമനോട് തനിക്കെന്തെങ്കിലും തരണമെന്ന് ആവശ്യപ്പെട്ടു. ആണ്ടിമൂപ്പനപ്പോൾ തന്റെ മടിക്കുത്തിലെ പാളപ്പൊതി തുറന്നു. പൊതിയിൽ നിന്നും അസാരം നൂറ് തോണ്ടിയെടുത്ത് അടിയോടിയുടെ കാലിൽ തേച്ചു. പിന്നെ കൂളി ഉറങ്ങുന്ന വലിയോറമലയിലെ കാട്ടിലേക്ക് ഓടിയകന്നു. തിരികെ ഗുരു പുണ്യമലയുടെ ചോട്ടിലെത്തിയ അടിയോടി കൈപ്പിടിയിലെ ചെല്ലത്തിനുള്ളിൽ നിന്നും "എനക്ക് ദാഹിക്ക്ന്ന് ദാഹിക്ക്ന്ന്" എന്ന ഒരു പെൺകരച്ചിൽ കേട്ടു. ചെല്ലം തുറക്കാതെ മന്ത്രങ്ങൾ മുഴുക്കെ ചൊല്ലി

തറവാട്ടിലെത്തിച്ചേർന്ന അടിയോടി തറവാട്ടിൽ കയറാതെ പാലോറക്കാവിന്റെ മുറ്റത്തെത്തി. അടഞ്ഞനിരയുടെ മുമ്പിൽ നിന്ന് അയാൾ അമ്മയെ വിളിച്ചു. അപ്പോൾ അകത്തുറങ്ങുന്ന അമ്മ വിളിച്ചു പറഞ്ഞു: "നീ ഓളെ ആ കാഞ്ഞിരത്തിന്റെ മോളിൽ ഇരുത്തിയേക്ക്. ഓൾ ആകാശം കണ്ടോട്ടെ. ഓളെ നീ കാഞ്ഞിരത്തിന്റെ ഉച്ചിയിൽ ഇരുത്തിയേക്ക്. ഓൾ അകലാപ്പുഴ കണ്ടോട്ടെ. പുഴയിൽ ഒറ്റലുമായിപ്പോകുന്ന അന്തിപ്പുലയരെ കണ്ടോട്ടെ. പുഴവെള്ളത്തിൽ നീന്തിയകലുന്ന കുറ്റിച്ചൂട്ടു കണ്ടോട്ടെ. കുറ്റിച്ചൂട്ടുന്നറ്റത്തെ കുട്ടിച്ചാത്തന്മാരോട് ഓൾ ഒരു നേരത്തെ, ഒരിറക്ക് ദാഹം തീർത്തോട്ടെ എന്ന് പറഞ്ഞോട്ടെ-ചെല്ല്. ചെല്ലം തുറന്ന് നീ ഓളെ കാഞ്ഞിരത്തിന്റെ മോളിൽ കയറ്റിയിരുത്തിയേക്ക്" (യു.എ.ഖാദർ, തൃക്കോട്ടൂർകഥകൾ, പുറം 14). അമ്മയുടെ നിർദ്ദേശാനുസരണം അടിയോടി തന്റെ വെറ്റിലച്ചെല്ലം തുറന്ന് വെറ്റിലപ്പാമ്പിനെ കാഞ്ഞിരച്ചോട്ടിലിരുത്തി പറഞ്ഞു : "ദാഹിക്കുന്നെങ്കില് ഈട ഇരുന്നോ. ഈട ഇരുന്നിട്ട് നെലവിളിച്ച് നെലവിളിച്ച് തൊണ്ടവറ്റിയാൽ നിന്റെ ദാഹം തീരും" (യു.എ.ഖാദർ, തൃക്കോട്ടൂർകഥകൾ, പുറം 14). ഇതുകേട്ട വെറ്റിലപ്പാമ്പ് തലയുയർത്തി ഫണം ചീറ്റി ചിറകുവച്ച് വളർന്ന് പാതിരാപ്പോതിയായി നാവിട്ടലറി വിളിച്ചു. കൂളിക്കു കിട്ടുന്ന കള്ളും ഇറച്ചിയും പാതി കുടിച്ചും തിന്നും കഴിഞ്ഞു കൂടിയ തന്നെ ഇവിടേക്ക് കൂട്ടിക്കൊണ്ടുവന്നതിൽ പ്രതിഷേധിച്ച് അവൾ കുഞ്ഞിരാമൻ അടിയോടിയെ കൊന്ന് ചുടുചോര കുടിച്ചു. ദാഹം തീർത്ത പാതിരാപ്പോതി സുഖമായുറങ്ങാൻ കാഞ്ഞിരത്തിന്റെ ഉച്ചിയിലെ ചില്ലയിൽ കയറി കുടി പാർപ്പിച്ചു. ഇതത്രേ പാതിരാപ്പോതിയുടെ പുരാവൃത്തം. മിഥുനം തിമിർത്തു പെയ്യുന്ന ഞാറ്റുവേലക്കാലത്ത് പാതിരാപ്പോതിയെ പേടിയില്ലാതെ തൃക്കോട്ടൂരുകാർ പാലോറക്കാവിലൊത്തുകൂടുന്നുവെന്നും മിഥുനത്തിലെ കുളിർത്ത മഴയേറ്റ് പറമ്പായ പറമ്പുകൾ പൊത്തനയും കൊത്തിക്കിളയ്ക്കുകയും ഉഴുതുമറിക്കുകയും ചെയ്യുന്നുവെന്നും കഥാന്ത്യത്തിൽക്കാണാം. ഇങ്ങനെ കഥ സൃഷ്ടിക്കുകയും ആ കഥയിൽ ജീവിക്കുകയും ചെയ്യുകയാണ് കഥാകൃത്ത്.

ഭാഷ സൂചിപ്പിക്കുന്ന തലത്തിനപ്പുറത്തുള്ള ഒന്നിനെ ആവിഷ്കരിക്കാനുള്ള കഴിവ് മിത്തുകൾകൾക്കുള്ളതിനാൽ അവയെ കഥകളിൽ

വൈവിധ്യമാർന്ന രീതിയിൽ യു.എ. ഖാദർ പ്രയോജനപ്പെടുത്തുന്നു. മനുഷ്യന് സമൂഹത്തോടും പ്രപഞ്ചത്തോടും തന്റെ ഗണത്തോടുമുള്ള വൈകാരികബന്ധത്തെയും പ്രതികരണത്തെയും പ്രകടിപ്പിക്കാൻ പുരാവൃത്തങ്ങൾ പ്രയോജനപ്പെടുന്നുവെന്ന് ഖാദർ തെളിയിക്കുന്നു. കൂട്ടായ്മയുടെ സ്വത്വത്തെ ആവിഷ്കരിക്കുന്നതിന് അനേകം ലഘുപുരാവൃത്തങ്ങളുടെ കലവറയായ തൃക്കോട്ടൂരിന്റെ നാടോടിപ്പഴമയിലൂടെയാണ് അദ്ദേഹമത് സാധ്യമാക്കുന്നത്. കൂട്ടായ്മയുടെ സത്തയും സ്വത്വവും വ്യക്തമാക്കുകവഴി മറവിയിലേക്കു പൊയ്ക്കൊണ്ടിരിക്കുന്ന പാരമ്പര്യത്തെ കഥകളിലേക്ക് ആവാഹിച്ച് അവയെ ജനപ്രിയവും ജനകീയവുമാക്കി മാറ്റാൻ അദ്ദേഹത്തിനു സാധിച്ചു.

വർത്തമാനകാല പ്രതിസന്ധികൾ പലപ്പോഴും ഭൂതകാലത്തിലേക്കുള്ള തിരിഞ്ഞുനോട്ടത്തിന് കാരണമാകുന്നു. സാമൂഹികജീവിതത്തെ ഗദ്യസാഹിത്യത്തിലവതരിപ്പിക്കുമ്പോൾ വർത്തമാനകാലത്തെ ഭൂതകാലവുമായി കണ്ണിചേർക്കുന്നതിന് നാടോടിഘടകമായ മിത്തിനെ സമർത്ഥമായിട്ടാണ് കഥാകൃത്ത് ഉപയോഗിച്ചിരിക്കുന്നത്. വർത്തമാനകാല സാംസ്കാരികജീവിതവും പൈതൃകവും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യാനും കഥാകൃത്ത് ശ്രമിച്ചിട്ടുണ്ട്. തലമുറകൾക്കുശേഷവും കൂട്ടായ്മകളുടെ ചരിത്രവസ്തുതകളിലേക്കുള്ള പ്രമാണരേഖകളായി നിലകൊള്ളാൻ പുരാവൃത്തങ്ങളുൾക്കൊള്ളുന്ന കഥകൾക്കു കഴിയുമെന്ന് തൃക്കോട്ടൂർ കഥകൾ വ്യക്തമാക്കുന്നു. അതുകൊണ്ടു തന്നെ തൃക്കോട്ടൂർകഥകൾ സമൂഹപരിണാമപ്രക്രിയയിൽ സുപ്രധാനമായ പങ്കുവഹിക്കുന്നു.

**ഗ്രന്ഥസൂചി**

1. ഖാദർ, യു.എ., അടിയാധാരം, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്, 1986

2. ഖാദർ, യു.എ., തൃക്കോട്ടൂർകഥകൾ, ഡി.സി.ബുക്സ്, കോട്ടയം, 2010

3. ഖാദർ, യു.എ., മലയാളത്തിന്റെ സുവർണ്ണകഥകൾ, ഗ്രീൻബുക്സ്, തൃശ്ശൂർ, 2007

4. തിലക്, പി.കെ., ഡോ., കഥാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012

5. തിലക്, പി.കെ., ഡോ., തട്ടകപ്പോരിമ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2006.

6. ബഷീർ, എം.എം., ഡോ., മലയാളചെറുകഥാസാഹിത്യചരിത്രം 1950-2007, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2008

7. രാഘവൻ പയ്യനാട്, ഫോക്‌ലോർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997

# വിധിയും മൃതിയും ആശാന്റെ 'പ്രരോദന'ത്തിൽ

**പ്രവീൺ രാജ് ആർ. എൽ.**

**ഗവേഷകൻ**

**മലയാളവിഭാഗം, കേരളസർവകലാശാല**

**സംഗ്രഹം**

"ഉല്ക്കൃഷ്ടവിചാരങ്ങളുജ്ജ്വലവികാരങ്ങ-
ളുല്ക്കടവിഷാദങ്ങൾ വിമോഹനങ്ങൾ;
എത്രയാണവിടത്തിൽ പൂത്തുനില്ക്കുന്നതെന്നോ
തത്ത്വത്തിൻ പരിമളം കുളിർക്കെ വീശി!"

(ചങ്ങമ്പുഴ, കുമാരനാശാൻ)

പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുന്നു എന്ന് കണ്ടെത്തിയത് എഡ്വിൻ ഹബ്ബിൾ ആണ്. മനുഷ്യനളക്കാൻ കഴിയാത്ത, സഞ്ചരിച്ച് തീർക്കാൻ കഴിയാത്ത വലിപ്പമുള്ള ഒന്നാണ് പ്രപഞ്ചമെന്നർത്ഥം. പ്രകാശവേഗത്തിൽ സഞ്ചരിച്ചാൽപ്പോലും ക്ഷീരപഥത്തിന് കുറുകെ ഒരുവട്ടം യാത്ര ചെയ്യാൻ ഒരു ലക്ഷം വർഷം വേണമെന്നാണ് പറയുന്നത്. ഇത് സൂചിപ്പിക്കുന്നത് പ്രപഞ്ചത്തിന്റെ വിസ്മയകരമായ ലോകങ്ങൾ കണ്ടെത്താൻ ശ്രമിക്കുമ്പോഴും തന്റെ പരിമിതികളെ മനുഷ്യൻ തിരിച്ചറിയണമെന്നാണ്. മൂർത്തപ്രപഞ്ചത്തിന്റെ ചെറിയൊരംശംപോലും തിരിച്ചറിയാത്ത മനുഷ്യൻ അമൂർത്തമായ പരലോകവാദികളായി

മാറിയത് മഹാദ്ഭുതം തന്നെ. ഇവിടെയാണ് മാർക്സിസം തത്ത്വത്തിലും പ്രയോഗത്തിലും മനുഷ്യജീവിതവ്യാഖ്യാനവും മാറ്റിത്തീർക്കലുമായി പ്രവർത്തിക്കുന്നതിന്റെ പ്രാധാന്യം. മാർക്സ് പരലോകത്തെയൊ പ്രപഞ്ചത്തിന്റെ മഹാരഹസ്യങ്ങളെയൊ (കണ്ടെത്താൻ സാധിക്കില്ലെന്നുറപ്പുള്ള) തിരഞ്ഞില്ല. പർവ്വതത്തിന്റെ കൊടുമുടി കീഴടക്കാൻ കയറുന്ന പർവ്വതാരോഹകൻ താനടുക്കാൻ ശ്രമിക്കുന്തോറും തന്നിൽ നിന്നകന്നകന്നു പോകുന്ന കൊടുമുടി കണ്ട് തിരിച്ചിറങ്ങുമ്പോലെയാണത്. ഹെഗലിന്റെ ആശയവാദത്തിൽ നിന്ന് തന്റെ ഭൗതികവാദത്തിലേക്ക് മാർക്സിനെ നയിച്ചത് അളക്കാൻ കഴിയാത്തതാണ് പ്രപഞ്ചം എന്ന യുക്തിബോധമാണ്. ഈ അളക്കാൻ കഴിയാത്ത പ്രപഞ്ചമെന്ന അടിസ്ഥാനാശയമാണ് കുമാരനാശാനെക്കൊണ്ട് 'കാവ്യകല അഥവാ ഏഴാം ഇന്ദ്രിയം' എന്ന കവിതയിൽ കാവ്യപ്രപഞ്ചത്തെക്കുറിച്ച് 'ആർക്കും നിൻ വടിവറിവില്ല' എന്നെഴുതിച്ചത്. ഇത്തരമൊരടിത്തറയിൽനിന്നുകൊണ്ടാണ് ഈ പ്രബന്ധം തയ്യാറാക്കിയിരിക്കുന്നത്.

**താക്കോൽവാക്കുകൾ**

ഭൗതികസ്ഥിരയാഥാർത്ഥ്യം-അടിത്തറ-മേൽപ്പുര-ജൈവബുദ്ധിജീവി - വിധി-മൃതി-കാവ്യകല.

മാർക്സിന്റെ ലോകം ഈ ഭൂമിയാണ്. ഭൂമിയും ഭൂമിയുള്ളടുത്തോളം കാലം നിലനിൽക്കാൻ സാധ്യതയുള്ള മനുഷ്യവർഗത്തിന്റെ ചാക്രികജീവിതക്രമവുമായിരുന്നു മാർക്സിന്റെ ചിന്തയുടെ അടിസ്ഥാനം. മാർക്സിന് ഭൂമി ഒരു ഭൗതികസ്ഥിരയാഥാർത്ഥ്യമാണ് (A materialistic stable reality). ഇതൊരു പുതിയ ചിന്തയല്ല. നമ്മൾ ആദികാവ്യമായി കരുതുന്ന രാമായണത്തിൽ വാത്മീകിയും ഈ ആശയം അവതരിപ്പിക്കുന്നുണ്ട്.

"യാവത് സ്ഥാസ്യന്തി ഗിരയഃ
സരിതശ്ച മഹീതലേ
താവദ് രാമായണ കഥാ
ലോകേഷു പ്രചരിഷ്യതി" (ബാലകാണ്ഡം 2-27)

മലകളും നദികളും നിലനിൽക്കുന്നതുവരെ തന്റെ കാവ്യം ലോകത്തിൽ പ്രചരിക്കും എന്ന ശുഭാപ്തിവിശ്വാസത്തിനു പിന്നിൽ രണ്ട് കാരണങ്ങളാണുള്ളത്. ഒന്ന് മനുഷ്യനെ സംബന്ധിച്ച് ഭൂമി ഒരു സ്ഥിര യാഥാർത്ഥ്യമാണ്. രണ്ട് ഭൂമിയുള്ളടുത്തോളം കാലം മനുഷ്യനും നിലനിൽപ്പുണ്ടാകും.

മാർക്സിനെ പ്രപഞ്ചരഹസ്യങ്ങളിൽ നിന്ന്; ഉൺമ, സത്ത തുടങ്ങിയ ആശയവാദങ്ങളിൽ നിന്ന് മനുഷ്യവർഗചരിത്രത്തെയും ആ ചരിത്രത്തിലുടനീളം നിലനിന്നുകൊണ്ടിരിക്കുന്ന മർദ്ദിത/മർദ്ദക ദ്വന്ദ്വത്തെയും കുറിച്ചുള്ള ആലോചനകൾക്ക് ആ പ്രശ്നപരിഹാരത്തിന് കാരണമായ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' എന്ന കൃതിയുടെ രചനയിലേക്ക് നയിച്ചത് ഭൂമി ഒരു ഭൗതികസ്ഥിരയാഥാർത്ഥ്യമാണ് എന്ന ചിന്തയാണ്. അതുകൊണ്ട് വികസിച്ചു കൊണ്ടിരിക്കുന്ന മൂർത്തപ്രപഞ്ചമൊ ഒരു കാലത്തും കാണാൻ കഴിയാത്ത അമൂർത്തപ്പരലോകമൊ മാർക്സിനെ സ്വാധിനിച്ചതേയില്ല. തത്ത്വചിന്തകർ ഇക്കാലമത്രയും വ്യാഖ്യാനിച്ച ഭൂമിയെ ഇനി നമുക്ക് മാറ്റിത്തീർക്കേണ്ടതുണ്ട് എന്ന സങ്കല്പം ഭൗതികസ്ഥിരയാഥാർത്ഥ്യം എന്ന ചിന്തയുടെ അടിസ്ഥാനത്തിലേയുണ്ടാകുകയുള്ളൂ. ഉത്പാദനവ്യവസ്ഥിതി എന്ന അടിത്തറയും കലയും ശാസ്ത്രവും ഉൾപ്പെടുന്ന മേൽപ്പുരയും മാർക്സിന്റെ ലോകത്തെ മഹത്തരമാക്കി. ഏത് തത്ത്വമാവാം ഈ അടിത്തറ - മേൽപ്പുര സിദ്ധാന്തത്തിന്റെ കാരണം. അർനോൾഡ് ടൊയൻബിയുടെ 'ചലഞ്ച് - റസ്പോൺസ് തിയറി'യുടെ അടിസ്ഥാനത്തിൽ പ്രകൃതിയുടെ അഥവാ ഭൂമിയുടെ വെല്ലുവിളികളുടെ മുന്നിൽ ഏത് ജനവിഭാഗം തകർന്നുപോയാലും തകരാത്ത ഒരു വിഭാഗമായി കണക്കാക്കാവുന്നത് തൊഴിലാളിവർഗ്ഗത്തെയാണ്. അവർ അവരുടെ അധ്വാനം കൊണ്ട് വിയർപ്പിന്റെ ഉപ്പുകൊണ്ട് അതിജീവിക്കും എന്നതാണാതത്ത്വം. അതുകൊണ്ട് മനുഷ്യരാശിക്കാകെയുള്ള നിലനിൽപ്പിന്റെ അടിസ്ഥാനം കൂടിയാണ് അധ്വാനം. ഇതേ തത്ത്വമാണ് ഗ്രാംഷിയുടെ 'ജൈവ ബുദ്ധിജീവി' എന്ന പ്രയോഗത്തിനും അടിസ്ഥാനം. മനുഷ്യന് ഭൂമിയെയും മനുഷ്യജീവിതത്തെയും മാറ്റിത്തീർക്കാൻ കഴിയുമെന്നും അതവന്റെ ചിന്തയും അധ്വാനവും കൊണ്ടാണെന്നും അതുകൊണ്ട് ഭൂമി

യെന്ന ഭൗതികസ്ഥിരയാഥാർത്ഥ്യം അംഗീകരിക്കാത്ത, മേലനങ്ങാത്ത പുരോഹിതവർഗ്ഗത്തിന് – അമൂർത്തപരലോകത്ത് ഒരു ജീവതമുണ്ടെന്ന് വ്യാമോഹിക്കുന്നവന് – അധ്വാനത്തിന്റെ വിളനിലങ്ങൾ ഉഴുതുണ്ടാക്കുവാൻ കഴിയില്ല. അവന് ജീവിതം മരണത്തിനുശേഷമുള്ള മായികലോകമാണ്. ഈ വിഡ്ഢിത്തത്തെയാണ് മാർക്സിസം എതിർക്കുന്നത്. സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്കും ദൈവപുത്രരിൽനിന്ന് ജന്തുവർഗ പരിണാമവാദത്തിലേക്കും ആത്മാവിൽ നിന്ന് മനസിലേക്കുമുള്ള ചിന്തയുടെ പരിണാമമാണ് ആധുനികമനുഷ്യന്റെ രൂപപ്പെടലിന്റെ അടിസ്ഥാനം. ആധുനികമനുഷ്യവർഗ്ഗത്തിന്റെ ഉരുവത്തിൽ മാർക്സിന്റെ കൈവേലയുണ്ട്. ജന്തുവർഗ പരിണാമത്തെപ്പറ്റി ഡാർവിനും മനസിന്റെ ഗൂഢസ്ഥലികളെപ്പറ്റി ഫ്രോയിഡും വിശദീകരിച്ചു. ആധുനികമനുഷ്യവർഗരൂപീകരണത്തിന് കാരണമായ ചിന്തകളുടെ സ്വാധീനം മലയാളസാഹിത്യത്തിലും പ്രകടമാണ്. മാർക്സിസത്തിന് അഥവാ മാർക്സിന്റെ ആശയങ്ങൾക്ക് മലയാളസാഹിത്യത്തിൽ വലിയ ഇടമുണ്ട്. നാരായണഗുരു ജലത്തിന്റെ ആഴത്തിൽനിന്ന് ഒരു മൂർത്തവസ്തു കണ്ടെടുക്കുകയും അതിൽ ദൈവത്തെ ആരോപിക്കുകയും ചെയ്തു. ഇത് സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കുള്ള ചുവടുമാറ്റമായിരുന്നു. അമൂർത്തതയിൽനിന്ന് മൂർത്തതയിലേക്ക് സമൂഹചിന്തയെ പരിവർത്തിപ്പിക്കുകയായിരുന്നു ഗുരു. 1896 ൽ ഗുരു 'ആത്മോപദേശശതകം' എഴുതി. 1900 ൽ ഫ്രോയിഡ് 'സ്വപ്നങ്ങളുടെ വ്യാഖ്യാനം' പൂർത്തിയാക്കി. രണ്ടും ആധുനികമനുഷ്യ ജീവിതത്തിന് പുതിയ രൂപകൽപ്പനകൾ നൽകുകയായിരുന്നു. ആത്മാവിൽനിന്ന് അറിവിലേക്ക് എന്ന ഗുരുവിന്റെ സങ്കല്പം തന്നെയാണ് ആത്മാവിൽ നിന്ന് മനസ്സിലേക്ക് എന്ന ഫ്രോയിഡിന്റെ സങ്കല്പവും. മാർക്സും നാരായണഗുരുവും ഫ്രോയിഡും ചേർന്ന് നമുക്ക് നൽകിയ നവോത്ഥാന ആധുനികതയുടെ അടിത്തറ നേരത്തേ സൂചിപ്പിച്ച 'ഭൂമി ഒരു ഭൗതികസ്ഥിരയാഥാർത്ഥ്യമാണ്' എന്ന ആശയമാണ്. മലയാളസാഹിത്യത്തിൽ ഈ മാർക്സിയൻ സങ്കല്പനത്തിന്റെ സാക്ഷാത്കാരം കാണാൻ കഴിയുന്നത് ആശാൻ കവിതകളിലും പ്രൊഫ.എം. എൻ. വിജയന്റെ സാമൂഹിക സാംസ്കാരിക അപഗ്രഥനങ്ങളിലുമാണ്. ഈ പഠനത്തിൽ ഭൗതിക

സ്ഥിരയാഥാർത്ഥ്യം എന്ന സങ്കല്പനം കുമാരനാശാന്റെ 'പ്രരോദന'ത്തിൽ എങ്ങനെ ഉൾക്കൊണ്ടിരിക്കുന്നു എന്നാണ് അപഗ്രഥിക്കുന്നത്.

ഗുരുവിന്റെ 'ആത്മോപദേശശതക'ത്തിന്റെ ശക്തമായ സ്വാധീനം ആശാൻ കവിതകളിലുണ്ട്.

"നിലമൊടുനീരതുപോലെ കാറ്റുതീയും
വെളിയുമഹംകൃതി വിദ്യയും മനസ്സും
അലകളുമാഴിയുമെന്നുവേണ്ടയെല്ലാ-
വുലകുമുയർന്നറിവായി മാറിടുന്നു."

(ആത്മോപദേശശതകം, ശ്ലോകം 50)

നിലവും നീരും കാറ്റും തീയും ഉൾക്കൊള്ളുന്ന മനുഷ്യവാസയോഗ്യമായ ഭൂമിയായിരുന്നു മാർക്സിന്റെ ലോകം. മനസ്സായിരുന്നു ഫ്രോയിഡിന്റെ ലോകം. ഇത് രണ്ടും ചേർന്ന അറിവായിരുന്നു നാരായണഗുരുവിന്റെ ലോകം. ഈ മൂന്നു ലോകങ്ങളെയും ആശാൻ ഉൾക്കൊണ്ടു. കരുണയിൽ ആശാൻ എഴുതി

"നമസ്കാരമുപഗുപ്ത, വരിക ഭവാൻ നിർവ്വാണ -
നിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കായ്;
പതിതകാരുണികരാം വാദൃശസുതൻമാരെ
ക്ഷിതിദേവിക്കിന്നു വേണമധികം പേരെ"

ഭൂമിയിലെ മനുഷ്യജീവലോകത്തെ പരിവർത്തിപ്പിക്കുവാൻ ഉപഗുപ്തനോടപേക്ഷിക്കുന്ന ഈ വരികളിൽ മാർക്സിന്റെ തത്ത്വചിന്തയുൾച്ചേർന്നിരിക്കുന്നു. 'ലീല'യിൽ ആശാൻ പറയുന്നു

"ലലിതലലിതമാർന്നു യൗവനം
കുലസുത ലീല - അതാണവൾക്കു പേർ;
ലലനകളുടെ ഭാഗ്യയന്ത്രമാ-
നിലയിൽ മനസ്സു തിരിഞ്ഞ പോലെ പോം." (11-ാം ശ്ലോകം)

'നളിനി'യിലെ കഥാപാത്രങ്ങളുടെ അടുത്ത താണപടി കണ്ടെത്താൻ ശ്രമിച്ചു വിജയിച്ച ആശാന്റെ ഈ വരികളിൽ ഫ്രോയിഡിന്റെ മനസ് എന്ന സങ്കൽപം നിലീനമാണ്. ആശാൻ കവിതകളിൽ

നിന്ന് ഇത്തരം സങ്കൽപ്പങ്ങൾ ഏറെ കണ്ടെത്താൻ കഴിയും. ആശാൻ കാവ്യങ്ങളിൽ ഭൂമി ഭൗതികസ്ഥിരയാഥാർത്ഥ്യമാണ് എന്ന സങ്കല്പ നത്തോട് ഏറെ നീതി പുലർത്തുന്നത് 'പ്രരോദന'മാണ്. പ്രരോദ നത്തിൽ മറ്റൊരു സ്ഥിരയാഥാർത്ഥ്യസങ്കൽപ്പം കൂടി ആശാൻ അവത രിപ്പിക്കുന്നു. അത് ആശാന്റെ ഒട്ടുമിക്ക കൃതികളിലെയും പ്രധാന തത്ത്വമായിരിക്കുന്ന 'വിധി'യാണ്. എന്തുകൊണ്ട് ആശാന് വിധിയോ ടിത്രയ്ക്കാഭിമുഖ്യം എന്നതിനുത്തരം കിട്ടണമെങ്കിൽ മാർക്സിന്റെ ഭൗതികസ്ഥിരയാഥാർത്ഥ്യസങ്കൽപ്പത്തോടൊപ്പം ആശാന്റെ 'വിധി = മൃതി' എന്ന സ്ഥിരയാഥാർത്ഥ്യസങ്കൽപ്പത്തെയും മനസിലാക്കണം.

**വിധി – ആശാൻകൃതികളിൽ**

എന്താണ് വിധി? എന്ന ചോദ്യത്തിന് ഏറ്റവും ലളിതമായി പറയാവുന്ന ഉത്തരം ഇന്ന് നമുക്കറിഞ്ഞുകൂടാത്ത, മറ്റന്നാൾ നമു ക്കറിയാവുന്ന നമ്മുടെ നാളെയാണ് വിധി എന്നാണ്. ജനിച്ചുവീണ ഒരു കുഞ്ഞിനെ അല്ലെങ്കിൽ ഒരു ജന്തുവിനെ നോക്കി ഉറപ്പിച്ചു പറയാ വുന്ന ഒരു കാര്യം 'നീ മരിക്കും' എന്നാണ്. മറ്റൊന്നിനും ഒരു തീർപ്പ് (സ്ഥിരത) ഇല്ല. അതുകൊണ്ടാണ് 'ചിന്താവിഷ്ടയായ സീത'യിൽ ആശാൻ "ഒരു നിശ്ചയമില്ലയൊന്നിനും" എന്ന് പറഞ്ഞത്. അതു കൊണ്ട് നിശ്ചയമില്ലാത്ത നമ്മുടെ നാളെയെ നീട്ടിനീട്ടി മനുഷ്യനെത്തി ച്ചേരാൻ കഴിയുന്ന തീർച്ചയുള്ള ഒരു കാര്യം മരണം എന്ന സത്യത്തി ലാണ്. അതായത് വിധി നാളെ എന്ന സങ്കൽപ്പമാണെങ്കിൽ ഒടുവിൽ 'വിധി = മൃതി' എന്ന സമവാക്യത്തിലെത്തിച്ചേർന്നേ മതിയാകൂ. ഈ സമവാക്യത്തിന്റെ തത്ത്വമാണ് ആശാനെ വിധിയിലും മൃതിയിലും കൊണ്ടെത്തിച്ചത്. അതിനടിസ്ഥാനം ആശാന്റെ യുക്തിബോധമാണ്. ആശാന്റെ ഏതാണ്ടെല്ലാകൃതികളിലും മൃതിയുണ്ട്. 'വീണപൂവി'ൽ, 'നളിനി'യിൽ, 'ലീല'യിൽ, 'ചിന്താവിഷ്ടയായ സീത'യിൽ, 'കരുണ' യിൽ ഒക്കെ ആശാന്റെ മൃതിദർശനമുണ്ട്. ഈ കാവ്യങ്ങളിലെല്ലാം വിധിദർശ നവുമുണ്ട്. ചില ഉദാഹരണങ്ങൾ നോക്കാം:

1. 'വീണപൂവി'ലെ പതിനാറാം ശ്ലോകത്തിന്റെ ഒടുവിൽ 'കഠിന താൻ ഭവിതവ്യതേ! നീ' എന്നതിൽ ഭവിതവ്യത അഥവാ വിധി കഠിനത നിറഞ്ഞതാണ്. വീണപൂവിലെ അവസാന ശ്ലോകത്തിൽ

"എണ്ണീടുകാർക്കുമിതുതാൻ ഗതി" എന്നതിൽ 'ഗതി'യ്ക്ക് 'വിധി' എന്ന അർത്ഥമാണ് യോജിക്കുന്നത്.

2. 'നളിനി'യിലെ 75-ാം ശ്ലോകത്തിൽ "പാഴിലോതിടുകയോ വിധിക്കുഞാൻ / കീഴടങ്ങി വിരമിക്കയോ വരം?" എന്നതിൽ വരുന്നതു വരട്ടെ അത് ഞാൻ വിധിയായി കരുതി നേരിടാൻ തയ്യാറാണ് എന്നതിനർത്ഥം ഞാൻ മരിക്കാൻ തയ്യാറാണെന്നാണ്

3. 'ലീല'യിലെ 18-ാം ശ്ലോകത്തിൽ "ശരി, ഹത വിധിയായ മേഘമാർ-/ന്നിരുളുപരന്നിത, ലോകയാത്രയിൽ" എന്നും 27-ാം ശ്ലോകത്തിൽ "വിദയനിയതി, ദുസ്തരൗഘ,യാ/ നദിയെയെതിർത്തൊരു ജന്തു നീന്തുമോ?" എന്നും 66-ാം ശ്ലോകത്തിൽ "തിരിയെ മദനനെന്തിനോടി? യെന്താം/പരിണതി ഹാ! വിധിവാമ്യമെന്തു ചൊൽവൂ." എന്നും പറയുന്നതിൽ മൂന്നിടത്തും വിധി ദയയില്ലാത്തതാണ്. അത് മൃതിയാണ്.

4. 'ചിന്താവിഷ്ടയായ സീത'യിലെ 14-ാം ശ്ലോകത്തിൽ "അവ ദുർവ്വിധിതന്റെ ധൂർത്തെഴും/മുഖഹാസങ്ങൾ കണക്കെ മാഞ്ഞതും" എന്ന് ആശാൻ തന്റെ വിധി സങ്കൽപ്പത്തിലെ ദുരന്തബോധത്തെ അവതരിപ്പിക്കുന്നു.

5. 'കരുണ'യുടെ മൂന്നാം ഭാഗത്ത് ഉപഗുപ്തൻ വാസവദത്തയോട് പറയുന്നു "നിയതം സ്നേഹയോഗ്യ നീ നിജവൃത്തി വശയായ് ദുർ /ന്നിയതിയാൽ ഘോരകൃത്യം ചെയ്തു പോയല്ലോ!" ഇവിടെ വാസവദത്തയുടെ മരണത്തെയും വിധിയ്ക്ക് വിട്ടുകൊടുക്കുകയാണ്.

ഇങ്ങനെ ആശാൻ തന്റെ കൃതികളിൽ നിരന്തരമായി ഉപയോഗിച്ച വിധി സങ്കൽപ്പം ആശാന്റെ ദർശനബോധത്തിന്റെ അടിസ്ഥാനമാണ്. 'വീണപൂവി'ൽ തുടങ്ങിയ ഈ വിധിസങ്കൽപ്പത്തിന്റെ വളർച്ച പൂർണ്ണതയിലെത്തുന്നത് 'പ്രരോദന'ത്തിലാണ്. ഈ കാവ്യത്തിൽ ആദ്യം ഭൂമി ഒരു സ്ഥിരയാഥാർത്ഥ്യമാണെന്നും മരണമില്ലാത്തതാണെന്നും പറഞ്ഞതിന് ശേഷമാണ് വിധിയെന്ന മനുഷ്യനെ (ജന്തുവിനെ)

സംബന്ധിച്ച സ്ഥിരയാഥാർത്ഥ്യസങ്കൽപ്പത്തിലേക്ക് കടക്കുന്നത്. മനുഷ്യനെയും മറ്റ് ജീവജാലങ്ങളെയും സംബന്ധിച്ച ഭൗതിക സ്ഥിര യാഥാർത്ഥ്യമായ ഭൂമിയിൽ പ്രവർത്തിക്കുന്ന മറ്റൊരു സ്ഥിരയാഥാർ ത്ഥ്യമാണ് മരണം. ആശാൻ വിധിയെന്ന വാക്ക് ആവർത്തിച്ചു പ്രയോ ഗിച്ചുകൊണ്ട് ലക്ഷ്യമാക്കുന്നത് മൃതിയെന്ന യാഥാർത്ഥ്യത്തെയാണ്. പ്രരോദനത്തിലെ 'വിധി = മൃതി' എന്ന ദർശനത്തെ വിശദമായി പരിശോധിക്കുന്നതിന് മുൻപ് നേരത്തെ സൂചിപ്പിക്കാത്ത ചില ആശാൻ കാവ്യങ്ങളിലെ വിധിയെക്കൂടി പരിചയപ്പെടാം.

1. 'ബാലരാമായണ'ത്തിന്റെ ഒടുവിൽ "ചുഴറ്റുന്നൂ പമ്പരം പോലെ ല്ലാമെൻമുമ്പു ദുർവിധി" (പദ്യം. 263) എന്ന്, സീതയെ നഷ്ടപ്പെട്ട രാമൻ ലക്ഷ്മണനോടു പറഞ്ഞുകൊണ്ട് മയങ്ങിവീഴുകയാണ്. ഇവിടെ വിധിയെന്ന വാക്കുകൊണ്ട് രാമൻ സങ്കല്പിച്ചത് സീത യുടെ മരണത്തെയാണ്.
2. 'ശ്രീബുദ്ധചരിതം' മൂന്നാം കാണ്ഡത്തിന്റെ അവസാന ഭാഗത്ത് "മോഹം താൻ കവാടത്തിൽ വിധിയെത്തടുക്കുന്ന / സാഹസമെ ന്നോർക്കാതെ പിന്നെയും യഥാസുഖം"എന്ന് പറയുന്നുണ്ട്. ഇവി ടെയും വിധി മരണം തന്നെയാണ്. കാരണം മരണഭയമാണല്ലോ നമ്മുടെ മോഹത്തെത്തടുക്കേണ്ടത്. എഴുത്തച്ഛൻ "വേഗേന നഷ്ടമാമായുസ്സുമോർക്ക നീ" എന്നു പറഞ്ഞു കൊണ്ട് മോഹ ങ്ങളെ ക്ഷണപ്രഭാചഞ്ചലമാക്കിയതിവിടെ ഓർക്കാം.
3. 'ഗ്രാമവൃക്ഷത്തിലെ കുയിൽ' എന്ന കവിതയിൽ 41-ാം ശ്ലോക ത്തിലെ "വാദാന്തരത്തിൽ വിധിഗേഹമിയന്ന നിൻ ഹൃദ് / ഭേദാ പഹാരിഗളകാകളിയാൽ ലഭിപ്പൂ" ഈ വരികൾ ഒരു വസ്തു വിലും ആസക്തിയില്ലാത്ത കുയിലിൽ തന്നെത്തന്നെ സങ്കൽ പ്പിച്ചുകൊണ്ട് ആശാൻ വിധിയെ മൃതിതുല്യമാക്കുന്നു.
4. 'ചണ്ഡാലഭിക്ഷുകി'യിലെ ഒന്നാം ഭാഗത്തിന്റെ ഒടുവിൽ "സത്ത ർക്കഴലിലഥവാ തുണയ്ക്കുവാ/നെത്തും നിയതിയോരോ വടിവിൽ" എന്ന് പറയുന്നുണ്ട്. നമ്മുടെയെല്ലാം രക്ഷയ്ക്കെത്തു ന്നത് മരണമാണെന്ന് തൻകാര്യം നോക്കുന്ന ജീവിച്ചിരിക്കുന്ന വർക്കൊക്കെയറിയാം.

## വിധിയും മൃതിയും 'പ്രരോദന'ത്തിൽ

'പ്രരോദന'ത്തിൽ ആശാൻ 'ഭൗതികസ്ഥിരയാഥാർത്ഥ്യം' എന്ന സങ്കൽപ്പവും 'വിധി = മൃതി' എന്ന സങ്കൽപ്പവും ക്രമമായി അവതരിപ്പിക്കുന്നു. മറ്റൊരു തരത്തിൽ ഈ രണ്ടു സങ്കല്പങ്ങളും ഒന്നിച്ചവതരിപ്പിക്കുന്ന ഒരേയൊരു ആശാൻ കൃതിയാണ് 'പ്രരോദനം.' തന്റെ സ്നേഹബഹുമാനങ്ങൾ പാണ്ഡിത്യം കൊണ്ട് പിടിച്ചു വാങ്ങിയ ഏ. ആറിന്റെ മരണം ആശാനെ തന്റെയുള്ളിലുണ്ടായിരുന്ന ദർശനബോധത്തിന്റെ പൂർണ്ണതയിലേക്കു നയിച്ചുവെന്നുവേണം കരുതാൻ. ആശാനെ ഏറെ സ്വാധീനിച്ച സാംഖ്യദർശനത്തിന്റെ ബലിഷ്ഠമായ അടിത്തറ 'പ്രരോദന'മെന്ന മേൽപ്പുരയെ ദൃഢമാക്കുന്നു. 'ഭാരതീയ ചിന്ത'യെന്ന പുസ്തകത്തിൽ സാംഖ്യദർശനത്തെ വിശദീകരിക്കുമ്പോൾ കെ. ദാമോദരൻ ഷെർബാത്സ്കിയുടെ 'Buddhist Logic' എന്ന പുസ്തകത്തിലെ വരികൾ ഉദ്ധരിക്കുന്നു. "ഒരിക്കലും നിശ്ചലമാവാത്തതും നിത്യവുമായ ഭൗതികസത്ത ഒന്നിൽനിന്നു മറ്റൊന്നായി പരിണമിക്കുന്നു എന്നത് സാംഖ്യദർശനത്തിലെ കരുത്തുറ്റ ഒരാശയമാണ്. മനുഷ്യചരിത്രത്തിലെ അതിപ്രാചീനമായ ഒരു കാലഘട്ടത്തിൽ ഒരിക്കലും നിശ്ചലമല്ലാത്ത, നിത്യമായ, ഭൗതികസത്തയെപ്പറ്റിയുള്ള ആശയം ഇത്രയും വ്യക്തമാക്കി രൂപവൽക്കരിച്ച സാംഖ്യൻമാർ തീർച്ചയായും അഭിമാനാർഹരാണ്." (കെ. ദാമോദരൻ, ഭാരതീയ ചിന്ത, പുറം 196) പ്രാചീനമായ ഈ ദർശനത്തിന്റെ അംശം മാർക്സിയൻ ചിന്തയിലുമുണ്ട്. ഭൂമി ഒരു ഭൗതികസ്ഥിരയാഥാർത്ഥ്യമാണെന്ന ബോധത്തിന്റെ അടിസ്ഥാനത്തിലാണ് മാർക്സ് മനുഷ്യവർഗചരിത്രത്തെയും മർദ്ദക / മർദ്ദിതദ്വന്ദ്വത്തെയും വിശകലനം ചെയ്തത്. സാംഖ്യദർശനത്തിലും മാർക്സിസത്തിലും അന്തർലീനമായിരിക്കുന്ന ഭൗതികസ്ഥിരയാഥാർത്ഥ്യസങ്കൽപ്പമാണ് ആശാൻ കവിതകളുടെ സത്ത. ഇതിന്റെയൊക്കെ അടിസ്ഥാനം യുക്തിചിന്തയാണ്. ഈ യുക്തിബോധമാണ് 'വിധി= മൃതി' എന്ന യാഥാർത്ഥ്യത്തിലേക്ക് ആശാനെ നയിച്ചത്. 'ഗുണിക ളൂഴിയിൽ നീണ്ടു വാഴാ' (വീണപൂവ്, 30-ാം ശ്ലോകം) എന്നും 'ഗുണപരിണാമ പരീക്ഷകൻ വിധി' (ലീല, 1:37) എന്നും പറഞ്ഞതിന്റെ അർത്ഥം മനുഷ്യന്റെ സകലഗുണങ്ങളും

പരിണമിച്ച് ഇല്ലാതാകുന്നതാണ് വിധിയെന്നാണ്. മനുഷ്യന്റെ ഗുണ ങ്ങളെല്ലാമില്ലാതായി എന്നതിനർത്ഥം മനുഷ്യൻ മരിച്ചുവെന്നാണ്. തീയുടെ ഗുണങ്ങളായ വെളിച്ചവും ചൂടും പുകയും ഇല്ലാതായി എന്നാൽ തീ ഇല്ലാതായി എന്നതുപോലെ. ഇത്തരത്തിൽ 'വീണപൂവി'ൽ ത്തന്നെ ആശാൻ ചിന്തിച്ചുതുടങ്ങിയ ഗുണപരിണാമത്തെയും വിധി യെയും മൃതിയെയുമൊക്കെക്കുറിച്ചുള്ള ആലോചനകളുടെ പൂർണ്ണത യാണ് 'പ്രരോദന'ത്തിൽ ദൃശ്യമാകുന്നത്. 'വീണപൂവി'ൽനിന്ന് 'നളിനി' യിലെത്തുമ്പോൾ ആശാൻ ആദ്യമായി ഭൂമിയൊരു ഭൗതിക സ്ഥിരയാ ഥാർത്ഥ്യമാണെന്ന ആശയം അവതരിപ്പിക്കുന്നു. 'എന്നുമല്ല, ശുഭരമ്യ ഭൂവിവർ / ക്കെന്നു മുള്ളൊരനവദ്യ ഭോഗമാം' (ശ്ലോകം. 11). മനുഷ്യനെ സംബന്ധിച്ച് ഭൂമി എന്നെന്നേയ്ക്കുമുള്ളതാണെന്ന ധ്വന്യാ ർത്ഥം ഈ വരികളിലുണ്ട്. തൊട്ടുപിറകെ സാംഖ്യദർശനത്തിന്റെ കാതലായ 'സത്കാര്യവാദ'ത്തെ ആശാൻ സൂചിപ്പിക്കുന്നു. 'ഏക കാര്യമഥവാ ബഹൂത്ഥമാം / ഏകഹേതു ബഹുകാര്യകാരിയാം'. 'അഭേ ദ്യങ്ങളും സങ്കീർണങ്ങളുമായ ആയിരമായിരം കാര്യകാരണ ബന്ധ ങ്ങളുടെ ആകെത്തുകയാണ് ദൃശ്യ പ്രപഞ്ചം.' കാര്യം കാരണത്തി ലടങ്ങിയിരിക്കുന്നുവെന്ന ഈ സാംഖ്യദർശനസത്തയാണ് 'നളിനി'യി ലെ മേൽ പ്പറഞ്ഞ വരികളിലൂടെ ആശാൻ വ്യക്തമാക്കുന്നത്. ഇതിന്റെ അടി സ്ഥാനം വസ്തുപ്രപഞ്ചം ഒരു യാഥാർത്ഥ്യമാണെന്ന ഭൗതിക വാദ ചിന്തയാണ്. ഇവിടെയാണ് ആശാനും മാർക്സും സന്ധിക്കുന്നത്. ആശാൻ തന്റെ കവിതകളിലൂടെ ഒരു സ്ഥിരയാഥാർത്ഥ്യത്തെക്കൂടി അവതരിപ്പിക്കുന്നു. അത് മനുഷ്യൻ കൂടിയുൾപ്പെടുന്ന ജന്തുവർഗത്തെ സംബന്ധിക്കുന്നതാണ്. "യുവതയെവിടെ? ജന്തുവിന്നു ഹാ! / വിവൃത കവാടയനാരതം മൃതി" (ലീല,1:30). മൃതിയെന്നത് ജന്തുവിനെ സംബ ന്ധിക്കുന്ന ഒരു സ്ഥിരയാഥാർത്ഥ്യമാണ്. ഭൂമിയെന്ന ഭൗതികസ്ഥിര യാഥാർത്ഥ്യത്തിനുള്ളിൽ മനുഷ്യനെ സംബന്ധിച്ച ഏകസ്ഥിരയാ ഥാർത്ഥ്യം 'മൃതി'യാണ് എന്ന ബോധ്യത്തിൽ നിന്നാണ് വിധിയെന്നത് മൃതിയാണ് എന്ന യുക്തിയിലേക്ക് ആശാൻ എത്തിച്ചേർന്നത്. ഈ യുക്തി 'പ്രരോദന'ത്തിലെങ്ങനെ പ്രവർത്തിക്കുന്നുവെന്നു നോക്കാം.

## ‘പ്രരോദന’ത്തിലെ സമവാക്യം

ഏ. ആറിന്റെ വ്യക്തിജീവിതത്തെയും ബൗദ്ധികജീവിതത്തെയും കാവ്യജീവിതത്തെയും ആഴത്തിലറിഞ്ഞ ആശാൻ അദ്ദേഹത്തിന്റെ മരണംമൂലം തന്റെ ഉള്ളിലുണ്ടായിരുന്ന ദർശനബോധത്തിന്റെ സ്വാഭാവികമായ ഉദ്ദീപനത്തിന്റെഫലമായി രചിച്ചതാണ് ‘പ്രരോദനം.’ ഇതിൽ ഭൗതികസ്ഥിരയാഥാർത്ഥ്യം, വിധി, മൃതി ഇവയെ ക്രമത്തിലവതരിപ്പിക്കുകയും വിധി = മൃതി എന്ന സമവാക്യത്തിലെത്തിച്ചേരുകയും കൂടാതെ മൃതിയെത്തന്നെ ഒരു ഭൗതികസ്ഥിരയാഥാർത്ഥ്യമായി ഉറപ്പിക്കുകയും ചെയ്യുന്നു. എ.ആറിന്റെ ജീവിതത്തിലെ ദൃശ്യലോകത്തെയും ആശയലോകത്തെയും ഒരുപോലെ സമന്വയിപ്പിച്ചുകൊണ്ടാണ് ‘പ്രരോദനം’ എഴുതിയിരിക്കുന്നത്. ആദ്യശ്ലോകങ്ങളിൽത്തന്നെ നാടും വീടും ബന്ധുവിലാപവും ഒക്കെ കടന്നുവരുന്നുണ്ട്. കൈരളിയ്ക്കുവേണ്ടി ഏ.ആർ ചെയ്ത കഠിനാദ്ധ്വാനത്തെയും ധ്വനിപ്പിക്കുന്നുണ്ട്. ഇതിൽ ആറാം ശ്ലോകത്തിലാണ് ഭൗതികസ്ഥിരയാഥാർത്ഥ്യ സങ്കൽപ്പം കടന്നുവരുന്നത്. “ദേഹധ്വംസമെഴാത്ത തൻ ഹൃദയസം/വേഗം സഹിച്ചില്ലഹോ” എന്ന് കൈരളി അഥവാ മലയാളഭാഷ തന്റെ പ്രിയപുത്രന്റെ നിശ്ചലമായ ശരീരം കണ്ടിട്ട് വിലപിക്കുന്നു. ഈ ദുഃഖത്തിന് കാരണം തന്റെ ശരീരം നശിക്കാത്തതാണല്ലോ! എന്നതാണ്. ഭാഷയെ ഒരു സ്ഥിരയാഥാർത്ഥ്യമായി ഇവിടെ ആശാനവതരിപ്പിക്കുന്നു. ഏഴാം ശ്ലോകത്തിൽ കേരളഭാഷയുടെ അമ്മയായ കേരളഭൂമി കരയല്ലേയെന്നു പറഞ്ഞ് മകളെ ആശ്വസിപ്പിക്കുന്നു. ഒപ്പം ഇങ്ങനെയും പറയുന്നു

> “സത്സാഹിത്യവിധിജ്ഞയാം പ്രിയസുതേ ?
> മാഴ്കായ്ക, - അല്ലെങ്കിലി -
> ക്കുത്സാർഹാമരഭാവയാമിവളെയും
> മൂർച്ഛേ തുണച്ചീടുക.”

അമരഭാവ എന്നതിനർത്ഥം മരണമില്ലാത്തവൾ എന്നാണ്. ഭൂമി മരണമില്ലാത്തവളാണെന്ന ഈ ആശയത്തെയാണ് പ്രബന്ധത്തിൽ ‘ഭൗതികസ്ഥിരയാഥാർത്ഥ്യം’ എന്ന പ്രയോഗം കൊണ്ടർത്ഥമാക്കു

ന്നത്. ഈ പ്രയോഗത്തിന്റെ ആശയയുക്തിയുടെ അടിസ്ഥാനത്തി ലാണ് മാർക്സിസവും ആശാൻ കവിതകൾ മുന്നോട്ടുവയ്ക്കുന്ന പുരോഗമനാശയങ്ങളും പിറവിയെടുത്തത്. വിധിയെക്കുറിച്ചാണ് അടുത്ത ചിന്ത.

"തോരാതുള്ളൊരുകണ്ണുനീരിലവരെ -
ച്ചുട്ടിട്ടുതല്ലാനയ -
സ്കാരാഢ്യൻ പടുപശ്യതോഹരനവാ -
ര്യക്രൗര്യനെന്നും വിധി."(ശ്ലോകം. 27)

ഇവിടെ വിധിയെ ആശാൻ ഉപമിക്കുന്നത്

1. അയസ്കാരാഢ്യൻ- പെരുംകൊല്ലൻ
2. പടുപശ്യതോഹരൻ - ദൃഷ്ടിക്കു നേരെനിന്നു മോഷണം നട ത്തുന്ന വിരുതനായ കള്ളൻ
3. അവാര്യക്രൗര്യൻ - നീക്കുപോക്കില്ലാത്ത ക്രൂരത കാണിക്കു ന്നവൻ, എന്നിങ്ങനെയാണ്. ഇതിനർത്ഥം ജീവിതം കൊണ്ടു മനസിലാക്കാം. നീക്കുപോക്കില്ലാത്ത ക്രൂരത കാട്ടുന്ന നമ്മുടെ കണ്ണിൽ നോക്കിത്തന്നെ ജീവനെ തട്ടിയെടുക്കുന്ന ആ പെരും കൊല്ലൻ 'മൃതി' തന്നെയാണ്. അതിനു പകരം ആശാൻ വിധി യെന്നു പ്രയോഗിച്ചിരിക്കുന്നു. ഈ ശ്ലോകത്തിലൂടെ ആശാൻ കാവ്യങ്ങളിലെ 'വിധി = മൃതി' എന്ന സമവാക്യം തെളിയിക്ക പ്പെടുകയാണ്. 28-ാം ശ്ലോകത്തിൽ ഏ.ആറിന്റെ നിശ്ചലമായ ശരീരത്തിന്റെ കിടപ്പിനെ അഥവാ മൃതിയുടെ ഭൗതികാവസ്ഥയെ വിവരിക്കുന്നു. തുടർന്ന് 29-ാം ശ്ലോകം അവസാനിക്കുന്നത് ഇങ്ങനെയാണ്:

"ആ ശ്രീയുക്താവയവങ്ങൾതോറുമൊരുപോൽ/ കൂത്താടി യാർത്തു മൃതി!". ആയുസിനെപ്രവചിക്കുന്ന, ഭാവിയെന്ന് നമ്മൾ തെറ്റി ദ്ധരിക്കുന്ന 'വിധി'യെ പ്രവചിക്കുന്ന ജ്യോതിഷവിദ്യയെ കൊഞ്ഞണം കാട്ടി ഏ.ആറിന്റെ ശരീരത്തിൽ കൂത്താടിയാർത്ത മൃതിയെ സമാനത കളില്ലാത്തവിധം ആശാൻ അവതരിപ്പിച്ചിരിക്കുന്നു. ആശാന് വിധി

ജ്യോതിഷപ്രവചനത്തിലെ ഭാവിയല്ല. പുരോഹിതന്റെ മുമ്പിൽ കുമ്പിട്ടു വണങ്ങി അദ്ഭുതത്തോടെ കേൾക്കുന്ന നാളെയല്ല. ആശാന് വിധി സ്ഥിരയാഥാർത്ഥ്യമാണ്. അത് മൃതിയാണ്. അതുകൊണ്ടാണ് വിധി യിൽ അവസാനിക്കുന്ന 27-ാം ശ്ലോകത്തിലെ വിധിയും മൃതിയില വസാനിക്കുന്ന 29-ാം ശ്ലോകത്തിലെ മൃതിയും പരസ്പരം മാറ്റിയെ ഴുതിയാലോ രണ്ടിടത്തും ഒരേ വാക്കുപയോഗിച്ചാലോ ഒരേ അർത്ഥം സ്ഫുരിക്കുന്നത്. തന്റെ ആശയത്തെ യുക്തിഭദ്രമായി അവതരിപ്പി ക്കുവാൻ കഴിയുന്ന മലയാളത്തിലെ പെരിയകവിയുടെ ദാർശനികാടി ത്തറയുടെ ബലിഷ്ഠത ഈ ശ്ലോകങ്ങളിൽ വെളിവാകുന്നു. രണ്ടു ശ്ലോകങ്ങൾക്കുമിടയിൽ ഏ.ആറിന്റെ മൃതശരീരത്തെക്കിടത്തി വിധി = മൃതി എന്ന ഭൗതികസ്ഥിരയാഥാർത്ഥ്യസങ്കൽപ്പത്തെ ആശാൻ ഉറപ്പി ക്കുന്നു. 32-ാം ശ്ലോകത്തിൽ "വന്നാലും വിധിയാൽ സ്വയം ത്വരിതമാ/ യെത്തും പ്രിയാകാരമേ" എന്നിങ്ങനെ മുമ്പേപോയ മയൂരദൂതനായ കേരളവർമ്മയുടെ ചിതാഭസ്മം ഏ.ആറിനോട് – ഉഗ്രമായ അഗ്നിയാൽ ദഹിച്ച് രൂപമാറ്റം വരേണ്ടവനോട് – കുശലം പറയുന്നതിലും വിധിയെ മൃതിയായിത്തന്നെ സങ്കൽപ്പിച്ചിരിക്കുന്നു. 71-ാം ശ്ലോകത്തിൽ "പോകാസക്തി തമഃപ്രകാശശബള/ശ്രീയൊത്ത മദ്ധ്യോർവ്വിയിൽ" ഇവിടെ സുഖവും ദുഖവും മാറിമാറി വരുന്ന ഭൂമിയെന്നസ്ഥിര യാഥാർത്ഥ്യസങ്കൽപ്പം കവിക്ക് രസോൻമേഷിയായിത്തീരുന്നു. 'പ്രവൃ ത്തിപരമാണിജ്ജീവിതം' എന്ന് പറഞ്ഞുകൊണ്ട് 'കായവേകൈലാസ' എന്ന ശൈവചിന്തയിലെ അദ്ധ്വാനസങ്കൽപ്പത്തെ അഥവാ കർമ്മസ ങ്കൽപ്പത്തിന്റെ ഉദാത്തതയെയും ആത്മാവിന്റെ കണ്ടുപിടിത്തത്തിന് കാരണമായ, മുനിമാരുടെ മൃതിയെന്ന ഭൗതികയാഥാർത്ഥ്യഭയത്തെയും 139-ാം ശ്ലോകത്തിൽ വിവരിച്ചിരിക്കുന്നു. 142-ാം ശ്ലോകത്തിൽ "...കീഴട ങ്ങുകവിധി/ക്കിന്നിച്ചിതയ്ക്കപ്പുറ/ ത്തില്ലാതാകുക ജീവിതം;..." എന്നെ ഴുതി വിധിയെ മൃതിയായിത്തന്നെ സങ്കൽപ്പിക്കുന്നു. ഇത്തരത്തിൽ 'പ്രരോദനം' ഭൂമി ഒരു ഭൗതികസ്ഥിരയാഥാർത്ഥ്യമാണെന്നും ആ സ്ഥിര യാഥാർത്ഥ്യത്തിനുള്ളിൽ ജന്തുവിനെ സംബന്ധിക്കുന്ന പ്രത്യേകിച്ച് മനുഷ്യനെ സംബന്ധിക്കുന്ന മറ്റൊരു സ്ഥിരയാഥാർത്ഥ്യമാണ് വിധി യെന്നും അത് മൃതിയെന്ന സത്യമാണെന്നുമുള്ള തത്ത്വചിന്തയുടെ

സത്തയാണ്. ജ്യോതിഷവിഡ്ഢിത്തങ്ങളെയല്ല യുക്തിബോധത്തിലൂടെ യാഥാർത്ഥ്യത്തെയും അദ്ധ്യാനത്തിലൂടെ ഈശ്വരസാന്നിധ്യത്തെയും തിരിച്ചറിയുകയാണ് അഭികാമ്യമെന്ന് ആശാൻ ഓർമ്മിപ്പിക്കുന്നു.

**ഉപസംഹാരം**

'പ്രരോദനം' അവസാനിക്കുന്നത് ആത്യന്തിക ശാന്തിയായ മൃതിക്ക് ഒരു ഭൗതികരൂപം നൽകിക്കൊണ്ടാണ്. എല്ലാ മനുഷ്യരെയും സംബന്ധിക്കുന്ന അദ്വയമായ അവസ്ഥയാണ് പട്ടട അഥവാ ചിതാഗ്നി. സുഖത്തെയും ദുഃഖീകരിക്കുന്ന ആ ശാന്തിഭൂവായ മൃതിയെ രണ്ടുവട്ടം നമസ്കരിച്ചു കൊണ്ടാണ് ആശാൻ തന്റെ കാവ്യവേദനയെ ആശ്ചര്യചിഹ്നമിട്ടുകൊണ്ട് നിറുത്തുന്നത്. മൃതിക്ക് മൂർത്തരൂപം നൽകാനുള്ള ശ്രമത്തിന്റെ ഫലമാണ് ശാർദ്ദൂലവിക്രീഡിതത്തിന്റെ അതിർത്തിക്കുള്ളിൽ നിൽക്കുന്ന ഈ അവസാന ശ്ലോകം. നാരായണഗുരുവിൽനിന്നു ലഭിച്ച സിദ്ധിയായി വേണമിതിനെ കണക്കാക്കാൻ. കാരണം നാരായണഗുരു ചെയ്തത് ആദ്ധ്യാത്മികതയ്ക്ക് അല്ലെങ്കിൽ ധ്യാനത്തിലൂടെ അദ്ദേഹം ദർശിച്ച അമൂർത്തതയ്ക്ക് ഭാഷയിലൂടെ മൂർത്തരൂപം നൽകാനാണ്. ആത്മോപദേശശതകത്തിലെ 52-ാം ശ്ലോകം നോക്കുക:

"ധ്വനിമയമായ് ഗഗനം ജ്വലിക്കുമന്നാ-
ളണയുമതിങ്കലശേഷദൃശ്യജാലം,
പുനരവിടെ ത്രിപുടിക്കു പൂർത്തി നല്കും
സ്വനവുമടങ്ങുമിടം സ്വയംപ്രകാശം !"

ആശ്ചര്യചിഹ്നമിട്ടു നിൽക്കുന്ന ഈ ശ്ലോകം മൂർത്തമായ ഭാഷകൊണ്ട്, വാക്കുകൾകൊണ്ട് പൂർണ്ണമായ അർത്ഥമുൾക്കൊള്ളുന്നതാണ്. ധ്യാനത്തിന്റെ പരകോടിയിൽ ഗുരു ദർശിച്ച 'പൊരുളറിവ്' എന്ന സത്യത്തെ കൃത്യമായി അറിയാനും ഒരനുഭൂതിയായി ഉൾക്കൊള്ളാനും അതുപയോഗിച്ച് ഈ ഭൂമിയിലെ മനുഷ്യജീവിതത്തെ മാറ്റിത്തീർക്കാനും സാധിക്കുന്നുണ്ടോയെന്ന് ഓരോരുത്തരും സ്വയം വിമർശനം നടത്തേണ്ടതുണ്ട്.

'ആത്മോപദേശശതക'ത്തിന് ലളിതവ്യാഖ്യാനം തയ്യാറാക്കിയ സ്വാമി മുനി നാരായണപ്രസാദ് 52-ാം ശ്ലോകത്തിന്റെ 'ഒറ്റിയർത്ഥം' വിവരിക്കുന്നതിന് മുൻപ് 'തീറർത്ഥം' അവരവർ സ്വന്തം അന്തരംഗത്തിൽ ദർശിക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഈ വ്യാഖ്യാനത്തിൽ മുനി എഴുതുന്നു, ശാസ്ത്രയുക്തമായിരിക്കുമ്പോൾത്തന്നെ അനുഭൂതി സമ്പന്നവുമാണ് എന്നതാണ് നാരായണഗുരുവിന്റെ കൃതികളുടെ ഒരു പ്രത്യേകത. ചിലയിടങ്ങളിൽ ശാസ്ത്രീയത മുൻതൂക്കമുള്ളതായി നില്ക്കും. മറ്റു ചിലയിടങ്ങളിൽ അനുഭൂതിയും. ചരിത്രം ഭൗതികവും ശാസ്ത്രീയവുമാണ്. അനുഭൂതി അഭൗതികവും. ചരിത്രസംഭവങ്ങൾക്ക് രണ്ട് യാഥാർത്ഥ്യങ്ങളില്ല. ആ ഒന്നിനെ കണ്ടെത്തുകയാണ് ചരിത്രകാരൻമാരുടെ ലക്ഷ്യം. ഈ ചരിത്രദൗത്യമാണ് മാർക്സ് നിറവേറ്റിയത്. ഗുരുവിന്റെയും മാർക്സിന്റെയും ദർശനങ്ങൾ ഉൾക്കൊള്ളാനും അത് തന്റെ കാവ്യലോകത്തിലൂടെ പ്രതിഫലിപ്പിക്കാനും ആശാന് കഴിഞ്ഞിട്ടുണ്ട്. കീഴടക്കാൻ കഴിയാത്ത കൊടുമുടിയായി മലയാളസാഹിത്യലോകത്ത് ആശാൻ നിലയുറപ്പിച്ചിരിക്കുന്നതിന് കാരണവുമതുതന്നെ.

'എന്താണ് മാർക്സിസം?' എന്ന പുസ്തകത്തിൽ എമിൽ ബേൺസ് എഴുതുന്നു നാം അധിവസിക്കുന്ന ഈ ലോകത്തെയും ഈ ലോകത്തിലെ മനുഷ്യസമൂഹത്തെയും സംബന്ധിച്ചുള്ള പൊതുസിദ്ധാന്തമാണ് മാർക്സിസം. ആശാൻ കവിതകളെ നിർവചിക്കാനും ഈ വരികൾകൊണ്ട് സാധിക്കും. മനുഷ്യജീവിതമാണ് മാർക്സിസത്തിന്റെയും ആശാൻ കവിതകളുടെയും അടിസ്ഥാനാശയം. 'പ്രരോദന'ത്തിന് ശേഷം 1920-ൽ ആശാനെഴുതിയ കവിതയാണ് 'പരിവർത്തനം' (മണിമാല). കവിത അവസാനിക്കുന്നതിങ്ങനെയാണ്

> "സമത്വമേകലക്ഷ്യമേവരും സ്വതന്ത്രരെന്നുമേ
> സമക്ഷമിത്തമസ്സകറ്റിയോതി ലോകമാകവേ
> ക്രമപ്പെടുത്തിടും ഭവാന്റെ ഘോരമാം കൃപയ്ക്കു ഞാൻ
> നമസ്കരിപ്പു, ദേവ, പോക പോക നിൻവഴിക്കു നീ."

വീണപൂവിനെ ബിംബമാക്കി മനുഷ്യജീവിതത്തെ വ്യാഖ്യാനിച്ച ആശാൻ ഇവിടെ സൂര്യനെ ബിംബമാക്കുന്നു. ആ 'ഭവാൻ' നാരായണഗുരുവാകാം കാറൽ മാർക്സുമാകാം.

## ഗ്രന്ഥസൂചി

1. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ (1888 ൽ പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് പതിപ്പിനെ ആധാരമാക്കിയുള്ളത്), മാർക്സ് ഏംഗൽസ്, പ്രോഗ്രസ് പബ്ളിഷേഴ്സ്, പ്രഭാത് ബുക്ഹൗസ്, തിരുവനന്തപുരം, 1983

2. കുമാരനാശാൻ, എൻ. ആശാന്റെ പദ്യകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 2009

3. ദാമോദരൻ കെ., ഭാരതീയചിന്ത, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018

4. നാരായണഗുരു, ആത്മോപദേശശതകം, ലളിതവ്യാഖ്യാനം : മുനി നാരായണ പ്രസാദ്, നാരായണഗുരുകുലം, 1990

5. ബാബു എൻ., ഡോ., സിഗ്മണ്ട് ഫ്രോയിഡ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016

6. ബേൺസ്, എമിൽ, എന്താണ് മാർക്സിസം?, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2006

# വിചാരപദങ്ങളിലെ നളമാനസം

**ബിന്ദു ജോൺ**

**അസിസ്റ്റന്റ് പ്രൊഫസർ**

**മലയാളവിഭാഗം, ക്രിസ്റ്റ്യൻ കോളേജ്, ചെങ്ങന്നൂർ**

**സംഗ്രഹം**

അബോധമനസ്സിന്റെ ഉത്പന്നമായ ചിന്തയുടെ വെളിപ്പെടൽ ആണ് ആത്മഗതത്തിലൂടെ സ്പഷ്ടമാക്കുന്നത്. ആട്ടക്കഥാസാഹിത്യത്തിലെ പ്രകാശഗോപുരമായ ഉണ്ണായിവാര്യരുടെ 'നളചരിതം' ആട്ടക്കഥയിലെ നായകൻ താൻ അനുഭവിക്കുന്ന മനോസംഘർഷത്തിന്റെ അവസഥയിൽ ചെയ്യുന്ന വിചാരപദങ്ങളിൽ തെളിയുന്നത് വ്യക്തിയിലെ തന്നെ വിരുദ്ധഭാവങ്ങളിൽ വിടരുന്ന നാടകീയതയാണ്. മനസ്സ് തീവ്രവികാരം കൊണ്ട് മഥിക്കപ്പെടുമ്പോൾ ബോധമനസ്സിലെ പ്രകടിതഭാവങ്ങൾക്കപ്പുറമായി അബോധമനസ്സ് മുന്നോട്ടുവരുന്നു. ആട്ടക്കഥകളുടെ സാങ്കേതികവിദ്യയ്ക്ക് അപ്പുറമായ നാടകീയമുഹൂർത്തങ്ങളെ നളചരിതത്തിന് സമ്മാനിക്കുന്നതിനുള്ള മുഖ്യഉപാധി അബോധമനസ്സിന്റെ വെളിപ്പെടലായ വിചാരപദങ്ങളാണ്. ഈ വിചാരപദങ്ങളെ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ**

വിചാരപദങ്ങൾ-ആത്മഗതം-അബോധമനസ്സ്-ജന്മവാസന-അസംതൃപ്തചോദനകൾ-ദമനം-ഏഷണ-അന്തഃസൗന്ദര്യം-സ്വാപ

മാനം–ആഗ്രഹസഫലീകരണതത്വം–വിധിയന്ത്രത്തിരിപ്പ്–തൗര്യത്രികം–കഥകളിത്തം.

ദൃശ്യകലാരൂപമെന്ന നിലയിൽ, സൗന്ദര്യമൂല്യപരമായ വിധി നിർണയത്തിൽ, ആന്തരസൗന്ദര്യമൂല്യം ബാഹ്യസൗന്ദര്യമൂല്യം എന്ന രണ്ടു വേർതിരിവുകളിൽ അന്തഃസൗന്ദര്യം (Intrinsic beauty) കണ്ടെത്താൻ സഹായിക്കുന്നവയാണ് 'നളചരിത'ത്തിലെ വിചാരപദങ്ങൾ. അബോധമനസ്സിന്റെ ഉത്പന്നമായ ഭാഷണം (ആത്മഭാഷണം) ആന്തരസൗന്ദര്യത്തിലേക്ക് പ്രേക്ഷകരെ ആകർഷിക്കുന്നു. ബാഹ്യങ്ങളെ അപേക്ഷിച്ച് ആന്തരങ്ങൾ ശാശ്വതമൂല്യം പേറുന്നവയാണ്.

"ദൈവം പിഴച്ചു നിൽക്കുമ്പോൾ
പൗരുഷം ഫലിക്കാത്തതിൽ
താൻ വിഷാദിക്കുമാറില്ല"

എന്ന് അറിയിച്ചുകൊണ്ട് ധർമ്മപുത്രരുടെ വിഷാദം അകറ്റുന്നുണ്ട് ഇതിഹാസകഥയിൽ ബൃഹദശ്വമുനി. ജീവിതത്തിലെ കലിവ്യാകുലതകളകറ്റാൻ പറയുന്ന ഉദ്ബോധനാത്മകമായ കഥയാണ് വ്യാസേതിഹാസത്തിലെ 'നളോപാഖ്യാനം'. ഉദ്ദേശ്യനിഷ്ഠവും ആഖ്യാനാത്മകവുമായ ഈ നളകഥയെ ഉണ്ണായിവാര്യർ ആട്ടക്കഥയിൽ കനക്കെച്ചുരുക്കിയപ്പോൾ അത് സാർവ്വത്രികമായ നരചരിതം ആയിത്തീർന്നു. കനക്കെക്കൊതി കലർന്നിരിക്കുന്ന ദേവന്മാരുടെ സമക്ഷം ദേവഹിതത്തെ മനുഷ്യപ്പുഴു അപഹരിക്കുന്ന കഥയായി 'നളചരിതം' വായിക്കപ്പെടുന്നു. ദൈവം മുഖം തിരിച്ചു നിൽക്കുന്ന ജീവിതവഴികൾ കലിബാധയുടെ ഇരുണ്ട അനുഭവപരിസരങ്ങളാണ്. അപരിഹരണീയമായ ഈ വിധിയന്ത്രത്തിരിപ്പിൽ മനുഷ്യപൗരുഷത്തിന്റെ നെടുങ്കൻ മാതൃകകൾ നിലയില്ലാച്ചുഴിയിൽ വട്ടം ചുറ്റുന്നു. അനിച്ഛാകരമായ വഴിയിലൂടെ അപ്രതീക്ഷിതമായ അനുഭവങ്ങളിലൂടെ, സംത്രസ്തമായി ജീവിതം മുന്നോട്ട് നീങ്ങുന്നു. പൗരാണികകാലത്തേതു മാത്രമല്ല, സംഘർഷാത്മകത നിറഞ്ഞ സമകാലലോകജീവിതത്തിലെ അനുഭവങ്ങളെപ്പോലും പ്രതിഫലിപ്പിക്കുന്നതിന് ഉതകുന്ന കാവ്യകലാതന്ത്ര

മായിട്ടാണ് ഉണ്ണായിവാര്യർ 'നളചരിത'ത്തിലെ വിചാരപദങ്ങളെ സ്വീകരിച്ചിട്ടുള്ളത്.

കെട്ടുപിണഞ്ഞു കിടക്കുന്ന ഒട്ടേറെ വികാരവിചാരങ്ങൾക്ക് പ്രാമുഖ്യം ഉള്ള കഥയാണ് 'നളചരിതം'. കഥാപാത്രഹൃദയങ്ങളിലെ വികാരസൂക്ഷ്മതകൾ മറ്റു കഥാപാത്രത്തോട് പറയാവുന്നവ ആയിരിക്കില്ല. പക്ഷേ, സഹൃദയരിലേക്കു പകർന്നേ മതിയാവൂ; ഇതിനുള്ള മാർഗ്ഗമാണ് ആത്മഗതം. 'മനസ്സാ വചസ്സാ അവിദിതം ഗദിതം' ആയിട്ടുള്ള-മനസ്സുകൊണ്ടും വാക്കുകൊണ്ടും അറിയിക്കപ്പെടാതെയുള്ള - ഹൃദയസൂക്ഷ്മവിചാരങ്ങളും വികാരങ്ങളും ആണ് നളമനസ്സിൽ ആദ്യം ഉള്ളത്.

കഥകളി എന്ന ദൃശ്യരൂപം അക്ഷരാർത്ഥത്തിൽ സാങ്കേതികമാണ്. കളരിച്ചിട്ടകളും തനതുവഴക്കങ്ങളും സംഗീതവഴികളും ആലാപനച്ചിട്ടകളും സവിശേഷമായ തൗര്യത്രികസമ്പ്രദായങ്ങളും (ആട്ടം, പാട്ട്, കൊട്ട് ഇവ മൂന്നും കലർന്നത്) കലശങ്ങളും എല്ലാം നിറഞ്ഞ ആ രംഗശീലത്തെ കഥകളി ആസ്വാദകന്മാർ 'കഥകളിത്തം' എന്നു പറയുന്നു. അത്തരം കഥകളിത്തം കുറഞ്ഞ ആട്ടക്കഥയായി 'നളചരിത'ത്തെ ഒരു കാലത്ത് ആസ്വാദകർ വിലയിരുത്തിയിട്ടുണ്ട്. കഥകളിത്തം നിറഞ്ഞ ആട്ടക്കഥകളിൽ വിചാരപദത്തിന് വലിയ പ്രസക്തിയില്ല എന്നു പോലും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സാമാന്യനിരീക്ഷണങ്ങൾ അപ്രസക്തമാക്കുന്നവയായിരുന്നു നളചരിതസംഗീതവും സാഹിത്യവും. അസാധാരണമായ രംഗബോധത്തിന് ഉടമയും, സംഘർഷമാണ് നാടകീയതയുടെ ജീവൻ എന്നുതിരിച്ചറിഞ്ഞ ദൃശ്യകലാമർമ്മജ്ഞനും ആയിരുന്നു ഉണ്ണായിവാര്യർ. ആ അപാരമായ കഥകളിബോധമാണ് 'നളചരിത'ത്തിലെ വിചാരപദങ്ങളിൽ തെളിയുന്നത്.

വിചാരം മനസ്സിന്റെ വിശേഷ സഞ്ചാരമാണ്. മനുഷ്യന്റെ സ്വത്വം നിർണയിക്കുവാൻ വിചാരങ്ങളുടെ അപഗ്രഥനത്തിലൂടെ സാധിക്കുന്നു. മനുഷ്യമനസ്സിന്റെ വ്യത്യസ്ത അവസ്ഥകളേയും സത്യങ്ങളേയും പ്രതിഫലിപ്പിക്കുന്ന ദർപ്പണം ആയി കഥകളിയിൽ വിചാരപദങ്ങൾ കാണപ്പെടുന്നു. "കഥാപാത്രത്തിന്റെ ഹൃദയവികാരങ്ങളെ - അവരുടെ

സ്വാഭാവികമായ വികാരവിചാരങ്ങളെ അനുഭൂതിബോധം വരുമാറ് അവതരിപ്പിക്കുകയാണ് സാഹിത്യമൂല്യം എന്നതിന്റെ അർത്ഥംതന്നെ". (പന്മന രാമചന്ദ്രൻനായർ, നളചരിതം കൈരളീവ്യാഖ്യാനം, പുറം 108). നാട്യകലയെ അവസ്ഥാനുകൃതിയെന്നും കലാനുഭൂതിയെ രസാനുഭൂതിയെന്നും ഭരതമുനി വിവക്ഷിക്കുന്നിടത്ത് ദൃശ്യകല എന്ന നിലയിൽ കഥകളിയിലെ വിചാരപദങ്ങൾ മനുഷ്യമനസ്സിന്റെ അവസ്ഥാനുകൃതിയുടെ ഉത്തമമാതൃകകളായി പരിണമിക്കുന്നു.

വാക്ക്, മനസ്സ്, ശരീരം എന്നിവയാണ് നാട്യപ്രയോഗത്തിൽ പ്രധാനം. വാക്കിന്റെ വ്യാപാരവിശേഷങ്ങൾ ഭാരതീവൃത്തിയിലാണ് ഉൾപ്പെടുന്നത്. മനോവ്യാപാരഭേദങ്ങൾ സാത്ത്വതീവൃത്തിയിൽ അന്തർഭവിച്ചതാണ്. (സത്ത്വം-മനസ്സ്) മനസ്സിന്റെ വൃത്തി സാത്ത്വതി. ശരീരവ്യാപാരങ്ങളെല്ലാം ആരഭടീവൃത്തിയുടെ വിഷയങ്ങളാണ്. ഇവ സമഞ്ജസമായി മേളിച്ച ദൃശ്യകലയാണ് കഥകളി. സത്ത്വികാഭിനയത്തിന്റെ ഉത്ഭവം മനസ്സിൽ നിന്നാണ്. മനസ്സിരുത്തിയാലേ - മനസ്സിന്റെ ഏകാഗ്രതയിലേ- സാത്ത്വികാഭിനയം പൂർണ്ണമാകുകയുള്ളു.

"ഭാരതീം സാത്ത്വതീ ചൈവ
വൃത്തിമാരഭടീം തഥാ
സമാശ്രിതഃ പ്രയോഗസ്തു
പ്രയുക്തോ വൈ മയാ ദ്വിജാഃ"

(ഭരതമുനി, നാട്യശാസ്ത്രം, പരിഭാഷ: കെ.പി. നാരായണപിഷാരടി, നാട്യോൽപത്തി, ഭാഗം 1, പുറം 82).

ചിന്താധാരയിൽ വിശിഷ്ടമായ ഭാവപ്രകരണങ്ങൾ - അഭിനയമുഹൂർത്തങ്ങൾ - കാഴ്ചവയ്ക്കുന്ന നായകൻ സത്ത്വഗുണപ്രധാനിയാണ്. 'പച്ച' വേഷം കെട്ടിയാടുന്ന നളൻ വിവിധരംഗങ്ങളിൽ ബാഹുക-നള വേഷപ്രച്ഛന്നതയിലൂടെ വേറിട്ടൊരു ദാർശനികമുഖം നൽകുന്ന കഥാപാത്രമായി നിറഞ്ഞു നിൽക്കുന്നു. പ്രേക്ഷകരുടെ രസാനുഭൂതിയെ വർദ്ധിപ്പിക്കുന്ന നായകന്റെ മനോവിചാരങ്ങളിലേക്ക് കടക്കുന്നതിന് പ്രഥമസ്ഥാനം വിചാരപദങ്ങൾക്കാണ്. ഭാഷയേയും അബോധത്തെയും സമന്വയിക്കുന്ന പ്രതീകാത്മകവ്യവഹാരരൂപമായി

'നളചരിതം' ആട്ടക്കഥയിലെ വിചാരപദങ്ങൾ മാറുന്നു. അതുകൊണ്ട് അബോധമനസ്സിന്റെ പ്രവർത്തനങ്ങൾ അപഗ്രഥിക്കുവാൻ വിചാര പദങ്ങളുടെ വ്യാഖ്യാനത്തിലൂടെ സാധ്യമാവുന്നു.

വിചാരപദങ്ങൾ ആത്മഭാഷണങ്ങൾ ആണ്. അവിടെ അതിസം വേദനവും മൂകതയും ആവശ്യമായി വരുന്നില്ല. ഒരുവൻ സ്വന്തം മന സ്സിനോട് ആണ് സംവദിക്കുന്നത്; സ്വന്തം മനഃസാക്ഷിയോടാണ് സം വേദനം ചെയ്യുന്നത്. മനുഷ്യമനസ്സിന്റെ ബോധസത്തയുടെ അന്തർഘ ടനകളെക്കുറിച്ച് അറിയാൻ ആന്തരപ്രത്യക്ഷത്തിലൂടെ മാത്രമേ കഴി യൂ. ഭാഷണത്തിലൂടെ ആത്മപ്രകാശനം ചെയ്യുമ്പോൾ ആത്മവത്തയി ലൂടെ ജീവത്തായ ഭാഷണം നടത്തുകയാണ് കഥാപാത്രം. അപ്പോൾ പറയുന്ന കാര്യങ്ങളുടെ നിയന്താവും അധീശനും വിധികർത്താവും ആയി ആ നായകപാത്രം മാറുന്നു. ആത്മഭാഷണം ജീവത്തായി മാറു മ്പോൾ ഭാഷകൻ സ്വയം അവതരിക്കുകയാണ്. അതിനാൽ അങ്ങനെ യുള്ള വാങ്മയഘടനയെ അപഗ്രഥിക്കുന്നത് എഴുത്തുകാരന്റെയും നായകന്റെയും മനോമണ്ഡലങ്ങളിലേക്കും അഗാധമായ ജീവിതദർശ നങ്ങളിലേക്കും വാതിലുകൾ തുറക്കുന്നതിന് സഹായകമാണ്.

'നളചരിതം' ഒന്നാം ദിവസത്തെ കഥയിൽ നൈഷധരാജധാനി യിലേക്കു വരുന്ന നാരദനെ വന്ദിച്ച് അദ്ദേഹത്തോട് കുശലം ചോദി ക്കവേ നാരദമുനി വ്യക്തമാക്കുന്നു:

"നാഴിക തികച്ചൊരുനാൾ വാഴുവേനല്ലൊരേടത്തും
ഏഷണയ്ക്കു നടപ്പേൻ ഞാൻ ഏഴുരണ്ടു ലോകത്തിലും"
എന്ന്.

എല്ലായിടത്തും ഏഷണ (Desire) വർധിപ്പിച്ച് മോഹം ഉദിപ്പി ക്കുകയാണ് ലക്ഷ്യം. മഹാരാജാവിൽ മോഹഭരമായി ഏഷണ ഉദിപ്പി ക്കുന്ന തരത്തിലാണ് നാരദമുനി ദമയന്തി എന്ന "കന്യകാരത്ന"ത്തെ അവതരിപ്പിക്കുന്നത്. കൂടാതെ "പാഴാക്കീടൊല്ലാ നീ ജന്മം, ഊഴിതൻ നായകനാം നീ" എന്ന് നാരദൻ താക്കീത് നൽകുകയും ചെയ്യുന്നു. അതുകേട്ട് താൻ ധർമ്മലോപം ചെയ്തുവോ എന്ന് പരിഭ്രാന്തനാകുന്ന

നളനോട് മനസ്സിൽ കാമനാവ്യാപാരം ഉദ്ദീപിപ്പിക്കുന്ന തരത്തിൽ അത്ഭുതകരമാം വണ്ണം ആണ് ദേവന്മാർക്ക് പോലും അവളിൽ മോഹം എന്നറിയിക്കുന്നത്. അപ്പോൾത്തന്നെ ദമയന്തിയിൽ സക്തമായ ചിത്തം ഉള്ളവനായി രാജാവ് മാറുകയാണ്.

'നളചരിതം' ഒന്നാം ദിവസത്തെ കഥയിൽ രണ്ടാം രംഗത്തിൽ തുടർന്ന് കാണുന്നത് ദമയന്തിയിൽ ആസക്തനായ നളമഹാരാജാവിന്റെ ഒന്നാമത്തെ ആത്മഗതമാണ് :

"കുണ്ഡിനനായക നന്ദിനിക്കൊത്തൊരു
പെണ്ണില്ല മന്നിലെന്നു കേട്ടുമുന്നേ
അനുദിനമവൾ തന്നിലനുരാഗം വളരുന്നു
അനുചിതമല്ലെന്നിന്നു മുനിവചനേനമന്യേ
.........................................................................
.........................................................................
മുദിരതതി കബരീ പരിചയ പദവിയോ
വിജനേ വസതിയോ മേ ഗതിയിനി രണ്ടിലൊന്നേ"

ഈ ഒന്നാമത്തെ വിചാരപദത്തിൽ നളന് ദമയന്തിയോടുള്ള മദന പാരവശ്യം പ്രത്യക്ഷമാണ്. അനുദിനമവൾ തന്നിലനുരാഗം വളരുന്നു. അങ്ങനെ വരുന്നത് ധർമ്മവിരുദ്ധം ആവുകയില്ലേ എന്ന് സംശയിക്കുന്ന ഒരു പച്ച മനുഷ്യനെയും ഇവിടെ കണ്ടെത്താം. അതായത് പെട്ടെന്നു തന്നെ തന്റെ വിചാരങ്ങൾ മാറി മറിയുന്നു. ദമയന്തിയോട് സക്തചിത്തനായത് തെറ്റാണോ ശരിയായ നിലപാടാണോ എന്ന സംശയം പൊടുന്നനെ മാറുകയും ചെയ്യുന്നു.

"അനുദിനമവൾ തന്നിലനുരാഗം വളരുന്നു
അനുചിതമല്ലെന്നിന്നു മുനി വചനേന മന്യേ"

അത് അനുചിതമല്ലെന്ന് മുനിതന്നെ പറഞ്ഞു കഴിഞ്ഞതാണല്ലോ എന്ന് സമാധാനിക്കുന്നിടത്ത് രാജാവിനെ അല്ല കാണുന്നത്. കൃത്യചതുരത പോയി എന്നു പറയുന്നതും രാജാവിനെ സംബന്ധിച്ചിടത്തോളം അക്ഷന്തവ്യമായി വരാവുന്ന കുറ്റവുമാണ്.

മദനപരവശത അറിയാതെ വെളിപ്പെടുത്തുന്ന നളവിചാരം മനുഷ്യമനസ്സിലെ ജന്മവാസനകളുടെ ആകരമായ 'ഇദി'ൽ നിന്നും വരുന്നതുതന്നെ. അതേസമയം അത് ധർമ്മവിരുദ്ധമാകുമോ എന്ന ആശങ്ക താൻതന്നെ പ്രകടിപ്പിക്കുമ്പോൾ മനുഷ്യമനസ്സിലെ 'ഈഗോ'യുടെ സാന്നിധ്യം പ്രകടമാവുകയും 'ഈഗോ'യുടെ ഇടപെടലിൽ സംസ്കൃതചിത്തനായ നളന്റെ ഉള്ളകങ്ങൾ കാണാനാവുകയും ചെയ്യുന്നു. 'ഇദി'നെയും 'ഈഗോ'യെയും കുറിക്കുന്ന ഫ്രോയ്ഡിയൻസങ്കല്പങ്ങൾ നാടകീയസംഘർഷത്തിന്റെ രൂപത്തിൽ നളവിചാരങ്ങളായി മാറുന്നു.

മനുഷ്യകാമനകളുടെയെല്ലാം മൂലാധാരമാണ് 'ഇദ്' (id). നൈസർഗ്ഗികവികാരങ്ങളുടെയും പ്രാകൃതചോദനകളുടെയും ഊർജ്ജകേന്ദ്രമാണ്. ത്രിഗുണാത്മകമായ മനുഷ്യപ്രകൃതിയിൽ തമോഗുണങ്ങൾ അധികരിച്ചു നിൽക്കുന്ന മനോമണ്ഡലമാണ് 'ഇദ്'. മൂല്യങ്ങളും നന്മതിന്മകളും സദാചാരവും വിവേചിക്കാത്ത യുക്തിരഹിതമായ മനോമണ്ഡലമാണ് 'ഇദി'ന്റേത്.[1] എന്നാൽ 'ഈഗോ' യുക്തിക്കും ജാഗ്രതയ്ക്കും വേണ്ടിയാണ് നിലകൊള്ളുന്നത്.

"മുദിരതതി കബരീ പരിചയ പദവിയോ
വിജനേ വസതിയോ മേ ഗതിയിനി രണ്ടിലൊന്നേ"

കൃത്യചതുരപോയ അദ്ദേഹം ചിന്തിക്കുന്നത്, ദമയന്തിയുടെ കബരീപരിചയപദവിയിലേക്ക് താൻ ഉയർത്തപ്പെടുമോ അതോ വിജനവാസം ആണോ ഗതി എന്നാണ്. ഈ രണ്ടു കാര്യങ്ങളിൽ ഏതെങ്കിലും ഒരു കാര്യം തീർച്ചയായും സാധിക്കണം, എങ്കിൽ മാത്രമേ തനിക്ക് സന്തുഷ്ടിയും മനഃശാന്തിയും പൂർണമായി കൈവരുകയുള്ളു എന്ന മനോഭാവമാണ് നളന് ഉള്ളത്. തന്റെ ആഗ്രഹപൂർത്തീകരണത്തിനായി പരിശ്രമിക്കുന്ന മനോവിചാരങ്ങളാണ് ഇവിടെ നളനിൽ കാണുന്നത്. രാജാവായ നളന്റെ മനസ്സിൽ കാമനാവ്യാപാരം ഉദ്ദീപിപ്പിക്കുന്ന തരത്തിൽ വിധുമുഖിയുടെ രൂപമധുരതയെ മോഹഭരമായി അവതരിപ്പിക്കുവാൻ – അഭിലാഷം ജനിപ്പിക്കുവാൻ – നാരദമുനിയുടെ വാക്കുകൾക്ക് കഴിഞ്ഞു. പിന്നീടുള്ള നളന്റെ സ്വപ്നമായി 'ആ വിധുമുഖി' കടന്നുവരുന്നു. ജാഗ്രത്തിലുള്ള – ഉണർച്ചയിലുള്ള – സ്വപ്നം കൂടിയായി ദമ

യന്തി പരിണമിക്കുന്നു. അതിനുശേഷം ഉദ്യാനവസതിയിൽ പോയി വിശ്രമിക്കുവാൻ ആഗ്രഹിച്ചിട്ട് മന്ത്രിയെ രാജ്യഭരണച്ചുമതലകൾ ഏൽപ്പിക്കുന്നു. ("സചിവേ വിനിയോജ്യ രാജ്യഭാരം, വിജനേ പുഷ്പ വനേ തതാനവാസം"–'നളചരിതം' ആട്ടക്കഥ ഒന്നാം ദിവസം). രാജാ വായിരുന്നാലും ജന്മവാസനയാൽ മോഹഭരിതനാകുന്ന രാജാവിനു ള്ളിലെ മാനവഹൃദയത്തെ ഉണ്ണായിവാര്യർ ചൂണ്ടിക്കാട്ടുന്ന ഈ ആത്മ ഗതത്തിലൂടെ കണ്ടെത്താം. ആഗ്രഹസാഫല്യം (Wishfulfillment) ഉണ്ടാ യാൽ മാത്രം സായുജ്യമടയുന്ന മനോനിലയുള്ളവനായി നളമഹാരാ ജാവിനെ ഈ വിചാരപദം അവതരിപ്പിച്ചിരിക്കുന്നു.

ഉദ്യാനത്തിലെത്തിയപ്പോൾ അതിരുചികരമായ കുസുമസൗരഭം വഹിച്ചുകൊണ്ട് വരുന്ന മന്ദാനിലൻ തന്റെ ദേഹത്തെ ആശ്ലേഷിക്കു മ്പോൾ കാമപാരവശ്യം പൂണ്ട തനിക്ക് ആ ഗന്ധവാഹിസ്പർശം ആളി പ്പടരുന്ന അഗ്നികുണ്ഡത്തിൽ നിൽക്കുന്നതുപോലെയാണ് അനുഭവ പ്പെടുന്നത് എന്ന് അറിയിക്കുന്നു.

നിഷധരാജധാനിയിൽ വച്ചുള്ള രണ്ടാമത്തെ ആത്മഗതം ശ്രദ്ധി ക്കാം:

"നിർജ്ജനമെന്നതേയുള്ളൂ
നിശ്ചയമുദ്യാനത്തിൽ
ഇജ്ജനത്തോടു പെരിക വൈരമായ്
വന്നിതീശ്വരനും മിത്ധഷകേതനനും
ഈ ക്ഷണയുഗത്തിനു രൂക്ഷവേദനകളു
ണ്ടാക്കുവാനതിതരാം ദാക്ഷ്യമുള്ളവകളെ
സാക്ഷാദധുനാ ഇന്നു വീക്ഷേ വിധിനാഹരി
.............................................................................................
യോധഭൂമിയും മിരഹി ഭീതിസ്ഥലമേയിതു
.............................................................................................
കൈക്കൽ വരുന്നാകിൽ നന്നെത്രയും ചിത്രതരംഗനിവൻ".

'വാചം യമോ മുനിഃ' – വാക്കുകളെ നിയന്ത്രണത്തോടെ ഉപ യോഗിക്കുന്നവനായ – നാരദമാമുനിയുടെ വചനം കേട്ടാണ് തനിക്ക്

ദമയന്തിയോടുള്ള അഭിലാഷം വർധിക്കുന്നത് എന്ന് നളൻ തിരിച്ചറിയുന്നു. മുനിവചനം കേട്ടുണ്ടായ മന്മഥ ആധി മൂലം മന്ത്രിമാരിൽ പ്രധാനിയെ രാജ്യഭാരം ഏല്പ്പിച്ചിട്ട് ഉദ്യാനത്തിൽ എത്തുന്ന നളന്റെ ആത്മഗതം ഇപ്രകാരമാണ്:

"ആരുമറിയരുതെന്നംഗജ സങ്കടമെന്നധിയാ

ആരാമം പുക്കേനിമം"-എന്നു വ്യക്തമാക്കുന്നതിൽ നിന്നും ആ അവസ്ഥയ്ക്കു കാരണം "മന്മഥതാപഗോപനം" ആണെന്നു വ്യക്തം. പക്ഷേ, നളൻ തേടിയ സ്ഥാനം ഒരു തരത്തിൽ ആശ്വാസഹേതുകവും മറ്റൊരു തരത്തിൽ വിരഹതാപോദ്ദീപകവും ആണെന്നു സൂചിതമായിരിക്കുന്നു. ഇപ്രകാരം ഒരവസ്ഥാവിശേഷത്തിന് ഏകഹേതു മന്മഥനാണ് എന്ന് നളൻ ചിന്തിക്കുന്നു.

സുന്ദരവസ്തുക്കൾ വിപരീതഫലമുണ്ടാക്കുന്നത് വിരഹിയുടെ അന്തരംഗത്തിലാണ്. രതി അഥവാ കാമം മനുഷ്യവർഗ്ഗത്തിലങ്ങോളമിങ്ങോളം കാണുന്ന ജന്മവാസനയാണ്. നാരദനാൽ മോഹം ജനിപ്പിക്കപ്പെട്ട നളനിൽ രതിഭാവം വർധിതവീര്യമാർജിക്കുന്നു. അത് അഭിലാഷസഫലീകരണത്തിനായി ഉദ്യമിക്കുന്നു. ഈ ആഗ്രഹസഫലീകരണതത്ത്വം (Pleasure Principle) ഫ്രോയ്ഡിയൻ മനഃശാസ്ത്രചിന്തയുടെ ഭാഗമാണ്. ഇവിടെ 'ഈഗോ' സ്വാഭാവികമായുണരുകയും യാഥാർത്ഥ്യബോധമാർജ്ജിക്കുകയും ചെയ്യേണ്ടതാണ്. ഫ്രോയ്ഡിയൻ ഭാഷയിൽ അതാണ് യാഥാർത്ഥ്യതത്ത്വം (Reality Principle). എന്നാൽ യാഥാർത്ഥ്യബോധത്തിലേക്ക് ഉയരാൻ നളനു സാധിക്കുന്നില്ല. കാരണം ജന്മവാസനയുടെ വിജയം തന്നെ. രാജ്യഭാരം രാജാവിന്റെ കർമ്മമാണ്. പുഷ്പവനത്തിന്റെ വിജനതയിലല്ല, രാജധർമ്മത്തിന്റെ തിടുക്കങ്ങളിലാണ് രാജാവ് മുഴുകേണ്ടത്. സ്വധർമ്മം മന്ത്രിയെ ഏല്പിക്കുന്നിടത്തുതന്നെ നളൻ ജന്മവാസനാസഞ്ചയത്തിൽ അമർന്നു പോകുകയാണ്. അതിനാൽ പക്ഷിമൃഗാദികളുടെയും വൃക്ഷലതാദികളുടെയും നിവാസഭൂമി നളമാനസത്തിലെ അസംതൃപ്തചോദനകളുടെ രംഗഭൂമിയായി മാറുകയാണ്.

നളന്റെ ആത്മഗതം അഥവാ നളന്റെ വചനത്തിലൂടെ ഗ്രന്ഥകർത്താവിന്റെ മനോമണ്ഡലത്തിലേക്കും കവാടം തുറന്നു തരുന്ന

താക്കോൽ ആയി വിചാരപദങ്ങൾ മാറുന്നു. മന്മഥതാപഗോപനത്തി നായി കഠിനശ്രമം നടത്തുന്ന നായകനെയാണ് കവി ഇവിടെ കാട്ടിത്ത രുന്നത്. ജീവിതാനുഭവവൈചിത്ര്യമാണ് നളകഥയുടെ ജീവൻ. പക്ഷേ ജീവിതത്തിന്റെ സാമാന്യാനുഭവത്തെ സവിശേഷമായ ലോകാനുഭവ മാക്കി ഉയർത്തുകയായിരുന്നു ഉണ്ണായിവാര്യർ. തുടക്കത്തിലുള്ള പര സ്പരാനുരാഗോദയത്തിന്റെ ആദ്യനിമിഷങ്ങളിൽ നിന്നും ഓരോ ജീവി തസന്ദർഭത്തിലുംവച്ച് ആ പ്രണയത്തെ കൂടുതൽ അഗാധമാക്കുന്നു. ഒപ്പം അത് ലോകജീവിതത്തിന്റെ ഭാഗധേയവുമായി സമാന്തരപ്പെടു കയും ചെയ്യുന്നു. എഴുത്തുകാരന്റെ ജീവിതബോധം മനുഷ്യമനസ്സിന്റെ അഗാധതകളറിയുന്നതിന്റെ തെളിവുകൂടിയാണ്. എക്കാലത്തും എവി ടെയും ഉള്ള മനുഷ്യന്റെ മാനസികജീവിതത്തിന്റെയും ചിന്താസഞ്ചാ രത്തിന്റെയും നിയാമകം മനുഷ്യന്റെ ജന്മവാസനകൾ (Instincts) ആണ്. “ഏകതാനമായ പ്രകടനരീതികളോടെ ഒരു ജീവിവർഗ്ഗത്തിൽ സാർവ്വ ത്രികമായി കാണപ്പെടുന്ന പാരമ്പര്യസിദ്ധവും അനഭ്യസ്തവുമായ സ്വഭാവശ്രേണികളാണ് സഹജവാസനകൾ” എന്ന് മനഃശാസ്ത്രം നിർവ ചിക്കുന്നു.[2]

മനുഷ്യനിൽ കാണുന്ന പ്രബലവികാരങ്ങളായി വില്യം ജെയിം സും അബോധപൂർവ്വമായ മാനസികപ്രതിഭാസത്തിന്റെ ഊർജ്ജമായി ശരീരത്തിൽ നിന്നുത്ഭവിക്കുന്ന സ്ഥിരം പ്രേരണകളുടെ മാനസികപ്രതി ഫലനങ്ങളായി സി.ജി.യുങ്ങും (C.J.Jung) ജന്മവാസനകളെ വിലയിരു ത്തിയിട്ടുണ്ട്. വിവിധ മാനദണ്ഡങ്ങളിൽ വ്യത്യസ്ത എണ്ണങ്ങളായി ജന്മവാസനകളെ മനഃശാസ്ത്രം നിരീക്ഷിച്ചിട്ടുണ്ട്. സഹജവാസനകളെ വഴിതിരിച്ചും അമർത്തിവച്ചും അതിജീവിക്കുന്ന അവസ്ഥയാണ് ഫ്രോയ്ഡിയൻ മനഃശാസ്ത്രത്തിലെ ദമനം (Repression). ജന്മവാസ നയാൽ പ്രേരിതമായി അഭിലാഷം ഉണ്ടായപ്പോൾ അതിനെ തന്റേ തായ മാർഗ്ഗത്തിൽ അതിജീവിക്കാൻ പരിശ്രമിക്കുമ്പോഴുള്ള സംഘർഷ മാണ് നൈഷധ ഉദ്യാനത്തിൽ വച്ചുള്ള വിചാരപദങ്ങളുടെ കാതൽ. കൂടാതെ സമൂഹമനസ്സിലേക്കു തുറക്കുന്ന കവാടമായും ഇതിനെ കാണാം. വ്യക്തിയുടെ അനുഭൂതി സീമയിൽ വരുന്ന അർത്ഥപ്രപഞ്ചം അവനിൽ മാത്രം തുടങ്ങുന്നതോ ഒടുങ്ങുന്നതോ അല്ല. അർത്ഥയു ക്തമായ ഭാഷ എന്ന സമൂഹ ഉത്പന്നത്തെയാണ് ആത്മഗതത്തിലൂടെ

കവി അനാവൃതമാക്കുന്നത്. ബോധപൂർവ്വമായ ഇച്ഛയുടെയും ചിന്തയുടെയും ഉത്പന്നമായി മാത്രം ഇവിടെ നായകന്റെ ആത്മഗതത്തെ കാണാനാവില്ല.

“വാക്കുകളുടെയും പ്രവൃത്തികളുടെയും മുഴുവൻ അർത്ഥം നിയമിക്കുന്നത് ബോധമനസ്സല്ല” എന്ന് ഫ്രോയ്ഡ് അഭിപ്രായപ്പെട്ടിട്ടുള്ളത് ഓർക്കാം.[3] മനസ്സ് തീവ്രവികാരം കൊണ്ട് മഥിക്കപ്പെടുമ്പോൾ ബോധമനസ്സിലെ പ്രകടിതഭാവങ്ങൾക്കപ്പുറമായി അബോധമനസ്സ് മുന്നോട്ടുവരുന്നു. അബോധമനസ്സിന്റെ ഉത്പന്നമായ ഭാഷണം (ആത്മഭാഷണം) ആന്തരസൗന്ദര്യത്തിലേക്ക് പ്രേക്ഷകരെ ആകർഷിക്കുന്നു.

രണ്ടാമത്തെ ആത്മഗത്തിൽ ഉദ്യാനത്തിൽ എത്തിയിട്ടും ആ മനസ്സ് ആശ്വാസം കണ്ടെത്താനാകാതെ ഇരിക്കുന്നതായി കാണുന്നു. വിശ്രമിക്കാനെത്തിയ ഉദ്യാനത്തിന്റെ ഗുണം നിർജ്ജനം എന്നതേയുള്ളു. പക്ഷേ ഉത്കടമായ വിരഹതാപത്തിന് ശമനം അവിടെ ഇല്ല എന്നു കണ്ടെത്തുന്നു. അപ്പോൾ തന്നോട് ഈശ്വരനും കാമദേവനും ഒരുപോലെ വൈരം തോന്നിയതിനാലാണോ താൻ ഈ അവസ്ഥയിൽ എത്തിച്ചേർന്നതെന്നു സംശയിക്കുന്നു.

ഉദ്യാനത്തിൽ കാഴ്ചക്കു വിഷയമാകുന്നതെല്ലാം അവളെക്കുറിച്ചുള്ള ഓർമ്മകൾ ഉണർത്തുന്നു. പക്ഷേ അവളെ കാണാനും ഇല്ല. കാമദേവൻ വൈരമാർന്ന് തന്നോട് പൊരുതുവാൻ സകല സന്നാഹങ്ങളോടും കൂടി ഉദ്യാനത്തിൽ പാളയമടിച്ചു പാർക്കുന്നതായി നളനു തോന്നുന്നു. പൊയ്കയുടെ തീരത്തുള്ള വൃക്ഷങ്ങൾ പടകുടീരങ്ങളായി തോന്നുന്നു. പൂക്കളാകുന്ന ശസ്ത്രങ്ങളുടെ ദീപ്തിയും കുയിലിന്റെ ശബ്ദമാകുന്ന വാദ്യഘോഷവും ആ മനസ്സിനെ ഇളക്കുന്നു.

സൗകുമാര്യം തോന്നുന്ന കാര്യങ്ങളിൽ നായകന് ഇവിടെ അനുഭവപ്പെടുന്നത് വിപരീതലക്ഷണങ്ങളാണ്. അബോധമായ ബോധപ്രവാഹത്തിലൂടെയുള്ള ചിന്തകളാണ് ഇവിടെ നായകനിൽ വെളിപ്പെടുന്നത്. വൃക്ഷങ്ങൾ-പടകുടീരമായും മാർദ്ദവങ്ങളായ പൂക്കൾ മുറിവേല്പിക്കുന്ന ആയുധങ്ങളായും തോന്നുന്നു. സൗകുമാര്യം തോന്നേണ്ട കാര്യങ്ങളിൽ വിപരീതദിശയിലുള്ള താദാത്മ്യമാണ് മനസ്സിൽ നടക്കു

ന്നത്. കാമോദ്ദീപകങ്ങളായ കാര്യങ്ങളിൽ വിപ്രലംഭശൃംഗാരാവസ്ഥ യിലുള്ള നായകന് സ്വാഭാവികമായി സുകുമാരത തോന്നേണ്ട വസ്തു ക്കളിൽപ്പോലും അപ്രകാരം തോന്നുന്നില്ല. മറിച്ച് തന്നെ ആക്രമിക്കു ന്നതിനും മനസ്സിന്റെ സ്വസ്ഥത നശിപ്പിക്കുന്നതിനുമായി ഉതകുന്ന പരി തസ്ഥിതികളെയാണ് നായകൻ ഇവിടെ കണ്ടെത്തുന്നത്. അങ്ങനെ ദർശനകഠോരങ്ങളും കർണകഠോരങ്ങളും ആയ കാര്യങ്ങളിൽ വ്യാപ രിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഹംസം ശ്രദ്ധയിൽപ്പെടുന്നത്. പൊൻനി റത്തിലുള്ള അന്നത്തിന്റെ വിസ്മയനീയതകൊണ്ട് അതിൽ ദർശനാ ഭിലാഷവും ഉണ്ടായിരിക്കുന്നു. നളന്റെ ഇതേ അഭിലാഷം തന്നെയാണ് പിന്നീട് കുണ്ഡിനപുരിയിൽ എത്തിയ ഹംസത്തെ കണ്ട ദമയന്തിയും ചിന്തിക്കുന്നത്. "കൈക്കൽ കിട്ടുകിൽ നന്നായിരുന്നു കേളി ചെയ്യാൻ" എന്ന് ദമയന്തിയും ചിന്തിക്കുന്നു (ഉണ്ണായിവാര്യർ, നളചരിതം ആട്ട കഥ, ഒന്നാം ദിവസം രംഗം 3, പദം 13, ചരണം 3).

"വിധി കല്പിതാനുരോധേന
ജനചിത്തം പ്രവർത്തിക്കുന്നു"

എന്നുള്ള തത്വത്തിന് ഉദാഹരണമാണ് നളന്റെ ഹംസഗ്രഹണാഭിലാഷം എന്ന് ശ്രീഹർഷൻ 'നൈഷധീയചരിത'ത്തിലും വർണിച്ചിട്ടുണ്ട്.[4]

നളന്റെ ദമയന്തീലബ്ധിക്ക് അനുകൂലഘടകമായി വർത്തിക്കുന്ന കാര്യമാണ് ഹംസദർശനകൗതുകം.

നളവിചാരങ്ങളിൽ ഏറ്റവും ഉള്ളുരുക്കം അനുഭവിപ്പിക്കുന്ന വിചാ രപദമാണ് രണ്ടാം ദിവസം രംഗം ഒമ്പതിലെ മൂന്നാമതായുള്ള ആത്മ ഗതം.

"എന്തു പോൽ ഞാനിന്നു ചെയ്‌വേൻ?
ബന്ധമോ മേ വൈരികളായ്
അന്തക വൈരി പാദചിന്തനം കുറക്കയോ
ബന്ധമെന്തെനിക്കേവം സന്താപം വരുവാൻ
പുഷ്ക്കരനു ലഭിച്ചു പുരവും ജനപദവും
പുഷ്കലമാധിപത്യം, പുതിയ വിഭൂതികളും
........................................................................
മൃത്യു വൈരി ഭക്തി മാഞ്ഞുപോയിതോ.

വിചാരങ്ങളുടെയും തത്ത്വചിന്തയുടെയും മാതാവ് പരാജയമാണെന്നൊരു പക്ഷമുണ്ട്. തന്റെ പരാക്രമംകൊണ്ട് നേടിയെടുത്തതെല്ലാം നഷ്ടപ്പെട്ട് സത്യലംഘനം ഭയന്ന് വസ്ത്രം മാത്രമുടുത്ത് ഭൈമീസമേതനായ നളൻ പുത്രന്മാരാൽ അകന്ന് വിശപ്പും ദാഹവും അപമാനവും കൊണ്ട് പീഡിതനായ നളൻ ആണ് ഈ രംഗത്തിലുള്ളത്. സ്വയം വിശകലനത്തിനുള്ള സന്ദിഗ്ധമുഹൂർത്തം ഇവിടെ കാണാം. നളന്റെ അന്തരംഗം മാനുഷികതയോട് താദാത്മ്യം പ്രാപിക്കുന്നത് ഈ ആത്മഗതത്തിൽ വ്യക്തമാകുന്നുണ്ട്. നളന്റെ സ്വത്വസംഘർഷമാണ് ഈ വിചാരപദത്തിന്റെ കാതൽ. തന്റെ പരാജയത്തിന്റെ പിന്നിൽ പുഷ്ക്കരന്റെ അധർമ്മവഴികളാണോ? അതോ രതിലാലസതയോ? ആ രതിലാലസയിൽ ഇല്ലാതെ പോയ അന്തകവൈരിപാദചിന്തനമോ? ഇതിലേതു തന്നെയായാലും ദുർവിധി അപരിഹാര്യം തന്നെയെന്നു നളനു തോന്നുന്നു. തന്റെതന്നെ പ്രവൃത്തിദുരന്തങ്ങളിൽ ഇരയായി തന്റെ പത്നിയും ഉണ്ടെന്നുള്ളത് സങ്കടങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്യുന്നു. പതനങ്ങളിൽ നിന്നുള്ള ഈ ആത്മഭാഷണം മനഃശാസ്ത്രത്തിന്റെ ഭാഷയിൽ സ്വയം നിർണ്ണയത്തിന്റെ മുഹൂർത്തങ്ങളാണ്. സ്വയം ശസ്ത്രക്രിയ ചെയ്ത് വിലയിരുത്തുന്ന മുഹൂർത്തം സ്വാപമാനം (Self abasement) എന്ന ജന്മവാസനയുടെ ഭാഗം തന്നെയാണെന്ന് മനഃശാസ്ത്രം പറയുന്നു. ഇവിടെ ജന്മവാസനകൾക്കുമേൽ അഹം വിജയം നേടുന്നതു കാണാം. അതേസമയം അത്യഹഹത്തിന്റെ (Super Ego) ഇടപെടലും കാണുന്നു. എല്ലാം തന്റെ കുറ്റമാണെന്ന വിലയിരുത്തൽ അഹം നടത്തുന്നു. സത്യലംഘനം, ദൈവചിന്തനത്തിന്റെ അഭാവം എന്നിവ ഇതിന്റെ കാരണങ്ങളായി. നളൻ നിരീക്ഷിക്കുമ്പോൾ അദ്ദേഹത്തിന്റെ ചിന്തയിൽ അത്യഹത്തിന്റെ അഥവാ ധാർമ്മികചിന്തയുടെ തിരനോട്ടവും പ്രത്യക്ഷമാകുന്നു.

ക്രിയാജടിലമായ മനുഷ്യജീവിതത്തിൽ ഓരോ വ്യക്തിയുടെയും വിചിത്രസ്വഭാവമാർന്ന കർമ്മങ്ങൾക്കാധാരം സഹജവാസനകളാണ്. ഫ്രോയ്ഡിയൻ നിർവ്വചനം അനുസരിച്ച് മനുഷ്യന്റെ കർമ്മങ്ങളിൽ ഏറിയപങ്കും ലൈംഗികവാസനയുടെ പരിധിയിൽപ്പെടുന്നു. ലൈംഗികവാസനയോടൊപ്പം ജീവിതത്വരയുടെ ഭാഗമായുള്ള വാസനകളിൽ

പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് സ്വയം അപമാനത്തിനുള്ള വാസന. ദോഷകരമായ സ്വത്വബോധം (Negative Self feeling) ആണ് സ്വയം അപമാനം എന്ന വാസനയ്ക്ക് പിന്നിലുള്ള വികാരം.

കലിബാധയാൽ ബുദ്ധികെട്ടുപോയെങ്കിലും സത്യലംഘനം വരുമോ എന്നു ഭയപ്പെട്ട് ഉടുത്തിരുന്ന വസ്ത്രമല്ലാതെ മറ്റൊന്നും ധരിക്കാതെ ഒരക്ഷരം മിണ്ടാൻ സാധിക്കാതെ, രാജധാനിയിൽ നിന്നും പുറപ്പെട്ടു പോകേണ്ടിവന്ന വ്യഥയിലാണ് ഈ ആത്മഗതം നടത്തുന്നത്. ദാഹത്തിനും വിശപ്പിനും പുറമേ വരുത്തിവച്ച് അപമാനം കൊണ്ട് നളൻ വളരെ വിവശനാണ്.

നളന് ഏകവസ്ത്രനായി അലയേണ്ടിവന്നത് കലിബാധ കൊണ്ടാണ്. തനിക്ക് ഈ അനുഭവങ്ങളൊക്കെ എന്തുകൊണ്ടാണ് ഉണ്ടാകുന്നതെന്ന് നളൻ അപ്പോൾ അറിയുന്നില്ല. പകരം ഈശ്വരചിന്ത കുറഞ്ഞതുകൊണ്ടാണോ തനിക്കീ നിലവന്നതെന്ന് നളൻ സംശയിക്കുന്നു. പുഷ്ക്കരനു ലഭിച്ചു ജനപദവും പുരവും എന്ന ഭാഗത്ത് ക്രോധാകുലനായി, പുഷ്ക്കരനെ അങ്ങനെ കുറ്റപ്പെടുത്തുന്നതു ശരിയാണോ? ഈ ആപത്തുകൾക്കൊക്കെ ഉത്തരവാദി താൻ തന്നെയല്ലേ എന്നു നളൻ സംശയിക്കുന്നുണ്ട്. അതിരുകടന്ന രതിലാലസതകൊണ്ട് വേണ്ടവിധം ശിവപദാർച്ചനം ചെയ്യുന്ന കാര്യത്തിൽ വീഴ്ചകൾ പറ്റിപ്പോയിട്ടുണ്ടെന്നു നളൻ സമ്മതിക്കുകയാണീ ആത്മഗതത്തിൽ.

“സാത്വികം, രാജസം, താമസം എന്നീ ‘ത്രിഗുണ’ങ്ങളിൽ രാജസം, താമസം എന്നീ രണ്ടു ഗുണങ്ങളും ദോഷമാണ്. അതിനെ ഒഴിവാക്കണം. സാത്വികമാർഗത്തിൽ പ്രവേശിച്ച് ആത്മാവ്, ആത്മാവിനെ ദർശിക്കണം. ജലത്തിൽ താമരയില പോലെ നിന്നാലും വെള്ളം ഒട്ടിപ്പിടിക്കാതിരിക്കണം. മനസ്സ് ആത്മാവിലാക്കി മോഹിപ്പിക്കുന്ന ഈർഷ്യ വിട്ട് കാമവും മോഹവും ആര് വിടുന്നുവോ അപ്പോൾ അവൻ ബ്രഹ്മത്വം പ്രാപിക്കും. കേൾക്കുന്നതിലും കാണുന്നതിലും സർവ്വഭൂതത്തിലും ഒപ്പം നിർദ്വന്ദ്വനായവൻ അപ്പോൾ ബ്രഹ്മമായി ഭവിക്കും. സ്തുതിയും നിന്ദയും തുല്യമായി ആരു കാണുന്നുവോ അവൻ അപ്പോൾ ബ്രഹ്മ ബ്രഹ്മമായി ഭവിക്കും. ഇരുമ്പും സ്വർണവും സുഖവും ദുഃഖവും തണു

പ്പുംചൂടും അർത്ഥവും അനർത്ഥവും പ്രിയവും അപ്രിയവും ജീവിതവും മരണവും ഇവയാണ് ദ്വന്ദ്വങ്ങൾ. ഇവ തുല്യമായി ആരു കാണുന്നുവോ അവൻ ബ്രഹ്മമായി ഭവിക്കുന്നു". (വിദ്വാൻ കെ.പ്രകാശം, വ്യാസമഹാഭാരതം, മഹാഭാരതകഥ, ഗദ്യവിവർത്തനം Vol. 5 , മോക്ഷധർമ്മപർവ്വം, പുറം 309). എന്നാൽ സാത്വികനായ നളന് ഈ ആത്മഗതം ഉള്ള കഥാസന്ദർഭത്തിൽ ബുദ്ധിയെ കലി ബാധിച്ചയാളാണ്. അതുകൊണ്ടുതന്നെ ഭിന്നദ്വന്ദ്വങ്ങളെ സമഭാവനയോടെ ദർശിക്കാനാവുന്നില്ല. ദമയന്തിയെ സുന്ദരി, സുദതി, സുമുഖി, തന്വി, തരുണി എന്നെല്ലാം വിലാപസ്വരത്തിൽ സംബോധന ചെയ്യുമ്പോഴും "പുഷ്ക്കലമാധിപത്യം പുതിയ വിഭൂതികളും" (ഉണ്ണായിവാര്യർ 'നളചരിതം' ആട്ടക്കഥ രണ്ടാം ദിവസം, രംഗം അഞ്ച്, പദം 13) എന്ന് പറയുമ്പോഴും നളന്റെ ഉള്ള് ഉരുകുകയാണ്. ഇവിടെ നളൻ എന്ന രാജാവിൽ യഥാർത്ഥമാനവനെയാണ് ഉണ്ണായിവാര്യർ അവതരിപ്പിച്ചത്.

ബുദ്ധിയെ കലി ബാധിച്ചതുകൊണ്ടുതന്നെ സമചിത്തതയോടെ ദേവവരങ്ങളെ ഒന്നുംതന്നെ സ്മരിക്കാതെ അഗാധമായ കുറ്റബോധത്തിന് അടിപ്പെടുന്ന മാനവനെയാണ് നളരാജാവിൽ ദർശിക്കുന്നത്. താൻ ഈശ്വരഭജനം നടത്തുന്നതിൽ വീഴ്ച വരുത്തി - രതിലാലസനായി-ജന്മവാസനയ്ക്ക് അടിമയായി ജീവിച്ചു. പുഷ്ക്കരനെ കുറ്റപ്പെടുത്തേണ്ട ആവശ്യം വരുന്നില്ല. താൻ തന്നെയല്ലേ, അഥവാ തന്റെ ചെയ്തികൾ കാരണമല്ലേ തനിക്ക് സർവ്വവിഭൂതികളും നഷ്ടപ്പെടുകയും സർവ്വവിഭൂതികൾക്കും ഉടമയായി പുഷ്ക്കരൻ വാഴുന്നതും എന്ന് അദ്ദേഹം ചിന്തിയ്ക്കുന്നു.

ഈശ്വരന്റെ നേർക്കുപോലും കലിബാധിതനായ നളന് സാത്വികബോധത്തോടെ സമചിത്തതയോടെ നോക്കുവാനാകുന്നില്ല. പരിഭ്രമത്തോടെയാണ് നോക്കുവാനാകുന്നത്. ബൈബിളിലും ഇപ്രകാരം ഈശ്വരൻ മറഞ്ഞിരിക്കുകയാണോ എന്നും അല്പനേരത്തേക്ക് ഈശ്വരൻ തന്റെ മുഖം തനിക്ക് മറച്ചുകളഞ്ഞുവോ എന്നും യേശുദേവൻ ചിന്തിക്കുന്നുണ്ട് - ക്രൂശിൽ ത്യാഗോജ്ജ്വലമായി തന്റെ ജീവിതത്തെ മരണത്തിനായി ആത്മസമർപ്പണം ചെയ്ത വേളയിൽ: സങ്കീർത്തന

ങ്ങൾ 22:1– "എന്റെ ദൈവമേ... നീയെന്നെ കൈവിട്ടതെന്ത്?" എന്ന് മനോഭാരത്തോടെ ആത്മാലാപനം ചെയ്യുന്ന യേശുദേവന്റെ വാക്കുകൾ ഇവിടെ ഓർക്കാം. എന്നാൽ പെട്ടന്നുതന്നെ കാട്ടുപോത്തിന്റെ കൊമ്പുകൾക്കിടയിൽ ഉത്തരമരുളുന്ന ദൈവത്തെ ക്രൂശിൽ വച്ചുതന്നെ യേശുനാഥൻ നമുക്ക് കാണിച്ചുതരുന്നു. കലിബാധിതനായ നളന് ഈശ്വരന്മാരുടെ വരപ്രസാദത്തെക്കുറിച്ച് അറിയാമെങ്കിലും അവയുടെ ഫലപ്രാപ്തിയെക്കുറിച്ച് വിശ്വസിക്കുവാൻ സാധിക്കുന്നില്ല എന്നാണ് കലാമണ്ഡലം കൃഷ്ണൻനായരുടെ അഭിപ്രായം. (കലാമണ്ഡലം കൃഷ്ണൻനായർ, നളചരിതം ആട്ടപ്രകാരം, പുറം 125). ഭ്രാന്തെടുത്തവനെപ്പോലെ നൈഷധൻ ലക്ഷ്യമൊന്നും നിശ്ചയമില്ലാതെ എങ്ങോട്ടോ ഓടിപ്പോകുന്നു. അങ്ങനെ ദമയന്തിയെ വിട്ട് ഓടിമറയുന്ന നളൻ മൂന്നാം ദിവസം രണ്ടാം രംഗത്തെ കഥയിൽ "ഘോരവിപിനത്തിൽ" എത്തിച്ചേരുന്നു.

"ഘോരവിപിനമെന്നാൽ ഏഴും പാര്
ഇതാകിൽ നഗരം നാരിമാരും നവരസങ്ങളും
നയവും ജയവും ഭയവും വ്യയവും
നാടു ഭരിപ്പവരോടു നടപ്പത്
അവടങ്ങൾ സങ്കടങ്ങൾ
അകമേ ദുഷ്ടമൃഗങ്ങൾ
അധികം ഭീകരങ്ങൾ
മനസാവചസാ വിഭിതം ഗദിതം
കാമാദികൾ തന്നെ നിനച്ചാൽ
ഭീമാകൃതിധാരികൾ വൈരികൾ"

നളവിചാരങ്ങളിൽ ഏറെ വിവേകവും നിർവ്വേദവും നിറഞ്ഞ വിചാരപദമാണ് "ഘോരവിപിനം" എന്ന് തുടങ്ങുന്നത്. തുടർച്ചയായ ദുഃഖാനുഭവങ്ങൾ ഒരുവനെ നിർമമനാക്കിത്തീർക്കും; അല്ലെങ്കിൽ തത്ത്വവേദിയാക്കി മാറ്റും. ആ ഘട്ടത്തിൽ ജീവിതത്തെ അയാൾക്ക് നിസ്സംഗതയോടെ സമീപിക്കാനാവും, യാഥാർത്ഥ്യത്തെ തികഞ്ഞ യാഥാർത്ഥ്യബോധത്തോടെയും. വനവും അവനവും നാടും നഗരവും തമ്മിലുള്ള

വൈരുദ്ധ്യാധിഷ്ഠിതബന്ധത്തെ നളവിചാരം സമർത്ഥിക്കുന്നുണ്ട്. ഒപ്പം മനുഷ്യമനസ്സ് എന്ന മഹാകാന്താരത്തെയും മനഃശാസ്ത്രം ഒരു ശാസ്ത്രമായി വികസിച്ച കഴിഞ്ഞ നൂറ്റാണ്ടുകളിലാണ് മനസ്സിലെ ബോധാബോധതലങ്ങളെയും അതിലെ അസംഖ്യമായ വിചാര അനുഭവ ചിന്തകളെക്കുറിച്ചുമുള്ള സൂക്ഷ്മവിശകലനങ്ങൾ ഉണ്ടായത്. ഉണ്ണായിവാര്യരാകട്ടെ ഇതൊരു കാവ്യയാഥാർത്ഥ്യമായി അവതരിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. നളവിചാരങ്ങളിലെ ഭീതികരങ്ങളായ ദുഷ്ടമൃഗങ്ങൾ എന്ന മനസ്സിന്റെ ഇരുണ്ടചിന്തകളും, ഭീമാകൃതിധാരികളായ കാമാദി ഭാവങ്ങളും മനസ്സിന്റെ സങ്കീർണ്ണതകളാണെന്നും ഇവയിൽ കാമം (Lust) ആണ് വൈരിയെന്നും വിവക്ഷിക്കുമ്പോൾ ആധുനിക മനഃശാസ്ത്രത്തോളം പോരുന്ന ഒരു മനസ്സിന്റെ ചിത്രം മഹാകവി ഇവിടെ വരച്ചുകാട്ടുന്നു.

സകലവും നഷ്ടപ്പെട്ട വിരഹത്താലുള്ള നിർവേദം കൊണ്ടുതന്നെ ഭവനത്തിൽ വനത്വത്തേയും വനത്തിൽ ഭവനത്വത്തേയും ആരോപിച്ച് ആത്മഗതം ചെയ്യുന്നു. കുറച്ചു കാലത്തെ വനവാസം കൊണ്ടുതന്നെ നളൻ തത്ത്വചിന്തയാൽ കാട് നാടാണെന്നും നാട് കാടാണെന്നും കണ്ടെത്തുന്നു. ക്ലേശത്തിൽ മാധുര്യം ദർശിച്ചുകൊണ്ടുള്ള നളന്റെ തത്ത്വചിന്ത താത്ക്കാലികമായ മനസ്സിന്റെ അവസ്ഥാന്തരം കൂടിയാണ്. മനുഷ്യമനസ്സ് കാമ, ക്രോധ, ലോഭ, മോഹ, മദ, മാത്സര്യാദികളുടെ ഇരിപ്പിടമാണ്. മനുഷ്യമനസ്സാകുന്ന ദുഷ്ടവന്യമൃഗവാസനകളുടെ വിളനിലയമായ മനോനിലയാണ് ഇവിടെ നളൻ നോക്കിക്കാണുന്നത്. ബാഹ്യമായി കാണുമ്പോൾ കൊട്ടാരസദൃശം. എന്നാൽ ആ നഗരം കാടു തന്നെയാണെന്നും ദുഷ്ടമൃഗവാസനകളുടെ കേദാരമാണ് തന്റെ നഗരം/ മനസ്സ് എന്നും തിരിച്ചറിയുന്നു. ഓരോ മാനവനും സന്തുഷ്ടിയോടെ കാണപ്പെടുന്നു. എന്നാൽ അകമേ ദുഷ്ടമൃഗവാസനയാൽ വെന്തുനീറുന്ന മാനവഹൃദന്തത്തെ ചൂണ്ടിക്കാട്ടുന്നു. "മനുഷ്യൻ സ്വതന്ത്രനാണെന്നു കരുതി ജീവിക്കുമ്പോഴും അബോധപൂർവ്വകമായ ഘടകങ്ങളുടെ പ്രേരണയ്ക്ക് അവൻ വിധേയനാണ്" എന്നാണ് അബോധതലത്തിന്റെ പ്രാധാന്യത്തെ ആദ്യമായി അവതരിപ്പിച്ച ചിന്തകനായ സ്പിനോസ അഭിപ്രായപ്പെടുന്നത്.[5]

ഘോരവിപിനമെന്നാൽ എഴുംപാര് – താൻ എഴുന്നതായ – വസിക്കുന്നതായ ഭൂമിയായിരുന്നു. നൈഷധകൊട്ടാരത്തിലെ വാസം അശാന്തികരമാവാൻ കാരണം അവിടെ അകമേ ദുഷ്ടമൃഗവാസനകളുടെ കളിയാട്ടം നടന്നതുകൊണ്ടാണ് എന്ന് ചിന്തിക്കുകയാണിവിടെ. ഇവിടെ അകം എന്നത് മെരുങ്ങാത്ത വികാരസഞ്ചയം ഉൾക്കൊള്ളുന്ന മനോമണ്ഡലം ആണ് അത്. ലോകപാലകന്മാരെ വിളിച്ച് ഉറക്കെ പ്രാർത്ഥിക്കുകയും അനിയന്ത്രിതമായ "വിധിയന്ത്രത്തിരിപ്പിനെ"ക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നു. അതിനു ശേഷമാണ് ഈ തത്വചിന്തപരമായ ആത്മഗതത്തിനു മുതിരുന്നത്.

നാട്ടിൽ ചക്രവർത്തിയായി വാണിരുന്ന കാലത്ത് അനുഭവിച്ച സുഖഭോഗങ്ങൾ ക്ഷണികവും നശ്വരവുമാണെന്നും ഭാവത്തിൻ പരകോടിയിൽ വന്ന ഈ പരമാനന്ദനിർവൃതിയാണ് 'സത്' എന്നും ഉള്ള ബോധം നളന് ഉണ്ടായി. ഈ നിർവൃതിയുടെ പരമകാഷ്ഠയിലാണ് നളൻ വനത്തേയും നഗരത്തേയും താരതമ്യം ചെയ്യുന്നത്. വാസ്തവത്തിൽ ജനവാസമുള്ള നാട്ടിൻ പുറങ്ങളാണ് ഘോരവനം. ഭവനത്തിന് വനത്തെക്കാൾ മെച്ചമില്ലെന്നും സമർത്ഥിക്കുകയാണ് പിന്നീട് നളൻ ചെയ്യുന്നത്. സ്ത്രീകളും അവരുടെ ശൃംഗാരാദിരസഭരിതങ്ങളായ ചപലചേഷ്ടകളും സാമദാനാദിനയവിശേഷങ്ങളും ജയത്തേയും ഭയത്തേയും ലാഭനഷ്ടങ്ങളെയും സംബന്ധിച്ചുള്ള ചിന്തകളുമെല്ലാം നാടുഭരിക്കുന്നവരെ അലട്ടുന്ന പ്രശ്നങ്ങളാണ്. ഇവയൊന്നും ഈ കാട്ടിൽ വരുന്ന പ്രശ്നമല്ല. "അവടങ്ങൾ സങ്കടങ്ങൾ" എന്ന ചരണത്തിലും കാട്ടിൽ ദുഷ്ടമൃഗങ്ങൾ ഇടതിങ്ങിയ ഭയങ്കരങ്ങളായ ഗുഹകളാണ് എന്നും എന്നാൽ ഇതിനേക്കാൾ ഭയപ്പെടേണ്ടത് നാട്ടിലെ ജീവിതത്തിൽ നമ്മെ എതിർക്കുന്ന കാമം, ക്രോധം, ലോഭം, മദം, മോഹം, മത്സരം എന്നിവയെത്തന്നെയാണ് എന്നും സമർത്ഥിക്കുകയാണിവിടെ. മനുഷ്യന്റെ ഭീമാകാരങ്ങളായ ശത്രുക്കളാണിവ. ഇതൊക്കെ മനസ്സിലുണ്ടാകുന്ന ചിന്തകളാണ്. മനുഷ്യമനസ്സിലെ കാമക്രോധാദികൾ പുറമേ വെളിപ്പെടുത്താതെയിരിക്കാം. എന്നാൽ വന്യമൃഗങ്ങൾ എത്ര ഭേദമാണ്. അവയുടെ ഉള്ളിൽ തോന്നുന്നത് അതേപടി പുറത്തുപ്രകടിപ്പിക്കും.

വനത്തിൽ കിട്ടുന്ന സുഖസൗകര്യങ്ങൾ നഗരജീവിതത്തിൽ ഉള്ള തിൽ ഒട്ടും കുറവല്ലെന്നു നളൻ കണ്ടെത്തുന്നു. ഒരുവേള വനം നഗ രത്തെക്കാൾ കൂടുതൽ വാസയോഗ്യമാണെന്നും വിശ്വസിക്കുന്നു. വന ത്തിലെ മനോഹരപ്രദേശങ്ങൾ ഭംഗിയുള്ള ഭവനങ്ങളുടെയും സഭാമ ണ്ഡപങ്ങളുടെയും സ്ഥാനമാണ് വഹിക്കുന്നത്.

ഭക്ഷ്യപാനീയങ്ങൾ ഇഷ്ടംപോലെ തരുന്ന സ്വച്ഛമായ കാട്ടരുവി അമ്മയെപ്പോലെ വാത്സല്യമസൃണമായി കാത്തു രക്ഷിക്കുന്നു. മഹാ വൃക്ഷങ്ങളാണെങ്കിൽ ഹൃദ്യങ്ങളായ ഫലപുഷ്പാദി വിഭവസമൃദ്ധി ചേർന്ന രാജാക്കന്മാർ തന്നെ. ഇങ്ങനെ ഭൗതികസ്വത്വങ്ങളുടെ ക്ഷണി കതയെയും നിസ്സാതരയേയും മനസ്സിലാക്കി കഴിഞ്ഞപ്പോൾ ഉണ്ടായ നിർവ്വേദം കൊണ്ട് തനിക്കിപ്പോൾ യാതൊരു മനഃക്ലേശവും ഇല്ലെന്ന് നളൻ ആശ്വസിക്കുന്നു.

ഘോരവനത്തിൽ ദുഃഖത്താൽ തപിച്ചപ്പോഴാണ് നളന് ബോധോ ദയം ഉണ്ടാവുന്നത്. ഇവിടെ കാട് എന്നത് മനഃശാസ്ത്രപരമായ അർത്ഥം കൊടുക്കുകയാണെങ്കിൽ മനുഷ്യമനസ്സിന്റെ അകം തന്നെ യാണ്. അവിടെയാണ് ദുഷ്ടമൃഗവാസനകൾ (ദുഷ്ടമൃഗങ്ങൾ) ഉള്ള ത്.

മൂന്നാം ദിവസം ഏഴാം രംഗം:
രാത്രിയിൽ ബാഹുകൻ ദമയന്തിയെക്കുറിച്ചോർത്ത് വിലപിക്കുന്നു.
പദം : 10

“വിജനേ ബത! മഹതി വിപിനേ നീയുണർന്നിന്ദു
വദനേ വീണെന്തു ചെയ്‌വൂ കദനേ?
അവനേ ചെന്നായോ? ബന്ധുവഭവനേ
ഭവനേ ചെന്നായോ?”

ഇത് ആത്മഗതം ആണെങ്കിലും താൻ ഉപേക്ഷിച്ച പ്രിയയെ അഭിസം ബോധന ചെയ്ത് ഉച്ചത്തിലുള്ള വിലാപഗാനത്തിന്റെ പ്രതീതിയാണ് സൃഷ്ടിക്കുന്നത്.

കൊടുംകാട്ടിൽ ദമയന്തി ഉണർന്ന് നോക്കുമ്പോൾ തന്നെ കാണാ ത്തതിലുള്ള ദുഃഖം മൂലം എന്തു ചെയ്തിട്ടുണ്ടാവും എന്ന് സന്ദേഹി

ക്കുന്നു. "ഇന്ദുവദനേ" എന്ന സംബോധന ദമയന്തിയുടെ കാന്തോപ ഭോഗയോഗ്യമായ സൗന്ദര്യവിഭൂതിയേയും നായകന് അവളുടെ നേർക്കുള്ള പ്രീതിവാത്സല്യത്തേയും വ്യക്തമാക്കുന്നു. താൻ ചെയ്ത ഓരോ തെറ്റിനെപ്പറ്റിയുമുള്ള തീവ്രമായ വേദനയും അനുതാപവും പൊട്ടിപ്പിളർന്നു പോകത്തക്കവണ്ണമുള്ള വിലാപമാണിത്.

നിഷ്ക്കളങ്കയും പതിദേവതയും സാധ്വിയുമായ സ്വപ്രേയസി യുടെ ദുരിതാനുഭവങ്ങൾക്കെല്ലാം താൻ തന്നെയാണ്, താൻ മാത്ര മാണ് കാരണഭൂതനെന്ന സ്മൃതിബാധ നളന്റെ ഓരോ ഹൃദയസ്പന്ദ നത്തിലൂടെയും സ്ഫുരിക്കുന്നു.

യഥാർത്ഥത്തിൽ രണ്ടാം ദിവസത്തെക്കഥയിൽ വിവാഹാനന്തരം കുണ്ഡിനത്തിലെത്തിച്ചേർന്ന നളൻ,

"തവമുഖമഭിമുഖം കാണ്മേൻ തന്വി
തളിരൊളി മെയ്യിതൊന്നു പുണ്മേൻ"

എന്ന് പറയുന്നിടത്ത് വിടരുന്ന അതേ രതിലാലസത്വം തന്നെയാണ് ഉത്തരവിപ്രലംഭാവസ്ഥയിലും പ്രകടമാവുന്നത്. ഇതിൽനിന്നും ആ ദമ്പ തികളുടെ പ്രേമരമണീയത വ്യക്തമാവുന്നു.

അർദ്ധരാത്രിയിൽ കൊടുങ്കാട്ടിൽ ഉറങ്ങിക്കിടന്നപ്പോൾ ഉപേക്ഷി ച്ചുപോയതിന്റെ വസ്തുസ്ഥിതി ഇപ്പോൾ അറിഞ്ഞ് അവൾ ആ മായാ മോഹത്തിൽ നിന്നും തീർച്ചയായും ഉണർന്നിരിക്കും എന്നുകൂടി നായ കൻ ചിന്തിക്കുന്നു. ബന്ധുക്കളുടെ ഭവനത്തിൽ / സ്വന്തം മാതാപിതാ ക്കൾ പാർക്കുന്നതിടത്ത് ചെന്നുവോ എന്നും ആലോചിക്കുന്നു.

"ഭീരു എന്നു കാണ്മനിന്ദുസാമ്യരുചി മുഖ
മെന്നു പൂർണമനിന്ദ്രകാമ്യമുടലഹം!"

ശുദ്ധമായ വിപ്രലംഭശൃംഗാരത്തിന്റെ പരകോടിയിൽ നിൽക്കുന്ന "വിജനേ ബത" എന്ന പദത്തിലെ സഞ്ചാരിഭാവങ്ങളായി നളന്റെ ബോധാബോധോപബോധതലങ്ങളിൽ ഗ്ലാനി, ശങ്ക, ആലസ്യം, ദൈന്യം, വിഷാദം, ചിന്ത, ഔത്സുക്യം, സ്മൃതി, നിർവേദം തുടങ്ങിയവ നിരൂപണം ചെയ്യുന്നുണ്ട്. മയി മായാമോഹശയിതേ എന്നുള്ള സംബോ

ധനയിൽ നായകൻ തീവ്രമായ ആത്മനിന്ദയെയാണ് അടക്കം ചെയ്തിരിക്കുന്നത്. അല്ലയോ സുചരിതേ ശോഭനമായ ചരിതത്തോടു കൂടിയവളെ പതി സേവാതത്പരയായുള്ളോവേ നിന്നെ നിനപ്പാൻ അരുതേ. നിന്നെ വിചാരിക്കുവാൻ കൂടി ഈയുള്ളവന് അസാധ്യമത്രേ. അത്രത്തോളം വലിയ കൃതഘ്നതയാണ് നിന്റെ പരിത്യാഗം കൊണ്ട് ചെയ്തിട്ടുള്ളത്. മയി മായാ-മോഹ-ശയിതേ എന്നതിനെ 'ഭാവലക്ഷണപരമായി' നോക്കുമ്പോൾ നായകനായ താൻതന്നനെ മായാമോഹശയിതനായി എന്നിങ്ങനെ ആത്മനിന്ദാപരമായിട്ടാണ് നളവിലാപം കാണപ്പെടുന്നത്. കൂടാതെ തന്നോട് ആദരവുള്ള ഉത്തമപത്നിയുടെ പരിത്യാഗത്തിലുള്ള അനൗചിത്യം കൂടി നായകൻ ചിന്തിക്കുന്നു. തുടർന്ന് ഉരഗാഭരണന് എന്നിൽ കനിവുണ്ടെങ്കിൽ എനിക്ക് നരകഭയം ഒഴിയും എന്ന് ചിന്തിക്കുന്നു. പാപം ചെയ്യുന്നവർ വരാനിരിക്കുന്ന നരകപീഢയും മറ്റും വളരെ പേടിക്കും. കവിയുടെ ശിവഭക്തി ദാർഢ്യം ഇവിടെ ശ്രദ്ധേയമാണ്. കാലകാലനായ ശിവന്റെ കാരുണ്യത്താൽ എല്ലാ ഭയങ്ങളും വിശിഷ്യ നരകഭയവും നിവർത്തിക്കും എന്നുള്ള ആത്മസങ്കല്പത്തിന്റെ ആവിഷ്ക്കരണമാണ് കവിയാൽ ഇവിടെ ചിന്താരൂപേണ ചെയ്യപ്പെട്ടിരിക്കുന്നത്. ഭാര്യാത്യാഗത്തെയാണ് നരകദുഃഖത്തിനു നിദാനമായേക്കാവുന്ന പാപമായി ചിന്തിക്കുന്നത്. ഇവിടെ എല്ലാം ബാഹുകൻ പ്രച്ഛന്നഭാവത്തിൽ ആത്മനിരൂപണം തന്നെയാണ് ചെയ്യുന്നത്.

നളന്റെ അവസാനത്തെ ആത്മഗതം ആണ് മൂന്നാം ദിവസം രംഗം 13-ൽ ഉള്ളത്.

ഋതുപർണ്ണന്റെ ആസ്ഥാനമണ്ഡപം-

ബഹുകൻ ദമയന്തിക്ക് രണ്ടാം സ്വയംവരം നടക്കുവാൻ പോകുന്നുവെന്നുള്ള വാർത്ത അറിഞ്ഞതിനു ശേഷം ചിന്തിക്കുന്നതാണ് ഈ ആത്മഗതം!

"മറിമാൻ കണ്ണിമൗലിയുടെ മറിവിതാർക്കറിയാം?
ഒരുമയായ് രമിച്ചിരുന്നൊരു മയാപരാധം
അവശം ചെയ്യപ്പെട്ടതോർത്താൽ വിധുരം നീ തരാം ചെയ്വനോ?
(മറിമാൻ)

ആർത്തിപാരം വരുന്നേരമോർത്തു ചെല്ലുമോരോന്നു
പേർത്തു കർണ്ണാകർണ്ണികയാ ധൂർത്തരതറിഞ്ഞു
ഓർത്തുറച്ചേവരുമങ്ങു പാർത്ഥിവന്മാരെത്തുകിലും
തീർത്തു ചൊല്ലാം നിന്ദ്യകർമ്മം താർത്തേൻമൊഴി ചെയ്കയില്ല.
(മറിമാൻ)"

മറിമാൻകണ്ണിമൗലിയുടെ-ദമയന്തിയുടെ ഈ മറിവ്-നൃപാന്തര വരണോദ്യമത്തിനു നിദാനമായി തീർന്ന മറിവ് (ബുദ്ധിവിപര്യാസം) - ധർമ്മത്തിന് വിരുദ്ധമായി ഭർത്താവിന്റെ നേർക്ക് കുപിതയായി മറ്റൊരാളിൽ പ്രേമാർപ്പണം ചെയ്യുന്നതിനുള്ള മനസ്സിന്റെ തകിടം മറിച്ചിൽ ആർക്ക് അറിയാം? ആർക്കാണ് നേരത്തേ കൂട്ടി അറിയുവാൻ കഴിയുന്നത്? ഇവളുടെ പ്രേമം നിരപായമെന്നു കരുതി എന്റെ പ്രേമസർവ്വസ്വമായി ഇവളെ വരിപ്പാൻ ഉദ്യോഗിച്ചതും, പൂർണ്ണമായ വിശ്വാസത്തോടെ ചിരകാലം ദാമ്പത്യജീവിതം നയിച്ചതും ഇങ്ങനെയൊരു മാനസാന്തരം ഇവൾക്ക് ഉണ്ടാകുമെന്ന് ഊഹിക്കുവാനുള്ള യാതൊരു ലക്ഷ്യവും എനിക്ക് അന്നൊന്നും കാണുവാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ദമയന്തിയുടെ മനസ്സിന് പൂർവ്വാവസ്ഥയിൽ നിന്നും മറിവ് ഉണ്ടായി എന്നുതന്നെ സങ്കല്പിച്ചിട്ടാണ് നായകൻ തത്ത്വഗ്രഹണത്തിലുള്ള തന്റെ അപ്രാഗത്ഭ്യത്തെക്കുറിച്ച് പരിദേവനം ചെയ്യുന്നത്.

"മറിമാൻ കണ്ണിമൗലേ" എന്ന നിലയിൽ ദമയന്തിയെ നിർദ്ദേശിക്കുന്ന നായകൻ അവളുടെ ലോകോത്തരമായ സൗന്ദര്യത്തെ വിഭാവനം ചെയ്യുന്നതോടൊപ്പം ഇളം മാനിന്റേതുപോലെ ചഞ്ചലം എങ്കിലും ഹൃദയത്തിന്റെ നിഷ്കപടതയെ പ്രദ്യോതിപ്പിക്കുന്ന ആ നോട്ടത്താൽ തന്റെ ഹൃദയം എത്രമാത്രം വശീഭൂതമായിരുന്നുവെന്നത് കൂടി അനുസ്മരിക്കുന്നുണ്ടായിരിക്കണം. ഇപ്പോഴത്തെ മറിവാക്കട്ടെ, അവൾക്ക് ഇതുവരെയുണ്ടായിരുന്ന അകൃത്രിമ പ്രേമവിലാസങ്ങളുമായി ഒരുവിധത്തിലും പൊരുത്തം ഇല്ലാത്തതുകൊണ്ട് തന്നാൽ നേരത്തെ കൂടി മനസ്സിലാക്കാൻ സാധിച്ചില്ല എന്നാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നാലാം ദിവസത്തെ കഥയിലും "തരുണീനാം മനസ്സിൽ മേവും കുടിലങ്ങളാരറിഞ്ഞു?" എന്ന് ദമയന്തിയെ ഉദ്ദേശിച്ച് പറയുന്നുമുണ്ട്. ഞാൻ

അവളെ അന്യായമായി പരിത്യജിച്ചത് അവളിൽ പ്രതികൂലഭാവത്തെ ഉളവാക്കിയിരിക്കുമോ എന്ന് സംശയിക്കുന്നു.

ദമയന്തി "കാനനഭ്രാന്തനൈഷധരോഷിണി"യാണെന്നും മറ്റൊരു നൃപനെ കാന്തനാക്കി വരിക്കുവാൻ തുനിഞ്ഞിരിക്കുന്നുവെന്നും സുദേവവചനത്താൽ അറിയപ്പെട്ടതിനെ ആസ്പദമാക്കിയാണ് നായകന്റെ വികല്പം. ഭർത്താവിനാൽ ധിക്കരിക്കപ്പെട്ടാലും "കുലസ്ത്രീരോഷണത"കൊണ്ട് പ്രാതികൂല്യത്തെ ഭജിക്കാവുന്നതല്ല എന്നുള്ള മഹനീയമായ ആദർശത്തിൽ നിന്നും ദമയന്തി പരിഭ്രഷ്ടയായിപ്പോയോ എന്നാണ് നായകൻ തന്റെ സാപരാധത്തോടു കൂടിത്തന്നെ വിചിന്തനം ചെയ്യുന്നത്. താർത്തേൻമൊഴിയാം ദമയന്തി നിന്ദ്യകർമ്മം ചെയ്കയില്ല. ഒരുപക്ഷേ, അവൾ എന്റെ വിരഹം പൊറുക്കുവാൻ കഴിയാതെ ജീവനെ വെടിഞ്ഞുവെന്ന് വരാം. എങ്കിലും ഇന്ദ്രാദികളാൽപ്പോലും ഇളക്കുവൻ കഴിയാത്തവണ്ണം എന്നിൽ ആസക്തമായ മനസ്സിനെ മറ്റൊരു പുരുഷനിൽ പതിപ്പിക്കുക എന്നത് ഒരിക്കലും സാധ്യമല്ല എന്നും നളൻ ചിന്തിക്കുന്നു.

ബാഹുകൻ ഋതുപർണ്ണരാജധാനിയിൽ താത്ക്കാലികമായി ഒരു പാചകക്കാരനായി സ്വതന്ത്രനായി ജീവിക്കുന്നു. അവിടെ പ്രച്ഛന്നവേഷം കൊടുക്കുന്ന ബാഹ്യമായ സ്വാതന്ത്ര്യവും ഉണ്ട്. എന്നിരുന്നാലും അദ്ദേഹത്തിന്റെ മനസ്സ് ഗതകാലസ്മരണകളിൽ അധിഷ്ഠിതമായിരിക്കുന്നു. മനസ്സിന് ഏല്ക്കുന്ന ആഴത്തിലുള്ള ആഘാതങ്ങൾ അബോധത്തിലാണ് നിക്ഷേപിക്കപ്പെടുന്നത്. ആശയങ്ങളുടെയും വികാരങ്ങളുടെയും ചിന്തകളുടെയും അസംസ്കൃതമായ ആകരമാണ് അബോധം; ഒരേ സമയം ചടുലവും ക്രിയാത്മകവുമായ യുദ്ധഭൂമി.

ദമയന്തീസ്വയംവരത്തിന് ഒരുങ്ങിപ്പോകുന്ന നളന് ഏൽക്കേണ്ടി വരുന്ന ദേവന്മാരുടെ ദൂത് മുതൽ ആനന്ദലബ്ധിക്കുമുമ്പുള്ള യാദൃച്ഛികവിഘ്നങ്ങൾവരെ നളജീവിതത്തിൽ അങ്ങോളമിങ്ങോളമുണ്ട്. അതിന്റെ പാരമ്യത്തിലുള്ള മറ്റൊരനുഭവമാണ് സ്വന്തം ഭാര്യയുടെ രണ്ടാം വിവാഹത്തിന് വരന്റെ സാരഥ്യമേൽക്കേണ്ടിവരുന്ന ദുരവസ്ഥ! ഈ അവസ്ഥയിൽ സ്വാഭാവികമായും പുരുഷമനസ്സിനുണ്ടാകുന്ന ആശ

ങ്കാകലുഷിതവും സംശയഗ്രസ്തവുമായ വിചാരപദമാണ് "മറിമാൻക ണ്ണിമൗലേ" എന്നത്. പ്രണയം നിറഞ്ഞ വിവാഹപൂർവ്വദിനങ്ങൾ, വിര ഹാനന്തരമുള്ള ആഘോഷദാമ്പത്യത്തിന്റെ നാളുകൾ അങ്ങനെ പര സ്പരമറിഞ്ഞ് ദാമ്പത്യദിനങ്ങൾ നളദമയന്തിമാരുടെ ജീവിതത്തിലു ണ്ടായിരുന്നു. തുടർന്ന് ഒന്നിനു പിന്നാലെ ഒന്നായി വന്ന ചൂതുകളി, വനവാസം, വസ്ത്രച്ഛേദം, പരിത്യാഗം തുടങ്ങിയവയിലെ ശരിതെറ്റു കൾ നളമനസ്സിലെ ഉത്തരമില്ലാത്ത ചോദ്യങ്ങളാണ്. ഇത്തരം സന്ദി ഗ്ധത നിറഞ്ഞ മനസ്സിലെ മനുഷ്യസഹജമായ വികാരമാണ് തന്റെ പ്രിയപത്നിയാണെങ്കിൽക്കൂടി അവളിലെ സ്ത്രീസഹജമായ കാപട്യ ങ്ങൾ (മറിവ്) ആർക്കറിയാനാവും? എന്ന രീതിയിൽ ചിന്തിക്കുവാനി ടയാക്കിയത്.

തന്റെ പ്രിയതമ അങ്ങനൊരു നിന്ദ്യകർമ്മത്തിനു മുതിരുകയില്ല യെന്ന് ഒടുവിൽ നളൻ ആശ്വസിക്കുന്നുണ്ടെങ്കിലും സന്ദേഹം അസാ ധുവാകുന്നില്ല. നളചിന്തയുടെ അബോധപ്രവാഹങ്ങളിൽ ഈ സംശയം / സന്ദേഹം നിറഞ്ഞിട്ടുണ്ടെന്നു കരുതണം. തുടർന്ന് നാലാം ദിവ സത്തെ കഥയിൽ "തരുണീനാം മനസ്സിൽ മേവും കുടിലങ്ങളാരറിഞ്ഞു?" എന്ന് നളൻ നേരിട്ട് ദമയന്തിയോട് ചോദിച്ചുപോകുന്നുണ്ട്. നളകഥ നരകഥയായി തീരുന്നതിന്റെ രഹസ്യം അതിലെ നളന് സാധാരണ മനുഷ്യജീവിതം നയിക്കുന്ന ഒരുവനോടുള്ള താദാത്മ്യമാണ്. ജീവിത രംഗങ്ങളിൽ - പ്രതിസന്ധികളിൽ - മനുഷ്യൻ മാനസികതലത്തിൽ എത്തിച്ചേരാവുന്ന വിവിധ അവസ്ഥകളുടെ നേർക്കാഴ്ചയാണ് ഈ വിചാരപദങ്ങളിൽ തെളിയുന്നത്.

**ഉപസംഹാരം**

ജീവിതത്തെക്കുറിച്ച് ശാശ്വതമായ ചില മൂല്യവിചാരങ്ങൾ നട ത്തുന്ന കൃതികളെയാണ് ക്ലാസ്സിക്കുകൾ എന്നു വിളിക്കുക. ജീവിതഗതി കളും ജീവിതാവസ്ഥകളും ശാശ്വതമാണെന്ന് പറഞ്ഞുകൂടെങ്കിലും ജീവിതം അഭിമുഖീകരിക്കുന്ന ചില ചിരന്തന സംഘർഷങ്ങളുണ്ട്. ഭൗതി കമോ ആർത്ഥികമോ ആയ പരിഹാരങ്ങൾക്കു വഴങ്ങാത്ത, ശരിതെറ്റു കളുടെ അതിർവരമ്പുകൾ അവ്യക്തമായ നന്മതിന്മകളുടെ വേർതിരി

വുകൾ അസാധ്യമായ ചില സന്ദിഗ്ധതകളാണത്. അവിടെ യുക്തിവിചാരങ്ങളോ കാര്യകാരണ ബന്ധങ്ങളോ അപ്രസക്തമാണ്. അതുകൊണ്ട് ആകുലമായ ചോദ്യങ്ങളുമായി മനുഷ്യൻ അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു. ഈ വിചാരശേഷിയിലാണ് മനുഷ്യവംശത്തിന്റെ ജീവിതസാരം മുന്നേറുന്നത്. ജീവിതം നിലയ്ക്കാത്ത പ്രവാഹമായി മുന്നോട്ടുപോകുന്നതിന്റെ രാസരഹസ്യമാണ് ക്ലാസ്സിക്കുകളുടെ ഊർജം. അപ്രകാരം നോക്കുമ്പോൾ 'നളചരിതം' ആട്ടക്കഥ മലയാളത്തിന്റെ ക്ലാസ്സിക്ക് കൃതി തന്നെയാണ്.

## കുറിപ്പുകൾ

1 " Naturally id knows no values, no good and evil, no moralities"- Sigmund Freud, The Modern Tradition P. 561.

**2** "An inherited unlearned complex sequence of behaviours, uniform in their expressions" - International Encyclopedia of Psychology, Vol. 1 1996, Page 896.

3 Freud, Sigmund The Resistance to Psychoanalysis, In the standared edition, of the complete psychological works of Sigmund Freud, Vol. XIX (1923-1925), The Ego and the id and other works, Pages 211-224.

4 രസികകൗതുകം വ്യാഖ്യാനം, എം.എച്ച്.ശാസ്ത്രികൾ, നളചരിതം ആട്ടക്കഥ, ഒന്നാം ദിവസം, പുറം 92.

5 Benedichus De Spinoza, Of the Nature and origin of the mind, W.H.White, The Ethics, Part II.

## ഗ്രന്ഥസൂചി


1. രാമചന്ദ്രൻനായർ, പന്മന, കൈരളീവ്യാഖ്യാനം, നളചരിതം ആട്ടക്കഥ, ഉണ്ണായിവാര്യർ (വ്യാഖ്യാനം), കറന്റ് ബുക്സ്, കോട്ടയം 2001

2. ശാസ്ത്രികൾ, എം.എച്ച്., രസികകൗതുകം, നളചരിതം ആട്ടക്കഥ, ഉണ്ണായിവാര്യർ (പഠനം), കേരളസാഹിത്യ അക്കാദമി, തൃശൂർ, 1991

3. പ്രകാശം, കെ., വ്യാസമഹാഭാരതം, മഹാഭാരതകഥ (ഗദ്യവിവർത്തനം) ഡി.സി. ബുക്സ്, കോട്ടയം, 2008

4. നാരായണപ്പിഷാരടി, കെ.പി., നാട്യശാസ്ത്രം, ഭരതമുനി, പരിഭാഷ ഭാഗം 1, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2014

5. രാജരാജവർമ്മ, ഏ.ആർ., കാന്താരതാരകം, നളചരിതം ആട്ടക്കഥ (വ്യാഖ്യാനം), സാഹിത്യപ്രവർത്തകസഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 2016

6. ഹരിശർമ്മ, എ.ഡി., നളചരിതം കഥകളി രണ്ടാംദിവസം, പരിഷന്മുദ്രാണാലയം, എറണാകുളം, 1957

7. കൃഷ്ണൻനായർ, കലാമണ്ഡലം, നളചരിതം ആട്ടപ്രകാരം, കേരള സംഗീതനാടക അക്കാദമി പ്രസിദ്ധീകരണം, തൃശൂർ 1984

8. Ellmann, Richard and Fiedelson, Charles (Ed.) The Modern Tradition, The Structure of Unconscious, Oxford University Press, Newyork, 1965

9. Freud, Sigmund, The Interpretaion of Dreams, (Third Edn.) Translation. A.A. Brill, Macmillan, New York, 1913

10. Jacques, Lacan, The Seminar of Jacques Lacan, Book II. the Ego in Freud's Theory and in the Technique of Psychoanalysis, W.W.Norton and Company, Newyork, 1991

11. Freud, Sigmund, The Resistance of Psychoanalysis, In the standard edition of the complete psychological works of Sigmund Freud, Vol. XIX - The Ego, the id and other works. London, Hogarth Press, 1961

12. Benedictus De Spinoza, Of the Nature and Origin of the Mind, W.H.White, The Ethics, Part II. Wordsworth Edition Limited. 8 b East Street, Ware, Hertfordshire, 2001.

# നാട്ടോർമ്മയിലെ ഒമ്പതുപെണ്ണുങ്ങൾ

**ഡോ. ദീപേഷ് കരിമ്പുങ്കര**

**അസിസ്റ്റന്റ് പ്രൊഫസർ**

**മലയാളവിഭാഗം, ശ്രീനാരായണഗുരു കോളേജ്, ചേളന്നൂർ**

**സംഗ്രഹം**

പുതുകവികളിൽ ശ്രദ്ധേയനായ ഷൂക്കൂർ പെടയങ്ങോടിന്റെ 'ഒമ്പതുപെണ്ണുങ്ങൾ' എന്ന കവിതാസമാഹാരത്തെ മുൻനിർത്തിയുള്ള പഠനം. ദേശചരിത്രത്തിലോ സാമൂഹികചരിത്രത്തിലോ ഇടം കിട്ടാതെ വിസ്മൃതിയിലേക്ക് മറഞ്ഞുപോകാവുന്ന ഏതാനും സ്ത്രീജീവിതത്തെ കവിതയിലേക്ക് അടയാളപ്പെടുത്തുക വഴി കാവ്യപരവും ചരിത്രപരവുമായധർമ്മം കവി നിർവ്വഹിക്കുന്നതായി കണ്ടെത്തുന്നു. വഴിവക്കിലും കടത്തിണ്ണയിലും വീട്ടുപടിക്കലും അടുക്കളപ്പുറത്തുംവച്ച് കണ്ടുമുട്ടുന്ന ജീവിതച്ചുമടിന്റെ ബാക്കിപത്രങ്ങളാണ് ഈ സ്ത്രീകൾ. ഇരിപ്പുകാലത്തിൽ നിന്ന് നടപ്പുകാലത്തെ ഗ്രാമവഴികളിലൂടെ കഥയും പാട്ടുമായി കവിയുടെ ഓർമ്മകളിലേക്ക് ഇവർ കയറിവരുന്നു. സ്നേഹവും രോഷവും ഭ്രാന്തും തെറിയുമായി കവിതയിലേക്ക് തെറിച്ചുവരുന്ന പെൺമരക്കാടുകളാണിവർ. സ്ത്രീവാദത്തിന്റെയും നാട്ടുചരിത്രത്തിന്റെയും പരിപ്രേക്ഷ്യങ്ങളിൽ നിന്നുകൊണ്ടുള്ള വായനയ്ക്കുള്ള സാധ്യതയാണ് ഈ പ്രബന്ധത്തിലുള്ളത്. ഒമ്പതുസ്ത്രീകഥാപാത്രങ്ങളെ അവരുടെ പേരോടുകൂടിയ ഉപശീർഷങ്ങളിലൂടെ പഠിക്കുകയും

കഥാപാത്ര സവിശേഷതകളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

**താക്കോൽവാക്കുകൾ**

ദേശചരിത്രം - അരികുജീവിതം - ദളിതുസ്ത്രീവാദം - കാൽനടക്കാലം - കഥാഖ്യാനം - മാന്ത്രികയാഥാർത്ഥ്യം - ഏകശിലാത്മകം

മുമ്പ് നടന്ന ജീവിതവഴികളിലൂടെ ഒരിക്കൽകൂടി നടക്കാനുള്ള അവസരമാണ് ഓർമ്മകൾ തരുന്നത്. പോയകാലവും ചവിട്ടി നടന്ന ഇടങ്ങളും മാറ്റത്തിന് വിധേയമാവുമ്പോൾ മനസ്സ് ഓർമ്മകളിലൂടെ സഞ്ചരിച്ച് അതിനെ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നു. സ്വീഡിഷ് കവിയായ തോമാസ് ട്രാൻസ്ട്രോമർ ഓർമ്മകളുടെ ചരിത്രബന്ധത്തെക്കുറിച്ച് ആഴത്തിൽ ചിന്തിച്ചിട്ടുണ്ട്. ഒരു കലാകാരൻ എന്ന നിലയിൽ നഷ്ടപ്പെട്ടുപോയ ലോകത്തിലേക്ക് പ്രവേശിക്കാനുള്ള മാർഗ്ഗമായാണ് അദ്ദേഹം ഓർമ്മകളെ പരിഗണിച്ചത്. അതോടൊപ്പംതന്നെ ഓർമ്മകളിൽനിന്ന് ജീവിതത്തെ വീണ്ടെടുക്കുന്ന ഒരു പ്രക്രിയായി കവിതയെ അദ്ദേഹം കണക്കാക്കുകകൂടി ചെയ്തു. ഓർമ്മകൾക്ക് വൈയക്തികവും സാമൂഹികവും രാഷ്ട്രീയവുമായി അനേകം അടരുകളുണ്ട്. പ്രാദേശികവും ദേശീയവുമായി പലതരം വിവക്ഷകളുണ്ട്. വ്യക്തിയിലേക്ക് ചുരുങ്ങുകയും സമൂഹത്തോളം വികസിക്കുകയുംചെയ്യുന്ന സാധ്യതയാണത്. കാല്പനികതയുടെ കാലത്ത് അത് നഷ്ടസൗഭാഗ്യങ്ങളും ഗൃഹാതുരത്വമായി സ്വതന്ത്രമായി പറന്നുയർന്നു. കാല്പനികതയും ആധുനികതയും തമ്മിലും നാഗരികതയും അനാഗരികതയും തമ്മിലുമുള്ള താരതമ്യവിചാരത്തിലൂടെ ഓർമ്മകളുടെ പുനഃസൃഷ്ടിയേയും അതിന്റെ ആവിഷ്കാരവ്യതിയാനത്തെയും മനസ്സിലാക്കാൻ പ്രയാസമില്ല. ഓർമ്മകൾ പ്രക്ഷേപിക്കുന്ന ഗൃഹാതുരത്വം കാല്പനികതയിൽ നിറഭാവനയായും ആധുനികതയിൽ നിരന്തരാശയങ്ങളായും മാറുന്നു. എന്നാൽ ഉത്തരാധുനികതയുടെ കാലത്ത് ആശയഭാവനകളിൽനിന്നും മാറി നേരനുഭവങ്ങളുടെ സൂക്ഷ്മസപ്ന്ദനങ്ങൾകൊണ്ട് ജീവിതത്തെ ഏറ്റവും അടുത്തുനിന്ന് കാണുകയും അവതരിപ്പിക്കുകയും ചെയ്യുന്ന ഒന്നായി അത് മാറുന്നു.

ഷുക്കൂർ പെടയങ്ങോടിന്റെ 'ഒമ്പതുപെണ്ണുങ്ങൾ' എന്ന കവിതാസമാഹാരം ഓർമ്മകൾകൊണ്ട് മെനഞ്ഞെടുത്ത ഗ്രാമീണസ്ത്രീജീവിതകഥകളാണ്. അതിൽ ദേശചരിത്രവും മനുഷ്യചരിത്രവുമുണ്ട്. ചരിത്രത്തിൽതന്നെ ഇടമില്ലാതിരുന്ന ഗ്രാമീണസ്ത്രീജീവിതത്തിന്റെ വ്യക്തി - സാമൂഹിക ജീവിതമാണ് ഷുക്കൂറിന്റെ കവിതകൾ വെളിച്ചത്ത് കൊണ്ടു വരുന്നത്. ചരിത്രത്തിൽനിന്ന് എന്നെന്നേക്കുമായി മാഞ്ഞുപോകുന്ന കോടാനുകോടി മനുഷ്യരുടെ കൂട്ടത്തിൽത്തന്നെയാണ് ഇവരുള്ളതെങ്കിലും ഓർമ്മകളിലൂടെ ഇവർ തിരിച്ചുവരികയും കവിതയിലൂടെ ചരിത്രപരമായി അടയാളപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ഈ പുസ്തകം ഒമ്പതുപെണ്ണുങ്ങളുടെ ജീവിതകഥയുടെ സൂക്ഷ്മരൂപമായിത്തീരുന്നു. ജീവിതത്തിന്റെ ഇന്നലെകളിൽനിന്ന് ശരീരം, സ്വത്വം എന്നിവകൊണ്ട് സമാനരും മറ്റു പലതുകൊണ്ടും വ്യത്യസ്തരുമായ സ്ത്രീകളുടെ ജീവിതചരിത്രമായി ഇത് മാറുന്നു. പ്രദേശികചരിത്രത്തിന്റെ സൗന്ദര്യാത്മകമായ പുനഃസൃഷ്ടിയാണ് കവിത ഇവിടെ സാധ്യമാക്കുന്നത്. ഓർമ്മയുടെ കാവ്യാത്മകമായ പൂർത്തീകരണമായി ഇതിന് വളരാൻ കഴിയുന്നു. അതോടൊപ്പം ഗ്രാമപ്രകൃതിയുടെ ജൈവരൂപങ്ങളായി ഈ സ്ത്രീകഥാപാത്രങ്ങൾ കവിതയിലാകെയും വളർന്നുവരികയും ചെയ്യുന്നു.

**അരികുജീവിതങ്ങൾക്ക് അരികെ**

'ദ ലൈഫ് ഓഫ് മൈൻഡ്' എന്ന പുസ്തകത്തിൽ ഹന്നാ ആരൻട് ജീവിതകാലത്തെപ്പറ്റി പറയുന്ന ഒരു കാഴ്ചപ്പാട് ഇവിടെ പ്രസക്തമാണ്. മനുഷ്യന്റെ രണ്ടെതിരാളികൾ ഭൂതവും ഭാവിയുമാണ്. ഇതിന്റെ ഇടയിൽപ്പെട്ടുപോയ മനുഷ്യർ വർത്തമാനത്തിൽ ഒരിടം പണിയാൻ കിണഞ്ഞു ശ്രമിക്കുന്നു. ഓർമ്മയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഹന്നാ ആരൻട് ഇക്കാര്യം വിചിന്തനം ചെയ്യുന്നത്. ഒമ്പതുപെണ്ണുങ്ങളുടെ ജീവിതകഥപറയുന്ന ഈ പുസ്തകത്തിൽ ഷുക്കൂർ വർത്തമാനത്തിൽനിന്ന് ഭൂതകാലത്തിലേക്ക് സഞ്ചരിക്കുകയും നഷ്ടപ്പെട്ട പലതിനെയും തിരിച്ചെടുക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. കവിയുടെ ഭൂതകാലത്തിൽനിന്ന് ഓർമ്മകളിലൂടെ കവിതയുടെ വർത്ത

മാനകാലത്തേക്ക് പുനാരനയിക്കുന്ന കഥപാത്രങ്ങളൊക്കെയും സ്ത്രീ കർരും കൂടിയായിരുന്നു.

അരികുകളിലേക്ക് മാറ്റിനിർത്തിയ ജീവിതങ്ങൾ ആധുകോത്തരകാലത്ത് ഇത്തരത്തിൽ കവിതയുടെ പൂമുഖത്തേക്കും അകത്തളങ്ങളിലേക്കും പ്രവേശിച്ചുകൊണ്ടിരിക്കുന്നുണ്ട്. ദളിത്, സ്ത്രീവാദങ്ങളൊക്കെയും പുതിയ ജീവിതബോധത്തിന്റെ ചുവടുപിടിച്ചുകൊണ്ട് കാവ്യബോധമായി വളരുന്നു. 'ഒമ്പതുപെണ്ണുങ്ങൾ' അതിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ നാട്ടുവഴികളിൽനിന്നും കണ്ടെടുക്കുന്ന ഒമ്പതു സ്ത്രീകളുടെ ജീവിതകഥയാണ്. ഇവർ നടന്നും കിതച്ചും വിയർത്തും ജീവിതവഴികൾ താണ്ടിയവരും സ്നേഹിച്ചും വെറുത്തും പഴിച്ചും സഹിച്ചും ഉള്ളടക്കിയ അനുഭവങ്ങളിലൂടെ നിരന്തരം പിടഞ്ഞ് ഒടുങ്ങിയമർന്നവരുമാണ്. ജീവനോടെ പിടയുന്ന ഈ സ്ത്രീജീവിതങ്ങൾ പലമട്ടിൽ വേവുന്നവർക്ക് തണലും തണ്ണീരുമായി മാറുന്നതിന്റെ മറുക്കാഴ്ചകൾ കൂടി ഈ കവിതകൾ കാണിച്ചുതരുന്നു.

**വഴിയില്ലാത്തവന്റെ പെരുവഴികൾ**

ഒമ്പതുപെണ്ണുങ്ങളുടെ കഥയും കഥാവഴിയും വിശദീകരിക്കുന്നതിന് മുമ്പ് കവിയുടെ ജീവിതവഴിയിൽക്കൂടി അല്പദൂരം സഞ്ചരിക്കേണ്ടതുണ്ട്. ദാരിദ്ര്യംകാരണം പത്താംവയസ്സിൽ പഠനം ഉപേക്ഷിക്കേണ്ടിവന്നയാളാണ് കവി. സ്കൂൾ, വീട് എന്ന ദ്വന്ദ്വത്തിനകത്ത് കുട്ടികളുടേതായ പൊതുലോകം ക്രമപ്പെടുമ്പോൾ, ഷുക്കൂറിന്റെ ജീവിതവഴി നാട്ടുവഴികളായിരുന്നു. പാഠപുസ്തകത്തിന് പുറത്ത് നാടിന്റെ വിശാലതയിലേക്ക് തുറന്നവച്ച അനുഭവങ്ങളുടെ നീളൻപാതകളിലൂടെ ഷുക്കൂറിന്റെ ബാല്യകാലം കിതച്ചുനടന്നു. അകലങ്ങളിലേക്കും അടുപ്പങ്ങളിലേക്കും വിശപ്പുമേന്തിയുള്ള നാട്ടുയാത്രകൾ അക്ഷരഭാഗ്യമില്ലാത്തവന്റെ അനുഭവപ്പറ്റുള്ള കവിതകളായി മാറ്റി. കശുമാവിൻ ചുവട്ടിലും ഇടവഴികളിലും അയൽവീടുകളിലും അന്നംതേടിയുള്ള നടത്തങ്ങൾ അനുഭവങ്ങളുടെ വഴിയും മൊഴിയുമായി ഉരുവംകൊണ്ടു. അകത്തുനിന്ന് പുറത്തേക്കും പുറത്തുനിന്ന് അകത്തേക്കും നീളുന്ന ഈ ഇടവഴികളിൽവച്ചാണ് ഷുക്കൂർ തന്റെ കവിതയിലെ ഒമ്പതുപെണ്ണുങ്ങളെ കണ്ടു

മുട്ടുന്നത്. അവയാകട്ടെ ഓർമ്മകളിലൂടെ കവിതയായി പുനഃസൃഷ്ടിക്കപ്പെട്ടു.

ആൺകുട്ടിക്കാലത്തിൽ കവി കണ്ട പെൺജീവിതക്കാഴ്ചകളാണ് ഈ പുസ്തകത്തിലെ ഓരോ കവിതയും. കളിക്കൂട്ടുകാരികളും മയിൽപ്പീലിയും മഷിത്തണ്ടും നിറഞ്ഞ ബാല്യത്തിന്റെ അനുഭവങ്ങൾ കഥയിലും നോവലിലുമൊക്കെ പലപാട് ആവർത്തിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഷുക്കൂറിന്റെ ആൺകുട്ടിക്കാലം കണ്ട ഓർമ്മകൾ ഇതിൽനിന്നെല്ലാം വ്യത്യസ്തമാണ്. മധ്യവയസ്കരും വൃദ്ധരുമാണ് ഇതിലെ പാത്രങ്ങളോരോന്നും. അതുകൊണ്ടുതന്നെ കവിയുടെ ആൺകുട്ടിക്കാലത്തെ മാതൃരൂപികളായ ഈ സ്ത്രീപാത്രങ്ങൾ കവിതയിലാകമാനം അനുഭവത്തിന്റെ കനലുകൾ കോരിനിറയ്ക്കുന്നു. കവിയുടെ അനാഥത്വത്തിലും വേദനയിലും ആഴത്തിൽ വേരാഴ്ത്തിനിൽക്കുന്ന ജൈവപ്രകൃതികളായി ഈ മാതൃരൂപികൾ കവിതയിലാകെ നിറഞ്ഞുനിൽക്കുന്നു.

**കാൽനടക്കാലങ്ങൾ**

കാൽനടക്കാലം എന്നത് വായ്‌വർത്തമാനങ്ങളുടെ കാലം കൂടിയാണ്. ഫോൺ, കംപ്യൂട്ടർ, സമൂഹമാധ്യമങ്ങൾ തുടങ്ങിയ സാങ്കേതികസാഹചര്യങ്ങളൊന്നുമില്ലാത്ത കാലത്ത് മനുഷ്യരുടെ പ്രധാന വിനിമയങ്ങളത്രയും വായ്‌വർത്തമാനങ്ങളിലൂടെയായിരുന്നു. മുഖദാവിൽ കാണുകയും തമ്മിൽ മിണ്ടുകയും ചെയ്തിരുന്ന അനുഭവമാണ് പഴയ ജീവിതത്തിന്റെ കാതലും കനവും. കാൽനടക്കാലത്തുനിന്ന് ഇരുന്നു യാത്രചെയ്യുന്ന കാലത്തിലേക്കുള്ള വളർച്ച വഴിയിലും മൊഴിയിലും ഉണ്ടാക്കിയ മാറ്റം വളരെ വലുതാണ്. 'ഒമ്പതുപെണ്ണുങ്ങൾ' എന്ന പുസ്തകത്തിന്റെ ആമുഖപഠനത്തിൽ താഹ മാടായി പോയകാലത്തെ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. "കാൽനടക്കാലത്തിന് മുമ്പും പിമ്പുമായാണ് കാലം കേരളത്തിൽ വിഭജിച്ചുകിടക്കുന്നത്. ജീവിതം നടന്നു കണ്ടകാലം/നിർത്തം/വർത്തമാനം ഇതിലൂടെ മനുഷ്യൻ അന്യോന്യം പകുത്തുനൽകുന്നു" (സ്ത്രീയിൽ മുളച്ച പുരുഷൻ-പേജ്9).

താഹ മാടായിയുടെ ഈ നിരീക്ഷണം ഗ്രാമവഴിയേയും പോയകാലത്തെ ജീവിതവഴിയേയും ഒരുപോലെ മനസ്സിലാക്കാൻ സഹായിക്കുന്ന ഒന്നാണ്. ഷുക്കൂറിന്റെ കവിതകളിൽ നിറയുന്ന ഓർമ്മകൾ ഇതോടൊപ്പം ദേശചരിത്രത്തിലേക്കും മനുഷ്യസംസ്കാരചരിത്രത്തിലേക്കും ചുറ്റിപ്പിണയുന്ന അനേകം വേരുകളുള്ള ഒന്നായിത്തീരുന്നു. ഈ കവിതയിലെ സ്ത്രീകളുടെ നിൽപ്പിടങ്ങളും നടപ്പിടങ്ങളും പഴയകാല കേരളീയഗ്രാമീണതയോടൊപ്പം ചേരുകയും നാഗരികതഗ്രാമങ്ങളെ വിഴുങ്ങുന്നതിന് മുമ്പുള്ള സ്ഥലകാലങ്ങളുടെ അനുഭവരേഖകളായി കാട്ടിത്തരികയും ചെയ്യുന്നു.

ആയിശോമിത്ത, ആനക്കല്ലീലച്ചമ്മ, ആസിഡ്കല്യാണി, ത്രേസ്യാമ്മച്ചേട്ടത്തി, കരിഞ്ചിയമ്മ, സായിപ്പ് ആമിനത്താത്ത, കൊരങ്ങാച്ചി ആസീത്ത, ഉമ്മ, പത്തരകൗസുവേച്ചി എന്നിവരാണ് കവിതയിലൂടെ തിരിച്ചുവരുന്ന ഒമ്പത് സ്ത്രീകഥാപാത്രങ്ങൾ.

**കഥാഖ്യാനം**

'ഒമ്പതുപെണ്ണുങ്ങൾ' എന്ന കാവ്യപുസ്തകത്തിലൂടെ കഥയുടേതായ ഒരാഖ്യാനഘടന സമർത്ഥമായി സന്നിവേശിപ്പിക്കാൻ കവി ശ്രമിച്ചിട്ടുണ്ട്. പുസ്തകത്തിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ ഇതൊരു പെൺജീവിതഗ്രാമകഥയാണ്. നാട്ടുജീവിതത്തിന്റെ ഭാഗമായ ഒമ്പതോളം സ്ത്രീപാത്രങ്ങൾ ഈ കവിതയിലെ കഥയായും കഥാപാത്രങ്ങളായും മാറുന്നു. കണ്ണൂർ ജില്ലയിലെ ഇരിക്കൂർ എന്ന പ്രദേശത്തിന്റെ ചുറ്റുവട്ടങ്ങളിലാണ് ഒമ്പതുപെണ്ണുങ്ങളുടെ കഥാഭൂമിക. ഇതിൽ പെൺജീവിതങ്ങളുടെ മനസ്സും ജീവിതവും ആഴത്തിൽ കാവ്യവിഷയമായിത്തീരുന്നു. പെണ്ണുങ്ങളുടെതായ നാട്ടുവഴികളിലും ജീവിതവഴികളിലും ആൺകൂട്ടും ആൺജീവിതങ്ങളും ഉണ്ട്. പക്ഷേ ആൺകൂട്ടിന്റെതായ തുണയോ സ്നേഹത്തണലോ നഷ്ടപ്പെട്ടുപോയ ഒരു കൂട്ടം സ്ത്രീകളെയാണ് കവിതയിൽ കാണാൻ സാധിക്കുന്നത്. ഇവരെ നാട്ടുവഴികളിൽ നിന്ന് കവി കണ്ടുമുട്ടുകയും വീട്ടുവഴികളിലേക്കും അകത്തളത്തിലേക്കും കഥയുടെ ചുമടിറക്കിവയ്ക്കുന്നവരായി ഇവരെ കാണിച്ചുതരികയും ചെയ്യുന്നു.

**ആയിശോമിത്ത**

'ഒമ്പതുപെണ്ണുങ്ങൾ' എന്ന പുസ്തകത്തിൽ കവി ആദ്യമായി പരിചയപ്പെടുത്തുന്നത് ആയിശോമിത്തയെയാണ്. സ്ഥലകാലങ്ങളുടെ വേരുകൾ ചുറ്റിപ്പിണഞ്ഞു കിടക്കുന്ന വഴിയോർമ്മകൾ ഈ കവിതയിലാകെ നിറഞ്ഞുനിൽക്കുന്നു. പഴമയുടെ ചുമടുകളായി കിതച്ചുനീങ്ങുന്ന മനുഷ്യരെയാണ് ഈ വഴിയിൽ വച്ച് കണ്ടുമുട്ടുന്നത്. ആയിഷോമിത്ത എന്നപേരിൽ ആയിഷയും ഇത്തയും കൂടിച്ചേരുന്നു. ഇത്ത എന്ന പദം പേരിനൊപ്പം ചേരുന്ന ആദരശബ്ദമാവുകയും ആയിഷ കവിതയിലാകെ ആയിശോമിത്തയായി മാറുകയും ചെയ്യുന്നു. ഒരു പേര് കാലങ്ങൾക്കുശേഷം വ്യക്തിയിൽനിന്ന് കവിതയുടെ പേരായി മാറുന്നു. ഇതിനുമപ്പുറം വ്യക്തിയുടെ ഓർമ്മ ഗ്രാമത്തിന്റെ ചരിത്രമായും അനേകം സാംസ്കാരികഘടകങ്ങളായും വളരുന്നു. ഇത്തരമൊരു വികാസമാണ് ഈ കവിത വായനക്കാരെ അനുഭവിപ്പിക്കുന്നത്.

ബ്ലാത്തൂർ കുന്നിറങ്ങി വരുന്ന കെട്ടുകാരികളുടെ നീണ്ട നിര. ഇതിനിടയിലാണ് കവി ആയിശോമിത്തയെ കണ്ടുമുട്ടുന്നത്. അത്താണിക്കല്ലിൽ ചുമടിറക്കുമ്പോൾ അവർ നാടിന്റെ കഥകളുടെ കെട്ടുപൊട്ടിക്കുന്നു. ആ കഥകളിൽ കദീസോമീത്തയുടെ മകളുടെ നൊമ്പലവും (പ്രസവവേദന) രണ്ടാംകെട്ടുകാരനായ അന്ത്രുമാന്റെ കെട്ട്യോളുടെ പേറും ജിന്നുകൂടിയ ബീവി സൈനുത്താന്റെ കെർപ്പവും പുറത്തുവരുന്നു. ആയിശോമിത്തയുടെ നാട്ടുയാത്രയിൽ നാട്ടുജീവിതവും അതിന്റെ വൃത്താന്തങ്ങളും നാട്ടുവർത്തമാനങ്ങളും കൂടിയാണ് നിറയുന്നത്. ഇതിലൊക്കെയും കഥയെന്നപോലെ പാട്ടും കൂടിച്ചേരുന്നു.

> "തെരിയ എടുക്കാൻ നേരത്ത്
> ആയിശോമിത്തയ്ക്ക് ഒരു പാട്ടുണ്ട്.
> പാട്ടിൽ അത്താണിക്കല്ലുകൾ തെളിഞ്ഞുമറയും.
> കാടും കുന്നും വകഞ്ഞുമാറ്റിയുള്ള
> നടത്തങ്ങളിൽ നുരയും
> കെട്ടുപാട്ടിന്റെ ഇശൽ."

കഥകളിലെന്നപോലെ പാട്ടിലും നീറയുന്നത് നാടിന്റെ ജീവിതവർത്തമാനങ്ങൾ തന്നെയാണ്. കെട്ടുപാട്ടിൽ നിന്ന് അത് ജീവിത

ത്തിന്റെ പലതരം പയ്യാരങ്ങളിലേക്ക് വായനക്കാരെ കൊണ്ടുപോകുന്നു. തളർവാതംപിടിച്ച കെട്ട്യോനും കണ്ണുകാണാത്ത മകനും പ്രസവവേദനയിൽ പിടിയുന്ന മകളും പാട്ടിന്റെ വരികൾക്കിടയിലും ഇടവഴികൾക്കിടയിലും കണ്ണീരൊഴുക്കുന്നു.

നാട്ടുവഴിയിൽ നിന്ന് പുത്തരിനാളുകളിൽ ആയിശോമിത്ത കവിയുടെ വീട്ടിൽ ഒരു വിരുന്നുകാരിയായി എത്തുന്നതിന്റെ ചിത്രവും അനുഭവവും ഇങ്ങനെയാണ്:

> "അടുക്കളയിലെ ഉരല് ഇരിപ്പിടമാവും
> അപ്പോൾ ആയിശോമിത്തയുടെ കോന്തല
> മറ്റൊരു ഗർഭമായി തൂങ്ങും.
> ചെമ്പരത്തി പൂക്കുകയും വിടരുകയും ചെയ്യുന്ന
> വായിലേക്ക് തന്നെ ഞാൻ നോക്കിയിരിക്കും."

ആയിശോമിത്ത പറയുന്ന രാജകുമാരന്മാരുടെ കഥകളിൽനിന്ന് എന്നെങ്കിലും ഒരു കുതിര തന്റെ മുന്നിലും വന്നുനിൽക്കുമെന്ന് ബാല്യത്തിന്റെ നിഷ്കളങ്കതയിൽ കവി വിചാരിക്കുന്നു. കഥയും കാലവും മാറുമ്പോൾ കഥപറഞ്ഞയാൾ ജീവിതത്തെ മറികടന്നുപോവുകയും അവർ പറഞ്ഞ കഥ മാത്രം ബാക്കിയാവുകയും ചെയ്യുന്നതിന്റെ അനുഭവങ്ങൾ ആയിശോമിത്തയുടെ ഓർമ്മയിലൂടെ കവി വ്യക്തമാക്കിത്തരുന്നു. അടുക്കളയുടെ പിന്നാമ്പുറത്തെ ഒരു മൂലയിൽ ആയിശോമിത്തയുടെ നെടുവീർപ്പുപോലെ ആൾസ്പർശമേൽക്കാത്ത ഉരൾ ചിതലുതിന്നു തീർക്കുന്നത് കവി ഇന്ന് കാണുന്നു. ഓർമ്മകളുടെ ഭൂതകാലവും അനുഭവത്തിന്റെ വർത്തമാനകാലവും കൂടിച്ചേർന്ന ഏതോ ഒരു വഴിയിൽവച്ച് കഥയും കഥാപാത്രങ്ങളും എന്നപോലെ വീടും ചുറ്റുവട്ടവും കൂടി മാറിപ്പോയതായി സ്വയം തിരിച്ചറിയുന്നു. പുതുകവിതയിലേക്ക് കാൽനീട്ടിയിരിന്നുകൊണ്ട് ഈ മാറ്റത്തെ നിശബ്ദമായി ഏറ്റുവാങ്ങുകയും പുതിയ കാലത്തിലേക്ക് പഴയകഥകളുടെ ഭാണ്ഡക്കെട്ടുകൾ ഇറക്കിവയ്ക്കുകയും ചെയ്യുന്നു.

ജീവിതം അനുഭവങ്ങളായിത്തീരുകയും ഇതുരണ്ടും കൂടിച്ചേർന്ന ഓർമ്മകൾ കവിതകളായി മാറുകയും ചെയ്യുന്നതിന്റെ ചരിത്രപരതയി

ലേക്കാണ് ഈ കവിതകൾ വായനക്കാരെ കൊണ്ടുപോവുന്നത്. ആർക്കും എളുപ്പം വിസ്മരിക്കാവുന്നതിനെ ഓർക്കുകയും കവിതയിലേക്ക് പുനരാനയിക്കുകയും ചെയ്യുന്നതിലൂടെ കാവ്യപരവും സാംസ്കാരിവുമായ ഒരു ധർമ്മംകൂടി കവി നിർവ്വഹിക്കുന്നു.

**ആനക്കല്ലീലച്ചമ്മ**

ആനക്കല്ലീലച്ചമ്മ എന്ന കവിതയിലെ അച്ചമ്മ അധികാരത്തിന്റെ പെൺരൂപമാണ്. ആണധികാരംപോലെ പെണ്ണധികാരവും അധീശത്വത്തിന്റെ പ്രകടിതരൂപമായി കുടുംബസാമൂഹികഘടനകളിൽ എങ്ങനെ പെരുമാറുന്നു എന്നതിന്റെ ഉദാഹരണമാണ് ഈ സ്ത്രീരൂപം.

> "എന്നെ കാണുമ്പോൾ അച്ചമ്മ
> പാട്ടിൽ പൊതിഞ്ഞു കെട്ടും.
> പാട്ടിൻ വരികളിലേക്ക് ചേർത്തുവയ്ക്കുന്ന
> ചെവികളിൽ
> ഭരണിപ്പാട്ട് തോൽക്കുന്ന പച്ചത്തെറിയുടെ
> ഞാറ്റുവേല തെറുത്തുകെട്ടും.
> ആനക്കല്ലീലച്ചമ്മയുടെ തെറിപ്പാട്ടിനുമുണ്ട്
> വയൽമണ്ണിന്റെ പശിമയും മണവും."

മാതൃത്വത്തിന്റെ സ്നേഹഭാഷയും അധിശത്വത്തിന്റെ തെറിഭാഷയും മണ്ണിനോടൊട്ടി നിൽക്കുന്ന നാട്ടുഭാഷയും ഒരേ മട്ടിലുച്ചരിക്കുന്നു എന്നതാണ് അച്ചമ്മ എന്ന പെൺമയുടെ പ്രത്യേകത. അച്ചമ്മയുടെ എല്ലാം ഭാഷണങ്ങളിലും തെറിയുടെ തെറിച്ചഭാഷയുണ്ട്. ഭിക്ഷയ്ക്ക് വന്നാലും കൂലി ചോദിച്ചാലും തെറിയിലെ തുടങ്ങുകയുള്ളൂ. ഇവിടെ അച്ചമ്മയെന്ന പദത്തിൽതന്നെ അച്ഛനും അമ്മയും ഉണ്ട്. അവയാകട്ടെ ആണിനെയും പെണ്ണിനെയും ഒരേമട്ടിൽ ഉള്ളടക്കിയ പിതൃകേന്ദ്രീകൃത അധികാരത്തിന്റെയും മാതൃഭാവത്തിന്റെയും സ്വരൂപങ്ങളായി അവർ കവിതയിലേക്ക് കടന്നുവരുന്നു. ബോധത്തിന്റെ വഴികളിലല്ല; ഉന്മാദത്തിന്റെ കയറ്റിറക്കങ്ങളിലൂടെയാണ് ആനക്കല്ലീൽ അച്ചമ്മയെ വായ

നക്കാർക്ക് അനുഭവിക്കാൻ സാധിക്കുന്നത്. അച്ചമ്മയുടെ തെറി മാത്രമല്ല മറ്റു പല ശബ്ദങ്ങളുംകൂടി ഉയർന്നുകേൾക്കുന്നു. അതിലൊന്നു മുദ്രാവാക്യമാണ്. വയലിൽ നുരിയിട്ടുകൊണ്ട് (വിത്തിടുമ്പോൾ) പെണ്ണുങ്ങൾ നിരനിരായി നിന്ന് നാട്ടിപ്പാട്ട് പാടുമ്പോൾ പാട്ടും ആൾക്കൂട്ടവും അച്ചമ്മയെ എ.കെ.ജിയുടെ ഓർമ്മകളിലേക്ക് കൊണ്ടുപോവുകയും അവർ സ്വയം മറന്ന് സുശീലഗോപാലനായി മാറുകയും ചെയ്യുന്നു. ഉന്മാദത്തിന്റെ സ്വപ്നലോകത്തിലേക്കുള്ള ഈ മനോയാത്രയിൽ കൃഷിക്കണ്ടത്തിൽ നാട്ടിക്ക് നിരന്നു നിൽക്കുന്ന ആളുകളൊക്കെയും അണിനിരന്ന സഖാക്കളായാണ് അച്ചമ്മ കാണുന്നത്. അവർ പാടുന്ന കൃഷിപ്പാട്ടുകൾ മുദ്രാവാക്യങ്ങളായി അച്ചമ്മ കേൾക്കുന്നു. യഥാർത്ഥത്തിൽ അച്ചമ്മതന്നെ ഒരു മുദ്രവാക്യമായി മാറുകയും വളരുകയും ചെയ്യുന്നു.

കൃഷിപ്പാട്ടുകളിൽ നിന്ന് മുദ്രാവാക്യത്തിലേക്ക് എത്തിച്ചേർന്നതുപോലെ അച്ഛമ്മയുടെ ശബ്ദം ചിലപ്പോൾ വടക്കൻപാട്ടിലെ ഉണ്ണിയാർച്ചയുടേതോ തച്ചോളി ഒതേനന്റെ ആരവമായോ മാറുന്നതിനും കവി സാക്ഷിയാവുന്നു.

> "ഇത്തിവെള്ളത്തിനായ് വന്ന വഴിയാത്രക്കാരന്റെ
> ഓട്ടത്തിൻ വരകളിൽ
> ഞാനിന്നും പുതുമഴ നനയുന്നു."

മോരിന്റെ പുളിയായും മുലപ്പാലിന്റെ മധുരമായും തെറിവിളിയുടെ കയ്പായും ഓർമ്മകളിൽ ഈ സ്ത്രീരൂപം കവിയുടെ മനസ്സിൽ കവിത നിറച്ചു വയ്ക്കുന്നു.

**ആസിഡ് കല്യാണി**

സ്ത്രീയും പുരുഷനും സത്താപരമായി സമാനരാണ് എന്ന് ഫെമിനിസം സ്ഥാപിക്കുന്നു. പക്ഷേ ആൺകോയ്മ സമൂഹങ്ങളെല്ലാം സ്ത്രീയെ ഒരു രണ്ടാം കിടക്കാരിയായി മാറ്റുന്നതിന്റെ പരിണതികൾ എത്രവേണമെങ്കിലും കണ്ടെത്താൻ സാധിക്കും. ആണധികാരത്തിന്റെ ഇരയായിത്തീർന്ന ഒരു സ്ത്രീപാത്രത്തെയാണ് ഒമ്പതുപെണ്ണുങ്ങളിൽ മൂന്നാമത്തേതായി ആസിഡ് കല്യാണി.

കല്യാണി എന്ന ഒരു സ്ത്രീ-വീട്ടമ്മ-എങ്ങനെ ആസിഡ് കല്യാണിയായി മാറി എന്ന ചരിത്രകഥയാണ് അല്ലെങ്കിൽ ചാരിത്ര്യകഥയാണ് ആസിഡ് കല്യാണി എന്ന കവിത. ആണധികാരം പ്രതികാരമായി മാറുമ്പോൾ കാമുകിയോട്, ഭാര്യയോട് എങ്ങനെയൊക്കെ പെരുമാറുന്നു എന്നതിന്റെ അനേകം ദൃഷ്ടാന്തങ്ങളിൽ ഒന്നാണ് ഈ കവിത.

കൊല്ലുക, വികൃതമാക്കുക, മാനഭംഗപ്പെടുത്തുക, അപവാദപ്രചരണം നടത്തുക തുടങ്ങിയവ ആണധികാരസമീപനമായി ചരിത്രവർത്തമാനങ്ങളിൽ പലപാട് ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ഈ കവിതയിൽ ഭാര്യയുടെ ചാരിത്ര്യത്തെ സംശയിക്കുന്ന ഭർത്താവ്, ഭാര്യയെ കീഴടക്കുന്നത് ആസിഡ് ആക്രമണത്തിലൂടെയാണ്. പാതിവെന്ത മുഖവുമായി നിൽക്കുന്ന ഒരമ്മയായി അവർ ഈ കവിതയിൽ പൊള്ളിക്കിടക്കുന്നു. മുഖത്തിന്റെ ഒരു പാതി/വരണ്ടുണങ്ങിയ പാടംപോലെ വലിഞ്ഞ് വിണ്ടുകീറി/മറുപാതി നാട്ടിക്കൊരുക്കിയ വയൽപോലെയും ആണ് കല്യാണി കവിതയിൽ നിലകൊള്ളുന്നത്.

> "കർക്കിടകം കമ്പിളി പുതച്ച്
> കരിമഷിയെഴുതും സന്ധ്യയിൽ
> അറുകൊലമുണ്ടയും വാർത്താളിയും
> തേറ്റയിൽ ചോരചുവപ്പിക്കും ഇരുട്ടിൽ
> വിറങ്ങലിച്ചേതോ ഭയത്തിൽ
> ഒച്ചകൾ തൊണ്ടയിൽ
> കുരുങ്ങിപ്പോയ മാത്രയിൽ
> തുണയായെത്തി
> കൈവെള്ളയിൽ മുട്ടായി മധുരം തിരുകിയ
> പൊള്ളലിൽ ഉള്ളം തേങ്ങി വിളിച്ചുപോയ്
> എൻ ചോരയെ, ഇത്താത്തയെ" - എന്നോർമ്മിക്കുന്നു കവി.

കല്യാണിയേച്ചിയെ വള്ളിട്രൗസറിട്ട് നടക്കുന്ന കാലത്തുതന്നെ കവിക്ക് പരിചയമുണ്ട്. കളിവെറ്റില തിന്നു ചുവപ്പിച്ച ചുണ്ടുമായി അവരെ പലവട്ടം കണ്ടിട്ടുണ്ട്. മോനെ, എന്ന സ്നേഹവിളി കേട്ടിട്ടുണ്ട്. തലമുടിയിലൂടെ സ്നേഹത്തിന്റെ വിരലോടുന്നത് അറിഞ്ഞിട്ടുണ്ട്. അതുപോലെ

നിശബ്ദതയുടെ കടലാഴത്തിൽനിന്ന് കല്യാണിയുടെ തേങ്ങലുയരുന്നതും കടലുപ്പുപോലെ കണ്ണുനീർത്തുള്ളികൾ തോളിൽ പതിക്കുന്നതും കവി കാലങ്ങൾക്കുശേഷം വീണ്ടും ഓർക്കുന്നു.

കല്യാണിയുടെ മുഖവും മനസ്സും കവിതയിൽ സ്നേഹത്തിന്റെ എന്നപോലെ നോവിന്റെ കൂടി രൂപകമായി മാറുന്നു. അവർ ഭർത്താവിനെ കാലമാടൻ എന്ന വാക്കിലേക്ക് ചുരുക്കുമ്പോൾ ഭാഷ വാക്കിൽ നിന്ന് തെറിച്ച് പ്രാക്കായി മാറുകയും ഉള്ളിലെ കയ്പ് അവരുടെ വാക്കിലേക്കും കവിതയിലേക്കും തെറിച്ചുവീഴുകയും ചെയ്യുന്നു.

**ത്രേസ്യാമ്മച്ചേടത്തി**

നാട്ടിമ്പുറങ്ങളിൽ ഗ്രാമീണമനുഷ്യർ മാത്രമല്ല, കാലങ്ങളായി നാട് സൃഷ്ടിച്ച അനേകം കഥാപാത്രങ്ങളും കൂടിയുണ്ട്. മനുഷ്യപാത്രങ്ങളോടൊപ്പം ചേരുന്ന ഈ മനുഷ്യേതരപാത്രങ്ങളെ നാടിന് തലമുറകളായി കൈമാറിക്കിട്ടിയതാണ്. നാടോടിവിജ്ഞാനീയത്തിൽ ഇവയൊക്കെയും മിത്തായോ ആദിപ്രരൂപങ്ങളായോ ആയാണ് കടന്നുവരുന്നത്. വിശ്വാസത്തിന്റെയും അനുഭവത്തിന്റെയും ഭാഗമായി ഇത് വ്യക്തിമനസ്സിലും സമൂഹമനസ്സിലും ആഴത്തിൽ നിലകൊള്ളുന്നു. ത്രേസ്യാമ്മച്ചേടത്തി എന്ന കവിതയിൽ മനുഷ്യരോടൊപ്പം കടന്നുവരുന്നത് ഇത്തരം ചില കഥാപാത്രങ്ങൾ കൂടിയാണ്.

വിശക്കുന്നവർക്ക് കപ്പപ്പുഴുക്കും ചമ്മന്തിയും വിളമ്പുന്ന മാതൃഭാവത്തിലുള്ള സ്നേഹരൂപകമായ ത്രേസ്യാമ്മച്ചേടത്തിയേയാണ് കവിതയുടെ ആദ്യഭാഗത്ത് കാണുന്നത്. കപ്പ വിളമ്പുമ്പോൾ തിന്നുന്നതിനോടൊപ്പം കർത്താവിനെ സ്തുതിപ്പീനെട മക്കളെ എന്നവർ ഓർമ്മിപ്പിക്കുന്നു. അന്നത്തെ ദൈവമായി കാണുന്ന വിശ്വാസത്തിലാണ് അവർ ജീവിക്കുന്നത്. ഭർത്താവിനെ ചുറ്റിവരിയുന്ന ബാധകളെച്ചൊല്ലി അവർ ആകുലപ്പെടുന്നു. അതിന്റെ ഓർമ്മയിൽ അവരൊരു യക്ഷിയുടെ ഉറഞ്ഞുതുള്ളലിലേക്ക് സംക്രമിപ്പിക്കുകയും ചെയ്യുന്നു. അതാകട്ടെ അതൃപ്തദാമ്പത്യത്തിന്റെ ഏകാന്തമായി നിശ്വാസങ്ങളായി കവിതയിലാകെ ഊറിക്കൂടുന്നു.

"സൂര്യന് ചോട്ടിൽ ഫിലിപ്പോസ് ചേട്ടായ്
കപ്പയിലകൾക്കിടയിൽനിന്ന്
പന്നിപ്പാട്ടിന്റെ നൂലിൽ പിടിച്ചു വലിക്കും
അതു കേൾക്കെ
ത്രേ്യസ്യാമ്മച്ചേടത്തി
ഉച്ചൂളിക്കാവിലെ യക്ഷിയായ് ഉറഞ്ഞു തുള്ളും
ഓ - ഇതിയാനെന്നാ പറ്റിയേ
മാർഗ്ഗം കൂടിയിട്ടും മാമോദീസ മുങ്ങീട്ടും
ഒഴിയാത്ത ഈ ബാധയേതാണെന്റെ കർത്താവേ -
യെന്ന് കുരിശു വരയ്ക്കും."

നാടിന്റെകഥ പറയുമ്പോൾ ഫാന്റസിയുടെ അംശങ്ങൾ കൂടി ഈ കവിതകളിലേക്ക് സ്വാഭാവികമായിത്തന്നെ കടന്നുവരുന്നുണ്ട്. "ഒച്ചകൾ ഞങ്ങൾക്ക് തിറയാട്ടമാണ്/കുന്ന് കയറിയും ഇറങ്ങിയും വരുന്ന കൂറ്റുകളിലേക്ക്/ഞങ്ങളും ഓരിയിടും./മലമടക്കുകളിൽനിന്ന്/തിരികെയെത്തുന്ന ഒച്ചകളിൽ/ ഒറ്റമുലച്ചിയുടെയോ നീലിയുടെയോ/കഥവഴികളിൽ ഞാനൊന്ന്/അറച്ചുനിൽക്കും/തിരിച്ചുപാടുന്ന കുന്നുകളുടെ പാട്ട്/ ഒറ്റപ്പെട്ടുപോവുന്ന യക്ഷിയുടെ /നിലവിളിയായി എന്റെ തൊണ്ടയിൽ/ കുരുങ്ങും." ജീവിതയാഥാർത്ഥ്യത്തിനു മേലെ മാന്ത്രികയാഥാർത്ഥ്യത്തിന്റെ (Magical Realism) മറ്റൊരു ലോകം ചേർന്നുനിൽക്കുന്ന കവിതയാണിത്.

അമ്മദ്, ഹാരിസ്, കവി എന്നിവരോടൊപ്പമുള്ള കൂട്ടുകൂടലിന്റെയും അനുഭവത്തിന്റെയും ബാല്യകാലത്തെ ഒരു പാഠപുസ്തകം പോലെ ഈ കവിത തുറന്നുവയ്ക്കുന്നു. ഈ ബാല്യകാലത്തിൽ വിശപ്പും സ്നേഹവും നഷ്ടവേദനയും നിരാശയും കൂടിച്ചേരുന്നു. പലതരം ഒച്ചകളുടെ തിറയാട്ടമായി കവിതയിലേക്ക് അത് കടന്നുവരുന്നു. നീലിക്കും യക്ഷികൾക്കുമൊപ്പം അത് നാടുതന്ന കഥാവഴികളായി കവിതയിലാകെ നിവർന്നു കിടക്കുകയും ചെയ്യുന്നു.

"ഞാൻ കപ്പക്കുന്ന് താണ്ടി
യക്ഷികൾ കുളിച്ചു തൊഴാനെത്തുന്ന

ചില്ലിത്തോട്ടത്തിൻ കരയിൽ
നീലി മയങ്ങുന്ന പാറയിൽ
കവിത ചൊല്ലി മയങ്ങും."

മനുഷ്യരും പ്രകൃതിയും അദൃശ്യഭയങ്ങളും കൂടിച്ചേരുന്ന മാന്ത്രികമായ ഒരു ഭാവലയം ഈ കവിതയുടെ അന്തരീക്ഷത്തിലാകെയും നിറഞ്ഞുനിൽക്കുന്നു.

**കരിഞ്ചിയമ്മ**

കരിഞ്ചിയമ്മ എന്ന കവിത അതിന്റെ പേര് സൂചിപ്പിക്കുന്നതു പോലെ ഒരു കറുത്ത പെണ്ണിന്റെ/അമ്മയുടെ കഥയാണ്. കാക്കയെപ്പോലെ കറുത്തവളും കാക്കക്കണ്ണിന്റെ നോട്ടമുള്ളവളുമായാണ് കരിഞ്ചിയമ്മ കവിതയിലേക്ക് കടന്നുവരുന്നത്. അവരുടെ കോന്തലക്കെട്ടിൽ കുന്നോളം നാട്ടുകഥകളുണ്ടെന്ന് കവി വെളിപ്പെടുത്തുന്നു. ആ കഥകൾ കേവലം മുത്തശ്ശിക്കഥകളുടെ വായ്ത്താരികളല്ല. കേരളീയചരിത്രത്തിന്റേയും സംസ്കാരത്തിന്റെയും വഴിമൊഴികൾ കാല്പാടുകളായി അടയാളപ്പെടുകയാണ് ഇവിടെ. മങ്ങലം കഴിഞ്ഞ നാണിയുടെ വീട്ടിലേക്ക് യശമാന്റെ മഞ്ചല് വന്നതും കൊയ്ത്തരിവാളിന്റെ മൂർച്ചയും ചെഞ്ചോരക്കൊടിയുടെ ഉശിരും നാട്ടുനാടകത്തിളപ്പും നാടിന്റെ ഇന്നലത്തെ കഥകളായി അതോടൊപ്പം പ്രതിരോധചരിത്രമായും കരിഞ്ചിയിലൂടെ വെളിപ്പെട്ടുവരുന്നു.

ഒരു കാലത്ത് നാടിനെ ഞെരിച്ച അധികാരത്തിന്റെ ഫ്യൂഡൽ തൃഷ്ണകളെ ഓർമ്മിപ്പിക്കുന്ന കഥാപരിസരം കരിഞ്ചിയമ്മയുടെ നാട്ടുക്കഥകളിലൂടെ അനാവരണം ചെയ്യപ്പെടുന്നു. അധികാരത്തിന്റെ കേന്ദ്രസ്ഥാനത്ത് നിലകൊള്ളുന്ന ഫ്യൂഡൽ ആണധികാരവ്യവസ്ഥയുടെ കാമനകളിലേക്കും ഇരകളുടെ നിസ്സഹായമായ ദൈന്യതയിലേക്കും കണ്ണും കാതും തുറന്നുവച്ച അനുഭവത്തിന്റെ ജീവിതസാക്ഷിയായ കഥാപാത്രമായാണ് കരിഞ്ചി ഈ കവിതയിലേക്ക് കടന്നുവരുന്നത്.

കേരളീയസമൂഹത്തിൽ ഇന്നലെയുണ്ടായിരുന്ന അടിമ / ഉടമ ബന്ധത്തിന്റെ നിർദ്ദയവും നാരകീയവുമായി വ്യവസഥയുടെ ചിത്രം

വരച്ചുവയ്ക്കാൻ കരിഞ്ചി പറയുന്ന കഥയ്ക്കും കഥയുടെ അനുവർത്തനമായി തീരുന്ന ഈ കവിതയ്ക്കും കഴിയുന്നു.

നാട് എന്നത് ചലനാത്മകമായ ഒരു കൂട്ടം മനുഷ്യരുടെ ആവാസലോകം എന്നതിനപ്പുറം എണ്ണിയാലൊടുങ്ങാത്ത അദൃശ്യപാത്രങ്ങളുടെ സഞ്ചാരലോകം കൂടിയാണ്. തെയ്യവും തിറയും ഭൂതപ്രേതങ്ങളും കൂടിച്ചേരുന്ന ഗ്രാമമനസ്സിന്റെ അഭൗമമായ ഒരു ആവാസവ്യവസ്ഥ കൂടിയാണിത്.

> "കരിഞ്ചിയമ്മ പാടുമ്പോൾ കാമവെറിച്ചൂടിലേക്ക്
> മുലപറിച്ചെറിഞ്ഞ പൂമാത നിറഞ്ഞുതുള്ളും
> പുലിമറഞ്ഞ തൊണ്ടച്ചനായ്
> കാരിഗുരിക്കളുടെ അലർച്ച നിറയും."

ഈ അനുഭവസത്യത്തിലേക്ക് കൂടി 'ഒമ്പതുപെണ്ണുങ്ങൾ' എന്ന പുസ്തകത്തിലെ പല കവിതകളും വായനക്കാരെ കൊണ്ടുപോവുന്നുണ്ട്.

വർത്തമാനജീവിതത്തിന്റെ കഥയോടൊപ്പം മിത്തുകളുടെ അന്തർലോകത്തെ കൂടി ഉള്ളിലാവാഹിക്കുന്ന കഥാഭൂമികയും കഥാപാത്രവിനിമയങ്ങളും കരിഞ്ചിയമ്മയിലെന്നപോലെ പല കവിതകളിലും കടന്നുവരുന്നുണ്ട്. ഗ്രാമത്തിന്റെ അബോധത്തിന്റെ കനലാഴങ്ങളിൽനിന്നാണ് മുലപറിച്ചെറിഞ്ഞുകൊണ്ട് സ്ത്രൈണവേദനയുടെ പ്രതിരോധരൂപമായ പൂമാതയും പുലിമറഞ്ഞ തൊണ്ടച്ചനായി കാരി ഗുരുക്കളുടെ അലർച്ചയും കടന്നുവരുന്നത്. ഗ്രാമം വ്യക്തിയിലൂടെ പാടിക്കേൾക്കുന്ന കഥയിൽ ഗ്രാമത്തിന്റെ പൂർവ്വസംസ്കൃതിയുടെ അനേകം അടരുകളുള്ളതായി കരിലാഞ്ചിയിലൂടെ കഥയും ജീവിതവും ഓർമ്മിപ്പിക്കുന്നു.

**സായിപ്പ് ആമിനത്താത്ത**

ഓത്തുപള്ളിയിൽ കിത്താബുമായി പോയിരുന്ന കാലത്ത് ആമിനത്താത്ത ഉണ്ടാക്കുന്ന പുട്ട് പീടികയെത്തിക്കുന്ന ഓർമ്മയിൽ നിന്നാണ് സായിപ്പ് ആമിനത്താത്ത എന്ന കവിത ഉണ്ടാകുന്നത്. ആമിനത്താത്തയുടെ പേരിന്റെ കൂടെയുള്ള സായ്പ് എന്ന വിശേഷണം

സ്ത്രീയിൽനിന്ന് പുരുഷനിലേക്കുള്ള അവരുടെ ജീവിതപരിണാമത്തിന്റെ അടയാളങ്ങളായി മാറുന്നു.

“ആവിയിൽ വെന്ത ഇലമണത്തിൽ
പീടികപ്പടി കയറുമ്പോൾ
നേരം കൊല്ലിക്കുറുക്കനബുവും
ഗുളികൻ കൃഷ്ണനും
മേസ്തിരി കിട്ടനും ബെഞ്ചുനിരങ്ങും
കഥക്കനവുകളിൽ കിനാവുകളുടെ നെഞ്ചുടക്കു കാട്ടി
പുട്ടിൻ മണത്തിൽ അവർക്കിടയിൽ
ആമിനത്താത്ത നുരങ്ങുപതയും
അടികൊണ്ട ചെവിക്കുറ്റി കാട്ടി
കുറുക്കനബുവും
കല്ലേറുകൊണ്ട പാടു കാട്ടി ഗുളികൻ കൃഷ്ണനും ചിരിക്കും.
മേസ്തിരി കുട്ടപ്പന്റെ മുഖമപ്പോൾ
വലിഞ്ഞു മുറുകും
ആമിനത്താത്ത വലിച്ചെറിഞ്ഞ മൂത്രക്കോളാമ്പിയിൽ
കുളിച്ച ചൂരിൽ അയാൾ വെന്തു മൂക്കുപൊത്തും.”

പെണ്ണാണെങ്കിലും ആണിനെപ്പോലെ ഒച്ചയിടാനും മരം കയറാനും കിണറ്റിലിറങ്ങാനും കഴിവുള്ളവളാണ് ആമിനത്താത്ത. അവർ ആനക്കാരൻ മമ്മാസനാൽ മൊഴിചൊല്ലപ്പെട്ടവളാണ്. കാട്ടിലെ ആനയോട് മെരുങ്ങുന്ന മമ്മാസന് വീട്ടിലെ ഭാര്യയായ ആമിനയോട് മെരുങ്ങാനായില്ല. അയാൾ മൊഴിചൊല്ലിയപ്പോൾ ആമിനത്താത്ത കരഞ്ഞില്ല. ഓൻ പോണേൽ പോട്ട് എന്ന് അതിനെ നിസ്സാരമായി കാണാൻ അവർക്ക് കഴിയുന്നു. പക്ഷേ വീട്ടിൽ വളർത്തിയിരുന്ന നജ്മു എന്ന പൂച്ചക്കുട്ടി ചത്തപ്പോൾ എനിക്കാരുമില്ല എന്റെ റബ്ബേ എന്നവർ നിലവിളിച്ചു കരയുന്നു. ജീവിക്കാൻവേണ്ടി പുട്ട് ഉണ്ടാക്കി വിറ്റിരുന്ന ആമിന സമൂഹത്തിൽ സായിപ്പ് ആമിനയായി മാറുന്നത് അവരിൽ നിറഞ്ഞുനിന്നിരുന്ന പുരുഷത്വംകൊണ്ടാണ്. വേഷത്തിലും ഉരപ്പിലും നടപ്പിലും അവർ കാണിക്കുന്ന തന്റേടം പുരുഷൻമാരുടെതായിരുന്നു.

"തോർത്ത് തലയിൽ ചുറ്റിക്കെട്ടി
കുപ്പായത്തിന്റെ കൈകൾ തെറുത്തു കയറ്റി
കൂർത്ത മുലകളെ കനപ്പിച്ച്
തുണി മാടിക്കുത്തി
റോഡിലൂടെ കൈവീശി നടന്നു."

ഇതാണ് ആമിനിത്താത്തയെ പെണ്ണിൽനിന്ന് വ്യത്യസ്തമാക്കുന്ന പ്രധാനഘടകം. അവരുടെ പേരിനൊപ്പം സായ്പ് വന്നുചേരാനുള്ള കാരണവും അതുതന്നെയായിരിക്കാം. അവരുടെ ശരീരഭാഷയേയും പുരുഷോചിതമായ വേഷവിധാനത്തെയും നാടിന്റെ ആണത്തത്തിലേക്കല്ല, വൈദേശികമായ സായിപ്പ് എന്ന നാമധേയത്തിനൊപ്പമാണ് സമൂഹം ചേർത്തുകെട്ടുന്നത്. ആമിനയിലെ സ്ത്രീയെ മദാമ്മയിലേക്ക് പരിവർത്തിപ്പിക്കുന്നതിനു പകരം സായിപ്പെന്ന പുരുഷവൈദേശികസ്വത്വത്തിലേക്ക് തളിച്ചിടാനാണ് സമൂഹം ശ്രമിച്ചിരുന്നത് എന്ന് ഇവിടെ വ്യക്തമാവുന്നു.

**കൊരങ്ങാച്ചി ആസീത്ത**

ഭർത്താവിനാൽ മൊഴിചൊല്ലപ്പെട്ട അതൃപ്തദാമ്പത്യത്തിന്റെ ഇരയാണ് കൊരങ്ങാച്ചി ആസീത്ത എന്ന കഥാപാത്രം. കൊരങ്ങാച്ചി എന്ന വിശേഷണത്തിലൂടെയാണ് ആസീത്തയുടെ പേര് ഗ്രാമസ്മൃതികളിൽ മുദ്രിതമായിത്തീരുന്നത്. മറ്റു പല സ്ത്രീപാത്രങ്ങളെയും പോലെ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളാണ് ആസീത്തയും. ആരോ കൂടോത്രം ചെയ്തിട്ടാണ് തന്റെ മാപ്ല പിണങ്ങി പേട്ടയിൽ പോയി പെണ്ണുകെട്ടിയത് എന്നാണവർ വിശ്വസിക്കുന്നത്. കൂടോത്രം പേടിച്ച് അവർ കാണുന്ന കുപ്പികളെയൊക്കെ ഭയന്നു. ജിന്നിനെ അകറ്റാൻ കൈയിൽ ചരടുകെട്ടി നടന്നു. വിശ്വാസത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും ജന്മാന്തരങ്ങളിൽനിന്ന് അവർക്ക് വെളിപാടുണ്ടായപ്പോൾ അവർ നൊസ്സു (ഭ്രാന്ത്) മായി വീട്ടിൽനിന്ന് തെരുവിലേക്ക് ഇറങ്ങി നടന്നു.

"നിലവിളിച്ചും തമാശയിൽ പൊട്ടിച്ചിരിച്ചും
ഇടയ്ക്കിടെ മാപ്ലയുടെ

മണം തിരഞ്ഞും തെരുവിലലഞ്ഞു.
തെരുവ് ആസീത്തയ്ക്കുമേൽ
സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും
പുതപ്പ് വലിച്ചിട്ടു.''

തെരുവിൽനിന്ന് മരണത്തിലേക്ക് വെള്ളപുതച്ച് യാത്രയായ ആസീത്തയുടെ ഓർമ്മ ഗ്രാമസ്മൃതികളിൽ നൊസ്സിന്റെ ചിത്രമായും ചരിത്രമായും മാറുന്നു. കവി തന്റെ ജീവിതപ്പാതയിലുടനീളം കണ്ടുമുട്ടുന്നത് നോവുകൾ മുളയ്ക്കുന്ന ഇത്തരം കുന്നുകളാണ്. ഉന്മാദത്തിന്റെ ചെത്തിക്കാടുകൾ പൂക്കുമ്പോൾ നക്ഷത്രങ്ങൾക്കുവേണ്ടി താരാട്ടുപാട്ട് കോർക്കുകയും പാട്ടിന്റെ ഈണങ്ങളിൽ കവിയും ആസീത്തയുമൊന്നിച്ച് സ്വപ്നങ്ങൾക്ക് നിറംചേർത്ത് തെരുവിനെത്തന്നെ കവിതയാക്കി മാറ്റുകയും ചെയ്യുന്നു. കവി വർഷങ്ങൾക്കുശേഷം ഓർക്കുമ്പോൾ ആസീത്ത പലവിധജീവിത ഋതുക്കളുടെ ഒരു കവിതയായി മാറുന്നു. എന്റെ കവിതയിലെ മാലാഖ എന്ന് വെളിപ്പെടുത്തുംവിധം കവിതയും ആസീത്തയുടെ ഓർമ്മയും ഇവിടെ ഒന്നായിത്തീരുന്നു.

**പത്തരകൗസുവേച്ചി**

നാട്ടുജീവിതത്തിന്റെ വിശ്വാസപ്രമാണങ്ങളോട് കണ്ണിച്ചേർക്കപ്പെടുന്ന ഒരു സ്ത്രീയുടെ ജീവിതകഥയാണ് പത്തരകൗസുവേച്ചി എന്ന കവിത. കൗസുവേച്ചി കരിങ്കണ്ണുള്ളവളാണ്. അതുകൊണ്ടുതന്നെ അവളുടെ സാന്നിധ്യം എല്ലാവരും ഭയപ്പെടുകയും ആ പേര് ഒരു നാടിന്റെ അടക്കം പറച്ചിലിന്റെ നിലയ്ക്കാത്ത ശബ്ദമായിത്തീരുകയും ചെയ്യുന്നു.

എണേ എന്ന് വിളിച്ച് എല്ലാ വീടുകളും കയറിയിറങ്ങുന്ന കൗസുവേച്ചിയേയാണ് ഈ കവിതയിൽ കവി പരിചയപ്പെടുത്തുന്നത്. ഗ്രാമത്തിലെ അടുക്കളകളൊക്കെയും അവരെ അകറ്റിനിർത്തി. അടുക്കകളുടെ അടക്കം പറച്ചിലുകൾ കൗസു കരിങ്കണ്ണിയാണെന്ന് എപ്പൊഴോ പറഞ്ഞുവച്ചിരുന്നു. അതുകൊണ്ടുതന്നെ കൗസുവേച്ചിയുടെ കൂറ്റ് (ശ്ബ്ദം) കേൾക്കെ ഗ്രാമം ഭയന്നു. അയാൾ കേൽവിയിലേക്ക് വെളി

പ്പെട്ടുപോകുന്നതൊക്കെയും വീട്ടുകാർ പരമരഹസ്യങ്ങളാക്കി ഒളിപ്പിച്ചു. ആയിഷത്താത്തയുടെ ഒമ്പതാംഗർഭം പൂർത്തിയാകാൻ ഒരു മാസം ശേഷിക്കെ നീളൻ കുപ്പായത്തിൽ ഒളിപ്പിച്ച അവരുടെ വയറിലേക്ക് തുറിച്ചുനോക്കി അവർ പറഞ്ഞത് ഒളിപ്പിക്കേണ്ട മോളേ പഴുത്താൽ കൊമ്പത്തു നിൽക്കില്ല എന്നായിരുന്നു. ഇതു പറഞ്ഞതും അന്നു രാത്രിതന്നെ അവൾ പെറ്റതും അവരുടെ കരിങ്കണ്ണിന്റെ കഥയായി നാട്ടിലാകെ പരന്നു. ഇതുപോലെ കൗസുവേച്ചിയുടെ കരിങ്കണ്ണിന്റെ കഥകൾ എത്രയോ നാടിന് പറയാനുണ്ട്. അതുകൊണ്ടുതന്നെ ഗ്രാമമാകെയും കരിങ്കണ്ണിയെന്ന് വിളിച്ച് അവരെ മാറ്റി നിർത്തുമ്പോഴും കവി ഇവരെ മനസ്സിനൊപ്പം അത്രയടുപ്പത്തോടെ ചേർത്തു നിർത്തുന്നു. സമൂഹത്തിന്റെ തിരസ്കാരത്തിൽനിന്ന് കവിതയുടെ സ്വീകാര്യതയിലേക്കാണ് കരിങ്കണ്ണിയായ കൗസുവേച്ചിയെ കവി കൂട്ടിക്കൊണ്ടുവരുന്നത്.

> "വേദങ്ങളെല്ലാം ഉരുവം കൊള്ളുന്നത്
> തിരസ്കരിക്കപ്പെട്ട കൗസുവേച്ചിമാരിൽ നിന്നാണെന്ന്
> കവിതയെഴുതിയെഴുതി.
> മൗനങ്ങളുടെ കെട്ടുകളിൽ കുടുങ്ങിപ്പോയ
> മൗനിബാബയുടെ പിറുപിറുക്കലുകളിൽനിന്നാണ്
> ഞാൻ കൗസുവേച്ചിയുടെ
> കാലടികളിൽ ചവിട്ടിയത്."

തിരസ്കരിക്കപ്പെട്ടവരുടെ വേദങ്ങളെ വേദനകൾപ്പുറം നിർത്തിക്കാണുമ്പോൾ ജീവിതത്തിന്റെ പിടികിട്ടാത്ത അനേകം ദാർശകനിക തലങ്ങളിലേക്ക് കവിത കടന്നുചെല്ലുന്നു. കൗസുവേച്ചിപറഞ്ഞ കഥയും കൗസുവേച്ചിയുടെ കഥയും ഓർമ്മയുടെ രൂപം കൈവരികയും ഗ്രാമചരിത്രത്തിലേക്ക് ചേർത്തുവച്ചുകൊണ്ട് കവി തിരസ്കൃതരുടെ ജീവിതചിത്രം വരച്ചുവയ്ക്കുകയുമാണ് ചെയ്യുന്നത്.

**ഉമ്മ**

'ഒമ്പതുപെണ്ണുങ്ങൾ' എന്ന പുസ്തകത്തിൽ കവിയുടെ സ്മൃതിരാശിയിൽ തെളിഞ്ഞുവരുന്ന കഥാപാത്രമാണ് ഉമ്മ. മറ്റു കഥാപാത്ര

ങ്ങളൊക്കെ ഗ്രാമാന്തരങ്ങളിൽനിന്നാണ് കവിതയിലേക്ക് കടന്നുവരുന്നത്. ഉമ്മയാകട്ടെ വീടിന്റെ ഏകാന്തതയിൽ ഒറ്റപ്പെടലിന്റെ ഒരു തുരുത്തായി നിലകൊള്ളുന്നു. നാട്ടുവഴികൾ വിട്ട് കവി വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ കാലത്തോടൊപ്പം പഴകിവരുന്ന ജീവിതത്തിന്റെ അവശേഷിപ്പുകൾപോലെ സ്നേഹത്തിന്റെ പാൽചുരത്തി നിൽക്കുന്ന ഉമ്മയെ കണ്ടറിയുന്നു. മറ്റു കവിതകളിലെ സ്ത്രീരൂപങ്ങളിൽ മാതൃത്വത്തിന്റെ സ്നേഹഭാവങ്ങൾ കടന്നുവരുന്നുണ്ടെങ്കിലും മാതൃത്വത്തിന്റെ പൂർണ്ണരൂപം തെളിമയോടെ വെളിപ്പെടുന്നത് ഉമ്മ എന്ന കവിതയിലാണ്.

"ഒച്ചമാത്രമാണുമ്മ
പായയിൽ മലർന്നുകിടന്ന്
ഓർമ്മയിൽ ഉഷ്ണപ്പുണ്ണുമാന്തി
മോനേയെന്ന ഉറവിൽ തനുതേടുന്നു
മഞ്ഞുമൂടുന്ന കണ്ണുകൾ."

രോഗശയ്യയിൽ കിടക്കുമ്പോൾ വല്ലപ്പോഴും നടത്തുന്ന സന്ദർശനങ്ങൾ അമ്മയും മകനും തമ്മിലുള്ള ബന്ധമല്ല ബന്ധമില്ലായ്മയാണ് കവി കുറ്റബോധത്തോടെ ഏറ്റുപറയുന്നത്. ഉമ്മ കിടക്കുന്ന അകത്തേക്ക് ഏന്തി നോക്കി എളുപ്പത്തിൽ വാതിൽപ്പടി കടന്നുമറയുമ്പോഴും മുറിച്ചുകളയാനാകാത്ത ഏതോ ആദൃശ്യത അമ്മയും മകനും തമ്മിലുള്ള ബന്ധത്തിനുമേൽ ഇഴപിരിക്കുന്നു. മുലപ്പാലും നെഞ്ചിലെ സ്നേഹമിടിപ്പും കൊടുക്കുന്ന ഉമ്മവഴിയും സ്നേഹത്തിന്റെ ചുളിഞ്ഞ കൈകൾ തന്നിലേക്ക് നീണ്ടുവരുമ്പോൾ തിരിച്ചുനടക്കുന്ന പുത്രവഴിയും ജീവിതത്തിന്റെ വിപരീതങ്ങളായി ഈ കവിതയിൽ ഇഴപിരിയുന്നു.

ഇടറിവീഴും നേരം നീണ്ടുവരുന്നതായിരുന്നു ഉമ്മയുടെ സ്നേഹത്തിന്റെ കൈകൾ. ശക്തിചേർന്ന ആ കൈകൾ ചുളിഞ്ഞുമെലിഞ്ഞതായിത്തീർന്നു. കണ്ണുകൾ പീളകെട്ടി, അറിയാതെ ഇറ്റിപ്പോയ മൂത്രത്തിന്റെ നനവും മണവുമായിക്കൂടി ഉമ്മ ഓർമ്മയിലേക്ക് കടന്നുവരുന്നു.

ഷുക്കൂർ അവതരിപ്പിക്കുന്ന ഒമ്പതുപെൺജീവിതങ്ങളിലും വേദനയുടെ തളംകെട്ടലോടൊപ്പം വേദനയിൽനിന്ന് ഊറിവരുന്ന ഉന്മാദത്തിന്റെ പൊട്ടിച്ചിരിയും കൂടിക്കലരുന്നു. പടികടന്ന് അകത്തേക്ക് കയറുമ്പോൾ കേൾക്കുന്ന ഉമ്മയുടെ പൊട്ടിച്ചിരിയിലാണ് ഉമ്മ എന്ന കവിത അവസാനിക്കുന്നത്.

"അകപ്പടി കടക്കാൻ നേരം
അകത്തിരുന്നാരോ ചിരിക്കുന്നു
കാലടികളിൽ കിടന്ന്
കാലമോ ?
ഇരുളിൽ കിടന്നുമ്മയോ ?
പറയാതെ പറയുന്ന
കണ്ണിലെ മൗനമോ ?" - എന്ന ചോദ്യത്തിൽ ശബ്ദരഹിതമായ ചിന്തമാത്രമായി കവിത അവസാനിക്കുകയും ചെയ്യുന്നു.

**പഴമയുടെ ചിഹ്നങ്ങൾ**

അച്ചടക്കമുള്ള അന്വേഷണം എന്ന നിലയിൽ ചരിത്രം ലക്ഷ്യമിടുന്നത് ഓർമ്മയുടെ വിശാലമായ നിർവ്വചനം നിലനിർത്തുക അല്ലെങ്കിൽ ഓർമ്മയെ തിരിച്ചുവിളിക്കുന്ന പ്രക്രിയ കഴിയുന്നത്ര കൃത്യമാക്കുക എന്നതാണെന്ന് തോമസ് ട്രാൻസ്ട്രോമർ പറഞ്ഞുവയ്ക്കുന്നു. ഒരു കവിയെ സംബന്ധിച്ചിടത്തോളം ഓർമ്മയുടെ പുനഃസൃഷ്ടിയിൽ ചരിത്രത്തിന്റെ വസ്തുനിഷ്ഠതയല്ല പ്രധാനമായിത്തീരുന്നത്. വ്യക്തിബന്ധങ്ങളും ദേശബന്ധങ്ങളും സംബന്ധിച്ച കവിയുടെ ഓർമ്മയും അനുഭവങ്ങളും വൈകാരികവും വ്യക്തിപരവുമായി ഒരു മാനസിക പുനഃസൃഷ്ടിയായി മാറുകയാണ് ചെയ്യുന്നത്. ഈ പുസ്തകത്തിലെ ഒമ്പതുപെണ്ണുങ്ങളും ഒരു നാട്ടിമ്പുറത്തിന്റെ പ്രതിനിധീകരണമാണെങ്കിലും സാമുദായികഘടകങ്ങൾ വ്യത്യസ്തമാണ്. പൊതുവായി പറയാവുന്ന ഒരു നാട്ടുഭാഷ അവർക്കുണ്ടെങ്കിലും അവരോരുത്തരുടെ ഭാഷയിലുമുള്ള സാമുദായികഭേദങ്ങൾ പ്രകടമാണ്. കാലം മാറുമ്പോൾ പഴയകാലത്തുപയോഗിച്ചിരുന്ന പല വാക്കുകളും പുതിയ കാലത്തിൽ ഉപയോഗിക്കപ്പെടാതെ പോവുകയോ അതുകൊണ്ടുതന്നെ

പുതിയ തലമുറകൾക്ക് അവ അപരിചിതമായി മാറുകയോ ചെയ്യുന്നുണ്ട്. പുതിയ ജീവിതവും പുതിയവഴിയും രൂപപ്പെട്ടതോടെ കാലത്തിന്റെ വഴികളിലെവിടെ വച്ചോ നഷ്ടപ്പെട്ട വാക്കുകളെ കവി ഓർമ്മ വഴികളിൽനിന്ന് വീണ്ടെടുക്കുന്നു. ചില ഉദാഹരണങ്ങൾ. കെട്ടുകാരി -ചുമടേറ്റുന്ന സ്ത്രീകൾ, ബുലക്കായി-പ്രായപൂർത്തി, നൊമ്പലം-പ്രസവവേദന, കോന്തല-സാരിത്തലപ്പ്, അത്താണി-ചുമടിറക്കി, തെരിയ-ചുമടെടുക്കുമ്പോൾ തലയിൽ വയ്ക്കുന്ന ചുറ്റ്, മോന്തി-രാത്രി തുടങ്ങിയ വാക്കുകളാണ് ആയിശേമിത്ത എന്ന കവിതയിൽ നിന്ന് കണ്ടെടുത്തവ. പായ്യാരം-സങ്കടം പറച്ചിൽ, കൊരമ്പ-തലയിൽ ചൂടുന്ന ഉപകരണം, നുരി-നെല്ലിൻമുള നടൽ, മുരുട-ഒരു പാത്രം, വാർത്താളി -ഭുതപിശാചുക്കൾ, തേറ്റ-ദംഷ്ട്ര തുടങ്ങിയ വാക്കുകൾ ആസിഡ് കല്യാണി എന്ന കവിതയിലും കാണുന്നു. ഓസ്തി-കുർബാനയ്ക്കുശേഷം കൊടുക്കുന്ന അപ്പം, കപ്പച്ചരമ്പ്-വെട്ടിയെടുത്തശേഷം ബാക്കിവരുന്ന ചെറിയ കപ്പയുടെ അവശേഷിപ്പുകൾ തുടങ്ങിയ വാക്കുകൾ ത്രേസ്യാമ്മച്ചേടത്തി എന്ന കവിതയിലുണ്ട്. കരിഞ്ചിയമ്മ എന്ന കവിതയിൽ കടന്നുവരുന്നത് കോന്തല, മൂരുക, മങ്ങലം തുടങ്ങിയ വാക്കുകളാണ്. എണേ- എടി, കൂറ്റ്-ഒച്ച എന്ന പദങ്ങൾ പത്തര കൗസുവേച്ചി എന്ന കവിതയിലും കാണുന്നു. ഈ വാക്കുകളത്രയും ഭൂതകാലത്തിൽ നിന്ന് ഉണർവ്വോടെ കവിതയിലേക്ക് ഉയിർത്തെഴുന്നേറ്റു വരുന്ന ഗ്രാമീണപദങ്ങളാണ്.

**ഉപസംഹാരം**

ഭാഷകൊണ്ടും ആഖ്യാനംകൊണ്ടും കവികൾ നടത്തുന്ന സ്വാതന്ത്ര്യത്തിൻെറ ബഹുവിധമായ അടയാളപ്പെടുത്തലുകളാണ് ആധുനികോത്തരകവിതകളിൽ പ്രകടമായും കാണുന്നത്. അത് മണ്ണിൽ ചവിട്ടിനിന്ന് ജീവിതത്തെയും മനസ്സിൽ തൊട്ടുനിന്ന് അനുഭവത്തെയും പലമട്ടിൽ അവതരിപ്പിക്കുന്നു. സ്ഥൂലത്തിനു പകരം സൂഷ്മത്തിന്റേതായ പുതിയൊരിടവും ഇടപെടലും പുതുകവിതകളിൽ ആവർത്തിക്കുന്നു. സമകാലദൃശ്യസംസ്കാരത്തിന് അനുപൂരമാംവിധം കാഴ്ചയുടേതായ സൂക്ഷ്മസംസ്കാരം കവിതയിലേക്കും കടന്നുവരുന്നുണ്ട്. അത് ക്യാമ

റക്കാഴ്ചയ്ക്ക് സമാനമോ സമാന്തരമോ ആയി മാറുന്നു. ക്യാമാറക്കാഴ്ച യുടെ സങ്കേതികമായ പ്രത്യേകത സ്ഥൂലമായതിനെ അങ്ങേയറ്റം സൂക്ഷ്മമാക്കാൻ കഴിയും എന്നതാണ്. ഒരു വസ്തുവിനെ/ കാഴ്ചയെ/ അനുഭവത്തെ പറ്റാവുന്നത്ര 'സൂം' ചെയ്യുമ്പോൾ കിട്ടുന്ന കാഴ്ചയുടെ ഈ വ്യതിരിക്തത ആധുനികാനന്തരകവിതകളാണ് ഏറ്റവും നന്നായി സംവേദിപ്പിക്കുന്നുണ്ട്. കഥയിലും നോവലിലും സിനിമയിലും ഒക്കെ യും സൂക്ഷ്മത്തിലേക്കുള്ള നോട്ടം ഇന്നേറെ സജീവമാണ്. 'ഒമ്പതു പെണ്ണുങ്ങൾ' എന്ന ഗ്രാമജീവിതകഥാപാത്രങ്ങളുടെ കാവ്യാവിഷ്കാ രത്തിലും ഓർമ്മകളെ ഏറ്റവും അടുത്തുനിന്നു നോക്കിക്കാണുന്നതിന്റെ സൂക്ഷ്മതയാണ് വ്യക്തമാവുന്നത്.

'ഒമ്പതുപെണ്ണുങ്ങളി'ലെ സ്ത്രീരൂപങ്ങൾ ഏകശിലാത്മകമായ സ്ത്രീപാത്രങ്ങളുടെ കേവലമായ സ്മൃതിചിത്രങ്ങളല്ല. അതിനുമപ്പുറം കവി കണ്ടറിഞ്ഞതും മിണ്ടിപ്പറഞ്ഞതുമായ ഒരു കൂട്ടം സ്ത്രീകളുടെ വാങ്മയരേഖകളാണ്. കവിയുടെ അനുഭവങ്ങളും ഓർമ്മകളും കൂടി ക്കലർന്ന് ഈ പാത്രങ്ങൾ ആത്മകഥാരൂപങ്ങൾ എന്നതിനേക്കാൾ അനുഭവത്തിന്റെ ആത്മരേഖകളായും ദേശരേഖകളായും ചിരിത്രരേ ഖകളായും മാറുന്നു. പല മനുഷ്യരധിവസിക്കുന്ന ചുറ്റുവട്ടത്തിന്റെ വ്യത്യ സ്തമായ സാമുദായികസ്വരൂപങ്ങളായിക്കൂടി ഇവർ കവിതയിൽ അട യാളപ്പെടുന്നു. പേര്, ഭാഷ, മതം എന്നിവകൊണ്ടും ജീവതംകൊണ്ടും ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ മതാത്മകതയുടെ വ്യക്തി/ സാമൂഹികസ്വരൂ പങ്ങളും കൂടിയാണ് ഈ സ്ത്രീപാത്രങ്ങൾ. മലക്കുകളും നീലിയും യക്ഷികളുടെ പ്രേതസഞ്ചരങ്ങളും കൂടിച്ചേർന്ന അവരുടെ കഥനങ്ങ ളിൽ ഗ്രാമഹൃദയം ഒരു കാലത്ത് അശാന്തമായി സ്പന്ദിച്ചിരുന്നു. ഒമ്പതു പെണ്ണുങ്ങളിലൂടെ ജനനവും മരണവും ഉന്മാദവും കൂടിച്ചേർന്ന രാപ്പ കലുകൾ കൂടി വെളിപ്പെട്ടുവരുന്നു. കവിയുടെ ബാല്യകാലത്ത് വിശ പ്പിന്റെ നിലവിളികളിൽ ഇവർ കനിവിന്റെ പൈദാഹശമനങ്ങളായി മാറു ന്നു.

നാട്ടുഭൂപടങ്ങളിൽനിന്ന് കവിയുടെ ഓർമ്മകൾ കണ്ടെടുക്കുന്ന സ്ത്രീസത്തകളൊക്കയും പഴയകാല ഗ്രാമീണതയുടെ വ്യത്യസ്തമായ

സ്ത്രീരൂപമാതൃകങ്ങളാണ്. വീടിന്റെ അകത്തളങ്ങളിൽ ഇവരാരും തളിച്ചിടപ്പെടുന്നില്ല. വീടുവിട്ട് നാട്ടുവഴികളിലാകെയും ഇവരുടെ ജീവിതം പടർന്നുപന്തലിക്കുന്നു. ജീവസന്ധാരണത്തിന്റെ പെൺവഴികളിലൂടെ അവർ നടത്തുന്ന യാത്രകൾ കഠിനതരവും വിഷമതരവുമാണ്. സമൂഹമധ്യത്തിലേക്കിറങ്ങുന്ന ഈ സ്ത്രീകൾ ഏറ്റുവാങ്ങുന്ന വിഷമകതളിൽ പ്രധാനം അവരെ ചുറ്റിപ്പറ്റിയുള്ള അപവാദങ്ങളാണ്. എല്ലാകാലത്തും സ്ത്രീകളെ പുരുഷന്മാർ നേരിട്ടത് അപവാദകഥകളിലൂടെയാണ്. ആദികാവ്യമായ രാമായണം തൊട്ടേ അതാരംഭിക്കുന്നു. സ്ത്രീ പുരുഷനെ ഉപേക്ഷിക്കാനും സമൂഹത്തിന് അവളെ തള്ളിക്കളയാനുള്ള സാധുത ആണധികാരവ്യസ്ഥയുടെ അധികാരമായിത്തീരുന്നതാണ് ഇതിഹാസങ്ങൾ നമുക്ക് കാണിച്ചുതന്നത്. സ്ത്രീശരീരം പുരുഷന്റെ കാമനകളുടെ മാത്രമല്ല; സംശയത്തിന്റെ ഇടമായി പെൺശരിരങ്ങൾ കവിതയിലും ജീവിതത്തിലും ആവർത്തിക്കപ്പെടുന്നു. സംശയത്തിന്റെ പുരുഷദൃഷ്ടികൾ വീട്ടിലും നാട്ടിലും ഒരുപോലെയായിത്തീരുന്നു. ഭർത്താവിന്റെ ചാരിത്ര്യസംശയത്തിൽ നിന്നാണ് കല്യാണിക്ക് മുഖം നഷ്ടപ്പെടുന്നതും ആമിനത്താത്ത മൊഴി ചൊല്ലപ്പെടുന്നതും. കുരങ്ങാച്ചി ആസീത്തയും മൊഴിചൊല്ലപ്പെട്ടവളാണ്. നടന്നുകണ്ട കാലത്തും ഇപ്പോഴത്തെ ഇരുന്നുകാണുന്ന കാലത്തും സ്ത്രീകളുടെ ജീവതഭൂപടങ്ങളിൽ ഒരേ പോലെയായീത്തീരുന്നു എന്ന യാഥാർത്ഥ്യത്തിലേക്കാണ് കവിത പലഘട്ടങ്ങളിലും വായനക്കാരെ കൊണ്ടുപോകുന്നത്.

ആധുനികോത്തരകവിത പ്രമേയത്തിലും ആഖ്യാനത്തിലും പുലർത്തുന്ന പുതുമയും വൈവിധ്യവും കൊണ്ടാണ് സവിശേഷമായിത്തീരുന്നത്. സർഗ്ഗാത്മകതയെ ഭാവനാത്മകമായും ആശയപരമായും അവതരിപ്പിച്ചുപോന്ന കവിതയുടെ പൂർവ്വപാരമ്പര്യത്തെ തിരുത്താനും അനുഭവത്തിന്റെ ചുറ്റുവട്ടങ്ങളെ അവകാശവാദങ്ങളേതുമില്ലാതെ ഏറ്റെടുക്കാനും പുതുകവികൾക്ക് സാധിക്കുന്നുണ്ട്. സ്ത്രീയെ കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നതിന്റെ ആധുനികോത്തരമുഖം ഏറ്റവും നന്നായി കാട്ടിത്തരാൻ 'ഒമ്പതുപെണ്ണുങ്ങൾ' ക്ക്സാധിക്കുന്നു.

**ഗ്രന്ഥസൂചി**

1. Transtormer, Tomas, About History, The half finished hevean - selected poems, Penguin books, UK, 2017

2. Arendt, Hannah, The Life of Mind, The Groundbreaking Investigation on How We Think, Harcourt Brace Jovanovich, New York,1977

3. Tandon, Neeru, Feminism: A Paradigm Shift, Atlantic Publication, New Delhi, 2008

4. പെടയങ്ങോട്, ഷൂക്കൂർ, ഒമ്പതുപെണ്ണുങ്ങൾ. വരാന്ത ബുക്സ്, കണ്ണൂർ

# ലൈംഗികന്യൂനപക്ഷങ്ങളുടെ ആവിഷ്ക്കാരം മാധവിക്കുട്ടിയുടെ രചനകളിൽ

**മിത്ര എസ്.ജി.**

**ഗവേഷക**

**മലയാളവിഭാഗം, കേരളസർവകലാശാല**

**സംഗ്രഹം**

സ്ത്രീ,പുരുഷൻ എന്നീ ലിംഗസ്വത്വത്തിനു പുറത്തുള്ളവരെയാണ് ലൈംഗികന്യൂനപക്ഷങ്ങൾ എന്നുവിളിക്കുന്നത്. ലൈംഗികന്യൂനപക്ഷങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഇന്ന് സജീവമാണ്. ലെസ്ബിയനുകൾ, ഗേകൾ, എതിർലിംഗത്തിന്റെ സ്വഭാവസവിശേഷതകൾ പ്രകടിപ്പിക്കുന്ന ട്രാൻസ്ജൻഡറുകൾ, സ്വന്തം ലിംഗത്തിൽപെട്ടവരോടും എതിർലിംഗത്തിൽപ്പെട്ടവരോടും ഒരുപോലെ ബന്ധം പുലർത്താൻ കഴിയുന്ന ബൈസെക്ഷ്വൽസ് തുടങ്ങിയവരെല്ലാം ലൈംഗികന്യൂനപക്ഷങ്ങളിൽ ഉൾപ്പെടുന്നവരാണ്. ലൈംഗികന്യൂനപക്ഷങ്ങളെക്കുറിച്ച് സാധാരണക്കാരായ മലയാളികൾക്ക് ഒരുതരത്തിലുള്ള അറിവും ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ അത്തരക്കാരെക്കുറിച്ച് സാഹിത്യസൃഷ്ടി നടത്തിയ എഴുത്തുകാരിയാണ് മാധവിക്കുട്ടി. മാധവിക്കുട്ടിയുടെ കഥകളായ സ്ത്രീ, ചന്ദനമരങ്ങൾ, ചന്ദ്രരശ്മികൾ, നപുംസകങ്ങൾ എന്നിവയിലെ ലെസ് ബിയൻ, ട്രാൻസ്ജൻഡർ, ഗേ, ബൈസെക്ഷ്വൽ സ്വത്വങ്ങളെ പഠനവി ധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ**

ലെസ്ബിയൻസ് - ഗേ - ബൈസെക്ഷ്വൽസ് - ലിംഗഭേദം - ലിംഗ സ്വത്വം

ഭൂമിയിലെ ജന്തുജീവജാലങ്ങളിൽ ഏറ്റവും കൂടുതൽ മസ്തിഷ്ക്കവികാസം പ്രാപിച്ച ജീവിയാണ് മനുഷ്യൻ. അതുകൊണ്ടുതന്നെ മനുഷ്യൻ മറ്റു ജന്തുജീവജാലങ്ങളിൽ നിന്നും ജീവിതരീതികളിലും ജീവിതനിലവാരത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ലൈംഗികതയിലും ലൈംഗികതാൽപ്പര്യങ്ങളിലും മറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തരായ മനുഷ്യർ വംശവർദ്ധനവ് എന്ന ലക്ഷ്യത്തിനുപരി ലൈംഗികതയെ ആനന്ദത്തിനു വേണ്ടിക്കൂടി ഉപയോഗിക്കുന്നവരാണ്. പ്രത്യുൽപ്പാദനക്രിയയുമായി ബന്ധപ്പെടുത്തിയുള്ള സ്ത്രീ-പുരുഷ വ്യത്യാസത്തെയും പ്രത്യുൽപ്പാദനവുമായി ബന്ധപ്പെടുത്തിയുള്ള ലൈംഗികപ്രവൃത്തിയെയുമാണ് ലിംഗഭേദം എന്ന പദം അർത്ഥമാക്കുന്നത്. ആൺ/പെൺ വ്യത്യാസം അഥവാ ലിംഗഭേദം പ്രകൃതിദത്തമാണ്. വ്യക്തിയുടെ ശരീരത്തിലെ ക്രോമസോമുകൾ, ഹോർമോണുകൾ ആന്തരികലൈംഗികാവയവങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ നിന്നാണ് ഒരു വ്യക്തി ആൺ/പെൺ/ട്രാൻസ്ജൻഡർ എന്നിങ്ങനെ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു എന്ന് മനസ്സിലാക്കുന്നത്.

ഒരു വ്യക്തിയുടെ ലിംഗഭേദ (sex)ത്തിനനുസരിച്ച് സമൂഹം കൽപ്പിച്ചു നൽകുന്ന സ്വത്വത്തെയാണ് ലിംഗസ്വത്വം (gender) എന്ന് പറയുന്നത്. ഇത് വ്യക്തിക്ക് നൈസർഗ്ഗികമായി ഉണ്ടാകുന്നതോ സ്വയം തിരഞ്ഞെടുക്കാൻ കഴിയുന്നതോ അല്ല. ലിംഗഭേദ (sex)ത്തിനനുസരിച്ച് സമൂഹം സ്ത്രീക്കും പുരുഷനും സവിശേഷമായ സ്വഭാവസവിശേഷതകളും പെരുമാറ്റരീതികളും കൽപ്പിച്ചു നൽകുന്നു.

**സ്ത്രീയിൽ നിന്നും ചന്ദനമരങ്ങളിലേക്ക്**

മാധവിക്കുട്ടിയുടെ ലെസ്ബിയൻ രചനകളാണ് 'സ്ത്രീ' 'ചന്ദനമരങ്ങൾ' എന്നിവ. 1947 ജൂൺ 22-ന് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചു വന്ന 'സ്ത്രീ' മലയാളത്തിലെ ആദ്യ ലെസ്ബിയൻ

ചെറുകഥയാണ്. ഒരു ലെസ്ബിയൻസ്ത്രീ തന്റെ ജീവിതത്തിൽ വരുത്തിയ പ്രശ്നങ്ങളെക്കുറിച്ചും തന്റെ ജീവിതം നിരാശാമയമാക്കിയതിനെക്കുറിച്ചും ഒരു പുരുഷൻ കഥ പറയുന്ന രീതിയിലാണ് 'സ്ത്രീ' യിലെ ആഖ്യാനരീതി. കാമുകിയായ പ്രസന്നയാണ് തന്റെ കളിക്കൂട്ടുകാരിയായ രമണിയെ രവിക്ക് പരിചയപ്പെടുത്തിക്കൊടുത്തത്. അവളുടെ തീക്ഷ്ണമായ നോട്ടം അയാളെ എപ്പോഴും പരിഭ്രമിപ്പിച്ചിരുന്നു.

പ്രസന്നയും രവിയുമായുള്ള പ്രണയം രമണിയെ അസ്വസ്ഥയാക്കി. അത് മനസ്സിലാക്കിയ രവി വിശ്വസിച്ചത് രമണി തന്നെ പ്രണയിക്കുന്നുണ്ടാകും എന്നാണ്. ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള പ്രണയത്തിൽ മറ്റൊരു സ്ത്രീ അസ്വസ്ഥയാകുന്നത് ആ സ്ത്രീയും ആ പുരുഷനെതന്നെ പ്രണയിക്കുന്നതുകൊണ്ടാണ് എന്ന പരമ്പരാഗത ചിന്തയാണ് രവിയിലുണ്ടാകുന്നത്. എന്നാൽ രമണി പ്രസന്നയെ തീവ്രമായി പ്രണയിച്ചിരുന്നു. രവിയിൽ തന്റെ പ്രതിയോഗിയെയാണ് അവൾ ദർശിച്ചത്. രവിയെ സംബന്ധിച്ചിടത്തോളം രണ്ടു പെൺകുട്ടികൾ തമ്മിൽ സൗഹൃദത്തിനപ്പുറം ഒരു ബന്ധം പ്രതീക്ഷിക്കുന്നതേയില്ല. പ്രസന്നയും രവിയുമായുള്ള വിവാഹം നിശ്ചയിച്ചു കഴിഞ്ഞ് രമണി രവിയെ കാണുകയും പ്രസന്നയോടുള്ള തന്റെ തീവ്രപ്രണയത്തെക്കുറിച്ച് തുറന്ന് സംസാരിക്കുകയും ചെയ്യുന്നു. രമണി ഭ്രാന്തിയെപ്പോലെ കരയുകയും പ്രസന്നയെ തന്നിൽ നിന്നും തട്ടിപ്പറിച്ചാൽ താനവളെ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് രവി വിവാഹത്തിൽ നിന്ന് പിൻവാങ്ങുകയും നിരാശ ബാധിച്ച പ്രസന്ന രണ്ട് മൂന്ന് വർഷങ്ങൾക്കു ശേഷം വിഷജ്വരം പിടിപെട്ട് മരിക്കുകയും ചെയ്യുന്നു. പ്രസന്നയുടെ മരണമറിഞ്ഞ രമണി ആത്മഹത്യ ചെയ്യുകയും രവി അവിവാഹിതനായി തുടരുകയും ചെയ്യുന്നു.

സ്ത്രീപുരുഷബന്ധങ്ങൾക്ക് പുറത്ത് നിൽക്കുന്ന ലെസ്ബിയൻ സ്വത്വത്തെ ഭയത്തോടെയും അതേസമയം അനുകമ്പയോടെയും നോക്കിക്കാണുകയാണ് ഈ കഥയിൽ. ഈ കഥയിലെ മൂന്നു കഥാപാത്രങ്ങളിൽ ഒരാളായ ലെസ്ബിയനായ രമണി പ്രസന്നയെ ഭ്രാന്ത

മായി സ്നേഹിക്കുമ്പോഴും പ്രസന്നയിൽ തീവ്രസൗഹൃദത്തിനപ്പുറം പ്രണയം എന്നൊരു വികാരം രമണിയോടുള്ളതായി തോന്നുന്നില്ല. പ്രസന്നയുടെ തീവ്രാനുരാഗം രവിയോടാണ്. രമണി താൻ പ്രസന്നയെ സ്നേഹിക്കുന്നുവെന്ന് രവിയോട് പറയുമ്പോൾ "പക്ഷേ രമേ നീയൊരു സ്ത്രീയല്ലേ" (മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം ഒന്ന്, പുറം 40.) എന്ന് രവി ചോദിക്കുകയും അതിന് മറുപടിയായി "സഹോദരാ ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയെ സ്നേഹിച്ചു കൂടെന്നുണ്ടോ?" (മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം ഒന്ന്, പുറം 41.) എന്ന് രമണി മറുചോദ്യം ചോദിക്കുകയും ചെയ്യുന്നു. ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയോട് അനുരാഗം തോന്നുന്നത് തെറ്റല്ലെന്നും അവൾ വെറുക്കപ്പെടേണ്ടവളല്ല മറിച്ച് അനുകമ്പ അർഹിക്കുന്നവളാണെന്നുമാണ് രവി അഭിപ്രായപ്പെടുന്നത്. ഇവിടുത്തെ ലെസ്ബിയൻ പ്രണയം ഏകപക്ഷീയമാണ്. അതുകൊണ്ടു തന്നെ അവൾക്ക് തന്റെ പ്രണയിനിയെ സ്വന്തമാക്കാൻ കഴിയുന്നില്ല. ലെസ്ബിയനായ തന്റെ കൂട്ടുകാരി തന്നെ പ്രണയിച്ചതുകൊണ്ടാണ് പ്രസന്നയ്ക്ക് താൻ ആഗ്രഹിച്ച പുരുഷനുമായുള്ള വിവാഹജീവിതം സാധ്യമാകാതെ പോകുന്നത്. രമണിക്ക് പുരുഷനോട് തോന്നുന്ന സ്നേഹം സാഹോദര്യത്തിന്റെതാണ്. അതുകൊണ്ടാണ് അവൾ രവിയെ സഹോദരാ എന്ന് സംബോധന ചെയ്യുന്നത്. ലെസ്ബിയനായ രമണി അനുകമ്പ അർഹിക്കുന്നവളാണെന്നും അവളെ വേദനിപ്പിക്കരുതെന്നുള്ള ചിന്തയും സ്ത്രീകളോടുള്ള ഭയവുമാണ് രവിയെ വിവാഹത്തിൽ നിന്നും പിന്തിരിപ്പിക്കുന്നത്.

'സ്ത്രീ' എന്ന ആദ്യകാലകഥയിൽ നിന്നും 'ചന്ദനമരങ്ങൾ' എന്ന കഥയിലേക്ക് എത്തുമ്പോൾ ലെസ്ബിയൻ പ്രണയം രണ്ടു സ്ത്രീകളുടെ ശാരീരികവും മാനസികവുമായ അടുപ്പത്തിലേക്ക് വളരുന്നത് കാണാം. 'സ്ത്രീ'യിലെ ലെസ്ബിയൻ പ്രണയം ഏകപക്ഷീയമാണെങ്കിൽ 'ചന്ദനമരങ്ങളി'ലെത്തുമ്പോൾ അത് പരസ്പരം പിരിഞ്ഞ് ജീവിക്കാനാകാത്തതും സ്ത്രീയോടൊത്തു മാത്രമുള്ള പ്രണയവും ലൈംഗികതയും കാംക്ഷിക്കുന്നതുമായി മാറുന്നു. ഡോ. ഷീലയും ഡോ. കല്യാണിയും ബാല്യകാലസുഹൃത്തുക്കളായിരുന്നു. ഷീലയുടെ

കുടുംബമാണ് കല്യാണിക്കുട്ടിക്ക് വിദ്യാഭാസത്തിനുള്ള തുക നൽകിയിരുന്നത്. ഷീലയുടെ നിറം മങ്ങിയ വസ്ത്രങ്ങളണിഞ്ഞ് നിഴലുപോലെ ഷീലക്കൊപ്പം നടന്നിരുന്ന കല്യാണിക്കുട്ടിയാണ് കുളപ്പടവിൽ വച്ച് ജീവിതത്തിൽ ആദ്യമായി ഷീലയെ ആശ്ലേഷിച്ച് മുഖത്തും കഴുത്തിലും മുലകൾക്കിടയിലും ചുംബിച്ചത്. കുളപ്പുരയിലെ ചാണകം മെഴുകിയ നിലത്തേക്ക് തള്ളിയിട്ട് ശരീരത്തിൽ എല്ലായിടത്തും നോവുന്ന ചുംബനങ്ങൾ കൊണ്ടു പൊതിഞ്ഞ കല്യാണിക്കുട്ടിയുടെ തുടിക്കുന്ന കൈകാലുകളുടെ അടിമയായി യുഗങ്ങളോളം താൻ മാറിയെന്നാണ് ഡോ. ഷീല ഡോ. കല്യാണിക്കുട്ടിയുമായുള്ള തന്റെ ശാരീരികമായ അടുപ്പത്തെക്കുറിച്ച് പറയുന്നത്.

ഷീലയുടെയും കല്യാണിയുടെയും അനുരാഗത്തെ തടയുന്നതിന് വേണ്ടിയാണ് ഷീലയെക്കാൾ ഇരുപത്തിയൊന്ന് വയസ്സ് മൂപ്പുള്ള വിദ്യാസമ്പന്നനും ധനികനുമായ ഒരകന്ന ബന്ധുവിന് ഷീലയെ അമ്മ വിവാഹം ചെയ്തു കൊടുക്കുന്നത്. എന്നാൽ ഷീല എപ്പോഴും ഭർത്താവിനെയും കല്യാണിക്കുട്ടിയെയും മനസ്സുകൊണ്ടു താരതമ്യപ്പെടുത്തുകയും അതിൽ ഭർത്താവ് കല്യാണിക്കുട്ടിയോട് പരാജയപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. വിവാഹിതയായ കല്യാണിക്കുട്ടി അബോർഷനു വിധേയയായി ജീവൻതന്നെ അപകടത്തിലാകുന്ന ഘട്ടത്തിലെത്തുന്നു. അതിനു കാരണമന്വേഷിക്കുന്ന ഷീലയോട് "നിന്റെ കുട്ടിയെ മാത്രമേ എനിക്ക് പ്രസവിക്കാൻ ആഗ്രഹമുള്ളൂ" (മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം രണ്ട്, പുറം 1178.) എന്നാണ് കല്യാണിക്കുട്ടി പറയുന്നത്. കല്യാണിക്കുട്ടിയുടെ ഈ മറുപടിയിൽ നിന്നും ലെസ്ബിയൻ മാനസികാവസ്ഥയിലുള്ള സ്ത്രീകൾ സമൂഹത്തിന്റെ സമ്മർദ്ദങ്ങളിൽപ്പെട്ട് എങ്ങനെയാണ് വിവാഹം എന്ന ചട്ടക്കൂട്ടിലെത്തുന്നതെന്നും അതിന്റെ പേരിൽ അനുഭവിക്കേണ്ടിവരുന്ന മാനസികസമ്മർദ്ദം എത്ര വലുതാണെന്നും മനസ്സിലാക്കാൻ സാധിക്കും.

വിവാഹം കഴിഞ്ഞ് രണ്ടുവർഷത്തിനുള്ളിൽത്തന്നെ കല്യാണിക്കുട്ടി വിവാഹമോചിതയാകുകയും ഷീലയെ, ആസ്ട്രേലിയയിലേക്ക്

പോയി ഒരുമിച്ച് ജീവിക്കാൻ ക്ഷണിക്കുകയും ചെയ്യുന്നു. എന്നാൽ ഷീല തന്റെ ഭർത്താവിനെ ഉപേക്ഷിച്ചു പോകുന്നില്ല. താനൊരു ലെസ്ബിയനാണെന്ന് തുറന്ന് സമ്മതിക്കാൻ ഷീല തയാറാകുന്നില്ല. വർഷങ്ങൾക്കുശേഷം ആസ്ട്രേലിയയിൽ നിന്നു മടങ്ങി വരുന്ന കല്യാണിക്കുട്ടി ഷീലയുടെ അച്ഛൻ തന്നെയാണ് തന്റെയും അച്ഛൻ എന്ന വെളിപ്പെടുത്തൽ നടത്തുന്നു. ഷീലയെ ആ വാർത്ത ദുഃഖത്തിലാക്കുന്നുണ്ടെങ്കിലും അവർ തമ്മിൽ ഒരിക്കലുണ്ടായിരുന്ന ശാരീരികവും മാനസികവുമായ ആകർഷണത്തിന് കോട്ടം തട്ടുന്നില്ല. തന്റെ മുൻഭർത്താവായ സുധാകരന്റെ മകളെ പ്രലോഭിക്കാനും ആസ്ട്രേലിയയിലേക്ക് കൊണ്ടുപോകാനും കല്യാണിക്കുട്ടി ശ്രമിക്കുന്നുണ്ടെങ്കിലും ആ കുട്ടിയുടെ അമ്മ ആത്മഹത്യയ്ക്ക് ശ്രമിക്കുന്നതോടെ ആ ശ്രമം ഉപേക്ഷിച്ച് കല്യാണിക്കുട്ടി ആസ്ട്രേലിയയിലേക്ക് മടങ്ങുന്നു. അതിനുശേഷമാണ് തനിക്ക് കല്യാണിക്കുട്ടിയോടുണ്ടായിരുന്ന ബന്ധം ഭർത്താവിനറിയാമായിരുന്നുവെന്ന് ഷീല അറിയുന്നത്. അതോടുകൂടിയാണ് താൻ ഇതുവരെ അണിഞ്ഞിരുന്ന മുഖംമൂടി അഴിഞ്ഞു വീഴുന്നത് ഷീല തിരിച്ചറിയുന്നത്. "ഓ എന്റെ ഓമനേ ഞാനിനിയെങ്ങനെ ജീവിക്കും" (മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം രണ്ട്, പുറം 1195) എന്ന ആത്മഗതത്തിൽ മുഖംമൂടിയഴിഞ്ഞുവീണ തന്റെ പ്രണയത്തെയും കല്യാണിക്കുട്ടിയില്ലാത്ത ജീവിതത്തിന്റെ മടുപ്പിനെയുമാണ് ആവിഷ്ക്കരിക്കുന്നത്.

'സ്ത്രീ', 'ചന്ദനമരങ്ങൾ' എന്നീ കഥകൾ മുന്നോട്ടു വയ്ക്കുന്നത് സമൂഹത്തിന്റെ അംഗീകാരം ലഭിക്കാത്തതുകൊണ്ടു മാത്രം സഫലമാകാത്ത ലെസ്ബിയൻ പ്രണയത്തെയും അത് അവരുമായി ബന്ധപ്പെട്ട് നിൽക്കുന്നവരുടെ ജീവിതത്തെ എപ്രകാരം ബാധിക്കുന്നു എന്നതുമാണ്. സ്വവർഗ്ഗാനുരാഗത്തെ തടയുന്നതിനായി എതിർലിംഗത്തിലുള്ളവരുമായി വിവാഹം നടത്തുകയും അത് സ്ത്രീയുടെയും പുരുഷന്റെയും ജീവിതം നശിപ്പിക്കുന്നത് എപ്രകാരമാണെന്നും 'ചന്ദനമരങ്ങൾ' കാണിച്ചുതരുന്നു.

## നപുംസകങ്ങളിലെ ട്രാൻസ്ജൻഡർ ജീവിതം

ബോംബെയിലെ സയോകോളിവാഡ എന്ന ചേരിപ്രദേശത്തെ ട്രാൻസ്ജൻഡറുകൾ മാത്രം താമസിക്കുന്ന കോളനിയിലെ മനുഷ്യരുടെ ജീവിതത്തെ ആസ്പദമാക്കി 1983–ൽ മാധവിക്കുട്ടി രചിച്ച കഥയാണ് 'നപുംസകങ്ങൾ'. സ്ത്രീ, പുരുഷൻ എന്നീ കള്ളികളിലൊതുങ്ങാത്ത ഇവിടുത്തെ മനുഷ്യരെ സൂചിപ്പിക്കാൻ നപുംസകങ്ങൾ, ഹിജഡകൾ എന്നിങ്ങനെ രണ്ടു പദങ്ങൾ ഒരേയർത്ഥത്തിൽ മാറി മാറി കഥയിലുടനീളം മാധവിക്കുട്ടി ഉപയോഗിക്കുന്നുണ്ട്.എന്നാൽ ട്രാൻസ്ജൻഡർ എന്ന പദമാണ് ഇന്ന് ഇത്തരക്കാരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്.

മാധവിക്കുട്ടി 'നപുംസകങ്ങൾ' എന്ന കഥ രചിച്ച കാലഘട്ടത്തിൽ മലയാളിസമൂഹം ട്രാൻസ്ജൻഡർ എന്ന പദം ഉപയോഗിച്ചു തുടങ്ങിയിരുന്നില്ല. 2012– ഓടുകൂടിയാണ് ട്രാൻസ്ജൻഡർ എന്ന പദം മലയാളിസമൂഹം ഉപയോഗിച്ചു തുടങ്ങിയത്. ആരും കടന്നു വരാത്ത ഹിജഡാകോളനിയിലേക്ക് പത്തൊൻപത് വർഷങ്ങൾക്കു മുമ്പ് കാണാതെയായ തന്റെ സുന്ദരി മകളെ അന്വേഷിച്ച് ഭ്രാന്തിയായ ഒരമ്മ വരുന്നതും അവരുടെ മകളാണെന്നു സംശയം തോന്നിപ്പിക്കുന്ന തരത്തിൽ കവിളിൽ ഓമന മറുകുള്ള രുഗ്മ എന്ന സുന്ദരിക്കുട്ടി തന്റെ മകളല്ല ഭൂമീദേവിയുടെ മകളായിരിക്കും എന്ന് പറഞ്ഞ് ഒടുവിൽ അവിടെ നിന്നും പോകുന്നതുമാണ് 'നപുംസകങ്ങളി'ലെ ഇതിവൃത്തം.

ട്രാൻസ്ജൻഡറുകളുടെ ജീവിതവും അവരുടെ ശാരീരികാവസ്ഥയും പരാമർശിക്കുന്നതിന് സ്ത്രീവേഷം ധരിച്ചവരെങ്കിലും മുഖക്ഷൗരം ദിവസേന ചെയ്യേണ്ടി വരുന്ന മനുഷ്യജീവികൾ. (മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം ഒന്ന്. പുറം 644.) എന്ന പ്രയോഗമാണ് കഥയിൽ നടത്തിയിരിക്കുന്നത്. ജനനസമയത്തു തന്നെ ലൈംഗികാവയവങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള അപാകതകളോടെ ജനിക്കുന്നവരും സ്ത്രീയായോ പുരുഷനായോ ജനിച്ചിട്ടും എതിർലിംഗത്തിന്റെ സ്വഭാവസവിശേഷതകൾ പ്രകടിപ്പിക്കുന്നവരുമായ ട്രാൻസ്ജൻഡറുകളുടെ ജീവിതദൈന്യത്തെ പരാമർശിക്കാൻ ഇതിലും നല്ലൊരു പ്രയോഗമില്ല എന്ന് പറയാം. താടിയിൽ

കുറ്റി രോമങ്ങളുള്ള പുരുഷമുഖമുള്ളവർ സൗന്ദര്യവും സ്ത്രൈണ ചലനങ്ങളുമുള്ളവർ, സാരിയുടുത്തവർ, ചുവന്നപുള്ളിപ്പാവാടയുടുത്തവർ, നെറ്റിയിലും കൈത്തണ്ടയിലും പച്ചകുത്തിയവർ, വൈരൂപ്യമുള്ളവർ (മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം ഒന്ന്, പുറം 646.) എന്നിങ്ങനെ ട്രാൻസ്ജൻഡർ സംഘത്തിലെ മനുഷ്യരുടെ ബാഹ്യരൂപം വർണ്ണിക്കുന്നു. സ്ത്രീയുടെ വേഷം ധരിക്കുന്നവരും എന്നാൽ സ്ത്രീയുമായി സാമ്യമുള്ളവരും ഇല്ലാത്തവരുമായ മനുഷ്യരുടെ ഒരു സംഘമാണവർ. അവർക്ക് അവരുടേതായ ജീവിതരീതികളും വിശ്വാസങ്ങളുമുണ്ട്. ഏതെങ്കിലും വീട്ടിൽ ഉണ്ണി പിറന്നാൽ ചെണ്ടയും ചിലമ്പൊലിയുമായി ഓടിയെത്തി കുട്ടിക്ക് ആയുരാരോഗ്യസൗഖ്യങ്ങൾ നേർന്നുകൊണ്ട് അവർ നൃത്തം ചെയ്യും. നൃത്തത്തിന് പ്രതിഫലമായി നൽകുന്ന ഗോതമ്പും ശർക്കരയും നാളികേരവുമെല്ലാം അളവിൽ കുറഞ്ഞാൽ അവർ അസഭ്യവാക്കുകൾ പറയും. കണക്കിലേറെ കോപിച്ചാൽ ട്രാൻസ്ജെൻഡർ തന്റെ പാവാട പൊക്കി സാധാരണ മറച്ചുവയ്ക്കാറുള്ള തന്റെ ശാപത്തെ വെളിപ്പെടുത്തും.

ട്രാൻസ്ജൻഡറുകൾ ചെറിയ ശിശുക്കളെ മോഷ്ടിച്ചുകൊണ്ട് പോയി അവരുടെ ജനനേന്ദ്രിയത്തെ കത്തി കൊണ്ട് മുറിച്ച് രൂപാന്തരപ്പെടുത്തും എന്നൊരു വിശ്വാസം ബോംബെക്കാർക്കുള്ളതായി ഈ കഥയിൽ കാണാം. നപുംസകമായി ജനിച്ച തന്റെ മകളെ കട്ടെടുത്തത് ട്രാൻസ്ജൻഡർ കോളനിയിലുള്ളവരാണ് എന്ന വിശ്വാസത്തിലാണ് ഭ്രാന്തിയും വൃദ്ധയുമായ സേഠാണി പത്തൊൻപത് വർഷങ്ങൾക്കുമുമ്പ് കാണാതായ തന്റെ കുഞ്ഞിനെ അന്വേഷിച്ച് കോളനിയിലെത്തുന്നത്. സംഘത്തിന്റെ മേധാവിയായ രാം കിങ്കരി ആ അമ്മക്ക് നൽകുന്ന മറുപടി ഞങ്ങൾ കുട്ടികളെ കക്കുന്നവരല്ല; കുട്ടികളെ കുടുംബക്കാർ തങ്ങൾക്ക് വിൽക്കാറുണ്ടെന്നും നല്ല സംഖ്യയ്ക്ക് കുട്ടികളെ വാങ്ങുന്ന തങ്ങൾ സാധാരണമനുഷ്യരേക്കാൾ നേരും നെറിയുമുള്ളവരാണ് എന്നുമാണ്. ഞങ്ങൾ ഭൂമിദേവിയുടെ മക്കൾ ആണ് എന്നാണ് അവർ അവകാശപ്പെടുന്നത്. മുഖ്യധാരാമനുഷ്യജീവിതത്തിൽ നിന്നും അകറ്റി നിർത്തപ്പെട്ട, ഉറ്റവരാലും ഉടയവരാലും ഉപേക്ഷിക്കപ്പെട്ട തങ്ങളുടെ

ജീവിതത്തെയാണ് ഭൂമിദേവിയുടെ മക്കൾ എന്ന അവകാശവാദത്തിലൂടെ അവർ വെല്ലുവിളിക്കുന്നത്.

ട്രാൻസ്ജൻഡർ സംഘത്തിലെ പത്തൊൻപതുവയസ്സുള്ള ചന്ദ്രനെപ്പോലെ മുഖമുള്ള ചുണ്ടിനുമേൽ ഓമനമറുകുള്ള സുന്ദരിയായ രുക്മ എന്ന പെൺകുട്ടി ഭ്രാന്തിയായ വൃദ്ധ അന്വേഷിച്ചു നടക്കുന്ന കളവുപോയ മകളാണ് എന്ന സംശയം കഥയിലുടനീളം കാണാം. ട്രാൻസ്ജൻഡർ സംഘത്തിലൊരാൾ ആ സംശയം പ്രകടിപ്പിക്കുന്നുമുണ്ട്. എന്നാൽ അത്തരത്തിൽ ആരും ആ സംഘത്തിലില്ലെന്നും രുക്മയ്ക്ക് മറുകേ ഇല്ലെന്നും സംഘത്തിൽ മറ്റൊരാൾ അഭിപ്രായപ്പെടുന്നു. അവൾക്ക് ഇരുപത്തിനാല് വയസ്സുണ്ടെന്നും മൈസൂർക്കാരിയാണെന്നും ഇവിടെ എത്തിയിട്ട് നാല് വർഷമേ ആയിട്ടുള്ളൂ എന്നും മറ്റൊരാൾ അഭിപ്രായപ്പെടുന്നു. പറയൂ മകളെ, നീ എന്റെ സുന്ദരിക്കുട്ടിയല്ലേ? എന്റെ മുലകുടിച്ച് എന്റെ ശരീരത്തോട് പറ്റിക്കിടന്നു കൊണ്ട് ഉറങ്ങിയിരുന്ന ശിശു നീയായിരുന്നില്ലേ.? നിന്റെപെറ്റമ്മ ഞാനല്ലേ? (മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം ഒന്ന്, പുറം 648.) എന്ന വൃദ്ധയുടെ ചോദ്യത്തിന് അല്ല, എന്റെ അമ്മ ഭൂമീദേവിയാണ് (മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം ഒന്ന്, പുറം 648.)എന്ന മറുപടിയാണ് രുക്മ കൊടുക്കുന്നത്. നൃത്തം ചെയ്യുന്ന അവൾക്കു ചുറ്റും ചുവന്ന മണ്ണ് പൊടിപടലങ്ങളായി ഉയർന്നു. അപ്പോൾ ചെയ്ത നനുത്തമഴയിൽ ചുവന്ന മണ്ണ് നനഞ്ഞ് ഭൂമീദേവിയെപ്പോലെ ചുവന്നിരിക്കുന്ന രുക്മയെ നോക്കി നിന്റെ തൊലിക്കു മണ്ണിന്റെ ചുവപ്പാണ് നിറം നീ തീർച്ചയായും ഭൂമിയുടെ മകളാകണം എന്നു പറഞ്ഞു കൊണ്ടാണ് ആ അമ്മ മകളെ കൂട്ടാതെ മടങ്ങിപ്പോകുന്നത്.

മുഖ്യധാരാജീവിതത്തിൽ നിന്നും മാറ്റിനിർത്തപ്പെടുന്നവരും മാതാപിതാക്കളാലും കുടുംബത്താലും ഉപേക്ഷിക്കപ്പെടുന്നവരുമാണ് ട്രാൻസ്ജൻഡറുകളിൽ ഭൂരിപക്ഷവും. സ്നേഹരാഹിത്യം നിറഞ്ഞ അവരുടെ ജീവിതത്തിൽ അവർക്ക് ഒരിക്കലും സാധാരണ മനുഷ്യരെ വിശ്വസിക്കാനോ അവരുമായി പൊരുത്തപ്പെടാനോ സാധിക്കുന്നില്ല.

അവരുടെ സമൂഹത്തിനുള്ളിൽ അവർ പരസ്പരം സ്നേഹിക്കുന്നു. അവരെ ഒരു ശാപമായി കാണുന്ന സമൂഹത്തിനോട് പരുക്കൻ ഇട പെടലുകൾ നടത്താൻ മാത്രമേ അവർക്ക് സാധിക്കുന്നുള്ളൂ. അതു കൊണ്ടുതന്നെയാണ് വർഷങ്ങൾക്ക് ശേഷം അന്വേഷിച്ച് വരുന്ന പെറ്റ മ്മയെ നിർദ്ദയം അവഗണിക്കാൻ രുക്മയ്ക്ക് കഴിയുന്നതും.

**ചന്ദ്രരശ്മികളിലെ സൂക്ഷ്മസ്വത്വങ്ങൾ**

ആത്മഹത്യാശ്രമം നടത്തിയ ഇക്ബാലിനെ കാണാൻ കൂട്ടുകാ രനായ രമേഷിന്റെ ഭാര്യ ആശുപത്രിയിൽ എത്തുന്നു. രമേഷ് വിവാഹ ശേഷം ഭാര്യയുമായി ആദ്യമായി ഡൽഹിയിലെത്തുമ്പോൾ സ്വീകരി ക്കാനെത്തിയ ഏകവ്യക്തിയാണ് ഇക്ബാൽ. തന്റെ ആത്മമിത്രവും ഉപദേഷ്ടാവും എന്ന് പറഞ്ഞാണ് അയാളെ രമേഷ് പരിചയപ്പെടുത്തു ന്നത്. എന്നാൽ സാധാരണ രണ്ട് സുഹൃത്തുക്കൾ തമ്മിലുള്ളതിൽ കവിഞ്ഞ് ശാരീരികവും മാനസികവുമായ അടുപ്പവും ബന്ധവും അവർ തമ്മിലുണ്ടെന്ന് വ്യക്തമാക്കുന്ന സൂചനകൾ കഥയിലുടനീളം കാണാം. ഉയരം കുറഞ്ഞ് വെളുത്ത് സ്ത്രീത്വം തോന്നിപ്പിക്കുന്ന ശരീരഘട നയോടു കൂടിയ ഒരു ചെറുപ്പക്കാരൻ (മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം ഒന്ന്, പുറം 564.) എന്നാണ് അയാളെ ക്കുറിച്ചുള്ള ആദ്യവിവരണം. അന്നുതന്നെ ഇനി ഞാൻ ഇവിടെ താമസിക്കില്ല എന്ന് പറഞ്ഞ് തന്റെ ഇരുമ്പ് പെട്ടിയുമെടുത്ത് അയാൾ താമസം മാറുന്നു. രമേഷ് കൈയുയർത്തി കാണിച്ചെങ്കിലും ഇക്ബാൽ തിരിഞ്ഞു നോക്കുന്നില്ല. ഇവിടെ വളരെക്കാലം ഒരുമിച്ചു താമസിച്ച രണ്ടു സുഹൃത്തുക്കൾ വേർപിരിയുമ്പോഴുള്ള വിഷമം രണ്ടുപേരിലും ഒരുപോലെ കാണാനാകുന്നില്ല. രമേഷ് തന്റെ ഭാര്യയോടൊപ്പം സന്തോഷവാനായും ഇക്ബാൽ അവരുടെ സാന്നിധ്യത്തിൽ അസ്വ സ്ഥനായും കാണപ്പെടുന്നു. അയാൾ എന്നെ വെറുക്കുന്നു. ഞാനൊരു കുറ്റവും ചെയ്തിട്ടില്ലല്ലോ എന്ന ഭാര്യയുടെ ചോദ്യത്തിന് നീയൊരു കുറ്റവും ചെയ്തിട്ടില്ല എന്ന മറുപടിയിൽ അവർക്കിടയിൽ എന്തോ പ്രശ്നം നിലനിൽക്കുന്നുണ്ട് എന്ന സൂചനയുണ്ട്. ഇക്ബാൽ ഒരു വിചിത്ര ജീവിയാണെന്നും അവനെ മനസ്സിലാക്കാൻ സാധാരണ മനു

ഷ്യർക്കു സാധ്യമല്ല എന്നും രമേഷ് പറയുന്നു. നിങ്ങൾക്ക് മനസ്സിലാകുമോ എന്ന അവളുടെ ചോദ്യത്തിന് ഉവ്വ് അകവും പുറവും ആത്മാവും ശരീരവും (മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം ഒന്ന്, പുറം 565.) എന്ന മറുപടിയാണ് രമേഷ് നൽകുന്നത്. ഈ മറുപടിയിൽ നിന്നും രമേഷും ഇക്ബാലും തമ്മിൽ ശാരീരികവും മാനസികവുമായ ബന്ധം നിലനിന്നിരുന്നു എന്ന് മനസ്സിലാക്കാം. രണ്ടു പുരുഷൻമാർ തമ്മിലുള്ള ശാരീരികവും മാനസികവുമായ അടുപ്പമായതിനാൽ ഇക്ബാലും രമേഷും 'ഗേ'യാണെന്ന തോന്നൽ വായനക്കാരിൽ ഉണ്ടാകുന്നു. എന്നാൽ സ്വവർഗ്ഗാനുരാഗികൾക്ക് എതിർലിംഗത്തിൽപ്പെട്ടവരുമായി ശാരീരികവും മാനസികവുമായ അടുപ്പം സാധ്യമല്ല. പുരുഷനോടും സ്ത്രീയോടും ഒരുപോലെ ബന്ധം സൂക്ഷിക്കുന്ന രമേഷ് ഒരു ബൈസെക്ഷ്വൽ ആണ്. പുരുഷനോട് മാത്രം ബന്ധം സ്ഥാപിക്കാൻ കഴിയുന്ന ഇക്ബാൽ 'ഗേ'യും ആണ്.

ഇക്ബാലിനെ കാണാൻ ആശുപത്രിയിലെത്തുന്ന രമേഷിന്റെ ഭാര്യ തന്നോടുള്ള അസൂയ കാരണമാണ് ഇക്ബാൽ ആത്മഹത്യയ്ക്ക് ശ്രമിച്ചതെന്ന് പറയുന്നു. താൻ രമേഷിൽ നിന്നും ഗർഭം ധരിച്ചിരിക്കുന്നെന്നും ഗർഭം ധരിക്കാനുള്ള കഴിവില്ലാത്തതുകൊണ്ടാണ് ഇക്ബാൽ ആത്മഹത്യയ്ക്ക് ശ്രമിച്ചതെന്നും അയാളുടെ മുഖത്ത് നോക്കി പറയുന്നതിലൂടെ രമേഷിന്റെ ഭാര്യ തന്റെ ഭർത്താവിന്റെ മനസ്സും ശരീരവും പങ്കിട്ടെടുത്ത പുരുഷനോടുള്ള പക വീട്ടുകയാണ് ചെയ്യുന്നത്. തന്റെ ഇണയിൽ നിന്നും ഗർഭം ധരിക്കാനാകാത്ത സ്വവർഗ്ഗാനുരാഗികൾ നേരിടുന്ന മാനസികസംഘർഷത്തിനുദാഹരണം കൂടിയാണ് ഇക്ബാലിന്റെ ആത്മഹത്യാശ്രമം.

**ഉപസംഹാരം**

മാധവിക്കുട്ടിയുടെ രചനകളായ 'സ്ത്രീ', 'ചന്ദനമരങ്ങൾ', 'നപുംസകങ്ങൾ', 'ചന്ദ്രരശ്മികൾ' എന്നീ ചെറുകഥകൾ അപഗ്രഥനവിധേയമാക്കുമ്പോൾ ലൈംഗികന്യൂനപക്ഷങ്ങളായ ലെസ്ബിയൻ, ഗേ, ട്രാൻസ്ജൻഡർ സ്വത്വങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ സാധാരണക്കാരിൽ ഉണ്ടാക്കുന്നതിൽ മാധവിക്കുട്ടിയുടെ രചനകൾ നിർണ്ണായ

കപങ്ക് വഹിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാം. മലയാളത്തിലെ ആദ്യ ലെസ്ബിയൻ ചെറുകഥയായ 'സ്ത്രീ' യിൽനിന്നും 'ചന്ദനമരങ്ങളി'ലേക്കെത്തുമ്പോൾ ലെസ്ബിയൻബന്ധങ്ങളിലെ തീവ്രതയും സംഘർഷവും ക്രമാനുസൃതമായി വർദ്ധിക്കുന്നതു കാണാം. 'നപുംസകങ്ങൾ' എന്ന ചെറുകഥയിൽ ട്രാൻസ്ജൻഡറുകളുടെ ജീവിതവും അവർക്ക് സമൂഹത്തിനോടും സമൂഹത്തിനു തിരിച്ചും ഉള്ള മനോഭാവവും ട്രാൻസ്ജൻഡറുകളുടെ ജീവിതരീതിയുമെല്ലാം കടന്നുവരുന്നു. 'ചന്ദ്രരശ്മികളി'ൽ സ്വവർഗ്ഗാനുരാഗിയായ പുരുഷന്റെ ആത്മസംഘർഷങ്ങൾ ആണ് ആവിഷ്ക്കരിച്ചിരിക്കുന്നത്.

**ഗ്രന്ഥസൂചി**


1. മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, വാല്യം ഒന്ന്, ഡി.സി. ബുക്സ്, കോട്ടയം, 2020
2. മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം,വാല്യം രണ്ട്, ഡി.സി. ബുക്സ്, കോട്ടയം, 2020
3. ജീവൻ ജോബ് തോമസ്, രതിരഹസ്യം, ഡി.സി. ബുക്സ്, കോട്ടയം, 2013

# ബഹുസ്വരതയുടെ നാനാർത്ഥങ്ങൾ വി. ദിലീപിന്റെ കഥകളിൽ

**ഡോ. പ്രിൻസ് മോൻ ജോസ്**

**അസിസ്റ്റന്റ് പ്രൊഫസർ**
**മലയാളവിഭാഗം, സെന്റ് തോമസ് കോളേജ്, പാലാ**

**സംഗ്രഹം**

വി. ദിലീപിന്റെ രചനകളെല്ലാം തന്നെ ജീവിതത്തെ നോക്കി എഴുതിയ കഥകളുടെ സംഗ്രഹങ്ങളാണ്. അവിടെ ബഹുവിധങ്ങളായ മനുഷ്യജീവിതങ്ങളുണ്ട്. മൊകേരി എന്ന ഗ്രാമത്തിന്റെ അടയാളങ്ങളുണ്ട്. സംസ്കാരവൈവിധ്യങ്ങളും കാലത്തിന്റെ പ്രതിസ്പന്ദനങ്ങളുമുണ്ട്. വിവിധസംസ്കാരങ്ങളും ജീവിതങ്ങളും സംവഹിക്കുന്ന പ്രത്യയശാസ്ത്രങ്ങളും അവയുടെ വെളിപ്പെടലുകളുമുണ്ട്. ഇവയുടെ കണ്ടെത്താലാണ് ഈ പ്രബന്ധത്തിന്റെ പഠനവിഷയം.

**താക്കോൽവാക്കുകൾ**

ബഹുസ്വരത - വിപണികേന്ദ്രിതവ്യവസ്ഥ - മാധ്യമധാർമികത - ദേശക്കാഴ്ചകൾ

വ്യാഖ്യാനം എന്ന പ്രക്രിയ മൂന്നുപ്രകാരം സംഭവിക്കപ്പെടുന്നുണ്ട്.പഠിക്കുന്ന കൃതിയുടെ രാഷ്ട്രീയ-ചരിത്രപശ്ചാത്തലമാണ് ആദ്യത്തേത്. രണ്ട് പ്രത്യയശാസ്ത്രഅന്തർധാരയുടെ വർഗീകരണം, മൂന്ന് ഈ പ്രത്യശാസ്ത്രങ്ങളുടെ സന്നിവേശത്തിലൂടെ നിർമിതമാക്കപ്പെ

ടുന്ന ആഖ്യാനങ്ങളുടെ പ്രമേയാപഗ്രഥനം. വിവിധ ചിഹ്നവ്യവസ്ഥകളുടെ സംയോജനത്തിലൂടെ ഓരോ കൃതിയും പ്രതീകാത്മക സന്ദേശങ്ങൾ കൈമാറുന്നുണ്ട്. ഇവ ആ കഥ രചിക്കപ്പെട്ട സാംസ്കാരിക,സാമൂഹികജീവിതത്തെ അടയാളപ്പെടുത്തുന്നവയാണ്.

സാമൂഹ്യജീവിതത്തിന്റെ ബഹുസ്വരതയും വിശാലതയും അവയെപ്രതിഫലിപ്പിക്കുന്ന ആഖ്യാനമാന്ത്രികതയും ആഘോഷങ്ങളും നിറഞ്ഞുനില്ക്കുന്ന കഥകളാണ് വി. ദിലീപിന്റേത്. മൊകേരിയുടെ ദേശകാഴ്ചകളിലാരംഭിച്ച് അത് സാർവലൗകികകമായ വിവിധ ദേശപരിധികളിലേക്ക് പടർന്ന് കഥാസ്വാദകരുടെ ദേശസ്മൃതികളിലേക്കും, സ്വകീയമായ അനുഭവതലങ്ങളിലേക്കും ലയിച്ച് അവ ആത്മസംവാദത്തിലേർപ്പെടുന്നു. സമൂഹത്തിന്റെ നാനാവിധമായ ജീവിതമുഹൂർത്തങ്ങളും ക്രിയാപരിസരങ്ങളും, സാധാരണജീവിതങ്ങളും, അധികാരവർഗങ്ങളും ഉദ്യോഗസ്ഥവൃന്ദങ്ങളും, രാഷ്ട്രീയക്കാരും അസ്വാഭാവികതയേതുമില്ലാതെ കടന്നുവരുകയും സ്വയം പ്രകാശിതമായി കഥാഗതിയിൽ നിന്ന് നിഷ്ക്രമിക്കുകയും ചെയ്യുന്നുണ്ട്, കഥകളിലെല്ലാം തന്നെ. അവർ കഥകളിലൂടെ ജീവിക്കുകയാണ്, ഒപ്പം സ്വതന്ത്രരായി വിഹരിക്കുകയും ചെയ്യുന്നു. കൃത്രിമങ്ങളേതുമില്ലാത്ത സമൂഹത്തിന്റെ പരിച്ഛേദങ്ങളാണ് വി. ദിലീപിന്റെ ഓരോ രചനയും.

പരിഷ്കൃതസമൂഹത്തിന്റെ നാട്യങ്ങൾ നിറഞ്ഞ അമിതൗചത്യങ്ങളിൽ നിന്ന് വിമോചനം നേടാനുള്ള വ്യഗ്രത വി. ദിലീപിന്റെ കഥാപാത്രങ്ങൾക്കെല്ലാമുണ്ട്. നിഷ്കളങ്കമായി, നിറഞ്ഞ സന്തോഷത്തോടെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുന്ന ഈ പാവം മനുഷ്യരെയും അവരുടെ നൈമിഷികസന്തോഷങ്ങളെയും തിരിച്ചറിയാനും കഥാകാരൻ എന്നും ശ്രദ്ധിക്കുന്നു. കളിസ്ഥലം എന്ന കഥയിൽ നിറയുന്നതും ഈ നിഷ്കളങ്ക നൈമിഷികസന്തോഷങ്ങളാണ്. ഭാര്യയെപ്പേടിച്ച് ഒരിക്കലും പുറത്തിറങ്ങാത്ത മുടിവെട്ടാൻ മാത്രം പുറത്തിറങ്ങുന്ന പി.പി. ചന്ദ്രൻ മാഷ് ഭാര്യ പനിപിടിച്ചു തക്കം നോക്കി പുറത്തിറങ്ങുന്നു. ചെറുപ്പക്കാരോടൊപ്പം മൈതാനത്തിലിറങ്ങി പടക്കംപൊട്ടിച്ച് സ്വാതന്ത്ര്യത്തെ ആഘോഷിക്കുമ്പോൾ അയാൾ സ്വയം മതിമറന്നു പോകുന്നു.

ഒരു ദേശത്തിന്റെ സ്വാഭാവികജീവിത്തിന്റെ സ്പന്ദനങ്ങളോരോന്നും പ്രതിഫലിപ്പിക്കുന്ന കഥകളാണ് വി. ദിലീപ് രചിച്ചിട്ടുള്ളത്. സാമൂഹികതയിലെ ജാതി, മത, വർഗ, ലിംഗവൈവിധ്യങ്ങളുടെ നാനാമുഖമായ സവിശേഷതകൾ അവ അന്തർഗതം ചെയ്തിരിക്കുന്നു. ഒപ്പം അവരുടെ നാട്ടുഭാഷകളും, ക്രിയകളും, സംവാദങ്ങളും,രാഷ്ട്രീയവും സാമൂഹികചലനങ്ങളും എല്ലാം കഥാഗതിയ്ക്ക് ഉന്മേഷം നല്കുന്നുമുണ്ട്. ഒപ്പം വ്യക്തമായ രാഷ്ട്രീയബോധ്യങ്ങളുടെ അനുരണനങ്ങളാണ് കഥകളെല്ലാം പിന്തുടരുന്നത്. മനനം ചെയ്തതും വിമർശനാത്മകതലങ്ങളിലൂടെ വളർന്നതും ആയ തികഞ്ഞ പ്രത്യയശാസ്ത്രബോധ്യങ്ങളുടെ ഉൾക്കാഴ്ചകൾ രചനകളിലോരോന്നും, അന്തർഗതമാണ് എന്നതും സവിശേഷമാണ്.

കാലത്തോട് സംവദിക്കുകയും കാലത്തോട് വിരുദ്ധോക്തിയിലൂടെ കലഹിക്കുകയും ചെയ്യുന്ന വിമർശനാത്മകരചനകൾ വി. ദിലീപ് നടത്തിയിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകളോടുള്ള വിയോജിപ്പോ രാഷ്ട്രീയപരമായ എതിർപ്പോ ഒക്കെയാണ് ഇത്തരം വിമർശനങ്ങൾക്ക് പ്രേരകങ്ങൾ. ഇത്തരം പരിതോവസ്ഥയിൽ നിസ്സംഗത അഭിനയിക്കുന്നതോ പാലായന പ്രവണതയിലൂടെ തത്സന്ദർഭങ്ങളിൽ നിന്ന് നിഷ്ക്രമിക്കുന്നതോ ആണ് വർത്തമാനകാലത്തിൽ ഉചിതമെന്നും അദ്ദേഹത്തിനറിയാം. മുന്നണിപ്പോരാളിയുടെ ധീരോചിതമായ രംഗപ്രവേശത്തേക്കാളും സൂക്ഷ്മതയുള്ള ഒളിപ്പോരാളിയുടെ പോരാട്ടങ്ങൾക്കാണ് വർത്തമാനകാലത്തിൽ കൂടുതൽ ലക്ഷ്യവേധിയാകാൻ സാധിക്കുന്നത്. ആവിഷ്കാരസ്വാതന്ത്ര്യത്തിനുമേൽ ഭരണകൂടം നിഷ്ക്കർഷിക്കുന്ന അധിനിവേശങ്ങളോ അടിച്ചമർത്തലുകളോ പ്രബലമാകുമ്പോൾ ഇത്തരം തന്ത്രങ്ങളാണ് ഉചിതമെന്ന് അദ്ദേഹത്തോട് ആരും പറയേണ്ടതില്ല. ഭരണകൂടത്തോട് കലഹിക്കുകയും വിമർശിക്കുകയും ചെയ്ത കലാകാരൻമാരെയും പത്രപ്രവർത്തകരേയും പൊതുപ്രവർത്തകരെയും നിഷ്കരുണം ഇല്ലാതാക്കുന്ന ഈ കാലഘട്ടത്തിൽ 'മിമിക്രി' എന്ന കഥ മുന്നോട്ടുവയ്ക്കുന്നതും ഇതേ സൂക്ഷ്മതയുള്ള വിമർശനങ്ങൾ തന്നെയാണ്. ഭരണകൂടഗൂഢാലോചനയിൽ ഇല്ലാതാക്കപ്പെട്ട നരേന്ദ്ര ധബോൽക്കർ, ഗൗരി ലങ്കേഷ്, എം. എം.

കൽബുർഗി, ഗോവിന്ദ് പൻസാരെ, എന്നിവരുടെ കാലത്താണ് ഈ കഥ രചിക്കപ്പെട്ടത് എന്നത് ഏറെ രാഷ്ട്രീയമാനങ്ങളുള്ളതും ചർച്ച ചെയ്യപ്പെടേണ്ടവയുമാണ്. അറുപത്തിനാല് മൃഗങ്ങളുടെയും മുപ്പത്തിയെട്ടുപക്ഷികളുടെയും ശബ്ദം അനുകരിക്കാൻ കഴിയുന്ന മിമിക്രിയിലെ നായകൻ പൊതുചിന്താധാരകളുടെയും അഭിപ്രായസ്വാതന്ത്ര്യത്തിന്റെയും ദുർബലതയാണ് വെളിപ്പെടുത്തുന്നത്. പത്രപ്രവർത്തകരും സാമൂഹ്യചിന്തകരും രാഷ്ട്രീയപ്രവർത്തകരുമെല്ലാം മിമിക്രിയിലെ നായകനെപ്പോലെ മൃഗശബ്ദങ്ങൾ അനുകരിച്ച് നടന്നാൽ മതി, അതിനപ്പുറമുള്ള പ്രവർത്തികളിലേക്കോ ചിന്തകളിലേക്കോ വിമർശനങ്ങളിലേക്കോ വളരേണ്ടതില്ല എന്ന കാഴ്ചപ്പാടുകളാണ് ഭരണകൂടങ്ങൾക്ക് ഉള്ളത്. ഈ വിരുദ്ധോക്തിചിന്തയാണ് ഇവിടെ കഥാകാരൻ പറയാതെ പറയുന്നത്. ഇത് ഭരണകൂട ഏകാധിപത്യത്തിനെതിരായ പ്രതിലോമ ചിന്തതന്നെയാണ്. അതുപോലെ നിസ്സംഗതയുടെ കുപ്പായങ്ങളണിയുന്നതാണ് ഇന്നിന്റെ നിലനില്പ്പിന് അനിവാര്യമെന്നും അദ്ദേഹം തിരിച്ചറിയുന്നു. രക്തസാക്ഷികളുടെ നീണ്ടനിരകൾ മാത്രമല്ല ഇന്ന് വർത്തമാനകാലത്തിന് ആവശ്യം. അവരുടെ വംശം അറ്റുപോകാതെ കാത്തുസൂക്ഷിക്കേണ്ടതുണ്ട്. എങ്കിലേ തെളിമയുള്ള പുതുതലമുറ വളർന്നു വരുകയുള്ളു. അതിന് എല്ലാവരും രക്തസാക്ഷിയാകാൻ പാടില്ല. സിരകളിൽ തീപടർത്തുവാൻ,അവ ഉജ്ജ്വലമായി വളർത്തുവാൻ ഹൃദയത്തിൽ കനലുള്ളവർ അവശേഷിച്ചേ മതിയാകു. ഇതിനാണ് കഥാകാരൻ തന്റെ രചനകളിലൂടെ ഉദ്യമിക്കുന്നത്.

വർത്തമാനകാലം ഭയത്തിന്റെ ഇരുൾ പരത്തുന്നുണ്ടെന്നും അതാണ് സാധാരണക്കാരെ നിസംഗരാക്കുന്നതെന്നുമുള്ള മറ്റൊരു പാഠവും 'മിമിക്രി'യിൽ സുവിദിതമാണ്. തൊട്ടടുത്ത മുറിയിൽ താമസിക്കുന്ന രവിരാജിന്റെ മുറിയിൽ നിന്നും കേൾക്കുന്ന പെൺകുട്ടിയുടെ ശബ്ദത്തിൽ നിന്ന് "സംഭവം സീര്യസാ. അതിനകത്ത് പെണ്ണുന്റ് [illegible]ത്തുപറിച്ചുകൊണ്ടുവന്നതാ. പീഡനം തന്യാ" എന്ന് കേൾവിയുടെ മാന്ത്രികസംവേദനത്തിലൂടെ ജോൺ തിരിച്ചറിയുന്നു. ഉടനെ എന്തൊക്കെയോ ചെയ്യണമെന്നു തോന്നി. അതെന്താണെന്നു തിരിച്ചറിയാനാകാതെ നേരം പോയി. അന്നേരം പിന്നെയും ആ നിലവിളി.

ഒരു കുഞ്ഞുകിളിയുടെ നെഞ്ചിൻകൂട്ടിൽ നിന്നും സ്വജീവിതത്തെ പ്രാപിക്കാനുള്ള ദീനമായ ആഗ്രഹപ്രകടനത്തിന്റെ ശബ്ദം. ഇക്കാര്യം ഷമീറിനോട് പറഞ്ഞപ്പോൾ മദ്യലഹരിയിലായിരുന്ന അവൻ സുഗതകുമാരിയുടെ കവിത ജോണിനോട് പാടാനാണ് ആവശ്യപ്പെട്ടത്. ഈ നിസംഗത ജോണിനെ വല്ലാതെ ഭീതിതനാക്കുന്നു. ആ രാത്രിയിൽ അയാൾക്ക് സ്വസ്ഥമായി ഉറങ്ങാനായില്ല. ആ രാത്രി ഒരുവനജീവിയെപ്പോലെ അയാളെ പേടിപ്പിച്ചു. ഒടുവിൽ അയാൾ സാക്ഷി പറയേണ്ടിവരുമോ എന്ന് ഭയന്ന് അവിടെ നിന്നും ഓടിപ്പോയി. അധിനിവേശവും ഇരയാക്കപ്പെടുന്നതിന് സാക്ഷിയാകേണ്ടിവന്നവന്റെ ഭീതിയുമെല്ലാം സമകാലിക അനുഭവങ്ങളായി വ്യക്തികളെ വേട്ടയാടുന്നുണ്ടെന്ന യാഥാർത്ഥ്യമാണ് ഇവിടെ അനാവൃതമാക്കപ്പെടുന്നത്. ഒപ്പം സർവ്വം സാക്ഷിയായി നിന്ന് ആവർത്തിക്കപ്പെടാൻ പാടില്ലാത്ത ദുരന്തങ്ങൾക്കായി സമകാലികരെല്ലാവരും ജാഗ്രതപാലിക്കണമെന്നും കഥാകൃത്ത് ഇവിടെ ഓർമ്മിപ്പിക്കുന്നു.

വിപണിയും നവമാധ്യമങ്ങളും കോമഡിഷോ ആക്കിയ ജീവിതാവസ്ഥയുടെ ആഖ്യാനങ്ങളാണ് ഉത്തരാധുനികകഥകൾ. ലാഭത്തിനുവേണ്ടി യാഥാർത്ഥ്യങ്ങളെ വളച്ചൊടിച്ച് സെൻസേഷണൽ വാർത്തകൾ സൃഷ്ടിക്കുകയാണ് ഇന്ന് മാധ്യമങ്ങൾ ചെയ്യുന്നത്. ഇവിടെ ധാർമ്മികത എന്നത് കാലഹരണപ്പെട്ട പ്രമാണമാണ്. റേറ്റിംഗ് കൂട്ടുന്നതിനുവേണ്ടി വാർത്തകൾ കൃത്രിമമായി സൃഷ്ടിച്ചും യാഥാർത്ഥ്യങ്ങളെ വളച്ചൊടിച്ചും ഇവർ മാധ്യമധർമ്മം നിർവ്വഹിക്കുന്നു. വസ്തുതകൾ ഏതാണ് എന്ന ചോദ്യം ഉന്നയിച്ച് വ്യാജവത്ക്കരണത്തിലൂടെ വൻകിട കോർപ്പറേറ്റുകളുടെ താല്പര്യങ്ങളെ ഇവർ സാധാരണക്കാരിലേക്ക് അടിച്ചേൽപ്പിക്കുന്നു. പരസ്യങ്ങളും വിപണികേന്ദ്രിതമായ അധികാരങ്ങളുമാണ് മാധ്യമമേഖലയെ ഭരിക്കുന്നത്. അവിടെ മാനുഷികതയ്ക്ക് യാതൊരു സ്ഥാനവുമില്ല. വാഴുന്നവരും വീഴുന്നവരും എന്നീ രണ്ട് ദ്വന്ദ്വങ്ങൾ മാത്രമാണിവിടെയുള്ളത്. ന്യൂസ് അവറുകളിലും ചാനൽ ചർച്ചകളിലും പ്രത്യക്ഷപ്പെട്ട് വാചകക്കസർത്തുനടത്തി, സാമൂഹികബോധം ലേശവുമില്ലാതെ അധരവ്യായാമം ചെയ്യുന്ന ഒരു കൂട്ടർ ബഫൂണുകളായി പ്രത്യക്ഷപ്പെടുന്ന ദുരന്തവും ഇന്ന് വർത്തമാനകാലം

സമ്മാനിക്കുന്നുണ്ട്. അനേകം കാഴ്ചകളുടെ കുത്തൊഴുക്കിൽ സത്യ മേതാണ് മിഥ്യയേതാണ് എന്ന് വേവലാതിപ്പെടുന്ന സാധാരണക്കാ രന്റെ നിസഹായതയും മാധ്യമ അധിനിവേശത്തിൽ ഇരകളാക്കപ്പെടു ന്നവന്റെ ദൈന്യതയും സമകാലികകഥകൾ പ്രമേയവത്ക്കരിക്കുന്നു.

ചാനൽ ചർച്ചകളും ന്യൂസ് അവറുകളും ഫലിതനാടകമാകുന്ന തിന്റെ ദൃശ്യം വി. ദിലീപിന്റെ 'നിയന്ത്രണരേഖ' എന്ന കഥയിൽ ഉണ്ട്. ന്യൂസ് അവറുകളിലും ചർച്ചാവേളകളിലും "എണ്ണമറ്റ കള്ളത്തരങ്ങ ളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ ഒരു കയ്യിലുയർത്തി, ആശയദാരിദ്ര്യ ത്തിന്റെയും ആദർശദാരിദ്ര്യത്തിന്റെയും മുറിയൻ രേഖകൾ തലങ്ങും വിലങ്ങും വീണ മറുകൈപ്പടം നിവർത്തി. ഞാൻ സത്യമേ പറയൂ എന്ന് പറയുന്നവരെ" (ദിലീപ്, വി, *മിമിക്രി,* പുറം 30.) ചാനൽ സ്റ്റുഡിയോക ളിൽ കാണാം എന്ന് കഥാകൃത്ത് സാക്ഷ്യപ്പെടുത്തുന്നു. "ശീതീകരി ക്കപ്പെട്ട വാർത്താമുറിയിൽ ആലസ്യത്തിന്റെ പഞ്ഞിക്കസേരയിൽ ചാഞ്ഞിരുന്ന് ചഷകങ്ങളിലെ പാനീയങ്ങൾ മോന്തി ആ ചോദ്യങ്ങളും ഉത്തരങ്ങളും അവർ പരസ്പരം കൂട്ടിമുട്ടിച്ചു." (ദിലീപ്, വി, *മിമിക്രി,* പുറം 30.) മൂട്ടയും കൊതുകുകളും മനുഷ്യരുമുൾപ്പെടെ മാരകവിഷ മുള്ള മൃഗങ്ങൾ വിഹരിക്കുന്ന ഭൂമിയിൽ ചവിട്ടിനിന്ന് അധ്വാനിച്ച് കിതച്ച ജനത, ഇതെല്ലാം സത്യമാണെന്ന് വിശ്വസിച്ച് അവിടെനിന്നു എന്നും കഥാകൃത്ത് നിരീക്ഷിക്കുന്നു. സാധാരണക്കാരെ വിഡ്ഢികളാക്കി വാഗ്വാദങ്ങൾ നടത്തുന്ന ചാനൽ ചർച്ചകളിലെ പ്രമുഖർ സ്വയം പ്രദർശ നവസ്തുവായിത്തീരുന്നതിന്റെ ഉന്മാദമാണ് പ്രകടിപ്പിക്കുന്നത്. ഇവിടെ ഇവരെ നയിക്കുന്നത് സാമൂഹികബോധമല്ല. ഇത്തരം ചാനൽ ചർച്ച കൾ കപടസദാചാരവാദികളെയും, ആത്മാർത്ഥതയില്ലാത്ത പൊതു പ്രവർത്തകരെയുമാണ് സൃഷ്ടിക്കുന്നതെന്ന് അദ്ദേഹം സമർത്ഥിക്കു ന്നു. പട്ടിണിമരണങ്ങളുടെ സന്തപ്തവാർത്തകൾക്കൊപ്പം ഏറ്റവും പുതിയ ഗർഭനിരോധനമാർഗത്തിന്റെയും കുടവയർ കുറയ്ക്കാനുള്ള എളുപ്പമാർഗ്ഗത്തിന്റെയും സന്തുഷ്ടഅറിയിപ്പുകളായി മാറുന്ന കൊമേ ഷ്യൽ ബ്രേക്കുകളുടെ ഇടമാണ് നവമാധ്യമങ്ങളും ചാനൽ വാർത്ത കളും എന്ന് വി. ദിലീപ് സ്ഥാപിക്കുന്നു.

'അത്താഴം' എന്ന കഥ സ്വാർത്ഥത നിറഞ്ഞ മാധ്യമസംസ്കാരത്തെയും അവഗണിക്കപ്പെടുന്ന വൃദ്ധമാതാപിതാക്കളുടെ ദയനീയതയേയും പ്രമേയവത്ക്കരിക്കുന്നു. യശ്വന്ത് നടത്തുന്ന തട്ടുകടയിലാണ് കഥാസന്ദർഭങ്ങൾ അരങ്ങേറുന്നത്. തട്ടുകടയിൽ അന്ന് എത്തിയ ആ സംഘത്തിൽ മൂന്നുപേരുണ്ടായിരുന്നു. അവർ അല്പം മാത്രം എന്തോ കഴിച്ചു എന്ന് വരുത്തി ഫോൺ ചെയ്യാനെന്ന വ്യാജേന ഇരുട്ടിലേക്ക് മാറി. യശ്വന്തിന് അപ്പോൾ എന്തോ പന്തികേട് തോന്നി. വല്ല്യമ്മയെ അവിടെ ഉപേക്ഷിച്ച് വണ്ടിയിൽ കയറി അവർ വേഗം ഓടിച്ചുപോയി. യശ്വന്ത് ആ അമ്മയുടെ അടുക്കൽ ചെന്നപ്പോൾ വല്യമ്മ പുഞ്ചിരിയോടെ പാത്രം ഉയർത്തിക്കാട്ടി. രണ്ടു ദോശ യശ്വന്ത് ആ പാത്രത്തിലേക്കിട്ടുകൊടുത്തു. ചമ്മന്തി ഒഴിക്കാൻ കാത്തുനിൽക്കാതെ ആ അമ്മ അതു വേഗം അകത്താക്കി. കൂടെ വന്നത് മക്കളായിരിക്കും. തലയ്ക്കു സുഖമില്ലാത്ത അമ്മയെ നോക്കാൻ കഴിയാതെ ഉപേക്ഷിച്ചതായിരിക്കണം. കമ്പോളസംസ്കാരത്തിൽ നഷ്ടത്തിന്റെ കണക്കു മാത്രമായിരിക്കും വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം സമ്മാനിക്കുക. അവരിൽനിന്ന് ഒരു ലാഭവും ലഭിക്കാനില്ല. ഈ കണക്കുകൂട്ടലിൽ ഉപേക്ഷിക്കുക മാത്രമാണ് പുതുതലമുറയുടെ മുമ്പിലെ പോംവഴി. കുറച്ചു സമയംകഴിഞ്ഞ് തട്ടുകടയിലേക്ക് സീനിയർ ന്യൂസ് എഡിറ്ററായ മോഹൻകുമാർ എത്തി. ഈ വാർത്തയറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം തികച്ചും പ്രൊഫഷണൽ ടച്ചുള്ളതായിരുന്നു. കാര്യം പറഞ്ഞാൽ ഇന്ന് ഡ്രൈഡേയാണ്. ഈ വല്യമ്മയെവച്ച് ഒരു സെന്റിമെന്റ് സ്റ്റോറി വീശാവുന്നതേയുള്ളൂ. കാശുള്ള വീട്ടിലെ വല്ല്യമ്മച്ചിയാണെങ്കിലും എതെങ്കിലും രാഷ്ട്രീയപ്പാർട്ടിയുമായി ഇവർക്ക് ബന്ധമുണ്ടെങ്കിൽ കുശാലായി. പക്ഷേ മറ്റൊരു വിഷയം നേരത്തെ ചർച്ചയ്ക്കായി തെരഞ്ഞെടുത്തു പോയല്ലോ എന്ന് പറഞ്ഞ് മോഹൻ നിസ്സഹായനായി. പ്രമാദമായി പീഡനക്കേസിലെ വിധി വന്ന ദിവസമാണ്. മതിയായ തെളിവുകൾ ഇല്ല എന്നപേരിൽ ശിക്ഷ കുറച്ചാണ് വിധിച്ചിരിക്കുന്നത്. ഇതിനെതിരായ ചർച്ചകളാണ് ഇന്ന് ചൂടുപിടിക്കുന്നത്. അതിന്നിടയിൽ വല്ല്യമ്മയുടെ വാർത്തയ്ക്ക് വലിയ സാധ്യതയില്ലെന്നാണ് മോഹനന്റെ കണ്ടെത്തൽ. എന്നാൽ സ്ത്രീപീഡനത്തെപ്പറ്റി

ആദ്യംവന്ന വാർത്ത വാസ്തവവിരുദ്ധമായതിനാൽ ആ ചർച്ചയ്ക്ക് പ്രസക്തിയില്ലെന്ന് പിന്നീട് മോഹൻ വിളിച്ചുപറയുന്നു. ഇനി വല്ല്യമ്മ യെത്തന്നെ ചർച്ചാടേബിളിലേയ്ക്ക് വലിച്ചിഴയ്ക്കാം. അതേ മാർഗ്ഗമു ള്ളൂ എന്നയാൾ തീരുമാനിക്കുന്നു. മറ്റൊരു ചാനലിനും ലഭിക്കാത്ത അസുലഭഭാഗ്യമാണ് തനിക്ക് ലഭിച്ചതെന്നയാൾ നിർവൃതികൊള്ളുന്നു. നവകാലമാധ്യമങ്ങളും ചാനലുകളും തങ്ങളുടെ നിലനില്പിനായി ഇര കളെ തേടുമ്പോൾ വർത്തമാനകാലസംസ്കാരം ഉചിതമായ ഇരകളെ അവർക്കു സമ്മാനിക്കുന്നുണ്ടെന്നാണ് ഈ കഥ വ്യക്തമാക്കുന്നത്. അതുപോലെതന്നെ ഈ കഥയിൽ സാന്ദർഭികമായി കടന്നുവരുന്ന രണ്ട് യുവാക്കൾ ഉണ്ട്. ജീവിതത്തെ ആഘോഷമാക്കിയ യൗവനത്തിന്റെ പ്രതിനിധികളാണവർ. മിനി എന്ന വേശ്യയോടൊപ്പം രാത്രിയുടെ മറ വിലേക്ക് മാറുന്ന അവർ ആഘോഷമാക്കുന്ന നവകാലത്തിന്റെ കാമന കളെയാണ് പ്രത്യക്ഷവത്ക്കരിക്കുന്നത്. മാൻവിഷ് സോഫ്റ്റ്വെയർ സൊലൂഷനിലെ ആണുങ്ങളും പെണ്ണുങ്ങളും ആഘോഷമായി ഭക്ഷ ണംകഴിക്കാൻ വന്നപ്പോൾ ഒരാഴ്ച പഴക്കംചെന്ന ഭക്ഷണം കൊടുത്ത് അവരെ തൃപ്തരാക്കുന്ന തട്ടുകടക്കാരനേയും കഥയിൽ കാണാം. മാനു ഷികതയ്ക്കപ്പുറം നൈതികമൂല്യങ്ങൾ വെടിഞ്ഞു സുഖാസക്തിയിൽ മുഴുകുന്ന, പണത്തിനുവേണ്ടി ഏത് കാപട്യവും കാണിക്കുന്ന വ്യക്തി സ്വരൂപങ്ങളെയാണ് വി. ദിലീപ് ഈ കഥയിലൂടെ വിവരിക്കുന്നത്.

മികച്ച സാഹിത്യകൃതികൾ രചിക്കുക എന്നതിലപ്പുറം ബെസ്റ്റ് സെല്ലറുകൾ സൃഷ്ടിക്കുക എന്ന മാർക്കറ്റിംങ്ങ് തന്ത്രം സാഹിത്യമേ ഖലയിലും പിടിമുറുക്കിയിരിക്കുന്നു. ഇവിടെ മാർക്കറ്റ് ചെയ്യപ്പെടുന്ന സാഹിത്യചേരുവ വ്യക്തികളുടെ സ്വകാര്യതകളും രഹസ്യതാല്പര്യ ങ്ങളുമാണ്. വേശ്യകളുടെയും കൂട്ടിക്കൊടുപ്പുകാരുടെയും പോക്കറ്റടി ക്കാരുടെയും വലിയ സമ്പന്നന്റെയും ആത്മകഥകളെഴുതി പ്രസിദ്ധീ കരിക്കുക എന്നത് പ്രസാധകമേഖലയെ ബാധിച്ചിരിക്കുന്ന പുതുതാ ല്പര്യമാണ്. ഇവിടെ സാഹിത്യകാരന്റെ ധർമ്മം പണകേന്ദ്രിതമായി വ്യതിചലിച്ചുപോകുന്നു. അവിടെ സാഹിത്യധാർമ്മികതയും സാമൂ ഹികോന്നമനചിന്തയുമാണ് നഷ്ടമായി പോകുന്നത്. ഈ യാഥാർത്ഥ്യം അനാവരണം ചെയ്യുന്ന വി. ദിലീപിന്റെ കഥയാണ് 'സാഹിത്യസമക്ഷം'.

ഒരു വേശ്യയുടെയും കവലച്ചട്ടമ്പിയുടെയും കഥകൾ അവരുമായി അഭി മുഖം നടത്തി കഥയാക്കി മാറ്റുന്ന അജയൻ പള്ളിത്താഴം, ഏറെ വായ നക്കാരുള്ള എഴുത്തുകാരനാണ്. വൻകിട പ്രസാധകരൊക്കെ ക്യൂ നിന്ന് പള്ളിത്താഴത്തിൽ നിന്ന് രചനകൾ എഴുതി സമ്പാദിച്ചു. അജയൻ പള്ളി ത്താഴം ഇങ്ങനെ പ്രശസ്തനായപ്പോൾ സാഹിത്യരംഗത്തെ അദ്ദേഹ ത്തിന്റെ എതിരാളികളായ സത്യപാലൻ സ്നേഹച്ചോലയിൽ, കരുണൻ കണ്ണമ്പറമ്പിൽ പോലുള്ള പലമുറി സാഹിത്യകാരന്മാരും ഇതേ വഴി തന്നെ അവലംബിച്ചു. അത് എന്റെ മാർക്കറ്റ് വാല്യുവിൽ ഇടിവുണ്ടാക്കി എന്ന് അജയൻ സ്മരിക്കുന്നു. ചിലപ്പോൾ കഥതരാമെന്ന് പറഞ്ഞ് താൻ പത്രക്കാരെ ഏറെ നടത്തിച്ചതും ഇടയ്ക്ക് കഥ കൊടുക്കാതെ പറ്റിക്കു ന്നതു ഇവരുടെ മുന്നേറ്റത്തിന് കാരണമായി. "പോക്കറ്റടിക്കാരൻ പാപ്പു ജീവിതം പറയുന്നു" എന്ന സത്യപാലന്റെ പുസ്തകവും കള്ളുകച്ചവ ടക്കാരി ലൂസിയുടെ ജീവിതം-ഒരു വിശുദ്ധസങ്കീർത്തനം എന്ന കരു ണന്റെ പുസ്തകവും കഴിഞ്ഞവർഷം ബെസ്റ്റ് സെല്ലറായത് തനിക്ക് ക്ഷീണമായി. ഈ ഒരു പ്രതിസന്ധിയെ മറികടന്നെ മതിയാകൂ എന്ന യാൾ ചിന്തിച്ചു. ഒരു സാഹിത്യകാരനായി നിലനിൽക്കുക എന്നത് അയാളുടെ ജീവിതവ്രതമായിരുന്നു. "ഒരു ബ്രാഹ്മ മുഹൂർത്തത്തിൽ ഉണർന്ന് കുളിച്ച് ശുഭ്രവസ്ത്രധാരിയായി വീടിന്റെ ബാൽക്കണിയിൽ നിന്ന് അയാൾ ഭാര്യയെ നോക്കിപ്പറഞ്ഞു. ഇനിയാണ് നമുക്ക് നല്ല കാലം വരാൻ പോകുന്നത്. എന്തു ചെയ്യാൻ പോകുന്നു എന്ന് ഭാര്യ ചോദിച്ചപ്പോൾ "എഴുത്തിൽ പ്രൊഫഷനലാകാൻ പോകുന്നു. ഇനി മുതൽ എഴുത്തോടെഴുത്തായിരിക്കും. അഥവാ കേട്ടെഴുത്ത്. അതാ ണല്ലോ ട്രെൻഡ്. ഞാനും ഒരു കൈ നോക്കട്ടെ. കൂട്ടിക്കൊടുപ്പുകാരൻ തോമ" എന്നൊരാളെ ഇന്നലെ ഞാൻ തെരുവിൽ പരിചയപ്പെട്ടിരുന്നു (ദിലീപ്, വി, *ഒരു സിനിമാകഥയിലെ നായകനും അവന്റെ വില്ലനും*, പുറം 38.). അയാളെക്കുറിച്ച് വാഴ്വ് ഒരു മരീചിക: അഥവാ കൂട്ടിക്കൊ ടുപ്പ് എന്ന പുസ്തകം ഞാനെഴുതുകയാണ് എന്നയാൾ പറഞ്ഞു. ഈ തലക്കെട്ടുതന്നെ വർത്തമാനകാല സാഹിത്യത്തിനുനേരെ ഉയരുന്ന മർമ്മഭേദകമായ പാരഡിയാണെന്ന് പറയാൻ സാധിക്കും. തോമ പറ ഞ്ഞത് തോമ പറഞ്ഞതുപോലെ എന്ന പരസ്യവാചകത്തിൽ വന്ന

നോവലിന്റെ അറിയിപ്പ് തന്നെ സാഹിത്യലോകത്ത് ചലനങ്ങൾ ഉണ്ടാക്കി. തുടർന്ന് പ്രീ-പബ്ലിക്കേഷനിൽ അട്ടിമറി മുന്നേറ്റമുണ്ടായി. അതിലെ ആകർഷകമായ മസാലകൾ പത്രാധിപർ എടുത്തുപറഞ്ഞ് ആഘോഷിച്ചു. ഈ പുസ്തകത്തിന്റെ പ്രകാശനം നടത്തുന്നത് ഗൾഫ് റിട്ടേണായ ജോയ് സക്കറിയ പൂത്തോട്ടത്തിന്റെ കെട്ടിടത്തിലായിരുന്നു. ഗ്രൂപ്പുകളിയുടെ ചാണക്യനായ മന്ത്രി മാർത്താണ്ഡനാണ് പുസ്തകം പ്രകാശനം ചെയ്തത്. ഇക്കാലത്ത് ഇത്തരം ചടങ്ങുകൾ നിർവഹിപ്പിക്കേണ്ടത് കഖഗഘങ കൂട്ടി വായിക്കാത്ത രാഷ്ട്രീക്കാരനെകൊണ്ടാവണം എന്നുമുണ്ട് എന്ന് കഥാകാരൻ പരിഹസിക്കുന്നു. പ്രകാശനവേളയിൽ പുസ്തകത്തിന്റെ ആദ്യപ്രതി സ്വീകരിക്കുന്നത് കഥാനായകനായ തോമായുടെ അറുപത്തെട്ടുകാരനായ അപ്പനായിരുന്നു. ഒരു ബലാൽസംഗക്കേസിൽ ജയിൽ ശിക്ഷ അനുഭവിച്ച അദ്ദേഹം ജയിലിലെ കയ്പ്പേറിയ അനുഭവങ്ങൾ പറഞ്ഞു നടത്തിയ പ്രസംഗം അതിഗംഭീരമായിരുന്നു.

മൂന്നുഖണ്ഡങ്ങളിലായി തയ്യാറാക്കിയിരിക്കുന്ന നോവലിലും ആളുകളെ കൂട്ടാനുള്ള ചില രസവിദ്യകളുണ്ടായിരുന്നു. തോമായുടെ ബാല്യകാലം, തൊഴിൽ തിരഞ്ഞെടുക്കാനിടയായ സാഹചര്യം, കൗമാരകാലത്തെ രതിയും പ്രണയവും ഒന്നിക്കുന്ന രംഗങ്ങൾ എന്നിവയെല്ലാം ആസ്വാദകരെ പിടിച്ചിരുത്തുന്നതായിരുന്നു. തോമായുടെ സ്കൂൾ ജീവിതാനുഭവങ്ങൾ വിവരിക്കുന്ന ടീച്ചറുടെ പൊക്കിൾ എന്ന ഖണ്ഡം തന്നെ വിവാദങ്ങളിലൂടെയുള്ള ഖ്യാതിയെ സമ്പാദിക്കുന്നതായിരുന്നു. എന്താണെങ്കിലും "ഞെട്ടിക്കുന്ന ജീവിത യാഥാർത്ഥ്യങ്ങളുടെ യഥാർത്ഥമായ ആവിഷ്ക്കാരം എന്ന ആലേഖനം ചെയ്ത മംഗലപത്രവും പിടിച്ചുകൊണ്ട് കഥാനായകനായ തോമ ചടങ്ങുകഴിഞ്ഞ് വേദിവിടുന്നത് ഏറെക്കുറെ ഊറിവരുന്ന പുഞ്ചിരിയോടെ കഥാകൃത്ത് നോക്കിനിന്നു.

അനുഭവങ്ങളില്ലാത്ത ചില ആളുകൾ ലൈവായി നിൽക്കുന്നതിനും പ്രശസ്തരാകുന്നതിനും വേണ്ടി സാഹിത്യവ്യവഹാരങ്ങളിൽ ഏർപ്പെടുന്നത് കൗതുകകരമാണ്. പണം നൽകി സർഗ്ഗാത്മക സാഹി

തൃകാരൻമാരെക്കൊണ്ട് വ്യാജാനുഭവങ്ങൾ ചമയിച്ച്, കണ്ണീരണിയുന്ന
രീതിയിൽ അവതരിപ്പിക്കാനാണ് ഇവർക്ക് തിടുക്കം. അടുത്തകാല
ത്തായി സാമൂഹികരംഗത്ത് പ്രവർത്തനം തുടങ്ങിയ കോടീശ്വരനായ
ജോയ് സക്കറിയ ഇത്തരത്തിലുള്ള ഒരുകഥാപാത്രമാണ്.ജോയ് സക്ക
റിയാ ഇത്തരം ആവശ്യവുമായി അയാളെ സമീപിച്ചപ്പോൾ പ്രത്യേ
കിച്ച് ഭാവഭേദങ്ങളൊന്നുമില്ലാതെ അയാൾ പേനയെടുത്തു. ജോയ്
സക്കറിയായുടെ ജീവിതത്തെക്കുറിച്ച് ഒന്നുംതന്നെ പറയാനില്ല. ഉണ്ടെ
ങ്കിൽത്തന്നെ ഏറിയാൽ മൂന്നുവരികളിലൊതുങ്ങും. എന്നിട്ടും അയാൾ
ക്കുവേണ്ടി ഇങ്ങനെയൊരു കഥയുണ്ടാക്കി "പണക്കാരനാകുംമുമ്പ്
കൊടിയ ദാരിദ്ര്യത്തിലായിരുന്നു ജോയ് സക്കറിയ. കുറെനാൾ പിച്ച
തെണ്ടി നടന്നു. ഇടയ്ക്കൊന്ന് ആത്മഹത്യ ചെയ്യാൻ ശ്രമിച്ച് പരാജയ
പ്പെട്ടു. പിന്നീടെപ്പോഴോ കഠിനാധ്വാനത്തിലൂടെ മുന്നേറണമെന്നുറച്ചു.
ജോലിതേടി നാടുനീളെ അലഞ്ഞു. ഒടുവിൽ ഒരു കപ്പലിൽ കയറി
യാത്രതിരിച്ച് പേരറിയാത്ത ഏതോ ദ്വീപിൽചെന്നുപറ്റി. മനുഷ്യഭോജി
കളുടെ ദ്വീപായിരുന്നു അത്. അവിടെ കൊടിയ പീഡനങ്ങളുണ്ടായി.
അതിനിടെ അനേകം മനുഷ്യജീവികളിലൊരുവൻ ജോയ് സക്കറിയാ
യോട് ദയ കാട്ടി. എല്ലാവരും ചേർന്ന് ഒരു രാത്രിയിൽ ജോയ് സക്കറി
യായെ വറുത്തു തിന്നാൻ എണ്ണ ചൂടാക്കുന്നതിനിടയിൽ ദയാലുവായ
ഇയാൾ ജോയ് സക്കറിയയെ ആ കാടുകടത്തി" (ദിലീപ്, വി, *ഒരു
സിനിമാകഥയിലെ നായകനും അവന്റെ വില്ലനും*, പുറം 41). എന്നി
ങ്ങനെ കഥ നാടകീയമായെഴുതി. പതിവുപോലെ തന്നെ ഈ പുസ്ത
കവും ശ്രദ്ധിക്കപ്പെട്ടു. ഈ പ്രശസ്തികണ്ട് ഇപ്രകാരം അനുഭാവാ
ഖ്യാനങ്ങൾ പ്രസിദ്ധീകരിക്കാൻ ആളുകൾ പണവുമായി ക്യൂ നിന്നു.
അവരുടെ എല്ലാം ആവശ്യം "ഞങ്ങൾക്കും എഴുത്തുകാരാകണം.
ഞങ്ങൾക്കും മീറ്റിങ്ങുകളിൽ പ്രസംഗിക്കണം. ഞങ്ങൾക്കും വാചകമേള
കളിൽ പേരുവരുത്തണം. ഞങ്ങളെയും എഴുത്തുകാരാക്കി മാറ്റൂ എന്ന
തായിരുന്നു". ഇങ്ങനെ സമ്മർദ്ദത്തിനു വഴങ്ങി സാഹിത്യസപര്യയിൽ
ഏർപ്പെട്ട അയാൾക്ക് എഴുത്ത് പിന്നീട് ശാപമായി മാറുന്ന ദുരന്താനു
ഭവമാണ് ഉണ്ടായത്. "എന്റെ ചിന്താഗതികൾക്ക് താളം തെറ്റി, എവി
ടെയോ ഒരു കുഴച്ചുമറിച്ചിൽ, അതോടെ കഥാഗതികളും നിർണായക

വഴിത്തിരിവുകളും മാറിമറിഞ്ഞു. ഭാവനശാലിയായ ഒരെഴുത്തുകാരന് ഒരിക്കലും സംഭവിച്ചു കൂടാത്ത ഒന്ന് ഒരു കൈകുറ്റപ്പാടുപോലെ എന്നിൽ നിന്നു" അയാൾ മനഃസ്തപിച്ചു. "നാളെ നീയെന്നെ ചിത്ത രോഗാശുപത്രിയിൽ കാണാൻ വരുമ്പോൾ പുതിയൊരു പേനയും കുറച്ച് വെള്ളക്കടാസുകളും കൊണ്ടുവരിക. സാഹിത്യസമക്ഷം ഒരു മാപ്പുഹർജി ഉടനെ നൽകിയില്ലെങ്കിൽ ചിലപ്പോൾ ഈ ഭ്രാന്തിന്റെ തടവിൽ എന്നേക്കും ഒടുങ്ങിപ്പോയേക്കും (ദിലീപ്, വി, *ഒരു സിനിമാകഥയിലെ നായകനും അവന്റെ വില്ലനും*, പുറം 43) എന്നയാൾ തുറന്നെഴുതി. പുതുകാലത്തിന്റെ സാഹിത്യപ്രവണതകൾ യഥാർത്ഥ സാഹിത്യകാരനിൽ സൃഷ്ടിക്കുന്ന സ്വത്വപ്രതിസന്ധികളുടെ വിഫല തകളാണ് വി. ദിലീപ് ഈക്കഥയിലൂടെ അനാവരണം ചെയ്യുന്നത്.

ധാർമികത നഷ്ടമാകുന്ന സമകാലികസമൂഹത്തിൽ ഒരിക്കലും ഭഗ്നാശരാകേണ്ടെന്നും ഇതിനിടയിൽ പ്രതീക്ഷയുടെ പ്രകാശം പര ത്തിക്കൊണ്ട് ഇരുട്ടിനെ അതിജീവിക്കാൻ ചില മിന്നാമിനുങ്ങുകൾ പ്രത്യക്ഷപ്പെടാറുണ്ട് എന്ന് വെളിപ്പെടുത്തുന്ന വി.ദിലീപിന്റെ കഥയാണ് 'സ്വവർഗം'. ഈ കഥയിലെ ഭാസ്ക്കരേട്ടൻ മനുഷ്യവർഗത്തെ സ്വവർഗ മായി സ്നേഹിക്കുന്നവനാണ്. സമൂഹം സ്വവർഗാനുരാഗിയായി മുദ്ര കുത്തുമ്പോളും പതറാത്തമനസോടെ അദ്ദേഹം ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നു. വിശക്കുന്നവന് ഭക്ഷണം വിതരണം ചെയ്തും അനാഥരായ ബാലകരെ സംരക്ഷിച്ചും താൻ മാനവകുലത്തിലെ യഥാർത്ഥമനുഷ്യനാണെന്നും സ്വവർഗ്ഗപ്രേമിയാണെന്നും അദ്ദേഹം പറയാതെ പറയുന്നു.

പുരുഷകേന്ദ്രീകൃതമായ സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന അസ്വാതന്ത്ര്യങ്ങളും യാതനകളും നിരവധിയാണ്. ഇത് അവളുടെ എഴു ത്തിലൂടെ തന്നെ അനാവൃതമാക്കപ്പെടുമ്പോൾ കുറച്ചുകൂടി സത്യസ ന്ധമായി വെളിപ്പെടും. 'അവൾ എഴുത്തുകാരിയാണ്' എന്ന രചനയിൽ ഈ സത്യമാണ് അനാവൃതമാക്കപ്പെടുന്നത്. ഭർത്താവ് എന്നത് സ്നേഹ മില്ലാത്തത് എന്ന് ആദ്യം എഴുതുന്നുണ്ട് അവൾ. എന്നാൽ പിന്നീട വൾ അത് ധർമ്മപത്നി സങ്കല്പത്തിന് വഴിപ്പെട്ട് ആ വാക്യംതിരു

ത്തിക്കുറിക്കുന്നു. എന്നാൽ അന്ന് രാത്രിയിൽ ഭർത്താവിൽ നിന്ന് ക്രൂരമായ മർദ്ദനം അവൾക്ക് ഏൽക്കേണ്ടതായി വന്നു. എഴുതിയാലും എഴുതിയില്ലെങ്കിലും അറംപറ്റും പിന്നെ എന്തിന് എഴുത്ത് മാറ്റിവയ്ക്കണം എന്നുപറഞ്ഞ് ആ കഥ എഴുതി തീർത്തവൾ വീടിന്റെ  വാതിൽ കടന്ന് സ്വാതന്ത്ര്യത്തിന്റെ പാതയിലൂടെ   അവൾ നടന്നുപോവുകയാണ്.

വി. ദിലീപിന്റെ 'ദുഃഖിതയായ ഒരു പെൺകുട്ടി മുഖ്യമന്ത്രിയ്ക്ക് എഴുതുന്നു' എന്ന കഥയിലും സ്ത്രീകൾ സാമ്പ്രദായികമായി അനുഭവിക്കുന്ന ചൂഷണങ്ങൾക്കെതിരായ പ്രതിഷേധമാണ് രേഖപ്പെടുത്തുന്നത്. മുഖ്യമന്ത്രിക്ക് ഒരു പെൺകുട്ടി എഴുതുന്ന കത്തിന്റെ രൂപത്തിൽ ഇവിടെ കഥാഖ്യാനം ഇതൾവിടരുന്നു. എനിക്ക് എന്റെ എല്ലാ ദുഃഖങ്ങളും പ്രധാനപ്പെട്ടതാണ്. പരിഹാരം വേണമെന്ന് ആഗ്രഹിക്കുന്നവയാണ്. അതിനാൽ എല്ലാ പ്രശ്നങ്ങളും അക്കമിട്ട് ഞാനിവിടെ പരാമർശിക്കുന്നു എന്ന ആമുഖക്കുറിപ്പോടെയാണ് കത്ത് ആരംഭിക്കുന്നത്.

പച്ചയായ മനുഷ്യജീവിതത്തിന്റെ സ്പന്ദനങ്ങൾ അടയാളപ്പെടുത്തുന്ന കഥകളാണ് വി.ദിലീപ് ഏറെയും രചിച്ചിട്ടുള്ളത്. ഒപ്പം സമൂഹത്തിന്റെ വർത്തമാനകാല പരിച്ഛേദവും  അവയിലെ ക്രിയകളും കാഴ്ചകളുമെല്ലാം നിരനിരയായി ഇവിടെ പൊന്തിവരുന്നു. കാലത്തോടു സംവദിക്കുന്നതും ഒപ്പം കലഹിക്കുന്നതും പ്രതിബോധിപ്പിക്കുന്നതുമായ രചനകളാണ് ഏറെയും. മൊകേരിയുടെ സായന്തനങ്ങളെ ഉറങ്ങാത്ത കഥാരാവുകളിലേക്ക് വളർത്തിയ അത്ഭുതമാന്ത്രികതയാണ് വി.ദിലീപിന്റെ തൂലിക സമകാലികകഥാലോകത്തിന് സമ്മാനിച്ചത്

**ഗ്രന്ഥസൂചി**

1. ദിലീപ്, വി., *സ്വവർഗം*, ഡി. സി. ബുക്സ്, കോട്ടയം, 2008.

2. ദിലീപ്, വി., *ഒരു സിനിമാകഥയിലെ നായകനും അവന്റെ വില്ലനും*, ഡി. സി. ബുക്സ്, കോട്ടയം, 2011.

3. ദിലീപ്, വി., *മിമിക്രി*, ഡി. സി. ബുക്സ്, കോട്ടയം, 2016.

4. ദിലീപ്, വി., കഥകൾ,സൈകതം ബുക്സ്, കോതമംഗലം, 2018.

5. കാപ്പൻ, എസ്., *ഇരുപത്തിയൊന്നാം നൂറ്റാണ്ടിന് ഒരു പ്രതിസം സ്കൃതി,* യാത്ര പബ്ലിക്കേഷൻസ്, കോട്ടയം, 2000.

6. ജോസ് മാനുവൽ, കെ. (ഡോ.) (എഡി.), *നവമാധ്യമങ്ങൾ ഭാഷ, സാഹിത്യം, സംസ്കാരം*, സാഹിത്യപ്രവർത്തകസഹകരണസം ഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 2014.

# വിമർശനജീവിതവും വിമർശനചരിത്രങ്ങളുടെ രാഷ്ട്രീയവും

**ഡോ. സവിത ഇ.**

**അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം**

**കെ.എം.എം. ഗവണ്മെന്റ് വനിതാ കോളേജ്, കണ്ണൂർ**

**സംഗ്രഹം**

പത്തൊമ്പതാം നൂറ്റാണ്ടിലാണ് മലയാളത്തിൽ ആധുനികാർത്ഥത്തിലുള്ള വിമർശനവ്യവഹാരങ്ങൾ ആരംഭിച്ചത്. സർഗ്ഗാത്മകപ്രവർത്തനമായി നിർവ്വചിക്കപ്പെട്ട വിമർശനം സാഹിത്യകൃതികളുടെ പ്രമേയവിശകലനത്തിലുപരിയായി അതുനൽകുന്ന സൗന്ദര്യാനുഭവത്തിന്റെ സ്വഭാവവിശദീകരണത്തിനാണ് പ്രാരംഭത്തിൽ പ്രാധാന്യം നൽകിയത്. പ്രമാണപരമായ വസ്തുനിഷ്ഠതയും സാഹിത്യപരമായ ജാഗ്രതയും പ്രത്യക്ഷത്തിൽ പ്രകടിപ്പിച്ച മലയാളവിമർശനം സാഹിത്യബാഹ്യമായ നിരവധി ബലതന്ത്രങ്ങൾക്ക് വിധേയമായിട്ടാണ് പ്രവർത്തിച്ചത്. വിമർശനചരിത്രാഖ്യാനങ്ങളിലും നിരവധിപ്രത്യയശാസ്ത്രങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വിമർശകകർത്തൃത്വങ്ങളെയോ വിമർശനപ്രത്യയശാസ്ത്രങ്ങളേയോ കേന്ദ്രീകരിച്ചുകൊണ്ടുള്ള ചരിത്രനിർമ്മാണപ്രക്രിയയിൽ ഒട്ടേറെ വിമർശകർ പുറന്തള്ളപ്പെട്ടു. വിമർശകരുടെ ധൈഷണികമായ സത്യസന്ധതയേക്കാൾ അവർ കൈയാളുന്ന അക്കാദമിക്പദവികളും സാംസ്കാരികമൂലധനവുമാണ് അവരുടെ വിമർശകപദവിയെ നിർണ്ണയിച്ചത്. 1950-കൾ മുതൽ 1990-കൾ

വരെ വിഭിന്ന ആഖ്യാനരൂപങ്ങളിലൂടെ – കൃതിവിമർശനങ്ങൾ, മാസികാ പ്രവർത്തനങ്ങൾ, പ്രഭാഷണങ്ങൾ – സാഹിത്യവിമർശനത്തെ കേന്ദ്ര സ്ഥാനത്തു നിർത്തിക്കൊണ്ട് തന്റെ കാലഘട്ടത്തോട് സംവദിച്ച ജി. എൻ. പിള്ളയെപ്പോലൊരു വിമർശകനെ വിമർശനവ്യവഹാരങ്ങൾ തമസ്കരിക്കുകയോ പാർശ്വവത്കരിക്കുകയോ ചെയ്തതെന്തുകൊണ്ട് എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിന്റെ നടത്തുന്നത്. മലയാള വിമർശനത്തിന്റെ കാനോനീകരണയുക്തികളും ചരിത്രനിർമ്മിതിയുടെ പ്രത്യയശാസ്ത്രങ്ങളും ജി.എൻ. പിള്ളയുടെ വിമർശകവ്യക്തിത്വവും തമസ്കരണങ്ങളുടെ രാഷ്ട്രീയവും അപഗ്രഥിക്കുകയാണ് പ്രബന്ധത്തിന്റെ ലക്ഷ്യം.

**താക്കോൽവാക്കുകൾ**

വിമർശനം-വ്യവഹാരം-കാനോനീകരണം-സാഹിതീയത-പ്രത്യയശാസ്ത്രം- രാഷ്ട്രീയം-ഗണം-കർത്തൃത്വം.

വിമർശനത്തെ സർക്ഷാത്മകപ്രവർത്തനമായി കാണുകയും 'സാഹിത്യവിമർശനം' അല്ലെങ്കിൽ 'സാഹിത്യനിരൂപണം' എന്ന് സവിശേഷമായി സ്ഥാനപ്പെടുത്തുകയും ചെയ്യുക എന്ന രീതിശാസ്ത്രമാണ് 19-ാം നൂറ്റാണ്ടുമുതൽ മലയാളവിമർശനം പിന്തുടർന്നത്. പ്രബലമായ സാഹിത്യതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ കൃതികളിലെ സാഹിതീയമായ ഒത്തിണക്കങ്ങളും ആസ്വാദനാംശങ്ങളും കണ്ടെത്തി മൂല്യനിർണ്ണയം ചെയ്ത്,ഗുണദോഷങ്ങളുടെ വിധിപ്രഖ്യാപനം നടത്തി, അവയ്ക്ക് സർഗ്ഗാത്മകവും യുക്തിപരവുമായ വിശദീകരണം നൽകുന്ന സാഹിത്യരൂപം എന്ന നിലയിലാണ് മലയാളവിമർശനം ആദ്യകാലത്ത് നിർവചിക്കപ്പെട്ടത്.

1981-ൽ, സുകുമാർ അഴീക്കോടിന്റെ 'മലയാളസാഹിത്യവിമർശന'ത്തിലൂടെയാണ് മലയാളവിമർശനത്തിന് ചരിത്രക്രമീകരണം ലഭിക്കുന്നത്. മലയാളത്തിലെ വിമർശനപ്രവർത്തനങ്ങളെ ചരിത്രപരമായി ക്രമപ്പെടുത്താനുള്ള ആദ്യത്തെ അക്കാദമിക് പരിശ്രമമാണത്.

തുടർന്ന് പ്രസിദ്ധീകരിക്കപ്പെട്ട പി.വി. വേലായുധൻപിള്ളയുടെ 'മല യാളസാഹിത്യവിമർശനം', തോന്നയ്ക്കൽ വാസുദേവന്റെ 'മലയാള സാഹിത്യവിമർശനം', പന്മനരാമചന്ദ്രൻനായർ എഡിറ്റു ചെയ്ത 'മല യാളസാഹിത്യനിരൂപണം' എന്നിവയെല്ലാം വിമർശനചരിത്രങ്ങളുടെ സ്വഭാവവും രൂപഘടനയും നിലനിർത്താൻ ശ്രമിച്ചിട്ടുള്ള കൃതികളാണ്. വിമർശകകർത്തൃത്വങ്ങളെയോ വിമർശനപ്രവണതകളെയോ പിന്തുട രുന്ന ചരിത്രാഖ്യാനരീതിയാണ് പൊതുവിൽ ഈ കൃതികളെല്ലാം നിർവ്വ ഹിക്കുന്നത്. അംഗീകൃത വിമർശനകാനോനകളെ പിന്തള്ളിക്കൊണ്ട് ആഖ്യാതാക്കളുടെ സാഹിത്യേതരമായ ചില യുക്തികൾ ആഖ്യാന ത്തിൽ ഇടപെട്ടതിനാൽ ചരിത്രനിർമ്മിതിയിൽ ഇടം ലഭിക്കേണ്ട അനേകം വിർശകരും അവരുടെ വിമർശനപ്രവർത്തനങ്ങളും തമസ്ക രിക്കപ്പെടുകയോ അരികുവത്ക്കരിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. ഒരു സാമൂഹികപ്രവർത്തനം എന്ന നിലയിൽ സവിശേഷ ജാഗ്രതയോടെ മാസികാപ്രവർത്തനം, എഴുത്ത്, പ്രഭാഷണം തുടങ്ങി വിവിധ ആഖ്യാ നരൂപങ്ങളിലൂടെ മലയാളവിമർശനത്തിൽ ഇടപെട്ട ജി. എൻ. പിള്ള എന്ന ധൈഷണികവിമർശകനെയും അദ്ദേഹത്തിന്റെ വിമർശനപ്രവർ ത്തനങ്ങളെയും ചരിത്രബാഹ്യമാക്കി നിലനിർത്താൻ മലയാളത്തിലെ വിമർശനചരിത്രങ്ങൾ കാണിച്ച താൽപര്യം ഈയൊരുസന്ദർഭത്തിൽ വച്ചുവേണം പരിശോധിക്കാൻ. നമ്മുടെ ധൈഷണികസങ്കല്പങ്ങ ളെയും ഇന്ത്യൻ ബുദ്ധിജീവികളെപ്പറ്റിയുള്ള സാമാന്യനിരീക്ഷണങ്ങ ളെയും അതിവർത്തിക്കുന്ന ബൗദ്ധികസ്വത്വമാണ് ജി.എൻ. പിള്ളയു ടേത്. വിമർശനത്തിൽ, സിദ്ധാന്തങ്ങളുടെ സിരാഘടനയെ നിരാകരി ക്കുകയും സൗന്ദര്യശാസ്ത്രപരമായ തുറസ്സുകളെ സ്വീകരിക്കുകയും ചെയ്ത ജി.എൻ. പിള്ള പാശ്ചാത്യം, പൗരസ്ത്യം എന്ന ദ്വന്ദ്വയുക്തി യിലൊതുങ്ങാതെ സാർവ്വദേശീയമായ സാഹിത്യവിശകലനോപാധി കളെയും സൗന്ദര്യശാസ്ത്രപദ്ധതികളെയും ലോകബോധങ്ങളെയും ഉൾക്കൊണ്ടു. വിമർശകൻ എന്ന നിലയിൽ, കാലികമായ സാഹിത്യപരി ണാമങ്ങളെ അഭിമുഖീകരിക്കാനും അവയെ വിശദീകരിക്കാനും അദ്ദേഹം സവിശേഷമായ താത്പര്യം കാണിച്ചിരുന്നു.

## മലയാളവിമർശനം : പ്രമാണപാഠങ്ങളും പരിചരണരീതികളും

സാഹിത്യവും വിമർശനവും[1] തമ്മിലുള്ള പാരസ്പര്യത്തെയും കൃതിയിലെ സാഹിതീയമൂല്യത്തിനു നൽകിയിരുന്ന പ്രാധാന്യത്തെയും വിമർശനത്തിനുണ്ടായിരിക്കേണ്ട സർഗ്ഗാത്മകഗുണത്തെയും അഭിവ്യ ഞ്ജിപ്പിക്കുന്ന 'സാഹിത്യവിമർശനം', 'സാഹിത്യനിരൂപണം' എന്നീ സമസ്തപദങ്ങളാണ് ആധുനികാനന്തരകാലം വരെ വിമർശനം എന്ന ഗണസൂചകാർത്ഥത്തിൽ മലയാളത്തിൽ പ്രചാരം നേടിയത്. സാഹി ത്യവും വിമർശനവും തമ്മിലുള്ള ബന്ധം സ്വാഭാവികവും അവിഭാ ജ്യവുമാണെന്ന് വിമർശകർ കരുതിയിരുന്നു. സാഹിത്യംപോലെ ശുദ്ധവും കേവലവും നിരപേക്ഷവുമായ സാഹിത്യവിഭാഗമായി വിമർ ശനവും പരിചരിക്കപ്പെട്ടു. സാഹിത്യത്തിനു കല്പിച്ചിരുന്ന ഭാവഭം ഗിയും അഹ്ലാദത്വവും വിമർശനത്തിനും ആവശ്യമാണെന്ന ധാരണ യിൽനിന്നാണ് വിമർശനസാഹിത്യം/നിരൂപണസാഹിത്യം തുടങ്ങിയ സമസ്തപദപ്രയോഗങ്ങൾ വ്യവസ്ഥാപിതമായത്. സാഹിത്യത്തിലെ 'ആന്തരികമൂല്യ'[2]മായ സാഹിത്യമൂല്യത്തെ കണ്ടെത്തുകയും അതിനെ ആസ്വാദ്യവും യുക്തിപരവുമായ രീതിയിൽ പ്രതിപാദിക്കുകയും മൂല്യ നിർണ്ണയാത്മകമായി വിലയിരുത്തുകയും ചെയ്യുന്ന സർഗ്ഗാത്മകപ്ര വർത്തനം എന്ന നിലയിലാണ് മലയാളത്തിലെ വിമർശനവ്യവഹാര ങ്ങൾ ക്രമീകരിക്കപ്പെട്ടത്; സാഹിത്യതത്ത്വങ്ങളിലുള്ള ജ്ഞാനം, സഹൃ ദയത്വം, മുല്യനിർണ്ണയശേഷി, യുക്തിബോധം, സർഗ്ഗാത്മകത എന്നിവ വിമർശകരുടെ യോഗ്യതകളായും പ്രതിഷ്ഠാപനം നേടി.[3] സാഹിത്യ കൃതികളിലെ പ്രമേയം, പ്രത്യയശാസ്ത്രം, രാഷ്ട്രീയം എന്നിവ അപ്ര സക്തമാവുകയും അത് പ്രദാനം ചെയ്യുന്ന സൗന്ദര്യാനുഭവത്തിന്റെ സർഗ്ഗാത്മകമായ സ്വഭാവവിശകലനത്തിന് പ്രാധാന്യം കൈവരിക്കു കയും ചെയ്ത വിമർശനാന്തരീക്ഷമാണ് മലയാളത്തിൽ ആദ്യകാലത്ത് പ്രാബല്യം നേടിയത്. സാഹിത്യകൃതികളുടെ മൂല്യനിർണ്ണയം നടത്താ നുള്ള അധികാരപദവിയായിരുന്നു വിമർശകരുടേത്. കൃതി ഉള്ളടക്കുന്ന കലാപരതയുടെയും അഭിരുചിസംസ്കരണത്തിന്റെയും തോതിനെ ആശ്രയിച്ചുള്ള ഒരു വിധി നിർണ്ണയമാണത്. കാലഘട്ടത്തിന്റെ ദുഷിച്ച അഭിരുചികളെ തിരുത്തുക, സദാചാരപരിപാലനം നിർവ്വഹിക്കുന്ന

കൃതികളെ മാത്രം സത്കൃതികളായി സ്ഥാനപ്പെടുത്തുക തുടങ്ങിയ ദൗത്യങ്ങൾ കൂടി വിമർശകർ ഏറ്റെടുത്തിരുന്നു.[4] ചുരുക്കത്തിൽ, കൃതികളിലെ സാഹിതീയത, ആനന്ദാനുഭൂതി, അഭിരുചിസംസ്കരണം എന്നിവയുടെ മികവിന്റെ അടിസ്ഥാനത്തിൽ അവയെ സത്കൃതികൾ / ദുഷ്കൃതികൾ എന്ന ദ്വന്ദ്വയുക്തിയിലൊതുക്കുകയും അതിനെ മുൻനിർത്തി സൗന്ദര്യാവിഷ്കാരരൂപമായ സാഹിത്യപാഠങ്ങൾക്ക് യുക്തിഭദ്രമായ വിശദീകരണം നൽകുകയും ചെയ്യുന്ന മൂല്യപരിശോധനാവിഭാഗം എന്ന നിലയിലാണ് മലയാളവിമർശനം പ്രാരംഭകാലത്ത് പ്രവർത്തിച്ചത്.

മലയാളത്തിലെ വിമർശനവ്യവഹാരത്തെ ചിരത്രപരമായി ക്രമപ്പെടുത്താനുള്ള ആദ്യത്തെ അക്കാദമിക് പരിശ്രമം നടത്തിയത് സുകുമാർ അഴീക്കോടാണ്. തുടർന്നങ്ങോട്ട് ചെറുതും വലുതുമായ ഒട്ടേറെ ചരിത്രാഖ്യാനങ്ങൾ മലയാളവിമർശനത്തിനു ലഭിച്ചിട്ടുണ്ട്. 1890 മുതൽ 1965 വരെയുള്ള 75 കൊല്ലത്തെ സാഹിത്യവിമർശനത്തിന്റെ ചരിത്രമാണിത് എന്ന് ആരംഭത്തിൽ തന്നെ അദ്ദേഹം സൂചിപ്പിക്കുന്നുണ്ട് (മലയാളസാഹിത്യവിമർശനം, പുറം 17).

1981-ൽ പ്രസിദ്ധീകരിച്ച 'മലയാളസാഹിത്യവിമർശനം' 27 വർഷക്കാലം വിമർശനചരിത്രങ്ങളുടെ ആഖ്യാനയുക്തികളെ സ്വാധീനിച്ചുവെന്നതിന് 2008-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'മലയാളസാഹിത്യനിരൂപണം' (എഡി. പന്മന രാമചന്ദ്രൻനായർ) തന്നെ തെളിവാണ്. പി.വി. വേലായുധൻപിള്ളയുടെ 'മലയാളസാഹിത്യവിമർശനം' (1983), തോന്നയ്ക്കൽ വാസുദേവന്റെ 'മലയാളസാഹിത്യവിമർശനം' (2010) തുടങ്ങി വിമർശനചരിത്രങ്ങളുടെ സ്ഥാനം അവകാശപ്പെട്ട മറ്റ് കൃതികളും ഇതേ ആഖ്യാനരാഷ്ട്രീയമാണ് പിന്തുടർന്നത്. അഴീക്കോടിന്റെ 'മലയാളസാഹിത്യവിമർശനം' ഏറ്റെടുത്ത ചരിത്രകാലയളവിൽ-1890 മുതൽ 1965വരെ-ജി.എൻ. പിള്ളയുടേതായി ആറ് ലേഖനങ്ങൾ മാത്രമേ പ്രസിദ്ധീകൃതമായിട്ടുള്ളൂവെങ്കിലും മലയാളവിമർശനത്തിന്റെ നാളിതുവരെയുള്ള പ്രമാണപാഠങ്ങൾക്കും ചരിത്രയുക്തികൾക്കും പ്രതിഷ്ഠാപനം സാധ്യമാക്കിയ കൃതിയെന്ന നിലയിൽ അതിന്റെ ആഖ്യാനരാഷ്ട്രീയം അപഗ്രഥിക്കാതെ വിമർശനവ്യവഹാരങ്ങളുടെ രാഷ്ട്രീ

യത്തെക്കുറിച്ചുള്ള കൃത്യമായ വിലയിരുത്തലുകളും സാധ്യമാവുകയില്ല.

സാഹിത്യകൃതി ആനന്ദാനുഭവത്തിന്റെ കേന്ദ്രമാണെന്നും ആ ആനന്ദാനുഭവത്തിന്റെ സാഹിതീയവും യുക്തിഭദ്രവുമായ ആവിഷ്കാരരൂപമാണ് വിമർശനമെന്നുമുള്ള സാഹിത്യാവബോധത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് അഴീക്കോട് തന്റെ ചരിത്രാഖ്യാനം നിർവ്വഹിച്ചിരിക്കുന്നത്.[5] അതൊടൊപ്പം ഗുണദോഷനിരൂപണത്തിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തി വിധി പ്രസ്താവിക്കുക എന്നതുകൂടി വിമർശകന്റെ കർത്തവ്യമായി അഴിക്കോട് കാണുന്നുണ്ട്.[6] സാഹിതീയത, യുക്തിഭദ്രത, മൂല്യനിർണ്ണയം, വിധി പ്രസ്താവന എന്നിങ്ങനെ സാഹിത്യവിമർശനത്തിന്റെ ആധാരശിലകളായി അദ്ദേഹം ക്രമപ്പെടുത്തിയ ഘടകങ്ങൾ തന്നെയാണ് മലയാളത്തിലെ വിമർശനകാനോനകളായി അല്ലെങ്കിൽ പ്രമാണപാഠങ്ങളായി വ്യവസ്ഥാപനം നേടിയത്.ആഖ്യാനാരംഭത്തിൽ കൃത്യമായ വിമർശനകാനോനകൾ അദ്ദേഹം വ്യക്തമാക്കുന്നുണ്ടെങ്കിലും ചരിത്രാഖ്യാനത്തിന്റെ രേഖീയപുരോഗതിക്കിടയിൽ അവയെ പുനർനിർണ്ണയിക്കുന്ന ആഖ്യാതാവ് തന്റെ മുൻകാനോനകളിൽ ചില അംശങ്ങളെ തള്ളുകയും മറ്റു ചിലതിനെ ഉൾക്കൊള്ളുകയും ചെയ്യുന്നു. അഞ്ചുഘട്ടങ്ങളിലായി മലയാളവിമർശനചരിത്രത്തെ ഉള്ളടക്കം ചെയ്യാൻ ശ്രമിക്കുന്ന അഴീക്കോട് യഥാർത്ഥ വിമർശകൻ (സാഹിത്യവിമർശകൻ), പത്രവിമർശകൻ, ആസ്വാദകൻ, വ്യാഖ്യാതാവ്, ഇംപ്രഷണിസ്റ്റ് വിമർശകൻ, പുസ്തകനിരൂപകൻ, ദുഷ്ടവിമർശകൻ തുടങ്ങിയ സ്ഥാനങ്ങൾ നിർമ്മിക്കുകയും താൻ തെരഞ്ഞെടുത്ത വിമർശകരെ അവയിലോരോന്നിലും സ്ഥാനപ്പെടുത്തുകയും ചെയ്യുന്നു. അവസാനഘട്ടത്തിൽ അതുവരെ പിന്തുടർന്ന വ്യക്തികേന്ദ്രീകൃതമായ ചരിത്രാഖ്യാനത്തെ നിരാകരിച്ച് വിമർശനപ്രവണതകളെ ആധാരമാക്കി ആഖ്യാനനിർവ്വഹണം പൂർത്തീകരിക്കുകയും ചെയ്യുന്നു.

സാഹിതീയത, യുക്തിഭദ്രത, പ്രമാണനിഷ്ഠത തുടങ്ങി ആധുനികമായ സാഹിത്യാവബോധത്തിന്റെ ആശയപരിസരങ്ങൾക്കകത്തു വച്ചാണ് അഴീക്കോട് തന്റെ വിമർശനസങ്കല്പങ്ങളെ ആദ്യം രൂപപ്പെ

ടുത്തുന്നത്. മാത്യു അർനോൾഡ്, ടി.എസ്. എലിയട്ട്, വാൾട്ടർ പേറ്റർ, ജോൺസൺ, റിച്ചാർഡ്സ് തുടങ്ങിയ പാശ്ചാത്യചിന്തകരുടേയും ഉള്ളൂർ, അപ്പൻ തമ്പുരാൻ, വടക്കുംകൂർ, മുണ്ടശ്ശേരി, പി.കെ. പരമേശ്വരൻനായർ തുടങ്ങിയ മലയാളവിമർശകരുടേയും വിമർശനപ്രമാണങ്ങൾ ആഖ്യാനത്തിന്റെ ആധാരശിലകളായി അദ്ദേഹം ഉപയോഗിക്കുന്നുണ്ട്. പക്ഷേ,ഗുണദോഷവിചിന്തനം, മൂല്യനിർണ്ണയം, തത്ത്വാധിഷ്ഠിതത്വം, സാഹിതീയത, താരതമ്യാത്മകത, ആസ്വാദ്യത തുടങ്ങി ചരിത്രരചനാരംഭത്തിൽ പിന്തുടർന്ന കാനോനകൾ ആഖ്യാനത്തുടർച്ചയിൽ ശിഥിലീകൃതമാകുന്നു. ജീവചരിത്രപരവും സൈദ്ധാന്തികവുമായ വിമർശനങ്ങളെ ഒഴിവാക്കിക്കൊണ്ട് വിവരണാത്മകവിമർശനം മാത്രമാണ് യഥാർത്ഥസാഹിത്യവിമർശനം എന്ന യുക്തി അദ്ദേഹം സ്വീകരിക്കുന്നുണ്ട്. ചരിത്രം, തത്ത്വശാസ്ത്രം, മനഃശാസ്ത്രം, ശാസ്ത്രം തുടങ്ങിയ ഇതരവിഷയങ്ങളിൽ നിന്നും സത്താപരമായ വ്യതിരിക്തത സാഹിത്യത്തിനുണ്ടെന്ന ബോധ്യമാണ് ആഖ്യാനത്തിലുള്ളത്. അതിനാൽ ഇവയുടെ കലർപ്പുകൾ സാഹിത്യബാഹ്യമായ ഘടകമായി നിർവ്വചിച്ച് അവയെ അരിച്ചുമാറ്റി യഥാർത്ഥ സാഹിത്യവിമർശനത്തിന് പ്രതിഷ്ഠാപനം നൽകുന്ന ഒരു ചരിത്രദൗത്യം കൂടി അദ്ദേഹം ഏറ്റെടുക്കുന്നു. ചരിത്രാഖ്യാനത്തിൽ കടന്നുവരുന്ന ശുദ്ധസാഹിത്യവിമർശനം, തനിസാഹിത്യവിമർശനം, യഥാർത്ഥസാഹിത്യവിമർശനം, ഉത്തമവിമർശനം തുടങ്ങിയ വിശേഷണങ്ങൾ വിമർശനമെന്ന വ്യവഹാരത്തിന്റെ തനിമയും അനന്യതയും ഉറപ്പിച്ചെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. പത്രവിമർശനം, ദുഷ്ടവിമർശനം, ഇംപ്രഷണിസ്റ്റ് വിമർശനം, പുസ്തകാഭിപ്രായം, പോഷകവിമർശനം, ആസ്വാദനം, വ്യാഖ്യാനം, യഥാർത്ഥവിമർശനം, സാഹിത്യബാഹ്യം, തുടങ്ങിയ സ്ഥാനപ്പെടുത്തലുകളും സാഹിത്യവിമർശനത്തിന്റെ ശുദ്ധീകരണപ്രക്രിയയുടെ ഭാഗമായി വരുന്നതാണ്. ചരിത്രാഖ്യാനത്തിൽ, 'സാഹിതീയത'യുടെ മാനദണ്ഡത്താൽ വിലയിരുത്തിയപ്പോൾ വിമർശകപദവിയിൽനിന്ന് പുറന്തള്ളപ്പെട്ടുപോയവരാണ് കേസരി എ. ബാലകൃഷ്ണപിള്ള, കെ. ദാമോദരൻ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, സി.ജെ. തോമസ്, കെ. ഭാസ്കരൻനായർ തുടങ്ങിയവർ. പൗരസ്ത്യ-പശ്ചാത്യസിദ്ധാന്ത

സമന്വയം വിമർശനാദർശമായി പരിഗണിച്ചവരെ മറ്റൊരു മാനദണ്ഡ
വുമില്ലാതെ തന്നെ വിമർശനകരായി അദ്ദേഹം സ്ഥാനപ്പെടുത്തുന്നു
ണ്ട്. സി. അന്തപ്പായി, ടി.കെ. കൃഷ്ണമേനോൻ, അപ്പൻതമ്പുരാൻ, ഐ.
സി. ചാക്കോ, പി. ശങ്കരൻനമ്പ്യാർ, ആറ്റൂർ കൃഷ്ണപിഷാരടി, കെ.
വാസുദേവൻമുസ്സത്, കുറുവാന്തൊടി ഗോവിന്ദൻനായർ എന്നിവർ
വിമർശനചരിത്രത്തിന്റെ ഭാഗമാകുന്നത് 'ആംഗല-ഗൈർവ്വാണി സമ
ന്വയമെന്ന യുക്തിയാലാണ്. സംസ്കൃതസാഹിത്യസിദ്ധാന്തങ്ങളെ
മാത്രം മാനദണ്ഡമാക്കി വിമർശനത്തിലിടപെട്ടു എന്നതിനാൽ
വടക്കുംകൂർ രാജരാജവർമ്മ, കെ.പി. നാരായണപിഷാരടി, ഇ.പി.ദാമോ
ദരൻ, ആർ.ബാലരാമപ്പണിക്കർ തുടങ്ങിയവർ വിമർശകരല്ലെന്ന വില
യിരുത്തൽ ചരിത്രാഖ്യാനം നടത്തുന്നു. വിമർശകപദവിയിലേക്കെത്തി
ച്ചേർന്നവരെ തന്നെ യഥാർത്ഥസാഹിത്യവിമർശകർ, പുസ്തകാസ്വാ
ദകർ, പത്രവിമർശകർ, വിമർശനപിതാവ്, യുഗസ്രഷ്ടാക്കൾ, പ്രതി
ഷ്ഠാപകൻ, മഹാവിമർശകർ എന്നിങ്ങനെയും അദ്ദേഹം വർഗ്ഗീകരി
ക്കുന്നുണ്ട്. കേരളവർമ്മയുടെയും രാജരാജവർമ്മയുടെ ശിഷ്യത്വവും
അനുനായിത്വവും മറ്റൊരു അദൃശ്യവിമർശനകാനോനയായി ആഖ്യാ
താവ് സ്വീകരിക്കുന്നുണ്ട്. വ്യാഖ്യാനവും ഗവേഷണവും പ്രവർത്തന
മേഖലകളായ പി.കെ. നാരായണപിള്ള 'നിപുണവിമർശക'നായ
തിനും (പുറം 250) ജീവചരിത്രങ്ങൾ എഴുതിയ പി. അനന്തൻപിള്ള
വിമർശനചരിത്രത്തിലിടം(പുറം 165) നേടിയതിനും മറ്റൊരുയുക്തിയും
ചരിത്രാഖ്യാനം നല്കുന്നില്ല. കേരളവർമ്മയുടെ അനുനായിത്വം
പാണ്ഡിത്യം, ആര്യ-ആംഗലസംസ്കാരസമന്വയം എന്നിവയാൽ
ഉള്ളൂർ വെറുമൊരു പത്രനിരൂപകനാകാതെ വിലയുറ്റ വിമർശകനാ
യി മാറുന്നു(പുറം 170-171).വ്യാഖ്യാനവും ജീവചരിത്രവും സൈദ്ധാ
ന്തികഗ്രന്ഥങ്ങളും സാഹിത്യവിമർശനങ്ങളല്ലെന്ന് ആഖ്യാനാരംഭത്തിൽ
വ്യക്തമാക്കുന്നുണ്ടെങ്കിലും പി. കെ. നാരായണപിള്ളയുടെ 'കേരള
ഹൃദയ'മെന്ന വ്യാഖ്യാനത്തെയും പി.അനന്തൻപിള്ള എഴുതിയ ജീവി
ചരിത്രങ്ങളെയും പി. ശങ്കരൻനമ്പ്യാരുടെ സൈദ്ധാന്തികഗ്രന്ഥങ്ങളെ
യും വിമർശനങ്ങളായി പരിഗണിക്കാൻ അദ്ദേഹം തയ്യാറാകുന്നുണ്ട്.
ഏ.ആർ. രാജരാജവർമ്മയിലെത്തുമ്പോൾ സാഹിത്യത്തിലെ ആന്ത
രികമൂല്യത്തെ അടിസ്ഥാനമാക്കിയുള്ള വിമർശനമാണ് യഥാർത്ഥവി

മർശനം എന്ന നിലപാടിലേക്ക് അഴീക്കോട് എത്തുന്നു. വിമർശക രുടെ സാമൂഹികപദവിയും അധികാരകേന്ദ്രങ്ങളുമായുള്ള ബന്ധവും വിമർശകപദവിയെ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങളായി ചരിത്രാഖ്യാ നത്തിൽ ഇടം പിടിക്കുന്നുണ്ട്.[7] താൻ സ്വരൂപിച്ചെടുത്ത വിമർശനപ്രമാ ണങ്ങളിൽ ഒതുങ്ങാത്ത കേസരി എ. ബാലകൃഷ്ണപിള്ളയെപ്പോലുള്ള സങ്കീർണ്ണവ്യക്തിത്വങ്ങൾ ദുർവിലേയതയുടേയും സാഹിത്യബാഹ്യ മാനദണ്ഡങ്ങൾ വിമർശനത്തിൽ സ്വീകരിച്ചതിന്റെയും പേരിൽ വിമർശകനല്ലാതാവുകയും വിമർശകരുടെ വിജ്ഞാനാന്തരീക്ഷം മാത്ര മായി ചുരുങ്ങുകയും ചെയ്യുന്നു. പക്ഷേ സാഹിത്യബാഹ്യമായ ഘടക ങ്ങൾ എന്ന് ചരിത്രാഖ്യാതാവ് നിശ്ചയിച്ച ഘടകങ്ങൾ വിമർശന ത്തിലുണ്ടെങ്കിലും രാജരാജശിഷ്യത്വം കൊണ്ട് സാഹിത്യപഞ്ചാനനൻ വിമർശനപ്രതിഷ്ഠാപകനാവുകയും ചെയ്യുന്നു.

സാഹിതീയത, യുക്തിഭദ്രത, ആസ്വാദ്യത, പൗരസ്ത്യ-പാശ്ചാ ത്യസമന്വയശേഷി എന്നീ വിമർശനഗുണങ്ങളാണ് എം.പി.പോൾ, കുട്ടി കൃഷ്ണമാരാർ, ജോസഫ് മുണ്ടശ്ശേരി എന്നിവരെ യുഗസ്രഷ്ടാക്കളാ ക്കുന്നത്. സാമൂഹ്യപരതയ്ക്ക് മുണ്ടശ്ശേരി നൽകുന്ന ഊന്നൽ ചരിത്ര കാരൻ അംശീകരിക്കുന്നില്ലെങ്കിലും രസസിദ്ധാന്തത്തെയും റിച്ചാർ ഡ്സിന്റെ സംസ്കാരമൂല്യവാദത്തെയും സമന്വയിപ്പിച്ച വിമർശകൻ എന്ന സ്ഥാനം മുണ്ടശ്ശേരിക്ക് അദ്ദേഹം നൽകുന്നുണ്ട്, പക്ഷേ 'മയൂര സന്ദേശ'ത്തിന്റെ ഗുണവിശേഷങ്ങൾ കണ്ടെത്താതെ പക്ഷപാതപര മായി അതിനെ വിലയിരുത്തിയ മുണ്ടശ്ശേരി മഹാവിമർശകൻ എന്ന സ്ഥാനത്തു നിന്നു പുറന്തള്ളപ്പെടുകയും ചെയ്യുന്നുണ്ട്. സൗന്ദര്യബോ ധത്തിനു തുല്യം നിൽക്കുന്ന യുക്തിവിചാരം കുട്ടികൃഷ്ണമാരാരെ വിമർശകപദവിയ്ക്ക് യോഗ്യനാക്കുന്നു. പുസ്തകാവതാരികകളിലെ കലാത്മകവിമർശനം സി.എസ്. നായരെ 'യഥാർത്ഥവിമർശകനാ' ക്കുന്നു. പൗരസ്ത്യ-പാശ്ചാത്യസമന്വയം ഫലപ്രദമായില്ലെന്ന പരിമി തിയാണ് പി. ശങ്കരൻനമ്പ്യാരെ 'പ്രഗത്ഭനായ ഒരു സാഹിത്യവിമർശ കനാക്കാതെ ഒരു ആംഗല പ്രൊഫസർ' മാത്രമായി സ്ഥാനപ്പെടുത്തി യത്.

പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യതത്ത്വങ്ങളുടെ സമന്വയമാണ് വിമർശനമെന്ന ബോധ്യത്തിൽ നിന്നുകൊണ്ടാണ് അഴീക്കോട് പ്രധാനമായും തന്റെ ചരിത്രാഖ്യാനം നിർമ്മിച്ചിരിക്കുന്നത്. പാശ്ചാത്യമായ ആധുനികവിമർശനത്തിന്റെ വക്താവായിരിക്കുമ്പോഴും ഭാരതീയതയും ഗാന്ധിയൻചിന്തകളും അദ്വൈത-ഉപനിഷത് ദർശനങ്ങളുംചേർന്ന് നിർമ്മിച്ച അതിശക്തമായ ഒരന്തർമണ്ഡലം ആഖ്യാതാവിൽ പ്രവർത്തിക്കുന്നുണ്ട്.[8] പാശ്ചാത്യ-പൗരസ്ത്യസമന്വയം മുഖ്യാദർശമായി മാറുന്നതും സമന്വയദർശനം നഷ്ടപ്പെട്ട നവീനവിമർശനം ചരിത്രത്തിൽനിന്ന് പുറന്തള്ളപ്പെടുന്നതും ഈയൊരു പശ്ചാത്തലത്തിലാണ്.

പന്മന രാമചന്ദ്രൻനായർ എഡിറ്റു ചെയ്ത 'മലയാളസാഹിത്യനിരൂപണ'ത്തിൽ 43 വിമർശകരുടെ ചരിത്രമായി മലയാളവിമർശനചരിത്രം മാറുന്നു. ഗുണദോഷപരിശോധന, മൂല്യനിർണ്ണയം, ആസ്വാദനം, സാഹിതീയത, താരതമ്യബോധം, തത്ത്വാധിഷ്ഠിതത്വം, വ്യക്തിനിരപേക്ഷത തുടങ്ങി അഴീക്കോട് ,'മലയാളസാഹിത്യവിമർശന'ത്തിലൂടെ വ്യവസ്ഥീകരണം നൽകിയ വിമർശനപ്രമാണങ്ങൾ തന്നെയാണ് 'മലയാളസാഹിത്യനിരൂപണ'ത്തിന്റെയും ആഖ്യാനയുക്തികൾ. ജോസഫ് മുണ്ടശ്ശേരിക്കുശേഷമുള്ള വിമർശകരെ അവരുടെ വിമർശനത്തിൽ പ്രബലമായി കാണുന്ന പ്രവണതകളുടെ അടിസ്ഥാനത്തിൽ പൗരസ്ത്യവാദികൾ, പരിവർത്തനവാദികൾ, സൗന്ദര്യവാദികൾ എന്നിങ്ങനെ വർക്ഷീകരിച്ചവതരിപ്പിക്കുന്നു. തുടർന്ന് ഖണ്ഡന-മണ്ഡന നിരൂപണങ്ങൾ, അക്കാദമിക്-മനശ്ശാസ്ത്ര-മാർക്സിയൻ നിരൂപണങ്ങൾ എന്നിങ്ങനെ വർഗ്ഗീകരിച്ച് ആഖ്യാനത്തുടർച്ച കണ്ടെത്തുകയാണ് ചരിത്രാ ഖ്യാനം. എൻ.വി. കൃഷ്ണവാര്യർ, അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ തുടങ്ങിയവരെ വർഗ്ഗീകരിച്ചതിനടിസ്ഥാനം അവരുടെ കാവ്യവ്യക്തിത്വമാണ്.

വിമർശകരുടെ ധൈഷണികപ്രഭാവത്തേക്കാൾ സാമൂഹികപദവിയും അക്കാദമിക് പരിവേഷവും സാംസ്കാരികമൂലധനവുമാണ് വിമർശനചരിത്രങ്ങളിലെ വിമർശകപദവിയെ നിർണ്ണയിച്ചത്. വ്യക്തിക

ളിൽനിന്ന് വ്യക്തികളിലേക്ക് വികസിക്കുന്ന ചരിത്രമായി മലയാളവിമർശനചരിത്രങ്ങൾ മാറിപ്പോയത് കർത്തൃകേന്ദ്രിതമായ ഒരു ആഖ്യാനരീതിയുടെ പിൻപറ്റൽ കൊണ്ടാണ്. സാഹിത്യവിമർശനത്തിന്റെ പ്രഖ്യാപിതമാനദണ്ഡങ്ങളെ അതിവർത്തിക്കുന്ന സങ്കീർണ്ണമായ വിമർശകജീവിതങ്ങൾ ആഖ്യാതാക്കളുടെ പ്രത്യയശാസ്ത്രതാത്പര്യങ്ങളാൽ കാനോനീകരിക്കപ്പെട്ട വിമർശനചരിത്രങ്ങളിൽ നിന്ന് സ്വാഭാവികമായും പുറന്തള്ളപ്പെടും. മലയാളവിമർശനം പ്രത്യക്ഷത്തിൽ ആവശ്യപ്പെട്ട സുവിലേയതയെയും രസനീയതയെയും ആസ്വാദ്യതയെയും തൃപ്തിപ്പെടുത്തുന്നവയായിരുന്നില്ല ജി.എൻ. പിള്ളയുടെ വിമർശനങ്ങൾ. തത്ത്വചിന്ത, മനഃശാസ്ത്രം, തന്ത്രശാസ്ത്രം, ഭാഷാശാസ്ത്രം, വേദാന്തം, ചരിത്രം, വിശ്വസാഹിത്യം, നരവംശശാസ്ത്രം, സംഗീതം, ചിത്രകല, നൃത്തം തുടങ്ങി താൻ ആർജ്ജിച്ചെടുത്ത ബഹുവൈജ്ഞാനികതയെയും ബഹുഭാഷാബോധത്തെയും തന്റെ വിമർശനങ്ങളുടെ ഊടുംപാവുമാക്കി മാറ്റിയ നിരൂപകനാണ് ജി.എൻ.പിള്ള. വിമർശനം കലർപ്പറ്റ ഒരു ശുദ്ധസാഹിത്യരൂപമായി വിലയിരുത്തപ്പെട്ടതിനാൽ അന്തർവൈജ്ഞാനികസമീപനങ്ങളും പാഠാന്തരബന്ധങ്ങളുംകൊണ്ട് സങ്കീർണ്ണമായ വിമർശനപാഠങ്ങളെ ഉൾക്കൊള്ളാൻ സാഹിത്യവിമർശനത്തിന്റെ ലക്ഷണയുക്തിക്കായില്ല. അതുകൊണ്ടുതന്നെ ഭാഷാപരമായ അതാര്യതയും വൈജ്ഞാനികഭാരവും ധൈഷണികമായ സങ്കീർണ്ണതകളും സംവഹിച്ച ജി.എൻ. പിള്ളയുടെ നിരൂപണങ്ങളെ തമസ്കരിക്കുകയോ പാർശ്വവത്കരിക്കുകയോ ചെയ്യുക എന്ന ലളിതയുക്തി നടപ്പിലാക്കുകയാണ് ചരിത്രാഖ്യാനങ്ങളും വിമർശന വ്യവഹാരങ്ങൾ പൊതുവിലും ചെയ്തത്.

## ജി. എൻ. പിള്ളയുടെ വിമർശനജീവിതം

സാഹിത്യവിമർശനത്തിന്റെ വ്യവസ്ഥാപിതകാനോനകളിൽനിന്ന് അതിവ്യാപനം ചെയ്യുന്ന വിമർശനജീവിതമാണ് ജി.എൻ. പിള്ളയുടേത്.[9] അധിനിവേശആധുനികതയുടെ ചരിത്രസന്ദർഭങ്ങളിലാണ് അദ്ദേഹത്തിന്റെ ധൈഷണികജീവിതം ആരംഭിക്കുന്നത്. 1920-കൾ മുതൽ 1990-കൾ വരെ ഭിന്നആഖ്യാനരൂപങ്ങളിലൂടെ അദ്ദേഹം തന്റെ കാല

ഘട്ടത്തോട് നിരന്തരം സംവദിച്ചിരുന്നു. ഒരു സാഹിത്യവിമർശകൻ എന്നതിലൊതുങ്ങുന്നതല്ല അദ്ദേഹത്തിന്റെ ബൗദ്ധികജീവിതം. പണ്ഡിതനായ സാഹിത്യനിരൂപകൻ, കലാനിരൂപകൻ, കവി, പ്രഭാഷകൻ, പത്രാധിപർ, ഗുരു, ദാർശനികൻ, മാർഗ്ഗദർശി, വിവർത്തകൻ, അധ്യാപകൻ എന്നിങ്ങനെ വിവിധ ജിവിതങ്ങൾ 10 അദ്ദേഹത്തിനുണ്ടായിരുന്നു. ജി. ശങ്കരക്കുറുപ്പിന്റെയും (സന്ധ്യ, ഓടക്കുഴൽ) ബാലാമണിയമ്മയുടെയും കവിതകൾ ഹിന്ദിയിലേക്കും സുമിത്രാനന്ദൻ പന്തിന്റെ കവിതകൾ മലയാളത്തിലേക്കും അദ്ദേഹം പരിഭാഷപ്പെടുത്തിയിരുന്നു. തിലകം, മാനദണ്ഡം, മാതൃഭൂമി, ശീർഷകം, സാഹിത്യനിരൂപണം തുടങ്ങിയ ആനുകാലികങ്ങളുമായി ബന്ധപ്പെട്ടും സജീവമായ സാഹിത്യഇടപെടലുകൾ അദ്ദേഹം നടത്തി. പത്രാധിപത്യം വഹിച്ച 'ശീർഷക'ത്തിലും ജി.എൻ. പിള്ളയുടെ സവിശേഷതാത്പര്യത്തിൽ ആരംഭിച്ച 'സാഹിത്യനിരൂപണ'ത്തിലും കനപ്പെട്ട ഉള്ളടക്കം ഉണ്ടാക്കാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. സമകാലസാഹിത്യരംഗം നേരിടുന്ന പ്രശ്നങ്ങൾ പ്രമേയമാക്കി ഈ ആനുകാലികങ്ങളിൽ എഴുതിയ ആമുഖലേഖനങ്ങൾ, യുവഎഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ കാണിച്ച ജാഗ്രത, സമകാലീനസാഹിത്യപ്രവണതകളെ പരിചയപ്പെടുത്തുന്നതിൽ കാണിച്ച ഉത്സാഹം എന്നിവയെല്ലാം ഒരു വിമർശകൻ എന്ന നിലയിൽ അദ്ദേഹം നടത്തിയ ഇടപെടലുകളിൽ പ്രധാനമാണ്. സാഹിത്യകൃതികളുടെ അപഗ്രഥനം മാത്രമല്ല വിമർശനം എന്ന അവബോധമാണ് അദ്ദേഹം പിന്തുടർന്നത്. സാമൂഹികപ്രവർത്തനത്തിനും രാഷ്ട്രീയപ്രവർത്തനത്തിനുമുള്ള ആന്തരികസ്ഥലമായി സാഹിത്യ വിമർശനം പ്രവർത്തിക്കുമെന്ന കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ടായിരുന്നു.

ആധുനികാർത്ഥത്തിലുള്ള അക്കാദമിക് വിദ്യാഭ്യാസം ലഭിക്കാതിരുന്ന ജി.എൻ. പിള്ള സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ്, അറബിക് തുടങ്ങിയ ഭാഷകളിലെല്ലാം അഗാധജ്ഞാനം നേടിയിരുന്നു. പുസ്തകങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും സാമൂഹിക ഇടപെടലുകളിലൂടെയുമാണ് അദ്ദേഹം ലോകത്തെ അറിഞ്ഞതും തനതായ ലോകബോധം വികസിപ്പിച്ചതും. പരമ്പരാഗതമായ ശാസ്ത്രിബിരുദവും സ്വന്തമായ ഗ്രന്ഥശേഖരവും മാത്രമാണ് അദ്ദേഹത്തിന്റെ അക്കാദമിക് യോഗ്യ

തകൾ! കടുത്തദാരിദ്ര്യത്താലും അനാഥത്വത്താലും തുടർപഠനം സാധ്യമാകാതിരുന്ന ജി.എൻ. പിള്ളയ്ക്ക് സാഹിത്യത്തിന്റെ വരേണ്യമൂല്യങ്ങളെ തൃപ്തിപ്പെടുത്തുന്ന സാമൂഹികപദവികളും ഉണ്ടായിരുന്നില്ല. നിരന്തരം എഴുതുന്നതിനോ സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ പലയിടങ്ങളിലായി എഴുതിയ അവതാരികകളും ഡയറിക്കുറിപ്പുകളും പ്രഭാഷണങ്ങളും ആമുഖലേഖനങ്ങളും നിരൂപണങ്ങളും സമാഹരിക്കുന്നതിനോ അദ്ദേഹം താത്പര്യപ്പെട്ടില്ല. 1992-ൽ ആണ് ജി.എൻ. പിള്ളയുടെ ആദ്യ സമാഹാരം- കല സൃഷ്ടി ആസ്വാദനം -പ്രസിദ്ധീകരിച്ചത്. മറ്റ് ആറ് കൃതികളും അദ്ദേഹത്തിന്റെ മരണാനന്തരമാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ജി.എൻ.പിള്ള സ്മാരക പ്രതിഭാട്രസ്റ്റിന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും ഡയറിക്കുറിപ്പുകളും സമാഹരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്.[11]

1987 മുതൽ 1991 വരെയുള്ള കാലഘട്ടങ്ങളിൽ ജി.എൻ. പിള്ള എഴുതിയ 22 പ്രബന്ധങ്ങളുടെ സമാഹാരമാണ് 'കല സൃഷ്ടി ആസ്വാദനം'. ഒരൊറ്റ കൃതികൊണ്ടു തന്നെ തനതായ ഒരു വഴി തുറന്ന നിരൂപകനാണ് ജി.എൻ.പിള്ള എന്ന് എം. ലീലാവതി വിലയിരുത്തിയത് ഈ കൃതിയെ ആധാരമാക്കിയാണ്. സാഹിത്യസംഘങ്ങളിലും സുഹൃദ്സദസ്സുകളിലും നടത്തിയ പ്രഭാഷണങ്ങളാണ് ഇതിലെ ലേഖനങ്ങൾ.അതിനാൽ സാഹിത്യവിമർശനത്തിന്റെ വ്യവസ്ഥാപിതമായ രൂപക്കെട്ടിനകത്ത് ഒതുങ്ങുന്ന രൂപഭദ്രത ഈ ലേഖനങ്ങൾക്കില്ല; മലയാളത്തിൽ പ്രബലമായി നിലനിന്ന വിമർശനകാനോനകളെ പിൻപറ്റുന്നവയുമല്ല അവ. ഒറ്റയൊറ്റ കൃതികളുടെ പഠനത്തേക്കാൾ ഏതെങ്കിലും ഒരു സാഹിത്യവിഭാഗത്തെയോ എഴുത്തുകാരുടെ സമഗ്രമായ സാഹിത്യജീവിതത്തെയോ സാഹിത്യപരിണാമങ്ങളെയോ സാകല്യാവസ്ഥയിൽ കണ്ട് വിശകലനം ചെയ്യാനാണ് ജി.എൻ. പിള്ള ശ്രമിച്ചത്.കേശവദേവ്, ആധുനിക കവിത്രയങ്ങൾ, വൈലോപ്പിള്ളി, കേസരി എ. ബാലകൃഷ്ണപിള്ള, ജി. ശങ്കരക്കുറുപ്പ് ഇടശ്ശേരി, ബാലാമണിയമ്മ, എം, ഗോവിന്ദൻ, അയ്യപ്പപ്പണിക്കർ, കക്കാട്, ഒളപ്പമണ്ണ, ഒ.എൻ.വി., എം.എൻ. പാലൂർ, ആറ്റൂർ രവിവർമ്മ തുടങ്ങിയ എഴുത്തുകാരുടെ സാഹിത്യജീവിതങ്ങളെ ജി.എൻ. പിള്ള ആദ്യകൃതിയിൽ അപഗ്രഥിക്കുന്നുണ്ട്. 'കാളി

യുടെ നാവ്' എന്ന കൃതിയിൽ യയാതി, രണ്ടാംമൂഴം, രാമായണം, ചെമ്മീൻ തുടങ്ങിയവയുടെ വിലയിരുത്തലുകളാണ് പ്രധാനമായും ഉൾപ്പെടുന്നത്. 'ജി.എൻ. പിള്ളയുടെ പ്രബന്ധങ്ങൾ' എന്ന സമാഹാരം 26 ലേഖനങ്ങൾ ഉൾക്കൊള്ളുന്ന വിമർശനഗ്രന്ഥമാണ്. കൃതിവിമർശനങ്ങളും സൈദ്ധാന്തികവിമർശനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. ഹിന്ദിസാഹിത്യം, ചിത്രകല, തത്ത്വചിന്ത എന്നീ മേഖലകളെ ഉൾക്കൊള്ളുന്ന നിരൂപണങ്ങളും ഈ സമാഹാരത്തിലുണ്ട്. തിലകം, മാതൃഭൂമി, ശീർഷകം, മാനദണ്ഡം തുടങ്ങിയ ആനുകാലികങ്ങളിലും മറ്റും പ്രസിദ്ധീകരിച്ച 18 ലേഖനങ്ങൾ ഉൾക്കൊള്ളുന്ന 'രാഷ്ട്രീയവും സംസ്കാരവും' എന്ന കൃതിയിൽ രാഷ്ട്രീയം, ഭരണകൂടം, ദേശീയത, സോഷ്യലിസം, മാധ്യമങ്ങൾ എന്നീ വ്യവഹാരങ്ങളും ഗാന്ധിജി, നെഹ്റു, ലോഹ്യ, വിവേകാനന്ദൻ തുടങ്ങിയ ചരിത്രകർത്തൃത്വങ്ങളും വിലയിരുത്തപ്പെടുന്നു.ദിനസരിക്കുറിപ്പുകളെപ്പറ്റിയുള്ള സാമാന്യധാരണകളെ കീഴ്മേൽമറിക്കുന്ന ജി.എൻ. പിള്ളയുടെ ഡയറിക്കുറിപ്പുകളും സാഹിത്യം, ചരിത്രം, സൗന്ദര്യശാസ്ത്രം, തത്ത്വചിന്ത, പ്രകൃതി, തിയോളജി തുടങ്ങിയ വ്യത്യസ്തവിഷയങ്ങൾ പുതിയൊരു ലോകാവബോധത്തിൽ വിശദീകരിക്കുന്നവയാണ്. പുസ്തകപ്രസാധനവുമായി ബന്ധപ്പെട്ട ജർമ്മൻ ചിന്തകൾ, ബ്രിട്ടനിലെ വനിതാമാസികകൾ, ഇംഗ്ലീഷ്കവിതകൾ, വിവർത്തനചിന്തകൾ, ഫ്രാൻസിലെ സിനിമാക്കമ്പം, ക്യൂയ്വാൻ എന്ന ചൈനീസ് കവി, അമേരിക്കയുടെ പുസ്തകചിന്തകൾ. ഇംഗ്ലീഷ് എന്ന ഭാഷ, സയൻസ് ഫിക്ഷൻ, മാർഗരറ്റ് മീഡ് എന്ന നരവംശശാസ്ത്രജ്ഞ, മാക്നെറ്റ് കാഫറുടെ ചിത്രകല, മയകോവ്സ്കി, അലക്സാണ്ടർ ഡ്യൂമ, ജോർജ്ജ് ജയ് ഓവൻ, റിച്ചാർഡ് വാഗ്നർ, തോറോ, ഷൂമെൻ തുടങ്ങിയ വ്യക്തിത്വങ്ങൾ എന്നിങ്ങനെ ധാരാളം പ്രമേയങ്ങൾ ഇതിൽ അദ്ദേഹം ചർച്ച ചെയ്യുന്നുണ്ട്. ജി.എൻ. പിള്ളയുടെ വിമർശന ജീവിതത്തിൽ അദ്ദേഹത്തിന്റെ പത്രാധിപജീവിതത്തിന് വലിയ പ്രാധാന്യമുണ്ട്. സാഹിത്യത്തെ സാമൂഹികപ്രവർത്തനമാക്കി മാറ്റാനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങളെ സഫലമാക്കിയത് ഈ പത്രാധിപവൃത്തിയാണ്. സമകാലീനസാഹിത്യത്തെയും സമൂഹ

ത്തെയും അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹമെഴുതിയ മുഖപ്രസംഗങ്ങൾ ലോകസാഹിത്യത്തിലെ എഴുത്തുകാരെ മലയാളത്തിന് പരിചയപ്പെടുത്തിക്കൊടുത്ത പ്രധാന വേദിയായിരുന്നു. എഴുത്ത്, എഴുത്തുകാർ, അവാർഡുകൾ, ഭിന്നസാഹിത്യരൂപങ്ങൾ, പ്രസാധനം, ആശയപരമായ അടിമത്തങ്ങൾ തുടങ്ങി എഴുത്തുമായി ബന്ധപ്പെട്ട ഭിന്നമേഖലകളെ പ്രശ്നവത്ക്കരിക്കുന്നവയാണ് ജി.എൻ. പിള്ളയുടെ മുഖപ്രസംഗങ്ങൾ. മാതൃഭൂമിയുടെ വാരാന്തപ്പതിപ്പിൽ 'സംസ്കാരവേദി' എന്ന പേരിൽ അദ്ദേഹം എഴുതിയ പംക്തികളും ശ്രദ്ധേയമാണ്. സംസ്കാരവേദിയിൽ 228 ലേഖനങ്ങളിലായി രാഷ്ട്രീയം, സാഹിത്യം, ഭാഷ, വിപ്ലവം, പണാധിപത്യം, കച്ചവടസംസ്കാരം, ശാസ്ത്രം, ഇക്കോളജി, ഗവേഷണം, ബുദ്ധിജീവികൾ, തത്ത്വചിന്ത തുടങ്ങിയ അനവധി വിഷയങ്ങൾ പ്രമേയമാകുന്നുണ്ട്. സംസ്കാരമെന്ന വ്യവസ്ഥയിലെ ബഹുമുഖ ഘടകങ്ങൾ ഇവയിൽ ചർച്ച ചെയ്യപ്പെടുന്നു. ജി.എൻ. പിള്ളയുടെ ലോക ബോധത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നവയാണ് ഇവയെല്ലാം തന്നെ. വിമർശനത്തിനായി ത്രൈമാസിക എന്ന ആശയം ധൈര്യപൂർവ്വം ഏറ്റെടുത്ത സാഹിത്യനിരൂപണത്തിന്റെ 12 പതിപ്പുകൾ പ്രസിദ്ധീകരിച്ചുവെന്ന ഒരൊറ്റ പ്രവർത്തനം കൊണ്ടുതന്നെ വിമർശനചരിത്രത്തിൽ ഇടംപിടിക്കേണ്ട വ്യക്തിയായിരുന്നു ജി.എൻ. പിള്ള. നമ്മുടെ നിരൂപണചരിത്രത്തിൽ ജി.എൻ.പിള്ളയെപ്പോലെ തന്നെ തമസ്കരിക്കപ്പെട്ടുപോയ ഒന്നാണ് സാഹിത്യനിരൂപണം എന്ന മാസികയും. 'വ്യക്തികൾ പുസ്തകങ്ങൾ' എന്ന സമാഹാരത്തിലെ ലേഖനങ്ങളിൽ ഭൂരിഭാഗവും പാശ്ചാത്യലോകത്ത് ചരിത്രം സൃഷ്ടിച്ച വ്യക്തികളെ വിലയിരുത്തുന്നവയാണ്. ഫ്രാൻസ്, അമേരിക്ക, ബ്രിട്ടൻ, ചൈന, ജർമനി തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരും കലാകാരന്മാരും അതിൽ സമഗ്രമായി വിലയിരുത്തപ്പെടുന്നു. ലോകസാഹിത്യത്തിലെ സമകാലീനാവസ്ഥയെ നിരൂപകൻ എന്ന നിലയിൽ ഉൾക്കൊള്ളാൻ അദ്ദേഹം ജാഗ്രത കാണിച്ചിരുന്നു എന്നതിന്റെ സൂചനകൾ കൂടിയാണിവ. കലയും കച്ചവടവും മലയാളസിനിമയിൽ, സാഹിത്യം പലചരക്കുകടയിൽ, പുസ്തകങ്ങൾ വില്പനയ്ക്ക് തുടങ്ങി ശ്രദ്ധേയമായ ധാരാളം ലേഖനങ്ങൾ ഇതിലുണ്ട്.

1989–91 കാലഘട്ടങ്ങളിലായി ജി.എൻ.പിള്ള എഴുതിയ ആറ് അവതാരികകളുടെ സമാഹാരമാണ് 'അക്ഷരകാലം' എന്ന കൃതി. എ.പി. ഉദയഭാനു, പി.എ. അബുബക്കർ, എസ്.വി. ഉസ്മാൻ, അബ്ദുൾറഹ്മാൻ, പോൾ കല്ലാനോട്, ജോർജ്ജ് ഇരുമ്പയം തുടങ്ങി അക്കാലത്തെ തുടക്കക്കാരുടെ കൃതികൾക്ക് അവതാരികയെഴുതാനാണ് അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചത്. അവതാരികകൾ വിമർശനങ്ങളാണെന്ന വസ്തുത 'അക്ഷരകാലം' എന്ന സമാഹാരം ബോധ്യപ്പെടുത്തുന്നു. മലയാളത്തിലെ അവതാരികകൾ വിമർശനസ്വഭാവം പുലർത്തുന്നില്ലെന്ന് അവതാരികകളുടെ രാഷ്ട്രീയം വിശദമാക്കിക്കൊണ്ട്, 'അക്ഷരകാല'ത്തിന് എഴുതിയ ആമുഖലേഖനത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. മലയാളത്തിലെ പല അവതാരികകളുമെടുത്ത് പരിശോധിച്ചാൽ അവതാരികാകാരന്റെ നിരൂപകത്വമെന്ന പദവി സങ്കൽപമായി ചുരുങ്ങുന്നതുകാണാമെന്നും വിവാഹസമയത്ത് വരനെ കുടചൂടിക്കുന്ന ഇണങ്ങന്റെ റോളിലാണ് അവതാരികാകാരന്മാർ സ്ഥാനമുറപ്പിച്ചിരിക്കുന്നതെന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. അവതാരികകളുടെ വിമർശനദൗത്യം ചൂണ്ടിക്കാണിക്കുകയും മലയാളത്തിലെ അവതാരികകളുടെ പൊതുസ്വഭാവം നിരൂപണവിധേയമാക്കുകയും ചെയ്തുകൊണ്ടാണ് അദ്ദേഹം തന്റെ അവതാരികകളിലേക്ക് കടക്കുന്നത്. ജി. ശങ്കരക്കുറുപ്പ്, എ.എസ്. നായർ, എം.എൻ. വിജയൻ, എം. അച്ചുതൻ, എം. ലീലാവതി, കേശവദേവ്, പി. ഭാസ്കരൻ, എ.പി.പി. നമ്പൂതിരി, ഇടശ്ശേരി, എ.പി. ഉദയഭാനു എന്നിവരെപ്പറ്റിയുള്ള സ്മരണകൾ അടങ്ങുന്ന 'ഓർമ്മയിൽ ഒരു താമര' എന്ന കൃതിയും സാഹചര്യങ്ങളുടെ നിർബന്ധത്താൽ അദ്ദേഹം എഴുതിയതാണ്. സ്മരണകളെ വൈയക്തികമായ അനുഭവക്കുറിപ്പ് എന്ന പരിമിതിയിൽ നിന്നു മുക്തമാക്കി വിമർശനതലത്തിലേക്ക് ഉയർത്താൻ ജി.എൻ. പിള്ളയ്ക്ക് കഴിഞ്ഞുവെന്നതുകൊണ്ട് ഈ സമാഹാരവും നമ്മുടെ വിമർശനവ്യവഹാരത്തിന്റെ ഭാഗമാകേണ്ടതാണ്. 1983 മുതൽ 1992 വരെ ശീർഷകം, സാഹിത്യനിരൂപണം എന്നീ മാസികകളിൽ ജി.എൻ. പിള്ള എഴുതിയ 22 മുഖപ്രസംഗങ്ങളുടെ സമാഹാരവും സംസ്കാരവിമർശനം എന്ന വിശാലമായ സങ്കല്പനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നവയാണ്. 'ജി.എൻ. പിള്ളയുടെ

പ്രബന്ധങ്ങൾ' എന്ന സമാഹാരത്തിലെ ലേഖനങ്ങൾ 1960–കൾ മുതൽ 80–കൾ വരെയുള്ള കാലഘട്ടത്തിൽ എഴുതിയവയാണ്. അതിന്റെ അവതാരികയിൽ ജോർജ്ജ് ഇരുമ്പയം ഇങ്ങനെ രേഖപ്പെടുത്തുന്നു: "മലയാളത്തിലെ ഏത് പ്രഗത്ഭനിരൂപകനെയും കൊതിപ്പിക്കുന്ന ആശയങ്ങളും കണ്ടെത്തലുകളും ഇതിലുണ്ട്. ഏതു കവിയെയും അമ്പരപ്പിക്കുന്ന ഇമേജുകളും വെളിപാടുകളും സുഭഗവാക്യങ്ങളും ഇതിനു തുടിപ്പേകുന്നു." (ജി.എൻ. പിള്ളയുടെ പ്രബന്ധങ്ങൾ, 22) ജോസഫ് മുണ്ടശ്ശേരി, എം.എൻ. വിജയൻ, കാരൂർ, ഒ. എൻ.വി. , എൻ.വി. കൃഷ്ണവാരിയർ, കടമ്മനിട്ട, എൻ.എൻ. കക്കാട്, ചെറുകാട് തുടങ്ങിയ എഴുത്തുകാരും എം.ടി. വാസുദേവൻനായരുടെ 'ഗോപുരനടയിൽ', അയ്യപ്പപ്പണിക്കരുടെ 'ഉർവ്വശി' പോലുള്ള കൃതികളും ഇതിൽ വിലയിരുത്തപ്പെടുന്നുണ്ട്.

ജി.എൻ. പിള്ളയുടെ നിരൂപണങ്ങൾക്ക് രണ്ട് ഭാഗങ്ങളുണ്ട്. സുദീർഘമായ ആമുഖമാണ് ഒന്നാം ഭാഗത്തിൽ. കൃതിയുടെ ഉള്ളടക്കം, സമൂഹം, സാഹിത്യം എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള ഈ ആമുഖങ്ങൾ അദ്ദേഹത്തിന്റെ വിമർശനങ്ങളിലേക്കുള്ള പടിപ്പുരകളാണ്. മനശ്ശാസ്ത്രം, തന്ത്രശാസ്ത്രം, നരവംശശാസ്ത്രം, ചരിത്രം, ഭാഷാവിജ്ഞാനീയം, മിത്തോളജി, ലോകസാഹിത്യം തുടങ്ങി അതിവിപുലമായ വിഷയപശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് അദ്ദേഹം കൃതികളെയും എഴുത്തുകാരെയും വായിച്ചത്. അതുകൊണ്ടുതന്നെ പാഠാന്തരബന്ധങ്ങളും അന്തർവൈജ്ഞാനിക സമീപനങ്ങളും കൊണ്ട് സങ്കീർണ്ണമായിരുന്നു അവ. അതോടൊപ്പം കൃതികളിലെ സൗന്ദര്യാംശത്തിനും അദ്ദേഹം പ്രാധാന്യം നൽകി. വിശ്ലേഷണപരതയാണ് അദ്ദേഹത്തിന്റെ നിരൂപണങ്ങളിലെ മറ്റൊരു ഘടകം. ഇതിലൂടെയാണ് അദ്ദേഹം സാഹിത്യത്തിലെ സ്ഥാപിതവായനകളെയും വിഗ്രഹവത്കരണങ്ങളെയും തകർത്തത്. എൻ.വി. കൃഷ്ണവാരിയർ, അയ്യപ്പപ്പണിക്കർ, ഒ.എൻ.വി., കടമ്മനിട്ട, എം.ടി. വാസുദേവൻനായർ, കാരൂർ നീലകണ്ഠപ്പിള്ള, എം. ലീലാവതി, മുണ്ടശ്ശേരി തുടങ്ങിയവരെപ്പറ്റിയുള്ള ലേഖനങ്ങൾ അതിനു തെളിവാണ്. ആശാൻ വിപ്ലവത്തിന്റെ ശുക്രനക്ഷത്രമല്ലെന്നും ഫ്യൂഡൽ ചായ്‌വുള്ള, സവർണ്ണാഭിമുഖ്യമുള്ള ഒരു

സ്വത്വം ആശാൻ കവിതകളിൽ ദമിതമായിട്ടുണ്ടെന്നും അദ്ദേഹം 'അകവും പുറവും' എന്ന ലേഖനത്തിൽ വിശദീകരിക്കുന്നുണ്ട്. പ്രണയത്തിൽ സ്വാതന്ത്ര്യം ആഗ്രഹിക്കുമ്പോഴും ഫ്യൂഡൽ മൂല്യങ്ങളെ മാനിച്ചിരുന്ന കവികളാണ് ആശാൻ, വള്ളത്തോൾ, ജി. എന്നിവർ എന്നാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ. വിധവയായ ലീലയിൽ മദനൻ ആദ്യം ആകൃഷ്ടനായെങ്കിലും പിന്നീട് അപരാധബോധത്താൽ രേവാനദിയിൽ ചാടി. ഇതൊരു പഴഞ്ചൻ ചിന്താഗതിയാണെന്നും എന്തുകൊണ്ട് വിധവാവിവാഹം പാടില്ലെന്നും (കലാസൃഷ്ടി ആസ്വാദനം, പുറം 52) അദ്ദേഹം ചോദിക്കുന്നുണ്ട്. ബൂർഷ്വാമൂല്യങ്ങൾക്കെതിരായി ചിന്തിക്കുമ്പോഴും ആശാൻ അതിനെമാനിച്ചിരുന്നുവെന്ന് അതിലദ്ദേഹം ചൂണ്ടിക്കാട്ടുന്നു.സാഹിത്യപരമായ സമകാലീനത തന്റെ വിമർശനത്തിൽ നിലനിർത്താൻ കഴിഞ്ഞുവെന്നതാണ് ജി.എൻ. പിള്ളയുടെ വിമർശനങ്ങളുടെ മറ്റൊരു സവിശേഷത. ബ്രിട്ടനിലും അമേരിക്കയിലും ചൈനയിലും ഫ്രാൻസിലും നടക്കുന്ന സാഹിത്യചലനങ്ങളെ ഏറ്റവും കാലികമായി ഉൾക്കൊള്ളാൻ അദ്ദേഹത്തിനു കഴിഞ്ഞു. മനഃശാസ്ത്രം, ശൈലീവിജ്ഞാനം, സമൂഹശാസ്ത്രം, അപനിർമ്മാണം തുടങ്ങി ഏതെങ്കിലും ഒരു നിരൂപണപദ്ധതിയിൽ മാത്രമായി അദ്ദേഹത്തിന്റെ വായനകളെ ഒതുക്കിനിർത്താനാവില്ല. സ്വതന്ത്രവിമർശനത്തിന്റെ ഉത്തമമാതൃകയായിട്ടാണ് നിരൂപകനായ എം.പി. രാധാകൃഷ്ണൻ അവയെ വിലയിരുത്തിയത് (സാഹിത്യനിരൂപണം ത്രൈമാസിക, ലക്കം 13–16, ഫെബ്രുവരി 1994–212). പ്രഖ്യാപിത എഴുത്തുകാരുടെ രചനകൾ മാത്രമാണ് സാഹിത്യം എന്ന നിലപാട് അദ്ദേഹത്തിനുണ്ടായിരുന്നില്ല. വന്മരങ്ങൾ പൂത്താൽ മാത്രമല്ല ചെറുകാടുകൾ പൂത്താലും വസന്തംവരും എന്നതായിരുന്നു അദ്ദേഹത്തിന്റെ സമീപനം. യുവ എഴുത്തുകാരെ പ്രോത്സാഹിപ്പിച്ചത് ഈ നയത്തിന്റെ ഭാഗമായിട്ടായിരുന്നു. കർത്തൃകേന്ദ്രിതമായ ഒരു നിരൂപണാദർശം അദ്ദേഹം ഒരിക്കലും പിന്തുടർന്നിരുന്നില്ല. 'മാതൃഭൂമി'യിൽ തന്റെ മേലുദ്യോഗസ്ഥരായിരുന്ന എൻ.വി. കൃഷ്ണവാരിയരുടേയോ, എം.ടി. വാസുദേവൻ നായരുടേയോ രചനകളെ വിലയിരുത്തുമ്പോൾപോലും അദ്ദേഹം തന്റെ നിരൂപണാദർശങ്ങളിൽനിന്ന് വ്യതിചലിച്ചില്ല. ജി.എൻ.പിള്ളയ്ക്ക് വളരെയേറെ അടുത്ത

വ്യക്തിബന്ധമുണ്ടായിരുന്ന ജീ. ശങ്കരക്കുറുപ്പ്, എം.എൻ. വിജയൻ, എം. ലീലാവതി, എം. അച്യുതൻ, എ.പി. ഉദയഭാനു തുടങ്ങിയവരുടെ രചനകളെയും വിമർശനപരമായ സത്യസന്ധതയോടെ അദ്ദേഹം വില യിരുത്തി. " 'സ' എന്നതിൽ നിന്നാണ് അക്ഷരങ്ങൾ ജനിച്ചത്. ഇതിൽ താലവ്യം മൂർധന്യം, ദന്ത്യം എന്നീ അംശങ്ങൾ ഉൾക്കൊള്ളുന്നു. സാഹിത്യത്തിന്റെ വഴി സത്യത്തിന്റെ വഴിയാണ്. സത്യം തെറ്റിയാൽ സാഹിത്യകാരനില്ല" (ഡോ. യു.വി. കുമാരൻ (എഡി:), ജി.എൻ. പിള്ള യുടെ പ്രഭാഷണങ്ങൾ, പുറം 135). മലയാളവിമർശനത്തിൽ പാരമ്പര്യ ലംഘനത്തിനാണ് ജി.എൻ. പിള്ള വഴിതുറന്നിട്ടത്. പല നിലയ്ക്കും കേസരി എ. ബാലകൃഷ്ണപ്പിള്ളയുടെ പിന്തുടർച്ചാവകാശിയായി അദ്ദേ ഹത്തെ സ്ഥാനപ്പെടുത്തേണ്ടതാണ്. ഭാഷാപരമായ നവീനത, പാരമ്പ ര്യഭഞ്ജനം, അന്തർവൈജ്ഞാനികവായനകൾ, സമകാലീനമായ സാഹിത്യാവബോധം, മാസികാപ്രവർത്തനം തുടങ്ങി ബൗദ്ധികവി മർശനങ്ങളുടേയും സാമൂഹിക ഇടപെടലുകളുടേയും വഴികളിൽ കേസ രിക്ക് ഒരു പിന്തുടർച്ച ഉണ്ടായത് ജി.എൻ. പിള്ളയിലൂടെയാണ്. അതേ സമയം കേസരിയിൽനിന്നു വ്യത്യസ്തമായി, സാഹിത്യത്തിന്റെ, സൗന്ദ ര്യോല്പന്നം എന്ന നിലയിലുള്ള പ്രാധാന്യത്തെയും അദ്ദേഹം അവ ഗണിച്ചില്ല. തന്ത്രശാസ്ത്രത്തെ ഒരു വിമർശനോപാധി എന്ന നില യിൽ ആദ്യമായി ഉപയോഗിച്ചത് ജി.എൻ. പിള്ളയാണ്. മനശ്ശാസ്ത്ര സിദ്ധാന്തങ്ങളെ പരിചയപ്പെടുത്തുന്നതിനായി കോഴിക്കോട് പ്രതിഭാ കലാകേന്ദ്രത്തിൽ നാനൂറോളം ക്ലാസ്സുകൾ അദ്ദേഹം നടത്തി.[12] എം. എൻ. വിജയൻ മനശ്ശാസ്ത്രനിരൂപണങ്ങൾ മലയാളികൾ പരിചയപ്പെ ടുന്നതിനു മുമ്പ്, 1960-കളിൽ തന്നെ മനഃശാസ്ത്രവും തന്ത്രവും സാഹി ത്യവിശകലനോപാധികളായി അദ്ദേഹം ഉപയോഗിച്ചിരുന്നു. 1980 കളുടെ അവസാനത്തോടെ, മനശ്ശാസ്ത്ര നിരൂപണത്തിന്റെ കാലം കഴിഞ്ഞു വെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. 1950-കളിൽ തന്നെ കാൾ മാർക്സ്. നിത്ഷെ, എറിക് ഫ്രോം, വോൾട്ടയർ, സാർത്ര്, ഫ്രോയ്ഡ് തുടങ്ങിയ ചിന്തകരുടെ സമീപനങ്ങൾ തന്റെ നിരൂപണ ങ്ങളിൽ അദ്ദേഹം ഉപയോഗിച്ചു. സാഹിത്യം സ്വയം സമ്പൂർണ്ണമായ ഒരു കേവലസത്തയാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നില്ല. കാലഘട്ട

ത്തിന്റെ ചരിത്രവും രാഷ്ട്രീയവുമടക്കം സകലതും ഉൾക്കൊള്ളുന്ന മിശ്രിതമാണ് സാഹിത്യമെന്ന കാഴ്ചപ്പാടിൽനിന്നാണ് അദ്ദേഹം കൃതികളെ വിലയിരുത്തിയത്.വിമർശനരംഗത്തേക്ക് ആകസ്മികമായി എത്തിയ വ്യക്തിയാണ് ജി.എൻ. പിള്ള. അദ്ദേഹം പത്രാധിപരായിരുന്ന ആനുകാലികങ്ങൾക്കുവേണ്ടിയും മറ്റും സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ എഴുതിയവയായിരുന്നു അദ്ദേഹത്തിന്റെ വിമർശനങ്ങളിൽ ഏറിയ പങ്കും. മറ്റുള്ളവ പ്രതിഭാകലാകേന്ദ്രത്തിലെ നിരൂപണം ക്ലാസ്സുകളുടെ ഉത്പന്നങ്ങായിരുന്നു. ചെമ്മീൻ, യയാതി തുടങ്ങിയ കൃതികളുടെ വിമർശനങ്ങൾ ഇത്തരം ക്ലാസ്സുകൾ തന്നെയാണ്. പ്രഭാഷണപരത അവയിൽ മുന്നിട്ടു നിൽക്കുന്നതും അതുകൊണ്ടാണ്. എങ്ങനെയാണ് സാഹിത്യത്തെ വായിക്കേണ്ടത് എന്ന സോദാഹരണക്ലാസ്സുകളായിരുന്നു അവ. ഇക്കാരണങ്ങളാൽ 19, 20 നൂറ്റുണ്ടുകളിലെ മലയാള വിമർശനപാരമ്പര്യത്തോട് സമരസപ്പെടുന്നവയായിരുന്നില്ല ജി.എൻ. പിള്ളയുടെ വിമർശനങ്ങൾ. സാഹിതീയത, രസനീയത, സൗന്ദര്യാനുഭവ വിശദീകരണം, മൂല്യനിർണ്ണയം, സർഗ്ഗാത്മകപ്രതിപാദനം എന്നീ പ്രമാണങ്ങളിലൊതുക്കി നിർവ്വചിച്ചിരുന്ന മലയാളവിമർശനവ്യവഹാരങ്ങളെ അദ്ദേഹം അതിലംഘിച്ചു. ഭൗതികതയിൽ ഊന്നിനിൽക്കുന്നതും സാമൂഹികതയ്ക്ക് പ്രാധാന്യം നൽകുന്നതുമായിരുന്നു അദ്ദേഹത്തിന്റെ വിമർശനാവബോധം. സാഹിത്യേതരമെന്ന് പറഞ്ഞ് ചരിത്രവക്താക്കൾ മാറ്റിനിർത്തിയ വിഷയമേഖലകളെയെല്ലാം നിർ ബാധം തന്റെ വായനകളിൽ കൊണ്ടുവരികയും വിമർശനത്തിന്റെ പ്രമാണനിഷ്ഠതയെ തള്ളിക്കളയുകയും ചെയ്തു. ആശയങ്ങളുടെ ഗഹനതയും പദങ്ങളുടെ മൂലരൂപങ്ങൾ ഉപയോഗിച്ചുള്ള ആശയാപഗ്രഥനവും ജി.എൻ. പിള്ളയുടെ വിമർശനങ്ങളുടെ സവിശേഷതയാണ്. ഈ ഗഹനതയാണ് അദ്ദേഹത്തിന്റെ നിരൂപണങ്ങളെ സാമാന്യവായനക്കാർക്ക് അപ്രാപ്യമാക്കിത്. നമ്മുടെ സരളമായ വായനശീലങ്ങളിൽ ഒതുങ്ങുന്നതായിരുന്നില്ല അവ. വിമർശനത്തിൽ യാഥാസ്ഥിതികത്വത്തിന്റെ വക്താവായിരുന്നില്ല ജി.എൻ. പിള്ള. ജീവിതത്തിലും സാഹിത്യത്തിലും പുരോഗതിയെ സ്വാഗതം ചെയ്യുന്ന ഒരാധുനികമനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു. പഴയശൈലിയും പഴയമാനദണ്ഡങ്ങളും പഴയ പ്രമേയ

ങ്ങളും മാറേണ്ടതുണ്ട് എന്നുതന്നെ അദ്ദേഹം ശഠിച്ചു. അതേസമയം പാരമ്പര്യത്തോട് യുക്തിഭദ്രമായ ഒരു സമീപനം കൈക്കൊണ്ട് അവയെക്കൂടി ഉൾക്കൊണ്ട് കാലികമായി മാറണം എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പഴയ പ്രമാണങ്ങളും ആശയങ്ങളും കൊണ്ട് പുതിയ കൃതികളെ വായിക്കരുതെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. എം.ടിയുടെ 'രണ്ടാമൂഴ' ത്തോട് 'ഭോഗത്തിന്റെ തത്ത്വശാസ്ത്ര'മെന്ന് പറഞ്ഞ് വിയോജിക്കുമ്പോഴും കാലഘട്ടത്തിന്റെ ജീവിതതാളമാണ് അതെന്ന് പറഞ്ഞ് അതിനെസാധൂകരിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. മലയാളത്തിലെ ആധുനികതാവാദത്തെ മുണ്ടശ്ശേരി അടക്കമുള്ളവർ തള്ളിപ്പറഞ്ഞപ്പോഴും സ്വാതന്ത്ര്യാനന്തരമുള്ള സാമൂഹികകാലാവസ്ഥയെയാണ് ആധുനികസാഹിത്യം ഉൾക്കൊള്ളുന്നതെന്ന് പറഞ്ഞ് അവയെ വിശദീകരിക്കാനാണ് ജി.എൻ.പിള്ള ശ്രമിച്ചത്. സമൂഹത്തിലെയും സാഹിത്യത്തിലെയും കാലികാവസ്ഥകളെ അഭിമുഖീകരിക്കാനും വിശദീകരിക്കാനും അദ്ദേഹം തയ്യാറായി എന്നത് വിമർശകൻ എന്ന നിലയിൽ അദ്ദേഹം നിർവ്വഹിച്ച പ്രധാനകർത്തവ്യമാണ്. വിമർശനമെന്നാൽ 'സാഹിത്യവിമർശന'മാണെന്ന ശുദ്ധിസങ്കല്പം ജി.എൻ. പിള്ളയ്ക്കുണ്ടായിരുന്നില്ല. സാഹിത്യം, സാഹിത്യേതരം എന്ന ആധുനികതയുടെ (Modernity) യുക്തിയായിരുന്നില്ല അദ്ദേഹത്തിൽ പ്രവർത്തിച്ചത്. മറ്റു വിഷയങ്ങളുമായി ബന്ധമില്ലാത്ത ഒരു കേവലവസ്തുവാണ് സാഹിത്യം എന്ന ധാരണയെ അദ്ദേഹം നിരാകരിച്ചു. അതുകൊണ്ട് തന്നെ കേവലമായ സാഹിത്യയുക്തികൾകൊണ്ട് ജി.എൻ. പിള്ളയുടെ വിമർശനങ്ങൾ വിലയിരുത്താനും കഴിയില്ല. വിമർശനരചനകളേക്കാൾ ചെറുസദസ്സിനോടുള്ള പ്രഭാഷണങ്ങളിൽ തത്പരനാവുകവഴി വിമർശനമെന്നാൽ ലിഖിതവിമർശനമാണ് എന്ന കാഴ്ചപ്പാടിനെയും അദ്ദേഹം തള്ളിപ്പറഞ്ഞു. സോദാഹരണനിരൂപണം ക്ലാസ്സുകൾക്കായി കോഴിക്കോട് അദ്ദേഹത്തിന്റെ നേതൃത്വത്തിലാരംഭിച്ച പ്രതിഭാകലാകേന്ദ്രത്തെയും നമ്മുടെ വിമർശനവ്യവഹാരങ്ങളുടെ ഭാഗമായി പരിഗണിക്കേണ്ടതാണ്. സമൂഹത്തെ ശുദ്ധീകരിക്കുന്ന കർമ്മമായി വിമർശനത്തെ കണ്ടതിനാൽ അതിനെ മലിനപ്പെടുത്തുന്ന എല്ലാ ആശയങ്ങളെയും സമീപനങ്ങളെയും ചോദ്യം ചെയ്യാനുള്ള ഒരിടമായി തന്റെ വിമർശന

പ്രവർത്തനങ്ങളെ അദ്ദേഹം പരിവർത്തിപ്പിച്ചു. നിരൂപണത്തിനു മാത്രമായി ഒരു മാസികയെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ശ്രമിച്ചതും ഈയൊരു വിമർശനാവബോധം കൊണ്ടാണ്. തന്റെ ജീവിതകാലത്ത് 'സാഹിത്യനിരൂപണ'മെന്ന ത്രൈമാസികയുടെ പ്രൗഢങ്ങളായ 12 ലക്കങ്ങൾ മലയാളവിമർശനമണ്ഡലത്തിനു നൽകിയാണ് തന്റെ വിമർശനജീവിതത്തിൽനിന്ന് അദ്ദേഹം പിൻവാങ്ങിയത്. വിമർശനമെന്നാൽ സാഹിത്യകൃതികളുടെ ലിഖിതനിരൂപണം എന്ന കേവലയുക്തിയെ നിരാകരിക്കുന്ന വിമർശനപ്രവർത്തനങ്ങളാണ് അദ്ദേഹം സാധ്യമാക്കിയത്. വിമർശനത്തെ മുഖ്യപ്രമേയമായി മുന്നിൽ കണ്ട് അദ്ദേഹം നടത്തിയ മാസികാപവർത്തനവും പ്രഭാഷണപരിപാടികളം നിരൂപണം ക്ലാസ്സുകളും പത്രപ്രവർത്തനവും അദ്ദേഹത്തിന്റെ വിമർശനപ്രവർത്തനങ്ങളുടെ വ്യാപ്തിയെ കൂടുതൽ വിശാലമാക്കി. അവതാരികകൾ, സ്മരണകൾ, ഡയറിക്കുറിപ്പുകൾ എന്നിവയ്ക്കെല്ലാം വിമർശനപരമായ സാമൂഹികധർമ്മം നിർവ്വഹിക്കാനാവുമെന്ന് അദ്ദേഹം ബോധ്യപ്പെടുത്തി. രചനകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും മാസികാപ്രവർത്തനങ്ങളിലൂടെയും സാഹിത്യവിമർശനത്തെ സമൂഹവിമർശനവും രാഷ്ട്രീയവിമർശനവുമാക്കി മാറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിമർശനത്തെ കേവലം സാഹിത്യകൃതികളുടെ ലിഖിതരൂപത്തിലുള്ള വിമർശനം മാത്രമായി പരിമിതപ്പെടുത്തിയ നമ്മുടെ വിമർശനാവബോധം ജി.എൻ. പിള്ളയുടെ വിപുലമായ വിമർശന പ്രവർത്തനങ്ങളെ എത്രമാത്രം തമസ്കരിച്ചുവെന്ന് ഈയൊരുപരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടുവേണം വിശകലനം ചെയ്യാൻ.

സാഹിത്യത്തെ ഗണപരവും കാലപരവും ദേശപരവുമായ സങ്കുചിതത്വങ്ങൾക്കുള്ളിൽ തളച്ചിടാതെ സമഗ്രാവസ്ഥയിൽ കണ്ട വിമർശകനാണ് ജി.എൻ. പിള്ള. ഏതെങ്കിലും ഒരു വിമർശനസമീപനത്തെ മാത്രമായി ഉപയോഗിക്കാൻ ജി.എൻ. പിള്ള ഒരിക്കലും ശ്രമിച്ചിട്ടില്ല. എങ്കിലും ജീവിതവും സമൂഹവുമായി എഴുത്തുകാരൻ നിലനിർത്തുന്ന അനുരഞ്ജനമല്ല സംഘർഷാത്മകബന്ധങ്ങളാണ് സാഹിത്യകൃതിയെ മഹത്തരമാക്കുന്നതെന്ന നിലപാട് അദ്ദേഹം തന്റെ വിമർശകജീവിതത്തിലുടനീളം പിന്തുടർന്നിട്ടുണ്ട്. സാഹിത്യത്തിന്റെയും വിമർശനത്തി

ന്റെയും ശുദ്ധിസങ്കല്പത്തെ അദ്ദേഹം അംഗീകരിച്ചിരുന്നില്ല. സാഹിത്യം മുന്നിലെ ലോകവുമായി സംവദിക്കുകയും വ്യക്തി എന്ന സ്വകാര്യമേഖലയിൽ നിന്ന് ജനം എന്ന പൊതുമേഖലയിലേക്കെത്തുകയും ചെയ്യണമെന്ന് തന്റെ വിമർശനപ്രവർത്തനങ്ങളിലൂടെ അദ്ദേഹം ബോധ്യപ്പെടുത്തി. കാലത്തോട് സന്ധിചെയ്തുകൊണ്ട്, സംഘർഷങ്ങളെ ഒഴിവാക്കി,സാഹിത്യസപര്യ നടത്തുന്ന എഴുത്തുകാർക്ക് മഹത്തായ കൃതികളുടെ ഉത്പാദകരാവാൻ കഴിയില്ലെന്ന സാഹിത്യധാരണ അദ്ദേഹത്തിനുണ്ടായിരുന്നു. മാനവികത, സാമൂഹികത, ചരിത്രപരത, കാലബന്ധം, സമൂഹവുമായുള്ള സംഘർഷാത്മകബന്ധം, സൗന്ദര്യാത്മകത തുടങ്ങിയവയ്ക്ക് തന്റെ സാഹിത്യവായനകളിൽ ഊന്നൽ നൽകുമ്പോഴും സാഹിത്യത്തെ വിലയിരുത്തുന്നതിന് സാർവ്വകാലിക മാനദണ്ഡങ്ങളില്ലെന്ന് അദ്ദേഹം വിശ്വസിച്ചു.

**തമസ്കരണങ്ങളുടെ രാഷ്ട്രീയം**

തന്റെ രചനകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ സ്വന്തം നിലയ്ക്ക് യാതൊരു താത്പര്യവും ജി.എൻ. പിള്ള പ്രകടിപ്പിച്ചിരുന്നില്ല. 1950–കൾ മുതൽ സാഹിത്യത്തിൽ പലപ്രകാരത്തിൽ ഇടപെട്ട അദ്ദേഹത്തിന്റെ ആദ്യകൃതി പുറത്തുവരുന്നത് അദ്ദേഹം മരിക്കുന്നതിന് ഒരു വർഷം മുമ്പ് മാത്രമാണ്; 1992–ൽ. മരണാനന്തരം ആറ് കൃതികൾ പ്രസിദ്ധീകരിക്കപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ രചനകൾ ഇനിയും പൂർണ്ണമായി സമാഹരിക്കപ്പെട്ടിട്ടില്ല. അധികാരബന്ധങ്ങളും അക്കാദമിക് പരിവേഷങ്ങളും കൃതികളുടെ എണ്ണവും അവാർഡുകളുടെ പെരുപ്പവും നോക്കി വിമർശകപദവി നൽകുകയും സ്വന്തം പ്രത്യയശാസ്ത്രതാത്പര്യങ്ങൾക്കനുസരിച്ച് വിമർശനചരിത്രം കെട്ടിപ്പടുക്കുകയും ചെയ്യുന്ന മലയാളവിമർശനമണ്ഡലം അധികാരബന്ധങ്ങളുടേയോ അക്കാദമിക് യോഗ്യതകളുടേയോ സാമൂഹികപദവികളുടേയോ തേജോവലയമില്ലാത്ത ജി.എൻ. പിള്ളയെ തമസ്കരിച്ചതിൽ അത്ഭുതപ്പെടാനില്ല. ധൈഷണികബാഹ്യമായ ചില അളവുകോലുകൾ ചരിത്രരചനയിലിടം കണ്ടെത്തിയതിനാലാണ് അദ്ദേഹത്തെ പോലൊരു പണ്ഡിതവിമർശകൻ ചരിത്രയുക്തിയാൽ നിരാകരിക്കപ്പെട്ടത്. ആഗോളീയമായ ഒരു

ലോകബോധവും സാഹിത്യാവബോധവും സംവഹിച്ച ജി.എൻ. പിള്ള യുടെ നിരൂപണങ്ങൾക്ക് മലയാളത്തിൽ മുൻമാതൃകകൾ ഇല്ല. അന്തർ വൈജ്ഞാനികബന്ധങ്ങൾ, പാഠാന്തരസമീപനങ്ങൾ, ലോകസാഹി ത്യത്തെ പരിചയപ്പെടുത്തൽ തുടങ്ങിയ തലങ്ങളിൽ കേസരി എ. ബാല കൃഷ്ണപിള്ളയുടെ തുടർച്ച സാധ്യമാക്കുമ്പോഴും സാഹിത്യത്തിലെ പ്രമേയത്തിനും ഭാഷാഘടകങ്ങൾക്കും സൗന്ദര്യാംശത്തിനും തുല്യ പ്രാധാന്യം നൽകി സമഗ്രവിമർശനങ്ങളുടേതായ ഒരു പാത ഉദ്ഘാ ടനം ചെയ്യുക വഴി കേസരിയെ അതിവർത്തിക്കുന്ന ഒരു വിമർശന സ്വത്വം ജി.എൻ. പിള്ള സ്വന്തമാക്കുന്നുണ്ട്. വൈജ്ഞാനികമായ സമ കാലീനതയും ബഹുലതയും വിമർശനങ്ങളിൽ ഉപയോഗിക്കുകയും തന്റെ ബഹുഭാഷാപാണ്ഡിത്യത്താൽ പാഠങ്ങളുടെ സൂക്ഷ്മവിശ്ലേ ഷണം സാധ്യമാക്കുകയും ചെയ്തതിനാൽ ധൈഷണികമായ സങ്കീർ ണ്ണതയും ഭാഷാപരമായ അതാര്യതയും അദ്ദേഹത്തിന്റെ നിരൂപണങ്ങ ളുടെ സ്വഭാവമായി മാറിയിട്ടുണ്ട്. തങ്ങളുടെ ലളിതവായനകൾക്ക് ഒതു ങ്ങാത്ത വിമർശകരെ അഭിമുഖീകരിക്കാതിരിക്കുകയോ അരികുവത്കരി ക്കുകയോ ചെയ്യുക എന്ന ചരിത്രാഖ്യാതാക്കളുടെ രാഷ്ട്രീയമാണ് ജി.എൻ. പിള്ളയുടെ വിമർശനങ്ങളെ ചരിത്രേതരമാക്കി മാറ്റിയത്. മലയാളവിമർശനത്തിന്റെ പ്രാരംഭകാലത്തെ ലക്ഷണയുക്തികളെ മറി കടക്കുന്ന വിമർശനങ്ങളായിരുന്നു അദ്ദേഹത്തിന്റേത്. ഭൗതികതയിൽ അധിഷ്ഠിതമായതും സാഹിത്യത്തിന്റെ സാപേക്ഷികതയിൽ വിശ്വ സിക്കുന്നതും അതിന്റെ വരേണ്യവും അലൗകികവും കലർപ്പറ്റതുമായ മൂല്യവത്കരണശീലങ്ങളോട് എതിരിടുന്നതും സാമൂഹികസംവാദ ങ്ങൾക്കുള്ള ആന്തരികസ്ഥലമായി സാഹിത്യത്തെ കാണുന്നതുമായ വിമർശനാവബോധമാണ് ജി.എൻ. പിള്ള പ്രാവർത്തികമാക്കിയത്. ഇതാ കട്ടെ മലയാളവിമർശനം 19-ാം നൂറ്റാണ്ട് മുതൽ അനുശീലിച്ച പ്രമാ ണപാഠങ്ങൾക്കൊത്തുപോകുന്നതുമായിരുന്നില്ല. 1950-കൾ മുതൽ തന്നെ, മലയാളവിമർശനത്തിൽ അതത്കാലത്ത് മേൽക്കോയ്മ നില നിർത്തിയ മൂല്യവ്യവസ്ഥയോട് നിരന്തരം കലഹിക്കാൻ അദ്ദേഹം തയ്യാ റായിരുന്നു. സൗന്ദര്യാത്മകവും സമൂഹശാസ്ത്രാധിഷ്ഠിതവുമായ നിരൂ

പണപദ്ധതികളോടും പുരോഗമനസാഹിത്യ നിലപാടുകളോടും അദ്ദേഹം പൂർണ്ണമായി സമരസപ്പെട്ടിരുന്നില്ല. സ്ഥാപനവത്ക്കരിക്കപ്പെട്ട ആസ്വാദനമൂല്യങ്ങളോട് പിന്തിരിഞ്ഞുനിന്നുവെന്നതും വിമർശനമണ്ഡലത്തിലെ അധികാരവ്യവസ്ഥകളെ തള്ളിപ്പറഞ്ഞുവെന്നതും വിമർശനചരിത്രങ്ങളിൽ നിന്നും അദ്ദേഹത്തെ തമസ്കരിക്കുന്നതിനോ പാർശ്വവത്ക്കരിക്കുന്നതിനോ കാരണമായിട്ടുണ്ട്. ജി.എൻ. പിള്ളയുടെ കൃതിവിമർശനങ്ങളിൽ ഏറിയപങ്കും പ്രഭാഷണങ്ങളിൽനിന്ന് പിറവിയെടുത്തവയായതുകൊണ്ട് മലയാളവിമർശനം പൊതുവിൽ നിഷ്കർഷിച്ച സുഭദ്രമായ രൂപശില്പം അവയ്ക്കില്ലാതെ പോയിട്ടുണ്ട്. അതൊടൊപ്പം ഭാഷയുടെ ദുർവിലേയതയും ആശയഗഹനതയും പാഠാന്തരവ്യാപ്തിയും അന്തർവൈജ്ഞാനികസമീപനങ്ങളും ചേർന്ന് രൂപംകൊണ്ട അതിസങ്കീർണ്ണമായ ഒരു ഘടന അദ്ദേഹത്തിന്റെ വിമർശനങ്ങളെ സാമാന്യവായനകൾക്ക് അപ്രാപ്യമാക്കി. ആ ബൗദ്ധികഇടപെടലുകളെ 'പണ്ഡിതൻ' എന്ന വിശേഷണത്തിൽ ഒതുക്കിമെരുക്കിനിർത്തുന്ന തന്ത്രമാണ് മലയാളവിമർശനം സ്വീകരിച്ചത് (തോന്നയ്ക്കൽ വാസുദേവൻ, മലയാളസാഹിത്യവിമർശനം). ഒറ്റക്കൃതികൊണ്ടുതന്നെ തനതായ വഴി തുറന്ന നിരൂപകനാണ് ജി.എൻ. പിള്ള എന്ന എം. ലീലാവതിയുടെ (സാഹിത്യനിരൂപണത്തിലെ ദിശാബോധം) ഒരൊറ്റവാക്യത്തിലുള്ള വിലയിരുത്തലും ജി.എൻ. പിള്ളയുടെ വിമർശനപരിപ്രേക്ഷ്യത്തെ സംവാദാത്മകമാക്കുന്നതിൽ നിന്ന് മലയാളവിമർശനം പിന്തിരിഞ്ഞുനിന്നിരുന്നു എന്നതിന്റെ സൂചനയാണ്. സോഷ്യലിസ്റ്റ് പ്രവർത്തകനായും പത്രപ്രവർത്തകനായും പ്രൂഫ്റീഡറായും തന്റെ സാമൂഹിക ജീവിതത്തെ തൃപ്തിപ്പെടുത്തേണ്ടിവന്ന ജി.എൻ. പിള്ളയ്ക്ക് അധികാരതാത്പര്യങ്ങളാലോ സാമാന്യലോകത്താലോ ആദരിക്കപ്പെടുന്ന ഒരു തൊഴിൽപദവിയോ സാമൂഹികപദവിയോ ലബ്ധമായിരുന്നില്ല. ധൈഷണികജീവിതത്തിന്റെ ബഹുമാന്യതയും സാമൂഹികപദവിയും അധികാരബന്ധങ്ങളും മറ്റും ചേർന്ന് നിർണ്ണയിച്ചിരുന്ന സാഹിത്യപൊതുമണ്ഡലത്തിലത്തിന് ജി.എൻ. പിള്ള അപ്രസക്തനായത് ഇക്കാരണത്താൽക്കൂടിയാണ്.

**കുറിപ്പുകൾ**

1. വിമർശനം, നിരൂപണം എന്നീ പദങ്ങളെ മലയാളവിമർശനം കൃത്യമായി വ്യവച്ഛേദിച്ചിട്ടുണ്ടെങ്കിലും പര്യായപദങ്ങളെ പോലെ ഉപയോഗിക്കുന്ന രീതിയാണ് പ്രയോഗതലത്തിൽ പിന്തുടർന്നത്. അതിനാൽ സമാനാർത്ഥ വിവക്ഷയിലാണ് പ്രബന്ധത്തിലും പ്രസ്തുതപദങ്ങൾ ഉപയോഗിച്ചിരിക്കുന്നത്.

2. "സാഹിത്യത്തിന് പ്രധാനമായും ആന്തരികമൂല്യവും പ്രയോജനമൂല്യവും ഉണ്ട്. രാഷ്ട്രീയവും സാമൂഹികവും മതപരവും തത്ത്വചിന്താത്മകവും മറ്റുമായ പ്രചാരണോദ്ദേശ്യത്തെ സാക്ഷാത്കരിക്കുന്ന ഗുണങ്ങളെല്ലാം പ്രയോജനമൂല്യങ്ങളിൽ അന്തർഭവിക്കും. അന്തരികമൂല്യമെന്നത് സാഹിതീയമൂല്യമാണ്. ഇതിൽ സാഹിതീയ മൂല്യത്തിന്റെ അളവിലും അടിസ്ഥാനത്തിലും വേണം സാഹിത്യവിമർശകൻ രചനയ്ക്ക് മൂല്യനിർണ്ണയാത്മകമായ വിധിത്തീർപ്പ് നൽകാൻ. . . . സാഹിതീയമൂല്യം ഗണ്യമായ അളവിലുള്ള വാങ്മയം നല്ല സാഹിത്യകൃതിയാണ്. എന്നാൽ ഒരു രചനയിൽ സാഹിതീയമൂല്യത്തിന്റെ ലേശാംശം കഷ്ടിച്ച് തൊട്ടുതെറിച്ചിട്ടുണ്ടെന്നേയുള്ളൂ എന്നിരിക്കട്ടെ, ആ നിബന്ധത്തിനു മറ്റുവിധത്തിൽ എന്തെല്ലാം ഉന്നതികളും ഉജ്ജ്വലതകളും ഉണ്ടെന്നിരുന്നാലും അത് സാഹിത്യകലാകൃതി എന്ന നിലയിൽ വിലകെട്ടതുതന്നെ". (കെ.എം. ഡാനിയൽ, വിമർശനം സിദ്ധാന്തവും പ്രയോഗവും, പുറം 22).

3. "നിരൂപകന് ഗ്രന്ഥത്തിന്റെ ഗുണദോഷങ്ങളെ കാണുവാനുള്ള സഹൃദയത്വവും വിദ്വത്തവും മാത്രമുണ്ടായാൽ പോര. അവയെ ഹൃദയസ്പർശിയാംവണ്ണം പ്രതിപാദിക്കാനുള്ള കവിത്വവും രസികത്വവും കൂടി വേണം."(തോന്നയ്ക്കൽ വാസുദേവൻ, മലയാള സാഹിത്യവിമർശനം,പുറം 46)

   "ഒരു സഹൃദയന് ഒരു കലാകൃതിയിൽ നിന്നുണ്ടായ ആനന്ദത്തിന്റെയും അഭിപ്രായങ്ങളുടെയും മനോഹരമായ ആവിഷ്കര

ണമാണ് വിമർശനം.'' (കുട്ടികൃഷ്ണമാരാർ, ദന്തഗോപുരം, പുറം 38)

''സർക്ഷാത്മകസാഹിത്യകാരന്റെ അന്തഃകരണവൃത്തികളും ആവിഷ്കാരതന്ത്രങ്ങളും അനുഭവബോധനങ്ങളും എല്ലാംകൂടി ഒരുമിച്ച് പഠിച്ചാൽ സാഹിത്യവിമർശനമാകും. . . . സാഹിത്യകൃതിയിലെ ബാഹ്യവും ആഭ്യന്തരവുമായസംഘടനകളെ ഒരുമിച്ചോ വെവ്വേറെയോ യുക്തിപൂർവ്വം അപഗ്രഥിച്ച് ഇവ എങ്ങനെ അനുവാചകന് ആഹ്ലാദകരമായ ഹൃദയാസ്വാസ്ഥ്യം സൃഷ്ടിക്കുന്നു എന്നു കണ്ടുപിടിക്കുകയാണ് വിമർശകന്റെ കടമ. ഇത് തന്റെ വായനക്കാരുടെ ബുദ്ധിയിലും ഹൃദയത്തിലും അസ്വസ്ഥതകൾ സൃഷ്ടിക്കുമാറ് അവതരിപ്പിക്കുകയും വേണം.''(പി.വി. വേലായുധൻ പിള്ള, മലയാളസാഹിത്യവിമർശനം, പുറം 13)

''സാഹിത്യകൃതിയെ മനസ്സിലാക്കാവുന്നിടത്തോളം മനസ്സിലാക്കി അതിൽനിന്ന് ആസ്വദിക്കാൻ കഴിഞ്ഞ ആനന്ദത്തിന്റെ പിന്നിലുള്ള ബുദ്ധിപരവും ഭാവപരവുമായ അടിത്തറ എന്തെന്ന് ആവിഷ്കരിക്കലത്രെ സാഹിത്യവിമർശനം.'',''സാഹിത്യത്തെ പറ്റി വിവേചനത്തോടെ വിധി പ്രസ്താവിക്കുന്ന കലയാണ് സാഹിത്യവിമർശനം. അതായത് ഒരു സാഹിത്യകൃതിയെ എന്തുകൊണ്ട് നല്ലതോ ചീത്തയോ ആയി കണക്കാക്കാമെന്ന് നിശ്ചയിക്കുന്ന കല.''(സുകുമാർ അഴീക്കോട്, മലയാള സാഹിത്യവിമർശനം, പുറം 18 & 22)

''ഒരു നല്ല സഹൃദയനല്ലാത്തവൻ നല്ല വിമർശകനാവുന്നില്ല.'' (പ്രസന്നരാജൻ, നമ്മുടെ വിമർശകരിൽ എത്ര സഹൃദയരുണ്ട്?, പുറം 15)

''വ്യഖ്യാനവും മൂല്യനിർണ്ണയവും നിരൂപണത്തിന്റെ അപരിഹാര്യമായ കർത്തവ്യങ്ങളാണ്. നല്ലത്, ചീത്ത തുടങ്ങിയ വിധിത്തീർപ്പുകളെ സാധൂകരിക്കാൻ വിമർശകന് കഴിയണം. സാഹിത്യകൃതിയെ കുറിച്ച് വിധി പറയുന്നവനാണ് വിമർശകൻ.'' (കെ. എം.ഡാനിയൽ,വിമർശനം സിദ്ധാന്തവും പ്രയോഗവും,പുറം 21)

4. “കാശിനു കൊള്ളരുതാത്തകൃതികൾ വായിച്ച് സമയം നഷ്ട പ്പെടുത്തരുത്, മനസ്സുഖം നശിപ്പിക്കരുത് എന്നൊരു മുന്നറിയിപ്പ് നൽകുന്ന ചുമതല ഉത്തമനായ നിരൂപകൻ ഏറ്റെടുക്കാറു ണ്ട്.”(പ്രൊഫ. ആർ. എസ്. വർമ്മാജി, സാഹിത്യനിരൂപണവും നിരൂപണഭേദങ്ങളും, സാഹിത്യലോകം, ജനുവരി - ഫെബ്രുവ രി, 1991, പുറം 8)

5. കുറിപ്പ് 2 കാണുക.

6. കുറിപ്പ് 2 കാണുക.

7. സുകുമാർ അഴീക്കോട്, മലയാള സാഹിത്യവിമർശനം, പുറം 53,164

“മനുഷ്യനെന്ന നിലയ്ക്ക് നൈസർഗ്ഗികമായും പ്രഭുവെന്ന നിലയ്ക്ക് ശീലവശാലും ഉദാരചരിതനും വദാന്യനുമായിരുന്നു കേരളവർമ്മ.”... തമ്പുരാൻ, ആചാര്യൻ, കേരളവർമ്മ ദേവൻ എന്ന സങ്കല്പനിഷ്ഠനായ ഉദാരപുരുഷൻ, രാജരാജവർമ്മയുടെ കാന്തി പഥത്തിൽ അന്ന് അനേകം എഴുത്തുകാർ പ്രകാശിച്ചുകൊണ്ടി രുന്നു... വിനീതമായ ആ ശിഷ്യപരമ്പരയിലെ ചില പ്രമുഖരാ യിരുന്നു കെ.ആർ. കൃഷ്ണപ്പിള്ള, പി. അനന്തൻ പിള്ള മുത ലായ പ്രബന്ധകാരന്മാർ. . . തുടങ്ങിയ ധാരാളം പ്രയോഗങ്ങൾ കേരളവർമ്മയേയും അവരുടെ ശിഷ്യഗണങ്ങളെയും പറ്റി പറ യുമ്പോൾ അഴീക്കോട് പ്രയോഗിക്കുന്നുണ്ട്. നിസ്സംഗവുംതത്ത്വ നിഷ്ഠവുമായ സാഹിത്യവിമർശനത്തിൽ വ്യക്തിബന്ധപരങ്ങ ളായ പദങ്ങൾക്ക് പ്രസക്തിയില്ലെന്ന് അഭിപ്രായപ്പെട്ട അഴീ ക്കോട് തന്നെയാണ് ചരിത്രാഖ്യാനത്തിൽ ഇത്തരംപ്രയോഗങ്ങൾ സുലഭമായി നടത്തുന്നത്.

8. “സാഹിത്യമെന്നത് ഒരു തരം ദർശനമാണ്. സാഹിത്യം എന്ന വാക്കിൽ തന്നെ ഭാരതീയത അതിന്റെ എല്ലാ സൗന്ദര്യഗാംഭീര്യ ങ്ങളോടെ തെളിഞ്ഞു നിൽക്കുന്നു.”, “ഇന്ത്യയുടെ സാഹിത്യം മനസ്സിലാക്കണമെങ്കിൽ ഭാരതീയതയുടെ ശ്രീകോവിലിൽ കയ

റാതെ സാധ്യമല്ല, സാഹിത്യത്തിന്റെ സ്ഥായീഭാവം ആണ് അദ്വൈതം.''(സുകുമാർ അഴീക്കോട്, ഭാരതീയത, പുറം 55, 56)

''ആത്മീയത, ഗാന്ധിജി, സാഹിത്യം എന്നിവയാണ് എന്റെ ജീവിതത്തിലെ മൂന്ന് പ്രധാന സ്വാധീനശക്തികൾ. . ആത്മീയതയുടെയും കർമ്മത്തിന്റെയും വികാരത്തിന്റെയും മൂന്ന് ശക്തികൾ എന്റെ ചിന്തയെയും ആശയങ്ങളെയും കർമ്മത്തെയും ആവിഷ്കാരശൈലിയെയും രൂപപ്പെടുത്തുന്നതിൽ അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.''(സുകുമാർ അഴീക്കോട്, ഭാരതീയത : വിവിധമാനങ്ങൾ,പുറം,77)

9. ഗോവിന്ദനാരായണപിള്ള എന്നു മുഴുവൻ പേര്. 1930 ഏപ്രിൽ 21ന് ഹരിപ്പാട് ജനനം. പ്രൗഢലേഖനങ്ങളിൽ ജി.എൻ. പിള്ള എന്നപേരും സാമാന്യവായനക്കാരെ ലക്ഷ്യം വച്ചെഴുതിയ ലേഖനങ്ങളിൽ ശൂലപാണി, വേലായുധൻ, സുഹാസിനി, രാമനാരായണ, സോമവർമ്മ, കേശവൻ, ജി.വി, ജിനദേവൻ, ശ്രീനിവാസൻ തുടങ്ങിയ തൂലികാനാമങ്ങളും സ്വീകരിച്ചു. 1993 ഫെബ്രുവരി 21ന് അന്തരിച്ചു. വിമർശനം, കഥ, നോവൽ, നാടകം, കാർട്ടൂൺ, പ്രഭാഷണം, ഡയറിക്കുറിപ്പുകൾ, അവതാരികകൾ, മുഖപ്രസംഗങ്ങൾ, കവിതകൾ തുടങ്ങി ജി.എൻ. പിള്ളയുടെ 600-ഓളം രചനകൾ കോഴിക്കോട് ജി.എൻ.പിള്ള സ്മാരകപ്രതിഭാട്രസ്റ്റിനു വേണ്ടി ഡോ. യു.വി. കുമാരൻ സമാഹരിച്ചിട്ടുണ്ട്.

10. വി. പാറുക്കുട്ടിയമ്മ എഴുതിയ ജി.എൻ. പിള്ള യുടെ ജീവചരിത്രകൃതി, സാഹിത്യനിരൂപണം ത്രൈമാസികയുടെ ജി.എൻ. പിള്ള സ്മാരകപതിപ്പ് (ഫെബ്രുവരി 1994) എന്നിവ കാണുക.

11.. കോഴിക്കോട്ടെ ജി.എൻ. പിള്ള സ്മാരകപ്രതിഭാട്രസ്റ്റിനുവേണ്ടി അദ്ദേഹത്തിന്റെ ശിഷ്യനും തലശ്ശേരി ഗവ. കോളേജ് ഓഫ് ടീച്ചർ ട്രെയിനിങ്ങ് മുൻ പ്രിൻസിപ്പലുമായിരുന്ന ഡോ. യു.വി. കുമാരൻ. പലസ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന ജി.എൻ. പിള്ള

യുടെ രചനകളെ ഡി.ടി.പി. ചെയ്ത് സമാഹരിക്കുകയും പ്രതിഭാകലാകേന്ദ്രത്തിലെ അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ജി.എൻ. പിള്ളയുടെ ചിന്തകളുടെ സാരാംശരൂപമായി ശാന്തിപഥമെന്ന കൃതിയും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രബന്ധത്തിൽ പ്രഥമാകരങ്ങളായി ഉപയോഗിച്ചതും അവയാണ്.

12. 1987–ൽ കോഴിക്കോട്, ജി.എൻ. പിള്ളയുടെ ക്ലാസ്സുകൾക്കും പ്രഭാഷണങ്ങൾക്കും ഉള്ള ഒരു ചെറുവേദി എന്ന നിലയിൽ അദ്ദേഹവും ശിഷ്യന്മാരും ചേർന്ന് ആരംഭിച്ച ഒരു കൂട്ടായ്മ. ഏഴുവർഷത്തോളം വൈകുന്നേരങ്ങളിലായി നടന്ന ക്ലാസ്സുകളിൽ എല്ലാദിവസവും നാല്പതോളംപേർ പങ്കെടുത്തിരുന്നു.

**ഗ്രന്ഥസൂചി**


1. കുമാരൻ. യു.വി. ഡോ. (എഡി.), രാഷ്ട്രീയവും സംസ്കാരവും ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 2009.

2. ..........................................ജി.എൻ. പിള്ളയുടെ ഡയറിക്കുറിപ്പുകൾ, ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 2009.

3. .......................................... ജി.എൻ. പിള്ളയുടെ പ്രഭാഷണങ്ങൾ : തന്ത്രവും സാധനയും, ജി.എൻ. പിള്ള സ്മാരക പ്രതിഭട്രസ്റ്റ്, കോഴിക്കോട്, 2009

4. ........................................ ജി.എൻ. പിള്ളയുടെ പ്രഭാഷണങ്ങൾ : സാഹിത്യം വാല്യം 1 & 2, ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 2009

5. ..........................................ജി.എൻ. പിള്ളയുടെ പ്രഭാഷണങ്ങൾ : മനഃശാസ്ത്രം വാല്യം 1, 2 & 3, ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 2009

6. ..............................................ജി.എൻ. പിള്ളയുടെ മുഖപ്രസംഗങ്ങൾ, ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 2009

7. ........................................ ജി.എൻ. പിള്ളയുടെ അവതാരികകൾ, ജി. എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 2009

8. ........................................ ജി.എൻ. പിള്ളയുടെ പ്രബന്ധങ്ങൾ, ജി. എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴീക്കോട്, 2009

9. ........................................ ഓർമ്മയിൽ ഒരു താമര, ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 2009

10. ................................ കാളിയുടെ നാവ്, ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 2009

11. ........................................ കല സൃഷ്ടി ആസ്വാദനം, ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 2009

12. ........................................വ്യക്തികൾ പുസ്തകങ്ങൾ, ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 2009

13. ........................................ ശാന്തിപഥം, ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 2009

14. ഡാനിയൽ കെ.എം., വിമർശനം സിദ്ധാന്തവും പ്രയോഗവും, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1991

15. പാറുക്കുട്ടിയമ്മ,വി., ജി.എൻ. പിള്ള, ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 1995

16. പിള്ള, ജി.എൻ., സ്വപ്നങ്ങൾക്കപ്പുറം, പി.കെ. ബ്രദേഴ്സ്, കോഴീക്കോട്, 1994

17. ........................ സംസ്കാരവേദി, ജി.എൻ. പിള്ള സ്മാരക പ്രതിഭ ട്രസ്റ്റ്, കോഴിക്കോട്, 1995

18. ....................ജി.എൻ. പിള്ളയുടെ പ്രബന്ധങ്ങൾ, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം, 1996

19. പ്രസന്നരാജൻ, നമ്മുടെ വിമർശകരിൽ എത്ര സഹൃദയരുണ്ട് ? സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2010

20. രാമചന്ദ്രൻനായർ, പന്മന, (എഡി.), മലയാളസാഹിത്യനിരൂപണം, പി.കെ. പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റ്, തിരുവനന്തപുരം, 2008

21. വാസുദേവൻ,തോന്നയ്ക്കൽ, മലയാളസാഹിത്യവിമർശനം, ചിന്താപബ്ലിഷേഴ്സ്, തിരുവനന്തപുരം, 2010

22. വേലായുധൻപിള്ള, പി.വി., മലയാളസാഹിത്യവിമർശനം, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1993

23. ഷാജി ജേക്കബ്ബ്, ആധുനികാനന്തരമലയാളസാഹിത്യവിമർശനം, സൈകതം ബുക്സ്, കോതമംഗലം, 2013

24. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി.സി. ബുക്സ്, കോട്ടയം, 2004

25. ...................... ഭാരതീയത, കറന്റ് ബുക്സ്, തൃശ്ശൂർ, 2001

26. ........................... ഭാരതീയത : വിവിധമാനങ്ങൾ, ജിൽസൺ ജോൺ (സമാ.), സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം 2016

27. സുനിൽ പി. ഇളയിടം, അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2011

28. Devy, G.N., Of Many Heros, Mumbai,Orient Longman,1998

**ആനുകാലികങ്ങൾ**

1. സാഹിത്യലോകം, ജനുവരി - ഫെബ്രുവരി, 1991

2. സാഹിത്യനിരൂപണം, ത്രൈമാസിക 13-16, ഫെബ്രുവരി, 1994

3. മലയാളം റിസർച്ച് ജേർണൽ 8,3, ഡിസംബർ, 2015

## ഭാഗം മൂന്ന്

# സംസ്കാരവിചാരം

# സെന്റ് തോമസും ക്രൈസ്തവപുരാവൃത്തങ്ങളും ആദിപ്രരൂപപഠനം

**ഡോ. എം. ഐ. പുന്നൂസ്**

**അസ്സോസിയറ്റ് പ്രൊഫസർ**

**മലയാളവിഭാഗം, യൂ.സി. കോളജ്, ആലുവ**

**സംഗ്രഹം**

തോമാശ്ലീഹായുടെ കേരളത്തിലെ പ്രേഷിതദൗത്യം വിവാദാസ്പദമായ ഒരു ചരിത്രവിഷയമാണ്. അതിന്റെ വസ്തുനിഷ്ഠത എന്തു തന്നെയായാലും മാർത്തോമ്മായുമായി ബന്ധപ്പെട്ട് ചരിത്രവും ഭാവനയും ഇടകലർന്ന വിശ്വാസപാരമ്പര്യങ്ങളുടെ വലിയൊരു പുരാവൃത്തസഞ്ചയം ദക്ഷിണേന്ത്യയിലാകമാനം വ്യാപിച്ചുകിടപ്പുണ്ട്. മാർഗ്ഗംകളി, പരിചമുട്ടുകളി തുടങ്ങിയ കലാവിശേഷങ്ങളിലൂടെയും വീരടിയൻപാട്ട്, റമ്പാൻപാട്ട് തുടങ്ങിയ ഗാനപാരമ്പര്യങ്ങളിലൂടെയും കേരളക്രൈസ്തവരുടെ നാട്ടറിവുപാരമ്പര്യങ്ങളിൽ മാർത്തോമ്മ വീരേതിഹാസനായകനെപ്പോലെ നിറഞ്ഞുനില്ക്കുകയാണ്. ഫോക്‌ലോറിലും നാട്ടുക്രൈസ്തവബോധ്യങ്ങളിലും മാർത്തോമ്മ വീരനായകപിതൃബിംബമെന്ന നിലയാർജ്ജിക്കുന്നതെങ്ങനെയെന്നതു സംബന്ധിച്ച പ്രരൂപാത്മകപഠനമാണ് പ്രബന്ധത്തിന്റെ ഉള്ളടക്കം.

**താക്കോൽവാക്കുകൾ**

വംശീയപഠനം-പുരാവൃത്തം-സംശ്ലേഷണം-സംയോജനം-നിരാകരണം - സമഷ്ട്യബോധം - പ്രാഗ്രൂപം - വീരനായകൻ - പിതൃബിംബം

പുരാവൃത്തങ്ങളുമായി ബന്ധപ്പെട്ട ഏതൊരു ഫോക്‌ലോർ പഠനവും വിശാലമായ അർത്ഥത്തിൽ വംശീയപഠനത്തിന്റെ (ethnography) ഭാഗമാണ്. ഒരു സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ അസ്തിത്വത്തെയും (identity) ആവിഷ്കാരത്തെയും (expressions) കുറിച്ചുള്ള അന്വേഷണമാണത്. സെന്റ് തോമസുമായി ബന്ധപ്പെട്ട് പ്രചാരത്തിലുള്ള ഐതിഹ്യപാഠങ്ങൾ കേരളചരിത്രത്തിലും ക്രൈസ്തവവംശീയപഠനത്തിലും പ്രസക്തമാകുന്നത് ഇപ്രകാരമാണ്. സ്വന്തം വേരും കൂറും കണ്ടെത്താനും നിലനിർത്താനുമുള്ള ത്വരയാണ് പുരാവൃത്തപാഠങ്ങളെ സൃഷ്ടിക്കുന്നത്. പാരമ്പര്യനിരാസങ്ങളുടെ ആഗോളവത്കരണകാലത്ത് ഇത്തരം പ്രാദേശിക, വംശീയ പഠനങ്ങൾ സവിശേഷപ്രാധാന്യം അർഹിക്കുന്നുണ്ട്. കേരളചരിത്രത്തിൽ പെരുമാൾക്കഥപോലെ മൈത്തികപരിവേഷമുള്ള മറ്റൊരാഖ്യാനമാണ് സെന്റ് തോമസ് ഇതിഹാസം. ചരിത്രസാധ്യതകളുടെ ബലിഷ്ഠമായ അടിത്തറമേൽ ഭാവനയും വിശ്വാസവും കൊണ്ട് പടുത്തുയർത്തിയ കമനീയവാങ്മയശില്പങ്ങളാണവ. വസ്തുനിഷ്ഠമായ ചരിത്രോപാദാനങ്ങളുടെ അഭാവമാണ് ഈ ഇതിഹാസത്തിന്റെ ചരിത്രപരത സങ്കീർണ്ണമാക്കുന്നത്. എ.ഡി. ആദ്യ നൂറ്റാണ്ടിലെ സെന്റ് തോമസിന്റെ ഭാരതപ്രവേശത്തെ സംബന്ധിച്ച പുരാവൃത്ത സാക്ഷ്യങ്ങളെ ചരിത്രമായും ഭാവനാസൃഷ്ടിയായും സമർത്ഥിക്കുന്ന രണ്ടു പ്രബല ചിന്താപക്ഷങ്ങൾ നിലവിലുണ്ട്.

ദേശീയരും വിദേശീയരുമായ നിരവധി ചരിത്രകാരന്മാരുടെ സവിശേഷശ്രദ്ധ പതിഞ്ഞിട്ടുള്ള ചരിത്രവിഷയമാണ് സെന്റ് തോമസിന്റെ കേരളസന്ദർശനം. സന്ദർശനചരിത്രത്തെ അനുകൂലിച്ചും പ്രതികൂലിച്ചുമുണ്ടായിട്ടുള്ള നൂറുകണക്കിന് ഗ്രന്ഥങ്ങൾ തന്നെ സെന്റ് തോമസ് ഐതിഹ്യങ്ങളുടെ ചരിത്രപ്രസക്തി വെളിപ്പെടുത്തുന്നുണ്ട്. മിൽനി റേ, പീറ്റേഴ്സ്, ഡാൽമൻ, ലാറ്റുറെറ്റ്, ഫാ. ജെയിംസ് ഹൗ, ടി.കെ. ജോസഫ്, ഡോ. എം.ജി. എസ്. നാരായണൻ, ജോൺ അറയ്ക്കൽ, എം.വി. സിറിയക്ക്, അബ്രഹാം കുത്തോട്ടിൽ തുടങ്ങിയവരൊക്കെ സെന്റ് തോമസിന്റെ കേരളസന്ദർശനചരിത്രം ഭാവനാസൃഷ്ടി മാത്രമാണെന്ന പക്ഷത്തു നിലയുറപ്പിച്ചിട്ടുള്ള ചരിത്രകാര

ന്മാരാണ്. പിൽക്കാലത്ത് മതപ്രചരണങ്ങളുടെ ഭാഗമായെത്തിയ മിഷനറിമാരാണ് ഇവിടെ ക്രിസ്തുമതം പ്രചരിപ്പിച്ചതെന്നാണ് ഇവർ കരുതുന്നത്. യുക്തിവിചാരപക്ഷത്ത് നിന്നുകൊണ്ട് സെന്റ് തോമസ് പുരാവൃത്തങ്ങളെ സവിശേഷചരിത്രവിശകലനത്തിന് വിധേയമാക്കുന്ന ഇടമറുക് ജോസഫ്, പുരാവൃത്തങ്ങളിലെ അയുക്തികാംശങ്ങൾ മുൻനിർത്തി അവയെല്ലാം കെട്ടുകഥകൾ മാത്രമാണെന്നാണ് നിരീക്ഷിക്കുന്നത്. (ഇടമറുക് ജോസഫ്, കേരള സംസ്കാരം, പുറം 633)

നേരിയ വീക്ഷണഭേദങ്ങളുണ്ടെങ്കിലും ഇവരുടെ ചരിത്രനിലപാടുകൾക്ക് പ്രധാനമായും മൂന്ന് കാരണങ്ങളാണ് ഉള്ളത്:

1. പുരാവൃത്തങ്ങളിൽ പറയുന്ന ബ്രാഹ്മണ മതംമാറ്റചരിത്രം ശരിയല്ല. ആദ്യനൂറ്റാണ്ടിൽ ഇവിടെ ബ്രാഹ്മണരുണ്ടായിരുന്നില്ല.
2. പാലയൂർ, പറവൂർ തുടങ്ങിയ ക്ഷേത്രങ്ങളും ആദ്യനൂറ്റാണ്ടുകളിലില്ല. അതുകൊണ്ടു തന്നെ ക്ഷേത്രപരിസരങ്ങളിലെ സ്നാനകഥകളും പ്രേഷിതദൗത്യവും വിശ്വസനീയമല്ല.
3. സെന്റ് തോമസ് കുരിശു നാട്ടിയതായി ഐതിഹ്യങ്ങളിൽ പറയുന്നു. ഇത് വസ്തുതാപരമായി ശരിയല്ല. നാലാം നൂറ്റാണ്ടിനു ശേഷമാണ് കുരിശ് ക്രിസ്തുമതചിഹ്നങ്ങളിലൊന്നായി മാറുന്നത്.

എന്നാൽ ഫാർക്ക്ഹർ, വേത്ത്, എൽ.ഡബ്ല്യു. ബ്രൗൺ, സി.ബി. ഫിർത്ത് തുടങ്ങിയ വിദേശചരിത്രകാരന്മാർ സാഹചര്യത്തെളിവുകളുടെ അനുമാനത്തിൽ സെന്റ് തോമസിന്റെ കേരള സന്ദർശനം ചരിത്രയാഥാർത്ഥ്യമായിരിക്കാൻ ഇടയുണ്ടെന്ന് അഭിപ്രായപ്പെടുന്നവരാണ്. മെഡ്‌ലിക്കോട്, ഗിബ്ബൺ, മിഖായൽ ഗഡ്സസ്, ഫാ. ബർണാദ്, ഇസഡ്. എം. പറേട്ട്, പ്ലാസിഡ് പൊടിപാറ, ഇ.എം.ഫിലിപ്പ്, പി.ജെ. തോമസ്, ഫാ. മത്തിയാസ് മുണ്ടാടൻ, കെ.ജെ. ജോൺ, ജെ.സി. പഞ്ഞിക്കാരൻ തുടങ്ങിയ നിരവധി ചരിത്രകാരന്മാർ സെന്റ് തോമസിന്റെ കേരളത്തിലെ പ്രേഷിതദൗത്യം ചരിത്രയാഥാർത്ഥ്യം തന്നെയാണെന്ന് സമർത്ഥിക്കുന്നവരാണ്. സ്വസമുദായത്തിന്റെ ചരിത്രപാരമ്പര്യങ്ങളോടുള്ള ആധമർണ്ണ്യവും സ്വാഭിമാനചിന്തകളും ഇവരിൽ പലരുടെയും ചരിത്രനിലപാടുകളെ സ്വാധീനിച്ചിട്ടുണ്ടെന്നത് വ്യക്തമാണ്.

സെന്റ് തോമസിന്റെ കേരളദൗത്യം ചരിത്രമെന്ന നിലയിൽ അംഗീകരിക്കാനോ തിരസ്ക്കരിക്കാനോ ഉദ്ദേശിച്ച് നടന്നിട്ടുള്ള നിരീക്ഷണങ്ങൾപോലും സവിശേഷമായ അർത്ഥത്തിൽ പുരാവൃത്തപഠനങ്ങളുടെ ഭാഗമായി മാറുന്നുവെന്നുള്ളതാണ് ഇവിടെ പ്രസക്തമായ വിഷയം. സെന്റ് തോമസ് ഇതിഹാസം ലിഖിതാസ്പദമായ ചരിത്രോപാദാനങ്ങളുടെ സഹായം കൂടാതെ കേരളക്രൈസ്തവസമൂഹം ഹൃദയത്തിലേറ്റുവാങ്ങി തലമുറകളിലൂടെ പകർന്നുവരുന്ന വാമൊഴി പുരാവൃത്തമാണ്. കണിശതയാർന്ന യുക്തിബോധത്തിന്റെ നിർദ്ധാരണങ്ങൾക്കു വഴങ്ങുന്നതല്ല പുരാവൃത്തങ്ങളുടെ അസ്തിത്വം. ഡോ.എം.വി. വിഷ്ണുനമ്പൂതിരി ഇങ്ങനെ എഴുതുന്നു: “ലോകത്തെക്കുറിച്ചുള്ള ഉത്തരം പറയലല്ല മിത്തിന്റെ പ്രവർത്തനം. യുക്തിചിന്തക്ക് അതിൽ സ്ഥാനമില്ല. പ്രാചീനസമൂഹത്തിൽ മിത്ത് അമാനുഷരുടെ പ്രവർത്തനചരിത്രമായി പ്രവർത്തിച്ചു. ജനങ്ങൾ അതിൽ വിശ്വാസം അർപ്പിച്ചുപോന്നു.” (എം.വി. വിഷ്ണുനമ്പൂതിരി, ഫോക്‌ലോർ നിഘണ്ടു, പുറം 151)

പൂരണം അസാധ്യമാക്കുന്ന ദുർഗ്രഹസമസ്യകൾ അവശേഷിപ്പിച്ചുകൊണ്ട് നിലകൊള്ളുമ്പോഴാണ് ഏതൊരു ഇതിഹാസവും പുരാവൃത്തമാനം കൈവരിക്കുന്നത്. ചരിത്രോപാദാനങ്ങളുടെ മാനകങ്ങളുപയോഗിച്ച് അതിന്റെ ചരിത്രം സ്ഥാപിക്കാനൊരുങ്ങുമ്പോഴാകട്ടെ പുരാവൃത്തങ്ങളുടെ ശക്തിസൗന്ദര്യങ്ങൾ ക്ഷയിച്ച് അതിന്റെ ആത്മാവ് നഷ്ടമാകുകയും നിർവ്വികാരമായ ചരിത്രം അസ്ഥികൂടപ്രായത്തിലവശേഷിക്കുകയുംചെയ്യും. ആശയപരമായ അവ്യക്തതകളും ഭാവനാപൂർണ്ണമായ ദുർഗ്രഹതകളും നിറഞ്ഞു നിൽക്കുകയെന്നത് പുരാവൃത്തങ്ങളുടെ മൈത്തിക (mythical) സ്വഭാവത്തിന്റെ ഭാഗമാണ്.

ചരിത്രവഴികളിലെ ദുർജ്ഞേയതകളെ പൂരിപ്പിക്കുകയെന്നത് മിത്തുകളുടെ പ്രധാന ധർമ്മങ്ങളിലൊന്നാണ്. വസ്തുനിഷ്ഠമായ തെളിവുകളുടെ അഭാവത്തിൽ ചരിത്രവഴികളിലുണ്ടാകുന്ന ശൂന്യതകളുടെയും വിടവുകളുടെയും ഇടവേളകളെ ഇരുണ്ടയുഗമെന്ന് വിശേഷിപ്പിച്ച് ചില നിഗമനങ്ങളിലെത്തുകയെന്നത് ചരിത്രപഠനത്തിന്റെ

സൗകര്യങ്ങളിലൊന്നാണ്. എന്നാൽ ഈ ശൂന്യസ്ഥലങ്ങളെ ഐതിഹ്യങ്ങളും പുരാവൃത്തങ്ങളുംകൊണ്ട് നികത്തിയെടുക്കാനുള്ള വാസനകളാണ് സമൂഹമനസ്സിനുള്ളത്. ലഭ്യമായ പുരാവസ്തുലക്ഷ്യങ്ങളുടെയോ വിശ്വസനീയമായ സ്മരണകളുടെയോ അസ്ഥികൂടത്തിന്മേൽ ഭാവനയുടെ മജ്ജയും മാംസവുംനൽകി ഭൂതകാലസ്മരണകളും ചരിത്രവും നിലനിർത്തുകയാണ് പുരാവൃത്തങ്ങൾ ചെയ്യുന്നത്.

ദക്ഷിണേന്ത്യയിലെങ്ങും വേരോട്ടമുള്ള സെന്റ് തോമസ് പുരാവൃത്തങ്ങൾ നാടോടിവിജ്ഞാനീയത്തിലും സംസ്കാരപഠനത്തിലും കൂടുതൽ പഠനസാധ്യതകളവശേഷിപ്പിച്ചുകൊണ്ട് നിത്യനൂതനമായി നിലകൊള്ളുന്ന വാങ്മയാഖ്യാനങ്ങളാണ്. ആദിമ ക്രൈസ്തവസമൂഹം വാമൊഴിത്തോറ്റങ്ങളിലൂടെ ആഘോഷിച്ചുവന്ന ഈ പുരാവൃത്തസഞ്ചയത്തിന്റെ സാംസ്കാരികപുനർവായന അവയിൽ ഒളിപ്പിക്കപ്പെട്ട പല പകർപ്പുകളെയും നിഗൂഢതകളെയും അനാവരണം ചെയ്യാനുള്ള സാധ്യതകളാണ് തുറന്നുതരുന്നത്. ദേശകാലപരിമിതികൾക്ക് അതീതമായതിനെ ദേശകാലബദ്ധമായ ഭാഷകളിൽ പ്രകാശിപ്പിക്കുകയാണ് മിത്തുകൾ ചെയ്യുന്നത്. സാംസ്കാരികസംഘർഷങ്ങളിലും സങ്കലനങ്ങളിലുമൊക്കെ മിത്തുകൾ മുഖ്യ ഉപാധികളായി മാറുകയും ചെയ്യുന്നു. സംശ്ലേഷണം(fusion) സംയോജനം(Integration) നിരാകരണം (repulsion) എന്നീ മൂന്നു ഘട്ടങ്ങളിലൂടെയാണ് പുരാവൃത്തവത്കരണപ്രക്രിയ (mythification process) പൂർത്തിയാവുന്നത്. കേരളത്തിൽ പ്രചാരത്തിലുള്ള സെന്റ് തോമസ് ഐതിഹ്യങ്ങളും പുരാവൃത്തവത്കരണ പ്രക്രിയയുടെ മേല്പറഞ്ഞ മൂന്നു ഘട്ടങ്ങളിലൂടെ കടന്നു വരുന്നുണ്ടെന്നുള്ളത് ഇവയുടെ വിശകലനത്തിൽ നിന്ന് ബോധ്യമാകും.

**സംശ്ലേഷണം-** ഭിന്നപാരമ്പര്യചിഹ്നങ്ങളുടെ സങ്കലനമാണ് സംശ്ലേഷണഘട്ടത്തിൽ നടക്കുന്നത്. കൊടുങ്ങല്ലൂരിലെത്തിയ സെന്റ് തോമസ്, രാജാവിനെ മുഖം കാണിക്കുന്നതും കേരളത്തിലെങ്ങും സുവിശേഷ പ്രചരണം നടത്തിയെന്നതുമായ ഭാഗം സംസ്കാരസംശ്ലേഷണങ്ങളുടെ ഭാഗമായികരുതാം. ആത്മീയാരാധനാസങ്കല്പങ്ങളിൽ തികച്ചും വ്യത്യസ്തമായ രണ്ടു സംസ്കാരധാരകളുടെ ഇടപെടലാണ് ഇവിടെ

നടക്കുന്നത്. നിരവധി ബ്രാഹ്മണരും ഇതരമതസ്ഥരും സെന്റ് തോമസിന്റെ മാർഗ്ഗത്തിലാകൃഷ്ടരായി എന്ന വർണ്ണന സംശ്ലേഷണ പ്രക്രിയയുടെ ഭാഗമാണ്.

**സംയോജനം** – ഭിന്നപുരാവൃത്തപ്രതീകങ്ങളുടെ സംയോജനമാണിവിടെ നടക്കുന്നത്. സെന്റ് തോമസ് പുരാവൃത്തങ്ങളുടെ വിശകലനത്തിൽ ഭിന്നപുരാവൃത്തപാരമ്പര്യങ്ങളുടെ ഏകീകരണവും സ്വാംശീകരണവും നടക്കുന്നതായി മനസ്സിലാക്കാം.

**നിരാകരണം**–ഭിന്നപുരാവൃത്തപാരമ്പര്യങ്ങൾ ഇടകലരുമ്പോഴും ചില ചിഹ്നങ്ങളെ ബോധപൂർവ്വം നിരാകരിക്കുക വഴി സ്വന്തം പുരാവൃത്തത്തിന് പ്രാമുഖ്യം കല്പിക്കുന്ന നിലപാടാണിത്

**സെന്റ് തോമസ് ഐതിഹ്യങ്ങളുടെ ആദിപ്രരൂപാത്മകനിരൂപണം**

സമൂഹചേതനയുടെ അബോധതലവുമായി (collective unconscious) ബന്ധപ്പെട്ട മനഃശാസ്ത്രസിദ്ധാന്തങ്ങൾക്ക് പുരാവൃത്തവിശകലനത്തിൽ വലിയ സ്ഥാനമാണുള്ളത്. സമഷ്ട്യബോധത്തെക്കുറിച്ചും അതിൽ അന്തർലീനമായിരിക്കുന്ന ആദിപ്രരൂപ ബിംബങ്ങളെക്കുറിച്ചും പഠനം നിർവ്വഹിച്ചവരിൽ ജെ.ജി.ഫ്രെയ്സർ, ഗിൽബർട്ട് മുറെ, ഇ.ഹാരിസൺ, ഇ.എം.ബട്ലർ, ഓട്ടോ റാങ്ക്, എറിക് ഫ്രോം, ബോദ് കിൻ, കാൾ യുങ്, നോർത്രോപ്പ് ഫ്രൈ തുടങ്ങിയവരാണ് പ്രമുഖർ. ഇതിൽ ആദിപ്രരൂപങ്ങളെ (archetypes)ക്കുറിച്ചുള്ള കാൾ ഗുസ്തവ് യുങിന്റെ (Carl Gustav Jung) പഠനങ്ങളാണ് സവിശേഷ ശ്രദ്ധ നേടിയിട്ടുള്ളത്. ആദിമകാലം മുതലുള്ള സമൂഹത്തിന്റെ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും സമഷ്ട്യബോധമനസ്സിൽ നിർലീനമായിരിക്കുമെന്നും സവിശേഷസന്ദർഭങ്ങളിൽ അത് സവിശേഷ ആവിഷ്കാരരൂപങ്ങളാർജ്ജിക്കുമെന്നുമുള്ള യുങിന്റെ സിദ്ധാന്തം പുരാവൃത്തവിശകലനത്തിൽ കൂടുതൽ ഉൾക്കാഴ്ച നല്കുന്നതാണ്. (Carl Gustav Jung, Quote, Theories of Personality, P.72) സമഷ്ട്യബോധത്തിൽ നിർലീനമായിരിക്കുന്ന ബിംബങ്ങളെയാണ് ആദിപ്രരൂപങ്ങൾ എന്ന് യുങ് വിശേഷിപ്പിക്കുന്നത്. മഹാമാതാവ്, മഹാ പിതാവ്, വീരനായകൻ, ദിവ്യശിശു തുടങ്ങിയ ബിംബങ്ങൾ സാർവ്വലൗകിക സ്വഭാവമുള്ള ആദിപ്രരൂപങ്ങളാണ്.

പ്രകൃതി പരാശക്തികളെക്കുറിച്ചുള്ള ഗോത്രസങ്കല്പങ്ങളിലും പില്ക്കാലത്ത് രൂപപ്പെട്ട പ്രവാചക, ദേവസങ്കല്പങ്ങളിലും ഈ പ്രാക് ബിംബങ്ങളുടെ രൂപഭേദങ്ങൾ മാത്രമാണ് കാണുന്നത്. രക്ഷകബിംബമായി കരുതുന്ന ദൈവസത്തയെക്കുറിച്ചുള്ള പ്രരൂപബിംബങ്ങൾ എല്ലാ സമൂഹങ്ങളിലും കാണാൻ കഴിയുമെന്ന് യുങ് നിരീക്ഷിക്കുന്നുണ്ട്. വ്യവസ്ഥാപിത മതസങ്കല്പങ്ങളിൽ നിന്ന് വേർപെട്ട് പുതിയ കാലം സൃഷ്ടിക്കുന്ന ആൾദൈവരൂപങ്ങളിലും ദൈവസത്തയുമായി ബന്ധപ്പെട്ട ആദിപ്രരൂപങ്ങളെക്കുറിച്ചുള്ള സമഷ്ട്യബോധത്തിന്റെ വാസനകളും ധർമ്മങ്ങളുമാണ് പൂർത്തീകരിക്കപ്പെടുന്നതെന്നു കാണാം. ഡോ.എം. ലീലാവതി നിരീക്ഷിക്കുന്നതുപോലെ "ആരാധിക്കാൻ ഒരു ആദിപ്രരൂപമില്ലാത്ത അവസ്ഥയോട്" ഭാരതീയ മനസ്സിന് എളുപ്പത്തിൽ പൊരുത്തപ്പെടാനാവില്ല. (ലീലാവതി.എം., ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ ഒരു പഠനം, പുറം, 38) പഴയ ആദിപ്രരൂപങ്ങളുടെ സ്ഥാനത്ത് പുതിയ അവതാരങ്ങളു ണ്ടായിക്കൊണ്ടിരിക്കുന്നത് അതുകൊണ്ടാണ്.

**സെന്റ് തോമസ്: പുരാവൃത്തങ്ങളിലെ വീരനായകപ്രരൂപം**

നരവർഗ്ഗാബോധചേതസ്സിലെ ശക്തിമത്തായ ആദിപ്രരൂപസാന്നിദ്ധ്യങ്ങളിൽ പ്രമുഖമായ സ്ഥാനമാണ് വീരനായകപ്രരൂപത്തിനുള്ളത്. അടിസ്ഥാന മനുഷ്യവാസനകളെ ഏറ്റവും ശക്തമായി സ്വാധീനിക്കുന്ന ആദിപ്രരൂപമാണിത്. ലോകവ്യാപകമായി എല്ലാ സമൂഹങ്ങളിലും വീരനായകന്മാരെക്കുറിച്ചുള്ള മിത്തുകൾ ധാരാളമുണ്ട്. വീരനായകന്റെ സാർവ്വലൗകിക പ്രതീകമായി സൂര്യൻ ഒട്ടുവളരെ പുരാവൃത്തങ്ങളിൽ നിലനില്ക്കുന്നുണ്ട്. പ്രൊമിത്യൂസ്, ഈഡിപ്പസ്, ഹെർക്കുലീസ് തുടങ്ങിയവർ ഗ്രീക്ക് പുരാവൃത്തകഥകളിലെ അനശ്വരരായ വീരനായക കഥാപാത്രങ്ങളാണ്. ദാവീദും സാംസണുമൊക്കെ ബൈബിളിലെ പഴയനിയമ ഇതിഹാസങ്ങളിലെ ജാജ്ജ്വല്യമാനമുള്ള വീരനായകന്മാരാണ്. ഭാരതീയപുരാണങ്ങളിലെ ദശാവതാരങ്ങളും മഹാഭാരത ഇതിഹാസത്തിലെ പാണ്ഡവരും ദുര്യോധനനും കർണ്ണനും അഭിമന്യുവുമൊക്കെ ഭാരതീയസമഷ്ട്യബോധത്തിലെ മഹായശസ്വികളായ വീരനായകന്മാരാണ്.

കടുത്ത ക്ലേശങ്ങളിലൂടെ സമൂഹത്തിന്റെ സ്വപ്നങ്ങൾക്കും ലക്ഷ്യസാക്ഷാത്കാരത്തിനും വേണ്ടി പ്രയത്നിക്കുകയും യത്നത്തിൽ വിജയം കണ്ടോ വീരമരണം പ്രാപിച്ചോ അമരത്വം നേടുന്നതിലൂടെയുമാണ് വീരനായകപ്രതിബിംബം പുരാവൃത്തങ്ങളിൽ അസ്തിത്വം നേടുന്നത്. സമൂഹം ആഗ്രഹിക്കുന്ന ഗുണഗണങ്ങളുള്ളവരെയാണ് മിത്തുകൾ വീരനായന്മാരാക്കുന്നത്. നിർഭയത്വം, ശക്തി, പൗരുഷം, ദീനാനുകമ്പ എന്നിവയാണ് വീരനായക കഥാപാത്രങ്ങളുടെ സാമാന്യ സവിശേഷതകൾ. സാമൂഹികസാഹചര്യങ്ങളും സന്ദർഭങ്ങളും ആവശ്യപ്പെടുന്ന ഗുണവിശേഷങ്ങളാണ് വീരനായകകഥാപാത്രങ്ങൾ പ്രകടമാക്കുന്നത്. ഇതര ആദിപ്രരൂപങ്ങളെക്കാൾ സാർവ്വലൗകിക സ്വഭാവം വീരനായക പ്രതിബിംബത്തിനുണ്ട്. ലോകത്ത് ഒരേയൊരു വീരനായകനേ ഉള്ളുവെന്നും ആ നായകപ്രരൂപത്തെ ഭിന്നമുഖങ്ങളിൽ, ഭിന്നവേഷങ്ങളിൽ വ്യത്യസ്ത കാലദേശങ്ങൾ കൊണ്ടാടുന്നത് മാത്രമേയുള്ളുവെന്ന് 'ദി ഹീറോ വിത്ത് എ തൗസന്റ് ഫേസസ്' (The hero with a thousand faces) എന്ന ഗ്രന്ഥത്തിൽ ജോസഫ് കാംപ്ബെൽ വ്യക്തമാക്കുന്നുണ്ട്. (Joseph Campbell, Quote, The Power of Myth, P.136)

വീരനായക ആർക്കിടൈപ്പിനെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ പരിശോധിച്ചതിൽ നിന്ന് സെന്റ് തോമസുമായി ബന്ധപ്പെട്ട കേരളീയപുരാവൃത്തങ്ങളിൽ പ്രാചീനക്രൈസ്തവ സമൂഹത്തിലെ വീരനായക പ്രരൂപഛായ സെന്റ് തോമസിനുണ്ടെന്ന് മനസ്സിലാക്കാം. കാംപ്ബെല്ലിന്റെ നിരീക്ഷണത്തിൽ വരുന്ന ആത്മീയവൃത്തിഗുണങ്ങൾ പ്രകടിപ്പിക്കുന്നതും ദ്വിതീയമാനവുമുള്ള വീരനായക ആദിപ്രരൂപമാണ് പുരാവൃത്തങ്ങളിലെ സെന്റ് തോമസ്. തന്റെ ഗുരുവായ യേശുവിനൊപ്പം ഒരു സന്ദിഗ്ധഘട്ടത്തിൽ മരിക്കാൻ പോലും തയ്യാറാകുന്ന സെന്റ് തോമസ് നിർഭയനും ധീരനുമായിട്ടാണ് കേരളക്രൈസ്തവസമൂഹത്തിന്റെ സമഷ്ട്യബോധത്തിൽ നിലകൊള്ളുന്നത്.

വീരനായകകഥാപാത്രങ്ങളുടെ ജീവിതധർമ്മങ്ങളും ഘടനയുമായി മാർത്തോമ്മാചരിതത്തിനും വളരെ സമാനതകളുണ്ട്. സാഹസികമായ കടൽ വഴികളിലൂടെ വന്ന് പ്രതിയോഗികളെ നിഷ്പ്രഭരാക്കി

സുവിശേഷദൗത്യം നിർവ്വഹിക്കുകയും മരണത്തിനു മുന്നിൽ പത റാതെ രക്തസാക്ഷിത്വം വരിക്കുകയും ചെയ്യുന്ന സെന്റ് തോമസിനെ നിർഭയനും ധീരനുമായ മാർഗ്ഗദർശിയും വീരനായകനുമായിട്ടാണ് പുരാവൃത്തപാഠങ്ങളൊക്കെ ഉദ്ഘോഷിക്കുന്നത്.

മിക്ക വീരനായകകഥാപാത്രങ്ങളുടെയും ജനനവും ബാല്യവും ക്ലേശപൂർണ്ണവും ദരിദ്രവുമായ സാഹചര്യങ്ങളിലായിരിക്കുമെന്ന് കാണാം. ഇല്ലായ്മകളെന്നോ പ്രതിസന്ധിയെന്നോ വിശേഷിപ്പിക്കാ വുന്ന ചുറ്റുപാടുകളിലൂടെ വളർന്ന് കരുത്ത് പ്രാപിക്കുന്നവരാണ് മിക്ക വീരനായകകഥാപാത്രങ്ങളും. ഈഡിപ്പസ്, ദാവീദ്, കർണ്ണൻ തുടങ്ങിയ വീരനായകപ്രരൂപങ്ങളുടെ സാഹചര്യങ്ങളുദാഹരണമാണ്. സെന്റ് തോമസിന്റെ ജീവിതസാഹചര്യങ്ങളും ക്ലേശപൂർണ്ണമായിരുന്നുവെന്ന ഐതിഹ്യസൂചനകളാണ് ഉള്ളത്. വലയും പടകും ഉപേക്ഷിച്ച് ഗുരു വിനെ പിൻപറ്റാൻ മാത്രമുള്ള സമ്പാദ്യമേ സെന്റ്തോമസിനുമുണ്ടാ യിരുന്നുള്ളൂ.

ശാരീരികമോ (physical), ആത്മീയമോ (spiritual) ആയ കഠിന പരിശ്രമങ്ങളിലൂടെ സാമൂഹികലക്ഷ്യങ്ങൾക്കുവേണ്ടി ഏറ്റുമുട്ടുന്ന വരാണ് വീരനായകകഥാപാത്രങ്ങൾ. സെന്റ് തോമസ് ഒരു ജനതയുടെ ആത്മീയമൂല്യങ്ങളെ ഏകോപിപ്പിച്ചെടുക്കുന്ന വീരനായകനാണ്. ആത്മീയമായി നേരിട്ട വെല്ലുവിളികളെ നിർഭയമായി നേരിട്ട് പ്രതി യോഗികൾക്കുമേൽ വിജയം നേടുന്ന നിലയിലാണ് സെന്റ് തോമസ് പുരാവൃത്തങ്ങൾ മാർത്തോമ്മായുടെ വീരനായകത്വം ആഘോഷി ക്കുന്നത്.

ക്ലേശപൂർണ്ണമായ ദൗത്യങ്ങൾക്കൊടുവിൽ അനിവാര്യമായ ദുര ന്തത്തിലൂടെ വീരമരണം വരിക്കുന്നവരാണ് മിക്ക വീരനായകപ്രരൂപ ങ്ങളും. ഇതിഹാസപുരാണങ്ങളിലെ മഹാവീരനായകന്മാരായ ക്രിസ്തു വും കൃഷ്ണനും കർണ്ണനും ഭീമനും ദുര്യോധനനും അഭിമന്യുവുമൊ ക്കെ ഇപ്രകാരം ദുരന്തവിധികൾ ഏറ്റുവാങ്ങിയവരാണ്. ഇരവിക്കുട്ടി പ്പിള്ളയും ഒതേനനും ചെങ്ങന്നൂരാതിയുമൊക്കെ ദുർവഹമായ മരണം അക്ഷോഭ്യമായി നേരിട്ട് വീരമരണം പ്രാപിച്ച ഇതിഹാസകഥാപാ ത്രങ്ങളാണ്.

വീരനായകകഥാപാത്രങ്ങൾക്ക് അലൗകികമായ ശക്തിവിശേഷങ്ങൾ ഉണ്ടായിരിക്കുമ്പോൾത്തന്നെ അവർ കൊല്ലപ്പെടുന്നത് നിസ്സാരന്മാരായവരുടെ ആക്രമണങ്ങളിലാണെന്നും കാണാം. ഈ വൈരുദ്ധ്യത്തെക്കുറിച്ച് ഡോ. എം. ലീലാവതി ഇങ്ങനെ പ്രതിപാദിക്കുന്നു: "വീരനായകൻ പലപ്പോഴും നിസ്സാരന്മാരാൽ സംഹരിക്കപ്പെടുന്നു. വിശ്വരൂപൻ ഒരു വേടന്റെ അമ്പ് കാലിൽ കൊണ്ട് സ്വർഗ്ഗാരോഹണം ചെയ്യുന്നു. പാശ്ചാത്യ പുരാവൃത്തങ്ങളിലെ പല വീരനായകന്മാരുടെ കഥകളിലും ഈ വൈരുദ്ധ്യം പ്രസക്തമാണ്." (എം. ലീലാവതി, ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ ഒരു പഠനം, പുറം, 173). സെന്റ് തോമസ് ഐതിഹ്യങ്ങളിലെ മാർത്തോമ്മായുടെ രക്തസാക്ഷിത്വം വീരനായകപ്രരൂപത്തിനിണങ്ങും വിധം തന്നെയാണ് നടക്കുന്നതെന്നു കാണാം. നിരവധി അത്ഭുത പ്രവൃത്തികൾ കാണിച്ച് അലൗകികശക്തിവിശേഷം പ്രകടിപ്പിച്ച വീരനായകനാണ് സെന്റ് തോമസ്. ദക്ഷിണേന്ത്യൻ പുരാവൃത്തപാഠങ്ങളനുസരിച്ച് വേടന്റെ അമ്പേറ്റോ വിദ്വേഷിയുടെ കുന്തംകൊണ്ടുള്ള കുത്തേറ്റോ ആണ് അദ്ദേഹം മരിക്കുന്നത്. അനിവാര്യമായ ജീവത്യാഗം സ്വയമേറ്റെടുക്കാൻ സന്നദ്ധരായ ഇതര ഇതിഹാസവീരനായകന്മാരുടെ അതേ ഘടനാക്രമം തന്നെയാണ് സെന്റ് തോമസ് പുരാവൃത്തങ്ങളിലും കാണുന്നത്.

വീരനായക ആദിപ്രരൂപങ്ങളുടെ ഗതിക്രമങ്ങൾ വേർപിരിയൽ (separation), ഉപക്രമം (initiation), മടക്കം (return) എന്നീ മൂന്ന് ഘട്ടങ്ങളിലൂടെയാണ് പൂർത്തീകരിക്കപ്പെടുന്നതെന്ന കാംപ്ബെല്ലിന്റെ നിരീക്ഷണവും സെന്റ് തോമസ് എന്ന വീരനായകപ്രരൂപത്തിന് ഇണങ്ങുന്നുണ്ട്. പഴയനിയമ ഇതിഹാസത്തിലെ മോശ എന്ന വീരനായകപ്രരൂപത്തിന്റെ ഗതിക്രമങ്ങളെ സെന്റ് തോമസ് പുരാവൃത്തവുമായി ബന്ധിപ്പിച്ച് ചിന്തിക്കുന്നതിലൂടെ ഇത് വ്യക്തമാകും. മോശയും തോമസും ദൈവഹിതപ്രകാരം വളരെ ദുഷ്കരമായ ദൗത്യം ഏറ്റെടുത്ത് ഇറങ്ങിപ്പുറപ്പെടുന്നവരാണ്. താൻ വിക്കനാണെന്നും മറ്റും പറഞ്ഞ് മിസ്രയീമിലേക്ക് തന്നെ അയയ്ക്കരുതെന്ന് മോശ യാചിക്കുന്നു. സെന്റ് തോമസും അതുപോലെ ഇന്ത്യയിൽ സുവിശേഷ

ദൗത്യം നിർവ്വഹിക്കാനുള്ള വൈമനസ്യം പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ ദൈവം ഇരുവരെയും ധൈര്യപ്പെടുത്തി ദൗത്യമേറ്റെടുക്കാൻ അയയ്ക്കുകയാണ്. അതനുസരിച്ച് രണ്ടുപേരും തങ്ങളുടെ ബലഹീനതകൾ മറന്ന് ദുഷ്കരദൗത്യം ഏറ്റെടുക്കാൻ അന്യരാജ്യത്തേക്ക് ഒറ്റയ്ക്ക് പുറപ്പെടുന്നു (separation). രണ്ടു നായകപ്രരൂപങ്ങളും പ്രതിയോഗികളുടെ മുറുമുറുപ്പുകളെയും വിദ്വേഷത്തെയും അത്ഭുതങ്ങൾ പ്രവർത്തിച്ച് നിർവീര്യമാക്കുകയും തങ്ങളുടെ ശക്തിബോധ്യപ്പെടുത്തി ദൗത്യം നിർവ്വഹിക്കുകയും ചെയ്യുന്നു (initiation). യിസ്രയേൽ ജനതയെ കനാൻ ദേശത്തേക്ക് മടക്കികൊണ്ടു വരുമ്പോൾ മോശയും കേരളത്തിൽ സുവിശേഷദൗത്യം നടത്തി സഭ സ്ഥാപിച്ച് മൈലാപ്പൂരിലേക്ക് മടങ്ങുമ്പോൾ സെന്റ് തോമസും മടക്കം (return) എന്ന ധർമ്മവൃത്തിയാണ് വീരോചിതമായ നിലയിൽ പൂർത്തിയാക്കുന്നത്. ഇങ്ങനെ ഏതു നിലകളിൽ നോക്കിയാലും വീരനായകപരിവേഷത്തോടെ കേരളീയപുരാവൃത്തങ്ങളിൽ നിറഞ്ഞുനില്ക്കുന്ന വീരനായക ആദിപ്രരൂപമാണ് സെന്റ് തോമസ് എന്നു പറയാം.

## സെന്റ് തോമസ് : പുരാവൃത്തങ്ങളിലെ പിതൃബിംബസങ്കല്പം

നരവർഗ്ഗാബോധത്തിൽ പതിഞ്ഞുകിടക്കുന്ന ഭിന്നപ്രരൂപങ്ങളുടെ സമന്വയസ്വഭാവം പ്രകടമാക്കുന്ന നിരവധി ഇതിഹാസനായകന്മാരുണ്ട്. ഒരേ കഥാപാത്രത്തിൽ കാലാനുസൃതമായ ഭാവമാറ്റംകൊണ്ട് വ്യത്യസ്തമായ പ്രരൂപസ്ഥാപനം സംഭവിക്കുന്ന പുരാവൃത്തസന്ദർഭങ്ങളുമുണ്ട്. ഉദാഹരണത്തിന് നരവർഗ്ഗാബോധചേതസ്സിലെ 'ദിവ്യശിശു' പ്രരൂപങ്ങളുടെ ലോകോത്തരമായ നിദർശനങ്ങളാണ് ഉണ്ണികൃഷ്ണനും ഉണ്ണിയേശുവും. ഈ ദിവ്യശിശുപ്രരൂപങ്ങൾ കാലാനുസൃതമായ ഭാവപരിണിതികളിൽ രക്ഷകബിംബസ്വഭാവമുള്ള ശ്രീകൃഷ്ണനും യേശുക്രിസ്തുവു മായി മാറുന്നത് കാണാൻ കഴിയും. സെന്റ് തോമസ് എന്ന വീരനായക ആദിപ്രരൂപത്തിൽ മഹാപിതാവ് എന്ന ആദിപ്രരൂപത്തിന്റെ സമന്വയം ഇതുപോലെ നടക്കുന്നുവെന്ന് കാണാം.

ആദിപ്രരൂപവർഗ്ഗീകരണത്തിൽ മഹാപിതാവ് എന്ന ആദിപ്രരൂപത്തെയാണ് മാർത്തോമ്മാപുരാവൃത്തങ്ങളിൽ സെന്റ് തോമസ്

പ്രതിനിധീകരിക്കുന്നത്. അനാദികാലം മുതലുള്ള നരവർഗ്ഗാബോധ ചേതസ്സിലെ ശക്തിമത്തായ പ്രരൂപമാണ് പിതൃബിംബം. ഗോത്രവ്യവ സ്ഥകളിൽ മൂപ്പൻ എന്ന പദവിയിൽ ഈ ആർക്കിടൈപ്പ് സ്വഭാവം കാണാം. ഒരു ഗോത്രമൂപ്പനുശേഷം അയാളുടെ മൂത്തമകനോ അന ന്തരവന്മാരിൽ മൂത്തയാളോ ഗോത്രമൂപ്പനാകുന്ന പതിവാണ് ഇന്നും പല ഗോത്രസമൂഹങ്ങളിലും നിലനില്ക്കുന്നത്. അപൂർവ്വം ചില സന്ദർഭങ്ങളിൽ പ്രായപൂർത്തിയാകാത്ത ആൺകുട്ടികൾ പോലും മൂപ്പൻ സ്ഥാനം ഏറ്റെടുക്കാറുണ്ട്. അപ്പോൾപ്പോലും പ്രായഭേദം കണക്കിലെ ടുക്കാതെ ഗോത്രസമൂഹം മുഴുവൻ അയാളെ ഗോത്രപിതൃസ്ഥാനത്ത് അംഗീകരിക്കുന്നത് കാണാം. പിതൃസത്തയോടുള്ള സമഷ്ട്യബോ ധത്തിന്റെ ആരാധനയും വിധേയത്വവുമാണ് ഇവിടെ പ്രകടമാകുന്നത്. ഗോത്ര വാഴ്ചാവ്യവസ്ഥകളിൽ നിന്ന് നാടുവാഴിത്ത, ജനാധിപത്യ വ്യവസ്ഥകളിലേക്ക് സമൂഹം മാറിയപ്പോഴും പിതൃബിംബപ്രരൂപത്തോ ടുള്ള കാഴ്ചപ്പാടിൽ കാര്യമായ മാറ്റമുണ്ടായില്ല. തറവാട്ടുകാരണവരു കളരിഗുരുക്കളും അരയമൂപ്പനും വെളിച്ചപ്പാടും എഴുത്തച്ഛനും കളിയ ച്ഛനുമൊക്കെ സമഷ്ട്യബോധം നിലനിർത്തുന്ന പിതൃസത്താപ്രരൂപ ങ്ങളാണെന്നു കാണാം. ജന്യജനകബന്ധമോ മൂപ്പുമുറകളോ മാത്രമ ല്ലിവിടെ പിതൃബിംബപ്രരൂപത്തിന്റെ സത്ത നിർണ്ണയിക്കുന്നതെന്നു സാരം.

വിദേശിയായ ചരിത്രപുരുഷനെന്ന നിലയിലല്ല, മാർഗ്ഗദർശിയായ ആത്മീയപിതാവെന്ന നിലയിലാണ് കേരളക്രൈസ്തവ സമൂഹത്തിന്റെ സമഷ്ട്യബോധങ്ങളിൽ സെന്റ് തോമസ് നിറഞ്ഞുനില്ക്കുന്നതെന്നാണ് പാട്ടുവഴക്കങ്ങളുടെ വിശകലനം വ്യക്തമാക്കുന്നത്. ഉദാഹരണത്തിന്, മാർഗ്ഗംകളിപ്പാട്ടിലെ വന്ദനശ്ലോകത്തിൽ മധ്യനൂറ്റാണ്ടുകളിൽ ക്രൈ സ്തവ സമൂഹം നേരിട്ടിരുന്ന ദുരിതാനുഭവങ്ങളെക്കുറിച്ചുള്ള സൂചന കൾ കണാം.

“വാഴ്ക വാഴ്ക നമ്മുടെ പരിഷയെല്ലാം ഭൂമിമേൽ
വഴികൂറായി നടക്കവേണ്ടി വന്തവരോ നാമെല്ലാം

അഴിവുകാലം വന്തടുത്തു അലയുന്ന നിൻമക്കളെ
അഴിയായ് വണ്ണം കാത്തരുൾവാൻ കഴിവു പേശുക മാർത്തോമാൻ"

(എം.ഐ. പുന്നൂസ്, ക്രിസ്തീയവാമൊഴി ഗാനങ്ങൾ, പുറം 97)

നാശകാലത്തിലൂടെ കടന്ന് പോകുന്ന തങ്ങളെ കാത്തുരക്ഷിക്കണ മേയെന്ന് മാർത്തോമായോട് നടത്തുന്ന ഈ പ്രാർത്ഥനയിൽ സെന്റ് തോമസിനെ രക്ഷകനായ പിതൃബിംബസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നത് കാണാം.

ക്രൈസ്തവ മതദർശനത്തിലെ കാതലായ ബന്ധവ്യവസ്ഥയാണ് പിതൃപുത്രബന്ധം. പിതാവ് ദൈവത്തെയും പുത്രൻ ക്രിസ്തുവിനെ യുമാണ് ഇവിടെ പ്രതിനിധീകരിക്കുന്നത്. "നിങ്ങൾക്ക് പിതാവ് ഒരാളേയുള്ളൂ. ഭൂമിയിൽ മറ്റൊരാളെയും പിതാവെന്നു വിളിക്കരുതെന്ന" ബൈബിൾ ഉദ്ബോധനത്തിൽ തന്നെ പിതൃപുത്രഘടനാക്രമത്തെ ക്കുറിച്ചുള്ള ക്രൈസ്തവവീക്ഷണം വ്യക്തമാകുന്നുണ്ട്. (വേദപു സ്തകം, യോഹന്നാൻ: 14)

ആടുകളും ആട്ടിടയനും, മുടിയനായ പുത്രന്റെ കഥ, മുന്തിരി വള്ളിയും തോട്ടക്കാരനും തുടങ്ങിയ നിരവധി ബൈബിൾ ഉപമാക ല്പനകളിൽ പിതൃപ്രരൂപത്തിന്റെ ഭാവച്ഛായകൾ കാണാൻ കഴിയും. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന് ആരംഭിക്കുന്ന കർത്തൃപ്രാർത്ഥനയും പിതൃഭാവങ്ങളോടുള്ള ക്രൈസ്തവസമൂഹാബോധമനസ്സിന്റെ തീവ്ര ബന്ധം വ്യഞ്ജിപ്പിക്കുന്നുണ്ട്. ലോകക്രൈസ്തവസഭയുടെ അദ്ധ്യക്ഷ സ്ഥാനത്തുള്ള മാർപ്പാപ്പയെ ആത്മീയ പിതൃബിംബസ്ഥാനത്താണ് ക്രൈസ്തവസമൂഹം കാണുന്നത്. മറ്റൊരു സഭാമേലദ്ധ്യക്ഷനായ പാത്രിയർക്കീസ്സിന്റെ കാര്യത്തിൽ പേരിൽത്തന്നെ 'പാട്രിയാർക്കൽ' സ്വഭാവം പ്രകടമാണ്. മൺമറഞ്ഞുപോയ സഭാമേലദ്ധ്യക്ഷന്മാരെ യൊക്കെ സഭാപിതാക്കന്മാരെന്നാണ് ക്രൈസ്തവസമൂഹം അഭിസം ബോധന ചെയ്യാറുള്ളത്. പിതൃബിംബപ്രാക്‌രൂപത്തോട് ക്രൈസ്തവ സമൂഹാബോധത്തിനുള്ള അഭിനിവേശമാണ് ഇതെല്ലാം വ്യക്തമാക്കു ന്നത്. പിതൃദായവ്യവസ്ഥകളോടും പിതൃബിംബപ്രരൂപത്തോടുമുള്ള ഇത്തരം ആത്മീയവീക്ഷണമാണ് സെന്റ് തോമസിന് പിതൃ ബിംബ പ്രതിച്ഛായ നല്കുന്നത്.

വീരനായകനെന്ന ആദിപ്രരൂപത്തിന് മൂന്ന് മുഖങ്ങളുള്ളതായി ഡോ. എം. ലീലാവതി എഴുതുന്നുണ്ട്.(എം. ലീലാവതി, ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ ഒരു പഠനം, പുറം 128)

1. ബഹിർമുഖമായ ഇച്ഛാശക്തികൊണ്ട് നവലോകം രചിക്കു ന്നവർ.
2. അന്തർമുഖമായ ഇച്ഛാജ്ഞാനശക്തികൾ കൊണ്ട് നവമൂല്യ സംസ്ഥാപനം സാധിക്കുന്നവർ
3. ആത്മകേന്ദ്രോന്മുഖമായ ഇച്ഛാജ്ഞാനക്രിയാശക്തികൾ കൊണ്ട് വ്യവസ്ഥാപനം സാധിക്കുന്നവർ.

ഈ അഭിവീക്ഷണമനുസരിച്ച് വിശകലനം ചെയ്യുമ്പോൾ ആത്മീയപ്രചോദിതമായ ഇച്ഛാജ്ഞാനശേഷികൊണ്ട് മഹാപിതൃസത്തയും വീരനായകബിംബവും സമന്വയിച്ചു നില്ക്കുന്ന ഇതിഹാസപുരുഷനാണ് ക്രൈസ്തവപുരാവൃത്തങ്ങളിലെ സെന്റ് തോമസ് എന്ന് വിലയിരുത്താനാവും.

**ഗ്രന്ഥസൂചി**


1. ഇടമറുക് ജോസഫ്, കേരളസംസ്കാരം, വിദ്യാർത്ഥിമിത്രം, കോട്ടയം,1987
2. വിഷ്ണുനമ്പൂതിരി, എം.വി., ഫോക്‌ലോർ നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989
3. Carl Gustav Jung, Quote, Theories of Personality, Ed.Richard M.Ryckman, Brooks Publishing Company, California, 1992.
4. ലീലാവതി, എം., ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ ഒരു പഠനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998.
5. Joseph Campbell, Quote, Ed. Betty Sueflowers,Apostrophies Production, USA, 1988
6. പുന്നൂസ്, എം. ഐ., ക്രിസ്തീയവാമൊഴിഗാനങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2017

# ഓർമ്മയിൽ കാടിന്റെ പച്ചയും പാട്ടും: മുതുവാൻ ഗോത്രചരിത്രവും സംസ്കാരവും അധിനിവേശാനന്തരപാഠങ്ങൾ

**ഡോ. കെ. പി. ജയകുമാർ**

**അസിസ്റ്റന്റ് പ്രൊഫസർ**

**എൻ. എസ്. എസ്. കോളേജ്, ചേർത്തല**

**സംഗ്രഹം**

ബ്രിട്ടീഷ് കാർഷിക അധിനിവേശം ഹൈറേഞ്ചിലെ വന-ഗോത്ര സംസ്കൃതിയെ മാറ്റിമറിച്ചതെങ്ങനെയെന്നാണ് ഈ ലേഖനം പരിശോധിക്കുന്നത്. കേരളത്തിലെ പ്രമുഖ വനവാസി ഗോത്രമാണ് മുതുവാൻമാർ. ഇടുക്കി ജില്ലയിലെ ഹൈറേഞ്ച് മേഖലകലിൽ അധിവസിക്കുന്ന മുതുവാൻ ഗോത്രത്തിന്റെ ചരിത്രവും സംസ്കാരവും ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നു. ബ്രിട്ടീഷ് കാർഷിക അധിനിവേശം വനഭൂമിയെ മാറ്റിമറിച്ചതിന്റെയും മുതുവാ ഗോത്ര അധിവാസമേഖലകളെ ഇല്ലാതാക്കിയതിന്റെയും ഗോത്രസംസ്കാരത്തെ ശിഥിലമാക്കിയതിന്റെയും ചരിത്രവും ഈ പ്രബന്ധം പരിശോധിക്കുന്നു.

**താക്കോൽവാക്കുകൾ**

ഹൈറേഞ്ച്-മുതുവാൻ-ഗോത്രം-അധിനിവേശം-കാർഷിക അധിനിവേശം-കോളനി-ആഭ്യന്തര കോളനി-വാമൊഴി-വരമൊഴി

*“കാടിന്ന് ഞാനെന്തുപേരിടും*
*കാട്ടിലെക്കൂട്ടുകാർക്കെന്തു ഞാൻ പേരിടും...”*
*-ഡി വിനയചന്ദ്രൻ, കാട്*

ഹൈറേഞ്ചിലെ ആദിമഗോത്രങ്ങളിൽ ഒന്നാണ് മുതുവാൻ. (മലയാളത്തിൽ മുതുവാൻ എന്നും തമിഴിൽ മുതവാർ, മുതുവനാൽ എന്നീപേരുകളിലും ഇവർ അറിയപ്പെടുന്നു.) സഹ്യഗിരികളിലെ കൊടുംകാടിനുള്ളിൽ വേട്ടയാടിയും കുടിവെച്ചും കന്നുകാലികളെ പോറ്റിയും അവർ പുലർന്നു. ജീവിതാനുഭവത്തിന്റെ അടിസ്ഥാനത്തിർ രൂപപ്പെട്ടതും സാഹചര്യങ്ങൾക്കനുസരിച്ച് മാറുന്നതുമായ അയഞ്ഞ സാമൂഹ്യജീവിതക്രമമായിരുന്നു ഗോത്രങ്ങളുടേത്. ഭരണകൂടരഹിതവും സ്വയം പൂർണവുമായ ആവാസവ്യവസ്ഥ. ദേശം വനസ്ഥലമായതിനാലും കൃഷിക്കും ജീവിതായോധനത്തിനുമായി അത് നിരന്തരം മാറിക്കൊണ്ടിരുക്കുന്നതിനാലും ഗോത്രഭൂമിക്ക് അതിർത്തി സങ്കൽപങ്ങൾ ഉണ്ടായിരുന്നില്ല. മുതുവാൻമാരുടെ കാര്യത്തിലും അതുതന്നെയായിരുന്നു സ്ഥിതി. ഹൈറേഞ്ചിലെ വിപുലമായ വനഭൂമിയായിരുന്നു അവരുടെ ആവാസസ്ഥലം. പിൽക്കാലത്ത് വിവിധ രാജവാഴ്ചകൾ ഈ വനപ്രദേശത്തെ അവരുടെ സാമ്രാജ്യത്തിനുള്ളിൽ സങ്കൽപിക്കുന്നുണ്ട്. മുതുവാൻ ഉൾപ്പെടെയുള്ള ഗിരിവർഗമനുഷ്യരെ പ്രജകളായി സങ്കൽപ്പിക്കുന്നുമുണ്ട്.

മധുരയിൽ യുദ്ധമുണ്ടായെന്നും ആ യുദ്ധത്തിൽ തോറ്റുപോയ പാണ്ഡ്യരാജാവ് പലായനം ചെയ്തെന്നും യാത്രാമധ്യേ തളർന്നുപോയ രാജാവിനെ മുതുകിൽ ചുമന്നുകൊണ്ടുപോയ വിശ്വസ്തരുടെ പിൻഗാമികളാണ് മുതുവാൻമാരെന്നും വിശ്വാസമുണ്ട്. പാണ്ഡ്യരാജാവിന്റെ തോൽവിയെ തുടർന്നുണ്ടായ രാഷ്ട്രീയ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ വിശ്വസ്തരായിരുന്ന മുതുവാൻമാർക്ക് അവിടെ നിൽക്കാൻ കഴിയാതെവന്നു. അതോടെ അവർ കൂട്ടമായി കൊടൈക്കാനൽ മലനിരകളിലൂടെ ആനമുടി താഴ്വരയിലെ ഉൾവനങ്ങളിലേക്ക് പലായനം ചെയ്തു. അവരാണ് മുതുവാഗോത്രത്തിന്റെ പൂർവികരെന്നും കഥകളുണ്ട്. രാജാവിനെ മുതുകിൽ ചുമന്ന് കൊണ്ടുപോയവർ എന്ന അർത്ഥത്തിലാണത്രെ മുതുവാൻ എന്ന പേര് ലഭിച്ചത്.

പൂഞ്ഞാർ(രാജ)കുടുംബവുമായി ബന്ധപ്പെട്ടതാണ് മറ്റൊരു കഥ. പൂഞ്ഞാർ രാജാവിനൊപ്പം വരുകയും ആനമലയുടെ താഴ്വരകളിൽ വനഭൂമിയിൽ കുടിവെച്ച് രാജാവിന്റെ ആശ്രിതരായി കഴിയുകയും ചെയ്തുവെത്രെ. സ്ഥലപരമായി ചിന്തിക്കുമ്പോൾ പൂഞ്ഞാർ ബന്ധം പിന്നീട് വന്നുകൂടിയതാവാനാണ് സാധ്യത. കാരണം, പൂഞ്ഞാർ രാജവംശചരിത്രത്തിൽ തമിഴകത്തുനിന്നുള്ള അവരുടെ സഞ്ചാര മാർഗം കമ്പം - ഗൂഡല്ലൂർ - കുമളി - വണ്ടിപ്പെരിയാർവഴിയാണ്. മുതുവാൻ ഗോത്ര ആവാസ കേന്ദ്രം മറയൂർ, മൂന്നാർ ദേവികുളം താഴ്വരകളിലും. രണ്ട് പ്രദേശങ്ങളും തമ്മിൽ ഭൂമിശാസ്ത്ര പരമായി വലിയ അന്തരമുണ്ട്. തെക്കുംകൂർ രാജാവിന്റെ കൈവശമുണ്ടായിരുന്ന സ്ഥലം വിലയ്ക്കുവാങ്ങി പൂഞ്ഞാറിൽ താമസമുറപ്പിക്കുന്ന പൂഞ്ഞാർ കുടുംബം പിന്നീട് കൊല്ലവർഷം 427ൽ അഞ്ചുനാട് കണ്ണൻദേവൻ മലകൾ വടക്കുംകൂറിൽനിന്നും വിലയ്ക്കുവാങ്ങി. അഞ്ചുനാട് കണ്ണൻ ദേവൻ മലകളിൽ അധിവസിച്ചിരുന്ന മുതുവാഗോത്രവുമായി പൂഞ്ഞാർ കുടുംബം ബന്ധം ആരംഭിക്കുന്നത് അതിന് ശേഷമാവണം. അങ്ങനെയെങ്കിൽ, കഥയുമായി വിദൂരവിദൂരബന്ധം മാത്രമാണ് പൂഞ്ഞാറിനുള്ളത്.

ഓരോന്നും വ്യത്യസ്തമായ കാലങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്ന കഥകളാണ്. അതത് കാലത്തെ വിശ്വാസങ്ങളും സാംസ്കാരിക - രാഷ്ട്രീയാവസ്ഥകളും കഥകളെ സ്വാധീനിച്ചിരിക്കാം. ഓരോ കഥകളുമായി ബന്ധപ്പെടുത്തി വിശ്വാസത്തിന്റെയും ജീവിത, സാദാചാരവഴക്കങ്ങളുടെയും രാഷ്ട്രീയ അധികാരത്തിന്റെയും അടരുകൾ കണ്ടെത്താൻ കഴിയും. എന്നാൽ, അവയൊന്നും ചരിത്രമായി വായിക്കാനാവില്ല. അഥവാ അത്തരം യുക്തിഭദ്രമാക്കലിന് വഴങ്ങുന്നതല്ല വാമൊഴികൾ. രാജവംശങ്ങളുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങൾ അധികാരവ്യാപനവുമായി ബന്ധപ്പെട്ടാണ് പ്രാമുഖ്യം നേടുന്നത്. മുതുവാൻമാർ ഹൈറേഞ്ചിലേയ്ക്ക് എത്തിയെന്നുവിശ്വസിക്കുന്ന പലായനകഥയ്ക്ക് കാലങ്ങളിലൂടെ വന്ന കൂട്ടിച്ചേർക്കലുകളാണ് പാണ്ഡ്യ - പൂഞ്ഞാർ രാജകുടുംബങ്ങളുമായുള്ള ബന്ധം.

കിഴക്കൻ മലയോര പ്രദേശങ്ങളുടെ അധിപരായിരുന്ന മുതുവാൻ ഉൾപ്പെടെയുള്ള ഗിരിവർഗമനുഷ്യർ പ്രാക്തനകാലം തുടങ്ങി തങ്ങ ളുടെ ആശ്രിതരും പ്രജകളുമായിരുന്നുവെന്ന് സ്ഥാപിച്ചെടുക്കേണ്ട ആവശ്യം അതത് ഭരണകൂടങ്ങൾക്ക് ഉണ്ടായതിന്റെ ഫലമാവാം 'മുതു വാൻമാർ താന്താങ്ങളുടെ ആശ്രിതരായിരുന്നുവെന്ന' വ്യത്യസ്തമായ കഥകൾ രാജകഥകളിൽത്തന്നെ പ്രചരിക്കുന്നത്. ഹൈറേഞ്ചിലെ ഒന്നിലധികം ഗോത്രങ്ങളിൽ ഒരേ രാജവംശവുമായി ബന്ധപ്പെട്ട ഇത്തരം ഉൽപത്തി കഥകളുണ്ട്. എന്നാൽ, ഈ കഥകൾക്കൊന്നും സ്ഥലകാല നിബദ്ധമായ സാംഗത്യമില്ല. സാമൂഹികപരിണാമവുമായി ബന്ധപ്പെട്ട് ഈ കഥകൾക്ക് അർത്ഥമാനങ്ങളുണ്ട്. ഒരോ മൊഴിയട യാളവും പലതിലേക്കുള്ള ദിശാസൂചകങ്ങളാണ്. സാംസ്കാരിക മായി മുന്നിട്ടുനിന്ന ഗിരിവർഗമനുഷ്യരുമായി സമതല-നാടുവാഴി സമൂഹം ആഗ്രഹിച്ചിരുന്നതോ - പുലർത്തിയിരുന്നതോ ആയ 'ബാന്ധ വമാണ്' ഈ വാമൊഴികളിലുള്ളത്. ഈ സാഹചര്യം തിരിച്ചും നിലനിൽക്കുന്നു. നിലനിന്ന അധികാരസ്ഥാപനങ്ങളുമായി തങ്ങൾക്ക് ഓരോ കാലത്തും ബന്ധമുണ്ടായിരുന്നുവെന്ന അവകാശവാദവും അതിനെ സാധൂക രിക്കുന്ന ന്യായവാദങ്ങളും വാമൊഴികളായി ഗോത്രസമൂഹങ്ങളിൽ പ്രചാരം നേടിയതുമാവാം. സമൂഹമെന്ന നിലയിലുള്ള ഗിരിവർഗമനു ഷ്യരുടെ ഇടങ്ങളും പുറംലോകവുമായുള്ള ഇടപാടുകളും പുറംലോ കത്തിന്റെ ഇടപെടലുകളും ഈ കഥാഘടനയിൽ അന്തർലീനമാണ്.

മുതുവാൻമാരുടെ ഉൽപത്തി ചരിത്രത്തിൽ മാത്രമല്ല, ഹൈറേ ഞ്ചിലെ ആദിമ നിവാസികളുടെ പലായനസ്മൃതികളിലെല്ലാം കത്തി യെരിയുന്ന നഗരംവിട്ട് ഓടിപ്പോന്നതിന്റെയോ (പോയതിന്റെയോ) യുദ്ധാനന്തരം പലായനം ചെയ്തതിന്റെയോ സ്മൃതികളുണ്ട്. ഊരുക ളുടെ രൂപീകരണവും ഊരു മൂപ്പൻമാരുടെ ആധിപത്യവും വിഭവങ്ങൾ ക്കായി ഊരുകൾ പരസ്പരം നടത്തിയ യുദ്ധവും കൊള്ളയും പരാജ യപ്പെട്ട ഊരുകൾ തീയിട്ട് നശിപ്പിക്കുന്നതും തെന്നിന്ത്യൻ മനുഷ്യാ ധിവാസചരിത്രത്തിലെ സുപ്രധാന സംഭവങ്ങളാണ്. മധുരയിലുണ്ടായ യുദ്ധവും പാണ്ഡ്യരാജാവിന്റെ പരാജയവും പലായനവും അതിനൊപ്പം മലകയറിയതിന്റെ പുരാവൃത്തവും ഈ ഗോത്രസ്മൃതികളുടെ തുടർ

ച്ചയാവാം. പാണ്ഡ്യരാജാവിനെ മുതുകിൽ ഏറ്റിയതാണ് 'മുതുവാൻ' എന്ന ഗോത്രനാമത്തിനാധാരം എന്ന വിശ്വസമാണ് ഈ കഥയെ ചരിത്രവുമായി ബന്ധിപ്പിക്കുന്നത്. മുതുകിൽ തുണികൊണ്ടുള്ള മാറാപ്പ് കെട്ടി അതിൽ ആയുധങ്ങളും മുറുക്കാനും കൊണ്ടുനടക്കുന്നവരാണ് മുതുവാൻമാർ. ആണും പെണ്ണും മുതുകിൽ മാറാപ്പ് കെട്ടി കുട്ടികളെ അതിൽ എടുത്തുനടക്കുന്ന പതിവുണ്ട്. ഇതിൽ നിന്നാണ് ഗോത്രനാമം ഉണ്ടായതെന്നും പറയപ്പെടുന്നു. അസ്ഥിരമായൊരു സമുദായഘടന യായിരുന്നു മുതുവാഗോത്രത്തിന്റേത്. പുനംകൃഷിയും നിരന്തരം മാറിക്കൊണ്ടിരിക്കുന്ന കുടികളും ഉൾപ്പെടുന്ന സഞ്ചാരസംസ്കാര ത്തിന്റെ ഭാഗമാവാം ഈ മാറാപ്പ്. എപ്പോഴും യാത്രയ്ക്ക് സന്നദ്ധമായ അവസ്ഥ. വിഭവദാരിദ്ര്യവും യുദ്ധവും അനിശ്ചിതമാക്കിയ ഊരുക ളിൽനിന്ന് ഓടിപ്പോന്നവരാകാം എന്ന നിഗമനത്തെ സാധൂകരിക്കുന്ന ഒരു വാമൊഴിയുണ്ട് ഹൈറേഞ്ചിലെ ഗോത്രങ്ങൾക്കിടയിൽ. മുതു വാൻമാർ പരസ്പരവും മറ്റ് ആദിവാസി വിഭാഗങ്ങൾ തമ്മിൽ തമ്മിലും ചിലനേരങ്ങളിൽ പരിഹാസരൂപത്തിലും പറയുന്ന ഒരു ചൊല്ലുണ്ട്. 'നീ തേനുക്കും മാനുക്കും വന്നോനല്ലേടാ...' എന്ന്. തേനും മാനും തേടി കാട്ടിലെത്തിയവരുടെ പിൻമുറക്കാരാണ് എന്നാണ് ഇതിനർത്ഥം. ഭക്ഷണം തേടി വന്നവർ എന്നർത്ഥം.

വാമൊഴികൾ ചരിത്രത്തിലേക്ക് തുറക്കുന്ന ഏകജാലകമല്ല. ഒരു പുരാവൃത്തത്തിന് തന്നെ നിരവധി അടരുകൾ ഉണ്ടാവും, കാലക്ര മത്തിൽ ഉണ്ടായി വരുകയും ചെയ്യും. മുതുകിലെ മാറാപ്പിനെപ്പറ്റി മുതു വാൻമാർക്കിടയിലുള്ള മറ്റൊരു പുരാവൃത്തം ഇതാണ്. ഒരിക്കൽ കൈക്കുഞ്ഞിനെ താഴെ കിടത്തിയിട്ട് അമ്മ എന്തോ ജോലികളിൽ മുഴുകിപോലും. പിന്നീട് വന്നുനോക്കുമ്പോൾ കുഞ്ഞിനെ കാണാനില്ല. ഒരു പുലി വന്ന് കുഞ്ഞിനെ കടിച്ചെടുത്തു പോയിരുന്നു. ഈ സംഭവ ത്തിന് ശേഷമാണ് മുതുകിൽ മാറാപ്പുകെട്ടി കുഞ്ഞിനെ അതിലിട്ടു നടക്കുന്ന ശീലം മുതുവാൻമാർ ആരംഭിച്ചത്. മറ്റാരെയും ഏൽപ്പിക്കാനി ല്ലാത്തപ്പോൾ കൃഷിയിടത്തിൽ പണിയെടുക്കുമ്പോഴും മുതുവാൻമാർ കുട്ടികളെ പിന്നിലുള്ള മാറാപ്പിൽ വഹിക്കും. വാമൊഴിയുടെ ബഹുജാ ലകം പലതിലേയ്ക്ക് തുറക്കുന്ന സന്ദർഭമാണ് മാറാപ്പിന്റെ പുരാ

വൃത്തം. ചിലപ്പോഴത് രാഷ്ട്രീയചരിത്രത്തെ വഹിക്കുന്നു; ചിലനേരം ഗോത്രജീവിതത്തെ ദൂരവ്യാപകമായി സ്വാധീനിക്കുന്ന വിശ്വാസവും അനുഷ്ഠാനവുമാണത്. ഏതെങ്കിലും ഒറ്റ ധർമ്മത്തിലേക്കോ അർത്ഥത്തിലേക്കോ തറഞ്ഞുനിൽക്കുകയല്ല, ഗോത്രജീവിതത്തിനൊപ്പം അത് മാറിക്കൊണ്ടിരിക്കും. സംസ്കാരത്തിന്റെ ഈ ചലനാത്മകതയെ, തടഞ്ഞു നിർത്തുന്നതിലൂടെയാണ് പിൽക്കാലം ഗോത്രജീവിതങ്ങളെ വരുതിയിലാക്കുന്നത്.

തദ്ദേശജനതയുടെ സംസ്കാരവുമായുള്ള നിരന്തരസംഘർഷത്തിലൂടെയാണ് ഭരണകൂടം വനഭൂമിയിലേയ്ക്ക് അധികാരവും അതിർത്തിയും വിപുലപ്പെടുത്തുത്. തുറന്ന യുദ്ധം/കലാപം എന്ന അർത്ഥത്തിലല്ല, ഇത് സംഭവിക്കുന്നത്. വനസ്ഥലത്തിന്റെ അന്യാധീനപ്പെടൽ, നിർമാർജനം, അന്യവൽക്കരണം, കോളനീകരണം, എന്നിങ്ങനെ 'സംഘർഷങ്ങൾ' പലരൂപത്തിലായിരുന്നു. കാർഷിക അധിനിവേശം, കാർഷിക മുതലാളിത്തം, വ്യവസായവൽക്കരണം, ആഗോളീകരണം എന്നിങ്ങനെ നീളുന്ന ചരിത്രഗതിയിൽ ഉൾവലിഞ്ഞും അരികുകളിലേക്ക് അമർന്നും കീഴടങ്ങിയും ഈ സംഘർഷങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. ബ്രിട്ടീഷ് കാർഷിക അധിനിവേശം ഭൂമിയെ മെരുക്കിയും പ്രകൃതിയെ വരുതിയിലാക്കിയുമാണ് അതിർത്തികൾ വിപുലപ്പെടുത്തിയത്. തദ്ദേശജനതയുടെ നിരന്തരമുള്ള പലായനങ്ങൾ അധിനിവേശചരിത്രത്തിലുടനീളം കാണാം. ഹൈറേഞ്ചിലെ ഗിരിവർഗങ്ങൾ പൊതുവെയും മുതുവാൻമാർ പ്രത്യേകിച്ചും വനസ്ഥലങ്ങളിൽനിന്ന് പുറത്താക്കപ്പെടുന്നത് കാർഷിക അധിനിവേശ ഭരണനിർവഹണത്തിന്റെ ഇരകളായാണ്. അവരുടെ ഓർമ്മകളിലും വിപുലമായ വാമൊഴി ആഖ്യാനങ്ങളിലുമായി ചിതറിയും ക്രമരഹിതമായും അനുഭവങ്ങളുടെ ഭൂതകാലം അമർന്നുകിടക്കുന്നുണ്ട്.

**അധിനിവേശവും കാർഷികമുതലാളിത്തവും**

പത്തൊമ്പതാം ശതകത്തിന്റെ ആരംഭകാലം വരെ സ്റ്റേറ്റും ഗോത്രങ്ങളും തമ്മിൽ മേലാള-കീഴാള ബലതന്ത്രത്തിനുള്ളിലാണെങ്കിലും സ്വച്ഛന്ദമായൊരു ബന്ധം നിലനിന്നിരുന്നു. സ്റ്റേറ്റിന്റെ ഭൂമിശാ

സ്ത്രപരമായ അതിർത്തിക്കുള്ളിൽ; എന്നാൽ ഭരണനിർവഹണ ത്തിന്റെ കടുംപിടുത്തങ്ങൾക്ക് പുറത്ത്, ഒരുതരം സ്വയംഭരണാവസ്ഥ ഗോത്രങ്ങൾ അനുഭവിച്ചിരുന്നു. പതിനെട്ടാം ശതകത്തിലാണ് ഹൈ റേഞ്ചിലേക്ക് ഇംഗ്ലീഷ് കാർഷിക അധിനിവേശം ആരംഭിക്കുന്നത്. നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് മൂന്നാർ കണ്ണൻ ദേവൻ മലനിരകളി ലേക്ക് കൃഷിക്കായി ഇംഗ്ലീഷുകാർ എത്തിച്ചേരുന്നത്. *(1877 ലാണ് പൂഞ്ഞാർ രാജകുടുംബത്തിൽ നിന്ന് കണ്ണൻദേവൻ മലനിരകൾ കൃഷി ക്കായി പാട്ടത്തിനെടുക്കുന്നത്.)* അക്കാലം അവിടെ കൊടുംകാടാ യിരുന്നു. ഇടതൂർന്നവനങ്ങളും ചെങ്കുത്തായ കയറ്റിറക്കങ്ങളുമുള്ള പ്രദേശത്തുകൂടെയുള്ള യാത്ര സാഹസികമായിരുന്നു. ദുർഗ്ഗമങ്ങളായ വനപാതകളെക്കുറിച്ച് ജെ ഡി മൺറോ വിശദമായിതന്നെ രേഖപ്പെടു ത്തുന്നുണ്ട് (Munro, J. D., The high ranges of Travancore,1880: 9).

1817ൽ ഹൈറേഞ്ച് പ്രദേശം സർവേ ചെയ്യുന്നതിനായി ഇവിടം സന്ദർശിക്കുകയും പിന്നീട് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ശിൽപിക ളാവുകയുംചെയ്ത വാർഡും അദ്ദേഹത്തിന്റെ അസിസ്റ്റന്റായിരുന്ന കോർണറും പ്രവേശനസാധ്യമല്ലാത്തവിധം ഇടതൂർന്ന കൊടുംകാ ടായിരുന്നു ഹൈറേഞ്ചെന്ന് രേഖപ്പെടുത്തുന്നുണ്ട്[1]. അക്കാലത്ത് തിരുവിതാംകൂറിന്റെ അധീനതയിലായിരുന്ന ഈ പ്രദേശത്തെ സർവേയിലൂടെ കണ്ടെത്തുന്നതോടെയാണ് ബ്രിട്ടീഷുകാരുടെ കൃഷി താൽപര്യം ഉണരുന്നത്. പിന്നീട് 1862ൽ ഹാമിൽട്ടണും സംഘവും ആനമുടി കയറുന്നു. ആനകൾ സ്ഥിരമായി ഉപയോഗിച്ച് പതിഞ്ഞ ആനത്താരയിലൂടെയായിരുന്നു യാത്ര[2]. ഈ ആനത്താരകളെ റോഡു കളാക്കി മാറ്റിക്കൊണ്ടാണ് ബ്രിട്ടീഷുകാർ ഹൈറേഞ്ചിലേക്കുള്ള വഴി കൾ തുറന്നത്. ഹൈറേഞ്ചിൽ റോഡുകൾ ഉണ്ടാക്കുന്നതിന് സഹാ യകരമായത് മുതുവാൻമാരുടെ കാടുമായുള്ള ബന്ധമായിരുന്നു. ആന കൾ നടന്നുനീങ്ങുന്ന വഴികൾ കണ്ടുപിടിച്ച് അവിടെയായിരുന്നു റോഡുകൾ വെട്ടിയത്. ആനകൾ ഒരേ വഴിയിലൂടെയ മാത്രമേ യാത്ര ചെയ്യുകയുള്ളൂ എന്നുള്ള പാരിസ്ഥിതികതത്വം കണക്കിലെടുത്തു കൊണ്ടായിരുന്നു റോഡുനിർമ്മാണം *(ദാമു.ടി. 2010 :22)*. കാടിന്റെയും വന്യജീവികളുടെയും സ്വൈര്യസഞ്ചാരത്തെ, ആവാസവ്യവസ്ഥയെ

ത്തന്നെ താറുമാറാക്കിയാണ് തോട്ടങ്ങളും അനുബന്ധ വികസനങ്ങളും രൂപപ്പെട്ടതെന്നർത്ഥം. എന്നാൽ, ഇതൊക്കെ നാടിന്റെ 'വികസന'മായാണ് അധിനിവേശരചനകൾ പരാമർശിക്കുന്നത്. സ്റ്റേറ്റിന് അതിന്റെ അധികാര നിർവഹണത്തിന് അത്യന്താപേക്ഷിതമാകുന്ന ഘട്ടങ്ങളിൽ മാത്രമാണ് ഒരു പ്രദേശത്തേക്ക് റോഡുകൾ നിർമ്മിക്കപ്പെടുന്നത്. യുദ്ധാവശ്യങ്ങൾക്കും ചരക്ക് നീക്കത്തിനും വാണിജ്യാവശ്യങ്ങൾക്കുമാണ് റോഡുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. മൂന്നാറിലേക്കുള്ള റോഡുകൾ നിർമ്മിച്ചതും റോപ് വേകൾ, റയിൽ എന്നിവ സ്ഥാപിച്ചതും അധിനിവേശ ഏകവിള തോട്ടങ്ങളുടെ വികസനത്തിന്റെ ഭാഗമായാണ്. അവരുടെ ചരക്ക് നീക്കവുമായും വാണിജ്യാവശ്യങ്ങളുമായും ബന്ധപ്പെട്ടായിരുന്നു 'വികസനം'. വികസനത്തെയും സംസ്കാരത്തെയും സംബന്ധിക്കുന്ന അധിനിവേശ കാഴ്ചപ്പാടാണിത്. അവിടെ അധിവസിച്ചിരുന്ന ഗിരിവർഗമനുഷ്യരുടെ അറിവും സംസ്കാരവും നിരപ്പാക്കികൊണ്ട് സസ്യജന്തുവർഗ്ഗങ്ങൾക്കും പ്രകൃതിക്കും എതിർദിശയിലാണ് വികസനം മുന്നേറിയത്. അതിലൂടെയാണ് അധിനിവേശ ജനതയുടെയാണ് വ്യാപനവും സംഭവിച്ചത്. തനത് സംസ്കാരത്തെയും ജീവിത, സാമൂഹ്യധാരണകളെയും മൂല്യസങ്കൽപ്പങ്ങളെയും താരതമ്യവൽക്കരണത്തിലൂടെ കുത്തിച്ചോർത്തുകയും അധിനിവേശജ്ഞാനവും സദാചാരവഴക്കങ്ങളും കുത്തിനിറയ്ക്കുകയും ചെയ്തു. യൂറോപ്യൻ ജീവിതം വികസിതവും നമ്മുടേത് അവികസിതവുമായി കണക്കാക്കപ്പെട്ടു. പരിഷ്കൃതം-അപരിഷ്കൃതം, ശാസ്ത്രീയം-അശാ സ്ത്രീയം, ലാഭം-നഷ്ടം എന്നിങ്ങനെയുള്ള താരതമ്യങ്ങളിലൂടെ അധിനിവേശ യുക്തി പ്രാദേശികസംസ്കാര രൂപങ്ങളിലെല്ലാം പടർന്ന് തനത് മൂല്യങ്ങളുടെയും ജ്ഞാനവ്യവസ്ഥയുടെയും അടിത്തറയിളക്കി. ഗോത്രങ്ങളുടെ കാർഷിക ജൈവവൈവിധ്യങ്ങളെ നിഷ്ക്രിയമാക്കിയതും ഇതേ തന്ത്രങ്ങളിലൂടെയാണ്.

'ബ്രിട്ടീഷുകാർ കണ്ണൻ ദേവൻ മലകൾ വിലക്കുവാങ്ങി തോട്ടങ്ങൾ വികസിപ്പിച്ചെടുക്കാൻ ശ്രമം ആരംഭിച്ചപ്പോൾ മുതുവാൻമാർ വളരെയേറെ സഹായങ്ങൾ ചെയ്തുകൊടുത്തു. കാട്ടിലേക്കുപോയി കൃഷിക്ക് അനുകൂലമായ സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിൽ അവരുടെ

സഹായം ബ്രിട്ടീഷുകാർക്ക് നിർലോഭം കിട്ടിയിരുന്നു' *(ദാമു,ടി. 2010: 22).*' കാട്ടിനുള്ളിൽ കൃഷിക്ക് അനുയോജ്യമായ ഇടങ്ങൾ കണ്ടെത്തുന്നതിന് ഇംഗ്ലീഷുകാരെ സഹായിച്ചത് മുതുവാൻമാരാണ്. എന്നാൽ, നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥയും കാർഷിക സംസ്കാരവും സ്വതന്ത്ര ജീവിതവും സാമൂഹ്യവ്യവസ്ഥയും ഇംഗ്ലീഷുകാർക്ക് അവരെ നിരന്തരം ആശ്രയിക്കുന്നതിനുള്ള സാധ്യതകളെ പരിമിതപ്പെടുത്തി. മാത്രവുമല്ല, യൂറോപ്യൻ കൃഷിയുമായി ഇടഞ്ഞുനിൽക്കുന്നതായിരുന്നു അവരുടെ കൃഷിരീതി. ലാഭകേന്ദ്രിതമായിരുന്നില്ല അവർക്ക് കൃഷി. അത് ജീവിത കേന്ദ്രിതമായിരുന്നു. ഭൂമിയും കൃഷിയും മനുഷ്യരും ജന്തുക്കളും അടങ്ങുന്ന പരസ്പര പൂരിതമായ കാർഷികഘടനയായിരുന്നു അതിനുണ്ടായിരുന്നത്. എന്നാൽ, ഇതൊരു പ്രാകൃത വ്യവസ്ഥയായാണ് ബ്രിട്ടീഷുകാർ മനസ്സിലാക്കിയത്.

**ഗോത്രങ്ങളുടെ കൃഷിജീവിതം**

ദേവികുളം മൂന്നാർ വനമേഖലയിൽ അധിവസിച്ചിരുന്നു മുതുവാ ഗോത്രം മറ്റ് ഗിരിവർഗ വിഭാഗങ്ങളെപ്പോലെ പുനം കൃഷിക്കാരായിരുന്നു. നനവാർന്ന ഉഷ്ണമേഖലാപ്രദേശങ്ങളിലെ ആദിമഗോത്രങ്ങളുടെ കൃഷി സമ്പ്രദായമാണ് പുനം കൃഷി. അടിക്കാടുകൾ വെട്ടിത്തെളിച്ച് ചുട്ട് പാകപ്പെടുത്തിയ മണ്ണിലാണ് കൃഷിയിറക്കുന്നത്. ഒന്നോ രണ്ടോ വിളവെടുപ്പിനുശേഷം അവിടം ഉപേക്ഷിച്ച് മറ്റൊരിടത്തേക്കു പോകും. മണ്ണിന്റെ ഫലഭൂയിഷ്ഠതയും ചുറ്റുമുള്ള കാട്ടിലെ മൃഗങ്ങളും വിഭവങ്ങളും കുറയുന്നതാണ് മറ്റിടങ്ങളിലേക്ക് പോകാൻ കാരണം. ജീവിതാവശ്യങ്ങൾക്കായി പ്രകൃതിയെ ആശ്രയിക്കുമ്പോൾതന്നെ അമിതചൂഷണത്തിന് വിധേയമാക്കിയിരുന്നില്ല. ആദ്യം ഉപേക്ഷിച്ചു പോകുന്നസ്ഥലം വനമായി മാറിയിരുന്നു. പിൽക്കാലത്ത് അവിടേ യ്ക്കുതന്നെ മടങ്ങി എത്തുകയും ചെയ്യും. ഗോത്രസ്വഭാവമനുസരിച്ച് ഈ മടങ്ങിവരവിന് ഏഴുമുതൽ പതിനഞ്ച് വർഷങ്ങളുടെ ഇടവേളകൾ ഉണ്ടാകാറുണ്ട്.

കൃഷിക്കു ചുറ്റുമാണ് ഗോത്രജീവിതം തിരിയുന്നത്. സൂര്യോദയത്തോടെ ഉണർന്നെഴുന്നേൽക്കുന്ന പുരുഷൻമാർ ആദ്യം കൃഷിയിടത്തേക്കാണ് പോവുക. കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിച്ചിട്ടുണ്ടോ എന്നും

ഏതെങ്കിലും മൃഗങ്ങൾ കെണിയിൽ വീണിട്ടുണ്ടോ എന്നും തിരക്കി യുള്ള പ്രഭാതസഞ്ചാരം. ഈ സമയം സ്ത്രീകൾ വീട്ടിൽ ആഹാരം പാകംചെയ്യും. തിരിച്ചെത്തി, പ്രഭാതഭക്ഷണം കഴിച്ച്, സ്ത്രീകളും പുരുഷൻമാരും കൃഷിയിടങ്ങളിലേയ്ക്ക് പോകും. ഇരുൾവീണുതുട ങ്ങുമ്പോഴാണ് കുടിയിലേയ്ക്ക് മടങ്ങിയെത്തുക. ഈ ഇടനേരങ്ങളിൽ ഭക്ഷണം പതിവില്ല. ജോലി കഴിഞ്ഞ് മടങ്ങിയെത്തുന്ന പുരുഷൻമാർ ചാവടി എന്നറിയപ്പെടുന്ന പൊതുസ്ഥലത്ത് ഒത്തുകൂടും. സ്ത്രീകൾ ഭക്ഷണമുണ്ടാക്കും. ചാവടിയിൽ കൂടുന്നവർ പരസ്പരം കൃഷിയ നുഭവങ്ങൾ പങ്കുവെക്കുകയും വാദ്യങ്ങൾ മുഴക്കി പാട്ട് പാടുകയും ചെയ്യും. ഇതാണ് മുതുവാ ദിനചര്യ. ഒരു കാർഷികചക്രമാണ് മുതുവാ ജീവിതചലനത്തെ ക്രമപ്പെടുത്തിയതെന്നുകാണാം. മുതുവാഗോത്ര സാമൂഹ്യ-വ്യക്തി ജീവിതങ്ങളെ ആവിഷ്കരിക്കുന്ന വാമൊഴികളുടെ ഭൗതികപശ്ചാത്തലം മിക്കവാറും കൃഷിയിടമാണ്. കൃഷിയിടത്തിൽ കാവൽകിടക്കുന്ന കാമുകനെ അന്വേഷിച്ച് പോകുന്ന കാമുകി, കാവൽ മാടത്തിലെ കാമുകനുമായുള്ള രഹസ്യ സമാഗമങ്ങൾ, രാത്രി കൃഷിക്ക് കാവലിരിക്കുന്ന കാമുകന്റെയും വീട്ടിൽ കഴിയുന്ന കാമുകിയുടെയും വിരഹവായ്പ്പുകൾ എന്നിങ്ങനെ ജീവിത രതിക്ക് പശ്ചാത്തലമൊരു ക്കുന്നത് കൃഷിയിടമാണ്.

ഓരോ കുടുംബവും വെട്ടിത്തെളിച്ചെടുക്കുന്ന ഭൂമിയിൽ അവർ തന്നെ കൃഷി ചെയ്യുകയാണ് പതിവ്. വിളവെടുത്തു കഴിഞ്ഞാൽ പിന്നെ ആ ഭൂമിയിൽ ആരും പ്രത്യേക അവകാശം പുലർത്തിയിരുന്നില്ല. നെല്ല്, തിന, ചോളം, കടുക് തുടങ്ങിയ ധാന്യങ്ങളും മത്തങ്ങ, വെള്ളരി, ചീര, തുടങ്ങിയ പച്ചക്കറിയിനങ്ങളും അവർ കൃഷിചെയ്തിരുന്നു. ഈ കാർ ഷിക അനുഭവത്തെ പ്രതിഫലിപ്പിക്കുന്നതാണ് അവരുടെ കൃഷി പാട്ടു കൾ. ഏതെല്ലാം പൂക്കളിലാണ് തേനുള്ളതെന്ന് പാട്ടുകൊരുത്തു പാടുന്ന ഒരു വാമൊഴിയുണ്ട് മുതുവാൻമാർക്കിടയിൽ.

'എതെത്[3] പൂവുക്ക്[4] തേനുമളങ്കത്[5]
തണ്ണിത്തണ്ടാൻ[6] പൂവുക്ക് തേനുമളങ്കത്
എതെത് പൂവുക്ക് തേനുമളങ്കത്

ചൊടലി[7]പ്പൂവുക്ക് തേനുമളങ്കത്
എതെത് പൂവുക്ക് തേനുമളങ്കത്
കോറാമ്പൂ[8]വുക്ക് തേനുമളങ്കത്
എതെത് പൂവുക്ക് തേനുമളങ്കത്
പൂശരണിക്ക[9]പ്പൂവുക്ക് തേനുമളങ്കത്
എതെത് പൂവുക്ക് തേനുമളങ്കത്
തീമ്പലിങ്ങ[10]പ്പൂവുക്ക് തേനുമളങ്കത്
എതെത് പൂവുക്ക് തേനുമളങ്കത്
പിഞ്ചൊടലി[11]പ്പൂവുക്ക് തേനുമളങ്കത്'

എന്നിങ്ങനെ പൂക്കളുടെ പേരുകൾ കൂട്ടിക്കെട്ടി അവസാനിക്കാതെ പോകുന്ന പാട്ടിലെ ജൈവവൈവിധ്യം മുതുവാഗോത്രക്കാരുടെ കൃഷിയിലും പ്രകടമായിരുന്നു. വിത്തിനങ്ങളുടെ വൈവിധ്യവും കാലാവസ്ഥയും മണ്ണും ജീവിതാവശ്യങ്ങളും ബന്ധിപ്പിച്ച് കൃഷിയിറക്കാനുള്ള അവരുടെ പാടവവും സമൃദ്ധമായ കാർഷികസംസ്കാരത്തെക്കുറിച്ചും കൃഷിയറിവുകളെക്കുറിച്ചുമുള്ള പാഠമാണ്. ഭൂപ്രകൃതിയിലും കാലാവസ്ഥയിലും വ്യാപരിച്ച് തെറ്റിയും തിരുത്തിയും നിരീക്ഷിച്ചും പരീക്ഷിച്ചും നൂറ്റാണ്ടുകളിലൂടെ ആർജിച്ച കാർഷികവിജ്ഞാനമാണ് ഗോത്രകൃഷി. അറിവുകൾ ഗോത്രവിശ്വാസമായും 'കാട്ടുനട'പ്പായും പഴഞ്ചൊല്ലുകളായും പാട്ടുകളായും പ്രചരിച്ചു. വാമൊഴി ചരിത്രവും കാലവും അന്വേഷിക്കുന്നതിൽ അർത്ഥമില്ല. ചരിത്രാതീതത്തിൽനിന്ന് ആരംഭിച്ച് കാർഷിക അധിനിവേശം വരെയുള്ള നൂറ്റാണ്ടുകളുടെ അനുഭവജ്ഞാനമാണ് മുതുവാൻമാരുടെ കാർഷികജ്ഞാനം. നൂറ്റാണ്ടുകളുടെ പ്രയോഗത്തിലൂടെയാണ് ഈ അറിവുകൾ വികസിച്ച് വന്നത്.

നിലനിൽപിനായി പ്രകൃതിയുമായി ഇടപഴകുന്നതിലൂടെയാണ് ഓരോന്നും അറിവായി രൂപപ്പെട്ടുവരുന്നത്. അത് ഒരേസമയം പ്രകൃതിയെക്കുറിച്ചുള്ള അറിവും പ്രകൃതിയോട് ഇടപഴകേണ്ടതിന്റെ രീതികളെക്കുറിച്ചുള്ള അറിവും പ്രദാനം ചെയ്യുന്നു. രണ്ടുതരം ജ്ഞാനങ്ങളാണ് ഇതിൽനിന്നും ഉരുത്തിരിഞ്ഞുവരുന്നത്. പ്രകൃതി അറിവും പ്രയോഗത്തെക്കുറിച്ചുള്ള അറിവും. മണ്ണ്, കാലാവസ്ഥ, ജലം, മണ്ണിന്റെ

വളക്കൂറ് എന്നിവയാണ് ഒന്നാമത്തേത്. രണ്ട് അറിവിന്റെ പ്രയോഗമാണ്. കൃഷിയുടെ പ്രയോഗത്തിൽ വിത്തും വിളയും കാർഷിക ഉപകരണ ങ്ങളും കാടിന്റെ സ്വഭാവവും മൃഗങ്ങളുടെ സാന്നിധ്യവും പ്രതിരോധ വുമെല്ലാം അടങ്ങും. 'വിളയും പയറ് മുളയിലെ അറിയാം; വിതക്കായ് പിമ്പിലെ അറിയാം' (വിതയ്ക്കേണ്ടത് ഏത്, വിതക്കേണ്ടതില്ലാത്തത് ഏതെന്ന് നേരത്തേ അറിയാം. വിളയുന്ന പയറാണോ എന്ന് മുള നോക്കിയാൽ മനസ്സിലാകും എന്നർത്ഥം) എന്നാണ് കൃഷിയെയും ജീവിതത്തെയും മുതുവാ ഗോത്രം ദീർഘദർശനം ചെയ്യുന്നത്. അതറി ഞ്ഞാണ് വിത്തിറക്കിയത്.

തിനയാണ് ഏറ്റവും ആദ്യം വിതയ്ക്കുന്നത്. തുടർന്ന് മൂപ്പ് കുറഞ്ഞ നെൽ ഇനങ്ങളായ അരിമോടൻ, ആടിമോടൻ എന്നിവ വിത യ്ക്കും. ഇടവിളയായി റാഗി, ചോളം തുടങ്ങിയവയും. വിഷുവിന് മുമ്പ് വിത കഴിഞ്ഞിരിക്കും. മൂപ്പുകൂടിയ നെല്ലിനമായ 'പെരുവാഴ' വിതയ്ക്കു ന്നത് വിഷുവിനാണ്. കാടും കളയും വളരുന്നതിന് അനുസരിച്ച് ഒന്നോ രണ്ടോ തവണ കളപറിക്കും. അരിമോടൻ, ആടിമോടൻ, മഞ്ഞത്താലി തുടങ്ങി ഒമ്പതോളം മൂപ്പുകുറഞ്ഞ നെൽവിത്തിനങ്ങൾ മുതുവാൻമാർ പുനം കൃഷിക്കായി ഉപയോഗിച്ചിരുന്നതായി പഴമക്കാർക്ക് ഓർമ്മിച്ചെ ടുക്കാൻ കഴിയുന്നുണ്ട്. പെരുവാഴ, വെള്ളപ്പെരുവാഴ, മാലിപ്പെരുവാഴ തുടങ്ങി അഞ്ചിലധികം മൂപ്പുകൂടിയ നെല്ലിനങ്ങളും പൂതക്കാളി, കുരി ക്കണ്ണി, പുലിശി, ഊരാളിച്ചി, പട്ടത്തിനെല്ല് തുടങ്ങി പത്തിലധികം മിശ്രസ്വഭാവത്തിനുള്ള നെല്ലിനങ്ങളും ചിരുകോറാൻ, ചാമ്പൽമൂടിയൻ എന്നീ ഹ്രസ്വകാല റാഗി വിളകളുടെയും ഓർമ്മകൾ മുതുവാ മനസ്സിൽ മങ്ങാതെ നിൽക്കുന്നു *(ശ്രീധരൻ, വി. കെ. 2004: 88)*. ഓരോ മണ്ണിന്റെയും സ്വഭാവവും മനുഷ്യരുടെ ആവശ്യവും കാലാവസ്ഥയും ജീവിത ദൈർ ഘ്യവും കണക്കിലെടുത്ത് വൈവിധ്യമാർന്ന വിളകളും വിത്തിനങ്ങ ളുമാണ് പുനം കൃഷിക്കായി മുതുവാൻമാർ ഉപയോഗിച്ചിരുന്നത്. പ്രകൃ തിയുടെ പണിപ്പുരയിൽ നൂറ്റാണ്ടുകളിലൂടെ ഉരുത്തിരിഞ്ഞുവന്ന വിത്തിനങ്ങളുടെ സമൃദ്ധി. ഈ കാർഷിക ജ്ഞാനം ഗോത്രമനുഷ്യർക്ക് നഷ്ടമാകുന്നു. അറിവ് പ്രയോഗിക്കാനുള്ള ഇടമായിരുന്ന വനസ്ഥലം എന്ന കൃഷിയിടം ബ്രിട്ടീഷ് കാർഷിക അധിനിവേശത്തെ തുടർന്ന്

ഗോത്രങ്ങൾക്ക് നഷ്ടമാകുന്നു. കാട് സംരക്ഷണ നിയമവും പുനംകൃഷി നിരോധനവും വന്നതോടെ അവശേഷിച്ച കൃഷിയിടങ്ങളും നഷ്ടമായ ഗോത്രമനുഷ്യർ കൃഷിയിൽ നിന്നുതന്നെ പുറത്താക്കപ്പെട്ടു. വാമൊഴിയിലൂടെ പകർന്നുപോന്ന ഓർമ്മകളിലൂടെയാണ് കാർഷികവൈവിധ്യം ഇന്ന് നിലനിൽക്കുന്നത്. ഹൈറേഞ്ചിലെ തോട്ടവിളകളുടെ ചരിത്രം എന്നത് ഓർമ്മകളിലേക്ക് പിൻവാങ്ങിയ ഗോത്രകൃഷിയുടെയും പ്രയോഗസ്ഥലം ലഭിക്കാതെ പോകുന്ന കാർഷികവിജ്ഞാനത്തിന്റെയും ചരിത്രമാണ്.

**അധിനിവേശവും ഗോത്രനിർമാർജ്ജനവും**

കേരളത്തിലെ കാര്യക്ഷമമല്ലാത്ത കൃഷിരീതിയെപ്പറ്റി 1908ൽ മലബാർ ഗസറ്റിയറിൽ സി.എ ഇന്നസ് എഴുതുന്നു: 1. കാര്യക്ഷമമല്ലാത്ത കൃഷിരീതിയാണ്. 2. മിതമായ തോതിൽ മാത്രം കൃഷി ചെയ്യുന്നു. 3. പ്രകൃതിയുമായി നിരന്തര പോരാട്ടം ഇവിടെ നടക്കുന്നില്ല. 4. കർഷകന്റെ ബുദ്ധി വികസിക്കുന്നില്ല. 5. ഭൂമിയെ ഇടവിടാതെ ഉപയോഗിക്കുന്നു. 6. ഭൂമിയിൽ വളം ചേർക്കുന്നില്ല. 7. ധാന്യകൃഷിയിൽ ഏർപ്പെടുന്നവർ മൂലധനമില്ലാത്ത ദരിദ്രരാണ്. 8. കർഷകർ കടുംകൃഷിയിൽ തൽപരരല്ല. പത്തൊൻപതാം ശതകത്തിൽ, ബ്രിട്ടീഷ് അധീനതയിലായിരുന്ന മലബാർ പ്രദേശത്തെ കാർഷിക വ്യവസ്ഥയെക്കുറിച്ചുള്ള പ്രസ്താവനയാണിത് (C A Innes, I CS, Madras District Gazatteers-Malabar, F B Brans. Ed. Madras, Reprint-1951). കൊളോണിയൽ കൃഷിദർശനം. തദ്ദേശീയ കാർഷികസംസ്കൃതിയുടെ പോരായ്മ വിശദീകരിക്കുന്ന ബ്രിട്ടീഷ് രേഖ ഗോത്രജനതയുടെ കാർഷികജീവിതത്തെ കൃഷിയായിപ്പോലും അംഗീകരിച്ചിരുന്നില്ല. കാർഷികമേഖലയിൽ നിലവിലുണ്ടായിരുന്ന അറിവുകളെയും പ്രയോഗങ്ങളെയും ഇല്ലാതാക്കിക്കൊണ്ടായിരുന്നു അധിനിവേശം അതിന്റെ സൂക്ഷ്മഭുപ്രകൃതിയിലേക്ക് വ്യാപിച്ചത്.

ഹൈറേഞ്ച് പ്രദേശത്ത് യൂറോപ്യൻ ശക്തികളുടെ വ്യാപനം കൃഷിയുമായി ബന്ധപ്പെട്ടാണ് സംഭവിക്കുന്നത്. അധിനിവേശമായിരുന്നു അതിന്റെ മാർഗ്ഗം. സ്റ്റേറ്റിന്റെ അധീനതയിലേക്ക് രൂപാന്തര

പ്പെട്ടുകൊണ്ടിരുന്ന ഗോത്രജനതയെ വരുതിയിലാക്കാൻ കാർഷിക അധിനിവേശത്തിന് അനായാസം കഴിഞ്ഞു. ഗോത്രജീവിതവും കൃഷിയറിവുകളും അനുഭവങ്ങളും അവഗണിക്കപ്പെട്ടു. പകരം അവരുടെ വനസ്ഥലങ്ങൾ ഉപയോഗശൂന്യസ്ഥലങ്ങളായി പരിഗണിക്കപ്പെട്ടു. അവിടെ അധിവസിച്ചിരുന്ന ഗോത്രജനതയെ അഭയാർത്ഥികളായോ, പുനരധിവാസം അർഹിക്കുന്ന സംരക്ഷിത വിഭാഗങ്ങളായോ ഗണിച്ചു. കാടകങ്ങളിലെ കാർഷികജീവിതവും അതിന്റെ ജൈവവൈവിധ്യവും നൂറ്റാണ്ടുകളുടെ അനുഭവപാഠങ്ങളും നിശേഷം തുടച്ചുമാറ്റിയാണ് പ്രകൃതിയെ നിരന്തര പോരാട്ടത്തിലൂടെ ഊറ്റിയെടുക്കുന്ന യൂറോപ്യൻ കൃഷിരീതി നടപ്പിലാക്കുന്നത്. കൃഷിയുടെ ജൈവവൈവിധ്യത്തെ ഇല്ലാതാക്കിയ കാർഷിക അധിനിവേശം കണ്ണൻദേവൻ പർവതവന ഭൂമിയെ ഏകവിളത്തോട്ടങ്ങളാക്കി മാറ്റി. ഇത് യൂറോപ്യൻ കാർഷിക മൂല്യങ്ങളുടെ മാത്രം വ്യാപനമായിരുന്നില്ല. അധിനിവേശഭരണനിർ വഹണയുക്തിയുടെകൂടി പ്രയോഗമായിരുന്നു.

എഴുത്തുഭാഷയുടെ അഭാവവും മാറിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥയും ഗോത്രങ്ങളെ ഒരു പ്രജാരൂപമായി ഭരണകൂടവ്യവസ്ഥയിലേക്ക് ഉൾച്ചേർക്കുന്നതിനുള്ള ശ്രമങ്ങളെ അസാധ്യമാക്കിയിരുന്നു. വരമൊഴിയുടെ അഭാവം എപ്പോഴും അവരെ എഴുത്തിന്റെയും ചരിത്രത്തിന്റെയും കൗശലങ്ങളിൽനിന്ന് പുറത്തുനിർത്തി. ആദിവാസികളെ കുടിയിരുത്തിയും നിയമം മൂലം കാടിന്റെയും വനവിഭവങ്ങളുടെയും മേൽ ആധിപത്യവും നിയന്ത്രണവും കൊണ്ടുവന്നും ഭരണകൂടത്തിൽ നിക്ഷിപ്തമാക്കിയും ഭരണഭാഷയുടെ വരുതിയിലേയ്ക്ക് അവരെ കൊണ്ടുവന്നുമാണ് ഗോത്രജനതയെ പ്രജകളാക്കിമാറ്റുന്നത്. ഇതൊരു അധിനിവേശഭരണനിർവഹണപ്രക്രിയയാണ്. ഈ പ്രജാവൽക്കരണ പ്രക്രിയ മുതുവാൻ ഗോത്രത്തിലും നടപ്പാക്കി.

എഴുതപ്പെട്ട രേഖകളുടെയോ ഭൂപടങ്ങളുടെയോ അതിർത്തികൾക്ക് ഉള്ളിലായിരുന്നില്ല ഗോത്രജീവിതങ്ങൾ ചലിച്ചുകൊണ്ടിരുന്നത്. ജീവിതവും കൃഷിയും അധിവാസവുമായി ബന്ധപ്പെട്ട് ഉരുത്തിരിഞ്ഞുവന്ന സാമൂഹിക ഭൂമിശാസ്ത്രപരിധിക്കുള്ളിൽ സ്വയം ഭരണാവ

കാശവും അധികാരങ്ങളും സ്വയം നിർവഹണശേഷിയുമുള്ള ജനതയാ യിരുന്നു മുതുവാഗോത്രം. എന്നാൽ, അത് ഒരർത്ഥത്തിലും ഭരണകൂട (മേലേ) സ്വഭാവം പുലർത്തിയിരുന്നില്ല. സ്റ്റേറ്റിന്റെ അഭാവത്തിൽ, ഉയർന്ന വ്യക്തി-സാമൂഹ്യജീവിതം പുലർത്തിയിരുന്നവരായിരുന്നു ഈ ആദിമഗോത്രം. ഈ ആവാസവ്യവസ്ഥയെ ഭരണകൂട - അധികാര വ്യവസ്ഥിതിയിലേക്കും ഭൂപടത്തിനുള്ളിലേയ്ക്കും ചുരുക്കിയെടുക്കു ന്നതിൽ രാജ-അധിനിവേശ താൽപര്യങ്ങൾ വിജയിക്കുന്നു. അധികാര ശക്തികൾ എന്ന നിലയിൽ തദ്ദേശരാജാധികാരവും അധിനിവേശ കാർഷികമുതലാളിത്തവും കൈകോർക്കുമ്പോൾ ജനതയുടെ സ്ഥാനം പുറത്താവുന്നു. ഒരുപക്ഷേ, സ്റ്റേറ്റ് എന്ന സ്ഥാപനത്തിന് പുറത്ത് സാധ്യമാകുമായിരുന്ന ഉന്നതമായ സാമൂഹ്യജീവിതത്തിന്റെ സാധ്യ തകളെ അപ്പാടെയാണ് രാജ-സാമ്രാജ്യത്ത ബാന്ധവവും കാർഷിക മുതലാളിത്തവും ഇല്ലാതാക്കിയത്. വനത്തിലും വനവിഭവങ്ങളിലും കൃഷിയിലും ഇടപെട്ടിരുന്ന ഗോത്രജനത പിൽക്കാലത്ത് അവരുടെ ആവാസവ്യവസ്ഥയിൽനിന്ന് പുറത്താക്കപ്പെടുന്നത് അങ്ങനെയാണ്. വനഭൂമി വെട്ടിത്തെളിച്ചും കൃഷിഭൂമി കയ്യേറിയും വികസിച്ചുവന്ന വൻ കിടതോട്ടങ്ങൾ ഈ ആദിമ ഗോത്രജനതയെ കാടിന്റെ ഉള്ളകങ്ങളി ലേക്ക് ആട്ടിയകറ്റി. ഏറെക്കുറെ നായാടികളായും വനവിഭവങ്ങൾ ശേഖരിച്ചും കൃഷി ചെയ്തും പുലരുന്നവരായി അതിൽ ഒരു വിഭാഗം. കുറേ മനുഷ്യർ തോട്ടങ്ങളിൽ അവർക്ക് അപരിചിതമായ കൂലിപ്പണിക്ക് നിർബന്ധിക്കപ്പെട്ടു.

ഹൈറേഞ്ച് കാടുകൾ വൻകിട തോട്ടങ്ങളായി മാറ്റിമറിക്കപ്പെട്ട കാലത്താണ് പുനംകൃഷി നിരോധിക്കപ്പെടുന്നത്. മുതുവാ ആദിവാസി മേഖലകൾ ബ്രിട്ടീഷ് അധീനതയിലായി. ഗോത്രങ്ങൾ പിന്തുടർന്ന കാർഷിക ജീവിതരീതി തെറ്റാണെന്ന് വന്നു. 'ഒരിടത്ത് വിളവെടുക്കു മ്പോൾ മറ്റൊരിടത്ത് അടിക്കാട് വെട്ടി വിത്തിടുക എന്നതാണ് രീതി. ഇങ്ങനെ മാറിമാറി ചെയ്യുന്നത് കാടിന് ദോഷം ചെയ്യുമല്ലോ. വന്യമൃഗ സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതോടെ ശിക്കാറിനുള്ള ഭൂമി യൊക്കെ വന്യമൃഗസങ്കേതങ്ങളായി. ഗുണദോഷ വിചിന്തനംചെയ്ത് മുതുവാൻമാർക്കായി പ്രത്യേകം ഭൂമി നീക്കിവച്ചു. അവരെ അവിടെ

കുടിപാർപ്പിച്ചു' (സുലോചന നാലപ്പാട്ട്. 2008:47) എന്നാണ് മൂന്നാറിനെക്കുറിച്ചുള്ള ആത്മകഥാപരമായ രചനയിൽ സുലോചന നാലപ്പാട്ട് ഈ ചരിത്ര സന്ദർഭത്തെ പ്രതിപാദിക്കുന്നത്.

ആത്മകഥയിൽ പരാമർശിക്കുന്നത് പോലെ അതത്ര ലളിതമായ പ്രക്രിയ ആയിരുന്നില്ല. ബ്രിട്ടീഷ് അധിനിവേശം തോട്ടവിളകൾക്കു വേണ്ടി ഹൈറേഞ്ചിലെ നിത്യഹരിതവനങ്ങൾ പാടെ വെട്ടിത്തെളിച്ചു എന്ന വസ്തുതയെ നിസ്സാരവൽക്കരിച്ചുകൊണ്ടാണ് മുതുവാൻമാരുടെ പുനംകൃഷി 'കാടിന് ദോഷംചെയ്യു'മെന്ന കണ്ടെത്തൽ മുന്നോട്ട് വെക്കുന്നത്. പാശ്ചാത്യ ഉദാരതയ്ക്കുകീഴിൽ സംരക്ഷിക്കപ്പെടുകയോ പ്രജകളായി രൂപം മാറുകയോ ചെയ്യേണ്ട തദ്ദേശീയരെക്കുറിച്ചുള്ള സങ്കൽപ്പമാണ് ഈ ആത്മകഥാഖ്യാനത്തിൽ മുഴച്ചുനിൽക്കുന്നത്. ജോൺ ജാനിയൽ മൺറോയുടെ ഹൈറേഞ്ചസ് ഓഫ് ട്രാവൻകൂർ എന്ന പുസ്തകത്തിൽ ഇന്നത്തെ ദേവികുളം താലൂക്കിൽ പെടുന്നതും പിന്നീട് തേയില തോട്ടങ്ങളാക്കി മാറ്റിയതുമായ ഭൂപ്രദേശങ്ങൾ നിബിഡവനങ്ങളായിരുന്നുവെന്ന് പരാമർശിക്കുന്നുണ്ട്. കൃഷിക്കും വിറകിനുമായി കാടിനെ ആശ്രയിക്കുകവഴി വനങ്ങൾക്ക് ചിലയിടങ്ങളിൽ നാശം സംഭവിച്ചതായും മൺറോ എഴുതുന്നു. ഈ നിബിഡ ജൈവമേഖലയുടെ നാശത്തിന്റെ ഉത്തരവാദിത്തം ഗോത്രങ്ങളിൽ ആരോപിക്കുന്ന അധിനിവേശയുക്തി മൺറോയിലാണ് ആരംഭിക്കുന്നത്.

കാടിനെ ആശ്രയിച്ചായിരുന്നു മുതുവാഗോത്രത്തിന്റെ കൃഷിയും ജീവിതവും. അവർക്ക് സ്വയം നിർണ്ണയാവകാശമുണ്ടായിരുന്ന ആവാസവ്യവസ്ഥയെ നാണ്യവിളത്തോട്ടങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി, ആ ആദിവാസ മേഖലയെ സ്റ്റേറ്റിന്റെ പരിധിയിലേക്ക് സങ്കൽപ്പിക്കുകയാണ് മൺറോ. ഭരണകൂടനിയന്ത്രിതവ്യവസ്ഥയിലേക്ക് ഹൈറേഞ്ച് വനമേഖലയെയും മുതുവാസമുദായത്തെയും ഉൾച്ചേർക്കുകയെന്ന പ്രക്രിയയാണ് മൺറോയുടെ എഴുത്ത് സാധിച്ചെടുക്കുന്നത്. 'ഉപയോഗശൂന്യമായ വനസ്ഥലം' 'കാര്യക്ഷമമായ കൃഷിയിലേക്ക്' മാറ്റിയെടുക്കുന്നതോടെ ആ വനസ്ഥലത്ത് അധിവസിച്ചിരുന്ന ആദിവാസികൾ ഉപയോഗ/പ്രയോഗശൂന്യരായിത്തീരുന്നു. കാടും കാട്ടുമൃഗ

ങ്ങളും കാട്ടുവാസികളും ഉപയോഗശൂന്യരാണെന്ന കണ്ടെത്തൽ ഓദ്യോഗിക, അധിനിവേശ എത്നോഗ്രാഫർമാരും വംശീയ ശാസ്ത്രജ്ഞൻമാരും കണ്ടെത്തുന്നുണ്ട്. അറിവില്ലാത്തവരും പ്രാകൃതരുമായി കരുതപ്പെട്ട ഉപയോഗശൂന്യ'രുടെ 'കായിക'ശേഷിയെ/അധ്വാനത്തെക്കൂടി കോളനീകരിക്കുന്നതിലൂടെ വനസ്ഥലം എന്ന ഭരണകൂടമുക്തസ്ഥലം പൂർണമായും റദ്ദാക്കപ്പെടുന്നു.

ഹൈറേഞ്ചിൽ ഇന്നത്തെ ദേവികുളം താലൂക്കിലാണ് മുതുവാൻമാർ പ്രധാനമായും അധിവസിക്കുന്നത്. തമിഴ്നാട് അതിർത്തിയിലും മുതുവാക്കുടികളുണ്ട്. കേരള തമിഴ്നാട് അതിർത്തിയിൽ കൊടൈക്കാനൽ മലനിരകളിൽ ആരംഭിച്ച് ആനമലയടിവാരത്തുള്ള വിശാലമായ മലനിരകളിൽ ഒറ്റയൊറ്റയായി ചിതറിക്കിടക്കുന്ന നിരവധി കുടികളിലായാണ് മുതുവാൻമാർ അധിവസിക്കുന്നത്. (ദേവികുളം താലൂക്കിന് പുറത്ത് തൊടുപുഴ, മൂവാറ്റുപുഴ എന്നിവിടങ്ങളിലും ഇപ്പോൾ മുതുവാൻമാർ താമസിക്കുന്നുണ്ട്.) 1939ൽ പ്രസിദ്ധീകരിച്ച സർവേ ഓഫ് ട്രാവൻകൂറിൽ പറഞ്ഞിട്ടുള്ളത് മറയൂർ, കിളിപ്പറമ്പ്, കുഞ്ചിയാർ, പൂയംകുട്ടി, തട്ടേക്കാട്, കുട്ടമ്പുഴ, ആനക്കുളം, ചൊക്കനാട്, പൂപ്പാറ എന്നിവിടങ്ങളിലാണ് മുതുവാൻമാർ അധിവസിക്കുന്നത് എന്നാണ്. 1774 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ദേവികുളം താലൂക്ക് ഏതാണ്ട് പൂർണ്ണമായും നിത്യഹരിതവനമായിരുന്നു. 'മൺറോയുടെ റിപ്പോർട്ടിൽ ഇവിടുത്തെ ജനസംഖ്യ സുമാർ 2500 എന്നാണല്ലോ' (സുലോചന നാലപ്പാട്ട്. 2008: 47) എന്ന വാചകം ഇതിനോട് ചേർത്തു കാണാവുന്നതാണ്. അതായത് 1774 ചതുരശ്ര കിലോമീറ്ററിലെ ആകെ ജനസംഖ്യ വെറും 2500 ആണെന്നുവരുന്നു. എന്നാൽ സുലോചനാ നാലപ്പാട് തന്നെ പിന്നീട്, ഇവരുടെ കാർഷിക ജീവിതം കാട് ഇല്ലാതാക്കിയെന്ന് കണ്ടെത്തുന്നുണ്ട്. മൺറോയുടെ പുസ്തകത്തിൽ പ്രതിപാദിക്കുന്ന ജനസംഖ്യാകണക്കിൽ മുതുവാൻമാരുടെ എണ്ണം നാല്പത്തി ഒൻപ താണ്. ജനസംഖ്യാകണക്കിന് പുറത്ത് മറ്റ് പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന മുതുവാൻമാരുടെ എണ്ണംകൂടി കൂട്ടിച്ചേർത്താൽ അത് നൂറ് വരുമെന്നും പറയുന്നു12. 1931ൽ പ്രസിദ്ധീകരിച്ച തിരുവിതാംകൂർ സെൻസസ് പ്രകാരം മുതുവാൻമാരുടെ ആകെ എണ്ണം 1301 ആണ്. മൺ റോയുടെ പുസ്തകം

പ്രസിദ്ധീകരിക്കുന്നത് 1880ൽ. അമ്പത്തിയൊന്ന് വർഷംകൊണ്ട് 100 നിന്നും 1200ൽ അധികമാണ് മുതുവാൻ ജനസംഖ്യയിൽ വർദ്ധന ഉണ്ടായിരിക്കുന്നത്.!? ഇതിനർത്ഥം കൃത്യമായ ഉദ്ദേശലക്ഷ്യത്തോടെയാണ് സ്ഥിതിവിവര കണക്കുകൾ നിർമ്മിച്ചതെന്നാണ്. നാണ്യവിള തോട്ടമാക്കി മാറ്റാൻ ഉദ്ദേശിക്കുന്ന ഭൂപ്രദേശത്ത് അധിവസിക്കുന്ന മുതുവാൻമാർ നാമമാത്രമാണ് എന്ന ധാരണ പരത്തുകയായിരുന്നു ആദ്യ കണക്കിന്റെ ഉദ്ദേശ്യം. രണ്ടാമത് തോട്ടം വ്യാപിക്കുന്ന ഘട്ടത്തിൽ വനത്തിലേക്ക് പിൻവലിഞ്ഞ ഗോത്ര ജനതയായി തോട്ടം ഉടമകളുടെ ലക്ഷ്യം. അതിനായി നിർമ്മിച്ച കണക്കിൽ അവരുടെ എണ്ണം പെരുകുന്നു. വനത്തിലെ ഇവരുടെ ഇടപെടലുകൾ കാടിന് ദോഷം ചെയ്യുന്നുവെന്ന് സ്ഥാപിക്കാൻ ഈ വർദ്ധിച്ച കണക്ക് ഉപയോഗപ്പെടുത്തുകയാണ്. ഇതിലൂടെ വനഭൂമിയിൽ അവിടവിടെയായി കുടിവെച്ച് വ്യാപിച്ചുകിടന്ന മുതുവാൻ ഗോത്രത്തെ അവരുടെ അധിവാസ ഭൂമിയിൽനിന്ന് എന്നെന്നേക്കുമായി ഒഴിപ്പിക്കാൻ അധിനിവേശശക്തികൾക്ക് കഴിയുന്നു. 'ഗുണദോഷ വിചിന്തനം ചെയ്ത് മുതുവാൻമാർക്കായി പ്രത്യേകം ഭൂമി നീക്കിവച്ചു. അവരെ അവിടെ കുടിപാർപ്പിച്ചു' (സുലോചന നാലപ്പാട്ട്. 2008: 47). എന്ന വാചകം ഇതു മായി ചേർത്ത് വായിക്കാം. ആദിവാസികളെ വന/ഭൂമിയിൽനിന്ന് ഒഴിപ്പിച്ച് തോട്ടമുടമകളുടെ അധീനതയിൽ കോളനികൾ സ്ഥാപിച്ച് അവിടേക്ക് മാറ്റി പാർപ്പിച്ചു എന്നാണ് ഇതിന്റെ അർത്ഥം. 'പുനരധിവാസം' എന്നത് കേവലവും നിർദ്ദോഷവുമായ പ്രക്രിയയല്ല. അതായത് നൂറ്റാണ്ടുകളായി മുതുവാൻമാർ അധിവസിച്ചിരുന്ന അവരുടെ മണ്ണിൽനിന്നും കൃഷിയിടങ്ങളിൽ നിന്നും വനഭൂമിയിൽനിന്നും അവരെ പറിച്ചു മാറ്റുകയും അപരിചിതമായ ജീവിതവ്യവസ്ഥയും ക്രമവും അടിച്ചേൽപ്പി ക്കുകയും ചെയ്തു. ആദിവാസികളുടെ പുനരധിവാസം എന്ന പേരിൽ രാജ–അധിനിവേശ ഭരണകൂടങ്ങളും പിൽക്കാലത്ത് ജനാധിപത്യഭരണകൂടവും നടപ്പിലാക്കിയത് ഇത്തരം ആഭ്യന്തരകോളനീകരണമായിരുന്നു.

'ഗുണദോഷ വിചിന്തനം ചെയ്ത് മുതുവാൻമാർക്കായി പ്രത്യേകംഭൂമി നീക്കിവെച്ചു, അവരെ അവിടെ കുടിപാർപ്പിച്ചു.' എന്നത്

ഒരുപാട് അർത്ഥതലങ്ങളുള്ള പ്രസ്താവനയാകുന്നത് ഈ സാഹചര്യത്തിലാണ്. ഗോത്രജനതയെ അവർ നൂറ്റാണ്ടുകളായി അധിവസിച്ചിരുന്ന ആവാസവ്യവസ്ഥയിൽനിന്ന് പുറത്താക്കിയ പ്രക്രിയയെയാണ് പുനരധിവാസമായി ലളിതവൽക്കരിക്കുന്നത്. ഭൗതികമായ പ്രവർജനമാണ് (exclution) യഥാർത്ഥത്തിൽ സംഭവിച്ചത്. ഭരണകൂടങ്ങളുടെ പ്രത്യയശാസ്ത്ര പ്രയോഗങ്ങളിലൂടെ കീഴാളജനതയുടെ പ്രവർജനം അധിനിവേശ, ദേശ-രാഷ്ട്ര ചരിത്രത്തിലുടനീളം കാണാം. ഇവിടെ ഭൗതിക പ്രകൃതിയിൽ നിന്നുള്ള അന്യവൽക്കരണവും സംഭവിക്കുന്നു. കാർഷിക കോളനീകരണം എന്നാൽ പരിഷ്കൃതമാക്കൽ, ശാസ്ത്രീയമാക്കൽ, വികസനം എന്നീ പ്രക്രിയയിലൂടെ നിർമാർജനം ചെയ്യപ്പെട്ട ഗിരിവർഗചരിത്രമാണ്. പ്രത്യേകം സെറ്റിൽമെന്റുകളിലേക്ക് മാറ്റിപാർപ്പിക്കുക വഴി തോട്ടം നിർമ്മിക്കാനുദ്ദേശിക്കുന്ന വനസ്ഥലത്തു നിന്ന് ഗോത്രങ്ങളെ അനായാസമായി ഒഴിപ്പിച്ചെടുക്കാൻ തോട്ടം ഉടമകൾക്ക് കഴിഞ്ഞു. മുതുവാൻ ഉൾപ്പെയെയുള്ള ഹൈറേഞ്ചിലെ ഗിരിവർഗങ്ങൾ നിരന്തരമായി നിർമാർജനം ചെയ്യപ്പെടുന്നുണ്ട്. ഈ പ്രക്രിയവഴി സ്വത്വത്തെ അർത്ഥപൂർണമാക്കുന്ന ഘടകങ്ങളാണ് ഗോത്രങ്ങൾക്ക് നഷ്ടമായത്.

അതാകട്ടെ കൃഷിയുടെ മാത്രം അന്യവൽക്കരണമായിരുന്നില്ല. ഗിരിവർഗ്ഗ ജനതയുടെ ആവാസമേഖലകൾ ഒന്നൊന്നായി നിർമാർജനം ചെയ്യപ്പെടുന്നു. കൃഷിക്ക് പുറമെ വേട്ടയാടിയും മൃഗങ്ങളെ കെണിവച്ച് പിടിച്ചും കാട്ടുചോലയിലെ മീൻപിടിച്ചു ഭക്ഷിച്ചുമാണ് ഗിരിവർഗക്കാർ പുലർന്നത്. കാട്ടുതേനും കുന്തിരിക്കവും ഉൾപ്പെയുള്ള ചെറുവന വിഭവങ്ങളായിരുന്നു അവരുടെ 'സാമ്പത്തിക' സ്രോതസ്സ്. ഇത് വിൽക്കുന്നതിനായി അവർ പുറംലോകത്തേയ്ക്ക് സഞ്ചരിക്കുകയോ ആവശ്യമുള്ളവർ കുടിയിലേക്ക് തേടിയെത്തുകയോ ചെയ്തിരുന്നു. കാർഷിക അധിനിവേശം ഈ ജീവശ്രോതസ്സുകളെ ഒന്നൊന്നായി വരുതിയിലാക്കി. അങ്ങനെ ഗിരിവർഗജീവിതത്തെ നിർണ്ണയിക്കുന്ന സാംസ്കാരികാനുഭവങ്ങളുടെ വേരുപിഴുതെടുക്കാൻ അധിനിവേശത്തിന് കഴിഞ്ഞു. വേരുപറിഞ്ഞ ജനതയുടെ അതിജീവനം എത്രമേൽ ദുഷ്കരമായിരുന്നെന്ന് പിൽക്കാല ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

**ആരോഗ്യപരിപാലനത്തിന്റെ പൊരുൾ**

മാംസഭോജികളായിരുന്നെങ്കിലും മാടിന്റെയോ മാനിന്റെയോ മാംസം മുതുവാൻമാർ ഉപയോഗിച്ചിരുന്നില്ല. കാട്ടുതേനീച്ചയുടെ കൂട് ഏറെ ഇഷ്ടപ്പെട്ട വിഭവമായിരുന്നു. (സുലോചന നാലപ്പാട്ട്. 2008: 52). 'ഭക്ഷണപരിഷ്കാര'ങ്ങളിൽ നിന്ന് ഗോത്രങ്ങളുടെ അകലമാണ് ഈ ആത്മകഥാകഥനം സൂചിപ്പിക്കുന്നത്. മുതുവാൻമാരുടെ ലഹരി ഉപയോഗത്തെക്കുറിച്ച് സുലോചനാ നാലപ്പാട് എടുത്തു ചേർത്തിരിക്കുന്ന, ലാപ്പിൻ സായ്പ്പിന്റെ കുറിപ്പ്: "Alcohol of all varieties is also throughly enjoyed. Manu planters on the Eravikulam know og their rapid consumption of the traditionally offered peg of rum; I once gave a muduvan a tot of Dimple Haig whisky and was told that it was very poor stuff!" അധിനിവേശ പരിഷ്കൃതിയുടെ നോട്ടങ്ങളിൽ ഗോത്രജനത എങ്ങനെ അടയാളപ്പെടുന്നു എന്നു കാണിക്കുന്നു. കാട്ടുതേനീച്ചക്കൂട് തിന്നും കാട്ട് ലഹരിയിൽ അഭിരമിച്ചും ഉപയോഗ/പ്രയോഗ ശൂന്യരായ വർഗം എന്ന എക്കാലത്തേയും 'അപരിഷ്കൃത' പരികൽപന ഗോത്രങ്ങൾക്ക് മേൽ ചാർത്തിത്തുടങ്ങുന്നതിന്റെ ആദ്യകാല രേഖപ്പെടലായി ഇത് വായിക്കാം. മദ്യം കൊടുത്തും കുടിപ്പിച്ചും അരങ്ങേറിയ നിരവധി പൊറാട്ടുകളിൽ ഗോത്രമനുഷ്യർ കോമാളികളായിരുന്നു; ഇരകളായിരുന്നു.

കാട്ടിൽ വളരുന്ന കൂന്തപ്പന ചെത്തി കള്ളെടുത്ത് കുടിക്കാറുണ്ട്. ലഹരി ആവശ്യത്തിനാണ് ഇതെടുക്കുന്നത്. കഞ്ചാവും ലഹരിക്കായി ഉപയോഗിക്കും. വളരെ പരിമിതമായിരുന്നു കാടിന്റെ ലഹരി സാധ്യത. ഇവിടേക്ക് മദ്യവും പുകയിലയും കറുപ്പും കഞ്ചാവിന്റെ വിവിധ ഉപയോഗങ്ങളും വന്നുചേരുന്നത് ഇംഗ്ലീഷുകാർക്ക് ഒപ്പമാണ്. ഇംഗ്ലീഷ് തോട്ടം ഉടമകളുടെ ആനന്ദമാർഗ്ഗങ്ങളിൽ ഒന്നായി ആദിവാസി ജീവിതവും കണക്കാക്കപ്പെട്ടു. വന്യമായ നന്മയാൽ പ്രചോദിതമായ ആദിവാസി സംസ്കാരത്തിന്റെ വൈവിധ്യങ്ങളും ബൃഹത്തായ ചരിത്രവും ജനത തന്നെയും നിർവീര്യമാക്കപ്പെടുകയായിരുന്നു. അധിനിവേശത്തിന്റെ പ്രാതിനിധ്യവ്യവസ്ഥക്കുള്ളിൽ ഹൈറേഞ്ചിന്റെ അനുഭവ

ങ്ങളാണ് നിർജീവമാക്കപ്പെട്ടത്. ഒരു സാംസ്കാരികനായാട്ടിൽ കൊല്ലപ്പെട്ട ഇരകളാണ് ഗോത്രമനുഷ്യർ. പിന്നീടുള്ള ആദിവാസി-ഗോത്ര ജീവിതങ്ങൾ നാട്ടുമനുഷ്യരുടെ സഹാനുഭൂതിയെ വിളംബരം ചെയ്യാനുള്ള മ്യൂസിയം കാഴ്ചകളായി പരിണമിക്കുന്നു. ആദിവാസിയുടെ ആരോഗ്യത്തെക്കുറിച്ചുള്ള കോളനിവിചാരം ഈ സഹാനുഭൂതിയുടെ വെളിപാടാണ്.

'നഴ്സിംഗ് ട്രെയിനിങ് ഉണ്ടായിരുന്ന മകൾ ആന്നെറ്റ് മുതുവാൻ കുടികളിൽ പോയി ധാരാളം പേരെ ചികിത്സിക്കുമായിരുന്നുവെന്ന് സ്റ്റീവൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. 1984ൽ ജനറൽ ആസ്പത്രിയിൽ ചീഫ് മെഡിക്കൽ ഓഫീസറായി ചാർജ്ജെടുത്ത കേണൽ (ഡോക്ടർ) ചെറിയാൻ, മുതുവാൻമാർക്കായി ക്യാമ്പുകൾ സംഘടിപ്പിച്ചു' (സുലോചന നാലപ്പാട്ട്. 2008: 50). സഹാനുഭൂതി എങ്ങനെയാണ് അധിനിവേശ ആവിഷ്കാരരൂപങ്ങളിൽ ഒന്നായി മാറുന്നതെന്നാണ് ഈ രോഗ-ആരോഗ്യ സംരക്ഷണപാഠം. കോളനി കാലം മുതൽ 1984വരെയുള്ള സുദീർഘമായൊരു കാലത്തെക്കുറിച്ചുള്ളതാണ് ഈ കുറിപ്പ്. ആരോഗ്യബോധനം, സൗജന്യ പൊതുജനാരോഗ്യം തുടങ്ങിയ സേവനപദ്ധതികൾ അധിനിവേശ ഭരണനിർവഹണത്തിന്റെ ഭാഗമായിരുന്നുവെന്ന് അധിനിവേശാനന്തരപഠനങ്ങൾ തിരിച്ചറിയുന്നുണ്ട് (Biswamoy Pati, Mark Harrison. 2009). ബ്രിട്ടീഷ് അധിനിവേശത്തിൻ കീഴിലാണ് ഇന്ത്യയിൽ പൊതുജനാരോഗ്യപദ്ധതി വ്യാപകമാകുന്നത്. പകർച്ചവ്യാധികളിൽനിന്ന് കോളനിപ്രദേശങ്ങളെ സംരക്ഷിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം. പതിനെട്ടാം ശതകത്തിന്റെ അന്ത്യത്തിൽ ഇന്ത്യൻ നഗരങ്ങളിലുണ്ടായ കോളറ, പ്ലേഗ് ഭീഷണിയെത്തുടർന്ന്, ഇന്ത്യൻതീരങ്ങളിൽനിന്ന് പുറപ്പെടുന്ന കപ്പലുകൾ മറ്റ് രാജ്യങ്ങളുടെ തുറമുഖങ്ങളിൽ പ്രവേശിക്കുന്നത് തടസ്സപ്പെടും എന്ന സാഹചര്യം വന്നപ്പോഴാണ് കൊളോണിയൽ ഭരണകൂടം 'പൊതുജനാരോഗ്യം,' 'ശുചിത്വം' തുടങ്ങിയ ആധികളിൽ പെടുന്നത് (Biswamoy Pati, Mark Harrison.2009). പകർച്ചവ്യാധി തടയുന്നതിനുള്ള വിപുലമായ പദ്ധതികളാണ് കോളനി പ്രദേശങ്ങളിൽ നടപ്പാക്കിയത്. പകർച്ചവ്യാധികളെക്കുറിച്ച് അന്താരാഷ്ട്ര സമൂഹത്തിന്റെ ആശങ്കകളുടെ

സമ്മർദ്ദമാണ് ഇന്ത്യയുടെ ആഭ്യന്തര ശുചിത്വപദ്ധതികളെ നിർണയിച്ചത്. ബ്രിട്ടീഷ് വ്യാപാരവാണിജ്യതാൽപര്യങ്ങളിൽ അധിഷ്ഠിതമായിരുന്നു ഇന്ത്യൻ പൊതുജനാരോഗ്യപദ്ധതി.

കൊൽക്കത്ത, മുംബൈ നഗരങ്ങളിൽ കൃത്യമായ സാനിട്ടേഷൻ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പകർച്ചവ്യാധികൾ കൂടുതലാണെന്നും ഈ തുറമുഖങ്ങളിൽനിന്ന് ചരക്കുമായി എത്തുന്ന ബ്രിട്ടീഷ് കപ്പലുകൾ രോഗാണുക്കളുമായാണ് വരുന്നതെന്നും അതിനാൽ ഈ ചരക്കുകപ്പലുകളെ രാജ്യാതിർത്തിയിൽ പ്രവേശിപ്പിക്കരുതെന്നുമുള്ള പ്രചാരണങ്ങൾ അന്താരാഷ്ട്രതലത്തിൽ ശക്തിപ്പെട്ടു. ഇന്ത്യൻ തുറമുഖനഗരങ്ങളിൽ സാനിട്ടേഷൻ പദ്ധതികൾ നടപ്പാക്കാൻ കോളനി ഭരണകൂടം മുൻകയ്യെടുക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്. ശുചിത്വത്തെക്കുറിച്ചും രോഗാണുവാഹകരെക്കുറിച്ചും കോളനി രാജ്യങ്ങളിലെ പകർച്ചവ്യാധികളെക്കുറിച്ചും ഉയർന്ന അന്താരാഷ്ട്രാ ആശങ്ക, മധ്യ ഏഷ്യയിലെ വ്യാപാര കുത്തക പിടിച്ചെടുക്കുന്നതിനുള്ള അന്താരാഷ്ട്രാമത്സരത്തിന്റെ ഭാഗമായിരുന്നു. ഏഷ്യൻ കോളനി പ്രദേശങ്ങളെ തുരന്നെടുത്ത ഉൽപ്പന്നങ്ങളുമായി പുറപ്പെടുന്ന വ്യാപാര കപ്പലുകൾക്ക് ഇക്കാരണത്താൽ തുറമുഖങ്ങൾ നിഷേധിക്കപ്പെടുമ്പോഴുണ്ടാകുന്ന കൂറ്റൻ നഷ്ടം ഒഴിവാക്കാനാണ് ശുചിത്വനഗരം എന്ന ആശയം ബ്രിട്ടീഷുകാർ നടപ്പാക്കിയത്. സാനിട്ടേഷൻ, രോഗപ്രതിരോധ കുത്തിവെപ്പുകൾ, മരുന്ന്, മരുന്നിൽ അധിഷ്ഠിതമായ ആരോഗ്യവിചാരം എന്നിങ്ങനെ അത് വ്യാപകമാകുന്നു. ബ്രിട്ടീഷ് ഇന്ത്യയിൽ രൂപപ്പെട്ട കൊളോണിയൽ ആരോഗ്യസങ്കൽപത്തിന്റെ നിർവഹണം തന്നെയായിരുന്നു ഇവിടങ്ങളിൽ നടപ്പിലായത്.

ഉൽപാദനമേഖല എന്ന നിലയിൽ കണ്ണൻദേവൻ കുന്നുകളിലെ മനുഷ്യരുടെ ശുചിത്വവും പ്രദേശത്തിന്റെ ശുചിത്വവും രോഗമുക്തിയും രണ്ട് തരത്തിൽ പ്രസക്തമായിരുന്നു. ഒന്ന് വ്യാപാരതാല്പര്യം. രണ്ട്, ബ്രിട്ടീഷുകാർ അവരുടെ നാടിനെതന്നെ ഇവിടെ പുനനിർമ്മിക്കുകയായിരുന്നു. അതിനാൽ അവരുടെ ശുചിത്വ, ആരോഗ്യസങ്കൽപങ്ങൾ അവരുടെ തന്നെ ജീവിതസുരക്ഷയുടെ ഭാഗമായി പ്രാവർത്തികമാ

ക്കേണ്ടതുണ്ടായിരുന്നു. രോഗം, രോഗപ്രതിരോധം, മരുന്ന് എന്നിവ യിലധിഷ്ഠിതമായിരുന്നു ഈ സങ്കൽപനം. വ്യത്യസ്ത നിർവാഹക സംഘങ്ങളുടെ രക്ഷാകർതൃത്വത്തിൽ ആധുനിക വൈദ്യസേവനം ബ്രിട്ടീഷ് ഇന്ത്യയിൽ വ്യാപിക്കുന്നു. സ്റ്റേറ്റിന്റെ മുൻകൈയിലും വിവിധ ചാരിറ്റി സംഘടനകളിലൂടെയും ക്രിസ്ത്യൻ മിഷനറിമാരിലൂടെയും 'പാവങ്ങ'ളുടെ ഇടയിലേക്ക് വൈദ്യസഹായവും മരുന്നുകളും എത്തി ച്ചേർന്നു. സാധാരണ ജനങ്ങളുമായി ഭരണകൂടത്തെ ബന്ധിപ്പിക്കുന്ന ഒരു ഇടനില പ്രവർത്തനമായി ഇത് മാറുന്നുണ്ട്. ഹൈറേഞ്ച് ഉൾപ്പെ ടെയുള്ള കാർഷിക അധിനിവേശ പ്രദേശങ്ങളിലെ ആരോഗ്യപദ്ധതി ക്കായി ഭരണകൂടവും ചാരിറ്റിയും മത പ്രചാരണവും വാണിജ്യ താൽപ ര്യങ്ങളും ഒന്നിക്കുന്നു.

ആധുനിക വൈദ്യശാസ്ത്രത്തിന്റെ വ്യാപനം ഒരേസമയം ഭരണ നിർവഹണപ്രക്രിയയുടെ കണ്ണിയായിത്തീരുന്നു. നാടിന്റെ എല്ലാ ഭാഗ ത്തും ആരോഗ്യസേവനം എത്തിക്കാൻ ഭരണകൂടങ്ങൾക്ക് കഴിയുമാ യിരുന്നില്ല. അത്തരം പ്രദേശങ്ങളിലെ പൊതുജനാരോഗ്യം മുമ്പ് സൂചി പ്പിച്ച ഇടനിലക്കാർ വഴിയാണ് വിതരണം ചെയ്യപ്പെട്ടത്. ഡോക്ടർമാരു ടെയും നഴ്സുമാരുടെയും അഭാവം വലിയതോതിൽ അനുഭവപ്പെട്ടി രുന്നു. അത് പരിഹരിക്കാൻ നഴ്സിങ് പരിശീലനം ലഭിച്ച ആളുകളുടെ സേവനമാണ് ഭരണകൂടം പ്രയോജനപ്പെടുത്തിയത്. അത് ഇവിടെയും സംഭവിക്കുന്നുണ്ട്: 'പകർച്ച രോഗങ്ങളുള്ളപ്പോൾ ഡോക്ടർമാരെ കുടിക ളിലേക്ക് അയയ്ക്കുകയും മുതുവാൻമാരിൽ നിന്ന് കുറച്ചു ചെറുപ്പ ക്കാരെ തെരഞ്ഞെടുത്ത് മൂന്നാറിൽ കൊണ്ടുവന്ന് അത്യാവശ്യം ആരോഗ്യ വിദ്യാഭ്യാസവും ഫസ്റ്റ് എയിഡ് ട്രെയിനിങ്ങും കൊടുക്കുകയും ചെയ്തു.'(സുലോചന നാലപ്പാട്ട്.2008: 50). ഈ ആരോഗ്യപ്രവർത്തനം ഭരണകൂടത്തെയും ഗോത്രങ്ങളെയും ബന്ധിപ്പിക്കുന്ന ഭരണനിർവഹ ണത്തിന്റെ ഇടനിലയാണ്. മരുന്നും ഉപകരണങ്ങളും പണവും ഭരണ കൂടം നൽകും. അത് 'ഫലപ്രദമായി' വിനിയോഗിക്കുകയെന്നതാണ് ഗോത്ര യുവാക്കളുടെ ഉത്തരവാദിത്വം.

തോട്ടങ്ങളുടെ വ്യാപനത്തെത്തുടർന്ന് ഗോത്ര ആവാസവ്യവ സ്ഥയിൽ സംഭവിച്ച കുഴമറിച്ചിലുകളും അവ സൃഷ്ടിച്ച പുതിയ ജീവിത

ക്രമവും വരുത്തിയ സാംസ്കാരികമായ മുറിവുകളെ 'രോഗ'മായാണ് വിലയിരുത്തപ്പെട്ടത്. വിഭവങ്ങളുടെ അഭാവം സൃഷ്ടിച്ച ദാരിദ്ര്യവും അതുമൂലമുണ്ടായ പോഷക കുറവും 'രോഗ'ത്തിന്റെ പരിധിയിൽവന്നു. ആരോഗ്യമെന്നത് ചികിത്സ ആവശ്യമുള്ള ഒരു കാര്യമായാണ് പ്രചരിപ്പിക്കപ്പെട്ടത്. അതുകൊണ്ടുതന്നെ അത് മനുഷ്യരുടെ യഥാർത്ഥ ക്ഷേമത്തെ അഭിസംബോധനയ്തില്ല. നൂറ്റാണ്ടുകളായി ഗോത്രങ്ങൾ തുടർന്നുപോന്ന സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ടതാണ് ആരോഗ്യം. കാടിന്റെ തുറന്ന ജീവിതസ്ഥലത്തുനിന്ന് കോളനികളുടെ (ആദിവാസി സെറ്റിൽമെന്റുകൾ) അടഞ്ഞ ഇടങ്ങളിലേക്ക് അപ്പോഴേക്കും ഗോത്രങ്ങളെ 'പുനരധിവസിപ്പി'ച്ചിരുന്നു. കോളനികൾ ശുചിത്വമില്ലാത്ത ഇടമായും സാംക്രമികരോഗങ്ങൾ വരാൻ സാധ്യതയുള്ള ഇടങ്ങളായുമാണ് അധിനിവേശ 'വൃത്തിബോധം'വിലയിരുത്തിയത്. ബ്രിട്ടീഷ്/വരേണ്യവർഗം കുടുംബസമേതം താമസിക്കുന്ന പ്രദേശങ്ങൾ എന്ന നിലയിൽ ഹൈറേഞ്ചിലെ തോട്ടം ഉടമകളിൽ ഇത് വലിയ ആധി സൃഷ്ടിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള പകർച്ചവ്യാധികൾ തോട്ടം തൊഴിലാളികളിലേക്ക് പടർന്നാൽ ഉൽപാദനമേഖലയിൽ ഉണ്ടായേക്കാവുന്ന പ്രതിസന്ധി അവരെ ഭയപ്പെടുത്തി. തോട്ടം മേഖലയിലെ പൊതുജനാരോഗ്യ പരിപാലനം ഈ 'ആധികളുടെ' അനന്തരഫലമായിരുന്നു.

### വർഗീകരണവും കുടിയിരുത്തലും

കുടികൾ കോളനികളായും വനം തോട്ടങ്ങളായും മാറുകയും വനസംരക്ഷണനിയമം നിലവിൽ വരുകയും ചെയ്യുന്നതോടെ ഗോത്രങ്ങളുടെ ഉപജീവനമാർഗം അടഞ്ഞുപോകുന്നു. ഭൂമി ഇല്ലാതായതോടെ വിപുലവും വ്യത്യസ്തവും ജൈവവുമായിരുന്ന കാർഷിക സ്മരണകൾ അന്യംനിന്നുപോകുന്നു. അതോടെ അതിജീവനത്തിനായി 'നാണയ' വ്യവസ്ഥയുടെ വിനിമയക്രമത്തിലേക്ക് മാറാൻ അവർ നിർബന്ധിതരായി. ഭക്ഷണസാധനങ്ങൾ വിലകൊടുത്ത് വാങ്ങേണ്ടിവരുന്ന അവസ്ഥ. അധ്വാനം സമം കൂലി എന്നതിലേയ്ക്ക് ജീവിതം മാറ്റപ്പെട്ടു. കൊളോണിയൽ ഭരണനിർവഹണം ഗോത്രശരീരങ്ങളെ

മെരുക്കിയെടുത്തത് വിപുലവും ആസൂത്രിതവുമായ ഒരു സാംസ്കാരിക നായാട്ടിലൂടെയാണെന്ന് കാണാം. എല്ലാത്തരം അറിവുകളെയും ജീവിതാനുഭവങ്ങളെയും നിമ്മാർജനം ചെയ്യുന്നതിലൂടെ 'പ്രയോഗശേഷിയില്ലാത്ത' ജനതയായി ഗോത്രസമൂഹങ്ങളെ മാറ്റിത്തീർക്കാൻ അധിനിവേശത്തിന് കഴിയുന്നു.

അധിനിവേശത്തിന്റെ തുടർച്ചയായിരുന്നു വനസംരക്ഷണ നിയമം. ഗോത്ര ആവാസമേഖലയിൽ ഭരണകൂടത്തിന്റെ നേരിട്ടുള്ള ഇടപെടലും കാര്യനിർവഹണവും ഇതിലൂടെ സാധ്യമായി. വനം സ്റ്റേറ്റിന്റെ സ്വത്തായി നിർവചിക്കുകയാണ് വനസംരക്ഷണനിയമത്തിന്റെ കാതൽ. അപ്പോഴേക്കും വനേതര ഭൂമി ഏറെക്കുറെ ബ്രിട്ടീഷ്–തദ്ദേശീയ തോട്ടമുടമകളുടെ കൈകളിലായി കഴിഞ്ഞിരുന്നു. ശേഷിക്കുന്ന ഭൂമി ഭരണകൂടത്തിൽ നിഷിപ്തമാക്കുന്നതോടെ ഗോത്രജനത ഭൂരഹിതരായിത്തീർന്നു. പിന്നീടുള്ള അവരുടെ ജീവിതം ഭരണകൂടത്തിന്റെ ഔദാര്യമായും ആദിവാസി ക്ഷേമപ്രവർത്തനമായും തീരുന്നു.

വനനിയമം പ്രാബല്യത്തിൽ വരുകയും വനഭൂമി സ്റ്റേറ്റിന്റെ അധീനതയിലാവുകയും ചെയ്ത സാഹചര്യത്തിൽ വനത്തിൽ കൃഷി നടത്തുകയും ജീവിതാവശ്യങ്ങൾക്കായി വനവിഭവങ്ങൾ ഉപയോഗിക്കുകയും ചെയ്തിരുന്ന ജനവിഭാഗങ്ങൾക്ക് ഭരണകൂടം ചില പ്രത്യേക ഇളവുകൾ നൽകുന്നുണ്ട്. അതിനുപകരമായി കാട്ടിൽനിന്നു ശേഖരിക്കുന്ന ആനക്കൊമ്പ്, കുന്തിരിക്കം, തേൻ തുടങ്ങിയ വിഭവങ്ങൾ അവർ തിരുവിതാംകൂർ ഭരണകൂടത്തിന് നൽകേണ്ടിവന്നു[13]. പ്രത്യക്ഷത്തിൽ നിർദ്ദോഷമെന്ന് തോന്നാവുന്ന 'ഈ കാഴ്ച' പിരിവ് യഥാർത്ഥത്തിൽ സ്റ്റേറ്റിന്റെ വനഭൂമി 'സൗജന്യമായി' ഉപയോഗിക്കുന്നതിന് പകരം ഈടാക്കിയിരുന്ന ഒരുതരം പാട്ടമോ/നികുതിയോ ആയിരുന്നു. വനഭൂമിയിൽ സ്വതന്ത്രരായിരി കഴിഞ്ഞിരുന്ന ഒരു ജനവിഭാഗത്തെ രാജാവിന്റെ വിധേയത്വമുള്ള പ്രജകളാക്കി രൂപാന്തരപ്പെടുത്തുന്നതിന്റെ ഭാഗമായിരുന്നു കാഴ്ചപിരിക്കൽ.

വനത്തിനുള്ളിൽ പാർക്കുന്ന മുഴുവൻ ആദിവാസികളുടെയും എണ്ണവും വിവരങ്ങളും അതത് ഫോറസ്റ്റ് ഡിവിഷനുകളിൽ രജിസ്റ്റർ

ചെയ്യണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തു. അതിനായി വർഷ ത്തിൽ ഒരിക്കൽ ഊര് മൂപ്പൻമാർ വനം വകുപ്പ് അധികാരികളുടെ മുമ്പാകെ ഹാജരാകണം. എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും മൂപ്പൻമാർ ഈ ഉത്തരവ് ലംഘിക്കാൻ ഇടവന്നാൽ അതത് ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർക്ക് നേരിട്ട് ഇടപെട്ട് മൂപ്പനെ നീക്കി ഊരിലെ മുതിർന്ന മറ്റൊരാളെ ആ സ്ഥാനത്ത് നിയമിക്കുന്നതിനും വ്യവസ്ഥയു ണ്ടായിരുന്നതായി തിരുവിതാംകൂർ ഫോറസ്റ്റ് മാനുവലിൽ പറയുന്നു (Travancore Forest Manual 1917: 133). തിരുവിതാകുറിലെ മുഴുവൻ ആദിവാസികളെയും ബാധിക്കുന്നതായിരുന്നു ഈ നിയമം. ഗോത്ര വഴക്കങ്ങളും പിന്തുടർച്ചകളും പൂർണമായും റദ്ദ് ചെയ്യപ്പെടുകയോ സ്റ്റേറ്റിന് വിധേയപ്പെടുകയോ ചെയ്തു. ഒരു ജനത എന്ന നിലയിൽ ഗോത്രങ്ങൾക്ക് അവരുടെ ഭാഗധേയം നിർണയിക്കാനുള്ള അവകാശം ഭരണകൂടത്തിന് വിധേയമാക്കി. അതോടെ ഊരുമൂപ്പൻമാരുടെ അധി കാരവും അവസ്ഥയും മാറി. സ്റ്റേറ്റിന്റെ അധികാരത്തെ പ്രജകളുമായി കണ്ണിചേർക്കുന്ന ഇടനിലക്കാരൻ, അഥവാ ഭരണകൂട പ്രതിനിധി എന്ന നിലയിലേക്ക് മൂപ്പൻമാർ മാറുന്നു. ഹൈറേഞ്ചിലെ ഗിരിവർഗക്കാരെ ഇത് രണ്ടുതരത്തിലാണ് ബാധിച്ചത്. കാട്ടിൽ അധിവസിച്ചിരുന്നവർ സ്റ്റേറ്റിന്റെ അധീനതയിലും തോട്ടഭൂമിയിൽ കുടിപാർത്തവർ ഒരേസ മയം സ്റ്റേറ്റിന്റെയും അധിനിവേശ തോട്ടം ഉടമകളുടെ ഭരണത്തിന്റെയും ഇരട്ട അടിമത്തത്തിനു കീഴിലുമായി.

**കോളനിക്കുള്ളിലെ കോളനികൾ**

ആധുനികതയിലേക്കും വികസനത്തിലേക്കുമുള്ള കുതിപ്പിൽ പിന്തള്ളപ്പെടുകയും ഒറ്റപ്പെടുകയും ചെയ്യുന്ന ജനവിഭാഗമാണ് ആദി വാസികൾ. അവികസിത പ്രദേശങ്ങളിലെ സാമൂഹിക, സാമ്പത്തിക, സാംസ്കാരികമാറ്റങ്ങൾ നാഗരിക-ഭരണകൂട സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടക്കേണ്ടതാണെന്ന ധാരണയാണ് പൊതുവിൽ നിലനിൽക്കുന്നത്. ആദിവാസികൾ രാഷ്ട്രീയമായും സാമ്പത്തികമായും സാംസ്കാരികമായും ബൗദ്ധികമായും പ്രയോഗശേഷിയില്ലാത്തവ രാണ് എന്നതാണ് ഈ ധാരണയുടെ കാതൽ. ആദിമ ഗോത്രമനു ഷ്യർക്ക് സാമൂഹ്യഘടനയിലും ഉൽപാദനരീതികളിലും സംവേദന

മാതൃകകളിലും സാമ്പത്തിക ആസൂത്രണത്തിലും കർതൃസ്ഥാനം വഹിക്കാൻ ആവില്ലെന്ന അധിനിവേശചിന്ത, അവരെ നിരന്തരം നിർണ യിക്കുന്നതിലേക്കും ക്രമപ്പെടുത്തുന്നതിലേക്കും ചെന്നെത്തുന്നു. വികസനം, പുരോഗതി എന്നീ പുത്തൻ കൊളോണിയൽ ധാരണകൾ ഗോത്രങ്ങളെ വിപണി അധിഷ്ഠിതമായ ആധുനിക ക്രമത്തിലേക്ക് തള്ളിവിട്ടു. വനംവകുപ്പ് ഉദ്യോഗസ്ഥരും സമതലങ്ങളിൽ നിന്നെത്തുന്ന കച്ചവടക്കാരും തോട്ടം ഉടമകളും കങ്കാണിമാരും ഈ വികസന പ്രക്രിയയിൽ ഇടനിലക്കാരായി.

തദ്ദേശജനതയെ പഠിക്കുന്നതിനും വർഗീകരിച്ച് ഭരണനിർവഹ ണത്തിലേക്ക് ക്രമീകരിക്കുന്നതിലും എത്നോഗ്രഫി അഥവാ വംശീയ പഠനം വലിയ പങ്കുവഹിക്കുന്നുണ്ട്. വംശീയപഠനം കൊളോണിയൽ വ്യാപനവുമായി ബന്ധപ്പെട്ട് രൂപംകൊണ്ട വിജ്ഞാനശാഖയാണ്. അധിനിവേശ പ്രദേശത്തെ മനുഷ്യരെക്കുറിച്ചുള്ള പഠനവും അവയുടെ വർഗീകരണവും അവരെ ഭരിക്കുന്നതിനും വിക്ടോറിയൻ സംസ് കാര-സദാചാര-ജ്ഞാനപദ്ധതിയിലൂടെ ക്രമപ്പെടുത്തുന്നതിനുള്ള തന്ത്രപ്രധാന വിജ്ഞാനപദ്ധതിയായിരുന്നു. കോളനി പ്രദേശങ്ങളിൽ മൊത്തത്തിലും ആദിവാസി ഗോത്ര മേഖലകളിൽ സവിശേഷമായും ഇതിന്റെ പ്രയോഗം കാണാം. അധിനിവേശപ്രക്രിയയെ പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതായിരുന്നു എത്നോഗ്രാഫർമാർമാരുടെയും ബ്രിട്ടീഷ് തോട്ടമുടമകളുടെയും വനപാലകരുടെയും സ്റ്റേറ്റിന്റെയും സംഘടിത മായ ഇടപെടലുകൾ.[14] 'വാൾട്ടർ മക്കേ, ജയിംസ് ഫിൻലെയിൻ പഴയകാലത്തെ വളരെ സീനിയറായ ഉദ്യോഗസ്ഥരായിരുന്നു. 1955ൽ രാജ്യത്തെ മൊത്തം ഷെഡ്യൂൾഡ് ക്ലാസ്-ഷെഡ്യൂൾ ട്രൈബുകളുടെ വിവരശേഖരണത്തിനായി ഓരോ സംസ്ഥാനത്തും കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു. കേരളത്തിന്റെ കമ്മിറ്റിയിൽ അംഗമായിരുന്നു മക്കേ സായിപ്പ്. ഒരു വലിയ സംഘം മുതുവാൻമാരെ മാങ്കുളത്തെ കോളനി യിൽ താമസിപ്പിക്കുന്നതിൽ കാര്യമായ പങ്ക് അദ്ദേഹം വഹിച്ചു. പന്നി യാറിലെ കോളനിയിൽ ഗിരിവർഗക്കാരെ അധിവസിപ്പിച്ചതും മക്കേ യുടെ നേതൃത്വത്തിൽ തന്നെയായിരുന്നു. വർഷങ്ങൾക്ക് ശേഷം ആനയിറങ്കൽ ഡാം വന്നപ്പോൾ പന്നിയാർ മുതുവാൻമാരുടെ ഭൂമി

വെള്ളത്തിനടിയിലായി. അവരുടെ പുനരധിവാസത്തിന് വേറെ ഭൂമി ലഭിക്കാനായി പരിശ്രമിച്ച ആളായിരുന്നു അന്നത്തെ കണ്ണൻദേവൻ ജനറൽ മാനേജർ ജോർജ്ജ് സൂട്ടർ' (സുലോചന നാലപ്പാട്ട്. 2008: 50). തോട്ടമുടമകളും സ്റ്റേറ്റും എത്നോഗ്രാഫർമാരും ചേരുന്ന അധികാര ചങ്ങല ഗോത്രജീവിതങ്ങളെ അവർക്ക് അനുകൂലമായി എങ്ങനെ ക്രമപ്പെടുത്തി എന്നതിന്റെ ഉദാഹരണമാണിത്. കൊളോണിയൽ എത് നോഗ്രഫിയും സ്റ്റേറ്റിന്റെ ഓദ്യോഗിക വംശീയവിവരശേഖരണവും ഒരേ ആശയപദ്ധതിയാണ് പിൻപറ്റിയത്. തിരുവിതാംകൂർ എത് നോഗ്രഫി സർവേ ഓഫീസർ ഇൻ ചാർജ്ജായിരുന്ന എൽ. എ. കൃഷ്ണ അയ്യർ തയ്യാറാക്കിയ 'ദ ട്രാവൻകൂർ ട്രൈബ്സ് ആന്റ് കാസ്റ്റ്' 1941ൽ തിരുവനന്തപുരം സർക്കാർ വക പ്രസിൽനിന്നാണ് പ്രസിദ്ധീകച്ചത്. കോളനികളിലെ അധികാരവ്യാപനം ലക്ഷ്യംവെച്ച്, അവിടുത്തെ ജന ങ്ങളെ വംശങ്ങളായും വർഗങ്ങളായും തരംതിരിച്ച് വിവരശേഖരണം നടത്തി, സാമൂഹിക സാംസ്കാരിക അവസ്ഥകളെക്കുറിച്ച് പഠിക്കുന്ന കൊളോണിയൽ എത്നോഗ്രഫിയുടെ ചുവടുപിടിച്ചാണ് കൃഷ്ണ അയ്യർ തിരുവിതാകൂറിലെ ഗോത്രവർഗങ്ങളെക്കുറിച്ചുള്ള വിവരശേ ഖരണം നടത്തിയത് (Krishna Iyer, L. A, 1941: 59). സംസ് കാരത്തെയും വികസനത്തെയും മനുഷ്യത്വത്തെപ്പറ്റിയുമുള്ള അധിനി വേശ ധാരണകളാണ് പുനരുൽപാദിപ്പിക്കപ്പെട്ടതെന്നർത്ഥം. ഗോത്രജന തയെ കാട്ടിൽനിന്നും തോട്ടവിള പ്രദേശത്ത് നിന്നും മാറ്റിപ്പാർപ്പിക്കുന്ന ആഭ്യന്തര കോളനിവൽക്കരണത്തിന് സാധുത നൽകിയത് ഈ 'ആധികാരിക' വിവരങ്ങളാണ്. പ്രത്യേക സംരക്ഷണം അർഹിക്കുന്ന സംസ്കാരത്തിന്റെ അങ്ങേയറ്റത്തുള്ള (primitive) ജനതയായി (aborignes) ഗോത്രങ്ങൾ. തോട്ടം ഉടമകളുടെ കടന്നുവരവോടുകൂടി തിരുവികതാകൂറിൽ പലമേഖലകളിലും ഗോത്രഭൂമി വലിയ മാറ്റങ്ങൾ വിധേയമാക്കപ്പെട്ടതായും ചില പ്രദേശങ്ങളിൽനിന്നും ബലപ്രയോഗ ത്തിലൂടെ ആദിമനിവാസികളെ പുറത്താക്കിയതായും എം. അമൃതിന്റെ പഠനം (Amruth. M. (2008). Changing Regimes of Forest Management, Institutional Changes and Modes of Participation in the Western Ghats of Kerala.) ചൂണ്ടിക്കാട്ടുന്നുണ്ട്. തിരുവിതാംകൂറിലെ ഒരു പ്രധാന

ആദിവാസി വിഭാഗമായ കാണിക്കാരെ തോട്ടക്കാർ താഴ്വാരങ്ങളിൽ നിന്ന് താഴ്വാരങ്ങളിലേക്ക് ആട്ടിയോടിച്ചതിനെക്കുറിച്ച് ഒരു ഇംഗ്ലീഷ് മിഷനറി പ്രവർത്തകന്റെ വിവരണം ഈ പഠനത്തിൽ എടുത്ത് ചേർത്തിരിക്കുന്നു[15]. മുതുവാസമുദായത്തിന്റെ അനുഭവം ഇതിൽനിന്ന് ഭിന്നമല്ല. വനസ്ഥലത്തിന്റെ അധിപരായിരുന്ന ഒരു വലിയ സംഘം മുതുവാൻമാരെയാണ് 'മാങ്കുളത്തെ കോളനിയിൽ താമസിപ്പിക്കുന്ന'ത്. 'പന്നിയാറിലെ കോളനിയിൽ ഗിരിവർഗക്കാരെ അധിവസിപ്പിച്ചതും' 'ആനയിറങ്കൽ ഡാം വന്നപ്പോൾ പന്നിയാർ മുതുവരുടെ ഭൂമി വെള്ളത്തിനടിയിലായ'തും തുടർന്ന് അവരുടെ പുനരധിവാസത്തിന് വേറെ ഭൂമി ലഭിക്കാനായി പരിശ്രമിച്ച'തുമൊന്നും കാണിക്കാരുടെ അനുഭവത്തിൽ നിന്ന് വ്യത്യസ്തമാകുന്നില്ല. കുടിയിറക്കലിന്റെയും പലായനത്തിന്റെയും പീഡാത്മകചരിത്രമാണ് 'പുനരധിവാസ, ക്ഷേമ പ്രവർത്തന'മായി ചിത്രീകരിച്ചിരിക്കുന്നത്. ജനസംഖ്യാവിവരശേഖരണം, പ്രത്യേകം ഭൂമി നീക്കിവെച്ച് കുടിപാർപ്പിക്കൽ, കോളനീകരിക്കൽ എന്നിങ്ങനെ കൃത്യമായ അധിനിവേശ അധികാരപദ്ധതിയുടെ നിർവഹണമാണ് മുതുവാൻമാർക്കുമേൽ നടപ്പാക്കിയത്. ഒരിടത്ത് സ്ഥിരതാമസമാക്കുന്നതോടെ അവരുടെ അധ്വാനത്തെ തോട്ടങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. ജീവസന്ധാരണത്തിനുള്ള ഗോത്രമാർഗങ്ങൾ അടയുന്നതോടെ അധിനിവേശ ശക്തികൾക്ക് വിധേയപ്പെടാൻ ഇവർ നിർബന്ധിതരാവുകയായിരുന്നു.

അധികാരവും അറിവും സാങ്കേതികജ്ഞാനവും മാനേജ്മെന്റ് വൈദഗ്ധ്യവും അധികാര വ്യാപനത്തിനുള്ള ഉപകരണങ്ങളായി തീരുന്നതാണ് അധിനിവേശചരിത്രം. ഗിരിവർഗമനുഷ്യരുടെ ഗോത്രഘടനയെ അതേപടി പുനരധിവസിപ്പിക്കുന്നുവെന്ന തോന്നലുണ്ടാക്കിക്കൊണ്ടാണ് കോളനികൾ നിർമ്മിക്കപ്പെട്ടത്. അയഞ്ഞതും ശിഥിലവുമായിരുന്ന ജീവിത സംസ്കാരത്തെ സംഘടിതമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഗ്രാമങ്ങളും കോളനികളും സ്ഥാപിച്ചത്. ആദിവാസി സെറ്റിൽമെന്റുകൾ ആദിവാസി ശരീരങ്ങളുടെ ചലനസ്വാതന്ത്ര്യത്തെയാണ് വരുധിയിലാക്കുന്നത്. അവരുടെ അധ്വാനത്തെ, ശാരീരികക്ഷമതയെ വരുതിയിലാക്കാനും ഇതുമൂലം സാധിച്ചു. ഗോത്രജന

തയുടെ ഭൗതികമായ ചലനാത്മകതയെ തളച്ചിടുകയായിരുന്നു അത്. ഭൂമിയിൻമേലുള്ള 'അതിരില്ലാത്ത' അവകാശത്തെ ഗ്രാമത്തിന്റെ/ കോളനിയുടെ/സ്ഥിരസ്വഭാവമുള്ള വീടിന്റെ അതിരിൽ തളച്ചിട്ടു. തുറന്നതും വിശാലവുമായ വനസ്ഥലമെന്ന പൊതു ഇടത്തിൽനിന്ന് ഇടുങ്ങിയതും സ്ഥിരവുമായ കോളനിയിലേക്ക് മാറ്റപ്പെടുന്നു. ഒപ്പം വീടിന്/കോളനിക്ക് പുറത്തുള്ളസ്ഥലം (തോട്ടങ്ങൾ) 'പൊതു' ഇടം അല്ലാതായി. തോട്ടങ്ങളെന്നാൽ അതിവിശാലമായ 'സ്വകാര്യ' ഇടങ്ങളാണ്. ഇത് ഗോത്രജനതയുടെ ശരീരവിനിമയ ശേഷിയെ പൂർണ്ണമായും വിലക്കുന്ന അധികാരവേലികളായി. സ്വയം സമ്പൂർണമായ വനസ്ഥലത്ത് നിന്നും കാർഷികസാംസ്കാരിക അവസ്ഥയിൽനിന്നും ഭരണകൂടനിർമ്മിതമായ കോളനികളിലേക്കുള്ള മാറ്റം സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ഗോത്രങ്ങളെ നിശ്ചലമാക്കി. ഗോത്രങ്ങൾക്കുമേൽ ഒരു പുതിയ ജീവിതക്രമം നിർദ്ദേശിക്കപ്പെട്ടു.

**വിധിവിലാപങ്ങളുടെ പാട്ടുരേഖകൾ**

മുതുവാഭാഷയ്ക്ക് ലിപിയില്ല. നൂറ്റാണ്ടുകളുടെ ജീവചരിത്രമുള്ള മുതുവാഗോത്രത്തിന്റെ അക്ഷര പ്രവേശനത്തിന് ഏതാനും വർഷങ്ങൾക്കപ്പുറം ചരിത്രമില്ല. തമിഴ്, മലയാളം ഭാഷകളാണ് അവർ എഴുത്തിന് ഉപയോഗിക്കുന്നത്. ഈ അന്യഭാഷാസാക്ഷരർ തന്നെ ന്യൂനപക്ഷമാണ്. മുതുവാഗോത്രത്തെക്കുറിച്ചുള്ള ലിഖിതവിവരങ്ങൾ ഏറെയുള്ളത് ഇംഗ്ലീഷ്, മലയാളം, തമിഴ് ഭാഷകളിലാണ്. ബ്രിട്ടീഷ് കാർഷിക രചനകളുടെ കാലത്തിനപ്പുറം അതും ലഭ്യമല്ല. മുതുവാഗോത്രത്തിലെ ബഹുഭൂരിപക്ഷവും ഇന്നും പുലരുന്നത് വാമൊഴിയിലാണ്. നിലവിളികളും സഹനങ്ങളും അരിച്ചെടുത്ത താരതമ്യേന സുഖപ്രദമായ, ശുചീകരിക്കപ്പെട്ട ചരിത്രവ്യവഹാരങ്ങളെ മറികടക്കുന്ന ആഖ്യാനമായി ചിലപ്പോൾ വാമൊഴിമാറുന്നു. മരണത്തിന്റെയോ വിരഹത്തിന്റെയോ ഒരു സന്ദർഭത്തെ ആവിഷ്കരിച്ചുകൊണ്ട് അത് ചിലപ്പോൾ വ്യവസ്ഥാപിത ചരിത്രത്തിന്റെ അതിരുകളിൽ അമർന്നുപോയ ശബ്ദങ്ങളെ പുനരാനയിക്കുന്നു. ചരിത്രവും ഓർമ്മയും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ സവിശേഷസന്ദർഭം എന്നനിലയിലാണ് മുതുവാവാമൊഴി

സന്നിഹിതമാകുന്നത്. ലിഖിത പാഠങ്ങളുടെ ചെറുകാലത്തെ അതിലം ഘിക്കുന്ന ദശകങ്ങളുടെ സാംസ്കാരിക ചരിത്രമാണ് ഈ വാമൊഴി പാട്ടുകൾ. അധിനിവേശത്തോട് കലഹിക്കുന്ന മുതുവാമനസ്സിന്റെ പ്രതിഫലനമായും വാമൊഴി സമരരൂപംകൈക്കൊള്ളുന്നു.

'ഒറനാട്ടുകറിമ്പേ[16] കറിമ്പേ ഓറാലായിരമേ[17]
നമ്മനാട്ടുകറിമ്പേ കറിമ്പേ ഓറടി കപ്പലിലേ[18]
കപ്പലൊരുകാതം[19] പറങ്കി കടലി[20] മുക്കാതോ[21]
കപ്പസട്ടി[22] മകനെ മകനെ എപ്പ വറുവാളോ[23]
എണ്ണത്തല മുളികി[24] ശികുന്താലാന്താർ[25] പൊട്ടുകുത്തി
വർണ്ണക്കാൽ കൊലുസ്[26] ശികുന്താ വാറാറു[27]ശുത്തമ്മക്ക[28]

വാമൊഴിയായി പകർന്നുപോന്ന പാട്ടുകളിലൊന്നാണിത്. തന്റെ കാമുകന്റെ സുരക്ഷയെക്കുറിച്ചോർത്ത് ഉത്കണ്ഠപ്പെടുന്ന പെൺ കുട്ടിയാണ് പാട്ടുകാരി. കരിമ്പ് വെട്ടി കപ്പലിൽ കയറ്റാൻ നേതൃത്വം കൊടുത്ത ശേഷം അത് വിൽക്കാനായി കൂടെ പോകുന്ന കാമുകനെ പറങ്കികൾ കടലിൽ മുക്കുമോ (മുങ്ങുമോ) എന്നും കാമുകൻ എപ്പോൾ തിരിച്ചുവരുമെന്നുമുള്ള ആശങ്കയാണ് പാട്ടിന്റെ സന്ദർഭം. എന്നാൽ, പറങ്കി കപ്പൽ കടലിൽ മുങ്ങുമോ എന്ന ആശങ്കയാണെന്നും മുക്കുമോ എന്ന സന്ദേഹമില്ലെന്നും പാട്ടിന്റെ അർത്ഥത്തെ സംബന്ധിച്ച് തർക്ക മുണ്ട്. കൂടെപോകുന്ന കാമുകൻ കപ്പിത്താന്റെ മകനാണെന്നും സുമുഖ നാണെന്നും അവളുടെ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്നു (ചന്ദ്ര മോഹനൻ, എസ്. ആർ. 2012: 64). 'കപ്പസെട്ടി മകനേ മകനേ' എന്നതിന് കപ്പിത്താന്റെ മകൻ എന്ന് അർത്ഥം കൽപ്പിക്കുകയാണ് ഇവിടെ ചെയ്തി രിക്കുന്നത്. എന്നാൽ കരിമ്പു വ്യാപാരത്തിന് പറങ്കികൾക്കൊപ്പം പോയ കാമുകനെക്കുറിച്ചുള്ള കാമുകിയുടെ വിചാരങ്ങളാവാനേതരമുള്ളു. ഇതിൽ പരാമർശിക്കുന്ന പറങ്കികൾ പതിനഞ്ചാം ശതകം മുതൽ കേരളവുമായി വ്യാപാരബന്ധമുണ്ടായിരുന്ന പോർച്ചുഗീസുകാരാ വണം. സമ്പന്നമായിരുന്ന ഒരു കാർഷിക ജീവിതത്തിന്റെയും വാണിജ്യ ബന്ധത്തിന്റെയും സൂചനകൾ ഈ പാട്ടിൽ വായിച്ചെടുക്കാം. വിദേ ശികൾ കരിമ്പും ശർക്കരയും വ്യാപാരം നടത്തിയിരുന്നതിനെക്കുറിച്ച്

സൂചനകൾ ലഭ്യമാണ്. എന്നാൽ, മുതുവാൻമാർക്ക് നേരിട്ട് ഇത്തരം വ്യാപാര വാണിജ്യബന്ധങ്ങൾ ഉണ്ടായിരുന്നു എന്നതിന് തെളിവൊന്നുമില്ല. ഇടനിലക്കാർ വഴിയോ വിദേശികൾ നേരിട്ടോ ഇവരിൽനിന്ന് വനവിഭവങ്ങളും കരിമ്പും ശേഖരിച്ചിരിക്കാനുള്ള സാധ്യതയുണ്ട്. അവരിൽനിന്ന് കേട്ടറിയുന്ന കഥകളിലെ കടലും കപ്പലും കടൽ യാത്രകളുമാവണം പാട്ടിൽ പ്രതിഫലിക്കുന്നത്.

വിദേശികളുമായി ഏതെങ്കിലും തരത്തിലുള്ള വ്യാപാരബന്ധം പുലർത്തിയവരായിരുന്നു മുതുവാൻമാർ എന്നുപറയാൻ ലഭ്യമായ തെളിവുകൾ ഒന്നുമില്ല. ചന്ദനം, അകിൽ തുടങ്ങിയ സുഗന്ധ വൃക്ഷങ്ങൾ വളർന്നിരുന്നത് സഹ്യപർവതനിരകളിലായിരുന്നു. ആരാധനാവശ്യങ്ങൾക്കായി ഇവ നാട്ടിൽ ഉപയോഗിച്ചിരുന്നതിന് തെളിവുകളുണ്ട്. ദക്ഷിണേന്ത്യയിൽനിന്ന് ലഭിച്ചിട്ടുള്ള ലിഖിതങ്ങളിൽ ക്ഷേത്രാവശ്യങ്ങൾക്കായി ചന്ദനം ധാരാളമായി ഉപയോഗിച്ചതിന് തെളിവുണ്ട്. തിരുവല്ല ചെപ്പേടുകളിൽ അകിൽ, ചന്ദനം, നെല്ല് എന്നിവ തമ്മിലുള്ള ഒരു വിനിമയത്തിന്റെ നിരക്ക് ലഭ്യമാണ്. മധ്യകാല ചമ്പുക്കളിലും സന്ദേശകാവ്യങ്ങളിലുമുള്ള വർണനകളിൽ അകിൽ, ചന്ദനങ്ങൾ അങ്ങാടിച്ചരക്കായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഇതിനുപുറമെ ആനക്കൊമ്പ്, തേൻ, കുന്തിരിക്കം, പലതരം ഔഷധങ്ങൾ എന്നിവയും വനവിഭങ്ങളുടെ കൂട്ടത്തിൽപ്പെടുന്നു. വിപണിയിലെ കൈമാറ്റച്ചരക്കായി തന്നെയാണ് ഇവ ശേഖരിക്കപ്പെട്ടത് (രാജൻഗുരുക്കൾ, രാഘവവാര്യർ. 2011). കിഴക്കൻ മലയോരമേഖലയിൽ സംഘടിതമായ ഒരു കാർഷികസംസ്കാരം നിലനിന്നിരുന്നതായി തെളിവുകളില്ല. എന്നാൽ, കാട്ടിലെ കൃഷിയും വനവിഭവങ്ങളുടെ ശേഖരണവും ജീവനോപാധിയായി കണ്ടിരുന്നവരാണ് ഇവിടെ അധിവസിച്ചിരുന്ന ഗിരിവർഗക്കാർ. അവരിൽനിന്ന് ഇടനിലക്കാർ വഴിയോ, കച്ചവടക്കാർ നേരിട്ടോ വിഭവങ്ങൾ വാങ്ങിയിരിക്കാനുള്ള സാധ്യതയുണ്ട്. ഇതിനർത്ഥം മുതുവാൻ സുദായം പുറംലോകവുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ടുനിന്ന ഒരു ഗോത്രമായിരുന്നില്ല എന്നാണ്. കാടിന് പുറത്തേക്ക് അവർ യാത്ര ചെയ്യുകയും മറ്റ് സമൂഹങ്ങളുമായി ഇടപഴകുകയും ചെയ്തിരുന്നു എന്നതിന് സാക്ഷ്യങ്ങളുണ്ട്. ജെ. ഡി. മൺറോയുടെ 'ഹൈറേഞ്ചസ് ഓഫ് ട്രാവൻകൂറി'ൽ മുതുവാ

പുരുഷൻമാർ ശരീരം പൂർണമായും മറയ്ക്കുന്ന വസ്ത്രം ധരിക്കുന്നവരും തലപ്പാവ് അണിയുന്നവരുമാണ് എന്ന് പരാമർശിക്കുന്നുണ്ട്. മുതുവാസ്ത്രീകൾ വളരെ ആഭരണം ധരിക്കുന്നവരുമാണെന്നും പരാമർശിക്കുന്നു. വിലകുറഞ്ഞ മധുര ആഭരണങ്ങളാണ് അവർ അണിയുന്നതെന്നും പറയുന്നുണ്ട്. 1880ലാണ് ഹൈറേഞ്ചസ് ഓഫ് ട്രാവൻകൂർ എഴുതപ്പെട്ടത്. അതായത് പത്തൊമ്പതാം ശതകത്തിന്റെ അന്ത്യത്തിൽ രേഖപ്പെടുന്ന വിവരങ്ങൾ അനുസരിച്ച് മുതുവാ സമൂഹം അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്കായി യാത്ര ചെയ്യുന്നവരും വ്യാപാരങ്ങളിൽ ഏർപ്പെട്ടിരുന്നവരുമാണെന്ന് മനസ്സിലാക്കാം. ഈ യാത്രകളിൽ എവിടെവച്ചെങ്കിലും തങ്ങളുടെ പുരുഷൻമാർ ചതിക്കപ്പെട്ടേക്കാം എന്നൊരാശങ്ക മുതുവാ സ്ത്രീകൾക്കുണ്ടായിരുന്നു. സ്ത്രീകളിലേക്കും അവരുടെ സ്വകാര്യമായ പാട്ടുകളിലേക്കും അതിന്റെ കൂട്ടായ ആവിഷ്കാരങ്ങളിലേക്കും പകരുന്ന പാട്ടുകൾ ആ സമൂഹം പങ്കിട്ടിരുന്ന ഭയത്തിന്റെ സൂചനയായി തന്നെ കാണാം.

അധിനിവേശ ചരിത്രത്തിലൊ, വ്യാപാര ചരിത്രത്തിലെവിടെയെങ്കിലുമോ മുതുവാൻമാരുടെ വ്യാപാര ബന്ധങ്ങളെക്കുറിച്ച് പരാമർശമില്ല. ലിഖിതഭാഷയ്ക്കും മുമ്പ് ആരംഭിക്കുന്നതാണ് മുതുവാൻമാരുടെ സാമൂഹിക, കാർഷിക ജീവിതചരിത്രം. അത് അവർ എവിടെയും എഴുതിവച്ചിട്ടില്ല. പറഞ്ഞും പാടിയും പകർന്നതാണ് അവരുടെ ചരിത്രം. നിരന്തരമായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നതും മാറിക്കൊണ്ടിരിക്കുന്നതുമായ കാർഷിക ജീവിതം രേഖീയമായൊരു ചരിത്രത്തെ സാധ്യമാക്കുന്നില്ല. തെളിവുകൾ കരുതിവെക്കാതിരിക്കുകയും ഏറെക്കുറെ തുടച്ചുമാറ്റപ്പെടുകയും ചെയ്യുന്ന കാർഷിക-ജീവിത സംസ്കാരം ഇന്നത്തെ സാമൂഹ്യശാസ്ത്രങ്ങൾക്ക് സ്വീകാര്യമെന്നു കരുതുന്ന രീതിയിലും രൂപത്തിലുമുള്ള അതിന്റെ സമാഹരണം അസാധ്യമാക്കുന്നു. അവരുടെ വാമൊഴി ആഖ്യാനങ്ങൾക്ക് സുസ്ഥിരമായൊരു ചരിത്ര-കാലസങ്കൽപത്തെ അടയാളപ്പെടുത്താനാവണമെന്നില്ല. പലകാലങ്ങളിലായി കൂട്ടിച്ചേർക്കപ്പെടുകയോ ഒഴിവായിപ്പോവുകയോചെയ്യുന്ന അനുഭവങ്ങൾകൂടി ചേരുന്നതാണ് ഇത്തരം ആഖ്യാനങ്ങൾ. പതിനഞ്ചാം ശതകത്തിലെ പോർച്ചുഗീസ് വാണിജ്യകാലവുമായി ഈ

പാട്ടിന് ബന്ധം ഉണ്ടാകണമെന്നും നിർബന്ധമില്ല. ഒരിടത്തും ഉറച്ചു നിൽക്കാതെ സഞ്ചരിക്കുന്ന ഗോത്രവുമായി സുസ്ഥിരമായൊരു വ്യാപാരബന്ധം സാധ്യമാവാൻ തരമില്ല. എന്നാൽ, ഗോത്രങ്ങളുമായി നിരന്തരം ബന്ധങ്ങൾ പുലർത്തുന്ന ഇടനിലക്കാർ വഴിയോ വിഭവങ്ങളുമായി പുറത്തേക്ക് സഞ്ചരിക്കുന്ന ഗോത്രമനുഷ്യർ വഴിയോ വ്യാപാരങ്ങൾ നടന്നിരിക്കാം. അവർ നൽകുന്ന അനുഭവവിവരണങ്ങളും കേട്ടറിവുകളും ഭാവനയും കൂടിച്ചേർന്നതാവണം അവരുടെ പാട്ടുകൾ. അതിൽ ഏത് അളവുവരെ ചരിത്രം, ഏത് അളവുവരെ ഭാവന എന്ന് വേർതിരിക്കാനാവില്ല. അവരുടെ സാമൂഹ്യ സാംസ്കാരിക ജീവിത്തിന്റെ അടരുകൾ ഈ വാമൊഴി ആഖ്യാനങ്ങളിൽ ഉൾച്ചേർന്നിട്ടുണ്ട് എന്നുമാത്രമെ അനുമാനിക്കാൻ കഴിയൂ.

രേഖപ്പെടുത്തപ്പെട്ട എല്ലാ ചരിത്ര-ആഖ്യാനങ്ങൾക്കും അവരുടേതായ താൽപര്യങ്ങൾ ഉണ്ടായിരുന്നു എന്നതിനാൽ ഭാവന തിങ്ങി നിറഞ്ഞതെങ്കിലും ഗോത്രവാമൊഴി ആഖ്യാനങ്ങൾക്ക് ചരിത്രത്തിൽ നിർണായക സ്ഥാനമാണുള്ളത്. തിരുവിതാംകൂറിന്റെയും പൂഞ്ഞാറിന്റെയും രണ്ട് 'രാജചരിത്രങ്ങൾ' അവരുടെ അധീനതയിൽ വസിച്ചിരുന്ന വിധേയ പ്രജകളായാണ് മുതുവാൻ സമുദായത്തെ ആഖ്യാനം ചെയ്യുന്നത്. വൻകിട തോട്ടങ്ങളുടെ ചരിത്രം ബ്രിട്ടീഷ് സാമ്രാജ്യതാൽപര്യങ്ങളാണ് പ്രകടിപ്പിക്കുന്നത്. പിൽക്കാല കാർഷികമുതലാളിത്തം സാമ്രാജ്യത്വബോധത്തിന്റെ തുടർച്ചയായിരുന്നു. എന്നാൽ, ഏറെക്കുറെ സ്വച്ഛന്ദവും വിധേയവുമായൊരു വരേണ്യ-കീഴാളബന്ധത്തെക്കുറിച്ചാണ് വരമൊഴിചരിത്രം വാചാലമാകുന്നത്. കീഴാളബോധം സ്വച്ഛന്ദമാണെങ്കിലും വിധേയമാണെന്നുസാരം. സ്വച്ഛന്ദവും ആശ്രിതത്വവും തമ്മിലുള്ള ഈ വൈരുദ്ധ്യാത്മകബന്ധം കീഴാളചരിത്രത്തിലേക്ക് ചില തുറസുകൾ നൽകുന്നുണ്ട്. വർഗവിഭജിതസമൂഹത്തിൽ ചരിത്രം രചിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്തിട്ടുള്ളത് അധീശവർഗത്തിന്റെ താൽപര്യങ്ങൾക്കനുസരിച്ചാണ്. വളരെ അപൂർവമായി മാത്രമേ അത്തരം ആഖ്യാനങ്ങളിൽ കീഴാള അനുഭവങ്ങളുടെ സ്വച്ഛന്ദ പ്രകാശനം കടന്നുവരാറുള്ളൂ. മിക്കതിലും കീഴാളർ കടന്നുവരുന്നത് നിഷ്ക്രിയരും ഭയചകിതരും വിധേയരും മറ്റുള്ളവരുടെ ആജ്ഞാനു

വർത്തികളായി മാത്രം പ്രവർത്തിക്കുന്നവരുമായാണ് (സൂസി താരു. സഞ്ജീവ്, എസ്. 2006: 29).

ലിഖിതചരിത്ര-സാഹിത്യപാഠങ്ങളുടെ വരികൾക്കിടയിൽ, ഈ സ്വച്ഛന്ദബന്ധത്തിനുള്ളിൽ രൂപപ്പെട്ടുവരുന്ന ഗോത്ര പ്രതിരോധമനസ്സ് വായിച്ചെടുക്കാനാവും. 'ഉയർന്ന ജാതിക്കാരെന്ന് കരുതപ്പെടുന്ന അവർക്ക് മറ്റുള്ളവരുമായി ഇടപഴകാനോ തോട്ടങ്ങളിൽ ജോലി ചെയ്യാനോ താൽപര്യമില്ലായിരുന്നു' എന്ന് സുലോചനാ നാലപ്പാട് എഴുതുന്നു (സുലോചന നാലപ്പാട്ട്. 2008: 47). ഭരണകൂടത്തിന്റെ അധികാരരൂപങ്ങളോടുള്ള പ്രതിരോധം ആദ്യം മുതൽ തന്നെ അവർ പ്രകടിപ്പിച്ചിരുന്നു എന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്. എന്നാൽ, തൊഴിൽ ചെയ്യുന്നതിൽ നിന്ന് അകന്നു നിൽക്കാനുള്ള ത്രാണി മുതുവാൻമാർക്ക് ഉണ്ടായിരുന്നില്ല. കാരണം ആവാസവ്യവസ്ഥ എന്ന നിലയിൽ വനസ്ഥലം ഉപയോഗിക്കുന്നതിനുള്ള വിലക്കുകൾ വന്നു കഴിഞ്ഞിരുന്നു. ദശാബ്ദങ്ങളായി അവർ തുടർന്നുവന്ന കൃഷിയും ജീവിതക്രമവും മാറ്റിമറിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, അവർ ചില ജോലികൾക്ക് നിർബന്ധിക്കപ്പെടുന്നു. 'മൃഗങ്ങളോടുള്ള സ്നേഹം മുതുവാൻമാരുടെ രക്തത്തിൽ കലർന്നിരുന്നു. കാടിനെ സംബന്ധി ച്ചിടത്തോളം അവരുടെ കണ്ണിന്റെയും ചെവിയുടെയും കൂർമ്മത അതിശ യകരമാണ്. ഇക്കാരണങ്ങളാൽ മുതുവാൻമാർ വാച്ചർമാരായും വഴി കാട്ടികളായും നിയോഗിക്കപ്പെട്ടു' (സുലോചന നാലപ്പാട്ട്. 2008: 47). ഏതെങ്കിലും തരത്തിൽ വെച്ചുനീട്ടപ്പെട്ടതോ അല്ലെങ്കിൽ സ്വയമുള്ള തെരഞ്ഞെടുപ്പിലൂടെ എത്തിച്ചേർന്നതോ ആയ തൊഴിലിടം എന്നാണ് ഈ നിയോഗിക്കപ്പെടലിന്റെ അർത്ഥം.

കൊളോണിൽ വിവരശേഖരണവും വംശീയപഠനങ്ങളും ഉത്പാദിപ്പിച്ച ഭരണനിർവഹണ പദ്ധതിയുടെ ഇരകളായിരുന്നു മുതുവാ സമൂഹമെന്ന് കാണാൻ കഴിയും. വന-വന്യ ജീവിനിയമവും വികസനത്തെ സംബന്ധിക്കുന്ന അധിനിവേശസങ്കൽപവും കെട്ടുപിണഞ്ഞു കിടക്കുന്ന ഭരണനിർവഹണതന്ത്രം ഗോത്രജീവിതങ്ങളെ പുനർവിന്യസിക്കുന്നതിനുള്ള പദ്ധതികൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. ബ്രിട്ടീഷ്

ഇന്ത്യയുടെ ഭാഗമായിരുന്ന തിരുവിതാംകൂറിലെ ആദ്യത്തെ ഫോറസ്റ്റ് കൺസർവേറ്ററായിരുന്ന ടി. എഫ്. ബോർദിലനാണ് വനസംരക്ഷണത്തിനായുള്ള റിപ്പോർട്ട് തയ്യാറാക്കുന്നത്[29]. 1871ൽ പ്ലാന്ററായി തിരുവിതാംകൂറിലെത്തുന്ന ബോർദിലൻ 1886 ൽ വനവിഭവങ്ങളെ സംബന്ധിക്കുന്ന റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെട്ട ഫോറസ്റ്റ് സ്പെഷ്യൽ ഓഫീസറായി നിയമിതനാകുന്നു. കൊളോണിയൽ ജ്ഞാനപദ്ധതിയും തോട്ടം ഉടമകളുടെയും ഭരണകൂടത്തിന്റെയും അഭിലാഷങ്ങളും ഒരാളിൽ സംഗമിക്കുന്നതിന്റെ സാക്ഷ്യമായിരുന്നു ബോർദിലൻ തയ്യറാക്കിയ റിപ്പോർട്ട്.[30] വനത്തെ സ്റ്റേറ്റിന്റെ സാമ്പത്തിക താൽപര്യത്തിന് ഉപയോഗിക്കാൻ കഴിയുന്ന സ്ഥലമായി കണക്കാക്കുന്ന ബോർദിലൻ റിപ്പോർട്ടിന്റെ ബൗദ്ധികാടിത്തറ സാമ്രാജ്യത്വ താൽപര്യങ്ങളിൽ അധിഷ്ഠിതമായിരുന്നു. അധിനിവേശവികസന സങ്കൽപത്തെ കോളനി പ്രദേശങ്ങളിൽ പ്രയോഗിക്കുന്നതിനാവശ്യമായ വസ്തുസ്ഥിതി വിവരങ്ങളുടെ ശേഖരണവും ക്രമപ്പെടുത്തലും യുക്തിഭദ്രമാക്കലുമായിരുന്നു ബോർദിലന്റെ  വനപാഠം. ഈ കൊളോണിയൽ ജ്ഞാനപദ്ധതിയെ പിൻതുടർന്നാണ് നമ്മുടെ ഔദ്യോഗിക വനപരിപാലനസങ്കൽപങ്ങൾ രൂപം കൊള്ളുന്നത്. അതിന്റെ ഭാഷയും പദാവലികളും ക്രമങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും ഈ സാമ്രാജ്യത്വ യുക്തി ബോധത്താൽ പ്രചോദിതമാണ്.

തിരുവിതാംകൂറിലെ ഫോറസ്റ്റ് കൺസർവേറ്ററും എത്നോഗ്രാഫറുമായിരുന്ന എൽ. എ. കൃഷ്ണ അയ്യർ തയ്യാറാക്കിയ 'ദ ട്രാവൻകൂർ ട്രൈബ്സ് ആന്റ് കാസ്റ്റ് (1941)', 'ദ കൊച്ചിൻ ട്രൈബ്സ് ആന്റ് കാസ്റ്റ് (1909)' എന്നീ വംശീയപഠനങ്ങൾ ഇതിന് ഉദാഹരണമാണ്. കൊച്ചി സ്റ്റേറ്റിലെ ആദിമഗോത്രവർഗമായ കാടരെക്കുറിച്ചുള്ള അയ്യരുടെ നിരീക്ഷണങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നു. ആദിവാസികളെ ആധുനിക സ്റ്റേറ്റിന്റെ താൽപര്യത്തിനനുസരിച്ച് തൊഴിലാളികളായി രൂപാന്തരപ്പെടുത്തുന്നതിന്റെ ആവശ്യകതയിലാണ് അയ്യർ ഊന്നുന്നത്. കൊച്ചി വനാന്തരത്തിലെ കാട്ടാനകളും കാടരും ഉപയോഗശൂന്യമായ രണ്ട് വസ്തുക്കളാണെന്നും അവയെ കൃത്യമായ ലക്ഷ്യത്തോടെ ഉപയോഗപ്പെടുത്തണമെന്നുമാണ് ഭരണകൂടത്തോട് നിർദ്ദേശിക്കു

ന്നത്[31]. വനസ്ഥലത്തെ പൂർണ്ണമായും വനവാസികളിൽനിന്ന് മുക്ത മായി സങ്കൽപിക്കുന്ന അധിനിവേശഭരണനിർവഹണതന്ത്രത്തിന്റെ യുക്തിയിൻമേലാണ് സ്റ്റേറ്റിന്റെ താൽപര്യങ്ങൾ രൂപംകൊള്ളുന്ന തെന്നു കാണാം. ഈ അർത്ഥത്തിൽ ഭരണകൂട നോട്ടത്തിൽ 'ഉപയോ ഗശൂന്യരായ' ജനതയാണ് ഹൈറേഞ്ചിലെ മുതുവാൻമാരും മറ്റ് ഗിരിവർഗങ്ങളും. ഇവരെ പ്രയോജനപ്രദമായ രീതിയിൽ 'ഉപയോഗി ക്കുക' എന്ന മാർഗ്ഗനിർദ്ദേശത്തിന്റെ പ്രയോഗവൽക്കരണമാണ് മുതുവാ /ഗിരിവർഗവിഭാഗങ്ങളെ തൊഴിലാളികളാക്കിമാറ്റുന്ന പ്രക്രിയയിൽ അന്തർഭവിച്ചിരിക്കുന്നത്.

തിരുവിതാംകൂർ മേഖലയിൽ ഈ രീതിയിൽ വനപരിപാലന ത്തിനായും ഏലം വിളവെടുപ്പിനും കൃഷിക്കുമായി ആദിവാസികളെ പ്രതിഫലമൊന്നും നൽകാതെ നിർബന്ധപൂർവം തൊഴിലെടുപ്പി ച്ചിരുന്നതായി ഡോ. എം. അമൃതിന്റെ പഠനം വ്യക്തമാക്കുന്നു[32]. ആദ്യം സൗജന്യമായും പിന്നീട് കുറഞ്ഞവേതനത്തിലും തൊഴിലെടുക്കാൻ വനവാസികൾ നിർബന്ധിക്കപ്പെട്ടിരുന്നു എന്നാണ് പഠനം ചൂണ്ടി ക്കാട്ടുന്നത്. സ്റ്റേറ്റിന്റെ ഔദ്യോഗിക ഭരണസംവിധാനങ്ങൾ (വനപാ ലകർ, റവന്യൂ അധികാരികൾ), തോട്ടം ഉടമകൾ, ഇടനിലക്കാർ എന്നിവരുടെ ശാരീരികവും സാമ്പത്തികവുമായ ചൂഷണങ്ങൾക്ക് വിധേയരായിരുന്നു ആദിമനിവാസികൾ. അതുകൊണ്ടുതന്നെ, '...മുതുവാൻമാർ വാച്ചർമാരായും വഴികാട്ടികളായും നിയോഗിക്കപ്പെട്ടു (സുലോചന നാലപ്പാട്ട്. 2008: 47).' എന്ന ഗ്രന്ഥകാരിയുടെ പ്രസ്താവം അധിനിവേശത്തെ ന്യായീകരിക്കുന്ന മൃദുകൊളോണിയൽ ചിന്തയാണ് പ്രസരിപ്പിക്കുന്നത്. സ്വച്ഛന്ദമായ കീഴാളവരേണ്യബന്ധത്തിനുള്ളിൽ രചിക്കപ്പെട്ട ആഖ്യാനങ്ങളിൽ നിഷ്ക്രിയരും ഭയചകിതരും വിധേയരും മറ്റുള്ളവരുടെ ആജ്ഞാനുവർത്തികളായി മാത്രം പ്രവർത്തിക്കുന്നവ രുമായാണ് കീഴാളർ പ്രത്യക്ഷപ്പെടുന്നത്. സുസജ്ജമായൊരു ഭരണ കൂടവ്യവസ്ഥയും അതിന്റെ അധികാരസംവിധാനങ്ങളും സങ്കൽപി ക്കുന്ന ക്രിയാവ്യവസ്ഥക്കുള്ളിലാണ് കീഴാളരുടെ 'നിഷ്ക്രിയത' നിർവചിക്കപ്പെടുന്നത്. 'വനസ്ഥലത്തെ ഉപയോഗശൂന്യരായ ജനത' എന്ന കൃഷ്ണയ്യരുടെ പ്രസ്താവനയിൽ അന്തർഭവിച്ചിരിക്കുന്ന അധി

നിവേശയുക്തിയാണ് ഈ നിർവചനങ്ങളുടെ പ്രത്യയശാസ്ത്രം. ഭയവും വിധേയത്വവും കീഴടക്കലും അടിമപ്പെടുത്തലുമെല്ലാം ഈ അധികാര പ്രത്യയശാസ്ത്രത്തിന്റെ പ്രയോഗങ്ങളാണ്. എവിടെയും ഗോത്ര/കീഴാള ബോധത്തിന്റെ, അനുഭവത്തിന്റെ ആവിഷ്കാരങ്ങൾ സംഭവിക്കുന്നില്ല. അപൂർവം ചില സന്ദർഭങ്ങളിൽ സഹനത്തിന്റെ ചിലനിമിഷങ്ങളിൽ കീഴാളപ്രതിരോധങ്ങൾ അനുഷ്ഠാനങ്ങളായും പാട്ടുകളായും പുറപ്പെട്ടുവരുന്നതിന് വാമൊഴി നാടോടി വഴക്കങ്ങളിൽ നിരവധി ഉദാഹരണങ്ങളുണ്ട്.

> ഒറനാളെ[33] വേലക്കൂലി ഒരു റുവ[34] സമ്പളമെ[35]
> സമ്പളത്തെക്കൊറക്കലിയ[36] വേലകേട്ട[37] കങ്കാണിയേ
> റണ്ടു[38] നാളെ വേലക്കൂലി റണ്ടുറുവ സമ്പളമെ
> സമ്പളത്തെക്കൊറക്കലിയ വേലകേട്ട കങ്കാണിയേ
> മൂണു[39] നാളെ വേലക്കൂലി മൂണു റുവ സമ്പളമെ
> സമ്പളത്തെക്കൊറക്കലിയ കറുപ്പ് ശെട്ടി[40] കങ്കാണിയേ
> കങ്കാണിയേ കങ്കാണിയേ കറുപ്പ് ശെട്ടി കങ്കാണിയേ

സഹനത്തിനൊടുവിൽ അണപൊട്ടുന്ന സാമൂഹിക/ജീവിത സന്ദർഭമായാണ് ഈ പാട്ട് വായിക്കപ്പെടുന്നത്. തങ്ങൾ അനുഭവിക്കുന്ന ചൂഷണത്തെക്കുറിച്ച് സമൂഹത്തോട് സംവേദിക്കാൻ പാട്ട് മാധ്യമമായിത്തീരുന്നു. അധിനിവേശപാഠങ്ങളെ അട്ടിമറിച്ചുകൊണ്ട് മുതുവാ വാമൊഴി തൊഴിലിടങ്ങളിൽ തങ്ങൾ ചൂഷണം ചെയ്യപ്പെടുകയായിരുന്നുവെന്ന് വിളിച്ചു പറയുന്നു. തോട്ടം ഉടമകൾക്കും മറ്റും തൊഴിലാളികളെ സംഘടിപ്പിച്ച് കൊടുക്കുന്ന കങ്കാണിമാർ പലപ്പോഴും വളരെ ക്രൂരമായാണ് ആദിവാസികളോട് പെരുമാറിയിരുന്നത്. മാത്രമല്ല അവരുടെ തുച്ഛമായ ശമ്പളത്തിൽ നിന്ന് ഒരു വിഹിതം അവർ അച്ചാരം വാങ്ങുകയും (കമ്മീഷനായി) ചെയ്തിരുന്നു. എതിർക്കാനുള്ള ത്രാണിയില്ലാത്ത സാധുക്കളായ ആദിവാസികൾ തങ്ങളുടെ പാട്ടുകളിലൂടെ കങ്കാണിമാരോട് അപേക്ഷിക്കുന്നതാണ് ഈ പാട്ട്.

ഗോത്രജീവിതത്തിലേക്ക് പുറം ലോകത്തിന്റെ ഇടപെടൽ ശക്തമായി സംഭവിക്കുന്നത് അധിനിവേശത്തോടെയാണ്. കേരളത്തിന്റെ

നാടോടി ആഖ്യാനങ്ങളിൽ വ്യാപകമായി കാണുന്നതരം വിധി വിലാപത്തിന്റെ രൂപമാണ് ഈ പാട്ടുകൾക്കുള്ളത്. പരാജയസ്വഭാവം വഹിക്കുന്നതോ പിൻവാങ്ങിനിന്നുകൊണ്ടുള്ള വിലാപങ്ങളായോ പായാരം പറച്ചിലിന്റെയോ താരാട്ടിന്റെയോ രൂപം സ്വീകരിക്കുന്ന നിരവധി വാമൊഴി ആഖ്യാനങ്ങൾ കീഴാള/കർഷക തൊഴിലാളികളുടേതായുണ്ട്. ഇവയ്ക്ക് ഒരു ക്രമം കാണാനാവും. പ്രതിരോധത്തിന്റെ സന്ദർഭങ്ങൾ മിക്കപ്പോഴും അവ വിധിയുടെയോ അവസ്ഥയുടെയോ ആഖ്യാനമാണ്. നിലനിൽക്കുന്ന രാഷ്ട്രീയ-സാമൂഹ്യ സാഹചര്യത്തെയാണ് ഈ പാട്ടുകൾ പ്രതിഫലിപ്പിക്കുന്നത്. 'കപ്പലൊരുകാതം പറങ്കി കടലി മുക്കാതോ' (പറങ്കികൾ കാമുകനെ കടലിൽ മുക്കി കൊന്നിരിക്കാം) എന്ന കാമുകിയുടെ വിലാപഗാനത്തിലും 'സമ്പളത്തെ ക്കൊറക്കലിയ കറുപ്പ് ശെട്ടി കങ്കാണിയേ' (പണിക്കൂലിയിൽ കുറവ് വരുത്തരുതേ) എന്ന അപേക്ഷയിലും ഗോത്ര ജീവിതത്തിന്റെ സമകാലികാവസ്ഥയുടെ പ്രതിഫലനമുണ്ട്. അധിനിവേശവിരുദ്ധഗോത്ര മനസ്സ് ഈ പാട്ടുകളിൽ കാണാനാവും. അധിനിവേശത്തിന്റെ ബോധാ ബോധ രാഷ്ട്രീയം ഇന്നും സജീവമായി പ്രവർത്തിക്കുന്ന പ്രത്യയശാസ്ത്രമേഖലയാണ് ആധുനിക ദേശ-രാഷ്ട്രവും അതിന്റെ വരേണ്യ പുരാവൃത്തങ്ങളും. അതിജീവനത്തിന്റെ സമരവഴികളിലൂടെ ഗോത്രഭാവനയുടെ എതിരാഖ്യാനങ്ങൾ അതിനെ എന്നും പ്രതിരോധിച്ചു കൊണ്ടിരുന്നു.

**കുറിപ്പുകൾ**

1. The dark impenetrable forest of the High Range the planting century, Munro, J. D.1906:60
2. 61. Well worn elephent path, ascending the opposit slop by a series of short zigzags that were so perfect and regular that we could scarcely believe it possible they were by those animals- Hamilton 1862:61)

3 ഏതെല്ലാം

4. പൂവിൽ നിന്നാണ്

5. തേനീച്ച തേനെടുക്കുന്നത്

6. മഷിത്തണ്ട് ചെടി

7. തൊടലി (ഒരുതരം മുള്ളുള്ള ചെടി)

8. റാഗിപ്പുല്ലിന്റെ പൂവ്

9. മത്തൻ

10. വെള്ളരിക്ക 11. ചൊടലച്ചെടി

12. In addition to these figures, the Muduvars who shift their hamlets on other parts of the High Ranges may be enumerated at over 100 more... Munro, J.D. 1906: 12.

13. In consideration of receiving free lands; and all ivory, wax, and dummer asmonopolies are collected by them for the Travancore Government. (Munro, J.D.1906: 13)

14 . If it were the planter and missionary who entered the tribal spaces and souls in the period prior to 1860s, the entry of the forester and ethnographer was to wait until the consolidation of the forest administration in modern lines. The organized and more decisive interventions by forest officials, backed by stringent state laws, came to alter the livelihood pattern of the tribes in the forests towards the end of the 19th century. In this process, the colonial ethnography and official ethnogra pher played a major role in shaping the discourse on tribals." (Amruth,M/ Changing Regimes of Forest Management; Institutional Changes and Modes of Participation in the Western Ghats of Kerala. PhD Thesis, M G University Library, Kottayam. 2008: 168.)

15. With the entry of the planter the lived place of the hillmen were subjected to significant modifications and in some cases they were even forced to jettison their territories. The plight of the Kanikkar running from valley to valley with the entry of planter was candidly portrayed by an Anglican missionary as below: The fate of the hill-kings...is rather sad. For ages past they have boasted of being the undisputed lords of primeval forests. The elephant and tiger were their only foes; but with nsares and traps they could hold their own against these enemies. But they could not resist the onward march of a superior race. The planter approaches

them in a peaceable way, offering wages for their hire, but demanding as his right the land he has purchased. The proud man of the woods decline to herd with the coolies, and work like common people. As soon as planter's axe is heard, the hill-kings pack their traps and desert their homes to establish themselves in another valley. In this way they have been driven from hill to hill and from valley to valley, until some have found now a safe resting place in the dense jungles of the lowlands of Travancore. (Mateer 1883: 66) Amruth, M. Changing Regimes of Forest Management; Institutional Changes and Modes of Participation in theWestern Ghats of Kerala PhD Thesis, M G University Library, Kottayam, 2008:169.

16. ഒരു നാട്ടിൽ (ഒരു സ്ഥലത്ത്) വെട്ടിയെടുത്ത കരിമ്പിന്റെ തണ്ടുകൾ

17. ആയിരം എണ്ണം (ധാരളം)

18. ഒരു കപ്പലിൽ

19. ഒരുകാതം ദൂരം ചെല്ലുമ്പോൾ

20. പറങ്കികൾ വന്ന കടലിൽ

21. മുങ്ങരുത് (മുങ്ങാതെ നോക്കണം)

22. കപ്പിത്താൻ

23. എപ്പോൾ (മടങ്ങി)വരും

24. എണ്ണതേച്ച്

25. രണ്ടിനം പൊട്ടുകൾ

26. കാലിൽ മനോഹരമായ കൊലുസണിഞ്ഞ് (പുരുഷൻമാരും കൊലുസണിഞ്ഞിരുന്നു)

27. പൊട്ടുകുത്തിവരുമ്പോൾ

28. (കാണാൻ) നല്ല ശേലായിരിക്കും)

29. Thomas Fulton Bourdillon (1849 - December 19, 1930) was Conservator of Forests in the princely state of Travancore. He came to Travancore (at present Southern Kerala) as a planter in 1871 and appointed by the Travancore Durbar in 1886 as special forest officer to explore the forests and to report on their re sources. In 1891 he was appointed as Conservator of Forests

till his retirement in June 1908. He was a keen botanist and an all round forest officer. During his period, he brought the Department to a high state of efficiency. His 'Report on the Travancore forests' and his 'Forest Trees on Travancore' are both valuable publications. (http://en.wikipedia.org/wiki/._F._Bourdillon)

30. The Report was a definite statement on the role of forests in the State's economy as perceived and influenced by the emerging School of Tropical For estry. This School was developing in tune with the rationalities of Colonial Governance and was informed by the notion that forest is a production space capable of catering imperial interests. Bourdillon's Report is replete with terminologies, conceptual categories and rhetorical strategies which are unmistakable signatures of Colonial discourse on 'progress' and 'improvement'. Amruth, M.:37

31. The Kadars and the elephants, the Cochin forests would have been useless. Both are the denizens of the hills and forests, and when properly utilised, they are invaluable help to those who wish to extract the priceless treasures of the forests. But for the elephants none could lift a log, and if it were not for the Kadars, none dare move an inch in the forests. During the forest working season these men are employed by the forest contractors for collecting minor forest produce. Iyer, L.A.Krishna (1909). The Cochin Tribes and the Castes-Volume-I. Madras: Government of Cochin, Higgin Bothom and Co.1909: 15

32. This explains the state's perception about the indigenous population. Kadars were one of the 'hillmen' group residing in the forests of Anamalais and a relatively scarce population in Travancore territory. There are sufficient indications tobelieve that the tribes were subjected to compulsory labour, without payment, in the forest operations, cardamom gathering and cultivation. In

1866, forced employment of the tribes in the watch stations without pay was abolished. It could be assumed that some privileges were provided for those who are already engaged in such works. It was stated that '[a]t present the only remnant of this modern socage...existing under either the Forest or Cardamom Departments, is that the Hillmen are expected to work for us at a reduced rate, inconsideration of their being allowed to clear land in the forests for their crops. (Amruth, M. 2008:171)

33. ഒരുദിവസത്തെ
34. രൂപ
35. ശമ്പളം
36. ശമ്പളം കുറയ്ക്കരുത്
37. വേലയ്ക്ക് വിളിച്ചുകൊണ്ടുവന്ന
38. രണ്ട്
39. മൂന്ന്
40. കറുത്ത ചെട്ടി.

**ഗ്രന്ഥസൂചി**


1. അനിൽ, കെ. എം., ഫോക്‌ലോർ ജനുസ് സിദ്ധാന്തം രാഷ്ട്രീയം, പാപ്പിയോൺ, കോഴിക്കോട്, 2004
2. ഗണേഷ്, കെ. എൻ., കേരള സമൂഹപഠനങ്ങൾ, പ്രസക്തി ബുക്ക് ഹൗസ്, പത്തനംതിട്ട, 2002
3. ചന്ദ്രമോഹൻ, എസ്. ആർ., ഇടുക്കി ആദിവാസി പാട്ടുകൾ, ഡി.സി. ബുക്സ്, കോട്ടയം, 2012
4. നമ്പൂതിരി, എൻ. എം., ഡോ., ശിവദാസ്, പി. കെ., (എഡി.)., കേരള ത്തിന്റെ നാട്ടുവഴികൾ. ഡി. സി. ബുക്സ്, കോട്ടയം, 2011
5. ബാലകൃഷ്ണൻ, പി. കെ., ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, കറന്റ് ബുക്സ്, തൃശൂർ, 2003
6. മനോജ് മാതിരപ്പള്ളി, ഇടുക്കി ചരിത്രവും ചരിത്രാതീതവും, കാഴ്ച ബുക്സ്, കട്ടപ്പന, 2001
7. രാജൻ ഗുരുക്കൾ, മിത്ത് ചരിത്രം സമൂഹം, പ്രസക്തി ബുക് ഹൗസ്, പത്തനംതിട്ട, 2009
8. രാജൻ ഗുരുക്കൾ, രാഘവവാര്യർ, കേരളചരിത്രം, വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ, 2011

9. രാജൻ ഗുരുക്കൾ, രാഘവവാര്യർ, കേരളചരിത്രം രണ്ടാം ഭാഗം, വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ, 2012

10. രാമവർമ്മ വലിയ രാജ, പി. ആർ., പൂഞ്ഞാർ രാജകുടുംബ ചരിത്രാവലോകനം, പൂഞ്ഞാർ കോയിക്കൽ ട്രസ്റ്റ്,പൂഞ്ഞാർ, 1988

11. രാജൻ, കാഞ്ചിയാർ, അതിജീവനത്തിന്റെ ഗോത്രപാഠങ്ങൾ. സെഡ് ലൈബ്രറി, തിരുവനന്തപുരം, 2011

12. രാജൻ, കാഞ്ചിയാർ. രാജൻ, വി. ബി. (എഡി.)., ഇടുക്കിയിലെ ഗോത്രകലകളും സംസ്കാരവും, ഇടുക്കി ജില്ലാ പഞ്ചായത്ത്, ഇടുക്കി, 2000

13. രാജീവ്, കെ. ടി., സഹ്യാദ്രിയിൽനിന്ന് മടക്കയാത്ര ഇടുക്കി മണ്ണും മനുഷ്യരും, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2007

14. രാജഗോപാലൻ, സി. ആർ., ഗോത്രകലാവടിവുകൾ, നാട്ടറിവു പഠനകേന്ദ്രം, തൃശൂർ, 2001

15. രാജഗോപാലൻ, സി. ആർ., ശ്രീകുമാർ. ടി. ടി., വിജയകുമാർ മേനോൻ, (എഡി.), കൃഷിഗീത പരിസ്ഥിതി അറിവടയാളങ്ങൾ. മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2013

16. വർഗ്ഗീസ്, വി. ജെ., വിജയമോഹനൻ പിള്ള, എൻ., സ്കറിയാ സക്കറിയ (എഡി.), അഞ്ഞൂറ് വർഷത്തെ കേരളം ചില അറിവ ടയാളങ്ങൾ, കറന്റ് ബുക്സ്, കോട്ടയം, 1999

17. വേലായുധൻ, പണിക്കശ്ശേരി, കേരളത്തിലെ രാജവംശങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം, 2012

18. വില്യം ലോഗൻ, കൃഷ്ണൻ, ടി. വി. (വിവ.), മലബാർ മാന്വൽ, മലബാറിന്റെ ചരിത്രം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012

19. ശ്രീധരൻ, എസ്., (എഡി.), കൃഷിയുടെ നാട്ടറിവുകൾ, ഡി.സി. ബുക്സ്, കോട്ടയം, 2004

20. സന്തോഷ്, എച്ച്. കെ., ഫോക്‌ലോർ വഴിയും പൊരുളും, സംസ് കൃതി പബ്ലിക്കേഷൻസ്, കണ്ണൂർ, 1998

21. സുലോചന, നാലപ്പാട്ട്, മൂന്നാറിന്റെ കഥ, മാതൃഭൂമി ബുക്സ്, കോഴി ക്കോട്, 2008

22. സൂസി താരു, സഞ്ജീവ്, എസ്., (എഡി.)., കീഴാള പഠനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം, 2006

23. സുബ്രഹ്മണ്യൻ, എൻ., സംഘകാല ഭരണസംവിധാനം, സംഘം തമിഴരുടെ ഭരണവും സാമൂഹിക ജീവിതവും. ഡി. സി. ബുക്സ്, കോട്ടയം, 2003

24. സോമൻ, കടലൂർ, ഫോക്‌ലോറും സാഹിത്യവും, ആൽഫ വൺ, കണ്ണൂർ, 2012

25. Amruth. M., Changing Regimes of Forest Management, Institutional Changes and Modes of Participation in the Western Ghats of Kerala.M.G.University Library, Kottayam, 2008

26. Aiya Nagam, V., Travancore State Mannual 3 Vols. Govt. Press, Thiruvananathapuram, 1906

27. Biswamoy Pati. Mark Harrison, The Social History of Health and Medicine in Colonial India. Roultdge, Abingdon, 2009

28. Bourdillon.T.F., Report on the Forests of Travancore. Travancore Government Press, Trivandrum, 1893

29. Bourdillon.T.F., The Forest Trees of Travancore. Trivandrum, 1908.

30. Pierre Clastres., Society Against the State. New York: Zone Books, New York, 1987

31. Edgar Thurston, Rangachari,K., Castes and Tribes of Southern India. Govt. Press, Madras, 1909

32. Henry bakerJr, The Hill Arrians of Travancore and the progress of Christianity among them. T. C. Johns and Son, printers, London, 1862

33. Iyer P. U., (Reprint, original year of publication not mentioned) Progress of Travancore Under His Highness Sree Moolam Tirunal. Department of Cultural Publications. Government of Kerala, Thiruvananthapuram, 1998

34. Iyer, L.A.Krishna, The Cochin Tribes and the Castes-Volume-I. Government of Cochin, Higgin Bothom and Co., Madras, 1909

35. Iyer, L.A.Krishna, The Travancore Castes and Tribes. 2 vols. Vol. 1. Govt. Press, Trivandrum, 1937

36. Jane Buckingham, Leprosy in Colonial South India, Medicine and Cofinement. Palgrave, New York, 2002

37. Lovatt, H. A Short History of the Peermade / Vandiperiyar District, 1972

38. Manro., J.D, The high ranges of Travancore: University of California library, 1980

39. Mary, P.Sutphen, Bridie Andrews.(Ed.) The Social History of Health and Medicine in Colonial India. Roultdge, Abingdon, 2009

40. Rajan Gurukkal, Raghava Varier, M.R. (Ed.). Cultural History of Kerala, Vol-1. Departement of Cultural Publications Government og Kerala, Thiruvananthapuram, 1999

41. Rajan, R., Imperial Environmentalism or Environmental Imperialism? European Forestry, Colonial Foresters and the Agendas of Forest Management in British India 1800-1900. In R. Grove (Ed.), Nature and the Orient.Oxford University Press, London, 1998

42. Rangarajan, M., India's Wildlife History: An Introduction. Permanent Black and Ranthabhore Foundation, Delhi. 2000

# ഡിജിറ്റൽയുഗത്തിൽ വായനയുടെ സാധ്യതകൾ

**ഡോ. തോമസ് സ്കറിയ**

**അസിസ്റ്റന്റ് പ്രൊഫസർ**

**മലയാള വിഭാഗം, സെന്റ് തോമസ് കോളേജ്, പാലാ**

**സംഗ്രഹം**

ഡിജിറ്റൽയുഗത്തിൽ വായനയ്ക്കു സംഭവിച്ച പരിണാമത്തിന്റെ സ്വഭാവത്തെ അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ. വിജ്ഞാന വിഭ്രാന്തിയുടെ ഇന്റർനെറ്റ് ക്ഷീരപഥത്തിലേക്കാണ് നമ്മൾ പ്രവേശിച്ചിരിക്കുന്നത്. നെറ്റ് വർക്ക് സമൂഹത്തിന്റെ രൂപീകരണം സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. ആ പശ്ചാത്തലത്തിൽ വായനയുടെ ഭാവിയെ സംബന്ധിച്ച് തിരശ്ശീലയിലെ വാക്കുകളെ മുൻ നിർത്തി നിഗമനത്തിലെത്തുന്നു.

**താക്കോൽവാക്കുകൾ**

സൈബർ സംസ്കാരം-സൂചകം-നെറ്റ്-നെറ്റ് വർക്ക്-പ്രത്യയശാസ്ത്രം -വെർച്വൽ റിയാലിറ്റി-പൊതുമണ്ഡലം-ചാറ്റ് റൂം-സൈബർ സലൂൺ -ഡിജിറ്റൽ യുഗം

എഴുത്തുവിദ്യ ഉണ്ടായകാലം മുതൽ വായനയും നിലനിൽക്കുന്നുണ്ട്. പരസ്പരപൂരകങ്ങളായി മിക്കപ്പോഴും അവ പ്രവർത്തിക്കുന്നു. വായന ഏറ്റവും കാവ്യസുന്ദരമായി അനുഭവപ്പെടുന്നതെപ്പോഴാണ്? 'കിളിമഞ്ജാരോ'വിലെ മഞ്ഞ് (The Snows of Kilimanjaro)

എന്ന ഏറെ ഘോഷിക്കപ്പെട്ട ഒരു കഥയുണ്ട്. ഹെമിംഗ്‌വേയുടെതാണ് ആ കഥ. അതിലെ നായകൻ മരിക്കാൻ കിടക്കുകയാണ്. ഒരിക്കലും എഴുതാതെപോയ ചിലകഥകളെപ്പറ്റി ആ കിടപ്പിൽകിടന്ന് അദ്ദേഹം അനുസ്മരിക്കുന്നു. അയാൾ തന്റെ ഓർമ്മകളിലേക്ക് അവ ഓരോന്നിനെയും പ്രത്യാനയിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെയുള്ള ഇരുപതോളം കഥകളെങ്കിലും അയാൾക്ക് ഓർക്കാനുണ്ടായിരുന്നു. എന്തുകൊണ്ടാവാം ഇവയൊന്നും എഴുതാതെ പോയത്? അയാൾ ആലോചിച്ചുകൊണ്ടിരുന്നു.

എഴുതാത്തപുസ്തകങ്ങൾ പോലെ തന്നെയാണ് വായിക്കാത്ത പുസ്തകങ്ങളും. പുസ്തകങ്ങൾ ഷെൽഫിലിരിക്കുകയാണ്. വായിക്കാത്തപുസ്തകങ്ങൾക്കിടയിൽ എഴുതാത്തപുസ്തകങ്ങളും. പക്ഷേ, പലതും നമ്മൾ വായിക്കാനാഗ്രഹിച്ചവയാണ്. എഴുതാനാഗ്രഹിച്ചതുപോലെ. എഴുതാൻ സാധിച്ചില്ല; വായിക്കാനും സാധിച്ചില്ല. നമ്മൾ അവയെ കാണുന്നുണ്ട്. പക്ഷേ, നമ്മൾ വായിച്ചിട്ടില്ല. അതുപോലെ തന്നെ നമ്മൾ അധികം വായിച്ചിട്ടിട്ടാത്ത ഒന്നു കൂടിയുണ്ട്; അത് വായനയുടെ ചരിത്രമാണ്.

ഇതേപോലെ എഴുത്തുമായി ബന്ധപ്പെട്ട ഒരു കാര്യം ക്ലോദ് ലെവിസ്ട്രോസ് എഴുതിയിട്ടുണ്ട്. അതൊരു അനുഭവകഥയാണ്. ഘടനാത്മക നരവംശശാസ്ത്രത്തിന്റെ വക്താവും ഫ്രഞ്ച് കൾച്ചറൽ ആന്ത്രോപ്പോളജിസ്റ്റുമായിരുന്നു അദ്ദേഹം. ആധുനികനരവംശശാസ്ത്രത്തിന്റെ വിധാതാവ് എന്നപേരിനുകൂടി അദ്ദേഹം അർഹനാണ്. 1908 ൽ ഫ്രാൻസിലെ ബ്രസ്സൽസ്സിലാണു ലെവിസ്ട്രോസ് ജനിച്ചത്. 1935 മുതൽ അദ്ദേഹം ആദിമഗോത്രജരായ നാംബിക്‌വാര എന്ന സമൂഹവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഗവേഷണത്തിൽ മുഴുകി.

വരകൾ വരച്ചുകൊണ്ട് നാംബിക്‌വാര സമൂഹം എഴുതാൻ പഠിച്ചത് ലെവിസ്ട്രോസിൽ നിന്നാണ്. എഴുത്തിനുമുമ്പ് ഹിംസയുണ്ടായിരുന്നില്ല. എഴുത്ത് ഹിംസയെ കൊണ്ടുവന്നു. ലെവിസ്ട്രോസ്സ് എഴുത്തിനെ വെറുത്തു. നരവംശശാസ്ത്രം പ്രാഥമികമായി മനശ്ശാസ്ത്രംതന്നെ എന്നു പറഞ്ഞ ആളാണ് ലെവിസ്ട്രോസ്. നാഗരിക

തയുടെ എല്ലാ ചൂഷണോന്മുഖമായ തിന്മകൾക്കും കാരണം എഴുത്താണെന്ന് ലെവിസ്ട്രോസ് സ്ഥാപിച്ചു. 'ട്രിസ്റ്റസ്സ് ട്രോപ്പിക്കസ്' എന്ന യാത്രാവിവരണഗ്രന്ഥത്തിൽ അദ്ദേഹം ഈ അനുഭവകഥ വളരെ വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്. പ്രാകൃതമായതല്ലാത്ത എല്ലാ സൃഷ്ടിയുടെയും ഉത്തരാവിദിത്വം മനുഷ്യനാണെന്ന് വിശ്വാസം ലെവിസ്ട്രോസ്സിനുണ്ടായിരുന്നു. നൂറ്റൊന്നാമത്തെ വയസ്സിൽ 2009 ഒക്ടോബർ 31 നാണ് അദ്ദേഹം അന്തരിച്ചത്.

ഇനി നമുക്ക് കഥയിലേക്കു വരാം. ആമസോണിലെ തദ്ദേശിയ വാസികൾക്കിടയിലെ ഒരു വിഭാഗമാണ് നാംബിക്വാര. ഈവിഭാഗക്കാർ പേരു വെളിപ്പെട്ടുത്താറില്ല. അത് നിഷിദ്ധമാണെന്നാണ് അവരുടെ വിശ്വാസം. എപ്പോഴാണ് ഒരാൾ അവർക്കിടയിൽ പേരു വെളിപ്പെടുത്തുന്നത്? സാമൂഹികാസ്തിത്വം നഷ്ടപ്പെട്ട് ഒരാൾ ഒറ്റയാവുമ്പോൾ സംഭവിക്കുന്ന ഒന്നാണത്. അതുകൊണ്ട് ഒരാളെ ഒറ്റപ്പെടുത്താനുള്ള വഴി അയാളുടെ പേരുവെളിപ്പെടുത്തുകയാണ്. ഒരിക്കൽ കുറേ കുട്ടികൾ കളിച്ചുകൊണ്ടിരിക്കുന്നത് നോക്കിയിരിക്കുകയായിരുന്നു ലെവിസ്ട്രോസ്സ്. കളികൾക്കിടയിൽ ഒരു പെൺകുട്ടി മറ്റൊരു കുട്ടിയോട് പിണങ്ങി. ലെവിസ്ട്രോസ്സിന്റെ ചെവിയിൽ മറ്റേ കുട്ടിയുടെ പേരു പറഞ്ഞു. അതെന്താണെന്ന് അദേഹത്തിന് മനസ്സിലായില്ല. ഉടൻ തന്നെ മറ്റേകുട്ടിയും ഓടിവന്ന് അദ്ദേഹത്തിന്റെ ചെവിയിൽ എന്തോ പറഞ്ഞു. അതൊരു അത്ഭുതസംഭവമായി അദ്ദേഹത്തിനു തോന്നി. പിന്നീട് ദത്തശേഖരണത്തിന് കുട്ടികളെ പിണക്കി പേരു ശേഖരിച്ച സംഭവങ്ങൾ ലെവിസ്ട്രോസ് പറയുന്നു. എഴുത്താണ് എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്നാണ് ലെവിസ്ട്രോസ്സ് പറഞ്ഞതെങ്കിൽ വായനയാണതിനെല്ലാം പരിഹാരം. കണ്ണുകളോടൊപ്പമാണ് വായനയാരംഭിക്കുന്നത്.

നാം അറിവു നേടുന്ന ഇന്ദ്രിയങ്ങളിൽ ഏറ്റവും മഹത്തരം എന്ന് തോമസ് അക്വിനാസ് വിശേഷിപ്പിച്ചത് കണ്ണിനെക്കുറിച്ചാണ്. ലോകത്തിലേക്കുള്ള പ്രവേശനകവാടമാണ് കണ്ണെന്ന് സെന്റ് അഗസ്റ്റിൻ പ്രശംസിച്ചു. കേൾക്കുന്നതിനെക്കാൾ കാണുന്നതുതന്നെ ഓർമ്മയിൽ

നിൽക്കുന്നത് എന്ന സിസറോയും പറഞ്ഞു. നമ്മുടെ ഇന്ദ്രിയങ്ങളിൽ ഏറ്റവും നിശിതമായത് കാഴ്ചയുടെ ബോധമാണെത്രേ. അഫ്രോ ഡൈറ്റ് എന്ന ദേവതയിൽ നിന്നാണ് കണ്ണ് ജനിച്ചതെന്നു ഗ്രീക്കുകാർ വിശ്വസിക്കുന്നു. ബി.സി. അഞ്ചാംനൂറ്റാണ്ടിൽ എംപെ ഡോക്കിൾസ് അങ്ങനെ വിശേഷിപ്പിച്ചിട്ടുണ്ട്. മനുഷ്യന്റെ കണ്ണ് ഓന്തിനെപ്പോലെ യാണെന്നു പറഞ്ഞത് അരിസ്റ്റോട്ടിലാണ്. കാണുന്നവസ്തുവിന്റെ രൂപവും നിറവുമെടുത്തു ഈ വിവരങ്ങൾ തിരിച്ചറിയുകയാണത്രേ കണ്ണിന്റെ ദൗത്യമെന്നായിരുന്നു അരിസ്റ്റോട്ടിലിന്റെ നിലപ്പാട്. എന്നാൽ ബി.സി നാലാം നൂറ്റാണ്ടിൽ ആട്ടിക്കവി മെനാൽഡർ എഴുതിയത് വായിക്കാൻ കഴിയുന്നവർ രണ്ടുതവണ കാണുന്നു എന്നാണ്. ഗ്രീക്കു കാർ രേഖാമൂലമുള്ള വാക്ക് ജ്ഞാനത്തിന്റെയും ശക്തിയുടെയും പ്രതീകമായിരുന്നു.

ഗ്രീക്ക് അക്ഷരമാല കണ്ടുപിടിച്ചതിനെക്കുറിച്ച് പല കഥകളുണ്ട്. മനുഷ്യരുടെ ജീവിതം നിയന്ത്രിക്കുന്ന വിധിദേവതകളാൽ ക്ലോത്തോ യും ലക്കേസിസും അട്രോപ്പോസും ചേർന്നാണ് ഗ്രീക്ക് അക്ഷരമാല കണ്ടുപിടിച്ചതത്രേ. ആകാശത്തിലൂടെ പായുന്ന കൊക്കുകളുടെ ആകൃതി കണ്ട്. അത് ഒരു ആപ്പ് പോലെ ഹെർമസ്ദേവനു തോന്നി. ആരുപത്തിൽ അക്ഷരങ്ങൾ രൂപപ്പെട്ടുത്തിയാൽ ഭംഗിയാകുമെന്ന് കരുതി ഹെർമസ് ദേവനാണ് അക്ഷരങ്ങൾ രൂപംനൽകിയതെന്ന് ഒരു കൂട്ടർ വിശ്വസിക്കുന്നു. മഹനായ അലക്സാണ്ടർ ചക്രവർത്തി സ്ഥാ പിച്ച ഒരു നഗരമുണ്ട്. അലക്സാഡ്രിയ. പുരാതനകാലത്ത് ലോക ത്തിലെ ഏറ്റവും പ്രശസ്തമായ നഗരം. അവിടെ ഒരു ഗ്രന്ഥശാല ഉണ്ടായിരുന്നു. ഈജ്പ്തിലെ അലക്സാഡ്രിയ എന്ന പട്ടണം സ്ഥാപി ക്കുന്നത് 331 ബി.സി.യിലാണെന്ന് റോമൻ ചരിത്രകാരനായ ക്വീൻ സ്കർട്ടയസ് റൂഫസ് 'History of Alexander' എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. ഈജിപ്ഷ്യൻ ദേവനായ അമോണിന്റെ ദേവാലയം സന്ദർശിച്ചതിനു ശേഷമാണ് ഈ നഗരം സ്ഥാപിച്ചത്. അവിടുത്തെ പുരോഹിതൻ വ്യാഴത്തിന്റെ പുത്രൻ എന്നാണ് അലക്സാണ്ടറെ വിശേഷിപ്പിച്ചത്. അയൽനഗരങ്ങളിൽനിന്ന് തന്റെ ജനങ്ങളോട് അങ്ങോട്ട് കുടിയേറാൻ അദ്ദേഹം ആവശ്യപ്പെട്ടു. അങ്ങനെ അതിനെ

മെട്രോപ്പോളിസ് ആക്കാനാണ് അദ്ദേഹം അവശ്യപ്പെട്ടത്. കുടിയേറ്റ ജനത പെരുകി അതൊരു വലിയ നഗരമാകുമെന്നും പലരാജ്യങ്ങൾക്കും ഉപജീവനമാർഗം നൽകാൻ ആ നഗരം ഉതകുമെന്നും ദർശകന്മാർ വിധിയെഴുതി. പലരാജ്യങ്ങളിൽ നിന്ന് ജനങ്ങൾ അലക്സാൻഡ്രിയായിലേക്ക് ഒഴുകിയെത്തി ഒരു ബഹുസാംസ്കാരികസമൂഹം (Multicultural Society) ആയി അതു മാറി. അവിടെ നടക്കുന്ന ഇടപാടുകളുടെ വ്യക്തവും കൃത്യവുമായ രേഖ അവശ്യമാണെന്ന് ഗ്രീക്കുകാർ കരുതി. അങ്ങനെയാണ് അലക്സാൻഡ്രിയ ശക്തമായ ബ്യൂറോക്രാറ്റിക് രാജ്യമായി മാറിയത്.

കടലാസിനോടുള്ള മോഹം പുസ്തകങ്ങളോടുള്ള ഇഷ്ടത്തെ സൂചിപ്പിക്കുന്നില്ല. എങ്കിലും അത് അലക്സാൻഡ്രിയായിലെ ജനങ്ങളെ വായനയിലേക്ക് നയിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. അതിന്റെ സ്ഥാപകൻ ആഗ്രഹിച്ചതുപോലെ അദ്ദേഹത്തിന്റെ അഭിരുചിക്കനുസരിച്ച് ആ നഗരം ബ്യുക്കിഷ് സിറ്റിയായിത്തീർന്നു. അരിസ്റ്റോട്ടിലിന്റെ പരിശീലനമാണ് അലക്സാണ്ടറെ വായനയുടെ കാമുകനാക്കി മാറ്റിയത്. അലക്സാൻഡ്രിയായെ പ്രശസ്തമാക്കാനുള്ള മാർഗം ലൈബ്രറി സ്ഥാപിക്കുകയാണെന്ന് ഉപദേശിച്ചത് ടോളമിയാണെന്ന് പറയപ്പെടുന്നു. 150 വർഷങ്ങൾക്കുശേഷം ആ ലൈബ്രറി നശിപ്പിക്കപ്പെട്ടു. ഗ്രീക്ക് ഭൗമ ശാസ്ത്രജ്ഞനായ സ്ട്രാബോബിസി ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ എഴുതിയ അലക്സാൻഡ്രിയായുടെയും അവിടുത്തെ മ്യൂസിയത്തിന്റെയും ചരിത്രത്തിൽ ഈ ലൈബ്രറിയെക്കുറിച്ച് പറയുന്നേയില്ല. അതിന്റെ കാരണം ഇറ്റാലിയൻ ചരിത്രകാരനായ ലുസിയാനോ കാൻഫോറയുടെ അഭിപ്രായത്തിൽ ഒരു മുറിയോ കെട്ടിടമോ അല്ലായിരുന്നു ലൈബ്രറി. മ്യൂസിയത്തിന്റെ ഇടനാഴികളാൽപ്പോലും പുസ്തകഷെൽഫുകൾ സജ്ജീകരിച്ചിരുന്നു. മനുഷ്യവിജ്ഞാനത്തിന്റെ സമഗ്രതയെ ഉൾക്കൊള്ളുക എന്നതായിരുന്നു ആ ലൈബ്രറിയുടെ മഹത്തായ ലക്ഷ്യം.

കാലിമാക്കസിന്റെ ലൈബ്രറിയിലാണ് ആദ്യമായി വായനക്കുള്ള ഇടം ഒരുക്കിയത്. നമുക്കറിയാവുന്ന എല്ലാ ലൈബ്രറികളും കാലിമാക്കസിന്റെ ആ പുരാതനലൈബ്രറിയെ പ്രതിഫലിപ്പിക്കുന്നു. ചിട്ടയാ

യദർശനം അവിടെ കാണാം. പാരീസിലെ ഒരു ലൈബ്രറിയിൽ ഇറോട്ടിക് സാഹിത്യത്തിനായി നീക്കിവെച്ചിരിക്കുന്ന ഭാഗത്തിനു നൽകിയിരിക്കുന്ന പേര് നരകം എന്നാണ്. അലക്സാൻഡ്രിയായിലെ ലൈബ്രറിയിലുണ്ടായിരുന്ന കാറ്റലോഗുകളാണ് റോമിലെയും ബൈസാന്റിഷയത്തിലെയും ഒടുവിൽ യൂറോപ്പിലെയും ലൈബ്രറികൾക്ക് മാതൃകയായത്. പുസ്തകങ്ങൾ എങ്ങനെ ക്രമീകരിക്കണം എന്നത് വലിയ വിഷയമായിരുന്നു. കൃതിയുടെ ആദ്യ വാക്കാണ്, ആദ്യം മാനദണ്ഡമായത്. പിന്നീട് അത് അക്ഷരമാലയായി.

1250ൽ ഹോർട്ടികൾച്ചറൽ മോഡലിൽ ഒരു കാറ്റലോഗിംഗ് സിസ്റ്റം നടപ്പിലാക്കിയത് റിച്ചാർഡ്ഡി ഫോർണിവലാണ്. തന്റെ ഗ്രന്ഥശാലയെ ഒരു പൂന്തോട്ടമായി അദ്ദേഹം സങ്കല്പ്പിച്ചു. തന്റെ സഹപൗരന്മാർക്ക് അറിവിന്റെ ഫലങ്ങൾ ശേഖരിക്കാനൊരു സംവിധാനം. മൂന്നു പൂമൊട്ടുകളായി ആ പൂന്തോട്ടത്തെ അദ്ദേഹം വിഭജിച്ചു. തത്വശാസ്ത്രം, ദൈവശാസ്ത്രം, വിത്തവർദ്ധകശാസ്ത്രം എന്നിങ്ങനെ. ഓരോ പൂമൊട്ടിലും പല ദളങ്ങൾ. ഉപഗണങ്ങൾ അവിടെയിരുന്ന് വായിക്കും; ഉറക്കെയല്ല, നിശബ്ദമായി. പണ്ട് നിശബ്ദവായന അപൂർവ്വമായിരുന്നു. ഉറക്കെയായിരുന്നു വായന. പിന്നീടാണ് എകാന്തവായന വരുന്നത്. ഡിജിറ്റൽയുഗത്തിൽ ഏകാന്തവായനയ്ക്കു പ്രാധാന്യമേറി. ഡിജിറ്റൽ വായന ഇന്ന് നിഷേധിക്കാനാവാത്ത വിധം ജനപ്രിയമായിരിക്കുകയാണ്. നിരവധി സദ്ഗുണങ്ങൾ അതിനുണ്ട്:

1. വായനയുടെ വ്യാപ്തികുടി.
2. വായന സൗകര്യപ്രദമായി.
3. പലതിന്റെയും സമന്വയം സാധ്യമാക്കുന്നു (ലിങ്കുകൾ, വിഡിയോ, ഓഡിയോ, ഗ്രഫിക്സ്, ഇമേജുകൾ)
4. പുസ്തകത്തിന്റെ മേധാവിത്തം തകർന്നു.

ഇനി ദോഷങ്ങൾ നോക്കാം;

1. മുഴുവൻ വായനയും മൂലം വായനയും ഇല്ലാതായി; വായന 'തെരഞ്ഞെടുക്കപ്പെട്ടത്' ആയി.
2. എല്ലാം ഗൂഗിളിലുണ്ട് എന്ന ധാരണ പടർന്നു.

3. ഒരു ക്ലിക്കിൽ അവശ്യത്തിലും ഏറെ വരുന്നു. തെരെഞ്ഞടുപ്പ് ഒരു പ്രശ്നമായി; നല്ല മാർഗദർശകനില്ല.
4. അനാവശ്യമായതാണ് ഏറേയും.
5. എന്തും വായിക്കാം; വേണ്ടതും വേണ്ടാത്തതും.
6. പുസ്തകവായനയിലുണ്ടാകുന്ന അടുപ്പവും അനുഭൂതിയും ഇ-വായനയിലില്ല.

ഡിജിറ്റൽസ്ക്രീനിലെ വായന പവർ ബ്രൗസിങ്ങിലാണ് നടക്കുന്നത്. അതിൽ ആസ്വാദ്യത ഇല്ല. തുടർച്ചയായ വായനയില്ല. ആഴത്തിലുള്ള വായനയില്ല. സാഹിത്യവായനയിൽ വേണ്ടത് അതാണ്. വായന ഗൗരവവ്യാപാരമാണ്. പുസ്തകത്തെ സാങ്കതികമായി ഒരു Codex ആയാണ് കരുതുന്നത്. ശീർഷകം മുതൽ ഗ്രന്ഥസൂചിവരെ അതിലുണ്ട്. അതിനൊക്കെ ഓരോ ചരിത്രം പറയാനുണ്ട്. പണ്ട് ശീർഷകവും രചയിതാവും ഒരിടത്തുമില്ലായിരുന്നു. 1470 നു ശേഷമാണ് ശീർഷകം, രചയിതാവ്, പ്രസാധകൻ തുടങ്ങിയ വിവരങ്ങൾ പുസ്തകത്തിൽ രേഖപ്പെടുത്തി തുടങ്ങിയത്. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മിക്കവാറും എല്ലാ പുസ്തകങ്ങൾക്കും ശീർഷകം ഉണ്ടായി. ഉള്ളടക്കം ആദ്യമായി പ്രത്യക്ഷപ്പെട്ടത് Natural History യിലാണ്. എ.ഡി. 77ൽ മരിക്കുന്നതിനു മുമ്പായി പ്ലിനി തയ്യാറാക്കിയതാണ് ഈ പുസ്തകം. അതിൽ ചർച്ചചെയ്യുന്ന വിഷയങ്ങളുടെ ലഘു വിവരണങ്ങൾ പട്ടികയായി ഉൾക്കൊള്ളിച്ചു. അതിൽ നിന്നാണ് ഉള്ളടക്കം എന്ന സങ്കല്പം രൂപം കൊണ്ടത്. പേജ് നമ്പർ 1450 വരെ കൈയെഴുത്തു പ്രതികളിൽ പത്തു ശതമാനത്തിൽ താഴെ മാത്രമേയുള്ളു. ഡിജിറ്റലാകുന്നതോടെ പേജ് നമ്പർ എന്ന ഏർപ്പാടിനും ഭീഷണിയാകും.

ആശയവിനിമയം നടത്താനുള്ള നമ്മുടെ ശേഷിയെ വിപുലീകരിക്കുന്ന ഇന്റർനെറ്റിന്റെ സ്വാധീനം വായനയെ എങ്ങനെ സ്വാധീനിക്കുന്നുവെന്നു നോക്കാം. ഇന്റർനെറ്റ് ഒരു പൊതുമണ്ഡലത്തെ സൃഷ്ടിക്കുന്നു. ആശയവിനിമയത്തിന്റെ ശേഷിയ്ക്ക് ചിട്ടയായതും പുരോഗമനപരവുമായ ഫലങ്ങൾ കൈവരിക്കാനുതകുന്ന സാഹചര്യം

സൃഷ്ടിക്കുന്നു. അതേസമയം കമ്പ്യൂട്ടർ മോണിറ്ററുകളിലും സ്മാർട്ട് ഫോണുകളിലും ഒക്കെ സ്വതന്ത്രമായി ഉറ്റുനോക്കിയിരിക്കുന്ന ഒരു ഏകാന്ത ജനവിഭാഗം അതോടൊപ്പം രൂപപ്പെടുന്നുമുണ്ട്. ഹേബർമാസ് വികസിപ്പിച്ചെടുത്ത പൊതുമണ്ഡലത്തെക്കുറിച്ചുള്ള ആശയങ്ങളെ ഇവിടെ വിശകലനവിധേയമാക്കേണ്ടതുണ്ട്. പൊതുമണ്ഡലത്തിന്റെ കാര്യത്തിൽ തുറന്നുകിട്ടുന്ന പുതിയ ആശയവിനിമയ ശൃംഖലകളെക്കുറിച്ച് നമ്മൾ ചിന്തിക്കേണ്ടതില്ലെന്നവാദം അംഗീകരിക്കാനാവില്ല.

ആശയവിനിമയമുതലാളിത്തത്തിന്റെ രൂപമെന്ന നിലയിൽ ഇന്റർനെറ്റിനെ വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഒന്നോ അതിലധികമോ യാഥാർത്ഥ്യങ്ങൾ കണ്ടുമുട്ടുന്ന ഒരിടമായി മാത്രം നെറ്റിനെ വിലയിരുത്തുന്നത് ഉചിതവുമല്ല. ഒരു പ്രത്യേകതരം സാമൂഹികക്രമത്തെ അത് സൃഷ്ടിക്കുന്നു.

അനായാസവും ഉദാസീനവുമായി ഓർമ്മയിൽ നിന്നും ചരിത്രത്തിൽ നിന്നും എളുപ്പമിറങ്ങി നടക്കുന്ന പുതിയ മനുഷ്യനെക്കുറിച്ച് പി. പി. രാമചന്ദ്രൻ ‘ഇറക്കം’ എന്ന കവിതയിലെഴുതി. അതുപോലെയാണ് ഡിജിറ്റൽയുഗത്തിലെ പൊതുമണ്ഡലത്തിൽ നെറ്റ്വർക്ക് മനുഷ്യന്റെ ജീവിതം.

> ‘അകലത്തുള്ളവ
> യതി വേഗത്തിൽ
> അരികത്തായി;
> അരികത്തുള്ളവ
> യകലത്തായി’

(ഇറക്കം, പി.പി.രാമചന്ദ്രന്റെ കവിതകൾ, പുറം 187)

പൊതുമണ്ഡലം എന്താണ്? ഏതു തരത്തിലുള്ള രാഷ്ട്രീയ വാസ്തുവിദ്യയാണ് അതിൽ ഉൾപ്പെടുന്നത്? പൊതുവേ പറഞ്ഞാൽ ലിബറൽ ഡെമോക്രാറ്റിക് പ്രയോഗത്തിന്റെ ഇടവും വിഷയവുമാണത്. പൊതുജനത്തിന്റെ പൊതു ആശങ്കകൾ, ബാധകമാവുന്ന പൊതു വിഷയങ്ങൾ, സമവായത്തിലെത്തേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ച്

ആളുകൾ മനഃപൂർവ്വം ആലോചിക്കുന്ന ഇടമാണ് പൊതുമണ്ഡലം. പൊതു–സ്വകാര്യമേഖലകൾ തമ്മിലുള്ള നിയമപരമായ വ്യത്യാസങ്ങളിൽ പൊതുമണ്ഡലത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ പ്രവർത്തിക്കുന്നു. അവിടെ പൊതുവായത് ഭരണകൂടത്തെയും സ്വകാര്യമായത് വിപണിയെയും കുടുംബത്തെയും സൂചിപ്പിക്കുന്നു.

രാഷ്ട്രീയസിദ്ധാന്തങ്ങൾ പൊതുമണ്ഡലത്തിന്റെ വ്യത്യസ്ത ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഹന്നാ ആരൻസ് അവതരിപ്പിക്കുന്ന ആശയം നോക്കാം. പുരാതനഗ്രീസിലെ രാഷ്ട്രീയത്തെക്കുറിച്ചുള്ള ഒരാശയത്തിന്റെ ചുവടുപിടിച്ചാണ് അവർ പൊതുമണ്ഡലത്തെ അവതരിപ്പിക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം പൊതുമണ്ഡലം സ്വാതന്ത്ര്യത്തിന്റെയും മത്സരത്തിന്റെയും ഒരിടമാണ്. ഇതിനു വിപരീതമായി സ്വയം അവതരണത്തിന്റെയും ആവിഷ്കാരത്തിന്റെയും രീതികൾ കണക്കിലെടുത്ത് റിച്ചാർഡ് സെനെറ്റ് പൊതുമണ്ഡലത്തെ കൂടുതൽ സൗന്ദര്യാത്മകമായി വായിക്കുന്നു.

ഹേബർമാസ് യുക്തിയുടെ പൊതു ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുമണ്ഡലത്തെ സങ്കല്പിക്കാൻ പ്രേരിപ്പിച്ചു. സമത്വം, സുതാര്യത, ഉൾപ്പെടുത്തൽ, യുക്തിബോധം തുടങ്ങി ഒരു കൂട്ടം മാനദണ്ഡങ്ങൾ അതിനുണ്ട്. ഈ മാനദണ്ഡങ്ങളെല്ലാം പൊതുമണ്ഡലത്തിലെ പ്രവർത്തനങ്ങൾക്ക് ബാധകമാണ്.

ഇന്റർനെറ്റ് സൃഷ്ടിച്ച മുന്നേറ്റങ്ങൾ കൂടുതൽ ആളുകൾക്ക് അവരുടെ ചിന്തകളെയും അഭിപ്രായങ്ങളെയും പൊതു ഇടത്തിൽ കൈമാറ്റം ചെയ്യുന്ന പ്രക്രിയയ്ക്ക് ആക്കം കൂട്ടാൻ സഹായകമായി. തുല്യമായ പങ്കെടുക്കലിനുള്ള അവസരം സംജാതമായി. ചാറ്റ് റൂമുകൾ, സൈബർ സലൂണുകൾ എന്നിവ അത്തരം വേദികളോ ഇടങ്ങളോ ആയി. പക്ഷേ, നെറ്റ് യഥാർത്ഥത്തിൽ ഒരു പൊതുമണ്ഡലമാണോ? അല്ലെന്നു കരുതുന്നവരാണ് ഏറെയും. പ്രത്യയശാസ്ത്ര വിമർശനത്തിലൂടെ അഭിസംബോധന ചെയ്യാൻ കഴിയുന്ന ഒന്നായി നെറ്റ് മാറിയോ? ഒരു പൊതുമണ്ഡലമായി ക്രമീകരിച്ച് നെറ്റിനെക്കുറിച്ച് പഠിക്കുകയാണ് പലരും ചെയ്തത്. സൈബറിടം ലൈംഗികത നിറ

ഞ്ഞതും വംശീയവും കുറ്റകരവുമാണെന്ന് ഒരു കൂട്ടർ വാദിക്കുന്നു. സമത്വം, യുക്തി, മാന്യത, നാഗരികത എന്നിവയ്ക്കൊന്നും അവിടെ സ്ഥാനമില്ലെന്ന് അവർ സമർത്ഥിക്കുന്നു. പ്രതീതിസാങ്കേതിക വിദ്യകൾ വിനാശകരമാണെന്ന നിഗമനത്തിൽ അവർ എത്തിച്ചേരുന്നു മറ്റൊരു കൂട്ടർ നെറ്റ് പൊതുമണ്ഡലം പോലെയാണെന്നു വാദിക്കുന്നു.

ഇന്റർനെറ്റിനെ പൊതുമണ്ഡലമായി വിലയിരുത്തുമ്പോൾ, ചില പൊരുത്തക്കേടുകൾ ഉണ്ടാകുന്നു. നെറ്റ് പൊതുമണ്ഡലമല്ലെങ്കിൽ, അതെന്താണ്? അത് ഒരു ഉപകരണമോ മാധ്യമമോ മാത്രമാണോ? എല്ലായ്പ്പോഴും പ്രത്യേക പ്രത്യയശാസ്ത്രങ്ങൾ, വിശ്വാസങ്ങൾ, അഭിലാഷങ്ങൾ എന്നിവയുടെ ഭൗതികവൽക്കരണമല്ലാത്ത സാങ്കേതിക വിദ്യയുടെ ഒരു മാതൃക പ്രയോഗിക്കുകയെന്നതാണ് അതിനർത്ഥം. വെർച്വൽ റിയാലിറ്റിയുടെ അടിസ്ഥാനത്തിൽ നെറ്റിനെ നന്നായി മനസ്സിലാക്കുന്നുണ്ടോ ? തീർച്ചയായും ഇല്ല: യഥാർത്ഥ ആളുകൾ ഇത് ഉപയോഗിക്കുന്നുവെന്ന അർത്ഥത്തിൽ മാത്രമല്ല, അവരുടെ മസ്തിഷ്കത്തിനകത്ത് അവശേഷിക്കുകയും അവരുടെ ശാരീരികശേഷി നിലനിർത്തുകയും ചെയ്യുന്നുവെന്നത് മാത്രമല്ല, സാമ്പത്തികരൂപീകരണത്തിന്റെ യഥാർത്ഥ ഘടകമാണ് അത് എന്ന നിലയിലാണ് ഇപ്പോൾ അത് മുഴുവൻ മനുഷ്യരെയും ബാധിക്കുന്നത്. അതിന്റെ വെർച്വാലിറ്റിക്ക് ഊന്നൽ നൽകുന്നത് അതിന്റെ സാമ്പത്തികപങ്കിൽ നിന്ന് ശ്രദ്ധമാറ്റുന്നു.

നെറ്റ് വ്യക്തമായി ഫാന്റസിക്ക് അതീതമാണ്. ഒന്നിലധികം യാഥാർത്ഥ്യങ്ങൾ കൂടിച്ചേരുന്ന ഒരു സൈറ്റായി നെറ്റിനെ മനസ്സിലാക്കാം. ഒന്നിലധികം യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള ആശയം ഏറ്റവും വിനാശകരമായ ഒന്നാണ്. ഇത് സംഘട്ടനത്തിന്റെ ഒരു സൈറ്റാണ്. അതിന് ഒന്നിലധികം സമീപനങ്ങളുണ്ട് എന്നതിൽ സംശയമില്ല. ഈ സമീപനങ്ങളിൽ ഒന്നിലധികം യാഥാർത്ഥ്യങ്ങളുണ്ടെന്ന് അവകാശപ്പെടുന്നത് നെറ്റിനെ ഒരു പൊതുമണ്ഡലമായി കാണുന്നവരെ കെണികളിലേക്ക് വീഴ്ത്തുന്നു. നെറ്റിനെ ഒരു ശൂന്യസ്ഥാപനമെന്നു വിളിക്കാം. സ്ലാവോയ് സി സെക്ക് രാജ്യത്തെ അങ്ങനെ വിളിച്ചിട്ടുണ്ട്. ഇവിടെ

ശൂന്യം എന്നത് ഒരു സൂചകമാണ്. അത് അർത്ഥത്തിന്റെ സാന്നി ധ്യത്തെ സൂചിപ്പിക്കുന്നു. ക്രിയാത്മകമായ പ്രവർത്തനമില്ലാത്ത ഒരു സ്ഥാപനമാണത്. വായന ക്രിയാത്മകമായ ഒരു പ്രവർത്തനമാണ്. അധികാരം സദാ ഗുപ്തവും രഹസ്യവുമാണെന്ന ആശയത്തിന്റെ അടി സ്ഥാനത്തിലാണ് പൊതുമണ്ഡലത്തിലെ രാഷ്ട്രീയം പ്രവർത്തിക്കുന്നത്. ഇന്ന് എല്ലാത്തരം രാഷ്ട്രീയ പ്രക്രിയകളും നെറ്റ്‌വർക്ക് മാധ്യമങ്ങളാൽ സുതാര്യമാക്കപ്പെടുന്നു. ജനങ്ങൾ ആ സുതാര്യതയാൽ ആകർഷി ക്കപ്പെടുന്നു. ആശയവിനിമയമുതലാളിത്തത്തിന്റെ അവസാനത്തെ പ്രതിഫലനാത്മക സർക്യൂട്ടുകളിൽ നിന്ന് രക്ഷപെടാനുള്ള മാർഗ്ഗമാണ് വായന.

**ഗ്രന്ഥസൂചി**


1. Bell, David, Cyberculture Theorists, Routledge London, 2009.
2. During, Simon ( Ed.,) The Cultural Studies Reader, Routledge, Oxon, 2013.
3. രാമചന്ദ്രൻ, പി. പി., പി. പി. രാമചന്ദ്രന്റെ കവിതകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2015.

# സ്വകാര്യ എഫ്.എം.റേഡിയോ : ഫലപ്രാപ്തിയുടെ വ്യത്യസ്തമാനങ്ങൾ

**ഡോ. ജൈനിമോൾ കെ. വി.**

**അസിസ്റ്റന്റ് പ്രൊഫസർ**

**സി. എ. എസ്. കോളേജ്, മാടായി**

**സംഗ്രഹം**

സമകാലികമനുഷ്യരുടെ സംസ്കാരത്തിലും ജീവിതത്തിലും ഗണ്യമായ സ്വാധീനം ചെലുത്തുന്ന മാധ്യമമാണ് സ്വകാര്യ എഫ്.എം. റേഡിയോകൾ. വിനോദിപ്പിക്കുക എന്നതാണ് ഈ മാധ്യമത്തിന്റെ അടിസ്ഥാന ധർമ്മം. ശ്രാവ്യസംസ്കാരം എല്ലാ അതിർത്തികളെയും ഭേദിച്ച് വിശാല മണ്ഡലത്തിൽ എത്തിനിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ സ്വകാര്യ എഫ്.എം. റേഡിയോ പരിപാടികൾ ഫലപ്രാപ്തിയിലെത്തുന്നതെങ്ങനെയെന്ന് കണ്ടെത്തുന്നതിന് അവയുമായി ബന്ധപ്പെട്ട വിവിധവശങ്ങൾ പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

**താക്കോൽവാക്കുകൾ**

സാങ്കേതികവിദ്യ-എഫ്. എം. തരംഗം-ഇന്റർനെറ്റ്-പൊതുമണ്ഡലം - കാർണിവൽ-റേഡിയോ ജോക്കി-റിയാലിറ്റി ഷോ-പരസ്യം.

സാങ്കേതികവിദ്യയിൽ അനുദിനമുണ്ടാകുന്ന വളർച്ച ആശയവിനിമയരീതികളിൽ മാറ്റം വരുത്തുകയും പുതിയ സംസ്കാരനിർമ്മിതി

യിൽ ഭാഗഭാക്കാവുകയും ചെയ്യുന്നുണ്ട്. പുത്തൻസാങ്കേതികവിദ്യക ളുടെ കണ്ടുപിടുത്തത്തോടെ ചലനാത്മകമായ മാറ്റം ജനതയുടെ വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും ഉണ്ടായി. വിക സിതരാജ്യങ്ങളിൽ 1940 കളിൽത്തന്നെ വ്യാപക പ്രചാരം നേടിയ സ്വകാര്യ എഫ്.എം. തരംഗം മലയാളികളുടെ കേൾവി സംസ്കാര ത്തിന്റെ ഭാഗമാകുന്നത് 2007 മുതലാണ്. ഉത്തരാധുനിക കേരളത്തിന്റെ സാമൂഹ്യ-മാധ്യമസാഹചര്യങ്ങളുടെ അനിവാര്യതയായിട്ടാണ് സ്വകാര്യ റേഡിയോയുടെ ഉദയം. അത്തരം സാഹചര്യങ്ങളെ ഇങ്ങനെ ക്രോഡീ കരിക്കാം:

1) വാഹനസംസ്കാരത്തിന്റെ വ്യാപനം.
2) ആവർത്തനവിരസമായ ടെലിവിഷൻ സീരിയലുകൾ.
3) ഇന്റർനെറ്റും മൊബൈൽ ഫോണും മധ്യവർഗമലയാളിക്ക് പൂർണ്ണമായും പ്രാപ്യമല്ലാത്തത്
4) നിലവിലുള്ള റേഡിയോയുടെ (ആകാശവാണി) ഔപചാരിക തയും പഴമയും തകർച്ചയും.
5) കാസറ്റുകളും സി.ഡി.കളും അപ്രസക്തമായ സാഹചര്യം.
6) സ്വകാര്യജീവിതത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കേര ളീയ കുടുംബജീവിതക്രമം.
7) പൊതുമണ്ഡലത്തിന്റെ തകർച്ച.

മധ്യവർഗമലയാളീസമൂഹത്തിലേക്ക് സ്വകാര്യ എഫ്.എം. റേഡി യോകൾ കടന്നുവരാനുണ്ടായ സാംസ്കാരികപശ്ചാത്തലമാണ് മുക ളിൽ സൂചിപ്പിച്ചത്. പൂർണ്ണമായും വിനോദമാധ്യമമായാണ് എഫ്. എമ്മിന്റെ വരവ്. മറ്റ് മാധ്യമങ്ങൾ എന്നതുപോലെ വിനോദമാധ്യമ ങ്ങളും ജനാധിപത്യസാമൂഹ്യക്രമത്തിൽ ഇടപെടുന്നുണ്ട്. സാമൂഹ്യാ സ്തിത്വങ്ങളെ പുനർനിർവചിച്ചും ബദൽപൊതുമണ്ഡലങ്ങൾ സൃഷ്ടി ച്ചുമാണ് ഈ ധർമ്മം ഇവ സാധ്യമാക്കുന്നത്.

സ്വകാര്യ റേഡിയോകളുടെ നിയന്ത്രണശക്തികൾ വൻകിട മാധ്യമ കമ്പനികളാണ്. അവ ലാഭത്തിലൂന്നുന്നതും സ്ഥാപിതതാൽപ

ര്യങ്ങൾക്കനുസരിച്ചുമുള്ള ആശയങ്ങൾ ജനങ്ങളിലേക്ക് സമർത്ഥമായി എത്തിക്കുകയും ചെയ്യുന്നവയാണ്. പല തരത്തിലുള്ള വ്യവസായങ്ങൾ ഇവിടെ കണ്ണിചേരുന്നു. സിനിമ, പരസ്യം എന്നിവ എഫ്.എം. റേഡിയോപരിപാടികളിലൂടെ പ്രോത്സാഹിപ്പിക്കപ്പെടുന്നു. പരസ്പര സഹായസഹകരണങ്ങളിലൂടെയാണ് ഇവ മുന്നോട്ട് പോകുന്നത്. പ്രക്ഷേപണം ചെയ്യുന്ന പരിപാടിയുടെ 'ലിങ്കു'കൾക്ക് (അവതാരകഭാഷണം) പുറമേ പരസ്യവും പ്രായോജകരുടെ ചിഹ്നങ്ങളും ടാഗ് ലൈനും ഒക്കെ ഇടകലരുന്നു. പാട്ടിനിടയിലുള്ള സമയമെന്നത് ഇത്തരം ഘടകങ്ങളുടെ ഒരു സമന്വയമാണ്.

## സ്വകാര്യഎഫ്.എം. റേഡിയോയും സാമ്പത്തികവും

ആഗോളതലത്തിൽ വ്യാപിച്ചുകിടക്കുന്ന വിനിമയശൃംഖലയുടെ ഭാഗവും തുടർച്ചയുമാണ് എഫ്.എം. റേഡിയോ. ആഗോളമുതലാളിത്ത സമൂഹങ്ങളിലെല്ലാം തന്നെ മാധ്യമവും സമൂഹവും തമ്മിലുള്ള ബന്ധം നിശ്ചയിക്കുന്നത് മൂലധനതാൽപര്യങ്ങളാണ്. സ്വകാര്യ എഫ്.എം. റേഡിയോകളുടെ പെട്ടെന്നുള്ള വളർച്ച നാഗരികതയുടെയും സംസ്കാരത്തിന്റെയും വളർച്ചയും സ്വഭാവവും വെളിപ്പെടുത്തുന്നുണ്ട്. കമ്പോളത്തിലെ ഒരു ചരക്കായി കലാരൂപങ്ങൾ മാറുന്ന പ്രവണതയാണ് ഇന്നുള്ളത്. ഈ ഉപഭോഗ സാധ്യതതന്നെയാണ് എഫ്.എം.റേഡിയോകളുടെ സമ്പദ്ഘടനയെയും നിശ്ചയിക്കുന്നത്. ജനപ്രിയമായ ഉൽപന്നങ്ങളാണ് ഇവർ വിറ്റഴിക്കുന്നത്. ആഗോളവൽകരണത്തിന്റെയും മുതലാളിത്തത്തിന്റെയും കാലഘട്ടത്തിൽ നഷ്ടമായ ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും അനുഭവങ്ങൾ നൽകുന്നുണ്ട് ഈ ജനപ്രിയ കലാരൂപങ്ങൾ. സിനിമയും ടെലിവിഷനും പോലെ സ്വകാര്യ റേഡിയോകളുടെയും ജനപ്രിയതയ്ക്ക് ഒരു കാരണവും ഇതാണ്. സമൂഹത്തിന്റെ ഉത്സവങ്ങളുടെ ആധുനിക രൂപങ്ങൾ ആണ് ഇവ ഉൽപാദിപ്പിക്കുന്ന ജനപ്രിയപരിപാടികൾ. സംസാരവും പാട്ടും പരസ്യവും കൂടിച്ചേർന്നുള്ള പരിപാടികളുടെ നൈരന്തര്യത്തിലൂടെ ശ്രോതാക്കൾ മായാലോകത്തെത്തുകയും ആഹ്ലാദമനുഭവിക്കുകയും ചെയ്യുന്നു.

നാഗരികരാകാൻ കൊതിക്കുന്നവരുടെ (Urban aspirational group) മാധ്യമമാണ് എഫ്.എം. റേഡിയോ. 18-നും 35-നും ഇടയിൽ പ്രായമു

ള്ളവരും സുഖസൗകര്യങ്ങൾ ആഗ്രഹിക്കുന്നവരും ആഘോഷത്തിലും ആർഭാടത്തിലും ഭ്രമിക്കുകയും ചെയ്യുന്ന വിഭാഗത്തെയാണ് ഇവ പ്രതിനിധീകരിക്കുന്നത്. പഴമയെ കൈവെടിയുകയും പുതുമയെ പുൽകാൻ കൊതിക്കുന്നവരുമായ, യുവത്വം മനസിൽ സൂക്ഷിക്കുന്ന ഉത്തരാധുനിക മനുഷ്യരുടെ ചോദനകളെ തൃപ്തിപ്പെടുത്തുന്ന വിധത്തിലുള്ള വിഭവങ്ങളാണ് സ്വകാര്യ എഫ്.എം. നിലയങ്ങൾ വിപണനം ചെയ്യുന്നത്. അവതാരകന്റെ സംസാരരീതിയിലും തെരഞ്ഞെടുക്കുന്ന വിഷയങ്ങളിലും ഉൾപ്പെടുത്തുന്ന പരസ്യങ്ങളിലും എന്തിന്, പാട്ടുകൾ പോലും ഇതിന് തെളിവാണ്. തീരെ പഴയപാട്ടുകൾ ഇവർ പ്രക്ഷേപണം ചെയ്യുന്നതേയില്ല. 80 കൾ മുതലുള്ള പാട്ടുകളാണ് എഫ്.എമ്മുകളിലൂടെ കേൾക്കാൻ സാധിക്കുന്നത്. അതിൽത്തന്നെ ഹിറ്റ് ഗാനങ്ങൾ മാത്രം. സ്ത്രീ സൗഹൃദവിഷയങ്ങൾ, സൗന്ദര്യം, പാചകം, സിനിമ, പ്രണയം, കൗതുകമുള്ള മത്സരങ്ങൾ, അഭിമുഖ സംഭാഷണങ്ങൾ, ആക്ഷേപഹാസ്യപരിപാടികൾ തുടങ്ങി വർത്തമാനകാലസമൂഹം ആവശ്യപ്പെടുന്നതും ആഗ്രഹിക്കുന്നതുമായ ജനപ്രിയ ഫോർമുലകളാണ് പരിപാടിയുടെ ഉള്ളടക്കം നിർണ്ണയിക്കുന്നത്. ജനപ്രിയമായ ഈ പരിപാടികൾക്ക് സാമ്പത്തികവും രാഷ്ട്രീയവുമായ അടിത്തറയുണ്ട്. സ്വകാര്യ എഫ്.എം. റേഡിയോകളുടെ സാമ്പത്തികാടിത്തറ ഭദ്രമാകുന്നത് പരസ്യങ്ങളിലൂടെയാണ്. പരസ്യങ്ങളാണ് എഫ്.എം. നിലയങ്ങളുടെ ഏക വരുമാന സ്രോതസ്സ്. അവതാരകന്റെ സംഭാഷണം, പാട്ട്, പരസ്യം ഇത്രയും ചേർത്ത് വച്ചാൽ ഒരു എഫ്.എം. പരിപാടിയായി. നിരന്തരമായ ഒരു പ്രവാഹമായാണ് എഫ്.എം. പരിപാടികൾ മാധ്യമലോകത്ത് നിലയുറപ്പിച്ചിരിക്കുന്നത്. ഇത് കേൾക്കുന്നതിന് ശ്രോതാവിന് ഒരു രൂപപോലും ചെലവു വരുന്നില്ല എന്നതാണ് ഇവയുടെ ജനപ്രിയതയുടെ പ്രധാന ഘടകം. ഇത്തരത്തിൽ സൗജന്യമായി പ്രക്ഷേപണം നടത്താൻ എഫ്.എമ്മുകളെ സഹായിക്കുന്നത് പരസ്യങ്ങളാണ് എന്നതും പരിപാടികളെപോലെ തന്നെ എഫ്.എം.റേഡിയോ പരസ്യങ്ങളും യുവതലമുറയെ ആകർഷിക്കുന്നതാണ് എന്നതുകൊണ്ടും ഇവയുടെ സ്വഭാവം വിശകലനം ചെയ്യേണ്ടതുണ്ട്.

കുത്തകമുതലാളിത്തത്തിന്റെ കാലത്തെ മിഷനറിമാരായി (Missionaries of corporate capitalisam) ആഗോളമാധ്യമങ്ങളെ അവത

രിപ്പിക്കുന്ന റോബർട്ട് മാക്ചെസനിയും എഡ്വേർഡ് എസ്. ഹെർമനും ആഗോളീകരത്തിന്റെ സമ്പദ്താൽപര്യങ്ങൾ പ്രവർത്തിക്കുന്ന പ്രത്യയ ശാസ്ത്രമേഖലയയാണ് പരസ്യങ്ങളെ കാണുന്നത്. പരസ്യങ്ങൾ മാധ്യമങ്ങളുടെ ഉള്ളടക്കവും രാഷ്ട്രീയവും നിശ്ചയിക്കുന്നു എന്ന മാർഷൽ മക്ലൂഹന്റെ അഭിപ്രായം സ്വകാര്യ എഫ്.എം. റേഡിയോകളെ സംബന്ധിച്ച് പ്രസക്തമാണ്. വിപണിതന്ത്രത്തിന്റെ ഭാഗമായി സ്വകാര്യറേഡിയോകൾ പൂർണ്ണമായും പരസ്യത്തെയാണ് ആശ്രയിക്കുന്നത്. കലയും സാങ്കേതികവിദ്യയും ഒത്തുചേരുന്ന എഫ്.എം. റേഡിയോയിൽ പരസ്യവും കമ്പോളവും ചേർന്ന് സാമ്പത്തികമണ്ഡലവും സാംസ്കാരികമണ്ഡലവും തമ്മിലുള്ള വേർതിരിവുകൾ ഇല്ലാതാക്കുന്നുണ്ട്. പരസ്യങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും ശ്രോതാക്കളെ സമ്മർദ്ദത്തിലാക്കുന്നു. വിപണിതാൽപര്യങ്ങളാണ് ഇവിടെ പ്രക്ഷേപണം ചെയ്യുന്നത്. നിരന്തരമുള്ള കേൾവിയിലൂടെ മൂലധനശക്തികളുടെ താൽപര്യങ്ങൾ ശ്രോതാക്കളെ സ്വാധീനിക്കുന്നു. എഫ്.എം. റേഡിയോ പ്രതിനിധീകരിക്കുന്ന 'അർബൻ ആസ്പിരേഷണൽ ഗ്രൂപ്പിന്റെ (Urban aspirational group) ബലഹീനതകളെയാണ് ഈ പരസ്യങ്ങൾ മുതലെടുക്കുന്നത്.

കേവലം വിനോദോപകരണം എന്ന നിലയിൽ മാത്രമല്ല എഫ്.എം. റേഡിയോ കേരളീയ സമൂഹത്തിൽ നിലയുറപ്പിച്ചിട്ടുള്ളത്. ആഗോളമുതലാളിത്തത്തിന്റെ ശക്തരായ വാഹകർ കൂടിയാണിവ. വിനിമയം ചെയ്യുന്ന ആശയത്തോടൊപ്പം മുതലാളിത്തതാൽപര്യങ്ങൾ കൂടി വിപണനം ചെയ്യുന്നു. ഈ പ്രക്രിയയിൽ ശ്രോതാവിനെ പങ്കാളികളാക്കി അവരുടെ സ്വകാര്യയിടത്തിലേക്ക് കടക്കാൻ നിരന്തരമായ ഈ കേൾവി പ്രവാഹത്തിലൂടെ എഫ്.എമ്മുകൾക്ക് സാധിക്കുന്നുണ്ട്.

സ്വകാര്യ എഫ്.എം. റേഡിയോയിലൂടെ പരസ്യം ചെയ്യപ്പെടുന്ന ഉൽപന്നത്തിന്റെ ഉപഭോക്താക്കൾ 18-നും 35-നും ഇടയിൽ പ്രായമുള്ള യുവജനങ്ങളാണ്. അതുകൊണ്ട് അവരുടെ സ്വപ്നങ്ങളെയും മോഹങ്ങളെയും വിലക്കെടുക്കാൻ അനുസൃതമായ പരസ്യങ്ങളാണ് കൂടുതലും ഇവിടെ പ്രക്ഷേപണം ചെയ്യപ്പെടുന്നത്. സ്വകാര്യ എഫ്.എം. പരസ്യരീതികളെ താഴെക്കാണും വിധം ക്രോഡീകരിക്കാം:

1) ലളിതമായ വാക്കുകൾ, മ്യൂസിക്, സൗണ്ട് എഫക്ട്സ്, വേഗം എന്നിവയ്ക്ക് ഊന്നൽ നൽകി ക്കൊണ്ടുള്ള പരസ്യരീതി.

2) ചെറുസന്ദേശങ്ങൾ, ഗാനങ്ങൾ, ലളിതമായ സ്കിറ്റുകൾ എന്നീ രൂപങ്ങളിലാണ് പ്രധാനമായും പരസ്യങ്ങൾ നിർമ്മിക്കുന്നത്. ഇതുവഴി കേൾവിക്കാരന്റെ മനസ്സിൽ സമ്മിശ്രവികാരങ്ങൾ ഉണ്ടാക്കി ഉൽപന്നത്തോട് വൈകാരികമായ അടുപ്പം ഉണ്ടാക്കി യെടുക്കുന്നു.

3) ഒരു ഉൽപന്നത്തിന് സമാനമായ ഉൽപന്നങ്ങൾ നിരവധി ഉണ്ടാ കുമ്പോൾ കൂടുതൽ ശ്രദ്ധപിടിച്ചുപറ്റൽ ആവശ്യമായി വരുന്നു. അപ്പോൾ ആനുകൂല്യങ്ങളും ഓഫറുകളുമൊക്കെയായി പരസ്യ വാചകം ലളിതവും ആകർഷകവുമാക്കേണ്ടതുണ്ട്. ഈ തന്ത്ര മാണ് സ്വകാര്യ എഫ്.എം. പരസ്യങ്ങളിൽ മുഴുകുന്നത്.

4) ശ്രോതാവിന്റെ മനസ്സിനെ സ്വാധീനിക്കുന്നതും ഭാവനാത്മകവു മായ സംഭാഷണങ്ങളിലൂടെ കൂടുതൽ വിവരങ്ങൾ കുറച്ചുസമ യത്തിനുള്ളിൽ ഉൾക്കൊള്ളിച്ചുകൊണ്ടാണ് പരസ്യങ്ങൾ തയ്യാ റാക്കുന്നത്.

5) അതിശയിപ്പിക്കുന്ന ഭാവനയും ഉന്മേഷം തോന്നിപ്പിക്കുന്ന വേഗ വുമുള്ള പരസ്യവാചകങ്ങൾ.

ഉല്പന്നത്തെക്കുറിച്ച് നേരിട്ടുള്ള വിവരങ്ങൾ അറിയിക്കുന്ന ധാരാളം പരസ്യങ്ങൾ എഫ്എമ്മുകളിലുണ്ട്. അച്ചടി പരസ്യങ്ങൾക്ക് കാഴ്ചകൊണ്ട് സ്വാധീനിക്കാൻ കഴിയുന്നതിന്റെ പതിന്മടങ്ങ് സ്വാധീനം ചെലുത്താൻ നിരന്തരമായ കേൾവിയിലൂടെ ഇത്തരം പരസ്യങ്ങൾക്ക് സാധിക്കുന്നു. പുരാതനകാലത്തെ വഴിയോരവാണിഭക്കാരുടെ വിളി ച്ചുപറയലുകളും രാജശാസനാ വിളംബരങ്ങളും അന്നത്തെ മനുഷ്യരെ ആകർഷിക്കാനും അനുസരിക്കാനും ഉതകുന്നതായിരുന്നു. ഇന്നും റേഡിയോ പരസ്യങ്ങളുടെ അടിസ്ഥാനസ്വഭാവം ഉപദേശവും വിളിച്ചു പറയലുകളും ഒക്കെത്തന്നെയാണെന്ന് കാണാം.

തങ്ങളുടെ ഉല്പന്നം എങ്ങനെയെങ്കിലും വാങ്ങുവാനോ അല്ലെ ങ്കിൽ യുവജനങ്ങളെ അതിന് പ്രേരിപ്പിക്കുന്നതോ ആയ പ്രേരണാ

ത്മകപരസ്യങ്ങളാണ് മറ്റൊരു വിഭാഗം. മറ്റുള്ളവരുടെ ശ്രദ്ധപിടിച്ചുപറ്റുന്നതിനായി എന്തും ചെയ്യാനൊരുക്കമാണ് ചെറുപ്പക്കാർ. ടൂ വീലറുകൾ, മൊബൈൽ ഫോണുകൾ, പുത്തൻ കാറുകൾ, ബ്രാൻഡഡ് വസ്ത്രങ്ങൾ തുടങ്ങിയ സാധനങ്ങളോടുള്ള യൗവ്വനത്തിന്റെ ഭ്രമങ്ങളെയാണ് ഇത്തരം പരസ്യങ്ങൾ ഉന്നമിടുന്നത്. ഇവ ഇംഗ്ലീഷും മലയാളവും കലർന്ന ഭാഷയിൽ വിനിമയം ചെയ്യുമ്പോൾ പോപ് മ്യൂസിക്കോ പാശ്ചാത്യസംഗീതമോ  പശ്ചാത്തലമാവുന്നു.

ഭാവനാത്മകമായ പരസ്യങ്ങളും നിരന്തരമായ കേൾവിയിലൂടെ ശ്രോതാക്കളുടെ വിശ്വാസ്യത നേടിയെടുക്കുകയും തങ്ങളുടെ ഉൽപന്നങ്ങൾ തന്നെ വാങ്ങണം എന്ന് നിർബന്ധിക്കുന്ന ആവർത്തനസ്വഭാവമുള്ള പരസ്യങ്ങളും എഫ്.എം. റേഡിയോയിൽ ഉണ്ട്. കൂടുതലും പ്രാദേശിക സ്ഥാപനങ്ങളുടെ പരസ്യങ്ങളാണ് ഇത്തരത്തിൽ വരുന്നത്. ഗവൺമെന്റുകൾ ജനക്ഷേമപരമായ ബോധവത്ക്കരണങ്ങൾക്കായും റേഡിയോയുടെ സാധ്യത ഉപയോഗപ്പെടുന്നുണ്ട്.

കേരളത്തിലെ എഫ്.എം. റേഡിയോപരസ്യങ്ങൾ വിശകലനം ചെയ്യുമ്പോൾ അവ പരസ്യത്തിന്മേൽ അമിതമായ ആശ്രിതത്വം സ്ഥാപിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാം. അതുകൊണ്ടുതന്നെ അവയുടെ ലക്ഷ്യവും മാർഗ്ഗവുമെല്ലാം ഉപഭോഗത്തിലധിഷ്ഠിതമാണ്. എഫ്.എം ലക്ഷ്യംവയ്ക്കുന്ന ശ്രോതാക്കൾ ചെറുപ്പക്കാരായതുകൊണ്ട് ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരസ്യങ്ങളാണ് ഇവിടെ കൂടുതലും. വിപണിയിൽ പുതുതായി എത്തുന്ന ഇലക്ട്രോണിക് സാധനങ്ങൾ, അവയുടെ വ്യത്യസ്ത മോഡലുകൾ, ഓഫറുകൾ എന്നിവ പരസ്യപ്പെടുത്തുകയാണ് ഇത്തരം പരസ്യങ്ങളുടെ ഉദ്ദേശ്യം. സ്നേഹം, വാത്സല്യം, ഉന്മേഷം, ഭയം, അസൂയ തുടങ്ങിയ വൈകാരികാനുഭവങ്ങളുടെ സമർത്ഥമായ പ്രയോഗവും വിപണനവുമാണ് എഫ്.എം. റേഡിയോ പരസ്യങ്ങളിൽ പ്രധാനമായും കാണാൻ സാധിക്കുന്നത്.

## സ്വകാര്യഎഫ്.എം.പരിപാടികളിൽ ഹാസ്യത്തിനുള്ള സ്ഥാനം

സ്വകാര്യ എഫ്.എം. പരിപാടികളുടെ മുഖമുദ്രതന്നെ ഹാസ്യമാണ്. പ്രത്യേകിച്ച് ഉക്തിഹാസ്യം അഥവാ വിറ്റ് (wit). ഇംഗ്ലീഷിൽ ഇതിന്

ജോക്ക് (Joke) അല്ലെങ്കിൽ ഫൺ (Fun) എന്നും അർത്ഥം കൽപ്പിക്കുന്നു. ആശയങ്ങളെ അത്ഭുതകരമായ വേഗത്തോടെ കൂടി പരസ്പരം സമ്മേളിപ്പിക്കാനുള്ള സാമർത്ഥ്യമാണ് ഫലിതം ജനിപ്പിക്കുന്നതെന്ന് വിഷർ (Visher) അഭിപ്രായപ്പെടുന്നുണ്ട്(പരമേശ്വരൻ മേക്കൊല്ല, ഹാസ്യദർശനം, പുറം 39.). സ്വകാര്യ എഫ്.എം. പരിപാടികളിലെ അവതരണരീതി (പറച്ചിൽ രീതി) ശ്രദ്ധിച്ചാൽ അവയിലെ സ്ഥായിയായ ഭാവം ഉക്തിഹാസ്യമാണെന്ന് മനസ്സിലാകും. ആക്ഷേപഹാസ്യം ഉൾക്കൊള്ളുന്ന ചില വാരാന്ത്യപരിപാടികളും 'സെഗ്മെന്റുകളും' കേരളത്തിലെ എഫ്.എമ്മുകളിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

സമകാലികവിഷയങ്ങളെ രസകരമായും കൗതുകമുണർത്തുന്ന വിധത്തിലും വേറിട്ടരീതിയിൽ ആവിഷ്കരിക്കുകയാണ് എഫ്.എമ്മുകൾ. 'വിജ്ഞാനം, വിനോദം, വിദ്യാഭ്യാസം' എന്നതാണ് പരമ്പരാഗതറേഡിയോയുടെ മുദ്രാവാക്യമെങ്കിൽ പുതിയ കാലത്തെത്തുമ്പോൾ വിനോദം, വിനോദം, വിനോദം എന്നായി മാറുന്നുണ്ട്. ഏതെങ്കിലും വിഷയത്തെക്കുറിച്ച് തീർത്തും അനൗപചാരിക ഭാഷണം എന്ന തോന്നലുളവാക്കുന്നവിധത്തിൽ റേഡിയോ ജോക്കികൾ സംസാരിക്കുന്നു. ഇതിനിടയിൽ നർമ്മം കടന്നുവരുന്നു. ചില പരിപാടികൾക്ക് രണ്ട് ആർ.ജെ. (റേഡിയോ ജോക്കി) ഉണ്ടാകും. ഗൗരവമേറിയ വിഷയമാണെങ്കിലും അതിൽ ആഹ്ലാദത്തിനുള്ള വക ഇവർ കരുതിവയ്ക്കുന്നു. ഇത് ഉക്തിഹാസ്യത്തിന്റെ സ്വഭാവമാണ്. ജീവിതത്തിന്റെ ഗൗരവം സ്പർശിക്കാതെയാണ് ഉക്തിഹാസ്യം കേൾവിക്കാരിൽ ആനന്ദമുളവാക്കുന്നത്. എഫ്.എം. പരിപാടികളുടെ അവതാരകർ തങ്ങളുടെ അവതരണത്തിലേക്ക് പലവിധത്തിൽ ഹാസ്യത്തിന്റെ അംശം കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്:

1) സഹ അവതാരകന്റെ/അവതാരകയുടെ സംഭാഷണത്തെയോ പെരുമാറ്റ ശൈലികളെയോ കളിയാക്കിക്കൊണ്ട്.
2) ജനപ്രിയസിനിമകളിലെ തമാശരംഗങ്ങളോ 'ഹിറ്റ്' ഡയലോഗുകളോ സംഭാഷണത്തിൽ ഉൾപ്പെടുത്തിക്കൊണ്ട്.
3) പൊള്ളയായ ചില തമാശകളിലൂടെ.

4) പറയുന്ന വിഷയത്തെ പ്രക്ഷേപണം ചെയ്യാൻപോകുന്ന ഗാന വുമായി ചിരിയുണർത്തും വിധം കൂട്ടിയിണക്കിക്കൊണ്ട്.

5) ഗാനത്തിലെ വരികളിൽ കാണുന്ന യുക്തിയോ അയുക്തിയോ പ്രായോഗികതലത്തിൽ ചോദ്യം ചെയ്തുകൊണ്ട്. ഉദാഹരണ ത്തിനായി 'ഖൽബിലെത്തീ ഖൽബിലെത്തീ' എന്ന ഗാനശക ലത്തെ ഖൽബിലെ 'തീ' യോ അതോ ഖൽബിൽ 'എത്തീ' എന്നോ സംശയം പ്രകടിപ്പിക്കുക. മറ്റൊന്ന് 'മിന്നലേ മിന്നലേ താഴെവരൂ' എന്ന് ഗായകൻ പാടുമ്പോൾ മിന്നൽ താഴെവന്നാ ലുള്ള പ്രശ്നങ്ങളെക്കുറിച്ച് 'വിറ്റ്' ഉണ്ടാക്കുക.

ഇത്തരത്തിൽ പ്രതിപാദിക്കാൻ പോകുന്ന വിഷയത്തേക്കാൾ പ്രതിപാദനത്തിന്റെ രീതിവിശേഷം കൊണ്ട് ഹാസ്യം ജനിപ്പിക്കുക യാണ് റേഡിയോ ജോക്കികൾ ചെയ്യുന്നത്. അസദൃശങ്ങളായ കാര്യ ങ്ങളിൽ സാദൃശ്യം കണ്ടുപിടിക്കുക, ആശയങ്ങളെ കൗശലപൂർവ്വം കൂട്ടിയിണക്കുക എന്നിവ വഴി ചർച്ചചെയ്യുന്ന വിഷയത്തിന്റെ ഗൗരവ സ്വഭാവം ഇല്ലാതാവുകയും പകരം "വിനോദോത്സുകത നൽകുന്ന മാന സിക സ്വാതന്ത്ര്യത്താൽ ഒരുതരം ക്രീഡാത്മകമായ വിധിയെഴുത്തി ലൂടെ" (പരമേശ്വരൻ മേക്കൊല്ല, ഹാസ്യദർശനം, പുറം 60) ഉക്തി ഹാസ്യം ഉളവാകുകയുമാണ് ചെയ്യുന്നത്.

ഓരോ പരിപാടിയിലൂടെയും അവതാരകരും ചർച്ചചെയ്യപ്പെടുന്ന ആശയവും മാറിമാറി വരുന്നുണ്ടെങ്കിലും പ്രതിപാദനരീതിയിലോ ഹാസ്യത്തിന്റെ അംശത്തിനോ കുറവുവരുന്നില്ല. ശ്രോതാവിൽ ആശ്ച ര്യവും ആനന്ദവും നിറയ്ക്കുന്ന ചിരിയുടെ തുടർച്ച ഇവിടെ സംഭവി ക്കുന്നുണ്ട്. മാത്രവുമല്ല ഓരോ പരിപാടിയിലും ശ്രോതാവിന് പങ്കു കൊള്ളാനും കൂട്ടിച്ചേർക്കലുകൾ നടത്താനുമുള്ള സ്വാതന്ത്ര്യവും നൽകുന്നുണ്ട്. ആഹ്ലാദത്തിന്റെ പ്രവാഹം ഇവിടെ സാധ്യമാകുന്നതു കൊണ്ടുതന്നെ ഈ പരിപാടികളെല്ലാം ചേർന്ന് ഒരു 'കാർണിവൽ' പ്രതീതിയാണ് സൃഷ്ടിക്കുന്നത്. പഴയകാല കാർണിവലുകളുടെ മാധ്യ മീകൃതരൂപമാണ് എഫ്.എം പരിപാടികളെന്ന് പറയാം.

റഷ്യൻ ചിന്തകനായ മിഖായേൽ ബക്തിനാണ് 'കാർണിവൽ' എന്ന ആശയം അവതരിപ്പിച്ചത്. ജനകീയാഘോഷങ്ങൾ, ഉറക്കമൊഴി

ച്ചുള്ള ഉല്ലാസങ്ങൾ, തമാശപ്പരിപാടികൾ, മത്സരങ്ങൾ, കോമാളിക്കളി കൾ, മുഖംമൂടിയും അലങ്കാരങ്ങളും ഉപയോഗിച്ച് തുറന്ന സ്ഥലത്തുന ടത്തുന്ന വിനോദപരിപാടികൾ എന്നിവയൊക്കെ കാർണിവലിന്റെ ഭാഗ മാണ്. പരമ്പരാഗതമായ എല്ലാ ചട്ടക്കൂടുകളെയും തകർത്തുകൊണ്ടുള്ള ജീവിതമാണത്. സ്വകാര്യ എഫ്.എം. റേഡിയോ പരിപാടികൾ പക രുന്ന ഉത്സവാന്തരീക്ഷവും ജീവിതഗൗരവം ഒട്ടുമില്ലാത്ത നർമ്മസംഭാ ഷണങ്ങളുടെ നൈരന്തര്യവും എല്ലാം ചേർന്ന് ശ്രോതാക്കൾ അനുഭ വിക്കുന്ന ആഹ്ലാദം 'കാർണിവൽ' എന്ന ബക്തീനിയൻ സിദ്ധാന്തവു മായി പൊരുത്തപ്പെടുന്നുണ്ട്. അവതാരക-ശ്രോതാവ് എന്ന ദ്വന്ദ്വത്തെ ഇല്ലാതാക്കിക്കൊണ്ട് എല്ലാവരും ഒത്തുചേർന്നനുഭവിക്കുന്ന ആഹ്ലാദ മേളകൾ തന്നെയാണ് ഓരോ പരിപാടിയും.

**ഭാഷയും ഭാഷണവും**

വാക്കിന്റെ മാധ്യമമാണ് റേഡിയോ (The medium of the word). വാക്കുകൾ ശബ്ദങ്ങൾ കൊണ്ടാണ് സൃഷ്ടിക്കപ്പെടുന്നത്. ശബ്ദി ക്കുന്ന ഓരോ വാക്കിനും മാന്ത്രികശക്തിയാണുള്ളത്. ഓരോ വാക്കും കേൾക്കുന്ന മാത്രയിൽ നാം അതിന്റെ തനിമയിലല്ല ശ്രദ്ധിക്കുന്നത്. ചിന്തിക്കുകയാണ് ചെയ്യുന്നത്. ദൃശ്യാത്മകപ്രതീകങ്ങളെ ചിന്ത അവയുടെ ശബ്ദലോകവുമായി ബന്ധപ്പെടുത്തുന്നു. തുടർന്ന് അവ യഥാതഥമോ ഭാവനാത്മകമോ ആയ ലോകത്തിലേക്ക് ശ്രോതാക്കളെ കൊണ്ടുചെന്നെത്തിക്കുന്നു. നാല്തരം ശബ്ദങ്ങളാണ് പ്രധാനമായും റേഡിയോയിലൂടെ ശ്രോതാക്കളിലേക്കെ ത്തുന്നത്. ഉച്ചരിക്കപ്പെട്ട വാക്ക്, സംഗീതശബ്ദങ്ങൾ, സംഗീതേതരശബ്ദങ്ങൾ എന്നീ മൂന്ന് ശബ്ദങ്ങളും നിശബ്ദതയും ചേർന്നതാണ് ഈ ശബ്ദങ്ങൾ. ആൻ ഡ്ര്യൂക്രിസെൽ എന്ന മാധ്യപണ്ഡിതൻ അദ്ദേഹത്തിന്റെ 'അണ്ടർ സ്റ്റാന്റിംഗ് റേഡിയോ' എന്ന പുസ്തകത്തിൽ ഈ നാല് തരം ശബ്ദ ങ്ങൾക്കും റേഡിയോയിൽ മാത്രമായി ലഭിക്കുന്ന അർത്ഥങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യപ്പെടുന്ന പരിപാടികളിലെ പ്രധാനശബ്ദസാന്നിധ്യം അവതാരകന്റേതാണ്. ഓരോ പരിപാടിക്കും ചേർന്ന ശബ്ദമായിരിക്കണം അവതാരകന്. ശബ്ദം കൈകാര്യം ചെയ്യുന്ന രീതിക്കും പ്രാധാന്യമുണ്ട്. വ്യക്തിയുടെ

ശബ്ദത്തിലൂടെ അയാൾ ഏത് നാട്ടുകാരനാണ്? എത്ര പ്രായമുണ്ട്? ആണോ പെണ്ണോ എന്നിങ്ങനെ നിരവധി സൂചനകളും ശരീരമില്ലാത്ത ഈ ശബ്ദസൂചനകളിലൂടെ ശ്രോതാക്കൾക്ക് ലഭിക്കുന്നു. "അന്ത രീക്ഷത്തിലൂടെ ഒഴുകിവരുന്ന ശബ്ദങ്ങൾക്ക് എന്തുരൂപം കൊടു ക്കാനും ശ്രോതാവിന് അവകാശമുണ്ട്. റേഡിയോയിലൂടെ ഒഴുകിവ രുന്ന പ്രണയഗാനങ്ങളിലെ കാമുകനോ കാമുകിയോ ആയി സ്വയം സങ്കല്പിക്കാൻ ശ്രോതാക്കൾക്ക് കഴിയും. അതുപോലെതന്നെ ശോക ഗാനങ്ങളിലെ ദുഃഖിതരായ നായികാ നായകന്മാരാവാനും. അങ്ങനെ അത് ശ്രോതാവിന്റെ തന്നെ ആത്മാവിഷ്കാരമായി മാറുന്നു. ഇത് കലയിലൂടെ ലഭിക്കുന്ന ഇന്ദ്രിയാനുഭൂതിയെ പൂർണ്ണതയിലെത്തി ക്കുന്നു." (ജ്യോതിലക്ഷ്മി പി.എസ്., വിനിമയം സർഗ്ഗാത്മകത, പുറം 65).

സിനിമയ്ക്കും ടെലിവിഷനും ദൃശ്യം എത്രത്തോളം പ്രധാന മാണോ അതുപോലെയാണ് റേഡിയോയ്ക്ക് ഭാഷണം. ആൻഡ്ര്യൂ ക്രിസെൽ തന്റെ പഠനത്തിൽ റേഡിയോ ഭാഷണത്തെ റേഡിയോയുടെ അടിസ്ഥാനമായിട്ടാണ് കണക്കാക്കുന്നത്. റേഡിയോയുടെ 'അസം സ്കൃത വസ്തുക്കളെ'ക്കുറിച്ചുള്ള ചർച്ചയിൽ ക്രിസെൽ പറയുന്നത് ഒരു അർത്ഥത്തെ അല്ലെങ്കിൽ ആശയത്തെ കൈമാറ്റം ചെയ്യുന്നത് ഭാഷണത്തിന്റെ ശക്തികൊണ്ടാണെന്നാണ്. സിനിമയിലും ടെലിവിഷ നിലും ഈ ആശയം പ്രയോഗിക്കാൻ സാധിക്കില്ല. കാരണം അവിടെ കേന്ദ്രസ്ഥാനത്തുള്ളത് ദൃശ്യമാണ്. (Andrew crisell, Understanding radio, Page42). സ്വകാര്യ എഫ്.എം റേഡിയോകളെ ഒരു പാട്ടുപെട്ടി എന്നതിനപ്പുറത്തേക്ക് കൊണ്ടുപോകുന്നത് പാട്ടുകൾക്കിടയിലുള്ള അവതാരകന്റെ സംസാരമാണ്. അത് റേഡിയോയെ സംവേദനക്ഷമ മാക്കുന്നു.

- എന്താണ് ഭാഷണം?
- എന്താണ് പ്രക്ഷേപണഭാഷണം (Broadcast talk) ?
- സാധാരണഭാഷണവും പ്രക്ഷേപണഭാഷണവും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

ഭാഷയ്ക്ക് അതിന്റേതായ പദസമ്പത്തും രീതികളുമുണ്ട്. ഭാഷയുടെ പ്രയോഗമാണ് ഭാഷണം. ഭാഷ ഒരു മാനകമാണെങ്കിൽ ഭാഷണം അതിലുള്ള വ്യതിയാനവും തീർത്തും വ്യക്തിപരവുമാണത്. ഓരോ സന്ദർഭത്തിനും സാഹചര്യത്തിനുമനുസരിച്ച് ഭാഷണം മാറുന്നു. കോടതിയിലെ വ്യവഹാരഭാഷയും കളിസ്ഥലത്തെയും വീട്ടിനുള്ളിലെയും തീർത്തും അനൗപചാരികമായ സംസാരവും വ്യത്യസ്തമായ ഭാഷാപ്രയോഗങ്ങളാണ്. ഇത്തരത്തിൽ കേൾവിക്കാരുടെ സ്വഭാവത്തിനനുസരിച്ച് ഭാഷയെ നാം നിയന്ത്രിക്കുന്നു.

റേഡിയോഭാഷണം എന്നത് വ്യത്യസ്തമായ ഭാഷാരീതികളുടെ പ്രയോഗമാണ്. അതായത് വ്യാകരണം, പദസമ്പത്ത്, അഭിസംബോധനാ രീതികൾ (നിങ്ങൾ, നാം, ഞാൻ, തുടങ്ങിയവ) സംസാരവേഗം തുടങ്ങിയവയൊക്കെ ഇതിൽ ഉൾപ്പെടുന്നു. സാധാരണസംഭാഷണത്തിൽ നിന്നും തീർത്തും വ്യത്യസ്തമാണത്. റേഡിയോയിലൂടെ അവതാരകൻ / അവതാരക ഒരേസമയം ഒന്നിൽക്കൂടുതൽപേരെ അഭിസംബോധന ചെയ്യുന്നു. ശ്രോതാക്കൾ രണ്ട് തരമാണുള്ളത്. നേരിട്ടുള്ള ശ്രോതാവും സങ്കല്പത്തിലുള്ള ശ്രോതാവും. റേഡിയോയിൽ ശ്രോതാവ് സങ്കല്പത്തിലാണുള്ളത്. ഒരു റേഡിയോ അവതാരകൻ / അവതാരക ഒരു പ്രത്യേക ശ്രോതാവിനോട് സംസാരിക്കുമ്പോൾ അഭിസംബോധന ചെയ്യപ്പെടുന്നത് ആ പ്രത്യേക പരിപാടി ശ്രവിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ ശ്രോതാക്കളെയുമാണ്. ഇവിടെ രണ്ട് തരം ആശയവിനിമയം നടക്കുന്നു. പാഡി സ്കാനൽ (Paddy Scannell) ഇതിനെ ഇരട്ട ആവിഷ്കാരം (double artification) എന്ന് വിളിക്കുന്നു (Hugh Chignel, Key concepts in Radio studies, Page 10).

വക്താവ്, ശ്രോതാവ്, ഇവരുടെ വർഗം, ലിംഗം, ജാതി, ഭാഷണസാഹചര്യം, സന്ദർഭം, വിഷയം, വിദ്യാഭ്യാസനിലവാരം എന്നിവയെല്ലാം റേഡിയോ ഭാഷണത്തെ സ്വാധീനിക്കുന്നു. കൂടാതെ സ്വകാര്യ എഫ്.എം റേഡിയോകൾക്ക് തങ്ങളുടെ ശ്രോതാക്കൾ എന്ത് കേൾക്കണം, കേൾക്കണ്ടാ എന്ന് തീരുമാനിക്കാനുള്ള അധികാരമുണ്ട്. പരിപാടികളുടെ രൂപം, ഉള്ളടക്കം, സമയദൈർഘ്യം തുടങ്ങിയവ മുൻകൂട്ടി

നിശ്ചയിക്കപ്പെടുന്നു. റേഡിയോയിലൂടെ നിത്യേന കേൾക്കുന്ന നേര
മ്പോക്കുകളെന്നോ അലസമെന്നോ തോന്നിപ്പിക്കുന്ന നർമ്മം കലർന്ന
ഭാഷണങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്നവയോ പലതരം ചിട്ടവട്ടങ്ങൾക്ക
നുസൃതമായി തീരുമാനിക്കപ്പെടുന്നവയോ ആണ്. 'ഫോൺ-ഇൻ'
പരിപാടികളിലേക്ക് വരുന്ന 'വിളി'കളിലും അനുചിതമായ സംഭാഷണ
ങ്ങൾ 'കട്ട്' ചെയ്യപ്പെടുന്നുണ്ട്.

സ്വകാര്യഎഫ്.എം. റേഡിയോ പരിപാടികളിലൂടെ പ്രക്ഷേപണം
ചെയ്യപ്പെടുന്ന ഭാഷണം വ്യവസ്ഥാപിതവും നിയന്ത്രിക്കപ്പെടുന്നതുമാ
ണെങ്കിൽകൂടി അതിന് അതിന്റേതായ സവിശേഷതകളുമുണ്ട്.

1) സ്വാഭാവികതാപ്രതീതി/അനൗപചാരികത (Informal).
2) സഹസാന്നിധ്യം (Co-presence).
3) ചടുലത/വേഗം (speed).
4) നർമ്മം (wit).
5) തത്സമയപ്രക്ഷേപണം (Liveness).
6) പ്രാദേശികത (Localism) എന്നിവയാണവ.

റേഡിയോയിൽ അവതാരകന് / അവതാരകയ്ക്ക് തന്റെ ശ്രോതാ
വിനെ സങ്കല്പിക്കാനേ പറ്റൂ. ആ ബോധം ഭാഷണത്തെ കൃത്രിമമാക്കു
കയോ സ്വാഭാവികത നഷ്ടപ്പെടുത്തുകയോ ചെയ്യാം. അവതരണം
സ്വാഭാവികമാക്കുക എന്നത് ശ്രമകരമായ കാര്യമാണ്. മണിക്കൂറുക
ളോളം സ്വാഭാവികത നിലനിർത്തി ക്കൊണ്ട് അവതരിപ്പിക്കുക എന്നത്
ഒരു കലാപ്രകടനമാണ് (performance). ഇത് എല്ലാ അവതാരകർക്കും
സാധ്യമായിക്കൊള്ളണമെന്നില്ല. 'സഹസാന്നിധ്യം' (Co-presence)
എന്ന ആശയം പാഡി സ്കാനൽ ആണ് അവതരിപ്പിച്ചത്. അദ്ദേഹം
പറയുന്നു, ശ്രോതാവിന്റെ അതേ ഇടത്തിൽ നിന്നും അതേ സമയത്തു
മാണ് അവതാരകനും സംസാരിക്കുന്നതെന്ന തോന്നലാണ് ശ്രവ്യാനുഭ
വത്തെ മികച്ചതും സ്വാഭാവികവുമാക്കുന്നത്. ടെലിവിഷന്റെ ദൃശ്യാനുഭ
വത്തേക്കാൾ ശ്രോതാക്കളിൽ സ്വാഭാവികതയുളവാക്കാൻ റേഡിയോ
പരിപാടികൾക്ക് കഴിയുന്നത് ഈ 'സഹസാന്നിധ്യം' കൊണ്ടു കൂടി
യാണ്. കൃത്രിമമായ സാഹചര്യങ്ങളിൽ ശ്രദ്ധാപൂർവ്വം ചമയങ്ങളിട്ട

ടെലിവിഷൻ അവതാരകർക്ക് സ്വാഭാവികതയും സഹസാന്നിധ്യവും പ്രേക്ഷകനെ അനുഭവിപ്പിക്കാൻ റേഡിയോ അവതാരകരോളം സാധ്യമല്ല. (Hugh Chignel, Key concepts in Radio studies, Page 10).

എഫ്.എം.റേഡിയോഭാഷണത്തെ സജീവമാക്കുന്ന മറ്റൊരു ഘടകം അവയുടെ പ്രക്ഷേപണം തത്സമയം (Live) ആണെന്നതാണ്. അവതാരകൻ / അവതാരക ശ്രോതാവിനെപ്പോലെ ഒരു സാധാരണ വ്യക്തിയാണ് എന്ന മട്ടിൽ തീർത്തും സാധാരണവും സ്വാഭാവിക വുമായ ശൈലിയിൽ സംസാരിക്കാൻ ലൈവ് പ്രക്ഷേപണത്തിലൂടെ സാധിക്കുന്നു. ഈ സാധാരണത്വം പരിപാടികളെ അനുഭവവേദ്യ മാക്കുന്നു.

റേഡിയോ എന്നത് ഒരു പശ്ചാത്തല മാധ്യമമാണ്. ശ്രോതാ ക്കൾക്ക് മറ്റെന്തെങ്കിലും ജോലി ചെയ്തുകൊണ്ട് റേഡിയോയിൽ ശ്രദ്ധ കൊടുക്കാവുന്നതാണ്. അത് ചിലപ്പോൾ ഡ്രൈവ് ചെയ്തുകൊ ണ്ടാകാം. അല്ലെങ്കിൽ അടുക്കളയിൽ ജോലി ചെയ്തുകൊണ്ടാകാം. ഇത്തരം തിരക്കുപിടിച്ച ജീവിതം നയിക്കുന്ന യുവശ്രോതാക്കളാണ് എഫ്.എമ്മുകൾ കേൾക്കുന്നത്. വ്യത്യസ്തമായ സന്ദർഭങ്ങളിൽ വ്യക്തികൾ തമ്മിൽ ആശയവിനിമയത്തിലേർപ്പെടുമ്പോൾ അവരുടെ മനോഭാവം വിനിമയപ്രക്രിയയെ സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ട് തങ്ങളുടെ ശ്രോതാക്കളെക്കുറിച്ച് (target audience) എഫ്.എമ്മുകൾ കൃത്യമായ കണക്കുകൂട്ടലുകൾ നടത്തുന്നുണ്ട്. അവരുടെ ജീവിതരീതി, സാമൂഹികക്രമം, താല്പര്യങ്ങൾ, ഇഷ്ടങ്ങൾ, അഭിരുചികൾ തുട ങ്ങിയവയെക്കുറിച്ച് മനസ്സിലാക്കിക്കൊണ്ടാണ് ഓരോ റേഡിയോ ജോക്കിയും സംസാരിക്കുന്നത്. ശ്രോതാക്കളുടെ ചലനവേഗത്തിനും ബൗദ്ധികവ്യാപാരങ്ങൾക്കും അനുഗുണമായവിധത്തിലുള്ള ശൈലി യാണ് ജോക്കികൾ ക്രമപ്പെടുത്തിയിട്ടുള്ളത്. ശ്രോതാക്കളുടെ ശ്രദ്ധ തങ്ങളിൽനിന്നും മാറാതിരിക്കാനും അവരിൽ മടുപ്പുളവാക്കാതിരി ക്കാനും ഇവർ ശ്രദ്ധിക്കുന്നു. അതേസമയം കൃത്യമായ വ്യാകരണമോ ഭാഷാശുദ്ധിയോ ഒന്നും പാലിക്കുന്നില്ല എന്ന വിമർശനം എഫ്.എം ഭാഷണത്തെക്കുറിച്ച് പൊതുവേയുണ്ട്. അതിനെക്കുറിച്ച് റേഡിയോ

ജോക്കിയായ രമേഷ് പറയുന്നത് ഇങ്ങനെയാണ്: "അച്ചടിമലയാള
ത്തിൽ നിന്ന് മാധ്യമലോകം ഇന്ന് ഏറെ മാറിയിരിക്കുന്നു. വാമൊഴി
പോലെ ഇന്ന് പത്രങ്ങൾ വാർത്തകൾ എഴുതുന്നു. തലക്കെട്ട് കൊടു
ക്കുന്നു. ചലച്ചിത്ര ങ്ങളിലെ സംസാരരീതിയിലും കൂടുതൽ ഭാഷാഭേ
ദങ്ങൾ കടന്നുവരുന്നു. എന്തിന് ചലച്ചിത്രഗാനങ്ങളിൽപ്പോലും ഈ
മാറ്റം ദൃശ്യമായി. ഇത്തരം മാറ്റങ്ങൾക്കൊപ്പമാണ് റേഡിയോയിലെ
സംസാരശൈലിയും മാറിയത്. ഔപചാരികമായ അറിയിപ്പുകളിൽ
നിന്നും സൗഹൃദത്തിലൂന്നിയ സംസാരത്തിലേക്ക് റേഡിയോ പ്രക്ഷേ
പണത്തെ സ്വകാര്യ എഫ്.എം നിലയങ്ങൾ മാറ്റി. അത് ഏറെ സ്വീകാ
ര്യവുമായി."( എഡി. ജിസ ജോസ്, നവമാധ്യമചിന്തകൾ, പുറം 35).

നിരന്തരം പരിണാമത്തിന് ഭാഷ വിധേയമാകുന്നുണ്ട്. ഓരോ
മാധ്യമവും പുതിയ രൂപഭാവങ്ങളോടെയാണ് ഭാഷയെ വിനിമയത്തി
നായി ഉപയോഗിക്കുന്നത്.തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ശ്രോതാ
ക്കളുടെ ചിന്തകളും അഭിരുചികളും രൂപപ്പെടുത്തുന്നതിൽ ഭാഷയ്ക്ക്
പ്രഥമസ്ഥാന മുണ്ട്. ലക്ഷക്കണക്കിന് മനുഷ്യർ എഫ്.എം റേഡിയോ
കൾ ഇന്ന് ഉപയോഗിക്കുന്നു. അതുകൊണ്ട് ഈ മാധ്യമത്തിലൂടെ
ഉണ്ടാകുന്ന ഇടപെടലുകൾ ഒരു പുതുസംസ്കാരനിർമ്മിതിയിൽ ഭാഗ
ഭക്കാവുന്നുണ്ട് എന്ന കാര്യം തർക്കമില്ലാത്തതാണ്.

**സ്വകാര്യഎഫ്.എം.റേഡിയോയും വൈകാരികതയും**

റേഡിയോ എന്ന മാധ്യമത്തിന് ശ്രോതാക്കളുമായി വൈകാരിക
ബന്ധം (Intimacy) സ്ഥാപിക്കാനുള്ള കഴിവിനെക്കുറിച്ച് ലോകത്താക
മാനം പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. "Radio is an intimate medium'എന്ന
ആൻഡ്ര്യൂക്രിസെലിന്റെ അഭിപ്രായത്തെ ഷിങ്ഗളറും വേരിംഗയും
(Shingler and Wieringa) ശരിവെക്കുന്നുണ്ട്. (Martin Shingler and Cindy
wieringa, On Air: Methods and Meaning of Readio. P.114). അവതാ
രകർ അഥവാ റേഡിയോ ജോക്കികളുടെ ഭാഷണത്തിലൂടെയാണ്
എഫ്.എം. റേഡിയോ ശ്രോതാക്കളുമായി വൈകാരികബന്ധം ഉണ്ടാക്കി
യെടുക്കുന്നത്. റേഡിയോ ജോക്കികളുടെ ഭാഷണശൈലി, പങ്കുവെക്ക
പ്പെടുന്ന വിഷയം, തത്സമയപരിപാടികളുടെ സാധാരണത്വം, പ്രാദേശി

കവും സമകാലികവുമായ സംഭവങ്ങളുടെ വിവരണം, സഹസാന്നിധ്യം, നർമ്മം തുടങ്ങി നിരവധി ഘടകങ്ങളും വൈകാരികതയ്ക്ക് കാരണമാകുന്നു. ഹ്യൂ ഷിനെലി (Hugh Chignell)ന്റെ നിരീക്ഷണം ഇങ്ങനെയാണ്:

1) റേഡിയോ പരിപാടികൾ ഒറ്റയ്ക്കാണ് കൂടുതലും കേൾക്കാൻ സാധിക്കുക എന്നതാണ് ശ്രോതാവിന് റേഡിയോയുമായി വൈകാരികബന്ധം ഉണ്ടാകാനുള്ള ആദ്യകാരണം.

2) ഓരോ ശ്രോതാവിലും വ്യത്യസ്തമായ വൈകാരികാനുഭൂതി സൃഷ്ടിക്കാനുള്ള റേഡിയോ എന്ന മാധ്യമത്തിന്റെ കഴിവ്. ഇതുവഴി ശ്രോതാവിന്റെ മനസ്സ് ദൃശ്യങ്ങളുടെ രംഗവേദിയാകുന്നു.

3) റേഡിയോ നേരിട്ട് ശ്രോതാക്കളുമായി സംവദിക്കുന്നു.

4) റേഡിയോ അവതാരകരുടെ സാധാരണവും സൗഹൃദപൂർവ്വവുമായ സമീപനം (Hugh chignel, key Concepts in Radio Studies, P.85).

കേരളത്തിൽ 'ആകാശവാണി' സൃഷ്ടിച്ച പരമ്പരാഗതമായ ആസ്വാദനരീതിയാണ് 2007 വരെ ഉണ്ടായിരുന്നത്. 1950കൾ മുതൽ ആളുകളുടെ ദിനചര്യയെ രൂപപ്പെടുത്തുന്നതിൽ 'ആകാശവാണി' പങ്കുവഹിച്ചു. സ്വകാര്യ എഫ്.എമ്മുകൾ വന്നതോടെ ഈ ശീലങ്ങളും അഭിരുചികളും പുനർനിർമ്മിക്കപ്പെട്ടു. റേഡിയോയുടെ വൈകാരികാംശം ഇതോടെ വർദ്ധിച്ചു. വീട്ടിലും പുറത്തും വാഹനങ്ങളിലും മറ്റും കൂടെ കൊണ്ടുനടക്കാവുന്ന സുഹൃത്തായി അവ മാറി. വിദേശരാജ്യങ്ങളിൽ മ്യൂസിക് റേഡിയോകളുടെ പ്രചാരകാലം മുതൽക്കു തന്നെ ഈ രീതി നിലവിൽവന്നിരുന്നു. സ്ഥിരം പരിപാടികൾ ആസ്വദിക്കുന്നതിനു പകരം മ്യൂസിക് റേഡിയോകൾ ആളുകളുടെ ഇഷ്ടങ്ങൾക്കനുസരിച്ചുള്ള പാട്ടുകൾ പ്രക്ഷേപണം ചെയ്തു. തുടർന്ന് കുറച്ചുകൂടി വ്യക്തിഗതമായ, സ്വകാര്യമായ ആസ്വാദനരീതി നിലവിൽ വരികയും ചെയ്തു.

ശ്രോതാക്കളുമായി വൈകാരികമായ അടുപ്പമുണ്ടാക്കാനുള്ള റേഡിയോയുടെ കഴിവിനെ റേഡിയോ ജോക്കികൾ (സ്വകാര്യ എഫ്.

എം. അവതാരകർ) പ്രയോജനപ്പെടുത്തി. കേരളത്തിലെ എഫ്.എം. പരിപാടികൾ പരിശോധിച്ചാൽ ഇത് വ്യക്തമാകുന്നുണ്ട്. അവർ തെരഞ്ഞെടുക്കുന്ന വിഷയങ്ങളുടെ സ്വഭാവവും വൈകാരികബന്ധം ഉണ്ടാക്കുന്ന തരത്തിലുള്ളതാണ്. രസകരവും കൗതുകകരവുമായ വാർത്തകളും വിശേഷങ്ങളും പങ്കുവയ്ക്കുന്നതിനായി ശ്രോതാക്കളെ ക്ഷണിക്കുകയാണ് റേഡിയോ ജോക്കികൾ. ഒറ്റപ്പെടൽ അനുഭവിക്കുന്ന പുതിയകാലത്തെ ശ്രോതാവ് ഈ സൗഹൃദം ഉപയോഗപ്പെടുത്തുന്നു.

ഒരു എഫ്.എം. പരിപാടിക്ക് രണ്ട് തരത്തിലുള്ള ശ്രോതാക്കൾ ഉണ്ടാകും. സജീവശ്രോതാക്കളും (Active listeners) നിഷ്ക്രിയ ശ്രോതാക്കളും (Passive listeners). എഫ്.എം. റേഡിയോ കേൾക്കുന്നത് ടെലിവിഷൻ കാണുന്നതുപോലെയോ പുസ്തകം വായിക്കുന്നതുപോലെയോ അല്ല. ഒരു സജീവശ്രോതാവ് റേഡിയോ കേൾക്കുന്നത് ആ വ്യക്തിയുടെ ജീവിതശൈലിയുടെ ഭാഗമായാണ്. രാവിലെ ഉറങ്ങിയെണീറ്റയുടൻ ഇവർ റേഡിയോ പ്രവർത്തിപ്പിക്കുന്നു. യാത്രചെയ്തുകൊണ്ട് എഫ്.എം. ആസ്വദിക്കുന്നവർ വാഹനം 'സ്റ്റാർട്ട്' ചെയ്യുന്നതോടൊപ്പം റേഡിയോ 'ഓൺ' ചെയ്ത് വെക്കുന്നു. ചിലർ ജോലിസ്ഥലത്ത് എത്തിയാലുടൻ ഹെഡ്ഫോണിൽ എഫ്.എം കേൾക്കുന്നു. മറ്റുചിലർ ബസ്സിലോ ട്രെയിനിലോ വച്ചാകും പരിപാടികളുടെ ഭാഗമാകുന്നത്. ഇവരെ ഓരോരുത്തരെയും പ്രത്യേകം പ്രത്യേകം പരിഗണിക്കുന്നു എന്ന മട്ടിലാണ് റേഡിയോ ജോക്കിയുടെ അഭിസംബോധന. ടെലിവിഷൻ പോലുള്ള മറ്റ് ജനപ്രിയമാധ്യമങ്ങളിൽ നിന്ന് എഫ്.എമ്മുകളെ വ്യതിരിക്തമാക്കുന്ന പ്രധാന സംഗതിയും ഇതുതന്നെ. ടി.വി.യുടെ കടന്നുവരവോടുകൂടി മാസ്മീഡിയ എന്ന നിലയിൽ റേഡിയോയ്ക്കു കുടുംബശ്രോതാക്കളെ നഷ്ടമാവുകയും ഒറ്റയ്ക്കിരുന്ന് റേഡിയോ ആസ്വദിക്കുന്നവരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തപ്പോഴാണ് റേഡിയോയ്ക്ക് വൈകാരിക അടുപ്പം സൃഷ്ടിക്കാൻ കഴിയുമെന്ന പാഠം 'റേഡിയോ ബ്രോഡ്കാസ്റ്റേർസ്' ഉൾക്കൊണ്ടതും ഉപയോഗപ്പെടുത്തിയതും ഈ പാഠമാണ് ലോകമെങ്ങും റേഡിയോ ജോക്കികൾ പിന്തുടരുന്നത്.

**അഭിരുചി രൂപീകരണത്തിനുള്ള പങ്ക്**

'ആകാശവാണി' സൃഷ്ടിച്ച മലയാളികളുടെ കേൾവിശീലത്തിലേക്ക് പുതുമകളുമായി സ്വകാര്യഎഫ്.എം. റേഡിയോകൾ കടന്നുവരുന്നത് യുവസമൂഹത്തിന്റെ അഭിരുചികൾക്കൊപ്പമാണ്. കേരളത്തിലെ യുവജനങ്ങളുടെ വൈകാരിക ബലഹീനതകളെ മുതലെടുത്തുകൊണ്ടുള്ള പരസ്യങ്ങളും യുവതയുടെ വേഗത്തിനൊപ്പമുള്ള ഗാനങ്ങളും ചടുലവും ഊർജ്ജവും നിറഞ്ഞ സംഭാഷണങ്ങളും എഫ്.എമ്മുകളെ യുവശ്രോതാക്കളിലേക്ക് ആകർഷിക്കുന്നു. അവരുടെ ആഹ്ലാദത്തിനുള്ള ചേരുവകളാണ് എഫ്.എം. പരിപാടികളിൽ നിറയുന്നത്. തങ്ങളുടെ ശ്രോതാക്കളെ എല്ലായ്പ്പോഴും രസിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് എഫ്.എമ്മുകളുടെ ലക്ഷ്യം.

സൗഹൃദസംഭാഷണങ്ങളുടെയും വിളിച്ചുപറയലുകളുടെയും ഇടങ്ങളായിരുന്ന വായനശാലകൾ, ക്ലബ്ബുകൾ, നാൽക്കവലകൾ, ബസ്ഷെൽട്ടറുകൾ, അയൽപക്കങ്ങൾ എന്നിവിടങ്ങളിൽ നിന്നും അകന്നുമാറി ഒറ്റപ്പെട്ടതും സ്വാർത്ഥവുമായ വ്യക്തികേന്ദ്രിത ജീവിതക്രമം പിന്തുടരുന്ന യുവജനങ്ങളാണ് ഇന്ന് കേരളത്തിലുള്ളത്. സമൂഹത്തിന്റെ പൊതുപ്രവണത നിശ്ചയിച്ചത് പലപ്പോഴും ചെറുപ്പക്കാരായിരുന്നു. അവരുടെ അഭിരുചികളാണ് ജനപ്രിയസംസ്കാരത്തെയും അതിന്റെ വിറ്റുവരവുകളെയും നിയന്ത്രിച്ചത്. യൗവനത്തിന്റെ ശാരീരികവും മാനസികവുമായ ക്രിയാശേഷി തങ്ങളുടെ ഉല്പന്നങ്ങൾക്കും അങ്ങാടിനിലവാരത്തിനും അനുഗുണമാക്കുക എന്നത് വൻകിടകച്ചവടക്കാർ എന്നും ഉന്നംവച്ചുകൊണ്ടിരുന്നു.

പരസ്യമാണ് എഫ്.എമ്മുകളുടെ സാമ്പത്തികഘടനയെ നിലനിർത്തുന്നതെന്ന് പറഞ്ഞുകഴിഞ്ഞു. അതുകൊണ്ടുതന്നെ വിപണിയുടെ നിലനിൽപ്പുകൂടി ഇവ ഉറപ്പുവരുത്തുന്നുണ്ട്. അങ്ങനെവരുമ്പോൾ ഓരോ എഫ്.എം. പരിപാടിയും കമ്പോളത്തിലെ ഒരു ഉത്പന്നമായി മാറുന്നു. അവ വിറ്റഴിക്കേണ്ട തന്ത്രങ്ങൾ ആവിഷ്കരിക്കുകയും പ്രയോഗിക്കുകയും ചെയ്യേണ്ടതുണ്ട്. ഇത്തരത്തിൽ ആശയവും

വസ്തുക്കളും പരിപാടികളിലൂടെ വിറ്റഴിക്കുന്നതിലൂടെ ഉപഭോഗത്തിലധിഷ്ഠിതമായ ഒരു പുത്തൻസംസ്കാരത്തെ നിർമ്മിച്ചെടുക്കുന്നതിന്റെ ഭാഗമാവുകയാണ് എഫ്.എമ്മുകൾ.

പൊതുസമൂഹത്തെ ബാധിക്കുന്ന അടിസ്ഥാനപ്രശ്നങ്ങളും വിഷയങ്ങളും അധികമൊന്നും എഫ്.എം. പരിപാടികളിലേക്ക് കടന്നുവരുന്നില്ല. എങ്കിലും സാമൂഹ്യപ്രതിബന്ധതയെക്കുറിച്ചുള്ള ബോധവത്കരണശ്രമങ്ങൾ നടത്തുന്നുമുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെക്കുറിച്ച്, സൂക്ഷിച്ച് വണ്ടിയോടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച്, ട്രാഫിക് നിയമങ്ങൾ പാലിക്കേണ്ടതിനെക്കുറിച്ച്, ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമൊക്കെ അവതാരകർ ഓർമ്മപ്പെടുത്തുകയോ ക്യാംപെയിൻ നടത്തുകയോ ചെയ്യുന്നു. ഇത്തരം ബോധവത്ക്കരണങ്ങൾ ഒഴിച്ചുനിർത്തിയാൽ ഇവർ തെരഞ്ഞെടുക്കുന്ന വിഷയങ്ങൾ പലപ്പോഴും ആവർത്തനവിരസത ഉണ്ടാക്കുന്നുണ്ട്. നവീനമായചിന്ത യുവജനങ്ങളിലേക്കെത്തിക്കാൻ എഫ്.എമ്മുകൾക്ക് ആകുന്നില്ല. ആഴവും പരപ്പുമില്ലാത്ത വിഷയങ്ങൾ ഇടതടവില്ലാതെ ശ്രോതാക്കളുമായി പങ്കുവയ്ക്കുകയാണ് ചെയ്യുന്നത്. യുവശ്രോതാക്കൾ എന്തൊക്കെയാണ് കേൾക്കേണ്ടത്, എന്തെല്ലാം വിഷയങ്ങളാണ് അവരുമായി പങ്കുവെക്കേണ്ടത് എന്നിങ്ങനെയുള്ള വിഭജനങ്ങളെ നിർണ്ണയിക്കുന്നതിൽ എഫ്.എമ്മുകൾക്ക് സ്ഥാപിത താല്പര്യങ്ങളുണ്ട്. ചുറ്റും നടക്കുന്ന അനവധിയായ വിഷയങ്ങളിൽ നിന്ന് എഫ്.എമ്മിനു ചേരുന്നവ മാത്രം അവർ എടുക്കുന്നു. പ്രാദേശികമായ ചില ഇടപെടലുകളും ചർച്ചകളും ശ്രോതാക്കളെ പങ്കാളികളാക്കിക്കൊണ്ട് സംഘടിപ്പിക്കുന്നു. പറയാൻപോകുന്ന കാര്യങ്ങൾക്ക് ആധികാരികതയോ ചരിത്രബോധമോ ഒന്നും വേണ്ടിവരാത്തതിനാൽ അനായാസം ഇവർക്ക് ഒഴുകാൻ സാധിക്കുന്നു. ഈ ലഘുത്വമാണ് എഫ്.എമ്മുകളെ ചടുലവും വേഗമേറിയതുമാക്കുന്നത്. യുവത്വത്തിന്റെ ചലനവേഗവുമായി ഇത് ഒത്തുപോകുന്നുമുണ്ട്.

### പരിപാടികളിലെ പുതുമ

മാധ്യമങ്ങളും വിപണിയും സൃഷ്ടിച്ച പുതുസംസ്കാരം വ്യത്യസ്തതകളുടേതും പുതുമയുടേതുമായിരുന്നു. അതോടെ സമയം, കാലം,

സ്ഥലം എന്നീ സങ്കല്പനങ്ങളുടെയെല്ലാം പ്രാധാന്യം നഷ്ടപ്പെട്ടു. മാർഷൽ മക്ലൂഹൻ വിഭാവനം ചെയ്ത ആഗോളഗ്രാമവും അത് സൃഷ്ടിച്ച പുത്തൻ വിപണിസംസ്കാരവുമാണ് വർത്തമാനകാല സമൂഹത്തെ രൂപപ്പെടുത്തുന്നത്. തീർത്തും ഒറ്റപ്പെട്ടതും വേഗത്തിനൊപ്പം ചലിക്കുകയും ചെയ്യുന്ന സമൂഹമാണ് ഇന്നുള്ളത്. ആവശ്യങ്ങളാണ് പുതുതലമുറയെ മുന്നോട്ടുനയിച്ചത്. ജീവിതത്തിന്റെ ആനന്ദത്തിലാണ് അവർ ശ്രദ്ധയൂന്നിയത്. ഈ മാറിയ ജീവിതപരിസരങ്ങളെ മുന്നിൽ കണ്ടുകൊണ്ടാണ് സ്വകാര്യ എഫ്.എം.റേഡിയോകൾ രംഗപ്രവേശം ചെയ്യുന്നത്.

എന്താണ് എഫ്.എം.റേഡിയോകൾ കൊണ്ടുവന്ന പുതുമ?

1, തത്സമയപരിപാടികൾ, ഫോൺ-ഇൻ പരിപാടികൾ, അഭിമുഖങ്ങൾ, പരസ്യങ്ങൾ, ഗാനങ്ങൾ, വിവിധയിനം മത്സരപരിപാടികൾ എന്നിവയുടെ നൈരന്തര്യത്തിലൂടെ 24 മണിക്കൂറും കേൾവിയുടെ പുതുലോകത്തിന്റെ രൂപീകരണം.

2. റേഡിയോ-റിയാലിറ്റിഷോകളുടെ കടന്നുവരവ്.

3. വക്താവും ശ്രോതാവും തമ്മിലുള്ള പങ്കാളിത്താനുഭവത്തിന്റെ വിപുലമായ പ്രയോഗസാധ്യതകൾ ആവിഷ്കരിച്ച് നടപ്പിൽവരുത്തി.

4. വാർത്തകളെ പ്രാദേശികവത്കരിച്ച് വിനോദത്തിന്റെ പാറ്റേണിലേക്ക് മാറ്റി അവതരിപ്പിച്ചു.

5.. ചടുലവും സരസവും അനൗപചാരികവുമായ ഭാഷണം.

മലയാളികളുടെ കേൾവിശീലങ്ങൾക്ക് അപരിചിതവും വ്യത്യസ്തവുമായ ഒരു വിനിമയരീതിയാണ് എഫ്.എമ്മുകൾ ആവിഷ്കരിച്ചത്. ഉള്ളടക്കത്തിൽ, സമയത്തിൽ, വിഷയരൂപീകരണത്തിൽ, സംവേദനശൈലിയിൽ, ഭാഷണരീതിയിൽ എന്തിന്, പരിപാടികളുടെ പേരുകളിൽപോലും പുതുമ നിറക്കാൻ എഫ്.എമ്മുകൾ ശ്രദ്ധിച്ചു. ഗുഡ്മോർണിംഗ്, സൂപ്പർ ഫാസ്റ്റ്, കലക്കൻ റീച്ചാർജ്ജ്, മോർണിംഗ് നമ്പർ വൺ, ഗപ്പ്ഷപ്പ്, ഇഷ്ടമുള്ള പാട്ട് ലൈവായ്, മിഡ്ഡേ മസാല, ടൈംപാസ്, ബാൽക്കെണി, ജോഷ്ജങ്ഷൻ, കബഡി കബഡി, സിറ്റിലൈറ്റ്സ്,

ലൈഫ് ഈസ് ബ്യൂട്ടിഫുൾ, റെഡ് ഓൺ ഡിമാൻഡ്, റെഡ് കാർപ്പെറ്റ്, ലവ്ബൈറ്റ്സ് എന്നിങ്ങനെപേരിലും ഉള്ളടക്കത്തിലും പുതിയകാലത്തിന്റെ സ്പന്ദനം ഉൾക്കൊണ്ടിട്ടുള്ള പരിപാടികളാണ് എഫ്.എമ്മുകൾ ഒരുക്കിയത്. പുതിയഗാനങ്ങളും വർത്തമാനങ്ങളും ആദ്യമെത്തിക്കാൻ എഫ്.എമ്മുകൾ മത്സരിച്ചു. ശ്രോതാക്കളിൽ വിരസതയോ മടുപ്പോ ഉണ്ടാക്കുന്നതരം വിഷയങ്ങൾ, രാഷ്ട്രീയത്തിലെ വിഴുപ്പലക്കലുകൾ, വേദനയുണ്ടാക്കുന്ന കാര്യങ്ങൾ തുടങ്ങിയവയെ ഇവർ അകറ്റിനിർത്തുന്നു. ശ്രോതാക്കൾക്ക് പ്രസരിപ്പാർന്ന ഒരു ദിനം പ്രദാനം ചെയ്യുന്ന വിഭവങ്ങളാണ് പൊതുവെ ബ്രേക്ഫാസ്റ്റ്ഷോ എന്നറിയപ്പെടുന്ന പ്രഭാതപരിപാടികളിലുണ്ടാകുക. പുതിയ വാർത്തകളാണ് ഇതിൽ ചർച്ച ചെയ്യുന്നത്. പിന്നീടങ്ങോട്ട് സൗഹൃദവിഷയങ്ങൾ, തമാശകൾ, ഇഷ്ടപ്പെട്ട പാട്ടുകൾ, പ്രണയിക്കുന്നവർക്കുള്ള പ്രത്യേക പരിപാടികൾ എന്നിങ്ങനെ 24 മണിക്കൂറും വൈവിധ്യമാർന്ന പരിപാടികളുടെ നിരന്തരമായ ഒഴുക്കാണ് എഫ്.എമ്മുകൾ പ്രദാനം ചെയ്യുന്നത്. ഇതിനിടയിൽ നിരവധി സെഗ്മന്റുകളും അറിയിപ്പുകളുമുണ്ടാകും. ഇതുകൂടാതെ നിരന്തരമായി പുതുക്കുകയും പരിഷ്കരണങ്ങൾ വരുത്തുന്നതിന്റെയും ഭാഗമായി കുറച്ചുനാളുകൾ മാത്രം നീണ്ടുനിൽക്കുന്ന ചില പ്രത്യേക പരിപാടികളും എഫ്.എമ്മുകളിലുണ്ട്. അത്തരം പരിപാടികളിലൂടെയും പുതുമകളിലൂടെയുമാണ് ഇവ യുവത്വം നിലനിർത്തുന്നത്. റിയാലിറ്റിഷോകളും അവയുടെ ഉപവിഭാഗമായ മത്സരങ്ങളും ഗെയിം ഷോകളും ഒക്കെ എഫ്.എം.റേഡിയോയിലേക്ക് കടന്നുവന്നു.

**റിയാലിറ്റിഷോകൾ/മത്സരങ്ങൾ/കളികൾ**

പാശ്ചാത്യറേഡിയോസംസ്കാരത്തിന്റെ അനുകരണമെന്നോണമാണ് സ്വകാര്യഎഫ്.എം.പരിപാടികൾ കേരളത്തിലേക്ക് കടന്നുവന്നത്. പാശ്ചാത്യ എഫ്.എം.റേഡിയോകളിലും ടെലിവിഷനിലും ജനപ്രിയമായ ഒരു വിഭാഗമാണ് റിയാലിറ്റിഷോകൾ. 1947ൽ 'കാൻഡിസ് മൈക്രോഫോൺ' എന്ന റേഡിയോഷോയുടെ വിജയത്തെത്തുടർന്ന് അല്ലെൻ ഫണ്ട് (Allen fund) കാൻഡിഡ് ക്യാമറ എന്ന പരിപാടി അവതരിപ്പിച്ചു. സ്ക്രിപ്റ്റോ മുൻധാരണകളോ ഇല്ലാതെ നടത്തിയ പരിപാടിക്ക്

കാണികളിൽ നിന്നും സ്വാഭാവികവും അത്ഭുതം നിറഞ്ഞതുമായ പ്രതികരണമാണ് ലഭിച്ചത്. ഈ പരിപാടിയാണ് റിയാലിറ്റിഷോകളുടെ തുടക്കം. 1950കളോടെ ഗെയിംഷോകളും കടന്നുവന്നു. പിന്നീടിങ്ങോട്ട് ടെലിവിഷൻ ചാനലുകളിൽ റിയാലിറ്റിഷോകളുടെ വിസ്ഫോടനം തന്നെ സംഭവിച്ചു. 1999-ൽ 'ബിഗ്ബ്രദർ' എന്ന പരിപാടിയിലൂടെയാണ് ടെലിവിഷൻ റിയാലിറ്റിഷോകൾ ശ്രദ്ധ നേടിയത്. 2006ൽ പാശ്ചാത്യറിയാലിറ്റിഷോകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മലയാളം ടി.വി.ചാനലുകളിൽ റിയാലിറ്റിഷോകൾ വന്നുതുടങ്ങി. 'സൂപ്പർസ്റ്റാർ' (അമൃത ടി.വി.) 'ഐഡിയസ്റ്റാർസിംഗർ' (ഏഷ്യാനെറ്റ്) എന്നിവയാണവ. തൊട്ടടുത്ത വർഷം രംഗപ്രവേശം ചെയ്ത സ്വകാര്യ എഫ്.എം. റേഡിയോകളിൽ തുടക്കകാലം മുതൽക്കുതന്നെ റിയാലിറ്റിഷോകളും മത്സരങ്ങളും ഉണ്ടായിരുന്നു. ഇതിലൂടെ ലഭ്യമാകുന്ന സാമ്പത്തികലാഭമാണ് സ്വകാര്യമാധ്യമകമ്പനികളെ ഇത്തരം പരിപാടികളിലേക്ക് ആകർഷിക്കുന്നത്. വിപണി പിടിച്ചെടുക്കുക എന്ന പ്രധാന ലക്ഷ്യത്തിനുപുറമെ സ്വകാര്യറേഡിയോകൾ റിയാലിറ്റിഷോകളും ഗെയിംഷോകളുമായി ജനശ്രദ്ധ തേടിയതിനുപിന്നിൽ മറ്റുകാരണങ്ങൾ കൂടിയുണ്ട്.

1. 2007ൽ ആറ് എഫ്.എം. റേഡിയോകളാണ് കേരളത്തിൽ ഒരുമിച്ച് പ്രവർത്തനം ആരംഭിച്ചത്. തങ്ങളുടെ റേഡിയോ സ്റ്റേഷന്റെ ഫ്രീക്വൻസി ജനങ്ങളെ അറിയിക്കുക; പരിപാടികളിലേക്ക് ആകർഷിക്കുക.
2. ശ്രോതാക്കളുടെ പങ്കാളിത്തം നേരിട്ടോ എസ്.എം.എസ്. വഴിയോ ഉറപ്പാക്കുക.
3 മൊബൈൽ ഫോണിന്റെയും സോഷ്യൽമീഡിയയുടെയും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
4. എഫ്.എമ്മുകളുടെ വിനിമയത്തെ ജനപ്രിയമാക്കുകയും വിപണിയുടെ നിയന്ത്രണം കൈവശപ്പെടുത്തുകയും ചെയ്യുക.

റേഡിയോ പരിപാടികളെക്കുറിച്ചുള്ള മലയാളികളുടെ സങ്കല്പത്തെത്തന്നെ മാറ്റിമറിക്കുന്നവയായിരുന്നു ഇത്തരം റിയാലിറ്റിഷോകൾ. റേഡിയോ റിയാലിറ്റിഷോകൾക്ക് വൻജനപ്രീതിയാണ് കേരള

ത്തിലുണ്ടായത്. റേഡിയോയുടെ പരിമിതികളെ/അതിർത്തികളെ ഭേദിച്ചുകൊണ്ട് സ്റ്റുഡിയോയുടെ അകത്തും പുറത്തുമായാണ് അവ സംഘടിപ്പിച്ചത്. ടെലിവിഷൻ റിയാലിറ്റിഷോകളുടെ ഷൂട്ടിംഗ് സ്റ്റുഡിയോയിലേക്ക് എത്തിച്ചേരാനും മാനദണ്ഡങ്ങൾ പാലിച്ച് മുന്നോട്ടുപോവുന്നതിനും സാധാരണക്കാരന് പരിമിതികളുണ്ട്. പ്രാദേശികമായി പ്രവർത്തിക്കുന്ന എഫ്.എം.സ്റ്റേഷനുകൾക്ക് ഇത്തരം പരിമിതികളില്ല. ടെലിവിഷനിലേതുപോലെ ആഡംബരപൂർണ്ണമായ സ്റ്റുഡിയോയോ വിലകൂടിയ വസ്ത്രങ്ങളണിഞ്ഞ അവതാരകരോ ഒന്നും റേഡിയോയിൽ ആവശ്യമില്ല. മത്സരാർത്ഥിയുട കഴിവുകൾ പ്രകടിപ്പിക്കാനുള്ള തുറന്ന ഇടം എഫ്.എമ്മുകൾ ഒരുക്കുകയാണ് ചെയ്യുന്നത്. അത് ചിലപ്പോൾ ഒരു വാഹനമാകാം, അല്ലെങ്കിൽ ഏതെങ്കിലും നാട്ടുകവലയിലൊരുക്കുന്ന താൽക്കാലിക സ്റ്റേജാവാം. ഓരോ പ്രദേശത്തുമുള്ള മത്സരാർത്ഥിയെ എഫ് എമ്മുകൾ തേടിച്ചെല്ലുന്നു. കാണികളെയും മത്സരാർത്ഥികളെയും പിരിമുറുക്കത്തിലാഴ്ത്തുന്ന ടെലിവിഷൻ  റിയാലിറ്റിഷോകളിൽ നിന്നും ഭിന്നമായി അവരെ ആഹ്ലാദിപ്പിക്കുന്നതിനാണ് ഇവർ പ്രാധാന്യം നൽകുന്നത്. കൂടുതൽ ശ്രോതാക്കളെ തങ്ങളിലേക്കടുപ്പിക്കുക; അതുവഴി തങ്ങളുടെ റേഡിയോ സ്റ്റേഷനെ ജനപ്രിയമാക്കുക എന്നതാണ് ഇത്തരം പരിപാടികളിലൂടെ എഫ്.എമ്മുകൾ ഉദ്ദേശിക്കുന്നത്.

ടെലിവിഷനിലേതുപോലെ റേഡിയോയിൽ പ്രദർശനപരതയ്ക്ക് സ്ഥാനമില്ല. റേറ്റിംഗ് കൂട്ടുന്നതിനായി സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കുന്ന പരിപാടികൾ ഇവിടെയില്ല. വിജയിയെ തെരഞ്ഞെടുക്കുന്ന സന്ദർഭത്തിൽ (Final Stage) മാത്രമാണ് പ്രത്യേകം അവതാരകരും വിധികർത്താക്കളുമുള്ള വിപുലമായ പരിപാടിയായി ഇവ മാറുന്നത്. വിജയികളെ മാത്രമാണ് റേഡിയോയിലൂടെ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതും.

ഓരോ മാധ്യമവും നിലനിൽക്കുന്നതും ജനപ്രിയമാകുന്നതും ബഹുജനപങ്കാളിത്തത്തിലൂടെയാണ്. നിരവധി ദൃശ്യശ്രാവ്യമാധ്യമങ്ങളുള്ള കേരളത്തിൽ ഓരോ സ്വകാര്യമാധ്യമത്തിനും അവരവരുടേതായ സ്ഥാനം ഉറപ്പിക്കേണ്ടതുണ്ട്. പൊതുജനങ്ങളെ പങ്കാളിയാക്കിക്കൊ

ണ്ടുള്ള റിയാലിറ്റിഷോകൾ മാധ്യമങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്ന തിനുപിന്നിൽ അത്തരമൊരു ലക്ഷ്യം കൂടിയുണ്ട്. വിപണിയാണ് എല്ലാ മാധ്യമങ്ങളും ഉന്നംവെയ്ക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരം പരി പാടികൾ സ്പോൺസർ ചെയ്യാൻ പരസ്യ ഏജൻസികളും തയ്യാറാ ണ്. എഫ്.എം.റേഡിയോ റിയാലിറ്റിഷോകൾ പൊതുവെ പ്രാദേശിക സ്റ്റേഷൻ പരിധിയിലാണ് നടത്തപ്പെടുന്നത്. അതുകൊണ്ടുതന്ന പ്രാദേ ശികവിപണി ഈ പരിപാടികളെ ഏറ്റെടുക്കുന്നു. ടി.വി.യിലേതുപോലെ വമ്പിച്ചമുതൽമുടക്ക് ആവശ്യമില്ലാത്തതുകൊണ്ട് വൻ സാമ്പത്തിക ലാ ഭമാണ് സ്വകാര്യ എഫ്.എമ്മുകൾക്ക് ഇതിലൂടെ ലഭിക്കുന്നത്. ഓരോ എഫ്.എം. സ്റ്റേഷനും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മാർക്കറ്റിംഗ് വിഭാഗം ചാനലിന്റെ ലാഭം ഉറപ്പുവരുത്തുകയും പരിപാടികൾ ശ്രോതാ ക്കൾ ആഗ്രഹിക്കുന്നരീതിയിൽ ലഭ്യമാക്കുവാനും ശ്രമിക്കുന്നു.

**രാഷ്ട്രീയം**

എല്ലാ മാധ്യമങ്ങൾക്കും വ്യക്തമായ രാഷ്ട്രീയമുണ്ട്. പത്രങ്ങളും ടെലിവിഷൻ ചാനലുകളും എഫ്.എം. റേഡിയോകളും അവയുടെ സംപ്രേഷണസാങ്കേതികതയും ഉള്ളടക്കവുമെല്ലാം വമ്പൻ മാധ്യമ കമ്പനികൾ കുത്തകയാക്കി വച്ചിരിക്കുകയാണ്. സ്വകാര്യ എഫ്.എം. റേഡിയോകൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം വിപണിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതാത് എഫ്.എം. ചാനൽ നടത്തിപ്പുകാരുടെ വ്യവസായതാല്പര്യങ്ങളും അതിൽ പ്രകടമാകുന്നുണ്ട്. ഗവൺമെന്റിന്റെ ബ്രോഡ്കാസ്റ്റ് നിയമങ്ങൾ പാലിച്ചുകൊണ്ട് സ്വകാര്യവ്യക്തികളോ സ്ഥാപനങ്ങളോ ഏജൻസികളോ നടത്തുന്ന റേഡിയോകളാണ് സ്വകാര്യ എഫ്.എമ്മുകൾ. 2007ൽ ഇന്ത്യയിലൊട്ടാകെ രുപംകൊണ്ട 250 ഓളം സ്വകാര്യ എഫ്.എം. സ്റ്റേഷനുകളിൽ 18 എണ്ണം കേരളത്തി ലാണ്. അഞ്ച് എഫ്.എം. ചാനലുകൾ, പതിനെട്ട് സ്റ്റേഷനുകൾ എന്നതായിരുന്നു 2007ലെ കണക്ക്. ഇതിൽ പിന്നീട് മാറ്റം വന്നു. 2019ലെ കണക്ക് പ്രകാരം കേരളത്തിൽ 20 സ്റ്റേഷനുകളുണ്ട്. കേരളത്തിലെ എഫ്.എം. റേഡിയോകളുടെ ഉടമസ്ഥാവകാശം കൈയടക്കിവച്ചിട്ടു ള്ളവരെല്ലാം വൻകിട മാധ്യമമുതലാളിമാരാണ്. മലയാള മനോരമ,

മാതൃഭൂമി, സൺ നെറ്റ്‌വർക്ക്, ടൈംസ് ഗ്രൂപ്പ്, റിലയൻസ് ഗ്രൂപ്പ്, ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻസ് തുടങ്ങിയ സ്വകാര്യ ഏജൻസികളാണ് വൻതുക കൊടുത്ത് കേരളത്തിലെ റേഡിയോ ഫ്രീക്വൻസികൾ സ്വന്ത മാക്കിയിട്ടുള്ളത്. ആശയവിനിമയ വ്യവസായത്തിന്റെ വ്യത്യസ്തഘടകങ്ങളെ വരുതിയിലാക്കാൻ ഇവർക്ക് ഇതുവഴി സാധിച്ചു. സ്വകാര്യ എഫ്.എമ്മുകളിലേക്ക് കൂടുതൽ മുതൽ മുടക്ക് നടത്താൻ വൻകിട കമ്പനികളെ പ്രേരിപ്പിക്കുന്നത് ഉയർന്നലാഭനിരക്ക് തന്നെയാണ്.

പരസ്യവ്യവസായവും ചലച്ചിത്രവ്യവസായവുമായി എഫ്.എമ്മുകൾക്ക് ഒരുതരം കൊടുക്കൽ വാങ്ങൽ ബന്ധമാണുള്ളത്. സ്വകാര്യ മേഖലയിലുള്ള റേഡിയോകൾക്ക് പരസ്യം കൂടാതെ നിലനിൽപ്പില്ല. കേരളത്തിലെ സ്വകാര്യ റേഡിയോ പ്രക്ഷേപകരുടെ വാർഷികവരുമാനം ഏകദേശം 70 കോടി രൂപയാണ്. പരസ്യത്തിലൂടെ മാത്രമാണ് ഈ കോടികളുടെ വരുമാനം ലഭിക്കുന്നത്. സമൂഹത്തിന്റെ ജീവിതാവശ്യങ്ങളെ നിർണ്ണയിക്കുന്നതിൽ പരസ്യങ്ങൾ മുഖ്യപങ്കുവഹിക്കുന്നു. കേരളം തങ്ങളുടെ പരസ്യങ്ങൾക്കുള്ള ഇടമാണെന്ന് പരസ്യകമ്പനികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ മുതലാളിത്തത്തിന്റെയും വിപണിയുടെയും രാഷ്ട്രീയമാണ് എഫ്.എം. റേഡിയോകൾ തങ്ങളുടെ പരിപാടികളിലൂടെ ജനപ്രിയവത്കരിക്കുന്നത്.

**ഗ്രന്ഥസൂചി**


1 ഉണ്ണികൃഷ്ണൻ പുൽക്കൽ, റേഡിയോ ചരിത്രവും വർത്തമാനവും, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2011.

2 ജിസ ജോസ്, ഡോ. (എഡി.), നവമാധ്യമചിന്തകൾ, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2016.

3 പരമേശ്വരൻ മേക്കൊല്ല, ഹാസ്യദർശനം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം,1982.

4. സീൻ മാക് ബ്രൈഡ്, നാനാനാദം ഒരേ ലോകം - ആശയവിനിമയവും സമൂഹവും ഇന്ന് നാളെ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,1990.

5. Crisell A., Understanding Radio, Methuen and Co-Ltd, 1986.

6. Douglas, S, Listening In : Radio and the American Imagination, Times Books, 1999.

7. Hugh Chignell, Key concepts in Radio Studies, SAGE Publications. Ltd, 2009.

8. Mc Luhan, Marshall, Understanding Media, Routledge and Keganpaul, 1964.

9. Williams, Ramond, Keywords, Croom Helm, 1976.

10. Shingler, M and Wieringa, C, On Air : Methods and Meanings of Radio, Arnold, 1998.

# സൈബർസ്ഥലം: സംസ്കാരരൂപീകരണത്തിന്റെ തുറസ്സുകൾ

**ഡോ. സാബു കോട്ടുക്കൽ**

**അസിസ്റ്റന്റ് പ്രൊഫസർ**

**മലയാളവിഭാഗം, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം**

**സംഗ്രഹം**

സംസ്കാരപഠനത്തിന്റെ നൂതനസാധ്യതകളിലൂടെയാണ് ആധുനികാനന്തരസമൂഹം കടന്നുപോകുന്നത്. മനുഷ്യവ്യാപാരത്തെ ഈ നൂതനസാഹചര്യത്തിൽ വിലയിരുത്തേണ്ടതുണ്ട്. സൈബർസ്ഥലവും അതു വിനിമയംചെയ്യുന്ന സംസ്കാരവും സവിശേഷപഠനത്തിനു വിധേയമാക്കേണ്ടതുണ്ട്. ഉപകരണാത്മകയുക്തിയെ അഭിസംബോധന ചെയ്യുന്ന ജ്ഞാനവ്യവഹാരങ്ങൾ ആധുനികാനന്തരസമൂഹത്തിൽ കരുത്താർജ്ജിച്ചിട്ടുണ്ട്. സൈബർസ്ഥലത്ത് വ്യാപരിക്കുന്ന സമൂഹങ്ങൾ ഒരു സ്വതന്ത്ര റിപ്പബ്ലിക്കിലെന്ന നിലയിലാണ് പെരുമാറുന്നത്. അതിന്റെ പ്രതിഫലനങ്ങൾ പൊതുമണ്ഡലത്തിലും പ്രകടമാണ്. പ്രത്യയശാസ്ത്രപരമാകാതെ കാർക്കശ്യങ്ങളില്ലാതെ പൊതുമണ്ഡലത്തിൽ ഇടപെടുന്ന നവസമൂഹങ്ങൾ സാമൂഹികവ്യവഹാരങ്ങളുടെ ഉള്ളടക്കസ്വഭാവത്തെയും ദിശകളെയും മാറ്റാൻ ശക്തിയുള്ളവയാണ്. ഒരുതരം സോഷ്യോടെക്നിക്കൽ ജ്ഞാനവ്യതിയാനം സംഭവിച്ച നൂറ്റാണ്ടിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. സംസ്കാരരൂപീകരണത്തെയും ഇതു സ്വാധീനിക്കുന്നു. സംസ്കാരത്തെ കേന്ദ്രത്തിൽനിന്ന്

അരുകുകളിലേക്ക് വികസിപ്പിക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. കേരളത്തിന്റെ സാമൂഹികസാംസ്കാരിക ജീവിതത്തെയും ഇതെല്ലാം സ്വാധീനിക്കുന്നുണ്ട്. അതിന്റെ ഉള്ളിടങ്ങളെ ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുകയാണ്.

**താക്കോൽവാക്കുകൾ**

ഗ്ലോബൽ വില്ലേജ്-ശൃംഖലാസമൂഹം-നവമാധ്യമലോകം-ഡിജിറ്റൽ ഡിവൈഡ്-ടെക്നോ സ്പെയ്സ്-ഫിഫ്ത് എസ്റ്റേറ്റ്-നെറ്റിസെൻ.

മനുഷ്യവ്യാപാരത്തെ പൂർവനിശ്ചിതമായ മാനദണ്ഡങ്ങൾ കൊണ്ട് അളന്നെടുക്കാനാകുമെന്ന വ്യാമോഹത്തിന് വലിയ തിരിച്ചടി നൽകിക്കൊണ്ടാണ് കഴിഞ്ഞ കാൽനൂറ്റാണ്ട് കടന്നുപോയത്. ജീവിതശൈലിയിൽ വന്ന കാതലായ മാറ്റം ഇതിനു കാരണമായിത്തീർന്നു. മാധ്യമീകൃതസമൂഹത്തിലെ (mediated society) മനുഷ്യവ്യാപാരത്തെ അഭിമുഖീകരിച്ചുകൊണ്ടുമാത്രമേ ഇനി സംസ്കാരത്തെക്കുറിച്ചുള്ള ചർച്ചകൾ സാദ്ധ്യമാവുകയുള്ളു. വീട്ടിലും പൊതുസ്ഥലത്തും യാത്രാവേളയിലും ഒപ്പം സഞ്ചരിക്കുന്ന മാധ്യമങ്ങൾ സംസ്കാരത്തെ പുതിയ മട്ടിൽ നിർവചിക്കുവാൻ പ്രേരിപ്പിക്കുന്നു. ബഹുജനമാധ്യമങ്ങൾ (mass media) എന്നു വിളിപ്പേരുള്ള മാധ്യമങ്ങൾ സമൂഹനിർമ്മിതിയിൽ നിർണ്ണായകമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. ഉള്ളടക്കത്തെ പ്രഭവകേന്ദ്രത്തിൽനിന്ന് ലക്ഷ്യസ്ഥാനത്തെത്തിക്കുന്ന ഉപാധി എന്ന നിർവചനം മാധ്യമങ്ങളുടെ പ്രാഥമികമായ ധർമ്മത്തെ മാത്രമേ അടയാളപ്പെടുത്തുന്നുള്ളൂ.[1] ഇടവേളകളില്ലാത്ത മീഡിയേഷന്റെ കാലത്ത് മാധ്യമത്തിന്റെ ഉള്ളടക്കവും വ്യാപനസ്വഭാവവും അതു നിർവഹിക്കുന്ന പ്രത്യയശാസ്ത്രധർമ്മങ്ങളും സവിശേഷപഠനത്തിനു വിധേയമാക്കേണ്ടതുണ്ട്. സമൂഹത്തിന്റെ അഞ്ചാം തൂണായ (fifth estate) നവമാധ്യമങ്ങൾ സംസ്കാരരൂപീകരണത്തിൽ നിർണായകശക്തിയായിമാറി എന്ന യാഥാർത്ഥ്യവും പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

പുതിയകാലത്തിന്റെ ജീവൽസ്പന്ദങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നത് നവസാങ്കേതികവിദ്യയിലാണ്. ഉപകരണാത്മകയുക്തിയുടെ

പരിധിക്കകത്ത് നടന്നുപോരുന്ന വിനിമയസന്ദർഭങ്ങൾ നിരവധിയാണ്. ലോകത്താകമാനമുള്ള മനുഷ്യരുടെ ദൈനംദിന ജീവിതം പുലരുന്നതും അസ്തമിക്കുന്നതും ഈ ഉപകരണങ്ങളുടെ മിടിപ്പുകൾ തിരിച്ചറിഞ്ഞു കൊണ്ടാണ്. കമ്പ്യൂട്ടർ എന്ന ഉപകരണം അതിന്റെ ആദ്യകാല നിർ മ്മാണലക്ഷ്യങ്ങളെ പിൻതള്ളി നൂതനമായ പ്രവർത്തനമേഖലകളി ലേക്ക് കടന്നു. ഈ മാറ്റം മനുഷ്യരാശിയുടെ ജീവിതനിലവാരത്തെയും അതുവഴി സംസ്കാരത്തിന്റെ മാനദണ്ഡങ്ങളെയും മാറ്റിത്തീർത്തിട്ടുണ്ട്. നവമാധ്യമങ്ങളുടെ ആവിർഭാവവും വികാസവും സവിശേഷമായ ഒരു സാംസ്കാരികസാഹചര്യത്തെ രൂപപ്പെടുത്തിയിട്ടുണ്ട്. സൈബർ സംസ്കാരം(cyber culture) എന്നാണ് അത് അറിയപ്പെടുന്നത്.

ആഗോളതലത്തിൽ സുപരിചിതമായിത്തീർന്ന സംജ്ഞയാണ് സൈബർ സംസ്കാരം (cyber culture) എന്നത്. ഇന്റർനെറ്റിന്റെ കടന്നുവരവോടെ, കമ്പ്യൂട്ടർ എന്ന ഉപകരണത്തിന്റെ സഹായത്തോടെ നിർവഹിക്കപ്പെടുന്ന വിനിമയസന്ദർഭങ്ങളാണ് (Computer Maintained Communication) സൈബർ സംസ്കാരത്തെ യാഥാർത്ഥമാക്കിയത്. കമ്പ്യൂട്ടറിൽ ദൃശ്യമാകുന്ന ഈ പ്രതീതിസ്ഥലത്തെ കേന്ദ്രീകരിച്ച് നൂത നമായ വ്യവഹാരമണ്ഡലം രൂപപ്പെടുകയും ആ വ്യവഹാരമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന സമൂഹങ്ങൾ നിലവിൽവരുകയും ചെയ്തിട്ടുണ്ട്. സ്ഥലത്തെയും സമയത്തെയും സംബന്ധിച്ച പൂർവധാരണകൾ പൊളി ച്ചെഴുതിക്കൊണ്ട് മുന്നേറുന്ന ഈ വിനിമയമേഖല നൂതനമായ സംസ് കാരപ്രതിഫലനങ്ങൾക്ക് വഴിയൊരുക്കുന്നു. സൈബർ സ്പെയ്സിൽ (cyber space) സംഭവിക്കുന്നതിനെല്ലാം ഭൗതികജീവിതത്തിലെ പര മ്പരാഗതയുക്തി തേടുന്നത് ആ ജ്ഞാനമണ്ഡലത്തിന്റെ സ്വതന്ത്രമായ നിൽപ്പിനും സ്വഭാവത്തിനും യോജിക്കാത്തതാവും. കൊണ്ടുനടക്കാ വുന്ന അഥവാ കൂടെ നടക്കുന്ന ഈ സ്ഥലരാശിയെ നിർണ്ണയിക്കുന്നത് അതിനുള്ളിൽ വ്യാപരിക്കുന്ന സമൂഹങ്ങളാണ്. സൈബർപെയ്സിൽ സ്ഥലം സമൂഹനിർമ്മിതിയാണ്.[2] അതിന്റെ നിലനിൽപ്പ് പരസ്പര പ്രവർ ത്തനത്തിന്റെ (interactivity) സാന്നിദ്ധ്യത്തെയും (presence) അസാന്നിദ്ധ്യത്തെയും (absence) ആശ്രയിച്ചാണിരിക്കുന്നത്. സ്ഥലം ഇവിടെ ഒരു വസ്തുവല്ല, സംസ്കാരവുമായി ബന്ധപ്പെട്ട ഒരു അടു

ക്കാണ് (a set of culturally bound relations). അത് അനുഭവപരമായ ഒരു നിർമ്മിതിയാണ്. സാങ്കേതികവിദ്യയുടെ വികസനം സ്ഥലത്തെയും സമയത്തെയും അപ്രസകതമാക്കിയിരിക്കുന്നു എന്ന് പറഞ്ഞപ്പോൾ മാർഷൽ മക് ലൂഹൻ വിവക്ഷിച്ചതും ഇതാണ്. സ്ഥലത്തെക്കുറിച്ച് യാതൊരു ബോധവുമില്ലാതെ ( no sense of place) അതിരുകളില്ലാത്ത ഒരു ഗ്ലോബൽ വില്ലേജിൽ താമസിക്കാൻ സൈബർസമൂഹങ്ങൾക്ക് കഴിയുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിയപ്പെടാതെ പോകരുത്.

വിവരത്തിന്റെയും വിവരവിനിമയത്തിന്റെയും ധാരാളിത്തത്തെ ആഘോഷിക്കുന്ന ഇടം എന്ന നിലയിൽ സൈബർ സ്പെയ്സിന് സംസ്കാരപഠനത്തിൽ പ്രമുഖസ്ഥാനമുണ്ട്. വിവരങ്ങളുടെ ഉല്പാദനം, വിതരണം, വിപണനം തുടങ്ങിയ മേഖലകളിൽ വലിയ പരിവർത്തനം സംഭവിച്ചിരിക്കുന്നു. ആശയങ്ങളുടെ ഉല്പാദനത്തിലും വിതരണത്തിലും നവമാധ്യമങ്ങൾ ചെലുത്തിയ സ്വാധീനം ഇതിനു കാരണമായി. സാങ്കേതികവിദ്യ മുൻപ് സ്വീകരിച്ചിരുന്ന നിലപാടുകളും നിറവേറ്റിയിരുന്ന ധർമ്മങ്ങളും നവമാധ്യമസാഹചര്യത്തിൽ പരിവർത്തനപ്പെട്ടു. ആധുനികകാലത്ത് മനുഷ്യാദ്ധ്വാനത്തെ ലഘൂകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായിരുന്നു യന്ത്രങ്ങൾ വിഭാവനചെയ്ത് നടപ്പിലാക്കിയത്. ആ ഘട്ടത്തിൽ യന്ത്രവും മനുഷ്യനും എന്ന വേർതിരിവ് ശക്തമായിരുന്നു. യന്ത്രസംസ്കാരത്തെക്കുറിച്ചുള്ള വിചാരങ്ങളിലെല്ലാം ഈ ദ്വന്ദാത്മകത ദൃശ്യമായിരുന്നു. എന്നാൽ ഇന്ന് അതല്ല അവസ്ഥ. യന്ത്രത്തെയും മനുഷ്യനെയും വേർതിരിക്കാനാവാത്ത അവസ്ഥ സംജാതമായിരിക്കുന്നു. യന്ത്രം പുറത്തല്ല , മനുഷ്യന്റെ ഉള്ളിൽത്തന്നെയാണെന്ന അവസ്ഥയാണ് നവസാങ്കേതിക - ഉത്തരാധുനികകാലം സൃഷ്ടിച്ചത്. ദിനംപ്രതി ദശലക്ഷം ആളുകൾ കമ്പ്യൂട്ടർ സ്ക്രീനിൽ അനുഭവിക്കുന്ന മായികാനുഭവത്തിന്റെ ലോകത്തെയാണ് സൈബർ സ്പെയ്സ് അടയാളപ്പെടുത്തുന്നത്. മാധ്യമീകൃതമായ ഉത്തരാധുനിക സമൂഹത്തിൽ യന്ത്രവും മനുഷ്യനും തമ്മിലുള്ള അതിർവരമ്പുകൾ മാഞ്ഞുപോകുന്നു. സമൂഹം എന്ന പരികല്പനയിൽ ശൃംഖലാസമൂഹം (networked community) എന്നൊരധികമാനം പ്രസക്തമായിക്കഴിഞ്ഞു. സംസ്കാരം പങ്കുവയ്ക്കുന്നവരുടെ കൂട്ടായ്മ എന്ന

നിലയിൽ ഈ ശൃംഖലാസമൂഹം പ്രസക്തമാണ്. ദേശത്തിന്റെ അതിരുകൾക്കുള്ളിൽ നിർത്തി ജനതയുടെ സംസ്കാരം വിശകലനം ചെയ്യുന്ന രീതി ശൃഖലാസമൂഹങ്ങളെ പഠനവിധേയമാക്കുമ്പോൾ അപ്രസക്തമാകുന്നു. ഏതെങ്കിലും പ്രത്യയശാസ്ത്രത്തിന്റെയോ പ്രസ്ഥാനത്തിന്റെയോ പിൻബലമില്ലാതെ, പ്രത്യേകമായ സാമൂഹികസാഹചര്യം ആവശ്യപ്പെടാതെ, സമൂഹമായി നിലനിൽക്കാൻ കഴിയുന്നു എന്നതാണ് സൈബർസമൂഹം എന്ന് വിളിക്കപ്പെടുന്ന ശൃംഖലാസമൂഹത്തിന്റെ പ്രത്യേകത. ഇന്റർനെറ്റിന്റെ പരിധിക്കകത്ത് ഇത്തരം നിരവധി സമൂഹങ്ങൾ നിലനിൽക്കുന്നുണ്ട്. അത്തരം സമൂഹങ്ങൾ നിരന്തര സമ്പർക്കത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. വ്യവസ്ഥാപിതമായ സമൂഹഘടനയെ വെല്ലുവിളിക്കാൻ ഈ സമൂഹങ്ങൾക്ക് കഴിയുന്നു എന്നതാണ് എടുത്തുപറയേണ്ട പ്രത്യേകത. സൈബർ സ്പേസിൽ വ്യാപരിക്കുന്ന സമൂഹങ്ങൾ നവസമൂഹങ്ങളാണ്. ഈ സമൂഹങ്ങൾ ഒരു സ്വതന്ത്ര റിപ്പബ്ലിക്കിലെന്ന പോലെയാണ് നിലകൊള്ളുന്നത്. ഏതെങ്കിലും പ്രത്യയശാസ്ത്രത്തിന്റെ നിയന്ത്രണങ്ങൾ അവയ്ക്കുമേലില്ല. ആശയപരവും വൈകാരികവുമായ മുറുകെപ്പിടിക്കലില്ലാതെ നിരന്തരം, നിലയ്ക്കാതെ, ഒഴുകിക്കൊണ്ടിരിക്കുന്ന സമൂഹമായി അവയെ വിലയിരുത്താം. ചരിത്രത്തിന്റെ ഭാരം തീരെയില്ലാതെ പൊങ്ങിയും ഒഴുകിയും നടക്കുന്ന സമൂഹമാണത്. ഇത്തരം സമൂഹങ്ങൾ സംസ്കാരത്തിന്റെ ദിശകളെ മാറ്റാൻ പ്രാപ്തിയുള്ളതാണ്.

സാംസ്കാരികവികാസത്തിന്റെ പ്രാഥമിക ലക്ഷണങ്ങളിലൊന്നായ സാക്ഷരതയുടെ മാനദണ്ഡം മാറി. ലോകസാഹചര്യങ്ങളോട് പൊരുത്തപ്പെട്ടു ജീവിക്കാൻ നവമാധ്യമസാക്ഷരത അത്യാവശ്യമാണ്. വ്യവസായവൽകരണം മനുഷ്യനെ യന്ത്രങ്ങളുമായി ബന്ധിപ്പിച്ചെങ്കിലും യന്ത്രപരിജ്ഞാനം പൗരന്റെ ബാദ്ധ്യതയായി തിരിച്ചറിയപ്പെടുന്ന സാഹചര്യം സംജാതമായിരുന്നില്ല. പേഴ്സണൽ കമ്പ്യൂട്ടർ എന്ന പദം തന്നെ വ്യക്തിയെ യന്ത്രത്തോട് ബന്ധിപ്പിക്കുന്നതിന്റെ സൂചകമാണ്. ഉത്തരാധുനിക സമൂഹത്തിൽ ജീവിക്കുന്ന പൗരന്മാർ നല്ല പങ്കും സൈബർ സ്പെയ്സിലുംക്കൂടി ജീവിക്കുന്നവരാണ്. ജനതയെ ഡിജിറ്റലായും ഡിജിറ്റലല്ലാതെയും വിഭജിക്കുന്ന (digital divide)

സാഹചര്യം രൂപപ്പെട്ടുകഴിഞ്ഞു. ഓൺലൈൻ എന്നും ഓഫ് ലൈൻ എന്നും ജീവിതത്തെ പകുക്കുന്ന സ്ഥിതിയും സംജാതമായിട്ടുണ്ട്. ഇതെല്ലാം സംസ്കാരമായി നേരിട്ടു ബന്ധപ്പെടുന്ന ഘടകങ്ങളാണ്. വ്യാവസായിക വികസനത്തിൽനിന്ന് (indusrial development) വിവരാസ്പദവികസനത്തിലേക്ക് (informational development) സമൂഹഘടന മാറുന്ന അനുഭവവും ഇതുമായി കൂട്ടിവായിക്കേണ്ട താണ്. ഇത് ടെക്നോളജിയെ മാത്രം ബാധിക്കുന്ന ഒരു വിഷയമല്ല. സാമൂഹികമാറ്റത്തിന്റെയും സംസ്കാരത്തിന്റെയും വിഷയമാണ്. ആധുനികാനന്തരസമൂഹത്തിന്റെ ഒരു പ്രധാനസവിശേഷതയായി ബോദ്രിയാദ് സൂചിപ്പിച്ച, ഉല്പാദനത്തിൽനിന്ന് വിവരാസ്പദ വ്യവസാ യത്തിലേക്കുള്ള മാറ്റവും പരിഗണിക്കപ്പെടേണ്ടതാണ്.[3] വ്യവസായാ ന്തരസമൂഹത്തിലെ കാതലായ മാറ്റമാണത്. വിവരാസ്പദസാമ്പത്തി കശക്തി എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. ഒരുതരം സോഷ്യോ ടെക്നിക്കൽ ജ്ഞാനവ്യതിയാനമായി ഇതിനെ തിരിച്ചറിയേണ്ടതുണ്ട്.

**പുതിയവ്യവഹാരരൂപങ്ങൾ**

സൈബർ സ്പെയ്സ് എന്ന സാങ്കേതികസ്ഥലം (techno space) തുറന്നുതന്ന വ്യവഹാരമേഖലകൾ നിരവധിയാണ്. നിലവിലുണ്ടായി രുന്ന വ്യവഹാരസ്വരൂപങ്ങളെ പരിഷ്കരിക്കുന്നതിനോടൊപ്പമാണ് പുതുരൂപങ്ങൾക്കും ജന്മം നൽകിയത്. ജനാധിപത്യത്തിന്റെ നാലാം തൂണെന്ന് വിശേഷണം മാധ്യമങ്ങൾക്ക് നേരത്തേ പതിഞ്ഞുകിട്ടിയി രുന്നു. ആ വിശേഷണത്തിന്റെ പരിധിക്കകത്ത് നവമാധ്യമങ്ങൾ ഒതു ങ്ങുന്നില്ല എന്ന അവസ്ഥ സംജാതമായി. ഈ സാഹചര്യത്തിലാണ് ജനാധിപത്യത്തിന്റെ അഞ്ചാം തൂണെന്ന (fifth estate) വിശേഷണം നവമാധ്യമങ്ങൾക്ക് കിട്ടിയത്. ഇന്റർനെറ്റ് വ്യാപകമായതോടെ സന്ദേശ വിനി മയത്തിനായി ഇ-മെയിൽ എന്നൊരു പുതുസംവിധാനം ലഭ്യ മായി. കഴിഞ്ഞ അൻപതുവർഷത്തിലധികമായി മാതൃകാപരമായ ഒരു ഉപകരണമായി (ideal tool) വിനിമയസമ്പ്രദായമായി ഇ-മെയിൽ തുടരുന്നു. ഭൗതികസ്ഥലത്തെ അപ്രധാനമാക്കുന്ന ഈ വ്യവഹാരരൂപം വിവരക്കൈമാറ്റത്തിന്റെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിച്ചിട്ടുണ്ട്.

ഡിജിറ്റൽ പൗരത്വത്തിലേക്കുള്ള ആദ്യചുവടുവയ്പായിരുന്നു അത്. അങ്ങനെ ഇ-മെയിൽ ഒരു സാംസ്കാരിക ചിഹ്നമായി പരിണമിച്ചു. പിന്നീടാണ് ഓൺലൈൻ ജീവിതത്തെ സജീവമാക്കുന്ന മറ്റ് വ്യവഹാര രൂപങ്ങൾ കടന്നുവന്നത്. ബ്ലോഗും സോഷ്യൽ നെറ്റുവർക്ക് സൈറ്റു കളും സ്മാർട്ട് ഫോൺ അധിഷ്ഠിത വ്യവഹാരരൂപങ്ങളും ഇതിനു തെളിവാണ്. വിചാരലോകത്തെ സവിശേഷമായ രീതിയിൽ ക്രമപ്പെ ടുത്തുന്ന വ്യവഹാരരൂപങ്ങളായിരുന്നു അവ.

**സംസ്കാരത്തിന്റെ മാനകീകരണം**

നവമാധ്യമങ്ങൾ സംസ്കാരത്തെ വികേന്ദ്രീകരിക്കുന്നതിൽ സുപ്രധാന പങ്കാണ് വഹിച്ചത്. സംസ്കാരത്തെക്കുറിച്ച് നാം ധരിച്ചു വച്ചിരുന്ന കാര്യങ്ങളിൽ അപാകമുണ്ടെന്ന് തിരിച്ചറിവ് സംസ്കാര പഠനം നൽകുകയുണ്ടായി. ഇംഗ്ലീഷ് ഭാഷയിലെ സങ്കീർണ്ണമായ രണ്ടോ മൂന്നോ പദങ്ങളിൽ ഒന്നാണ് 'culture' എന്ന് റെയ്മണ്ട് വില്യംസ് വ്യക്തമാക്കി. ഒരു ജനതയുടെ ബൗദ്ധികവും ആത്മീയവും കായികവു മായ പൊതുപ്രക്രിയയെ അദ്ദേഹം സംസ്കാരമെന്ന് വിളിച്ചു. ഒരു ജനതയുടെ ഒരു കാലഘട്ടത്തിന്റെ സവിശേഷമായ ജീവിതശൈലി എന്നും, ബൗദ്ധികവും വിശേഷമായി കലാപരവുമായ പ്രവർത്തന ങ്ങളുടെയും ശൈലികളുടെയും ആകെ തുകയെന്നും സംസ്കാരത്തെ അദ്ദേഹം വിശേഷിപ്പിച്ചു.[4] സംസ്കാരപഠനത്തിൽ പുതിയ തുറസ്സു കൾക്ക് ഇത് വഴിയൊരുക്കി. ഈ സാഹചര്യത്തിലാണ് പോപ്പുലർ കൾച്ചറിനെക്കുറിച്ച് പുതിയ ഉൾക്കാഴ്ച ലഭിക്കുന്നത്. ദൃശ്യമാധ്യമ ത്തിന്റെ വരവോടെ പോപ്പുലർ കൾച്ചറിനു ലഭിച്ച അംഗീകാരം നവമാ ധ്യമസാഹചര്യത്തിൽ കൂടുതൽ പ്രസക്തമായി. അതുകൊണ്ടാണ്, പോപ്പുലർ സംസ്കാരത്തെക്കുറിച്ച് നിലനിൽക്കുന്ന സങ്കല്പനങ്ങൾ പ്രതീതിപരമായി ഉപയോഗശൂന്യമാണെന്നും സൈദ്ധാന്തികമായി വഴി തെറ്റിക്കലാണെന്നും ടോണി ബെന്നറ്റ് അഭിപ്രായപ്പെട്ടത്.[5] നവമാധ്യമ ങ്ങൾ സംസ്കാരത്തിലെ വികേന്ദ്രീകരണത്തെ നിരാകരിക്കുന്ന കാഴ്ച യാണ് കാണുന്നത്. അച്ചടിമാധ്യമം സംസ്കാരത്തെ കേന്ദ്രീകരിക്കാൻ ശ്രമിക്കുമ്പോൾ, നവമാധ്യമങ്ങൾ സംസ്കാരത്തെ കേന്ദ്രത്തിൽനിന്ന്

അരുകുകളിലേക്ക് വികസിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതൊരു സവിശേഷ സാംസ്കാരിക പ്രക്രിയയാണ്. വിജ്ഞാനസ്രോതസ്സുകൾ എല്ലാ ജനവിഭാഗത്തിനുമായി തുറന്നുവയ്ക്കുന്ന അറിവിലെ ജനാധിപത്യം ഇത് വ്യക്തമാക്കുന്നു. നവമാധ്യമത്തിൽ പ്രത്യക്ഷമാകുന്ന ഉള്ളടക്കം സംസ്കാരത്തിന്റെ എല്ലാത്തരം അടരുകളെയും പരിഗണിച്ചു കൊണ്ടുള്ളതാണ്. എല്ലാ മുഖങ്ങൾക്കും എല്ലാ ശബ്ദങ്ങൾക്കും ഇടം നൽകുന്ന നവമാധ്യമം നൂതനമായ സാംസ്കാരികപരിസരത്തെ രൂപപ്പെടുത്തിയിട്ടുണ്ട്.

**പാർശ്വവൽകരണങ്ങളെ പ്രതിരോധിക്കുന്നു**

സിറ്റിസെനിൽനിന്ന് നെറ്റിസെനിലേക്കുള്ള പരിവർത്തനം വ്യക്തികളുടെയും സമൂഹങ്ങളുടെയും സ്വത്വത്തെ പുനർനിർവചിക്കാൻ അവസരമൊരുക്കിയിട്ടുണ്ട്. മാധ്യമങ്ങൾ നിറവേറ്റേണ്ട അടിസ്ഥാന ധർമ്മങ്ങൾ ചിലപ്പോൾ വഴിതിരിഞ്ഞ് പോകുന്നത് കാണാം. മാധ്യമങ്ങൾ സമൂഹത്തിന്റെ നന്മയാണ് ലക്ഷ്യം വയ്ക്കുന്നത്. വിവരങ്ങൾ അറിയിക്കുക, വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നൽകുക, വിനോദിപ്പിക്കുക എന്നിവയെല്ലാം മാധ്യമങ്ങളുടെ ലക്ഷ്യത്തിൽ പെടുന്നു. എന്നാൽ ചിലപ്പോൾ മാധ്യമവ്യവഹാരങ്ങൾ പ്രശ്നസങ്കീർണ്ണമാകുന്നതും കാണാം.[6] സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകാതിരിക്കുന്നത് ഇതിന്റെ തെളിവാണ്. സ്ത്രീകൾ, ദളിതർ, ദരിദ്രർ തുടങ്ങിയ ജനവിഭാഗങ്ങൾക്ക് ഇതരമാധ്യമങ്ങൾ വേണ്ടത്ര പരിഗണന നൽകുന്നില്ല. ഇത്തരം ജനവിഭാഗത്തിന്റെ ആശയങ്ങളും പ്രശ്നങ്ങളും പൊതുമണ്ഡലത്തിൽ ചർച്ചയാകാതെ പോകുന്നു. നവമാധ്യമങ്ങൾ ഈ വിഷയം ഒന്നോടെ പരിഹരിക്കുന്നു. വർഗ്ഗം, വർണ്ണം, ലിംഗം തുടങ്ങിയ പരിഗണനകൾക്ക് പ്രസക്തി കല്പിക്കാത്ത ഇടമെന്ന നിലയിലും, സ്വയം പ്രത്യക്ഷമാകാനുള്ള അവസരം ഒരുക്കിവയ്ക്കുന്ന സ്ഥലമെന്ന നിലയിലും സ്ത്രീകൾ , ദളിതർ തുടങ്ങിയ വിഭാഗങ്ങൾ നവമാധ്യമത്തിലേക്കെത്തുകയും ആശയപ്രകടനം നടത്തുകയും ചെയ്യുന്നു. പൊതുമണ്ഡലത്തിലെ ചിന്തകളെ ബഹുസ്വരമാക്കാൻ ഇത് സഹായിക്കുന്നു. യഥാർത്ഥ വ്യക്തി

ത്വത്തെക്കാൾ ആത്മവിശ്വാസമാണ് ഫെയ്സ് ബുക്ക് വ്യക്തി ത്വത്തിൽ അനുഭവിക്കുന്നതെന്ന് സ്ത്രീകൾ എഴുതുന്നു.[7] യഥാർത്ഥ ലോക ത്തിലെ ബന്ധങ്ങൾക്ക് ഒരുപാട് വിട്ടുവീഴ്ചകൾ ആവശ്യമാണെന്നും അതുകൊണ്ടാണ് ഈ അയഥാർത്ഥ ലോകത്തിലേക്ക് സ്ത്രീകൾ പോകുന്നതെന്നും അവർ രേഖപ്പെടുത്തുന്നു. സ്ത്രീ കൂട്ടായ്മകൾ, ദളിത് കൂട്ടായ്മകൾ എന്നിവ നവമാധ്യമത്തിലെ സജീവമായ അനുഭ വമാണ്. നെറ്റുവർക്കിംഗ് സമൂഹങ്ങളുടെ ഇടപെടൽ സംസ്കാരത്തിൽ നിർണ്ണായകമാണ്. ഇവിടെ സംവാദങ്ങളും ചർച്ചകളും രൂപപ്പെടുന്നു, ആശയങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നു, അറിവ് കൈമാറ്റം ചെയ്യപ്പെടുന്നു, അഭിപ്രായങ്ങൾ രൂപീകരിക്കപ്പെടുന്നു. എന്നാൽ അതൊരു പ്രസ്ഥാന മായി നിലനിൽക്കുന്നില്ല. കൃത്യമായ സ്ഥലമോ സമയമോ അതിനില്ല.[8] തിരശ്ശീലയുടെ പ്രതിപ്രവർത്തനക്ഷമതയും (interactivity) തൽസ മയത്വവും (instantancity) നവമാധ്യമങ്ങളുടെ പ്രത്യേകതയാണ്.[9]

**ജീവിതശൈലിയിൽ വന്ന മാറ്റം**

മലയാളിയുടെ ജീവിതരീതിയിൽ കാൽ നൂറ്റാണ്ടിനിടയിൽ ഉണ്ടാ യമാറ്റത്തിനു പിന്നിൽ പ്രധാന കാരണമായി നിൽക്കുന്നത് നവമാധ്യ മങ്ങളുടെ സാന്നിദ്ധ്യമാണ്. സൈബർശൃംഖലയ്ക്കകത്ത് ജീവിക്കുന്ന വ്യക്തിയുടെ ബോധം വ്യത്യസ്തമാണ്. സൈബർലോകവുമായി കണ്ണിചേർക്കപ്പെട്ടാണ് അയാളുടെ ദൈനംദിനജീവിതം മുന്നോട്ട് പോകുന്നത്. അയാൾ പോകുന്നിടത്തെല്ലാം ഈ കണ്ണികൾ അയാളെ പിന്തുടരുന്നു. അതിനു സഹായകമായ ഉപകരണങ്ങൾ മാർക്കറ്റിൽ ലഭ്യമാണ്. യാഥാർത്ഥ്യത്തെയും അയഥാർത്ഥ്യത്തെയും കൂട്ടിയിണക്ക പ്പെടുന്നു. ജീവിതവ്യാപാരത്തിൽ അയാൾക്ക് ആവശ്യമായിവരുന്ന തെല്ലാം ഒഴുകിയെത്തുന്നു. എഴുത്തും വായനയും വിനോദവും വിചാ രവും കൂട്ടുചേരലും മറ്റും ഈ ഉപകരണങ്ങളുടെ സഹായത്തോടെ നിർവഹിക്കപ്പെടുന്നു. ഇതൊരു നൂതനമായ അനുഭവവും ജീവിത ശൈലിയും സ്വായത്തമാക്കാൻ സഹായകമാകുന്നു. സൈബർ ലോക ത്ത് വ്യാപരിക്കുന്ന വ്യക്തിത്വങ്ങളെ സവിശേഷമായി പരിഗണിക്കേ

ണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നു. സംസ്കാരപഠനത്തിൽ ഇത് പ്രധാനമായി മാറിയിട്ടുണ്ട്.

യന്ത്രത്തെയും മനുഷ്യനെയും ഇനി രണ്ടായി കാണാൻ കഴിയാത്തവിധം സമൂഹങ്ങൾ മാറുന്നതിനെക്കുറിച്ച് നിരീക്ഷണങ്ങൾ നടന്നിട്ടുണ്ട്. 'ഒന്നിലധികം ജീവികൾ ചേർന്നുണ്ടാകുന്ന പഴങ്കഥകളിലെ ജീവികളെപ്പോലെ മനുഷ്യനും യന്ത്രവും ചേർന്നുണ്ടാകുന്ന സങ്കരജീവികളാണ് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ രൂപം കൊണ്ടിരിക്കുന്നതെന്ന് ഹരാവേ പറയുന്നു. ഇന്റർനെറ്റ് ജീവിതത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യം എത്രത്തോളം പ്രധാനമാണെന്നാണ് സൈബോർഗ് എന്ന സങ്കല്പം സൂചിപ്പിക്കുന്നത്. മാനുവൽ കാസ്റ്റൽസിന്റെ 'posthuman' എന്ന സങ്കല്പവും ശ്രദ്ധേയം.[10] മലയാളിയും ഈ സാഹചര്യങ്ങളിലൂടെ കടന്നുപോകുകയാണ്. സ്മാർട്ട് ഫോണുകൾ ഒരുക്കിത്തരുന്ന വിനിമയ സന്ദർഭങ്ങൾ സൈബർസംസ്കാരത്തെ ആശ്ലേഷിക്കാൻ മലയാളിയെയും പ്രാപ്തനാക്കിയിട്ടുണ്ട്.

**വഴക്കമുള്ള സമൂഹഘടന**

നവമാധ്യമങ്ങൾ വിഭാവനചെയ്യുന്ന ഡിജ്ജിറ്റൽ സമൂഹം വഴക്കമുള്ളതാണ് (flexible). അതൊരു പരിമിതിയും സാദ്ധ്യതയുമാണ്. പൂർണ്ണതയെപ്പറ്റി ആശങ്കയില്ലാത്ത സമൂഹങ്ങളാണ് സൈബർലോകത്തുള്ളത്. ഏതെങ്കിലും പ്രത്യയശാസ്ത്രത്തെ അനിശ്ചിതമായി പിൻപറ്റുന്നവരല്ല അവരിൽ ബഹുഭൂരിപക്ഷവും. ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച ചർച്ചയ്ക്ക് അവിടെ തീർപ്പുകല്പിക്കൽ ഉണ്ടാകുന്നില്ല. ആശയങ്ങളുടെ അനന്തമായ നീട്ടിക്കൊണ്ടുപോകലാണ് കാണാനാവുന്നത്. അതേസമയം ചില ചർച്ചകൾ വളരെ വേഗം കെട്ടടങ്ങുകയും ചെയ്യുന്നു. സാഹിത്യത്തെ സംബന്ധിച്ച ചർച്ചകളും, സാഹിത്യരചനകളുടെ സ്വഭാവവും സമാനമാണ്. സാഹിത്യത്തിൽ ശിക്ഷണം നേടിയവരല്ല നവമാധ്യമങ്ങളിൽ എഴുതുന്നവരിൽ നല്ല പങ്കും. മാധ്യമം ഒരുക്കിക്കൊടുക്കുന്ന അന്തരീക്ഷമാണ് അവരെ എഴുത്തുകാരാക്കുന്നത്.

## കുറിപ്പുകൾ

1 Paul Hodkinson, Media, Culture and Society an Introduction, Sage publications. 2011, Page 1

2 Jones Steven G.,Virtual Culture, Identity and communication in cyber Society, Sage Publications, 1997, Page 36

3 Hill Stephen,Bevis Fenner, Media and Cultural Theory, book boon. com,ventus publishing APS, 2010, Page 75

4 Williams Raymond, Keywords, Oxford University Press, New York, 1983, page 80

5 Bennett Tony, Popular Cultrure: a teaching object, screen edition, 1980, page 87

6 Alan Durant and Maria Lambrou, Language and Media A Resource book for Students, Routledge, 2005, Page 44

7 ശാരദക്കുട്ടി എസ്., ഞാൻ നിങ്ങൾക്കെതിരെ ആകാശത്തെയും ഭൂമിയെയും സാക്ഷ്യംവെക്കുന്നു, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്, 2014, പുറം 43

8 Hartley, H John, Key Concepts in Communication, Cultural and Media Studies, First Indian reprint, Routledge, 2004, page 191

9 വെങ്കിടേശ്വരൻ സി.എസ്., ഭാഷാപോഷിണി, മെയ്, 2008, പുറം 29

10 മനോജ് കുറൂർ, കവിതയും നവമാധ്യമങ്ങളും, ജനപഥം പ്രത്യേക പതിപ്പ്, നവംബർ, 2012, പുറം 60

## ഗ്രന്ഥസൂചി

1. Alan Durant and Maria Lambrou, Language and Media A Resource book for Students, Routledge, 2005

2. Bennett Tony, Popular Cultrure: a teaching object, screen edition, 1980

3. Hartley, H John, Key Concepts in Communication, Cultural and Media Studies, First Indian reprint, Routledge, 2004

4. Hill Stephen,Bevis Fenner, Media and Cultural Theory, book boon. com,ventus publishing APS, 2010

5. Jones Steven G.,Virtual Culture, Identity and communication in cyber Society, Sage Publications, 1997

6. Paul Hodkinson, Media, Culture and Society an Introduction, Sage publications. 2011

7. Williams, Raymond, Keywords, Oxford University Press, New York, 1983

# ലേഖകർക്കുള്ള നിർദ്ദേശങ്ങൾ

1. ലേഖനശീർഷകവും ലേഖനമെഴുതുന്നയാളിന്റെ പേരും വിലാസവും ആദ്യപുറത്തിൽ പ്രത്യേകമായി നല്കണം. പരിശോധകർക്കു അയച്ചുകൊടുക്കേണ്ടതിനാൽ പിന്നീടുള്ള പുറങ്ങളിൽ പേരോ വിലാസമോ ആവർത്തിക്കരുത്.

2. പേജ്മേക്കറിലോ (Pagemaker) വേഡിലോ (Word) ML-Revathi എന്ന ഫോണ്ടിലാണ് ലേഖനം ടൈപ്പുചെയ്യേണ്ടത്. (കേരള സർവകലാശാലയുടെ പ്രസ്സിൽ യുണിക്കോഡ് നടപ്പാക്കുമ്പോൾ ഇതിനു മാറ്റംവരും. അത്തരം മാറ്റങ്ങൾ തീർച്ചയായും അറിയിക്കുന്നതാണ്.) ഇംഗ്ലിഷ് വാക്കുകളോ വാക്യങ്ങളോ ഉണ്ടെങ്കിൽ calibri എന്ന ഫോണ്ടിൽ ടൈപ്പുചെയ്യണം.

3. ലേഖനത്തിനുള്ളിലെ ഉപശീർഷകങ്ങൾ ഇടതുമാർജിൻ ചേർത്തെഴുതണം. അവ തടിച്ച ലിപിയിൽ (bold letters) ആയിരിക്കണം. എന്നാൽ, വ്യത്യസ്തഫോണ്ടുപയോഗിക്കുകയോ ഫോണ്ടിന്റെ വലുപ്പംകൂട്ടുകയോ ചെയ്യേണ്ടതില്ല.

4. ഫോണ്ടിന്റെ വലുപ്പം 12 ആയിരിക്കണം.

5. വരികൾ തമ്മിൽ 1.15 അകലം ഉടനീളമുണ്ടായിരിക്കണം.

6. A4 കടലാസിന്റെ നാലുവശത്തും 2 സെന്റിമീറ്റർ മാർജിൻ നല്കണം.

7. ലേഖനത്തിന്റെ തുടക്കത്തിൽ, ഏതാനും വാക്യങ്ങളിൽ, സംഗ്രഹം എന്ന ഉപശീർഷകത്തിൽ, മുഖ്യആശയം നല്കണം.

8. സംഗ്രഹത്തെ തുടർന്ന് താക്കോൽവാക്കുകൾ (Key words) ഏതൊക്കെയെന്ന് എഴുതണം.

9. ഉദ്ധരണികളുടെയും മറ്റും സൂചന അതതിടങ്ങളിൽ ഉദ്ധരണിക്കുപിന്നാലെ ബ്രായ്ക്കറ്റിൽ നല്കാം. അവ ഗ്രന്ഥകർത്താവ്, ഗ്രന്ഥത്തിന്റെ പേര്, പുറം എന്ന രീതിയിലാകണം.

10. സൂചനകൾക്കുപുറമേ നൽകേണ്ടിവരുന്ന വിശദീകരണക്കുറിപ്പുകൾ, ഗ്രന്ഥസൂചി എന്നിവ ലേഖനത്തിന്റെ അവസാനത്തിൽ നല്കണം.

11. ഗ്രന്ഥസൂചി തയ്യാറാക്കേണ്ടത് MLA Style sheet രീതിയിലാകണം. (A-B-P-P-Y)

12. പേജുനമ്പർ എല്ലാ പുറത്തിലും മുകളിൽ വലതുവശത്തായിരിക്കണം.

13. ലേഖനഭാഷ വിഷയാനുസൃതവും യുക്തിബദ്ധവും വ്യക്തതയുള്ളതുമായിരിക്കണം.

14. ഗവേഷണരീതിശാസ്ത്രം ഉപയോഗിച്ചെഴുതുന്ന പഠനലേഖനങ്ങൾ മാത്രമാണ് ഭാഷാസാഹിതിയിൽ പ്രസിദ്ധീകരിക്കുക.

15. മറ്റ് ആനുകാലികങ്ങളിലോ സമാഹാരഗ്രന്ഥങ്ങളിലോ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ഭാഷാസാഹിതിയിലേക്ക് അയയ്ക്കാൻ പാടില്ല.

16. ഭാഷാസാഹിതിയിൽ പ്രസിദ്ധീകരണത്തിനായി തിരഞ്ഞെടുക്കുന്ന ലേഖനങ്ങൾ മറ്റ് ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കാൻ പാടില്ല. ഇതിൽ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് സമാഹാരങ്ങളിലും ഉൾപ്പെടുത്താൻ പാടില്ല.

17. മേൽ പറഞ്ഞിരിക്കുന്ന 15, 16 എന്നീ നിർദ്ദേശങ്ങളുടെ ഉറപ്പിനായി ഒരു സമ്മതപത്രം പ്രത്യേകമായി ലേഖനത്തോടൊപ്പം അയയ്ക്കേണ്ടതാണ്.

18. പ്രബന്ധത്തിന്റെ രണ്ടുകോപ്പിയാണു വേണ്ടത്. ഒരു സോഫ്റ്റ് കോപ്പി (softcopy) bhashasahithi.mal@keralauniversity.ac.in എന്ന ഇ-മെയിലിലേക്കും ടൈപ്പുചെയ്തു പ്രിന്റെടുത്ത മറ്റൊരു കോപ്പി (Hardcopy) HoD, Dept.of Malayalam, University of Kerala, Kariavattom, Thiruvananthapuram. Pin: 695581 എന്ന മേൽവിലാസത്തിലേക്കുമാണ് അയയ്ക്കേണ്ടത്.

**മുഖ്യപത്രാധിപർ**

**BHAASHAASAAHITHI**
Peer Reviewed Journal of Research and
Literary Studies in Malayalam

Reg. No. R. N. 29564/77

**Vol. 40-44, No. 1-20 (157-176)**
**2016 January - 2020 December**
**(Published in March 2021)**

Published four times a year

Annual Subscription Rupees 400/-
Single copy Rupees 100/-
This Volume Rupees 250/-

Edited printed and published by
Prof. (Dr.) S. Shifa
Head of the Department of Malayalam
University of Kerala at the
Kerala University Press,
Palayam, Thiruvananthapuram

Editorial and business communications
should be address to the

**Professor and Head**
Department of Malayalam
University of Kerala, Kariavattom
Thiruvananthapuram - 695581

Design: Godfrey Das